# ശതാഭിഷിക്തൻ

## ഷെവ. പ്രൊഫ. (ഡോ.) ജോർജ്ജ് മേനാച്ചേരി ശതാഭിഷേകഗ്രന്ഥം

(**Incorporating** എഴുപത് വസന്തങ്ങൾ)

**Greorge Menachery**
**Sathabisheka Grandham**

*Released*: 2024

*Printed at* :
Nirmala Offset Printers

*Design*:
smritidesin.com

*Published by*:
The Sathabisheka Samithi

*Editors* :
Prof. Dr. Puthezhath Ramachandran
Prof. John Cyriac
Rev. Dr. Devassy Panthallukaran
Dr. George Alex
Dr. Ignatius Antony

Rs. 480



CHEVALIER PROF. GEORGE MENACHERY



**പ്രൊഫ. ജോർജ്ജ് മേനാച്ചേരി**
**& ശ്രീമതി മേഗി ജോർജ്ജ്**
മേനാച്ചേരി എരിഞ്ഞേരി, ഒല്ലൂർ



**ഞങ്ങൾ എട്ടു പേർ**: മെയ്മോൾ (അന്തോണി തെക്കൂടൻ), ഇസബെല്ല (റവ. സി. ഓസ്ബർഗ സി.എം.സി.), റോസമ്മ (ഫ്രാൻസിസ് ഉറവത്ത്), എൽസ (ബേബി ചേറ്റുപുഴക്കാരൻ), ട്രീസ (ജോസഫ് ചേറ്റുപുഴ), ജോയ് (പ്രൊഫ. ജോർജ്ജ് മേനാച്ചേരി), റവ. ഡോ. ഇ.ജെ. തോമസ് എസ്.ജെ., ബേബി (ഡോ. ഇ.ജെ.ജെയിംസ്)




വിവാഹ സുവർണ്ണ ജൂബിലി, നെല്ലിയാമ്പതി 2016. ചിത്രത്തിൽ: പ്രൊഫ. ജോർജ്ജ് മേനാച്ചേരി, ശ്രീമതി മേഗി ജോർജ്ജ്, ജിജോ, സീന, മെറ്റ, ജോയ്, ജുവാൻ, ജിജി, സാബു, മാത്യു, മരിയ, ജോജി, ജോളി, ജോർജ്ജ്, ലിയാൻ, ലിഷ, ജോജോ, ഹേമ, മേഗി, ജിജ, വിനോദ്, റിയ, റിച്ച



പ്രൊഫ.ജോർജ്ജ് മേനാച്ചേരിയുടെ അശീതിയും മേഗി ജോർജ്ജ് മേനാച്ചേരി (വാഴപ്പിള്ളി)യുടെ 75-ാം ജന്മദിനവും ആഘോഷിച്ചപ്പോൾ. കൊടൈക്കനാൽ, 2018

## ഓർമ്മയ്ക്കായ്
മേനാച്ചേരി എരിഞ്ഞേരി ഫാമിലി



അപ്പൻ എരിഞ്ഞേരി തോമ ഔസേപ്പി ന്റേയും അമ്മ കാട്ടൂർ പാലത്തിങ്കൽ പുത്തൻപുര കുഞ്ഞേത്തിയുടേയും വിവാഹം, 1922



അപ്പാപ്പൻ (മേനാച്ചേരി എരിഞ്ഞേരി തോമാ) കൊച്ചി രാജസദസ്സിൽ ഇരിക്കുന്ന ചിത്രം. (പെൻസിൽ 1934) അമ്മാമ്മ (കല്ലേറ്റുംകര കള്ളിവളപ്പിൽ തോമ മകൾ ഏല്യാക്കുട്ടി)



മുത്തപ്പൻ മേനാച്ചേരി എരിഞ്ഞേരി ലോന ലോനപ്പനും മുത്ത്യമ്മ ആലപ്പാട്ട് ചാക്കു മകൾ ഇറ്റ്യാനവും.



മുത്ത്യമ്മ തേറാമ്പിള്ളി നെയ്ത്തി (ഓയിൽ, 1905) (കാക്കനാട് മ്യൂസിയം)



അമ്മ കുഞ്ഞേത്തി (മടിയിൽ), വലിയമ്മ മറിയാമ്മ കല്ലൂക്കാരൻ, മുത്ത്യമ്മ തേമാമ്പിള്ളി നെയ്ത്തി, അമ്മാമ്മ കടിച്ചീനി തോമാ റോസമ്മ, അപ്പാപ്പൻ പുത്തൻപുര വുറുണ്ണി കുഞ്ഞിവറീത്



1916 - ൽ അന്തരിച്ച മുത്ത്യമ്മക്കുവേണ്ടി എംബ്രോയിഡറിയിൽ തീർത്ത പ്രാർത്ഥന (കൊച്ചി പ്രാസകന്യാസ്ത്രീകൾ) (കാക്കനാട് മ്യൂസിയം)




മേനാച്ചേരി അശീതി പ്രഭാഷണ പരമ്പര സാഹിത്യ അക്കാദമിയിൽ
ജസ്റ്റിസ് കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.



പ്രഭാഷണ പരമ്പരയുടെ സമാപനം പരി.കാതോലിക്ക
ബാവ തിരുമേനി ഉദ്ഘാടനം ചെയ്തു.



കർദ്ദിനാൾ പാറേക്കാട്ടിൽ കാതോലിക്കോസ് ഔഗേൻ പ്രഥമനു നൽകി
എൻസൈക്ലോപീഡിയ പ്രകാശനം നിർവ്വഹിക്കുന്നു.
എറണാകുളം, ഏപ്രിൽ ഏഴ് 1973.












എ. എൽ.
ബാഷവുമൊത്ത്



ഗുവഹാത്തിയിൽ വെച്ച്
കർദ്ദിനാൾ ഓസ്‌വാൾഡ്
ഗ്രേഷ്യസ്സും കർദ്ദിനാൾ
ടെലസ്‌ഫോർ ടോപ്പോയും
ചേർന്ന് എൻസൈക്ലോപീഡിയ
യുടെ മൂന്നാം വാല്യം
പ്രകാശനം ചെയ്തപ്പോൾ.
എഡിറ്റർ പ്രൊഫ. മേനാച്ചേരി
മധ്യത്തിൽ.









ജോസഫ് വിക്കിയുമൊത്ത്
1977.




'നസ്രാണീസ്" പ്രകാശനം
ജസ്റ്റിസ് വി. ആർ കൃഷ്ണ
അയ്യർ നിർവ്വഹിക്കുന്നു.
കർദ്ദിനാൾ വിതയത്തിൽ,
ഇപ്പോഴത്തെ കാതോലിക്ക
ബാവ തിരുമേനി,
കർദ്ദിനാൾ പടിയറ,
മാർ പവ്വത്തിൽ, മാർ അപ്രേം
തുടങ്ങിയവർ വേദിയിൽ.



ഹൈദരാബാദിൽ നൈസാം ജൂബിലി ഹാളിൽ വച്ച് 'India's Christian Heritage' ഗോവ മുൻ മുഖ്യമന്ത്രി ഫ്രാൻസിസ്കോ സർദിൻഹ പ്രകാശനം ചെയ്യുന്നു. എഡിറ്റർമാരായ പ്രൊഫ. ജോർജ്ജ് മേനാച്ചേരി, റവ. ഡോ. ഓവർലാൻഡ് സൈത്താൻങ്ങ് സമീപം.



മേനാച്ചേരിയുടെ 'പേരെടുത്തു' എന്ന നാടകം 1956-ൽ തൃശ്ശിനാപ്പിള്ളിയിൽ കോളേജ് ഡേയ്ക്ക് അവതരിപ്പിച്ചവർ : പ്രൊഫസർമാരായ ജോസഫ് മീനാട്ടൂർ, അബ്രഹാം അറയ്ക്കൽ, എം. ഡി. കുരിയൻ, ഡോ. ജോസഫ് ജോൺ നിധിരി, മാത്യൂ, ക്ലീറ്റസ്, പി. ടി. തോമസ്, ഫാ. സി. ജെ. വർക്കി SJ, പി. വി. മത്തായി, നാടകകൃത്ത് മേനാച്ചേരി, ആന്റോ പാലത്തിങ്കൽ തുടങ്ങിയവർ.






പുത്തൻപള്ളിയിൽ വച്ച് വാഴപ്പിള്ളി ഹിസ്റ്ററി അവാർഡ് പ്രൊഫ. മേനാച്ചേരി പി.സി.ചാക്കോ MP യിൽ നിന്ന് സ്വീകരിക്കുന്നു. നിരവധി ബിഷപ്പുമാരുടെ സാന്നിദ്ധ്യം ചടങ്ങിനു കൊഴുപ്പുകൂടി.



'ചായ്' തെന്നിന്ത്യൻ ട്രൈയന്നിയലിൽ പ്രൊഫ. മേനാച്ചേരി തന്റെ പൂർവ്വ വിദ്യാർത്ഥി കൂടിയായ പരി. കാതോലിക്ക ബാവയ്ക്ക് പൊന്നാട ചാർത്തുന്നു.



വത്തിക്കാനിൽ ഫ്രാൻസീസ് മാർപാപ്പയുടെ
തിരഞ്ഞെടുപ്പവസരത്തിൽ ഇറ്റാലിയൻ പോലീസ് മേധാവികളോടൊപ്പം.




ഇൻഡ്യൻ ചർച്ച് ഹിസ്റ്ററി ക്ലാസ്സിക്സ്, ഒന്നാം വാല്യം



കുവൈറ്റ് പ്രസംഗ
പര്യടന വേളയിലെ
സ്വീകരണം



അന്തർ ദേശീയ നസ്രാണി
ഫൗണ്ടേഷൻ സമ്മേളനത്തിലെ
അദ്ധ്യക്ഷപ്രസംഗം.
ശ്രീ. കെ. എം. മാണി,
ഡോ. സേവ്യർ കൂടപ്പുഴ
തുടങ്ങിയവർ സമീപം.




എൻസൈക്ലോപീഡിയയുടെ
രജത ജൂബിലി സമ്മേളനം -
കോൺസക്രേഷൻ ഹാളിൽ.
പ്രൊഫ. മേനാച്ചേരി,
മാർ അപ്രേം മെത്രോപ്പോലീത്ത,
ആർച്ച് ബിഷപ്പ് കുണ്ടുകുളം,
ആർച്ച് ബിഷപ്പ് തൂങ്കുഴി,
മോർ ഫീലക്സിനോസ്
മെത്രാപ്പോലീത്ത തുടങ്ങിയവർ
വേദിയിൽ, 1998 ഏപ്രിൽ 1




തിരുവനന്തപുരത്ത്
'ഗ്ലിംപ്സസ് ഓഫ് നസ്രാണി
ഹെറിറ്റേജ് ' സിറിൽ
മാർ ബെസേലിയോസ്
കാതോലിക്ക പ്രകാശനം
ചെയ്യുന്നു. പ്രൊഫ.
ഹൃദയകുമാരി,
പ്രൊഫ. മേനാച്ചേരി,
ഡോ. ടി. എൻ. ജയചന്ദ്രൻ,
ജോർജ്ജ് ഓണക്കൂർ
തുടങ്ങിയവർ സമീപം.




'തോമാപീഡിയ' പ്രകാശനം. തൂങ്കുഴി തിരുമേനി, കർദ്ദിനാൾ വിതയത്തിൽ, വി. സി. ഡോ. മാധവമേനോൻ, പവ്വത്തിൽ തിരുമേനി, പ്രൊഫ. മേനാച്ചേരി എന്നിവർ ചിത്രത്തിൽ




ഡൽഹിയിൽ കേരള ക്രിസ്ത്യൻ അസോസിയേഷൻ വൈ.എം.സി.എ. ഹാളിൽ വെച്ച് ആദരിച്ചപ്പോൾ. ബിഷപ്പ് ഫ്രാങ്കോ മുളക്കൽ സമീപം.



'കേരള സഭാതാരം' പുരസ്കാരം ബഹു. കൃഷി മന്ത്രി ശ്രീ. സുനിൽ കുമാർ ഇരിങ്ങാലക്കുടയിൽ സമ്മാനിയ്ക്കുന്നു. ബിഷപ്പ് പോളി കണ്ണൂക്കാടൻ സമീപം.



ബെനഡിക്ട് 16-ാമൻ
മാർപാപ്പ നല്കിയ
ഷെവലിയർ പദവിയുടെ
മെഡലുകൾ
ബഹു. ആൻഡ്രൂസ്
തിരുമേനി മേനാച്ചേരിയെ
ധരിപ്പിക്കുന്നു.



കർദ്ദിനാൾ വിതയത്തിൽ
ആഗോള സഭാതലവന്മാരുടെ
സമ്മേളനത്തിൽ ഇന്ത്യയുടെ
ഉപഹാരമായി
അൽഫോൻസ നാണയവും,
എൻസൈക്ലോപീഡിയയും
ബെനഡിക്ട് മാർപാപ്പയ്ക്കു
സമർപ്പിയ്ക്കുന്നു.



മാർപാപ്പ തിരഞ്ഞെടുപ്പ്
റിപ്പോർട്ട് ചെയ്യാൻ
റോമിലേയ്ക്ക് പോകുന്ന
പ്രൊഫ. മേനാച്ചേരി,
കോൺക്ലേവിൽ
പങ്കെടുക്കാൻ പോകുന്ന
കർദ്ദിനാൾ ആലഞ്ചേരിയെ
ദുബായ് എയർപോർട്ടിൽ
വെച്ച് ഇൻറർവ്യൂ
ചെയ്യുന്നു.



ഇപ്പോഴത്തെ
ചിക്കാഗോ ബിഷപ്പ്
ഫാ. ജോയ് ആലപ്പാട്ട്
അമേരിക്കയിൽ
ഒരുക്കിയ
ആദരണ ചടങ്ങിൽ.




പ്രൊ. മേനാച്ചേരി
ഡൽഹിയിൽ 'ചായ്'
വിശിഷ്ട സേവന
പുരസ്കാരം രാജ്യസഭാ
ഡെപ്യൂട്ടി ചെയർമാൻ
ശ്രീ. പി. ജെ. കുര്യനിൽ
നിന്ന് സ്വീകരിക്കുന്നു.



ജോൺ പോൾ രണ്ടാമൻ മാർപാപ്പയോട് കോൺക്ലേവ് കഴിഞ്ഞ ഉടനെ പത്രപ്രതിനിധി എന്നനിലക്ക് പ്രൊഫ. മേനാച്ചേരി സംസാരിക്കുന്നു.



ഫ്രാൻസ്സിസ് മാർപാപ്പയുടെ തിരഞ്ഞെടുപ്പ് അവസരത്തിൽ പ്രൊഫ. മേനാച്ചേരി സ്വിസ് ഗാർഡുമായി സംസാരിക്കുന്നു.




പ്രൊഫ. മേനാച്ചേരി ജർമ്മൻ ഭാഷയിലെഴുതിയ ഗ്രന്ഥം.




സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ എഡിറ്റർ പ്രൊഫ. മേനാച്ചേരി




Prof. George Menachery addresses the 800-odd delegates from Asia & Oceania at the 11th WCC assembly, Karlsruhe, Germany, 5th Sept, 2022.



The Archbishop of Canterbury Lord Most Reverend Dr.Justin Welby released the book "Ecumenism and Church Unity in India" by Chev.Prof. George Menachery at the 11th assembly of the WCC held at Karlsruhe in Germany, presenting the first copy to Bishop Mar Philexinos, the Marthoma Bishop for America and Europe.In the picture are besides Prof.Menachery, Bishop Mar Abraham, Rev.Azaria and Prof.Indira Jetti.




The Vice-Chancellor of the Sam Higginbottom University of Agriculture, Technology, and Sciences, Allahabad (Prayagraj) Prof. Rajendra Lal awards Prof. George Menachery the University's ***honoris causa*** degree of Ph.D. in Theology at the 13th Convocation.




ഇന്റർനാഷണൽ നസ്രാണി ഫൗണ്ടേഷന്റെ ഗുരുശ്രേഷ്ഠ പുരസ്കാരം അങ്കമാലി സുബോധ നയിൽ നടന്ന ചടങ്ങിൽ എറണാകുളം-അങ്കമാലി ആർച്ച് ബിഷപ് മാർ ആന്റണി കരിയിൽ പ്രഫ. ജോർജ് മേനാച്ചേരിക്കു സമ്മാനിക്കുന്നു. എൻ. തോമസ്, പാലാ വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ, ഡോ. ഏബ്രഹാം ബെൻഹർ, പി. ഐ. ലാസർ മാസ്റ്റർ, തോമസ് ആമ്പക്കാടൻ, റവ. ഡോ. ജോർജ് പ്ലാന്തോട്ടം (മാനില) തുടങ്ങിയവർ സമീപം.



ആർച്ച് ബിഷപ് മാർ ആന്റണി കരിയിൽ തിരുമേനിയിൽ നിന്ന് പ്രശസ്തി പത്രം ഏറ്റുവാങ്ങുന്ന പ്രഫ. ജോർജ് മേനാച്ചേരിയും ശ്രീമതി മാഗ്ഗി ജോർജ് മേനാച്ചേരിയും



ഇന്റർനാഷണൽ നസ്രാണി ഫൗണ്ടേഷന്റെ ഗുരുശ്രേഷ്ഠ പുരസ്കാരം ലഭിച്ച പ്രഫ. ജോർജ് മേനാച്ചേരിയെ 18-ാം അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനവേളയിൽ മാർ ആഡ്രൂസ് താഴത്ത് തിരുമേനി പൂച്ചെണ്ട് നൽകി അനുമോദിക്കുന്നു. കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന സമീപം.



നൂറുവർഷം പഴക്കമുള്ള നസ്രാണി പൈതൃക ഫോട്ടോകളെക്കുറിച്ച്
പ്രൊഫ. മേനാച്ചേരിയുടെ ഓൺലൈൻ പ്രഭാഷണം




മേനാച്ചേരി അശീതിപ്രഭാഷണപരമ്പരയുടെ ഉദ്ഘാടനവേളയിൽ
പത്മശ്രീ ചിത്രൻ നമ്പൂതിരിപ്പാട് ആശംസ നേരുന്നു.



Prof. George Menachery, encyclopaedist and historian turned eighty on 2nd April, 2018. A gathering of his admirers including leaders and dignitaries from the fields of politics, culture, literature, art, and religion, representing the various organisations where he has been president, director, or other office-bearer, gathered to greet him on the occasion. The gathering unanimously decided to commence the cultural luminary's Asheethi celebrations with an eight day lecture programme at the Kerala Sahitya Samithi from 27th May (Sunday) to 3rd June (Sunday). Prof. John Cyriac, Dr. Puthezhath Ramachandran, Dr. Shornur Karthikeyan, Prof. M. Muraleedharan, Prof. M. Madhavankutty, Dr. Devassy Panthallukkaran, Thomas Kollannur, Baby Mookken, Joseph John Keethra, Prof. V. A. Varghese, P. M. M. Shareef, Dr. Paul Pulikkan, Prof. V. P. Jones, Davis Kannampuzha were among those who spoke on the occasion.



EKM 2019 മേയ് 14 ചൊവ്വ **ദീപിക**

അങ്കമാലി സുബോധനയിൽ നസ്രാണി പൈതൃകത്തിലുള്ള ഡിപ്ലോമ കോഴ്സ് എറണാകുളം -അങ്കമാലി അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് മാർ ജേക്കബ് മനത്തോടത്ത് ഉദ്ഘാടനം ചെയ്യുന്നു. പ്രഫ. കെ.ജെ. വർഗീസ്, പ്രഫ. ജോർജ് മേനാച്ചേരി, കെ.കെ. മുഹമ്മദ്, ഫാ. രാജൻ പുന്നയ്ക്കൽ,സിസ്റ്റർ ജൂലിറ്റ് എന്നിവർ സമീപം.

## നസ്രാണി സമൂഹത്തിന്റെ പൈതൃകത്തെക്കുറിച്ച് അവബോധമുണ്ടാകണം: മാർ മനത്തോടത്ത്

**അങ്കമാലി:** കേരള നസ്രാണി സമൂഹത്തിന്റെ ശ്രേഷ്ഠമായ പൈതൃകത്തെയും സംസ്കാരത്തെയും കുറിച്ച് അവബോധമുള്ളവർക്കാണു സഭയെ സ്നേഹിക്കാനും വളർത്താനും കഴിയുകയെന്ന് എറണാകുളം - അങ്കമാലി അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്. അങ്കമാലി സുബോധനയിൽ നസ്രാണി പൈതൃകത്തിലുള്ള ഡിപ്ലോമ കോഴ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാർഗംകളി പാട്ടിൽ മാണിക്യക്കല്ലായ മാർഗം എന്നു പൂർവികർ വിശ്വാസത്തെയും പാരമ്പര്യങ്ങളെയും പ്രകീർത്തിച്ചതിന്റെ കാരണം അവർ അതിന്റെ മൂല്യമറിഞ്ഞ് അതിനെ സ്നേഹിച്ചു എന്നതാണ്. ആദിമ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസ തീക്ഷ്ണതയും പ്രേഷിത ചൈതന്യവും വീണ്ടെടുക്കാൻ ഇത്തരം പഠനങ്ങൾ ആവശ്യമാണെന്നും മാർ മനത്തോടത്ത് അഭിപ്രായപ്പെട്ടു.

ശക്തമായ അല്മായ നേതൃത്വം വളർത്തിയെടുക്കുകയാണ് കോഴ്സിന്റെ ലക്ഷ്യമെന്നു തോമസ് എൻസൈക്ലോപീഡിയ എഡിറ്റർ പ്രഫ. ജോർജ് മേനാച്ചേരി പറഞ്ഞു.

ഫത്തേപുർ സിക്രിയിൽ അക്ബർ ചക്രവർത്തി മതാന്തര സംവാദങ്ങൾ നടത്തിയിരുന്ന ഇബാദത് ഖാനയും, വടക്കേ ഇന്ത്യയിലെ ആദ്യത്തെ ക്രിസ്ത്യൻ ചാപ്പലായ അക്ബർ നിർമിച്ച പള്ളിയും ഉത്ഖനനം ചെയ്തെടുത്ത പത്മശ്രീ ജേതാവ് കെ.കെ. മുഹമ്മദിനെ സമ്മേളനത്തിൽ മാർ ജേക്കബ് മനത്തോടത്ത് പൊന്നാടയണിയിച്ച് ആദരിച്ചു.

കെ.കെ. മുഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. സുബോധന ഡയറക്ടർ ഫാ. രാജൻ പുന്നയ്ക്കൽ, റോജി എം. ജോൺ എംഎൽഎ, പി.ടി. പൗലോസ് എന്നിവർ പ്രസംഗിച്ചു.

കോഴ്സിലെ ആദ്യത്തെ ക്ലാസ് 26നു സുബോധനയിൽ നടക്കും. എടത്വ സെന്റ് അലോഷ്യസ് കോളജ് മുൻ പ്രിൻസിപ്പൽ ഡോ. പി.സി. അനിയൻകുഞ്ഞ് - കേരളത്തിലെ സാമ്പത്തികവളർച്ചയിൽ ക്രൈസ്തവരുടെ പങ്ക്- എന്ന വിഷയം അടിസ്ഥാനമാക്കി ക്ലാസ് നയിക്കുമെന്നു ഫാ. രാജൻ പുന്നയ്ക്കൽ അറിയിച്ചു. പത്തു മാസങ്ങളിലായി പണ്ഡിതരുടെ 20 പ്രഭാഷണങ്ങളാണ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സിലുണ്ടാവുക.

കോഴ്സിൽ ആദ്യത്തെ 10 ക്ലാസുകളിൽ മുടങ്ങാതെ പങ്കെടുക്കുന്നവർക്ക് 1600 രൂപ വിലയുള്ള തോമപീഡിയ പുസ്തകവും 20 ക്ലാസുകളിൽ പങ്കെടുക്കുന്നവർക്ക് 3600 രൂപ വിലയുള്ള നസ്രാണീസ് എന്ന പുസ്തകവും സമ്മാനമായി നൽകും. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്കു സർട്ടിഫിക്കറ്റുകൾ നൽകും.

അങ്കമാലി സുബോധനയിൽ സുബോധനയും 'തോമപിഡിയ'യും ചേർന്ന് സംഘടിപ്പിച്ച ഏകദിന ഡിപ്ലോമകോഴ്സ് ഇൻ കേരള ക്രിസ്ത്യൻ ഹിസ്റ്ററി ആൻഡ് കൾച്ചർ ബിഷപ്പ് മാനത്തോടത്ത് ഉദ്ഘാടനം ചെയ്തപ്പോൾ.




The various Vatican accreditation cards issued to George Menachery by the Vatican Press Office, October, 1978



Malabar Knanaya Migration Platinum Jubilee Symposium, Madampam
President: Archbishop Mar Matthew Moolakkat. Inaugurated by Prof. George Menachery




Participants at the National Executive Committee Meeing (BOT) of the Church History Association of India  held in Delhi on the 24th Sept. 2016 with the CHAI National President Dr. Oliver A. Jetti in front of the venue of the meet Vidya Jyothi College. L. to R. Dr. Francis Thonippara (Treasurer), Dr. George Oommen (Gen. Secretary), Dr. Varghese Perayil (Tiruvalla), Prof. George Menachery, Dr. Oliver Jetti, Dr. Leo Fernando (North India Branch President and Principal Vidya Jyothi)), Dr. Joe Kalappura (Patna), Dr. Charles Dias (Ex. M. P. and South India Secretary), Dr. John (Derhadoon), Dr. Manmese EKKA ( Eastern India President) and Dr. Cyril (Ranchi).



The 15th Triennial Conference of the South Indian Branch of the Church History Association of India CHAI (15 – 17 May 2012) was inaugurated at Bangalore by the Vice-Chancellor of the Christ University Dr. Thomas C. Matthew by lighting a bronze lamp in the DVK Philosophy auditorium in the presence of Dr. Saju Chackalakkal (President DVK), CHAI Natioal President Dr. Oliver Jetti, Dr. Prameela Devi, Prof. George Menachery, Dr. Pasupulethi Manasseh (CHAI SIB Secretary), and Dr. Francis Thonippara (CHAI SIB President). The valedictory function was addressed by Dr. Thomas Aykkara, Rector, Dharmaram College




Inauguration of the 15th Triennial Conference of CHAI, the Church History Association of India at Jeevan Jyothi CRI Andhra Pradesh Centre by the Cultural Secretary of the Govt. of AP Dr. Chellappa IAS presided over by Dr. Sen IPS DGP and Bishop Rajaratnam of Medak. In the picture (l to r) are Prof. George Menachery (Secretary General CHAI), Dr. Oberland Snaitang (President), Dr. George Oommen (Dehra Dun), Dr. Jos Kalappura (Patna), Dr. Francis Thonippara (President DVK, Bangalore) and Prof. Agnes DeSa (Bombay Jt. Secretary) (6th Oct)



H E Varkey Card. Vithayathil, Major Archbishop of the Syro Malabar Church presents Prof. George Menachery with the first Syro Malabar Church Research Award in the presence of more than thirty Syro Malabar Bishops / Archbishops



His Eminence Varkey Cardinal Vithayathil the Major Archbishop greets Prof. George Menachery by presenting him a Bouque on his being selected for the LRC Award



Mar Varkey Vithayathil presents Pope Benedict XVI the first copy of the Third Volume of the St. Thomas Christian Encyclopaedia of India at Castel Gandolfo



# പൂരസ്മരണ

ചരിത്രകാരനും തൃശ്ശൂർ സെൻറ് തോമസ് കോളേജ് ഇംഗ്ലീഷ് വിഭാഗം മേധാവിയുമായിരുന്ന പ്രൊഫ. ജോർജ് മേനാച്ചേരിയുടെ പൂരക്കാല ഓർമകൾ



1978-ൽ പൂരം എക്സിബിഷനോടനുബന്ധിച്ച് മേനാച്ചേരിയുടെ നേതൃത്വത്തിൽ സംഘടപ്പിച്ച പ്രദർനത്തിന്റെ ചില ഫോട്ടോകൾ കാൽ നൂറ്റാണ്ടിനുശേഷം മാതൃഭൂമി പ്രസിദ്ധീകരിച്ചപ്പോൾ.



# ജോർജ് മേനാച്ചേരിക്ക് സുകൃതക്കാഴ്ചകളുടെ രണ്ടാമൂഴം

പ്രൊഫ. ജോർജ് മേനാച്ചേരി

പ്രൊഫ. മേനാച്ചേരി ഫ്രാൻസിസ് മാർപ്പാപ്പ തെരഞ്ഞെടുക്കപ്പെട്ട കോൺക്ലേവ് റിപ്പോർട്ട് ചെയ്യാൻ വത്തിക്കാൻ അക്രഡിറേഷനോടെ പോയപ്പോൾ മാതൃഭൂമി പ്രസിദ്ധികരിച്ച ഫീച്ചർ.



The new office-bearers and members of the Board of Trustees of CHAI, the Church History Association of India elected at the Shillong Triennial. (From left to right):Dr. Varghese Perayil (Member of the BOT), Dr. Agnes de'Sa (Joint Secretary), Prof. George Menachery (General Secretary), Dr. "Cardinal" Thomas Edmonds (Vice - president), Dr. O. L. Snaitang (President), Fr. Sebastian Edathikkavil (Treasurer), Dr. George Oommen (Member BOT), and Dr. Jose Kalappura ( Editor, ICHR).



KCBC Darshanika Vyjnanika Award being presented to Prof. George Menachery by HE Mar Thomas Chakiath, Chairman of the KCBC Media Commission on 25th January at POC Auditoriam, Kochi, Ernakulam.



Franics Kodankandath depictis the works of Basheer, Ashan & M.T. on a single canvass at the Menachery Sapthathi artists' camp.



Bestowing "Ponnada" on Prof. George Menachery by Sri Therambil Ramakrishnan M.L.A. and former Speaker of the Kerala Assembly during the inauguration of the Sapthathi Historico-Cultural Expo 2008 at the Kerala Sahitya Academy Complex. Sri M. V. Devan inaugurated the Expo at a function presided over by Vice-Chancellor of the Kerala Kala Mandalam Dr. K. G. Paulose. Dr. Raphael Thattil, V. G., Archdiocese of Trichur felicitated. Two Professors from the Krakov University of Poland are also seen discussing aspects of Kerala Culture with Prof. Menachery






"India's Christian Heritage"
edited by Dr. Oberland Snaitang & Prof. George Menachery



Contemplating how to climb the staircase leading to the Sistine Chapel where work of preparing it for the Conclave was in progress, 2013



With the huge marble lion in front of the New York public library





Cardinal Mar Varkey Vithayathil
*Page 39*



Archbishop Mar Joseph Powathil
*Page 40*



Archbishop Mar Andrews Thazhath
*Page 41*



Metropolitian Mar Aprem Mooken
*Page 44*



Mar James Pazhayattil
*Page 47*



Mar Paul Chittilapilly
*Page 48*



Mar Joseph Pastor Neelankavil CMI
*Page 52*



Bishop Selvister Ponnumuthan
*Page 54*



Fr. Dr. Albert Nambiaparambil CMI
*Page 57*



Fr. Dominitian Manickathan CMI
*Page 60*



Sri. Sadhu Ittiyavirah
*Page 62*



Fr. Dr. Jacob Velliyan
*Page 64*



Dr. Puthezhath Ramchandran
*Page 66*



Fr. Dr. Jose Thachil
*Page 68*



Sr. Dr. Cleopatra CMC
*Page 70*



Fr. Dr. Francis Thonnipara CMI
*Page 71*



Fr. Jose Thachil
*Page 73*



Dalithbandhu N. K. Jose
*Page 76*



Fr. Isaac Alappat CMI
*Page 78*



Dr. N. J. Francis
*Page 81, 204*



Fr Dr A M Mundadan CMI
*Page 88*



Prof. V. A. Varghese
*Page 91*



Dr. K. K. Rahulan
*Page 94*



Sri. Velayudhan Panikkassery
*Page 98*



Sri. Joseph Moonjely
*Page 102*



Dr. Tholoor Sasidharan
*Page 105*



Fr. Dr. Cherian Kunianthodath CMI
*Page 110*



Prof. K. M. Tom
*Page 113*



Dr. George Irumbayam
*Page 116*



Sri. Babu Velappaya
*Page 118*



Sri. Varghese Angamaly
*Page 120*



Sri. C.K. Girija Kumar
*Page 124*



Fr. George Edakkalathur
*Page 128*



Sri. Mathew Madukkakuzhy
*Page 130*



Sri. Tom Jose Angamaly
*Page 133*



Sri. Jose Chittilappilly
*Page 135*



George Emmatty
*Page 137*



Sri. Baby Mookken
*Page 139,255*

Sri. A. V. Dominic
*Page 141*



Fr. Mundassery
*Page 144*



Fr. Dr. Paul Pulikkan
*Page 149*



H.C.Q. Brownrigg
*Page 152*



Fr. Dr. Joseph Thondiparambil
*Page 153*



Sri. Plathottam Mathew
*Page 155*



Sr. Franco
*Page 158*



Bro. Louis Manjaly MMB
*Page 159,164*



Rev. Dr. E. J. Thomas SJ
*Page 166*



Sr. Oseburga CMC
*Page 168*



Dr. E. J. James
*Page 171*



Fr. Jacob Aeranat
*Page 177*



Sri. V. G. Varghese
*Page 179*



Dr. Basil Davis
*Page 183*



Sri. John Kachiramattam
*Page 184*



Dr. Jetti A. Oliver
*Page 190*



Dr. Charles Dias Ex. MP
*Page 192*



Fr. Dr. Devassy Panthallukaran
*Page 196*



Prof. John Cyriac
*Page 200*



Dr. Mary Regina F.
*Page 214*



Dr. N. P. Jackson Master
*Page 216*



P I Lazar Master
*Page 217*



Fr. Raphael Akkamattathil
*Page 219*



Dr. E. Jose Jossie
*Page 221*



Dr. K. M. Francis
*Page 224*



Adv. James T.V. Thottathil
*Page 226*



Prof P. Vijayakuruppu
*Page 227*



Sri. Joshy Vadakkan
*Page 233*



Adv. Biju Kudukkualm
*Page 234*



Prof. P. M. M. Shareef
*Page 235*



Rev. Dr. Martin Kolabrath
*Page 236*



Prof. A. M. Francis
*Page 238*



Sri. Francis Kodankandeth
*Page 240*



Dr. Jenson P.O.
*Page 242*



Dr. C. T. Paul
*Page 244*



Sri. Jacob Chengalai
*Page 247*



Br. James Karikkattil MMB
*Page 249*



Chev. C.L. Jose
*Page 251*



Adv. Jose Davis
*Page 258*



Sri. Franco Louis
*Page 259*



Sri. Babu Chittilapilly
*Page 263*



Sri. Babu Panikulam
*Page 267*



Dr. P. V. Ouseph
*Page 270*



Sri. Raphy Neelamkavil
*Page 274*



DR.Tony Joseph
*Page 276*



Sri. O.D. Varky
*Page 278*



Dr. Ignatius Antony
*Page 281*



Sri. M. G. S. Narayanan
*Page 288*



Sri. Madampu Kunjukuttan
*Page 294*



Dr. P. V. Krishnan Nair
*Page 306*

Sri. C. Balaram
*Page 309*

Sri. Davis Kannanaikkal
*Page 313*



Sri. John J. Panikulam
*Page 355*



Dr. George Alex
*Co-Editor*

## എഡിറ്റോറിയൽ

*(എഴുപതു് വസന്തങ്ങൾ, 2008)*

ചരിത്രകാരൻ, പണ്ഡിതൻ, കലാസാംസ്കാരിക പ്രവർത്തകൻ എന്നീ വ്യത്യസ്ത റോളുകളിൽ കാലത്തിൻെറ കുതിപ്പുകൾക്കിടയിലും കിതയ്ക്കാത്ത ഒരു വ്യക്തിപ്രഭയുടെ സ്ഫുരണമായി നിലകൊള്ളുകയാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. ഏതാണ്ടു അരനൂറ്റാണ്ടുകാലം കേരളത്തിൻെറ പൊതുവേയും തൃശൂരിൻെറ പ്രത്യേകിച്ചും സാംസ്കാരിക മേഖലയിലും പണ്ഡിതസദസ്സുകളിലും ക്രൈസ്തവ സഭയിലും ഇതര പ്രവർത്തന മേഖലകളിലും നിറഞ്ഞു നിന്ന ഒരു വ്യക്തിത്വമാണ് പ്രൊഫ. മേനാച്ചേരി. ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യ, ചെന്നൈയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, കേരള സ്റ്റേറ്റ് ആർക്കിയോളജി ബോർഡ്, സാഹിത്യ അക്കാദമി, കോഴിക്കോട് സർകലാശാല സെനറ്റ്, ബോർഡ് ഓഫ് സ്റ്റഡീസ്, ക്രിസ്ത്യൻ പഠന ചെയർ, തൃശൂർ അതിരൂപത അത്മായ നേതൃത്വ പരിശീലന കേന്ദ്രം, കേരള ഹിസ്റ്ററി അസോസിയേഷൻ, കേരള ചരിത്ര ഗവേഷണ സമിതി ഇവയെല്ലാം അദ്ദേഹത്തിൻെറ പ്രവർത്തന മേഖലകളിൽ ചിലതു മാത്രം. ക്രൈസ്തവ സഭയുമായി ബന്ധപ്പെട്ട കേരളത്തിലെ ആദ്യത്തെ മ്യൂസിയം നിർമ്മിതിയും ക്രൈസ്തവ കലകളുടെ പ്രോത്സാഹനവും പ്രത്യേകം സ്മരിക്കേണ്ടതാണ്. പല സ്ഥാപനങ്ങളുടെ രൂപീ

കരണത്തിനും പിന്നീട് അവയെല്ലാം വലിയ പ്രസ്ഥാനങ്ങളാക്കി മാറ്റാനും പ്രൊഫ. മേനാച്ചേരിക്കു കഴിഞ്ഞിട്ടുണ്ട്. പ്രൊഫ. മേനാച്ചേരിയുടെ സപ്തതിയുടെ ഭാഗമായി അദ്ദേഹത്തിൻെറ ഓർമ്മ അനശ്വരമാക്കുകയാണ് ഈ സ്മരണികയുടെ ലക്ഷ്യം. മേനാച്ചേരി സാറിൻെറ ബഹുമുഖ പ്രതിഭയുടെ അല്പം ചില അംശമെങ്കിലും ഇതിലൂടെ പുറത്തു കൊണ്ടുവരാൻ സഹായിക്കും എന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

തൃശൂർ സെന്റ് തോമസ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച പ്രൊഫ. മേനാച്ചേരി ഇന്നു അറിയപ്പെടുന്നതു ഒരു പ്രശസ്ത സഭാചരിത്രകാരൻ എന്ന നിലയിലാണ്. അദ്ദേഹം എഡിറ്റ് ചെയ്ത ''ക്രിസ്ത്യൻ എൻസൈക്ലോപീഡിയ'' മാത്രം മതി ആ പ്രതിഭയുടെ മാറ്റു വിളിച്ചറിയിക്കാൻ. അദ്ദേഹത്തിൻെറ സഭയോടുള്ള നിസ്സീമമായ സേവനങ്ങളെ മുൻ നിർത്തി ഈ അടുത്ത കാലത്തു അദ്ദേഹത്തെ സഭയുടെ യോദ്ധാവ് (ഷെവലിയർ) എന്ന പട്ടം നൽകി മാർപാപ്പ ആദരിച്ചു.

പ്രൊഫ. മേനാച്ചേരിയുടെ ഒരു വർഷം നീണ്ടുനിന്ന സപ്തതിയുടെ പര്യവസാനമായിട്ടാണ് ഈ സ്മരണിക പുറത്തിറങ്ങുന്നത്. ഇക്കഴിഞ്ഞ ഒരു വർഷം മുഴുവനും വൈവിധ്യമാർന്ന പരിപാടികൾ കൊണ്ടു നിറഞ്ഞുനിന്നതായിരുന്നു സപ്തതിയാഘോഷം. യുവതയെ പത്രപ്രവർത്തനത്തിലേക്കും സാഹിത്യാഭിരുചിയിലേക്കും നയിക്കുന്ന പത്രപ്രവർത്തന ശില്പശാല, ചിത്രരചനാ വൈഭവം പുറത്തെടുക്കാൻ സഹായിക്കുന്ന ചിത്രകലാ ശില്പശാല, ചരിത്രവും സംസ്കാരവും ഊട്ടിയുണർത്തുന്നതിന് ചരിത്രസെമിനാറും പ്രദർശനവും, സംഗീതത്തിൻെറ സർഗ്ഗാത്മകത വെളിപ്പെടുത്തുന്ന സംഗീതത്തെ കുറിച്ചുള്ള സെമിനാർ അവയിൽ ചിലതുമാത്രം. വൈവിധ്യം കൊണ്ടും സംഘാടകമികവുകൊണ്ടും മികച്ചുനിന്ന ഒരു സപ്തതിയാഘോഷം.

ഈ സ്മരണിക ഓർമ്മകളുടെ ഒരു ചികഞ്ഞെടുക്കലാണ്. പ്രൊഫ. മേനാച്ചേരി എന്ന വാഗ്മിയും ചരിത്രകാരനുമായ ബഹുമുഖ പ്രതിഭയെ തികച്ചും വ്യത്യസ്തമായ രീതിയിൽ കാണുവാനും മനസ്സിലാക്കുവാനും ഈ പ്രതിഭയെ ഭാവിതലമുറയ്ക്ക് പരിചയപ്പെടുത്താനും ഉപകരിക്കുന്നതാണ് ഈ സ്മരണിക. തീർച്ചയായും ചരിത്രത്തിലും കലയിലും സാംസ്കാരിക മേഖലയിലും ഒരദ്ധ്യാപകൻ എന്ന നിലയിലും അദ്ദേഹത്തിൻെറ സംഭാവനകളെ നിസ്സാരമായി കാണുവാൻ സാധിക്കില്ല. ഇവയെല്ലാം ഓർമ്മയുടെ ചെപ്പേടിൽനിന്നും പുറത്തു കൊണ്ടുവരുവാനാണ് ഈ സ്മരണികയിലെ ഓരോ ലേഖനങ്ങളും ശ്രമിക്കുന്നത്. വെറും കുറെ ലേഖനങ്ങളിലൂടെ പ്രൊഫ. മേനാച്ചേ

രിയുടെ സംഭവബഹുലമായ ജീവിതം സംക്ഷേപിക്കുക എന്നതു ശ്രമകരമാണ്. എന്നിരുന്നാലും കേരളത്തെ കുറിച്ചും, ക്രൈസ്തവ സഭയെകുറിച്ചും, പ്രത്യേകിച്ചും തൃശൂർ ഒരു സാംസ്കാരിക തല സ്ഥാനമാക്കുന്നതിനും ഇനിയും വളരെയധികം സ്വപ്നങ്ങൾ താലോലിക്കുന്ന പ്രൊഫ. മേനാച്ചേരിയുടെ സപ്തതിയുടെ ഒരു എളിയ ഉപഹാരമായിട്ടു മാത്രം ഈ സ്മരണികയെ കണ്ടാൽ മതി.

ഈ സ്മരണിക യാഥാർത്ഥ്യമാക്കാൻ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അനേകം വ്യക്തികളുണ്ട്. അവരെയെല്ലാം ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കുന്നു, പ്രത്യകിച്ചും ഈ സ്മരണികയുടെ സഹ എഡിറ്റർ ആയി പ്രവർത്തിച്ച റവ. ബ്ര. ളൂയിസ് മഞ്ഞളിയെയും, ലേഖനങ്ങൾ എഴുതി തന്നവരെയും നന്ദിയോടെ ഓർക്കുന്നു. ഈ സ്മരണികയുടെ കവർചിത്രം ഡിസൈൻ ചെയ്ത അൽജസീറയിലെ ബിജുവിനോടും പുസ്തകം ഡിസൈൻ ചെയ്ത സ്മൃതിയിലെ ഡേവിഡിനോടും എല്ലാത്തിനുമുപരിയായി കൃത്യസമയത്തു തന്നെ മനോഹരമായി അച്ചടിച്ചു സഹായിച്ച മരിയാപുരം യൂണിയൻ പ്രസ്സ് പ്രവർത്തകരോടും പ്രത്യേകം നന്ദി പറയുന്നു.

പ്രൊഫ. എ. എം. ഫ്രാൻസീസ്,<br>പ്രിൻസിപ്പാൾ, എഡിറ്റർ.

## സപ്തതി സമിതി
(എക്സിക്യൂട്ടീവ്)

**ഡോ. പ്രൊഫ. പി.വി. കൃഷ്ണൻ നായർ**
ചെയർമാൻ
**പ്രൊഫ. എ. എം. ഫ്രാൻസീസ്**
പ്രിൻസിപ്പാൾ, സെന്റ് തോമസ് കോളേജ്, തൃശൂർ
വൈസ് ചെയർമാൻ
**പ്രൊഫ. വി.പി. ജോൺസ്**
വർക്കിങ്ങ് ചെയർമാൻ
**പ്രൊഫ. വി.എ. വർഗീസ്**
ജനറൽ കൺവീനർ
**പ്രൊഫ. കെ.സി. ജയിംസ്**
ജോ. ജനറൽ കൺവീനർ
**ശ്രീ. ബേബി മൂക്കൻ**
ജോ. ജനറൽ കൺവീനർ
**ശ്രീ ഡേവീസ് കണ്ണംമ്പുഴ**
ട്രഷറർ

## ആശംസ

### കർദ്ദിനാൾ വർക്കി വിതയത്തിൽ
സീറോമലബാർ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്ത

കഴിഞ്ഞ അഞ്ചു ദശകങ്ങളിലെ ബഹുമുഖപ്രവർത്തനങ്ങളാൽ കേരളത്തിലും ഭാരതത്തിലും മാത്രമല്ല, അന്തർദ്ദേശീയ തലത്തിലും അറിയപ്പെടുന്ന ഒരു സഭാസ്നേഹിയും ചരിത്രാന്വേഷിയും കലാസ്വാദകനുമാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. കേരളസഭയുടെയും ഭാരതസഭയുടെയും തനിമയും പാരമ്പര്യവും പണ്ഡിതസമക്ഷം അവതരിപ്പിച്ച് പ്രശംസ നേടിയിട്ടുള്ള മഹത്വ്യക്തിയാണ് അദ്ദേഹം. സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്, ദി നസ്രാണീസ്, തോമാപീഡിയ തുടങ്ങിയ ഗ്രന്ഥങ്ങളിലൂടെ ഭാരതക്രൈസ്തവസമൂഹത്തിൻെറ പ്രൗഢിയും മഹത്വവും ലോകത്തിനു ബോധ്യപ്പെടുത്തിക്കൊടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തെക്കുറിച്ചു പറയുമ്പോൾ, ഒരു വിദഗ്ധ സംഘത്തിന് ഏറെക്കാലം കൊണ്ട് ക്ലേശിച്ചുമാത്രം നിർഹിക്കാവുന്ന ബൃഹത്തായ ബൗദ്ധികസേവനം ഏകനായി ഹ്രസ്വകാലം കൊണ്ട് നിറവേറ്റി എന്നു പറയുന്നത് വളരെ ശരിയായിരിക്കും. ഇതിന് അദ്ദേഹത്തിന് പ്രചോദനമായത് അടങ്ങാത്ത സഭാസ്നേഹവും നമ്മുടെ പാരമ്പര്യങ്ങളിലും ചരിത്രപരമായ പൗരാണികതയിലും ഉള്ള ആഴമേറിയ അഭിമാനവുമാണ്.

സപ്തതിയുടെ നിറവിൽ എത്തിയിരിക്കുന്ന പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് എൻെറ ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ നേരുന്നു. എഴുപതു വർഷക്കാലം കൊണ്ട് ചെയ്തുതീർത്ത മഹത്തായ സംരംഭങ്ങളേക്കാൾ പതിന്മടങ്ങ് മഹത്വമേറിയ സേവനങ്ങൾ കാഴ്ച വെക്കാൻ അദ്ദേഹത്തിന് ഇനിയും സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. സപ്തതി ആഘോഷങ്ങൾക്ക് എല്ലാ വിജയങ്ങളും നേരുന്നു.

# ആശംസ

## ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ

## സപ്തതിയുടെ സംതൃപ്തി

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുമായി എനിക്ക് ഏറെ അടുത്തു പരിചയമുണ്ടെന്നു പറയാനാവില്ല. സമ്മേളനങ്ങളിലും പൊതുവേദികളിലുമായാണ് ഞങ്ങൾ കണ്ടുമുട്ടിയിട്ടുള്ളത്. ചുരുക്കം ചില സന്ദർഭങ്ങളിൽ അടുത്തിരുന്നു സംസാരിക്കാൻ അവസരം കിട്ടിയിട്ടുമുണ്ട്.

ഒരു ദൗത്യബോധമുള്ള വ്യക്തിയായിട്ടാണ് എനിക്ക് അദ്ദേഹത്തെ കാണാൻ കഴിയുക. ബൗദ്ധികരംഗത്തുള്ള പ്രേഷിത പ്രവർത്തനത്തിൽ അദ്ദേഹം ഏറെ പ്രാധാന്യം നൽകിയിട്ടുണ്ട്. പ്രത്യേകിച്ചും ചരിത്രരംഗത്തിനാണ് അദ്ദേഹം ഏറെ ഊന്നൽ നൽകിയിട്ടുള്ളത്. ഇവിടെയാണല്ലോ കേരളീയരുടെ പരാധീനതയും. പക്ഷേ നമ്മുടെ ആത്മവിശ്വാസം വളർത്തുന്നതിന് ശരിയായ ചരിത്രാവബോധം കൂടിയേ തീരൂ. പല ചരിത്രരേഖകൾ കണ്ടെത്താനും അവയെ അടിസ്ഥാനമാക്കി ഗ്രന്ഥങ്ങൾ രചിച്ച് പൊതുജനത്തെ പ്രബുദ്ധമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

മാർത്തോമ്മാ ക്രിസ്ത്യാനികളെക്കുറിച്ചു ഒരു വിജ്ഞാനകോശം രൂപപ്പെടുത്തുക എന്നത് ഏറെ ശ്രമകരമായ പരിശ്രമമാണെന്ന് നമുക്കറിയാം. എങ്കിലും അങ്ങനെയൊരു പരിശ്രമത്തിനു ആദ്യമായി മുതിർന്നത് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയാണ്. ഇത് തീർച്ചയായും മാർത്തോമാ ക്രിസ്ത്യാനികൾക്കു വലിയൊരു മുതൽകൂട്ടാണ്. സമഗ്രമായ രീതിയിൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ മനസ്സിലാക്കാൻ ഈ ഗ്രന്ഥം ഏറെ സഹായകമാകും. ഇങ്ങനെയൊരു ഗ്രന്ഥം പുതിയ തലമുറയ്ക്ക് വലിയൊരു അനുഗ്രഹമാണ്.

സമൂഹത്തിനുവേണ്ടി പലതും ചെയ്തു എന്ന ചാരിതാർത്ഥ്യത്തോടെ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയ്ക്ക് സപ്തതി ആഘോഷിക്കാൻ കഴിയും. ഈയവസരത്തിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ചേർന്ന് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നത് തികച്ചും സമുചിതമാണ്. ഈ ഗ്രന്ഥം അനേകർക്ക് പ്രചോദനമാകുമെന്നു കരുതുന്നു. സപ്തതി ആഘോഷിക്കുന്ന പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് ആശംസകൾ. സമൂഹത്തിൽ കൂടുതൽ സംഭാവനകൾ ഇനിയും നൽകാൻ ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. സ്മരണികയുടെ പ്രസാധകർക്കും അഭിനന്ദനങ്ങൾ.

# ആശംസ

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

## തൃശൂർ അതിരൂപതയും പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും

സീറോ മലബാർ സഭയുടെ ഉത്തമപുത്രനായ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് ഈയ്യിടെ ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പയിൽ നിന്ന് ഷെവലിയർ സ്ഥാനം ലഭിച്ചതിൽ ഹാർദ്ദമായ അഭിനന്ദനങ്ങൾ നേരുന്നു.

പൗരാണികവും ഉന്നത ക്രൈസ്തവ പാരമ്പര്യമുള്ളതുമായ ഒല്ലൂർ എരിഞ്ഞേരി മേനാച്ചേരി കുടുംബത്തിൽ പിറന്ന അദ്ദേഹം സഭാതലത്തിലും ചരിത്ര സാമൂഹ്യ സാംസ്ക്കാരിക പുരാവസ്തു ഗവേഷണ രംഗങ്ങളിലും വളരെ വൈദഗ്ധ്യവും അനുഭവ സമ്പത്തുമുള്ള വ്യക്തിയാണ്. സെന്റ് തോമസ് കോളേജിൽ ഞാൻ വിദ്യാർത്ഥിയായിരിക്കമ്പോൾ മുതൽ എനിക്ക് അദ്ദേഹത്തെ പരിചയമുണ്ട്. റോമിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ സ്ഥാനാരോഹണവേളയിൽ കേരളത്തിലെ ഒരു പത്രത്തിൻെറ പ്രതിനിധിയായി അദ്ദേഹം പങ്കെടുത്തപ്പോഴും എനിക്ക് അദ്ദേഹവുമായി ബന്ധപ്പെടുവാൻ സാധിച്ചു. അദ്ദേഹത്തിൻെറ സഭാവിജ്ഞാനത്തെപ്പറ്റിയുള്ള അറിവു കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞത് അപ്പോഴായിരുന്നു.

1983ൽ തൃശൂർ മൈനർ സെമിനാരിയിൽ ഞാൻ പ്രീഫെക്ടായും ബിഷപ്പ്സ് ഹൗസിൽ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുമ്പോൾ അദ്ദേഹവുമായി കൂടുതൽ അടുത്തിടപഴകാൻ സാധിച്ചു. തൃശൂർ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമെന്ന നിലയിലും ചരിത്ര പണ്ഡിതനെന്ന നിലയിലും അദ്ദേഹം രൂപതാപ്രവർത്തനങ്ങളുടെ മുന്നണിയിലാണ് നിലകൊണ്ടിരുന്നത്.

1978-ലെ നവീകരണവർഷത്തിലും 1983-ലെ വിശ്വാസപ്രഖ്യാപന റാലിയിലും 1986-ലെ മാർപ്പാപ്പാ സന്ദർശന വേദിയിലും അദ്ദേഹം

സാംസ്ക്കാരിക പൈതൃക ടാബ്ളോകൾ അവതരിപ്പിച്ച് ആ പരിപാടികളെ കൂടുതൽ മികവുറ്റതാക്കി. തൃശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയോടനുബന്ധിച്ച് ചരിത്ര മ്യൂസിയം ആരംഭിച്ചതിനും പള്ളിക്കലകളുടെ ഫോട്ടോകളും പുരാതനമായ മറ്റു പടങ്ങളും മെത്രാസന മന്ദിരത്തിൽ സ്ഥാപിച്ച് കൂടുതൽ ശ്രദ്ധേയമാക്കിത്തീർത്തതിനും അദ്ദേഹത്തോട് നമ്മൾ കടപ്പെട്ടിരിക്കുന്നു.

സെന്റ് തോമസ് എൻസൈക്ലോപീഡിയാ ഓഫ് ഇന്ത്യയും മറ്റു പ്രാമാണിക ഗ്രന്ഥങ്ങളും രചിച്ചതിലും പള്ളിക്കലകളും ചരിത്രവും സംസ്ക്കാരികവുമായുള്ള വിഷയങ്ങളിലുമുള്ള അദ്ദേഹത്തിൻെറ അഗാധപാണ്ഡിത്യവും സാംസ്ക്കാരിക പൈതൃകങ്ങൾ വരുംതലമുറയ്ക്കുവേണ്ടി കരുതിവയ്ക്കാനുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത വ്യക്തമാക്കുന്നു. സ്വന്തം പോക്കറ്റിൽനിന്നുപോലും പണം ചെലവാക്കി സഭയ്ക്കുവേണ്ടി പ്രയത്നിക്കാനുള്ള അദ്ദേഹത്തിൻെറ ആത്മാർത്ഥതയും നിസ്വാർത്ഥതയും അംഗീകരിക്കാതെ നിവൃത്തിയില്ല.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ തൃശൂർ സന്ദർശന വേളയിൽ (1986) മേനാച്ചേരി സാറുമായി കുടുതൽ അടുത്തു പ്രവർത്തിക്കാൻ എനിക്കു സാധിച്ചു. സോവനീർ കമ്മിറ്റിയിൽ ഞങ്ങളിരുവരും അംഗങ്ങളായിരുന്നു. സോവനീർ അതിമനോഹരമായി പ്രസിദ്ധീകരിക്കാൻ പ്രധാനകാരണം പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ ആത്മാർത്ഥമായ കഠിനാദ്ധ്വാനമാണ്.

**രൂപതയ്ക്ക് ചെയ്ത സേവനങ്ങൾ**

മുപ്പതു വർഷമായി പ്രൊഫ. ജോർജ്ജ് മേനാച്ചേരി തൃശൂർ അതിരൂപതാപാസ്റ്ററൽ കൗൺസിൽ അംഗമായി പ്രവർത്തിച്ചുവരുന്നു. അതിരൂപതയുടെ ചരിത്രസാംസ്ക്കാരിക സമിതിയിൽ അദ്ദേഹം സ്ഥിരാംഗമാണ്. സഭാപ്രവർത്തനങ്ങൾക്ക് ഏറ്റവും നൂതനവും പണ്ഡിതോചിതവും പ്രായോഗികവുമായ ആശയങ്ങൾ നൽകിയിട്ടുള്ള വ്യക്തിയാണ് അദ്ദേഹം.

തൃശൂരിലെ അത്മായ നേതൃത്വ പരിശീലനകേന്ദ്രത്തിൽ എക്കാലവും മുൻനിരയിൽ നിന്നു പ്രവർത്തിച്ചുവരുന്ന സാരഥിയാണ് അദ്ദേഹം. തൃശൂർ അതിരൂപതയുടെ സാംസ്ക്കാരിക വിഭാഗമായ കലാസദൻെറ സ്ഥാപനത്തിലും വളർച്ചയിലും അംഗമെന്ന നിലയിലും പ്രസിഡണ്ട് എന്ന നിലയിലും അദ്ദേഹത്തിൻെറ പങ്ക് നിസ്തുലമാണ്. പത്തു വർഷം അദ്ദേഹം കലാസദൻെറ പ്രസിഡണ്ടായിരുന്നു.

സീറോമലബാർ സഭയുടെ സാംസ്ക്കാരികപൈതൃകം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ഏറ്റവും അധികം പരിശ്രമിച്ചിട്ടുള്ള അല്മാ

യനേതാവാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. സീറോമലബാർ ലിറ്റർജിക്കൽ സെന്ററിനോടു ചേർന്ന്, മൗണ്ട് സെന്റ് തോമസിൽ ക്രിസ്ത്യൻ മ്യൂസിയവും പാലയൂരിൽ ക്രിസ്ത്യൻ മ്യൂസിയവും രൂപപ്പെടുത്തിയതിൻെറ പ്രധാനശില്പി ജോർജ്ജ് മാഷാണ്.

പല ദൈവാലയങ്ങളിലെയും പുരാതനകലാരൂപങ്ങൾ കാത്തു സൂക്ഷിക്കുന്നതിനും പുതിയ പള്ളിക്കലകൾ രൂപീകരിക്കുന്നതിനും മാസ്റ്റർ എന്നും ദത്ത ശ്രദ്ധനായിരുന്നു. മാർത്തോമാ ക്രിസ്ത്യാനികളുടെ ചരിത്രത്തെകുറിച്ച് പഠനം നടത്തുന്ന ആധുനിക ഗവേഷകരിൽ മുൻപന്തിയിൽ നിൽക്കുന്ന ആളാണ് അദ്ദേഹം. പല കാലങ്ങളിലും ദേശങ്ങളിലും പലവിധ വേദികളിലും അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള പ്രബന്ധങ്ങൾ നിരവധിയാണ്. പല സെമിനാരികളിലും അദ്ദേഹം പള്ളിക്കലകളെകുറിച്ചും സാംസ്ക്കാരിക പൈതൃകത്തെക്കുറിച്ചും അനേകവർഷങ്ങളായി പഠിപ്പിച്ചു കൊണ്ടിരിക്കുന്നു.

പുറംരാജ്യങ്ങളിൽ സീറോ മലബാർ സഭയുടെ സാംസ്ക്കാരിക അംബാസിഡർ എന്ന് മാസ്റ്ററെ ന്യായമായും വിശേഷിപ്പിക്കാവുന്നതാണ്. ഇപ്പോൾ വത്തിക്കാനിൽനിന്ന് നൽകപ്പെട്ടിരിക്കുന്ന ഷെവലിയർ പദവി മാസ്റ്റർക്ക് അംഗീകാരവും പ്രോത്സാഹനവും ഇത്തരം രംഗങ്ങളിൽ പ്രവർത്തിക്കുന്ന അൽമായർക്ക് ഉത്തേജനവും ആയിത്തീരട്ടെ എന്നു ആശംസിക്കുന്നു.

## ആശംസ

## Metropolitan Mar Aprem

Chevalier George Menachery has received an honour he deserved well from his Church in his 70th year. He dedicated his life for research and publishing facts about the history of Christianity in India, He was also known abroad for his many achievements in the field of his choice.

He was not a professor of history. He was professor of English language and literature. It is a rare privilege to be the head of the Department of English in the St.Thomas' College, Trichur, where several eminent professors had taught. When I was a student at St.Thomas' College in Trichur for the intermediate course during 1955-57. Fr. Mampilly was the head of the Department of English. Vengusamy, N.K. Seshan, C.J.Andrews were lecturers and N.D. George, Edmund Peters and others were tutors. George Menachery, two years older than I am, was studying in Trichinopoly. He came to teach at St.Thomas College after I had left Trichur.

Only after I became a Metropolitan in Baghdad in September 1968 and took charge in Trichur, I got acquainted with George Menachery. Our common interest in the field of Church History brought us closer instantly. He came to the United Theological College, Bangalore when I was writing my dissertation for the Doctor of Theology degree of the Senate of Serampore College. He requested me to write a chapter on my Church of the East in India, locally known as Chaldean Syrian Church. I was not an author. But the summary of my Master of Theology thesis had been published in Bangalore Theological Forum in 1967 and that had attracted the attention of the church historians in India and abroad. Recently I was delighted to note a Prof. Samuel H.Moffett in his monumental volume History of Christianity in Asia, Volume I Beginnings to 1500, Theological Publications of India; Bangalore 2006 (Published in America in 1996) had included my article in his Bibliography.

I am surprised by the stamina and dedication with which George Menachery pursued his career as a Church historian. His interest in speaking and writing on various aspects of the Church past and present made him an ideal for many young aspiring writers and scholars. The fact that a team of scholars are enthusiastically arranging to celebrate the occasion of his 70th birthday in a memorable way, is an example for youngsters.

The conferring of the rare title of the 'Chevalier' on George Menachery was a happy surprise to some of his friends. But to me it was a title well deserved by Professor George Menachery. It was an honour long overdue. I myself had often said publicly that Prof. George Menachery should be made a Chevalier. When I was a student at St. Thomas' College, a very short fellow Prof. Joseph Pettah was a Chevalier. Another Church historian.V.C.George, a headmaster in Kuruvilangad (Grand father of Dr.V.A. Joseph, Chairman of South Indian Bank) was a Chevalier known to me and to my senior colleagues.

While publishing the St.Thomas Encyclopedia travelling the length and breadth of our country he met the writers personally. He visited the sites of the ancient churches. He has a collection of photographs enough to write several doctoral dissertations. He must have had a lot of extra energy to publish the St.Thomas Encyclopedia, Thomapaedia etc. He created websites before many churches or theological colleges attempted to do it. People around the globe knew him through his websites and personal contacts.

His work was not a leisurely work. It was hard work. He had to take leave from his College teaching to live in Madras to correct the proof sheets for his Encyclopedia. To find money was another difficult task. There is no guarantee that he will get back the borrowed money after all these books are sold. He made available many of his books in all the seminars, National or international and sold them in order to recover the money he spent for printing these books. There were no publishing houses behind him. There were no rich people to advance money to him to publish his books. Many in the writing and publishing field realize the difficulty of getting back the money one advances for printing a book. I mention it because there is a wrong notion that by writing books one can become rich quickly.

Prof. George Menachery is now the Vice - President of the Church History Association of India known as CHAI. (There is a second organization by the name CHAI, viz . The Catholic Hospital Association of India). Most of the members of the Church History Association of India are clergymen, Professors of Church History in Catholic, Orthodox or Protestant seminaries. As a Vice President he is doing much for that organization, more than what I had done when I was President of CHAI for two terms (1976 to 79 and 1979 to 1982). In 1979 when I was re-elected the President in the conference at Calcutta, George Menachery was with me along with his brother James Menachery, an engineer by profession. That was the time we went to see the institutions of Mother Teresa. Since the Nobel Prize for Peace was announced for Mother Teresa, there was a large queue of people to visit the Mother. So we returned without seeing the Mother. Of course I got an opportunity to see her when she visited Trichur later.

More than two decades ago when the Church History Association of India held its triennial conference in the Pontifical Seminary in Alwaye, myself and George Menachery were asked to be the organizers. As I was a former President, I could not decline the invitation. Myself and Menachery went to Trivandrum by train and invited the Governor in the Raj Bhavan and reached back Trichur the same day. With the help of Fr.Mathias Mundadan, we were able to get Cardinal Parecattil to preside over the session when the Governor P.Ramachandran inaugurated the conference.

An international Seminar on Indian Christianity was held in New York recently. Menachery and myself travelled together and read papers there. Then the second conference was held in Madras in January 2007. In addition to the two of us many scholars were present from Kerala. The reason for such a strong delegation from Kerala was none other than the efforts of George Menachery. Now he is persuading me and many others to participate in the 3rd conference to be held in Jordan, in September 2008.

I wonder how many conferences he has attended. How many publications he had his articles in. Can he recall the titles of his own articles? He had written the foreword to one of my books. I doubt very much whether he will be able to tell the number of organizations he is an office bearer of.

# ആശംസ

## ബിഷപ്പ് ജെയിംസ് പഴയാറ്റിൽ

## അനുഗ്രഹാശിസ്സുകൾ

പ്രൊഫസർ ജോർജ്ജ് മേനാച്ചേരി തൃശൂർ സെന്റ് തോമസ് കോളെജിൽ എന്റെ അദ്ധ്യാപകനും സഹപ്രവർത്തകനുമായിരുന്നു കലാലയ പ്രവർത്തനങ്ങൾക്കപ്പുറം ഏറെ കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അൽമായ നേതൃത്വം, ഐെയ്ഫൽ ബുക്ക് സെൻറർ, സെന്റ് തോമസ് എൻസൈക്ലോപീഡിയ പ്രസിദ്ധീകരണം, ദേവാലയ കലകൾ, സഭാ ചരിത്രപഠനം തുടങ്ങിയവയിൽ അദ്ദേഹത്തിന്റെ താല്പര്യവും സഫലമായ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. വിദേശപര്യടനവും, മതസാംസ്ക്കാരിക വേദികളിലെ നിറഞ്ഞുനിന്ന അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും ശ്രദ്ധേയമാണ്.

സപ്തതിയിലെത്തിയ മേനാച്ചേരി സാറിന് ജന്മസാഫല്യവും ജീവിതവിജയവും നേരുന്നു. സംതൃപ്തിയും സുസ്ഥിതിയും സന്തോഷവും സമാധാനവും പ്രാർത്ഥനാപൂർം ഞാൻ ആശംസിക്കുന്നു. ഷെവലിയർ ആയി അംഗീകരിക്കപ്പെട്ടതിൽ അഭിനന്ദനങ്ങൾ. സപ്തതിയുമായി ബന്ധപ്പെട്ട സ്മരണികയ്ക്ക് സർവ്വ വിജയവും നേർന്നുകൊള്ളുന്നു. ചിന്ന റോമ എന്നറിയപ്പെടുന്ന ഒല്ലൂരിന്റെ ഈ പ്രിയമകന്റെ വിശ്വാസവും സഭയോടുള്ള ആഭിമുഖ്യവും മതസാംസ്ക്കാരിക രംഗങ്ങളിലുള്ള സേവനവും എക്കാലത്തും സ്മരിക്കപ്പെടട്ടെ.

അഭിനന്ദനങ്ങളും അനുഗ്രഹാശിസ്സുകളും.

## ആശംസ

**മാർ പോൾ ചിറ്റിലപ്പിള്ളി**
താമരശ്ശേരി രൂപതയുടെ മെത്രാൻ

# ഞാനറിയുന്ന പ്രൊഫ. മേനാച്ചേരി

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതി ആഘോഷങ്ങളോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയിലേയ്ക്ക് അദ്ദേഹവുമായുള്ള എൻെറ ബന്ധത്തിൻെറ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ എഴുതുവാനുള്ള ക്ഷണം വളരെ സന്തോഷത്തോടെയാണ് ഞാൻ സ്വീകരിക്കുന്നത്. അസാധാരണമായ പ്രതിഭയാണ് മേനാച്ചേരി മാസ്റ്റർ എന്നത് ഇന്ന് ഏവരും മനസ്സിലാക്കിക്കഴിഞ്ഞ കാര്യമാണ്.

ഞാൻ പ്രൊഫ. മേനാച്ചേരിയെ പരിചയപ്പെട്ടത് 1968 ലാണെന്നാണ് എൻെറ ഓർമ്മ. വടവാതൂർ സെമിനാരിയിൽ ഞാൻ അദ്ധ്യാപകനായി നിയമിതനായ ശേഷം അവിടെയുള്ള അദ്ധ്യാപകരെ കാണാനായി അദ്ദേഹം വരുമായിരുന്നു. സെൻറ് തോമസ് എൻസൈക്ലോപീഡിയ എന്നൊരു സ്വപ്നം അദ്ദേഹത്തിനുണ്ടായിരുന്നു. അതിൽ ഉൾപ്പെടുത്താനുള്ള ലേഖനങ്ങൾ അന്വേഷിച്ചാണ് അദ്ദേഹം വന്നിരുന്നത്.

ഡോക്ടറേറ്റിന് ഞാൻ അവതിപ്പിച്ച പ്രബന്ധം പ്രസിദ്ധീകരിച്ചിട്ടില്ലാതിരുന്ന അവസരത്തിൽ അതിലെ ഒരു ഭാഗം എൻസൈക്ലോപീഡിയയിലേയ്ക്ക് ഞാൻ നൽകുകയുണ്ടായി. പിന്നീട് അദ്ദേഹവുമായി ഇടപെട്ടപ്പോൾ ഗ്രന്ഥരചന മാത്രമല്ല, നമ്മുടെ നാട്ടിലെ പുരാതന കലാരൂപങ്ങളോടും സാംസ്ക്കാരിക പൈതൃകങ്ങളോടും അസാമാന്യമായ താല്പര്യവും അഭിമാനവുമുള്ള വ്യക്തിയാണ് അദ്ദേഹമെന്ന് ബോധ്യപ്പെടാനിടയായി. തൃശൂർ രൂപതാ ചാൻസലറായി നിയമിതനായപ്പോൾ മേനാച്ചേരി മാസ്റ്ററുമായി ബന്ധപ്പെടുന്നതിന് കൂടുതൽ അവസരങ്ങൾ എനിക്കുണ്ടായി. വളരെ സാവധാനമാണെങ്കിലും, മാസ്റ്ററുടെ ആഴമേറിയ ജ്ഞാനതൃഷ്ണയും വിവിധ വിജ്ഞാന ശാഖകളിലുള്ള താല്പര്യങ്ങളും എനിക്ക് അടുത്ത് മനസ്സിലാക്കാനിടയായി. ആ കാലഘട്ടത്തിൽ മാസ്റ്ററുമായി ബന്ധപ്പെടാൻ ഇടയായ

വിഷയങ്ങളെപ്പറ്റി അല്പം പരാമർശിക്കുന്നത് നല്ലതാണ്.

**1. സെൻറ് തോമസ് എൻസൈക്ലോപ്പീഡിയ**

മൂന്നു വാല്യങ്ങളിലായി പ്രസിദ്ധീകരിക്കാൻ പ്ലാനിട്ടിരുന്ന പദ്ധതി ഒരു യജ്ഞം തന്നെയായിരുന്നു. പ്രസിദ്ധീകരണത്തോടനുബന്ധിച്ച് വിവിധ പ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്യാനും, രൂപതാദ്ധ്യക്ഷൻെറ പ്രോത്സാഹനത്തിൻെറ പിന്നിൽ, കൊച്ചുകൊച്ചു സേവനങ്ങൾ ചെയ്തുകൊടുക്കുവാനും കഴിഞ്ഞിട്ടുണ്ടെന്നത് ഞാനിന്ന് സംതൃപ്തിയോടെ ഓർക്കുന്നു. പക്ഷേ അന്ന് അതിൻെറ ആരംഭ ദശയിൽ പ്രായോഗികമായി ഇത് നടക്കുമോ എന്നുള്ള സംശയം എന്നിൽ മുന്നിട്ടു നിന്നിരുന്നു. ഏതായാലും രണ്ടാമത്തെ വാല്യമാണ് ആദ്യം പ്രസിദ്ധീകൃതമായത്. അതു പുറത്തു വന്നപ്പോൾ മാസ്റ്ററുടെ ദൃഢനിശ്ചയവും പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് ലക്ഷ്യം നേടാനുള്ള കഴിവും എനിക്കു ബോധ്യപ്പെട്ടു. അതുകൊണ്ട്, പിന്നീടുള്ള പ്രസിദ്ധീകരണം യാഥാർത്ഥ്യമാകുമെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ടായില്ല. മാർത്തോമാ ക്രിസ്ത്യാനികളെക്കുറിച്ചും അവരുടെ പാരമ്പര്യങ്ങളെക്കുറിച്ചും ഇന്ന് ആധികാരികമായി പുറം ലോകത്തുള്ളവർക്ക് പഠിക്കാൻ പറ്റിയ മൂന്നു വാല്യങ്ങളിലുള്ള പ്രസിദ്ധീകരണമായി ഇത് തീർന്നല്ലോ.

**2. ക്രിസ്ത്യൻ മ്യൂസിയം**

നമ്മുടെ കലാരൂപങ്ങളെപ്പറ്റിയും ഇന്ന് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയുന്നെങ്കിൽ ആ അറിവ് ഏവർക്കും സംലഭ്യമാക്കിക്കൊടുത്തവരുടെ മുൻപന്തിയിൽ പ്രൊഫ. മേനാച്ചേരിയാണെന്ന് ധൈര്യമായി പറയാൻ കഴിയും. എന്നെ സംബന്ധിച്ചിടത്തോളം വ്യക്തമായും ആ അറിവ് പകർന്നുതന്നത് അദ്ദേഹമാണ്. നമുക്ക് പൗരാണികമായുണ്ടായിരുന്നതെല്ലാം നശിച്ചുപോയി എന്ന് കരുതിയിരുന്നവരിൽ ഒരാളാണ് ഞാൻ. എൻെറ സ്വന്തം ഇടവകദൈവാലയത്തിൽ ഉണ്ടായിരുന്ന പുരാതനശില്പങ്ങൾ വിലപ്പെട്ടതാണെന്നുള്ള സത്യം എനിക്കു മനസ്സിലാക്കൻ കഴിഞ്ഞു. അതുപോലെ, കേരളത്തിലെ വിവിധ ഭാഗങ്ങളിലുള്ള ദൈവാലയങ്ങൾ പലതും പുതുക്കി പണിയപ്പെട്ടപ്പോഴും ദൈവാലയത്തിനകത്തും പരിസരങ്ങളിലുമായി അമൂല്യ ശില്പങ്ങൾ ഇന്നുമുണ്ട്. അവയിൽ വളരെ പ്രധാനപ്പെട്ടവയെല്ലാം ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാനും അതുവഴി അവയുടെ വില വലുതാണെന്ന് മനസ്സിലാക്കാനും ഇടവന്നു. തൃശൂർ രൂപതയിൽ ഒരു മ്യൂസിയം തന്നെ കത്തീഡ്രൽ ദൈവാലയത്തോടനുബന്ധിച്ച് ഉണ്ടാക്കിയെടുക്കാൻ മേനാച്ചേരി മാസ്റ്റർക്ക് കഴിഞ്ഞു. അതിനോട് ആത്മാർത്ഥമായി സഹകരിക്കാൻ എനിക്കും അവസരമുണ്ടായി. എൻെറ ഇടവക ദൈവാലയത്തിൽ മദ്ബഹാ പുതുക്കിയപ്പോൾ ഉപയോഗ ശൂന്യമാണെന്നു കരുതി മാറ്റിയിട്ടിരുന്ന സക്രാരിയും മറ്റും

എത്രയോ വിലപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ്, അത് മ്യൂസിയത്തിൽ സൂക്ഷിക്കാൻ ഇടവന്നത് വലിയ ഭാഗ്യമാണ്. ഇക്കാര്യം പലരും മന സ്സിലാക്കിയപ്പോൾ രൂപതയുടെ വിവിധ ഇടവകകളിൽ അത്തരത്തിൽ അശ്രദ്ധമായിട്ടിരുന്ന പല കലാരൂപങ്ങളും ഈ സ്ഥാപനത്തിൽ സംഭരിച്ചു പ്രദർശിപ്പിച്ചു.

അത് ഏവരുടെയും അഭിനന്ദനത്തിന് കാരണമായി. പിന്നീട്, പുരാതനമായ പാലയൂർ പള്ളിയേടനുബന്ധിച്ച് വളരെ വിശേഷമായ ഒരു മ്യൂസിയം ഉണ്ടാക്കിയപ്പോൾ പ്രസ്തുത ശേഖരത്തിലുണ്ടായി രുന്നവ അതിൽ സൂക്ഷിക്കാൻ കഴിഞ്ഞീട്ടുണ്ടെന്നാണ് ഞാൻ മനസ്സി ലാക്കുന്നത്. പാലയൂർ പള്ളിയോടനുബന്ധിച്ച് ഗവേഷണപരമായി നടത്തിയ പ്രവർത്തനങ്ങൾക്കും പുരാവസ്തുക്കൾ സംരക്ഷിക്കുന്ന പരിശ്രമങ്ങൾക്കും ജോർജ്ജ് മേനാച്ചേരിയുടെ ആത്മാർത്ഥമായ ശ്രദ്ധയും സഹായവും ഉണ്ടായിട്ടുണ്ട്.

### 3. അല്മായ നേതൃത്വ പരിശീലനസ്ഥാപനം.

അല്മായരെ വളർത്തിയെടുക്കുന്നതിന് താല്പര്യമെടുത്ത കുറെ പ്പേർ തൃശൂർ രൂപതയിലുണ്ടായിരുന്നു. പ്രൊഫ. പി.പി. പീറ്റർ മാസ്റ്റർ, അഡ്വ. കെ. പി. ദേവസ്സി, ഷെവലിയർ എൻ. എ. ഔസേഫ് തുടുങ്ങിയ പ്രമുഖരുടെ നിരയിൽ ജോർജ്ജ് മേനാച്ചേരി മാസ്റ്ററും ഉണ്ടായിരുന്നു. ഇന്ന് എല്ലാ രൂപതകളിലും വിവാഹത്തിനൊരുക്കമായ പഠനക്കളരി കൾ യുവതീയുവാക്കൾക്ക് നിർബന്ധമായിട്ടുണ്ടെങ്കിലും, ആദ്യകാല ങ്ങളിൽ അങ്ങനെയൊന്ന് ഉണ്ടായിരുന്നില്ല. തൃശൂർ രൂപതയിൽ അതിനു മുൻകൈ എടുത്തത് ഈ അല്മായ നേതൃത്വകേന്ദ്രമാണ്. തിരുസഭാചരിത്രത്തെക്കുറിച്ചും ദൈവശാസ്ത്ര വിഷയങ്ങളെക്കുറിച്ചും 2-ാം വത്തിക്കാൻ സൂനഹദോസ് രേഖകളെക്കുറിച്ചും കാനൻ നിയമ ത്തെ സംബന്ധിച്ചും ഒന്നും രണ്ടും വർഷങ്ങൾ നീണ്ടു നിൽക്കുന്ന കോഴ്സുകൾ ഈ നേതൃസമിതിയുടെ മേൽനോട്ടത്തിൽ നടത്തുവാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ട് പ്രസ്തുത വിഷയങ്ങളിൽ വിദഗ്ദരായ അല്മായനേതാക്കൾ വളർന്നുവരികയുണ്ടായി. പ്രസ്തുത പ്രവർത്തന ങ്ങളിൽ വളരെ വലിയൊരു പങ്ക് മേനാച്ചേരി മാസ്റ്റർക്ക് ഉണ്ടായിരുന്നു എന്നത് ആ പ്രസ്ഥാനത്തിൻെറ ഒരു കാലഘട്ടത്തിലെ ആദ്ധ്യാത്മിക പിതാവെന്ന നിലയ്ക്ക് എനിക്കു അഭിമാനത്തോടെ പറയാൻ കഴിയും.

### 4. കോളജദ്ധ്യാപകൻ

മേനാച്ചേരി മാസ്റ്ററുമായി എനിക്ക് ബന്ധപ്പെടാനിടയായ വേറൊരു മേഖല സെന്റ് തോമസ് കോളെജിനോടനുബന്ധിച്ചാണ്. പത്തു കൊല്ലത്തോളം സെന്റ് തോമസ് കോളെജിൻെറ മാനേജരായി സേവനം അനുഷ്ഠിക്കാൻ അവസരം കിട്ടിയ എനിക്ക് ഇംഗ്ലീഷ് ഡിപ്പാർട്ടുമെ ൻറിലെ പ്രൊഫസറായിരുന്ന ജോർജ്ജ് മേനാച്ചേരിയുമായി അടുത്ത്

ഇടപഴകുന്നതിന് അവസരമുണ്ടായിട്ടുണ്ട്. നല്ലൊരദ്ധ്യാപകനായി അദ്ദേഹം അറിയപ്പെട്ടിരുന്നു. വിദ്യാർഥികളുമായി ഇടപഴകുന്ന രീതി ശ്ലാഘനീയമാണ്. സുഹൃത്തുക്കളോടെന്നപോലെ അവരോട് ഇടപെഴകാനുള്ള അദ്ദേഹത്തിന്റെ കഴിവ് തന്റെ അഗാധമായ പാണ്ഡിത്യത്തെ എളുപ്പത്തിൽ മനസ്സിലാക്കാൻ ഉപകരിക്കുമായിരുന്നു. സഹപ്രവർത്തകരോട് ഹൃദ്യമായി പെരുമാറുവാൻ കഴിയുന്നതുകൊണ്ട് ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവരുടെ ഒരു വലിയ സുഹൃത്‌വലയം അദ്ദേഹത്തിന് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇന്ന് പ്രൊഫ. മേനാച്ചേരി ഇന്ത്യയ്ക്കകത്തും പുറത്തും അറിയപ്പെടുന്ന ഒരു വ്യക്തിയായി വളർന്നുകഴിഞ്ഞു. അദ്ദേഹം കേരളജനതയ്ക്കും, പ്രത്യേകിച്ച് ക്രൈസ്തവ സഭയ്ക്കും ചെയ്തീട്ടുള്ള സേവനം നിസ്സീമമാണ്. കാക്കനാട്ടുള്ള മൗണ്ട് സെന്റ് തോമസ് സീറോ മലബാർ സഭയുടെ കാര്യാലയം ചരിത്രപരമായ ഗവേഷണങ്ങൾക്കും മൂല്യസംരക്ഷണത്തിനും വേണ്ടി ചെയ്യുന്ന സേവനങ്ങളുടെ പിന്നിൽ പ്രൊഫ. മേനാച്ചേരിയുടെ സ്വാധീനവും പരിശ്രമവും വ്യക്തമായീട്ടുണ്ട്. ലിറ്റർജിക്കൽ റിസർച്ച് സെന്ററിനെ നയിക്കുന്ന സമിതിയിലെ ഒരംഗമായിരുന്ന കാലത്ത്, അവിടെയും പ്രൊഫ. മേനാച്ചേരിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ എനിക്കു ഇടവന്നിട്ടുണ്ട്. ഇന്ന് അവിടെ പ്രശസ്തമായ ഒരു മ്യൂസിയം എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. അതിന്റെ സംവിധാനത്തിലും നടത്തിപ്പിലും വളരെ കാര്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ പ്രൊഫസറിന് കഴിഞ്ഞിട്ടുണ്ട്.

എഴുപതു വർഷം പൂർത്തിയാക്കുന്ന പ്രൊഫ. മേനാച്ചേരി ഇന്നും നല്ല ചുറുചുറുക്കുള്ള പ്രവർത്തകനായിട്ടുതന്നെയാണ് മുന്നോട്ടു പോകുന്നത്. ഒല്ലൂരിലെ പ്രശസ്തമായ മേനാച്ചേരി കുടുംബത്തിൽ നിന്ന് ധാരാളം ദൈവവിളികൾ വൈദികനിരയിലും സന്യസ്തരുടെ നിരയിലും ഉണ്ടായിട്ടുണ്ട്. പ്രഗത്ഭരായ അവരെയെല്ലാം കടത്തിവെട്ടുന്ന ഒരു ചരിത്രപുരുഷനായി പ്രൊഫസർ മേനാച്ചേരി മാറിക്കഴിഞ്ഞു. ഇനിയും വളരെയേറെ കാര്യങ്ങൾ അദ്ദേഹത്തിന് ചെയ്യാൻ കഴിയും എന്നുള്ളതിനെപ്പറ്റി യാതൊരു സംശയവുമില്ല. അതിനു വേണ്ട ദൈവാനുഗ്രഹവും ആരോഗ്യവും ധാരാളമായി ലഭിക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. സപ്തതിയുടെ ആശംസകൾ ഹൃദയംഗമമായി ഞാൻ നേരുന്നു. ദൈവം അദ്ദേഹത്തെയും കുടുംബാംഗങ്ങളെയും സപ്തതി ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്നവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## ആശംസ

**മാർ ജോസഫ് പാസ്റ്റർ**
**നീലങ്കാവിൽ സി.എം.ഐ.**

# ഞാൻ കണ്ട മേനാച്ചേരി

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ആദ്യമായി എനിക്ക് പരിചയപ്പെടുത്തിയത് അദ്ദേഹത്തിൻെറ വിദ്യാർത്ഥി മരിച്ചുപോയ ഫാ. ജോസ് വട്ടോലിയാണ്. തൃശൂർ സെൻ്റ് തോമസ് കോളെജിൽ അദ്ധ്യാപകനായിരുന്നു ജോർജ്ജ് മേനാച്ചേരി. അതീവ ആദരവോടും അഭിമാനത്തോടും കൂടിയാണ് ബ.വട്ടോലിയച്ചൻ അദ്ദേഹത്തിൻെറ ഇംഗ്ലീഷ് അദ്ധ്യാപകനെപ്പറ്റി പറഞ്ഞിരുന്നത്.

ഭാഷാപരിജ്ഞാനത്തിനു പുറമെ അദ്ദേഹത്തിൻെറ പുതിയ കാൽവെപ്പിനെപ്പറ്റിയും എന്നോടു പറയുകയുണ്ടായി. സീറോ മലബാർ സഭയെപ്പറ്റി പ്രൊഫ. ജോർജ്ജിനുള്ള അറിവു അഗാധമാണ്. അദ്ദേഹം അന്ന് ആരംഭിച്ച എൻസൈക്ലോപീഡിയയിൽ ഞാൻ ഒരു ലേഖനം എഴുതിയിട്ടുണ്ട്. റോമിലെ എൻെറ ഉപരിപഠനം കഴിഞ്ഞ് ഞാൻ അവതരിപ്പിച്ച തീസിസിൻെറ ചുരുക്കമായിരുന്നു ലേഖനം. എൻസൈക്ലോപീഡിയയുടെ അവതരണത്തിനും പ്രകാശനത്തിനും ഞാൻ ഏറെ പ്രോത്സാഹനം നൽകുകയുണ്ടായി. തുടർന്ന് സീറോ മലബാർ എക്സിബിഷൻ സംഘടിപ്പിച്ചപ്പോൾ അതു പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ രണ്ടാമത്തെ കാൽവെപ്പായിരുന്നു. ഇതിനകം നിരവധി പുതിയ പ്രസ്ഥാനങ്ങൾ അദ്ദേഹം സഭയ്ക്കായി സമ്മാനിച്ചിട്ടുണ്ട്.

ഭാരതത്തിലെ വിവിധ ക്രൈസ്തവ വിഭാഗങ്ങളെ ഒന്നിച്ച് കണ്ട് പ്രവർത്തിച്ച എക്യുമെനിക്കൽ പ്രസ്ഥാനത്തിൻെറ സഹയാത്രികനാണ് പ്രൊഫ. മേനാച്ചേരി. തികഞ്ഞ സഭാസ്നേഹിയും സഭാചരിത്രകാരനുമാണ് അദ്ദേഹം. അത്യദ്ധ്വാനത്തിൻെറ ഉടമയായി ഇതിനകം സഭയ്ക്കും സമൂഹത്തിനും അദ്ദേഹം കാഴ്ചവെച്ചിട്ടുള്ള സംഭാവനകൾ എണ്ണമറ്റവയത്രെ. ഇത്രയും സംഭാവനകൾ നൽകിയിട്ടുള്ള മറ്റൊരാൾ ഇല്ലെന്നു പറയാം. പ്രൊഫ. മേനാച്ചേരിയുടെ സംഭാവനകളുടെ

സവിശേഷത അവ നാനാമുഖമാണെന്നതാണ്. ഗവേഷണം, ചരിത്രം, ശില്പശാസ്ത്രം ഐ.ടി തുടങ്ങി അദ്ദേഹം പ്രവേശിക്കാത്ത മേഖല കളില്ല. ഒരേ ഒരു വ്യക്തി ഒരു സ്ഥാപനമായി വളർന്നുയർന്നതാണ് പ്രൊഫ. മേനാച്ചേരി. മതപരവും ചരിത്രപരവും ആയ മികവുറ്റ എല്ലാ സംഘടനകളിലും പ്രസ്ഥാനങ്ങളിലും പ്രൊഫ. മേനാച്ചേരിക്ക് സജീവപങ്കുണ്ട്.

ഇതൊക്കെയാണെങ്കിലും വളരെ ലളിതമാണ് അദ്ദേഹത്തിന്റെ ജീവിതശൈലി. എല്ലാവരെയും സ്വാഗതം ചെയ്യുന്ന സാധാരണക്കാരൻ. ഏവർക്കും സംലഭ്യൻ. തന്റെ അറിവ് മറ്റുള്ളവർക്ക് പങ്കുവെയ്ക്കാൻ സദാ സന്നദ്ധൻ. രാഷ്ട്രീയത്തിന്റെ അതിപ്രസരം തീണ്ടാത്ത സാക്ഷാൽ ക്രിസ്ത്യാനി. പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് സപ്തതിയുടെ ആശംസകൾ നേരുന്നു.

## ആശംസ

**Bishop Selvester Ponnumuthan**

# Prof. George Menachery : A Lay Person Par Excellence

It is heartening to know that Prof. George Menachery is going to be honoured by well-wishers with a fitting memento by publishing a souvenir on his Sapthathi, the seventieth birthday. Although I knew Prof. George Menachery through his monumental works in Christian literature and as the brother of Rev. Dr. E.J. Thomas, former principal of Loyola College, I began to have a personal contact with him only from 2002. It was in connection with the Jubilee Celebrations of the 1950th year of the coming of St. Thomas, the Apostle, in India and the 450th death anniversary of St. Francis Xavier. As part of the Jubilee celebrations the Kerala Catholic Bishops' Council had put up a Documentary Committee which entrusted the task of publishing a fitting souvenir to me as the Chief-Editor and His Excellency Mar Bernabas Jacob (Chacko Aerath OIC) and Prof. George Menachery as co-editors, representing the three individual Churches in Kerala. I am glad to say that 'Christian Contribution to Nation Building: A third Millennium Enquiry' (440 pages) was the outcome of our teamwork.

Prof. George Menachery not only contributed an article on 'Christian Influence in The Art and Architecture of India' but read with us all the pages of the work. Those who are involved in publication would agree that editing a book is more difficult than writing one. If the book contains articles of disputed stances it becomes an even more difficult task. All the more so when such articles have

been written by reputed scholars. In fact we had to do some editing work. I would say that we, as a team, could edit the work without any difficulty. Although in age, experience, and scholarship Prof. George Menachery was much ahead of other editors he collaborated sincerely and vigorously towards the completion of the work.

He was very prompt in meetings and open in the discussions and ready to take up any responsibility. Any collaboration demands lot of sacrifice. Sacrifice is an expression of love. Along with the collaboration what impressed me was his real love for the Church. His love for the Church really resonates with the response to the vocation of a lay faithful. I used to feel that Prof. George Menachery had effectively over come the 'two temptations of a lay person' described by John Paul II. According to the Pope the first temptation of lay persons is to be so strongly interested in the Church services and tasks that they fail to become actively engaged in their responsibilities in the professional, social, cultural, and political worlds. The second temptation is of legitimizing the unwarranted separation of faith from life, that is, a separation of the Gospels acceptance from the actual living of the Gospel in various situations in the world (John Paul II, *Chrsitifideles Laici*, 1988, n.2). The Pope also admonishes that lay people should not relinquish their participation in 'public life' especially in the economic, social, legislative, administrative and cultural areas for they are intended to promote organically and institutionally the common good (CL, 42). The curriculum vitae of Prof. George Menachery show that he has proved his calibre in various areas of public life. Along with participation in various administrative and social bodies he has to his credit a large number of publications, research papers, articles, radio talks and TV programmes.

All his visits to 22 countries of the four continents enlarged his image in public life because every journey has contributed something to deepen his knowledge which in turn became a contribution to the church and society. Among all his contributions to the Church and to society what attracts one the most is his contributions in the field of culture. All of his publications and activities have a culture touch. Since the development of culture is often dissociated not only from Christian faith but also from human values (CL.44) the contributions of Prof. Menachery are very significant.

In fact he has been responding to the invitation of John Paul II who said: 'The church calls upon the lay faithful to be present, as signs of courage and intellectual creativity, in the privileged places of culture, that is, the world of education-school and university-in places of scientific and technological research, the areas of artistic creativity and work in the humanities. Such a presence is destined not only for the recognition and possible purification of the elements that critically burden existing culture, but also for the elevation of these cultures through the riches which have their sources in the Gospel and the Christian faith' (CL 44). In fact the writings of Prof. George Menachery are an invitation to go to the sources, the Gospel and Christian Tradition. And I am sure that his name and his contributions will be remembered not only by the Christians beyond the Asian continent but also by the secular world. I pray that the Almighty bless him abundantly.

# A LIFE OF DEDICATION FOR A NOBLE CAUSE

Fr. Albert Nambiaparambil CMI

It was great that I met Prof. George Menachery in life's paths. The waves set in motion by the 2nd Vatican Council were producing ripples here in India. Regional Seminars were being planned and organized in different regions. I was a participant in the Kerala and the Karnataka meets. My main interest was the new ministry of Interfaith Dialogue.

A Unifying Link: An Inter-Ritual issue was heating up in India those days, gathering momentum as we converged in Bangalore. On one side was the voice of unity and uniformity seeking more unity in India within the churches, opposing the other side demanding that there be freedom to expand the ecclesial jurisdiction of the Oriental Rites to the whole of India. Multiple jurisdictions were seen by one side as a dividing factor in the country while the other side considered this as essential to the growth of the ecclesial communities. A motion was before the board that managed the affairs of the "Church in India seminar of 1969" being held in Dharmaram College, Bangalore to the effect that there be only one rite in a place, i.e. that there be one jurisdiction. I recall the efforts made by Mr. George Menachery to gather enough signatures from among the participants to bring in a motion demanding the expansion of the jurisdiction of the Oriental Churches to the entire nation. It was great that his, our, efforts succeeded.

Both the motions were discussed in the meet. There was much tension among the participants. A reconciliation formula was brought in; the other two motions were withdrawn. The reconciliation formula was moved and accepted. Let me not go into the details. I admire the courage of a young George Menachery who stood firmly his ground amidst strong opposition.

**A Pioneer With a Vision**: I recall Mr. Menachery moving around with his vision for an ''Encyclopedia of Thomas Christians''. I am not a historian. My interest, if any, was that of cultural integration, that of Interfaith Dialogue, philosophers' meet. Because of his friendly pressure, I recall putting down a few pages for his great work. He masterminded that great work, A Gift to this Church. It is a matter of joy and pride for me that I could on many occasions point to this work of Menachery, the Encyclopedia as something precious for us all.

**Quests for Own Roots**: I recall reading the book: 'Future Shock' the shock affecting humans caught in the terrible speed and advance of new discoveries, technologies. Globalization is another word affecting the moods and values of modern humanity. Our traditional values and cultural heritages too are affected by this flow, speed and osmosis. Adaptation, inculturation and confluence of cultures are all terms very much in use in the common parlance. One of the hidden dangers or temptations of the modern age is that of losing one's own cultural, spiritual, roots and identities.

I remember Mr. Menachery going around collecting, preserving the precious symbols, candle-sticks, oil-lamps, stones of the Syro-Malabar heritage from different churches and spots. He organized exhibitions of these reminding members of his own community and the outsiders not to forget the past. Rather his attempts gave a new boost to the self-esteem of the community. Here is some one who raised warning signals against certain hidden dangers of the fast changing society.

There is this danger in our fast changing societies, that of loosing one's own self-identity. The Syro-Malabar Community had gone through a process of Latinization in the past. This community had the difficult and delicate task of returning to and regaining the identity while going through the process of inculturisation that

was the call of the day, of the post 2nd Vatican Council period. In Mr. George Menachery this Church, that traces her origin to the Apostle St. Thomas, found an eloquent leader for this genuine cause of returning to the roots.

While remaining a defender of our cultural roots, Menachery was open to the changes affecting us all, to authentic openness. Recently, as I met him in Dharmaram, he was doing his theological research, making the best use of his time and energy, now that he has retired from his teaching career. In this friend and fellow pilgrim I have met a genuine, authentic, charismatic leader of his own community - the Syro-Malabar Church.

# ജീർണ്ണതകളിൽ ചരിത്രത്തിന്റെ തുടിപ്പു കണ്ട സ്വപ്ന മനുഷ്യൻ

**ഫാ. ഡൊമിനീഷ്യൻ മാണിക്കത്താൻ**

വെടി പൊട്ടിച്ച് തകർന്ന കരിങ്കൽക്കഷ്ണങ്ങളും ചീളുകളും നിറഞ്ഞ കരിങ്കൽമട. സാധാരണക്കാരന് അത്രയേ തോന്നിയുള്ളു. എന്നാൽ അതിലെ കടന്നുപോയ കെട്ടിട നിർമ്മാണ വിദഗ്ദ്ധൻ അവകൊണ്ട് നിർമ്മിക്കാവുന്ന സുന്ദരസൗധങ്ങളുടെ സാധ്യതയെപ്പറ്റി വിലയിരുത്തി. പിന്നാലെ വന്ന ശില്പിയാകട്ടെ, ആ കല്ലുകളിലിരുന്നു പുഞ്ചിരിക്കുന്ന മാലാഖമാരെയും, ദു:ഖാർത്തയായ മേരിമാതാവിനേയും സ്വപ്നം കണ്ടു. എന്തെന്തു വിശിഷ്ട ശില്പങ്ങളാണ് ഇവയിൽ നിന്ന് തീർത്തെടുക്കാവുന്നതെന്ന് അയാൾ കണക്കുകൂട്ടി.

ഈ മൂന്നാമത്തെ ഗണത്തിൽ പെട്ടയാളാണ് എൻെറ സുഹൃത്തായ ശ്രീ. ജോർജ്ജ് മേനാച്ചേരി. കേരളത്തിലെ പുരാതന ദൈവാലയങ്ങളിലും ആശ്രമങ്ങളിലും തറവാടുകളിലും ഉപേക്ഷിക്കപ്പെട്ട നിലയിൽ, ജീർണ്ണാവസ്ഥയിൽ കിടക്കുന്ന ഒട്ടേറെ വസ്തുക്കൾ അദ്ദേഹത്തിൽ കൗതുകമുണർത്തി. തിരുവസ്ത്രങ്ങൾ, പൂജാസാമഗ്രികൾ, നിത്യോപയോഗവസ്തുക്കൾ തുടങ്ങിയവയെല്ലാം ഇതിൽ പെടും. ഉപയോഗ ശൂന്യമായ പാഴ്വസ്തുക്കളായി സാധാരണക്കാരൻ ഇവയെ വിലയിരുത്തിയപ്പോൾ ശ്രീ. ജോർജ്ജ് അവയിൽ കണ്ടത് കേരളത്തിന്റെയും കേരളസഭയുടെയും നസ്രാണിത്തനിമയുടെയും മൂർത്ത രൂപങ്ങളാണ്. ഒരു നാടിൻെറ മുഴുവൻ സംസ്ക്കാരവും പാരമ്പര്യങ്ങളും അനുഭവങ്ങളും അവയിൽ ഒളിഞ്ഞിരിക്കുന്നതായി അദ്ദേഹം കണ്ടു. ഇവയെല്ലാം കണ്ടെത്തുകയും സംരക്ഷിക്കുകയും ജനശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക വലിയൊരു സമുദായ സേവനമാണെന്നും അദ്ദേഹം വിലയിരുത്തി. അദ്ദേഹത്തിന് അതൊരു ദൈവീക നിയോഗമായിരുന്നു.

വർഷങ്ങൾക്കു മുമ്പ്, സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യയുടെ നിർമ്മാണത്തോടനുബന്ധിച്ച് നടത്തിയ

ഒരു പുരാവസ്തു പ്രദർശനത്തിൽ ശരാശരിക്കാരനായ ഒരു ബുദ്ധി ജീവി അഭിപ്രായപ്പെട്ടത് ഓർക്കുന്നു: വെറും പാഴ്‌വേല. ഈ ജീർണ്ണ വസ്തുക്കളെല്ലാം പൊടി തട്ടിയെടുത്തിട്ട് എന്ത് നേടാൻ? മനുഷ്യന് ഉപകാരമുള്ള വല്ലതും ചെയ്യരുതോ? അതേ, സാധാരണക്കാരന് ഇതൊക്കെ പാഴ്‌വേലയാണ്. എന്നാൽ ഇതൊക്കെ ദൈവനിയോഗമായി വിലയിരുത്തിയ ശ്രീ. ജോർജ്ജ് അധ്വാനം തുടർന്നു. വിസ്മരിക്കപ്പെട്ടു പോയേക്കാവുന്ന പലതും ചരിത്രത്താളുകളിൽ ഇടം നേടി. സ്വദേശീയ രും വിദേശിയരും അവ കണ്ട് അത്ഭുതപ്പെട്ടു. കേരള നസ്രാണികൾക്ക് ഒരു സ്വത്വമുണ്ടെന്നും അതു കത്തോലിക്ക സഭയോളം തന്നെ പുരാ തനവും വിശുദ്ധവും തനിമയാർന്നതുമാണെന്നും പ്രഘോഷിക്ക പ്പെട്ടു.

**സമാകർഷകമായ വ്യക്തിത്വം:** താൻ നടത്തുന്നത് ഒരു ഒറ്റയാൻ പരിപാടിയാണെന്ന തിരിച്ചറിവ് ശ്രീ. ജോർജ്ജിന് എന്നുമുണ്ടായിരു ന്നു. സഹകരിക്കേണ്ടവരും സഹായിക്കാൻ കടപ്പെട്ടവരും തുണയ്ക്കി ല്ലെന്ന ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇതിന്റെ കിരുകിരുപ്പ് ഉള്ളം കലക്കുമ്പോഴും ആരെയും പഴിക്കാനോ, പരിധി വിട്ട് വിമർശി ക്കാനോ അദ്ദേഹം തുനിഞ്ഞിട്ടില്ല. കാഴ്ചപ്പാടുകളിലെ വ്യത്യസ്തത യായി അവ വിലയിരുത്താൻമാത്രം വളർന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിൻേറത്. മാത്രമല്ല, പിൻകാലങ്ങളിൽ സമാനചിന്താഗതി ക്കാരെ തന്നിലേയ്ക്ക് അടുപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ചെറിയൊരു നേട്ടമല്ലിത്.

സ്രഷ്ടാവിൻ തൃക്കളിത്തോപ്പാം ജഗത്തിതിൽ നട്ടുവളർത്തുക നന്മ നമ്മൾ എന്ന ആദർശം ജീവിതത്തിലൂടെ സാക്ഷാത്ക്കരിച്ച ശ്രീ. ജോർജ്ജ് മേനാച്ചേരിക്ക് സപ്തതിയാശംസകൾ!



ഒരുവയസ്സിൽ



രണ്ടുവയസ്സിൽ സഹോദരി
ഇസബെല്ലയോടൊപ്പം

# അനന്വവും വളരെ വിലപ്പെട്ടതുമായ സേവനം

സാധു ഇട്ടിയവിര

പ്രഗത്ഭനായ പ്രൊഫസറും ബഹുമുഖപ്രതിഭയും, കിടയറ്റ ചരിത്രപണ്ഡിതനും ഗവേഷകനും, പ്രശസ്തവാഗ്മിയും, വിനയാന്വിതനായ സമുദായ സ്നേഹിയും, അനുഗ്രഹീതനായ ഗ്രന്ഥകാരനും, സർവ്വോപരി സ്നേഹ സമ്പന്നനും ആയ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിക്ക് സപ്തതിമംഗളങ്ങൾ പ്രാർത്ഥനാപൂർം നേരുന്നു.

ഈ എഴുപതു വർഷക്കാലത്ത് വളരെയധികം നല്ല കാര്യങ്ങൾ ചെയ്യാൻ ദൈവം അദ്ദേഹത്തിനിടയാക്കി. അദ്ദേഹത്തോടും അദ്ദേഹത്തിൻെറ സുഹൃത്തുക്കളോടും ചേർന്ന് ഞാനും ദൈവത്തിനു നന്ദി പറയുന്നു. ആയുരാരോഗ്യങ്ങളും മറ്റെല്ലാ അനുഗ്രഹങ്ങളും സ്വർഗ്ഗസ്ഥനായ പിതാവ് അദ്ദേഹത്തിനു നൽകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയെപ്പറ്റി കേട്ടിട്ടും വായിച്ചിട്ടും ഉണ്ടായിരുന്നെങ്കിലും, അദ്ദേഹത്തെ കൂടുതൽ അടുത്തറിയാൻ എനിക്കു സാധിച്ചത്, ആലുവായിൽ വച്ചു നടന്ന കേരള റീജ്യണൽ സെമിനാറിലും (1968), ബാംഗ്ലൂരിൽ വച്ചു നടന്ന ആൾ ഇന്ത്യ കാത്തലിക് സെമിനാറിലും (1969) വച്ചാണ്. ഈ സെമിനാറുകളിലെ അദ്ദേഹത്തിൻെറ പ്രസംഗങ്ങളും കാഴ്ചപ്പാടുകളും (interventions) വളരെ ശ്രദ്ധേയമായിരുന്നു.

വലിയ ചരിത്രവും പാരമ്പര്യവുമുള്ളവരാണ് നമ്മൾ, കേരളത്തിലെ ക്രൈസ്തവർ. എങ്കിൽക്കുടി തീരെ ചരിത്രബോധമില്ലാത്തവരാണ് നമ്മൾ. പാശ്ചാത്യരെ അപേക്ഷിച്ച് ചരിത്രം എഴുതി സൂക്ഷിക്കുന്നതും, ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുന്നതും ആയ രീതി നമുക്ക് തീരെ ഇല്ലെന്നു വേണം പറയാൻ. തങ്ങളുടെ ജനനത്തീയതി തന്നെയും നല്ല നിശ്ചയമില്ലാത്ത പലരെയും ഞാൻ കണ്ടിട്ടുണ്ട്. രാക്കുളിപ്പെരു

ന്നാളിൻെറ തലേന്നാണ് ഞാൻ ഉണ്ടായത്, 99 ലെ വെള്ളപ്പൊക്കത്തിനു ഒരു മാസം മുമ്പാണ് അമ്മ എന്നെ പ്രസവിച്ചത്, എന്നൊക്കെ ആളുകൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ചരിത്രം അറിയാത്ത, ചരിത്രം എഴുതി സൂക്ഷിക്കാത്ത ഒരു സമൂഹം വേരില്ലാത്തതാണ് എന്നു വേണം പറയാൻ. നമ്മുടെ നാട്ടിലെ അൽസേഷ്യൻ നായ്ക്കൾക്ക്, സമർത്ഥരും കരുത്തരും ആണെങ്കിൽക്കൂടി, ഫ്രാൻസിലെ അൽസാസിലാണ് തങ്ങളുടെ വേര് എന്നറിഞ്ഞുകൂടാ. ചരിത്രം അറിയാത്തിടത്ത് നമ്മൾ അവയുടെ ലവലിലേയ്ക്കു താഴുകയാണ്.

ഇന്നലെ പെയ്ത മഴയ്ക്ക് ഇന്നു കുരുത്ത തകരകളെപ്പോലെയല്ല നമ്മൾ. മഹത്തായ പാരമ്പര്യവും ചരിത്രവും ഞങ്ങൾക്കുണ്ട്. എന്ന് നമ്മുടെ ജനങ്ങളെ ബോധ്യപ്പെടുത്താനും, ആത്മാഭിമാനവും ദീർഘവീക്ഷണവുമുള്ള ഒരു സമൂഹമായി വളരാനും, പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയുടെ പ്രവർത്തനം, നമ്മളെ വളരെ സഹായിച്ചിട്ടുണ്ട്. ആ നിലയ്ക്ക് അദ്ദേഹത്തിൻെറ സേവനങ്ങൾ അനന്യവും വളരെ വിലപ്പെട്ടവയുമാണ്.


പോപ്പന്റേയും അനുജൻ തോമസ്സിന്റേയുമൊപ്പം


അപ്പന്റേയും കൊച്ചമ്മായിയുടേയും അനുജന്റേയും കൂടെ

# തലയെടുപ്പുള്ള ഗവേഷകൻ

**ജെ. വെള്ളിയാൻ**

1969–ൽ ബാംഗ്ലൂരിൽ വച്ചു നടന്ന ആൾ ഇന്ത്യാ സെമിനാറിൽ പങ്കെടുക്കാൻ കേരളത്തിൽനിന്നു അനേകം വൈദികരും ഏതാനും സിസ്റ്റേഴ്സും ചുരുക്കം ചില ആത്മേനികളുമുണ്ടായിരുന്നു. അവിടെ വിവരമുള്ള ഒരു ചെറുപ്പക്കാരൻ സീറോ മലബാർ സഭയെയും സഭയുടെ അവകാശങ്ങളെയും പറ്റി സന്ദേഹം കൂടാതെ ശക്തമായി സംസാരിക്കുന്നതു കണ്ടു. അദ്ദേഹമായിരുന്നു തൃശൂർനിന്നുള്ള കോളെജ് പ്രൊഫസറായ ജോർജ്ജ് മേനാച്ചേരി. ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടതു അവിടെവച്ചാണ്. ജോർജ്ജിൻെറ അറിവിലും സാമർത്ഥ്യത്തിലും കൗതുകം തോന്നി ഞങ്ങൾ പല മണിക്കൂറുകൾ ചർച്ചയിൽ ഏർപ്പെട്ടു. ആ സെമിനാറിൽ സീറോ മലബാർ സഭയെ പ്രതിനിധീകരിച്ച് ഭാരതത്തിലെമ്പാടും സ്വന്തം ആഭിമുഖ്യത്തിൽ സുവിശേഷവേല ചെയ്യാനുള്ള അവകാശം സഭയ്ക്കുവേണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം ജോർജ്ജ് അവതരിപ്പിച്ചത് ഇന്ത്യയിലെ വിവിധ രൂപതകളിൽനിന്നു സെമിനാറിൽ പങ്കെടുത്തവരുടെ ശ്രദ്ധ പിടിച്ചുപറ്റി. എന്നെ സംബന്ധിച്ചിടത്തോളം അന്ന് സഭാസ്നേഹിയായ ഒരു സുഹൃത്തിനെ ലഭിച്ചുവെന്ന സംതൃപ്തി ഉണ്ടായി.

പിന്നീട് സുറിയാനി സഭ, സഭാസംസ്ക്കാരം, വാസ്തുശില്പം, ക്രൈസ്തവ കലകൾ തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിച്ച പല സെമിനാറുകളിലും കോൺഫ്രൻസുകളിലും കേരളത്തിനകത്തും പുറത്തും വിദേശങ്ങളിലും ഒരുമിച്ചു സംബന്ധിക്കാൻ ഞങ്ങൾക്കു സാധിച്ചു. അതൊക്കെ സൗഹൃദം ഊട്ടിയുറപ്പിക്കാനുള്ള അവസരങ്ങളായിരുന്നു. സീറോ മലബാർ ലിറ്റർജി കോൺഫ്രൻസിലും സിനഡിൻെറ കമ്മീഷനുകളിലും ഒന്നിച്ചു പ്രവർത്തിക്കാൻ ഞങ്ങൾക്കു

അവസരം കിട്ടിയതു ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. പഠനങ്ങ ളിലും ഗവേഷണങ്ങളിലും നവമായ വീക്ഷണവും സ്വന്തമായ നിർദ്ദേശങ്ങളും നൽകാൻ ജോർജ്ജിനു സാധിച്ചിട്ടുണ്ട്.

സെന്റ് തോമസ് എൻസൈക്ലോപീഡിയയുടെ രണ്ടാം വാല്യം പ്രസിദ്ധീകരിച്ച അവസരത്തിൽ, ഞാൻ സമാഹരിച്ചു പ്രസിദ്ധീകരിച്ച മലബാർ ചർച്ച് എന്ന ഗ്രന്ഥം വിലമതിക്കുകയും അതിൽനിന്നും ഏതാനും ലേഖനങ്ങൾ അദ്ദേഹത്തിൻെറ ആ ഗ്രന്ഥത്തിൽ ഉൾപ്പെടു ത്തുകയും ചെയ്തത് എനിക്കു അഭിമാനദായകമായിരുന്നു. ന്യൂയോ ർക്കിലും ചെന്നൈയിലും പുരാതന ഇന്ത്യൻ സഭയെപ്പറ്റി നടത്തിയ രണ്ടു കോൺഫ്രൻസുകൾ (**International Conference on the History of Early Christianity in India**) ഏറെ വൈദഗ്ദ്യത്തോടെ പൊതുവിൽ ആസൂത്രണംചെയ്യാനും അവതരിപ്പിക്കാനും അതുവഴി സമ്മിളിതരുടെ പ്രശംസ നേടിയെടുക്കാനും പ്രൊഫ. ജോർജ്ജിനു സാധിച്ചുവെന്നതു അഭിമാനത്തോടെ ഞാൻ ഓർക്കുകയാണ്.

സപ്തതിയുടെ നിറവിൽ നിൽക്കുന്ന പ്രൊഫസർ ജോർജ്ജ് കേരളത്തിലെ ക്രൈസ്തവ വാസ്തുശില്പത്തിൻെറ കുലപതിയാണ്. കലാസൗകുമാര്യത്തിൻെറ ഉടമയായി, സൗഹൃദത്തിൻെറ ശീതള ഛായയായി, പ്രോത്സാഹനത്തിൻെറ വടവൃക്ഷമായി, തീക്ഷ്ണ മതിയായ സഭാസ്നേഹിയായി, സഭാഗവേഷണരംഗത്തെ ആത്മാർ ത്ഥതയുള്ള സതീർത്ഥ്യനായി, ക്രിയാത്മകചിന്തയുടെ ആൾരൂപമായി ആയുരാരോഗ്യത്തോടെ അദ്ദേഹം വിരാജിക്കട്ടെ എന്നു ആശംസി ക്കുന്നു. അദ്ദേഹത്തിൻെറ പ്രിയതമയ്ക്കും മക്കൾക്കും പേരക്കിടാ ക്കൾക്കും അഭിനന്ദനങ്ങൾ.



സഹോദരിമാരായ റോസാമ്മ, ഇസബെല്ല, സഹോദരൻ തോമസ് എന്നിവരുടെ കൂടെ



അപ്പനും അമ്മയും

# ജോർജ്ജ് മേനാച്ചേരി എന്ന സുഹൃത്ത്

**ഡോ. പൂത്തേഴത്ത് രാമചന്ദ്രൻ**
വിശ്വഹിന്ദു പരിഷത്തിന്റെ മുൻ അന്തർദേശീയ ഉപാദ്ധ്യക്ഷൻ

ജോർജ്ജ് മേനാച്ചേരി എന്നെ വളരെയേറെ സ്വാധീനിച്ച ഒരു വ്യക്തിയാണ്. ഒരു വർഷം അദ്ദേഹത്തിൻെറ കൂടെ പഠിച്ചു എന്നത് ഒരനുഭവമായി ഞാൻ കരുതുന്നു. അദ്ദേഹത്തിൻെറ പല ഗുണങ്ങളും ദൂരെനിന്നു നോക്കി ഞാൻ രഹസ്യമായി അഭിനന്ദിക്കാറുണ്ട്. അതിൽ ഒന്ന് ആരെയും അദ്ദേഹം നിസ്സാരമായി കരുതുകയില്ല എന്നതാണ്. ചിലപ്പോൾ ഒരു കൂട്ടം ആളുകൾ അദ്ദേഹത്തെ വളഞ്ഞുനിന്ന് സംസാരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിൽ ഒരാൾ ഒരു 'നിസ്സാര'നായിരിക്കാം. മേനാച്ചേരിയുടെ ദൃഷ്ടികൾ അയാളുടെ മേൽപതിയും. അയാളോട് രണ്ടു വാക്കു പറയാൻ അദ്ദേഹം ഒരിക്കലും മറക്കുകയില്ല. വേറൊരു വിശേഷം, അദ്ദേഹം താൻ വലിയ തിരക്കിലാണ് എന്ന് ആരോടും പറയുകയില്ല എന്നതാണ്. ചിലപ്പോൾ വലിയ തിരക്കിലായിരിക്കും. തിരക്കിലാണോ, എനിക്ക് ഒരു കാര്യം പറയാനുണ്ടായിരുന്നു എന്ന് ആരെങ്കിലും അദ്ദേഹത്തോട് പറഞ്ഞാൽ അദ്ദേഹം സാധാരണയായി മറുപടി പറയുക ഇങ്ങനെയാവും. 'എനിക്കെന്തു തിരക്ക്, നാളെ രാവിലെത്തന്നെ വാ. നമുക്ക് സംസാരിക്കാം.' ഞാൻ വലിയ തിരക്കിലാണ് നാളെ രാവിലെ മാത്രമേ എനിക്ക് ഒഴിവുള്ളു എന്ന് ഒരിക്കലും അദ്ദേഹം പറയില്ല.

സ്നേഹമായ പെരുമാറ്റം, എല്ലാവരുടെയും വിശ്വാസം നേടിയെടുക്കാനുള്ള കഴിവ്, അറിയാനുള്ള ആഗ്രഹം ഇതൊക്കെ അദ്ദേഹത്തിൻെറ കൂടെപ്പിറപ്പാണ്. ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകൾ നന്നായി കൈകാര്യം ചെയ്യാനറിയാം. എഴുപതുകളിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന അദ്ദേഹത്തിൻെറ സചിത്ര ലേഖനപരമ്പര സമൂദായത്തിൽ അദ്ദേഹത്തിന് നേടിക്കൊടുത്തത് ബഹുമാന്യമായ സ്ഥാനമാണ്. സംസ്കൃതവും ലാറ്റിനും അദ്ദേഹത്തിനറിയാം. തച്ചുശാസ്ത്രം, ദൈവശാസ്ത്രം, സാഹിത്യം, ചിത്രകല, ചരിത്രം എന്നി

ങ്ങനെ വിവിധ മേഖലകളിലുള്ള അദ്ദേഹത്തിൻെറ വിജ്ഞാനം അപാരമാണ്. കൽദായ വിവാദകാലത്ത് ഒല്ലൂരിലെ പള്ളിയിൽ ഒരിക്കൽ മേനാച്ചേരിയുടെ കൂടെ കുർബ്ബാനയിൽ ഞാൻ പങ്കുകൊണ്ടു. പുരോഹിതൻ ജനങ്ങളെ നോക്കി ആരാധന നടത്തണമോ വേണ്ടയോ എന്നുള്ളത് ആ വിവാദത്തിന്റെ ഒരു ഭാഗമായിരുന്നു. ഒല്ലൂരിലെ ആരാധനാരീതി ഞാൻ മനസ്സിലാക്കാൻ ശ്രമിച്ചു. അതിനുശേഷം മേനാച്ചേരി പള്ളിയിലെ മരപ്പണികളെപ്പറ്റിയും കൊത്തു വേലകളെപ്പറ്റിയുമൊക്കെ പറഞ്ഞുതന്നു. ക്രിസ്തുമതത്തിലെ ആചാരങ്ങളെപ്പറ്റിയും ക്രിസ്ത്യാനികളുടെ ചരിത്രത്തെപ്പറ്റിയുമൊക്കെ വളരെയേറെ ഞാൻ അദ്ദേഹത്തിൽനിന്നും മനസ്സിലാക്കുകയുണ്ടായി. ക്രിസ്ത്യൻ എൻസൈക്ലോപീഡിയ അദ്ദേഹം തയ്യാറാക്കുന്ന സമയത്ത് പല പള്ളികളിലും സെമിനാരികളിലുമൊക്കെ ഞാൻ അദ്ദേഹത്തോടൊപ്പം പോയിട്ടുണ്ട്. ഈ സമയങ്ങളിലൊക്കെ ഞാൻ ആർ. എസ്. എസ്സിന്റെ ഒരു സജീവ പ്രവർത്തകനായിരുന്നു എന്നതാണ് സവിശേഷത. കേരളത്തിലെ ക്രിസ്ത്യാനികളെപ്പറ്റി വിശ്വഹിന്ദു പരീഷത്തിന്റെ അഖിലേന്ത്യാ നേതൃത്വത്തിലുള്ള അധികാരികളുടെ പല തെറ്റിദ്ധാരണകൾ മാറ്റാനും എനിക്കിതുകൊണ്ടൊക്കെ സാധിച്ചിട്ടുണ്ട്. ഒല്ലൂരിലെ കുർബ്ബാനയിൽ പങ്കെടുത്ത സമയത്ത് ഞാൻ വിശ്വ ഹിന്ദു പരീഷിത്തിന്റെ അന്തർദേശീയ ഉപാദ്ധ്യക്ഷനായിരുന്നു.

'സംസാരിക്കൂ തെറ്റിദ്ധാരണകൾ മാറും' എന്ന് ഒരു മൊബൈൽ കമ്പനി അതിൻെറ പരസ്യത്തിൽ പറയുന്നു. പരസ്യങ്ങൾ നമുക്ക് തരുന്ന സന്ദേശങ്ങൾ പലപ്പോഴും വലിയ തത്വചിന്തകളാണ്.

മാർപ്പാപ്പയുടെ അനുഗ്രഹത്താൽ ഷെവലിയർ പദവിയിലെത്തിയ മേനാച്ചേരി എൻെറ കൂട്ടുകാരനാണെന്ന് പറയാൻ എനിക്ക് പെരുത്തഭിമാനമുണ്ട്.



അപ്പൻ കൊച്ചൗസേപ്പ്



ഒല്ലൂർ പള്ളി സ്കൂൾ ഗ്രൗണ്ട്

# പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ഓർക്കുമ്പോൾ

**ഫാ. ഡോ. ജോസ് തച്ചിൽ**

അര നൂറ്റാണ്ടുകാലം സഭയെയും സംസ്ക്കാരത്തെയും സാഹിത്യത്തെയും നിസ്വാർത്ഥമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതിയോടനുബന്ധിച്ച് ഒരു സ്മരണിക തികച്ചും അവസരോചിതം തന്നെ. ഇതിനായി മുന്നിട്ടിറങ്ങിയ സപ്തതി സമിതിയെ എത്ര അഭിനന്ദിച്ചാലും അധികമാകില്ല.

ഇടിച്ചു കയറി രംഗം കീഴടക്കുന്ന ഒരു സ്വഭാവക്കാരനായിരുന്നില്ലല്ലോ അദ്ദേഹം. ശ്രുതിമാധുരികൊണ്ട് കേൾവിക്കാരെ വിസ്മയിപ്പിക്കുമ്പോഴും മറഞ്ഞുനിൽക്കുന്ന കുയിലിൻെറ പ്രകൃതി ആയിരുന്നു അദ്ദേഹത്തിൻേറത്. നിർബന്ധിച്ചാൽ മാത്രമേ അദ്ദേഹം രംഗത്ത് പ്രത്യക്ഷപ്പെടാറുള്ളൂ.

ഏതാണ്ട് മൂന്നു ദശകങ്ങൾക്കു മുമ്പ് അഭിവന്ദ്യനായ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനി പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ അർപ്പണ മനോഭാവത്തെക്കുറിച്ചും കൃതികളെക്കുറിച്ചും മറ്റും വളരെ പ്രശംസിച്ച് പറയുന്നത് കേൾക്കാൻ ഇടവന്നിട്ടുണ്ട്. ഇരുവരും ഭാരതത്തിൻെറ ആത്മാവിനെ കണ്ടെത്താൻ നിരന്തരം പരിശ്രമിക്കുകയും വലിയൊരളവിൽ വിജയം വരിക്കുകയും ചെയ്തവരാണ്. അന്നുതൊട്ട് ഈ പ്രതിഭയെ ഒന്ന് പരിചയപ്പെടാൻ ഞാൻ ആഗ്രഹിച്ചു നടക്കുകയായിരുന്നു. ഭാഗ്യവശാൽ കണ്ടെത്തുക മാത്രമല്ല, സ്നേഹിതരാകാനും കഴിഞ്ഞു. സെൻററ് തോമസ് മൗണ്ടിൽ വെച്ചും മംഗലപ്പുഴ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചും അദ്ദേഹത്തെ ശ്രവിക്കുവാനും അദ്ദേഹവുമായി സംസാരിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്. ശുദ്ധഗതിയും സത്യധർമസദാചാരങ്ങളിലുള്ള നിഷ്ഠയും പരോപകാര വ്യഗ്രതയും നിസ്വാർത്ഥതയും സഹിഷ്ണുതയും ആർജ്ജവത്വവും ലാളിത്യവും ആത്മാർത്ഥതയും ഒത്തിണങ്ങിയ, ആരെയും ആകർഷിക്കുന്ന ഒരു വ്യക്തിത്വമാണ അദ്ദേഹത്തിൻേറത്.

സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്, ദി നസ്രാണീസ്, തോമാപീഡിയ തുടങ്ങിയ ഈടുറ്റ ഗ്രന്ഥങ്ങൾ, പണ്ഡിതോചിതമായ ഏറെ ലേഖനങ്ങൾ, പണ്ഡിതസദസ്സുകളിൽ അവതരിപ്പിച്ചിട്ടുള്ള ഉപന്യാസങ്ങൾ ഇവയെല്ലാം പരിഗണിക്കുമ്പോൾ അദ്ദേഹത്തിന്റെ അറിവിൻെറ ആഴവും പരപ്പും നമുക്ക് ഏതാണ്ട് മനസ്സിലാക്കാൻ കഴിയും.

ഈ ഉയരങ്ങളിൽ പ്രശോഭിക്കുമ്പോഴും അദ്ദേഹത്തിന്റെ വിനയഭാവവും സേവനസന്നദ്ധതയും ആരെയും ആകർഷിക്കുന്നതാണ്.

മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ
പരം നമിക്കുന്നു ഘനം നവാംബുപോൽ
സമൃദ്ധിയിൽ സജ്ജനമൂറ്റമാർന്നീടാ
പരോപകാരിക്കിതുതൻ സ്വഭാവവും

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെക്കുറിച്ചോർക്കുമ്പോഴെല്ലാം ഈ പദ്യ ശകലം ഓർയിൽ വരാറുണ്ട്. ദൈവഭയം അറിവിന്റെ ആരംഭമാണ്. അതൊരുവനെ കൂടുതൽ കൂടുതൽ വിനീതനാക്കും. ഒരിക്കൽ പോലും സ്വന്തരചനകളെപ്പറ്റി അദ്ദേഹം അവകാശവാദം ഉയർത്തിയതായി കേട്ടിട്ടില്ല. എങ്കിലും ഏതൊരാൾക്കൂട്ടത്തിലും തൻെറ കഴിവും പ്രസരിപ്പും കൊണ്ട് ജോർജ്ജ് മാഷ് അനന്യനായി നിൽക്കുന്നു.

അദ്ദേഹത്തിന്റെ സത്യസന്ധതയെക്കുറിച്ച് പറയുമ്പോൾ ഒരു സംഭവം ഓർമ്മവരുന്നു. ഒരിടത്ത് അദ്ദേഹം പ്രസംഗത്തിനു ക്ഷണിക്കപ്പെട്ടു. പ്രസംഗം കഴിഞ്ഞ് പോയപ്പോൾ ആ സ്ഥാപനത്തിൻെറ അധികാരി അദ്ദേഹത്തിന് T.A. എന്നു പറഞ്ഞ് ഒരു കവർ കൊടുത്തു. പോകുന്ന വഴിക്ക് കവർ തുറന്ന് നോക്കിയപ്പോൾ തുക T.A. മാത്രമല്ല വളരെ കൂടുതലുണ്ട്. ഉടനെ വണ്ടി തിരിച്ച് മേൽപ്പറഞ്ഞ സ്ഥാപനത്തിൽ ചെന്ന് അധികാരിയെ കണ്ട് അബദ്ധത്താൽ കൂടുതൽ തുക വച്ചതാണോ എന്നന്വേഷിച്ചു. ഇതുപോലെ പല കാര്യങ്ങളുമുണ്ട് അടുത്തറിഞ്ഞവർക്ക് ഓർമ്മിക്കാൻ.

സപ്തതി ആഘോഷിക്കുന്ന ഈ വേളയിലും അദ്ദേഹം വിശ്രമിക്കാൻ ഒരുക്കമില്ല. പണിപ്പുരയിൽ ഇപ്പോഴും തിരക്കുതന്നെ.

പ്രായം കവിഞ്ഞൊരെനിക്കിനി പാടുണ്ടോ
പാഴിൽ പോം നേരത്തെ നോക്കിനിൽക്കാൻ?

ഒരുപാട് കാര്യങ്ങൾ ചെയ്ത്തീർക്കാനുണ്ട്. സമയം കളയാനില്ല എന്നാണദ്ദേഹത്തിൻെറ ഭാവം. ഈടുറ്റ രചനകൾവഴി സഭക്കും സമൂഹത്തിനും കൂടുതൽ നന്മകൾ ചെയ്യാൻ ആരോഗ്യവും ദീർഘായുസ്സും നൽകി സർവ്വശക്തൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. സപ്തതിയുടെ മംഗളങ്ങൾ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് സ്നേഹപൂർം നേർന്നു കൊള്ളുന്നു. ഇനിയും ഏറെ നാളത്തേക്ക് ഈ ശീതളസാന്നിദ്ധ്യം നമ്മോടുകൂടെ ഉണ്ടാവട്ടെയെന്ന് ആശിക്കുന്നു, പ്രാർത്ഥിക്കുന്നു.

# A Man of Vision and Action

Sr. Dr. Cleopatra CMC

Prof. George Menachery is a man of vision and action. He sets his goal before him and works hard to achieve it. How hard and difficult the work, he is not bothered, provided it is his goal and he has decided to achieve it. It is the goal he has aimed at that matters. On the way he does not waste his energy attending to small things like writing articles or books which may deter him from his whole concentration on the larger and greater aim.

Prof. Menachery is wholeheartedly involved in religious practices and the works of the Archdiocese. I met him at a Charismatic Retreat which we organized for the teachers of St. Thomas' College in Madonna Sehiona. As part of the Retreat Programme, he came to meet me for counselling. Well, I understood that he is very regular in his Church duties and very open in his dealings. He has been very active in the works entrusted to him by the Bishop's House or Bishop-appointed committees. He has striven hard to get the Papal Visit Souvenir done. Similarly, the Trichur Diocesan Centenary Commemoration Volume also has his article enhancing the heritage of Christianity in the Archdiocese.

Prof. Menachery is a good speaker, researcher, organizer and director. A historian and cultural Artist, he has organized several cultural exhibitions showing the ancient heritage of Christianity in India from St. Thomas, the Apostle of Jesus Christ. His is a life set apart especially for the study, research and preservation of the heritage of St. Thomas Christians - history, art, culture and architecture of Kerala and the religious heritage of the Christians in India.

On this beautiful occasion of the celebration of the 70th Birthday, I warmly and prayerfully wish Prof. George great blessings and joys from the Lord and hearty felicitous Birthday Greetings!

## Prof. George Menachery

Fr. Dr. Francis Thonnipara CMI
Provincial

Congratulations and Birthday greetings to Prof. George Menachery. Ad Multos Annos. Prof. George Menachery is a household name among scholars and those who make research studies in Indian Church History. Besides, he is also a zealous Nazarene, whose life mission is to popularize St. Thomas Christian traditions, customs, practices and manners. He is an ardent lover of the Apostolic Church of St. Thomas Christians.

My close association with Prof. George is in the context of the Indian Church History Association. At present he is the Vice-President of the same Association. He is very active in arranging seminars and conferences under the banner of this Association, both at national as well as regional levels. His active presence in many national and international conferences through his scholarly interventions and presentations make him an international personality.

In my opinion, Prof. George is very much influenced by three great saintly personalities although not denying other factors which influence him. The first great figure that comes to my mind when I think about Prof. George is St. Paul. Once St. Paul was convinced of the fact that Jesus is the Saviour and the Messiah, he spent his whole energy in making known this Good News to the whole world. He undertook adventurous journeys to spread this Good News. Prof. George spared no energy in making known the noble traditions of the St. Thomas Christians. The miles he covered are incomparable and uncountable. The enterprising spirit

of St. Thomas is very much seen in the life and activities of Prof. George.The publication of the St. Thomas Christian Encyclopedia and other successive publications is time consuming and money consuming and so much of risk factor is involved in the sale of these costly volumes. The faith expression of St. Thomas, 'My Lord and My God', is an expression of the surrender of the Apostle. In the same way, Prof. George's difficult tasks have this sense of complete surrender to the Lord. As a result of this type of surrendering, God blesses all his endeavours abundantly.

St. Francis Xavier is his model in his dealings with ecclesiastical authorities; i.e. his fidelity to the superiors in ups and downs, in agonies and ecstasies, in joys and sorrows. This filial obedience to the authorities makes Prof. George an acceptable leader of the community. His criticisms, even if he makes them, are creative and for the good and growth of the community.

This Sapthathi celebration is an occasion to honour a great son of the Syro-Malabar Church. Let us get inspiration from the life of this noble soul whose thirst for knowledge and love for his community is praise-worthy. Let us thank the Lord for the wonderful gift of Prof. George Menachery. Ad Multos Annos.



മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി
പനോരമ ഓഫ് ഇന്ത്യൻ ക്രിസ്ത്യാനിറ്റി
പ്രദർശനത്തിൽ



ഔഗേൻ പ്രഥമൻ കാതോലിക്കബാവ
എൻസൈക്ലോപീഡിയ 1973ൽ
പ്രകാശനം ചെയ്യുന്നു. കർദ്ദിനാൾ
പാറെക്കാട്ടിൽ അദ്ധ്യക്ഷനായിരുന്നു.

# കുലീനതയുടെയും പ്രയത്നത്തിന്റെയും ആൾരൂപം

**ഫാ. ജെ. തച്ചിൽ**

പ്രസിദ്ധ കലാകാരനായ മൈക്കിൾ ആഞ്ചലോയുടെ ചരിത്രത്തിൽ ഒരു സംഭവമുണ്ട്. ജൂലിയസ് രണ്ടാമൻ പാപ്പയുടെ നിർബ്ബന്ധത്തിനു വഴങ്ങി റോമിലെ പ്രസിദ്ധമായ സിസ്റ്റെയിൻ ചാപ്പലിൻെറ മേൽക്കൂരയുടെ താഴെ അദ്ദേഹം ചിത്രവേല ചെയ്യാൻ ആരംഭിച്ചു. ആ ഇടുങ്ങിയ ഹാളിൽ ശരിക്കു വെളിച്ചം പോലുമില്ലാത്ത ഉയരത്തിൽ കെട്ടിയ മരപ്പലകയിൽ മലർന്നുകിടന്നുകൊണ്ട് ദീർഘനാൾ അദ്ദേഹം ചിത്രം വരച്ചു. സിമൻറും വെള്ളവും ചായക്കൂട്ടും കണ്ണിലും മൂക്കിലും വന്നു വീഴുന്നത് തുടച്ചു മാറ്റിക്കൊണ്ട് മാസങ്ങളും കൊല്ലങ്ങളും അദ്ദേഹം കഴിച്ചുകൂട്ടി. ലോകചരിത്രത്തിലെ ഏറ്റവും യാതനാനിർഭരമായ കലായജ്ഞമായിരുന്നു അത്. ചിത്രവേല അവസാനിപ്പിച്ചു താഴെ ഇറങ്ങിയപ്പോൾ അദ്ദേഹം പോലും അന്തംവിട്ടുപോയി. തലയ്ക്കു മീതെ പതിനായിരം ചതുരശ്ര അടി വരുന്ന സ്ഥലത്താകെ ഒരു വർണ്ണപ്രപഞ്ചസൃഷ്ടി. മനുഷ്യപതനം, പ്രളയം, ആദം, ഹവ്വ, സർവ്വശക്തനായ ദൈവം. കാലത്തിനതീതമായ മനുഷ്യഭാവനയുടെ വിജയേതിഹാസമായി അതു ഇന്നും നിലനിൽക്കുന്നു.

പ്രൊഫസർ മേനാച്ചേരിയെക്കുറിച്ച് എഴുതുമ്പോൾ മൈക്കിൾ ആഞ്ചലോയുടെ ഈ ചിത്രമാണ് എൻെറ ഓർമ്മയിൽ വരുന്നത്. അദ്ദേഹം തയ്യാറാക്കിയിട്ടുള്ള ക്രിസ്ത്യൻ എൻസൈക്ലോപീഡിയ, തോമാപീഡിയ എന്നീ ഗ്രന്ഥങ്ങൾക്കുവേണ്ടി നടത്തിയ യജ്ഞങ്ങൾ അതിസാഹസികമാണ്. അദ്ദേഹം തിരഞ്ഞെടുത്ത വിഷയങ്ങൾ അവ എഴുതുവാൻ അന്വേഷിച്ചു കണ്ടെത്തിയ ശതക്കണക്കിനു എഴുത്തുകാർ, അതിൻെറ ഇൻറക്സുകൾ, എല്ലാറ്റിനും വേണ്ടി ചെലവഴിച്ച സമയം എല്ലാം ഇതിഹാസമായി മാറി. അദ്ദേഹത്തെപ്പോലും ആശ്ചര്യപ്പെടുത്തുന്നവിധം ഇന്ത്യയിലെ ക്രൈസ്തവരെക്കുറിച്ച് എല്ലാം സമാഹരിച്ചുള്ള ആ കൃതികൾ കാലത്തെ അതിജീവിച്ചു നമ്മുടെ

മുമ്പിൽ മികച്ച ചരിത്ര സൃഷ്ടിയായി ഉയർന്നു നിൽക്കുന്നു എന്നു സാരം.

മറ്റാരും കൈവയ്ക്കാൻ ധൈര്യപ്പെടാത്ത പല പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കുകയും പലർക്കും മാർഗ്ഗദർശി ആകുകയും ചെയ്ത അസാധാരണ പ്രതിഭാശാലിയാണ് പ്രഫസർ മേനാച്ചേരി. അദ്ദേഹം മുൻകൈ എടുത്തില്ലായിരുന്നുവെങ്കിൽ സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും ഇന്നുള്ള വെളിച്ചം നൂറ്റാണ്ടിനു ലഭിക്കില്ലായിരുന്നു. പുതിയ പുതിയ വഴിത്താരകൾ വെട്ടിയെടുക്കാൻ എല്ലാവർക്കും കഴിയില്ലല്ലോ. അതിതീവ്രമായ ആന്തരിക ശക്തിയുള്ളവർക്കേ ഇത്തരം മാലുമികളാകുവാൻ കഴിയൂ.

ഒച്ചപ്പാടും വലിയ ബഹളവുമൊന്നുമില്ലാതെ പരമശാന്തനായിട്ടാണ് വലിയ സൃഷ്ടിയുടെ മുന്നിൽ അദ്ദേഹം വ്യാപരിച്ചത്. ഒരു വിപ്ലവകാരിയുടെയോ, അതിസാഹസികതയുടേയോ കുപ്പായം അണിയാതെ ഒരു വലിയ ചലനത്തിൻെറ ആദ്യകണ്ണിയായി അദ്ദേഹം മാറുകയായിരുന്നു. വിസ്മയനീയമാം വിധം വിപ്ലവകരമായി വലിയ ഒച്ചപ്പാടുണ്ടാക്കുന്നതിലല്ല, അച്ചടക്കത്തിന്റെ മെയ് വഴക്കം കാണിക്കുന്നതിലൂടെയാണ് പ്രൊഫസർ മേനാച്ചേരി നേട്ടങ്ങൾ കൈവരിച്ചത്.

വൈക്കത്തു (കോതവറ) വച്ചു നടന്ന കേരള ഹിസ്റ്ററി കോൺഗ്രസ്സ് വാർഷിക സളേനത്തിൽ നെടുങ്കുന്നം അവാർഡു നൽകിയപ്പോഴാണ് പ്രഫസർ മേനാച്ചേരിയുമായി അടുത്തു പരിചയപ്പെടുന്നത്. പലരും സംസാരിക്കുകയും പ്രകടിപ്പിക്കുന്നതും ചെയ്യുന്നതുപോലെ, മനസ്സില്ലാമനസ്സോടെ അവാർഡ് സ്വീകരിക്കുന്നവരെ പോലെയോ അവാർഡു നിരസിച്ച് മാധ്യമങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റുന്നവരെ പോലെയോ ആയിരുന്നില്ല കഥാപുരുഷൻ. താൻ ചരിത്രത്തിനും സഭയ്ക്കും നൽകിയ സംഭാവനകളെക്കുറിച്ചു സ്വാവബോധം നേടിയ ആളായിട്ടാണ് അദ്ദേഹം പ്രത്യക്ഷപ്പെട്ടത്. കേരള ഹിസ്റ്ററി കോൺഗ്രസ്സിൻെറ വൈസ് പ്രസിഡൻറും കോതവറ സമ്മേളനത്തിൻെറ മുഖ്യ സംഘാടനകനുമായ ഞാൻ ആവശ്യപ്പെട്ടതുപോലെ ബയോഡാറ്റയും ഫോട്ടോയുമെല്ലാം അയച്ചുതരികയും വളരെ വിനയാന്വിതനായി സമ്മേളന നഗരിയിലെത്തി അവാർഡ് ഏറ്റുവാങ്ങുകയും ചെയ്തത് ഏറ്റവും ധന്യമായ നിമിഷമായിരുന്നു.

കലാശിൽപങ്ങളിലൂടെയും വാസ്തുശിൽപങ്ങളിലൂടെയും ചരിത്രത്തിനു പുതിയ രുപസൃഷ്ടി നൽകാനാകുമെന്ന് പ്രൊഫസർ മേനാച്ചേരി വിശ്വസിച്ചു. അനേകമനേകം ദുർഘടകരമായ യാത്രകൾ നടത്തിയാണ് ദൈവാലയശിൽപങ്ങളുടെ ചാരുതയും മൂല്യവും കണ്ടെത്താൻ പ്രൊഫസർ മേനാച്ചേരിക്ക് കഴിഞ്ഞത്. പള്ളികളിലെ കലകളെ

ക്കുറിച്ചു എം.ടി. വാസുദേവൻ നായർ മാതൃഭൂമിയിൽ പത്രാധിപരായിരിക്കുമ്പോൾ 1978ൽ പ്രസിദ്ധീകരിച്ച ലേഖനപരമ്പര അക്കാലത്ത് ഏറെപ്പേരുടെ ശ്രദ്ധാകേന്ദ്രമായിത്തീർന്നു. ആ ലേഖനങ്ങളുടെ തോതുപിടിച്ച് ഹൈന്ദവക്ഷേത്രങ്ങളിലെ കലകളെക്കുറിച്ചു പഠിക്കാൻ ആവേശം ഉണ്ടായി. വാസ്തു ശിൽപത്തിൻെറ അനന്ത സാധ്യതകളിലേയ്ക്കാണ് മേനാച്ചേരി തീവ്രതയേറിയ വെളിച്ചം വീശിയത്. അതിൻെറ വെളിച്ചത്തിൽ വളരെ വികസിതവും സാംസ്ക്കാരികമായി ഉയർന്നതുമായ ഒരു സമൂഹത്തിനു മാത്രമേ വാസ്തു ശിൽപ്പത്തിൽ കൈവയ്ക്കുവാൻ കഴിയൂ. ആ നിലയിൽ ഒരു സമുദായത്തിൻെറ സാംസ്ക്കാരികവളർച്ചയെ അളക്കാനുള്ള മാനദണ്ഡം കൂടിയാണ് വാസ്തുശിൽപ്പങ്ങൾ. അങ്ങനെ മേനാച്ചേരിയുടെ ഗവേഷണത്തിലൂടെ ചരിത്രത്തിന്റെ ഇരുളടഞ്ഞ മേഖലകളിലേയ്ക്ക് വെളിച്ചം വീശാൻ സഹായിച്ചിട്ടുണ്ട്. പക്വമായ പെരുമാറ്റം, ഋഷിതുല്യമായ ഭാവം, പരസ്പരം അടുപ്പിക്കുന്ന നോട്ടം എല്ലാം അദ്ദേഹത്തിൻെറ ജീവിത വിജയത്തിൽ ഉപകാരപ്രദമായിട്ടുണ്ട് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ആരുമായിട്ട് ഇടപ്പെട്ടാലും ആ സാന്നിദ്ധ്യം അനുഭവിക്കാനുള്ള ത്വര അവശേഷിപ്പിച്ചിട്ടാണ് അദ്ദേഹം കടന്നുപോകുന്നത്. അത്രയും കാന്തികശക്തി ആ നോട്ടത്തിനും ഭാവത്തിനും ഉണ്ട്. വർഷങ്ങളോളം നീണ്ടുനിന്ന ചിന്തയും ചിന്തയിൽ നിന്ന് ഉൽപ്പന്നമായ ഭാവവുമാണ് അതിന്റെ പിന്നിലുള്ളത്. കുലീനതയുടെയും പ്രയത്നത്തിന്റെയും ആൾരൂപമാണ് പ്രൊഫസർ മേനാച്ചേരി.

അൽമായർക്ക് ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവുമായ അടിത്തറ നൽകണമെന്നു ഇപ്പോൾപോലും പല സഭാനേതാക്കളും കരുതുന്നില്ല. അൽമായർ സഭയിലെല്ലാം പരോക്ഷമായി സഹകരിച്ചാൽ മതിയെന്ന് വിശ്വസിക്കുന്നവരാണ് അധികം പേരും. അൽമായർക്ക് രാജകീയമായ ദൗത്യം സഭയിലുണ്ടെന്നുള്ളതു ബോദ്ധ്യപ്പെട്ടിട്ടില്ല. എന്നാൽ പ്രൊഫസർ എത്ര മുമ്പു തന്നെ ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും അടിയുറച്ച ഒരു അൽമായനിരയെ വാർത്തെടുക്കണമെന്ന് അഭിലഷിച്ചു. അതിനുവേണ്ടി കോഴ്സുകളും ക്രമീകരണങ്ങളും നിർദ്ദേശിച്ചു പ്രാവർത്തികമാക്കി. ചിന്തയുടെയും ജീവിതത്തിൻെറയും സുസജ്ജമായ ഹൃദയമുള്ളവർക്കു മാത്രമേ ജീവിതത്തിൻെറ പ്രതിസന്ധികളിലും നിർണ്ണായകഘട്ടങ്ങളിലും പിടിച്ചു നിൽക്കാനാവൂ എന്ന് പ്രൊഫസർ ഉറച്ചു വിശ്വസിച്ചിരുന്നു. പ്രൊഫസറെപ്പോലെയുള്ള കുറേ പേരുടെ പ്രവർത്തനഫലമായിട്ടാണ് കേരളത്തിലും ഇന്ത്യയിലും സുശക്തമായ കുറേ അൽമായനേതാക്കൾ ഉയർന്നുവന്നത്. അവരിലൂടെ ആണല്ലോ ഇനിയും സഭ ചലിക്കേണ്ടത്. സർവ്വേശ്വരൻ നൽകിയ ആന്തരികശക്തി ഉൾക്കൊണ്ട് താൻ ജീവിക്കുന്ന കാലഘട്ടത്തെ തേജസ്സുറ്റതാക്കിയ പ്രൊഫസർ മേനാച്ചേരിയുടെ ധന്യമായ പ്രയാണം തുടരട്ടെ എന്നാശംസിക്കുന്നു.

# ചരിത്രസാഹിത്യമണ്ഡലത്തിൽ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് എന്നും ഇരിപ്പിടം ഉണ്ടായിരിക്കും

**ദളിത്ബന്ധു എൽ.കെ ജോസ്**

ഭൂതകാലസംഭവങ്ങളെ പുനരവതരിപ്പിച്ച് വർത്തമാനകാലത്തിൽ കലഹമുണ്ടാക്കാനും, വർത്തമാനകാലത്തെ പുതുക്കി പണിയാനും ചരിത്രസാഹിത്യകാരന്മാർക്ക് കഴിയും. എന്നാൽ ചരിത്രസംഭവങ്ങൾ പുനരവതരിപ്പിച്ച് കലഹമുണ്ടാക്കാൻ താല്പര്യം കാണിക്കാത്ത, ചരിത്രവീഥികളിൽ പ്രകാശം പരത്തുന്ന, ചെറുതിരികൾ കത്തിച്ചു വയ്ക്കുകയെന്ന വ്രതം സ്വീകരിച്ച് ചരിത്രത്തിൽ പ്രതിഷ്ഠ നേടിയ ആളാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി.

കേരളാ ഹിസ്റ്ററി കോൺഗ്രസ് പ്രസിഡണ്ട് എന്ന നിലയിൽ ഈ അസോസിയേഷനിലെ ഒരു ഡയറക്ടറായി പ്രവർത്തിച്ചുപോരുന്ന പ്രൊഫ. മേനാച്ചേരിയമുമായി എനിക്ക് ഉറ്റബന്ധം വച്ചു പുലർത്താൻ കഴിഞ്ഞു. ഞാൻ ഇതിൽ അഭിമാനംകൊള്ളുന്നു. പ്രൊഫ. ജോർജ്ജിനെക്കുറിച്ച് പറയുമ്പോൾ, രണ്ടുനാല് കാര്യങ്ങൾ എടുത്തു പറയേണ്ടതായിട്ടുണ്ട്. പരന്ന വായനയാണ് അദ്ദേഹത്തിൻേറത്. എന്തിനെപ്പറ്റിയും ആഴമായി പഠിക്കും. ആവശ്യമായ കാര്യങ്ങൾ കുറിച്ചു വച്ച് അവയെക്കുറിച്ച് മനനംനടത്തി സ്വന്തം നിഗമനങ്ങൾ തുറന്ന മനസ്സോടെ ആവിഷ്ക്കരിക്കും.

ഗവേഷണമനോഭാവമാണ് അദ്ദേഹത്തിന്റെ മറ്റൊരു പ്രത്യേകത. 45 വയസ്സ് കഴിയുമ്പോൾ ഗവേഷണത്തിലുള്ള താല്പര്യം പല ചരിത്രകാരൻമാർക്കും കുറഞ്ഞു കുറഞ്ഞു വരും. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയാകട്ടെ, പിന്നെയും പിന്നെയും മഴുവിന് മൂർച്ച കൂട്ടിക്കൊണ്ടിരിക്കുകയാണ് ചെയ്തത്. അതുകൊണ്ട് അദ്ദേഹത്തിന് ശ്രേഷ്ഠമായ ചരിത്ര കൃതികൾ രചിക്കാൻ സാധിക്കുകയും ചെയ്തു.

മൂന്നാമത്തെ പ്രത്യേകത കഠിനാദ്ധ്വാനശീലമാണ്. കഴിഞ്ഞ നാൽപ്പത് വർഷം അദ്ദേഹം കഠിനാദ്ധ്വാനത്തിൽ ഏർപ്പെട്ടിരുന്ന കാര്യം അദ്ദേഹത്തിൻെറ വീട്ടുകാർക്കറിയാം, ഉറ്റ സുഹൃത്തുക്കൾക്കറിയാം. ജീവിതത്തിൻെറ നിരവധിയായ ബഹളങ്ങളിൽ നിന്ന് ഭൂതകാലത്തിൻെറ ചാരത്തിൽ ഒളിഞ്ഞു കിടന്നനിരവധിയായ വസ്തുതകളെ ഊതി തെളിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ കൃതികൾക്ക് ഗുണമേന്മയേറിയ ഉള്ളടക്കം മാത്രമല്ല ഉള്ളത്, ഏറെ വലിപ്പമേറിയതുമാണ്. ബൃഹത്ഗ്രന്ഥങ്ങളിലുടെ ചരിത്രവസ്തുതകളെ ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്തു അദ്ദേഹം. മലയാളത്തിൽ മാത്രമല്ല, ഇംഗ്ലീഷ് ഭാഷയിലും അദ്ദേഹത്തിൻെറ വലിയ കൃതികൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. അവയ്ക്ക് പരക്കെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പണവും അദ്ധ്വാനവും സമയവും ആരോഗ്യവും ധാരാളമായി ചെലവഴിച്ച് ചരിത്രസാഹിത്യകൃതികൾ രചിച്ച് ചരിത്ര സാഹിത്യമണ്ഡലത്തിൽ അദ്ദേഹം സ്വന്തമായി ഇടം കണ്ടെത്തിയിട്ടുണ്ട്. ഈ കസേര ആർക്കും എളുപ്പത്തിൽ എടുത്തുമാറ്റാൻ കഴിയുകയുമില്ല.


അപ്പാപ്പൻ : പുത്തൻപുര കുഞ്ഞുവറീത്, കാട്ടൂർ


അപ്പൻ: എരിഞ്ഞേരി തോമ കൊച്ചൗസേപ്പ്

# എന്റെ ബാല്യകാലസുഹൃത്ത്

ഫാ. ഐസക്ക് ആലപ്പാട്ട് സി. എം. ഐ.

അമേരിക്കൻ നോവലിസ്റ്റ് ലോയിഡ് സി. ഡഗ്ലസ്സിൻെറ പ്രസിദ്ധമായ ഒരു നോവലാണ് ദി റോബ് (The Robe). ക്രിസ്തുവിൻെറ കുരിശുമരണത്തിൽ റോമൻ പട്ടാളക്കാർ അവിടുത്തെ മേലങ്കിയ്ക്കായി നറുക്കിടുന്നു. അത് റോമൻ ശതാധിപനായ മാർസലസ്സിനു കിട്ടുന്നു. തനിക്കു കിട്ടിയ ആ പരുക്കൻ വസ്ത്രം കയ്യിലെടുത്തപ്പോൾ മുതൽ അനിർവചനീയമായ ഒരു അസ്വസ്ഥത അദ്ദേഹത്തെ ബാധിക്കുന്നു. പലസ്തീനായിലെ ഏതോ നാട്ടിൻപുറത്ത് നെയ്തെടുത്തതാണ് ആ വസ്ത്രമെന്ന നിഗമനത്തിൽ ആ കുഗ്രാമം കാണാനും അതു നെയ്തെടുത്ത പാവപ്പെട്ടവരെ കണ്ടെത്താനും മാർസലസ്സ് നിശ്ചയിച്ചുറയ്ക്കുന്നു. മേലങ്കി നെയ്തവരെ തേടി പുറപ്പെടുന്നതിനു മുമ്പ് റോമൻ സൈന്യത്തിലെ തൻെറ ഉന്നത ഉദ്യോഗം അദ്ദേഹം രാജിവെയ്ക്കുന്നു. തുടർന്നു പലസ്തീനയിലെ നാട്ടിൻ പുറങ്ങളായ നാട്ടിൻ പുറങ്ങളിലൊക്കെ അലഞ്ഞു തിരിയുന്നു. അവസാനം ക്രിസ്തുവിൻെറ മേലങ്കി നെയ്തിരിക്കുന്നതുപോലെ വസ്ത്രം നെയ്യുന്ന പാവപ്പെട്ടവരായ ഗ്രാമീണരെ അദ്ദേഹം കണ്ടെത്തുന്നു. അവർ ക്രിസ്ത്യാനികളാണെന്നു തിരിച്ചറിയുന്നു. സന്തുഷ്ടരായ അവരുടെ സാമീപ്യത്തിൽ അവാച്യമായ ആന്തരിക സമാധാനവും സംതൃപ്തിയും അദ്ദേഹത്തിനു ലഭിക്കുന്നു. മാർസലസ്സ് ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്നു. ഇങ്ങനെ പോകുന്നു ഡഗ്ലസ്സിൻെറ ദി റോബ് എന്ന നോവലിലെ കഥ.

തൻെറ ചെറുമകൾ ഡയാനയുടെ പ്രതിശ്രുതവരനായ മാർസലസ്സിൻെറ വിവേകമില്ലാത്ത പ്രവൃത്തിയെക്കുറിച്ചറിയുമ്പോൾ റോമൻ

ചക്രവർത്തിയായ തിബേരിയൂസ് രോഷംകൊണ്ടു പറയുന്ന ഒരു വാചകമുണ്ട് നോവലിൽ, ശ്രദ്ധാർഹമായ ഒരു വാചകം: (All philosophers are sick in head) തത്വ ചിന്തകന്മാരെല്ലാം കിറുക്കന്മാരാണ്. ഇതാണാവാചകം. തത്വചിന്തകർ മാത്രമല്ല, പ്രത്യക്ഷത്തിൽ അർത്ഥ ശൂന്യമായി സാധാരണക്കാർക്കു തോന്നുന്നതും എന്നാൽ ആത്യന്തിക വിശകലനത്തിൽ മഹത്തരമായതുമായവ എത്തിപ്പിടിക്കാൻവേണ്ടി ജീവിതം ഉഴിഞ്ഞുവെയ്ക്കുന്നവരെല്ലാവരും വെറും കിറുക്കന്മാരല്ല, മുഴുകിറുക്കന്മാരാണെന്നാണ് എനിക്കു തോന്നുന്നത്. ഒരുതരം മഹത്തായ കിറുക്കു ബാധിച്ച, വി. ഫ്രാൻസീസ് അസ്സീസിയെപ്പോലെ നിരവധി മഹാത്മാക്കൾ സഭയിൽ ഉണ്ടായിട്ടുണ്ട്. സഭയിൽ മാത്രമല്ല, ഏതു മേഖലയിലായാലും, സ്വന്ത ഭൗതികനേട്ടങ്ങളെ പരിഗണിക്കാതെ, ഉന്നതമായ കാര്യങ്ങൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച വ്യക്തികളെ കാണാം. തിബേരിയൂസ് ചക്രവർത്തി കിറുക്കന്മാരെന്നു വിശേഷിപ്പി ച്ചവർ! ഇക്കൂട്ടരാണ് മനുഷ്യനും അവന്റെ സംസ്ക്കാരങ്ങൾക്കും അമൂല്യമായ സംഭാവന നൽകിയവർ.

എന്റെ ബാല്യകാലസുഹൃത്തായ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയെക്കുറിച്ച് ചിന്തിക്കുമ്പോൾ എനിക്കോർമ്മ വരുന്നത് റോമൻ ചക്രവർത്തി തിബേരിയൂസ് തന്റെ സൈന്യത്തിലെ ശതാധി പനായ മാർസലസ്സിനെ വിശേഷിപ്പിച്ച വാക്കുകളാണ്. All philosophers are sick in head. മാർസലസ്സ് ഒരു പഴയ തുണിയും കൊണ്ട് ആവേശ ത്തോടെ, അർപ്പണബോധത്തോടെ ഗവേഷണത്തിന് ഇറങ്ങിയതു പോലെ, പ്രൊഫസർ ജോർജ്ജ് മേനാച്ചേരി കേരളസഭയുടെ ഗതകാലപ്രതാപത്തിന്റെ കഥ പറയുന്ന ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങളും, മങ്ങിയ ചുമർചിത്രങ്ങളും, ദ്രവിച്ച ചെപ്പേടുകളും തേടി അലഞ്ഞുനടന്ന്, ലോകത്തിന്റെ ദൃഷ്ടിയിൽ ജീവിക്കാൻ മറന്നു പോയ ഒരാളാണ്. പ്രൊഫസർ ജോർജ്ജ് എന്നൊരു ഗവേഷകൻ ഇല്ലായിരുന്നുവെങ്കിൽ കേരളത്തിലെ ക്രൈസ്തവസഭ ഇന്നാ യിരിക്കുന്നതുപോലെ ധന്യയാകുമായിരുന്നില്ല. കഴിഞ്ഞകാല സംഭവങ്ങളുടെ വർണ്ണശബളമായ യവനിക പശ്ചാത്തലമാക്കി, പ്രൊഫസർ മേനാച്ചേരി കേരളസഭയുടെ ചിത്രം വരയ്ക്കുന്നതു കാണുമ്പോൾ അദ്ദേഹത്തിന്റെ ഈ ബാല്യകാലസുഹൃത്ത് സത്യ ത്തിൽ അഭിമാനം കൊള്ളുന്നു.

വർഷങ്ങൾക്കു മുമ്പ്, വലിയ പ്രസരിപ്പൊന്നും കൂടാതെ, കാട്ടൂർ എന്ന ഗ്രാമത്തിലെ പോംപെ സെന്റ് മേരീസ് ഹൈസ്ക്കൂളിലേയ്ക്ക് ഒരുമിച്ചു നടന്നു നീങ്ങുമ്പോൾ ജോർജ്ജ് കേരളസഭയ്ക്ക് ഇത്രയേറെ അമൂല്യമായ സംഭാവന ചെയ്യുമെന്ന് ഞാൻ കരുതിയില്ല. കേരളീയർ, പ്രത്യേകിച്ച് ഇവിടത്തെ ക്രിസ്ത്യാനികൾ, ആവശ്യത്തിനു ചരിത്രാ

വബോധം ഉള്ളവരല്ല. ആ കുറവിന്റെ ദൂഷ്യഫലങ്ങൾ കേരളസഭ അനുഭവിക്കുന്നുണ്ട്. ഗതകാലസംഭവങ്ങളെക്കുറിച്ച് അറിയാനും അതിൽ അഭിമാനം കൊള്ളാനും കഴിഞ്ഞാലേ നമുക്കു ആത്മാഭിമാനം ഉണ്ടാവുകയുള്ളു. നമുക്ക് തറവാടിത്തമുണ്ടെന്നു പറയാൻ കഴിയണമെങ്കിൽ മുൻകാലചരിത്രത്തെക്കുറിച്ച് അറിയണം. ഈ മേഖലയിലാണ് പ്രൊഫസർ ജോർജ്ജ് നമുക്ക് അമൂല്യമായ സംഭാവന നൽകിയത്. അദ്ദേഹം സപ്തതി ആഘോഷിക്കുന്ന ഈ അനർഘ മുഹൂർത്തത്തിൽ ദൈവം അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് ഈ ബാല്യകാലസുഹൃത്ത് ആശംസിക്കുന്നു.



മുത്തഷൻ ലോനപ്പനും മുത്തിയമ്മ ഇറ്റ്യാനവും



Embroidered prayer at death of Great grand mother Ittyanam
Presented by Cochin Nuns, 1916

# **Interrogating the Received Notions:** Prof. George Menacherry and the History of the St. Thomas' College, Trichur

Dr. N.J. Francis*

The history of the St. Thomas' College, Trichur-an institution with which Prof. George Menacherry has associated himself in various capacities for the last forty-six years-has also been a theme of the scholarly inquiries and pursuits undertaken by Prof. Menacherry along with a gamut of other questions of socio-cultural, religious and art-historical significance pertaining to the Syrian Christian community in India. This brief article looks into the contributions of Prof. Menacherry in bringing out and popularising the history of the St. Thomas' College, Trichur, the first Catholic private College in Kerala that has bequeathed a rich legacy to modernity in Kerala through educational activities and intellectual initiatives for more than a century.

The nature of Prof. Menacherry's perception of what the St. Thomas' College stood for as well as his engagement with what the College has been doing during the last one century of its existence as the premier centre of higher learning in central Kerala placed him in a unique position to develop, by the 1980s, an outline of a history of the College. This outline has effectively gone into the making of the more comprehensive proposals in recent times for a detailed intellectual history of this College in the context of a wider history of education in modern Kerala and the role of the Catholic Church in such a history.

A comprehensive effort at looking back at the history of the College dates back to the Golden Jubilee, in 1969, of the up-gra-

dation of this educational institution as a Second Grade College affiliated to the University of Madras in 1919, at a time when the institution was already thirty years old. There were, of course, attempts at reviewing the educational past of the College as had been done in 1925 by Fr. John Palocaren, the first Principal of the College, in connection with the raising of the College as the first First Grade College in the princely state of Cochin in June 1925. Yet another attempt at reconstructing the history of the College was the occasion of the Diamond Jubilee in 1979 of the affiliation of the College to the University of Madras.

It is time now to point out the basic features of these attempts at historicising the past of the St. Thomas' College. This will locate the interventions of Prof. Menacherry in rectifying the blurring of certain significant data pertaining to the history of the College that took place on certain occasions of reviewing its past. The first historical review was the one attempted in 1969 in the context of the Golden Jubilee of the affiliation of the College to the University of Madras. Prof. Menacherry was, at this time, only a young member of the teaching staff, barely thirty-one years old, but already on the scholarly pursuits for which he later earned national and international acclaim. In spite of the earnestness and rigour of the Golden Jubilee celebrations, what escaped the event was the historical significance of the three decades of the institutional past that lay behind 'St. Thomas' College', Trichur, prior to 1919.



*Prof. Menacherry welcoming the gathering at the Old Boys' Day in connection with the Diamond Jubilee Celebrations, 1979-80*




*The Cover of the Diamond Jubilee Commemoration Volume*

The Golden Jubilee Souvenir [1], too, missed the fact that what happened in 1919 was not the founding of any new institution, as many people in the College as well as even outside still seem to think, but only the starting of a Junior Intermediate Class and a College Department. In fact, the Head Master became the head of both the High School wing as well as the College Department. We have enough evidence to believe that both the wings together constituted the same institution for a long time until developments within the machinery of Governments necessitated the bifurcation of the College from the school or vice versa. Viewed in the light of changing Government rules and regulations, these institutions which are in many respects older than the Governments that administered them, tended to review their past based on these changes. In fact, the College operated within the administrative space provided by the princely state of Cochin on the one hand and the Government of Madras Presidency under the British on the other.

It is equally pertinent now to go further back and read the first ever historical note on the College, by Rev. Fr. John Palocaren, the first Principal,[2] in 1925, whereby he considered Dr. Adolphus E. Medlycott as one of the three successive Founders of the College, the other two being Mar John Menacherry and Mar Francis Vazhapilly. Here we have the first clear perception of how the 'St. Thomas' College' took its birth. We do not know the circumstances under which the collective and shared memory of the real beginnings of the College began to blur from the archival records of the College as well as from the popular memories.

When the history of the College subsequently got percolated down to the students and the public at large in central Kerala, a fragmented view of its history was what came to be cherished. Thus, the College Calendars of the 1970s and 1980s began to carry in the preface such statements as 'It was founded by the Rt. Rev. Dr. John Menacherry, the Bishop and Vicar Apostolic of Trichur, in April, 1919...' It is in this context that the intervention of Prof. Menacherry becomes crucial in rectifying this blurring of evidence by re-instating into the history of the College its real founder Dr. Adolphus Edwin Medlycott, Ph D, the one time Professor at the Propaganda College in Rome, author of ***'India and the Apostle Thomas'*** (London, 1905), and an internationally reputed historian

of the Syrian Christians of South Asia.

It is the Diamond Jubilee Commemoration Volume of the College that offered Prof. Menacherry the site for questioning the way the history of the College was till then perceived and for proposing an alternate perspective. He was himself the Joint Convenor and Managing Editor of the Diamond Jubilee Commemoration Volume Committee, with the late P. Thomas, another reputed scholar of history and author of several renowned books on history, religion, culture, and art,[3] as the Convenor.

The two essential features of Prof. Menacherry's revision of the history of the College are 1) the reinstating of Dr. A. E. Medlycott as the founder of the College, and 2) the placing of the history of the College against the background of the history of the Syrian Christian community in India as a whole, and not in terms of the personal interests and capabilities of certain individuals, be they prelates or clerics or academics.

The shift of emphasis brought in by Prof. Menacherry is aptly portrayed on the very cover design of the Diamond Jubilee Commemoration Volume itself. In fact, the very celebration of the Diamond Jubilee symbolically began with a Dipasikha brought from Kodungallur where, according to Syrian Christian tradition, the Apostle Thomas first landed on the Malabar Coast. The said volume contained, more as a preface and statement of the new historical insight, a two-page explanation[4] as to why the St. Thomas Cross in granite was portrayed on the cover of the Diamond Jubilee Commemoration Volume. It also carried extensive quotations from what the editor of the volume referred to as "our founder's work" on our Patron.[5] Thus, the very history, and the intellectual



*Prof. Menacherry listening to a Medlycott Lecture*

and scholastic activity that were part of the St. Thomas' College began to be viewed as an adjunct of the history and activities of the Syrian Christian community as a whole in India.

Something more about the less-known work of the founder of the 'St. Thomas' College' needs to be stated here in way of clarification in the light of an article written by Dr. A. E. Medlycott himself on the history of the Thomas Christians.[6] In the last section of this article, Dr. Medlycott deals with the near contemporary history and activities of the new Vicariate of Trichur, which helps us to add an interesting note on Medlycotts conception of the College. On his own activities, he wrote: '....he took early steps to open as many elementary parish schools as possible; within nine years (1888-96) the vicariate was provided with no less than 231 elementary parish schools', besides a high school (St. Thomas' College), with 95 students; *....and plans were prepared to house the above college in a handsome structure. This was the condition of things when the bishop went to Europe on sick leave*[7] (italics added) in 1895. This reminds us of the long term vision of Dr. Medlycott and proves beyond doubt that what he founded was, in fact, a real college itself and not an elementary school. The burden of constructing this handsome building fell on Mar John Menacherry, who was appointed Vicar Apostolic in 1896, on plans that were already prepared and finalised by our founder, in the familiar words of Prof. George Menacherry. Msgr. Palocaren wrote in 1925 that a well-known engineer, who had occasion to visit the College, after contemplating the edifice for a while, turned to the



Prof. Menacherry at the Third Medlycott Lecture, on 2nd March, 2007, seeking clarification from Prof. M.G.S. Narayanan

present writer and exclaimed: A magnificent pile. He is a genius who planned it![8] though it had been forgotten by that time as to who actually planned the handsome structure for the College.

It was in order to highlight the scholarship of the founder of the College and rekindle the spirit of an interdisciplinary dialogue ‘a tradition set by Dr. Medlycott himself’ that the Medlycott Foundation was established by some academics who believe in the necessity for dialogue among researchers, scholars, intellectuals, and all those who can partake in the quest for truth. Prof. Menacherry has been the adviser of the Foundation since its inception in 2005.

I dedicate this brief write-up as a token of my admiration to the historical scholarship and antiquarian pursuits of Prof. George Menacherry, whose secular and scholarly engagements with the history and prospects of a community took him to many roads not trodden so far. It was from my revered teacher, Professor M. G. S. Narayanan, onetime Chairman of the Indian Council for Historical Research, that I first heard of Prof. Menacherry, when I was still a postgraduate student at the Department of History, University of Calicut. Much later, Dr. George Michell, a leading authority on pre-modern Indian architecture, told me how Prof. Menacherrys works on the Christian Church architecture of Kerala helped him when he edited two volumes on the wooden sculptural traditions of south India for the National Centre for the Performing Arts.[9] I sent a letter to Prof. Menacherry the same day of my meeting Dr. Michell, who introduced me to early Indian temple architecture



Prof. Menacherry at the First Medlycott Lecture, on 20th January, 2005, seeking clarification from Prof. M. R. Raghava Varier

at the British Museum in 2003. As I went through the shelves of the library of the School of Oriental and African Studies of the University of London, I did come across the volumes published by Prof. Menacherry, many of which were frequently borrowed and read by researchers in that part of the world as well. I wish Prof. Menacherry many more decades of fruitful historical scholarship and antiquarian pursuits.

* *Reader and Head, Dept. of History, St. Thomas' College, Trichur. He was a Fellow of the Indian Institute of Advanced Study, Shimla. Presently, he is UGC Research Awardee at the Dept. of History, University of Calicut.*

---

1. *Golden Jubilee Souvenir*, Trichur : St.Thomas College, Trichur, 1969.
2. Rev. J. Palocaren, *The College and its Founders,* The St. Thomas College Magazine, Vol.I, nos.1 & 2, June-September, 1925, pp. 4-11.
3. The leading works of P. Thomas include *Christians and Christianity in India and Pakistan*, London: George Allen & Unwin, 1954; and *Churches in India*, New Delhi: Publications Division, Govt. of India, 1964
4. Diamond Jubilee Commemoration Volume, pp. 7-8
5. Diamond Jubilee Commemoration Volume, p. 8
6. A. E. Medlycott, 'Thomas Christians' in *The Catholic Encyclopedia*: An International Work of Reference on the Constitution, Doctrine, Discipline, and History of the Catholic Church, Vol. XIV, ed. by Charles G. Herbermann et. al, New York: Robert Appleton Company, 1912, pp. 678-688.
7. A. E. Medlycott, 'Thomas Christians' in *The Catholic Encyclopedia*, p. 688.
8. Rev. J. Palocaren, 'The College and its Founders', St. Thomas College Magazine Vol. I, Nos. 1 & 2, June-September,, 1925, p. 6.
9. George Michell ed., *Marg*, Vol. XLII, No. 3 (*Wooden Traditions of Kerala and Karnataka*) and *Living Wood*: Sculptural Traditions of Southern India, Bombay: Marg Publications, 1992. His other titles include *The Hindu Temple: An Introduction to its Meaning and Forms*, London, 1977, Art and Architecture of Southern India, Cambridge, 1995 etc.

# Professor George Menachery The Tireless Searcher after St Thomas Christian Heritage

Fr. Dr. A.M. Mundadan CMI

**It gives me immense happiness to join his other friends and well wishers to warmly greet this heritage-minded professor in the full bloom of his Saptati.**

It was in the 1960s my acquaintance with Prof. George Menachery started. One day his brother James and the professor came to see me. Young and energetic, his enthusiasm and firm determination to dedicate himself to the cause of the Christian heritage of India shone brightly in his youthful face and in his inspired words. He was launching a great project-a series of what he called St Thomas Christian Encyclopedia of India. He wanted my collaboration in this grand venture. Another time he took me to his home at Ollur-a home that was fast turning into a heritage house, a continuation of the tradition his maternal grandfather Kunjuvareed had established. Kunjuvareed's house at Kattur had been a marvel of traditional Kerala architecture, with a library full of old tomes related to the history of Christianity and several antiques that symbolized an earlier era.

George was then teaching English literature at the prestigious St Thomas' College, Thrissur. An earnest teacher though he was of English literature, George's first love was Christian history and Christian archeology. Finally when this dream project of the Encyclopedia was launched he was kind enough to include my name in the Board of Editorial Consultants. I wrote an article for Vol. II:

'History of St Thomas Christianity in India to the Present Day'. I was also able to provide Prof. Menachery with some colour slides of churches of Kerala and their art treasures which we had collected for the Dharmaram College Exhibition during the celebration of the 19th centenary of the death of St Thomas the Apostle, 1972.

Many of George's friends wondered whether the project would materialize or would remain at the dream level. I too was somewhat sceptical. But Prof. George surprised all when the news was flashed that volume two was going to be released by His Eminence Joseph Cardinal Parecattil in the presence of His Holiness Catholicos Baselius Augen I. Actually the book was released on 7 April 1973 almost coinciding with the culmination of the 19th Centenary celebrations of the Death of St Thomas. At another grand function on 3 July 1973 Joseph Cardinal Parecattil presented copies of the volume to the then Governor of Kerala Sri N. N. Vanchoo. Both the functions were widely covered by the media and the Encyclopedia got good publicity. The book and its skilful editor George became celebrities overnight. We were all wonderstruck when we got in our hands the grand size volume in magnificent class and style. Great acclaim not only from the general public but from the part of scholars and learned persons greeted the monumental work and its author. One reviewer wrote that the Encyclopedia with authoritative articles, reproductions of ancient documents and colour pictures, rich with maps, tables and plates is a highly recommended reference tool for hard to obtain information. Others remarked that they knew nothing better as a reference book on Christianity in India than the St Thomas Christian Encyclopedia. For most people this lavishly produced work rarely found in India was an extraordinary publishing achievement with scholarly serenity and reliability-a compendious and comprehensive work with a remarkable coverage of the whole ground - history, culture, customs, divisions, art, architecture, music, parish life, liturgical vestments, Christian traditional occupations, dance and drama, institutions, statistics and what not.

The toil and moil Prof. Menachery underwent to get this monumental volume published are known, perhaps, only to a few of his close friends and relatives. I remember the pain he confined in his

heart at the time of stress and strain. Some of his friends including me did what they could. But that was not much. I understand that he had to draw on his life's savings and family property to get volume two out of the press. But the surprising thing is that George never showed at any time worry or anxiety. He went on with great optimism and full faith in God that the project, which he considered a divinely designated work, would succeed. Succeed, indeed, he did. He has emerged as the heritage- minded professor and the "guardian angel" of history and Christian cultural patrimony.

Excellent publications followed: the first volume of the Encyclopedia; "The Nazranies"which is the first of several projected volumes of classics on history of Christianity in India. A cheaper but a more perfect edition of Vol. II of the Encyclopedia under the name "Thomapaedia" has also seen light. The third volume of the Encyclopedia is ready for release.

This heritage person with his wide knowledge of the Church in Kerala and with a lot of precious collections of antiques is available for all people whenever they need his expert service. I organized two events here at Jeevass Kendram, one in 1999 on the Synod of Diamper and another a painting exhibition on 'The Human Face of the Divine' in 2004. On both occasions George was the main resource person. In 1999 he brought to Jeevass many of his personal collections and some special items borrowed from his parish church of Ollur. The audience were thrilled.

With the sweet recollection of these and many other events may I offer Prof. George Menachery who is celebrating his Saptati my heartfelt thanks. I pray the Almighty to keep him in good health and the best of youthful spirit to serve the Church and society for many more years.

# വലിയ കാര്യങ്ങളുടെ തമ്പുരാൻ പ്രൊഫ. ജോർജ്ജ് മേനാച്ചേരി

പ്രൊഫ. വി.എ. വർഗ്ഗീസ്

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതിവേളയിൽ മാണി മാധവ ചാക്യാരുടെ ഗോവർദ്ധനോദ്ധാരണരംഗമാണ് എൻെറ മനസ്സിൽ തെളിഞ്ഞുവരുന്നത്. അസാമാന്യ വലുപ്പത്തിൽ മുമ്പിലുയർന്ന് വിലസുന്ന പർവ്വതത്തെ ചാക്യാർ അടിമുടി നിരീക്ഷിക്കും. പിന്നെ രണ്ടു കൈകൊണ്ടും അതിനെ എടുത്തു പൊക്കാനുള്ള പരിശ്രമമാണ്. നടനപരിസമാപ്തിയിൽ ഗോവർദ്ധനപർവ്വതം കാണികൾക്കും നടനും ഇടയിൽ പതുക്കെ പൊങ്ങിവരും. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ ഓരോ ഗ്രന്ഥവും ഇതുപോലെ വൻമലകൾ ഉയർന്ന് വരുന്ന അനുഭൂതിയാണ് പ്രദാനം ചെയ്യുന്നത്.

കേരള ക്രൈസ്തവരുടെ പുരാതനചരിത്രത്തിൻെറ ഇരുളടഞ്ഞ ഏടുകളിലേക്ക് വെളിച്ചം വീശാൻ പ്രൊഫ. ജോർജ്ജ് മേനാച്ചേരി തൻെറ യൗവനകാലത്ത് തുടങ്ങിയ പരിശ്രമം ക്രമേണ ഫലപ്രാപ്തിയോടടുക്കുന്നതായി ചരിത്രരംഗത്തുള്ളവർ അഭിപ്രായപ്പെടുന്നു. അതോടൊപ്പം ഇന്ന് നിലവിലുള്ളതും നഷ്ടപ്രായമായി അതിജീവനം കാത്ത്കിടക്കുന്നതുമായ ചരിത്രസാമഗ്രികൾ ശാസ്ത്രീയമായി രേഖപ്പെടുത്തിവെക്കാനുള്ള ശ്രമം അദ്ദേഹം ഫലപ്രാപ്തിയിലെത്തിച്ചു. അങ്ങനെ തൻെറ 35-ാം വയസ്സിൽ തന്നെ ഭാരതക്രൈസ്തവരുടെ ചരിത്ര സാമഗ്രികൾ ഉൾക്കൊള്ളുന്ന എൻസൈക്ലോപീഡിയ പുറത്തിറക്കി നാടിനെ വിസ്മയം കൊള്ളിച്ചു. മഹാനുഭാവനാണ്, പ്രൊഫ. മേനാച്ചേരി. സാധാരണക്കാർക്ക് ദന്തഗോപുരവാസിയെന്ന് തോന്നാവുന്ന തരം പ്രവർത്തനങ്ങളിലാണ് പ്രൊഫ. മേനാച്ചേരി വ്യാപൃതനായിരുന്നത്.

തൻെറ ആകാരം പോലെ വലിയ വലിയ മനസ്സും അദ്ദേഹം സ്വായത്തമാക്കി. മനസ്സുപോലെ വലിയ ഗ്രന്ഥങ്ങൾ രചിച്ചു. നൂറ് കണക്കിന് വിദഗ്ധർ കാലങ്ങളോളം കഠിനാദ്ധ്വാനം ചെയ്ത് പുറത്തിറക്കുന്നതാണ് വിജ്ഞാനകോശങ്ങൾ. വിവിധ രാജ്യങ്ങളിലെ 600 ൽ പരം ഗ്രന്ഥകാരന്മാരെ അണിനിരത്തികൊണ്ടാണ് സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയായുടെ വാള്യങ്ങൾ ചെയ്തത്. പ്രൊഫ. മേനാച്ചേരി ഇന്ന് 300 ൽപരം ലോകസർവ്വകലാശാലകളിൽ റഫറൻസ് ഗ്രന്ഥമായി മേനാച്ചേരിയുടെ കൃതികൾ ഇടം നേടിയിരിക്കുന്നു.

ഭാരതത്തിൽ ഇദംപ്രഥമമായി (1975) ആരംഭിച്ച അല്മായ നേതൃത്വപരിശീലനകേന്ദ്രത്തിൻെറ (തൃശൂർ അതിരൂപതയിൽ) ഡയറക്ടറായി അന്നുമുതൽ ഇന്നുവരെ പ്രവർത്തിക്കുന്നു.

''ഭാഗ്യവന്തം പ്രസുയേഥാഃ

മാശൂരം മാചപണ്ഡിതം''

എന്ന ചൊല്ല് പ്രകാരം ഭാഗ്യവാനെയാണ് ശൂരനെയോ, പണ്ഡിതനെയോ അല്ല പ്രസവിക്കേണ്ടത്. എന്നാൽ മേനാച്ചേരിയുടെ അമ്മ പണ്ഡിതനും പരിശ്രമശാലിയുമായ ഭാഗ്യവാനെ പ്രസവിച്ചു കൊണ്ട് മേല്പറഞ്ഞ പഴഞ്ചൊല്ലിൻെറ സാരത്തെ ദ്വിഗുണീഭവിപ്പിച്ചു.

ചില സുഹൃത്തുക്കളുമായി ചേർന്ന് ഐഫൽബുക്സ് പ്രസാധന കേന്ദ്രം സ്ഥാപിച്ച് 1968 ൽ പ്രഗത്ഭരുടെ 35 ഗ്രന്ഥങ്ങൾ ഒറ്റയടിക്ക് പ്രസാധനം ചെയ്ത് പുസ്തകപ്രസാധകരുടെ കുലപതിയായ ഡി.സി. കിഴക്കേമുറിയുടെപോലും പ്രശംസ പിടിച്ചുപറ്റിയ ആളാണദ്ദേഹം. വിവിധ രാജ്യങ്ങളിലായി 2 കൊല്ലത്തിലേറെക്കാലം വിദേശത്ത് കഴിഞ്ഞിട്ടുണ്ട് ഇദ്ദേഹം. 1978 ൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ സ്ഥാനാരോഹണം റിപ്പോർട്ട് ചെയ്യാൻ ചെന്ന 1500 പത്രലേഖകരിൽ കോൺക്ലേവ് പരിസരത്തു ചെല്ലാൻ അനുമതി ലഭിച്ചവത്തിക്കാൻ അക്രഡിറ്റേഷനുള്ള 60 പേരിൽ ഒരാളായിരുന്നു അദ്ദേഹം.

ഡിഗ്രി വിദ്യാർത്ഥിയായിരിക്കേ മാസികകൾ പ്രകാശനം ചെയ്തു. നവോദയ അപ്പച്ചൻെറ ബൈബിൾ എന്ന ദേശീയ ടി.വി. സീരിയലടക്കം ധാരാളം ഡോക്യുമെൻറ്റി സിനിമകൾ നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും ഉണ്ടായി.

ആയിരക്കണക്കിന് ഫോട്ടോകൾ പ്രസാധനം ചെയ്ത നല്ലൊരു ഫോട്ടോഗ്രാഫറാണദ്ദേഹം. നിരവധി അന്തർദേശീയ, ദേശീയ സെമിനാറുകളിൽ അദ്ധ്യക്ഷനും, പ്രബന്ധാവതാരകനുമായി. പൊതുജനങ്ങളേക്കാൾ ഏറെ മുമ്പേ നടക്കുന്ന ഈ മഹാനുഭാവൻ 1992 മുതൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്നു. 1998 മുതൽ സ്വന്തം വെബ്സൈറ്റുകൾ

ആരംഭിച്ച് ലോകനിലവാരത്തിൽ നടത്തികൊണ്ടുപോകുന്നു. ധാരാളം രൂപതകളും പള്ളികളും സഭാസ്ഥാപനങ്ങളും വെബ്സൈറ്റ് ആരംഭിച്ചത് പ്രൊഫ. മേനാച്ചേരിയുടെ നേതൃത്വത്തിലായിരുന്നു.

പ്രൊഫ. മേനാച്ചേരിയുടെ സപ്തതി ആഘോഷിക്കാൻ ഞങ്ങൾ നിർബ്ബന്ധിച്ചപ്പോൾ അദ്ദേഹം മുന്നോട്ടുവെച്ച നിർദ്ദേശം ആഘോഷം അത്രപ്രധാനമല്ല എന്നും താൻ നടന്ന വഴികളിലൂടെ സഞ്ചരിക്കാൻ നാട്ടുകാരെ പ്രചോദിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് അഭികാമ്യം എന്നുമായിരുന്നു. കലാലയ വിദ്യാർത്ഥികൾക്കായി മാധ്യമ ശില്പശാല, വയോജനങ്ങൾക്കു സമ്പൂർണ്ണ ഐ.ടി. സാക്ഷരതായജ്ഞം, ചരിത്രസാംസ്ക്കാരിക പ്രദർശനം, ആനകളും നാടൻ വാദ്യങ്ങളും, പൂരവും പെരുന്നാളും പട്ടുകുടയും ഒക്കെയായി ഘോഷയാത്ര, ദേശീയഅന്തർദേശീയ സെമിനാറുകൾ, സപ്തതിഗ്രന്ഥങ്ങൾ, സപ്തതി വെബ്സൈറ്റ്, കോളേജ് ലൈബ്രറികൾക്ക് അപൂർവ്വഗ്രന്ഥസമർപ്പണം, ഉദ്ഘാടനം, സമാപനം എന്നു തുടങ്ങി ഒരു ഡസൻ ബൃഹത്പദ്ധതികൾ അങ്ങനെ വാർന്നുവീണു.

അനന്യവും അപൂർവും പാരമ്പര്യഗരിമയാർന്നതുമായ ഒരു സപ്തതിക്ക് തൃശൂർ സാക്ഷ്യം വഹിച്ചത് അങ്ങനെയാണ്. അതുകൊണ്ടാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ വലിയ കാര്യങ്ങളുടെ തമ്പുരാൻ എന്ന് ഈ ലേഖകൻ വിശേഷിപ്പിക്കുന്നത്.



മാതാപിതാക്കളുടെ വിവാഹം

# ഷെവലിയാർ
# പ്രൊഫ. ജോർജ്ജ് മേനാച്ചേരി

**ഡോ. കെ.കെ. രാഹുലൻ**

പ്രഗത്ഭനായ ഒരു ഇംഗ്ലീഷ് പ്രൊഫസർ അതിപ്രശസ്തനായ ഒരു വലിയ ചരിത്രഗവേഷകനായി മാറി വന്ന അത്യപൂർമായ ഒരു മെറ്റാമോർഫോസിസ്സ് ആണ് ഷെവലിയാർ പ്രൊഫ. ജോർജ്ജ് മേനാച്ചേരി എന്ന മഹാനായ വ്യക്തിയുടെ ജീവിതത്തിൽ നാം കാണുന്നത്. മഹാനായ അദ്ധ്യാപകൻ, വിഖ്യാതനായ ഗവേഷകൻ, അജയ്യനായ ചരിത്രപണ്ഡിതൻ, ഊർജ്ജ്വസ്വലനായ കലാ സാംസ്ക്കാരിക പ്രവർത്തകൻ, ശക്തനായ പത്രാധിപർ, സർഗ്ഗധനനായ സഭാചരിത്രകാരൻ, വിഖ്യാതനായ ലോകസഞ്ചാരി, നല്ല സംഘാടകൻ, ഗ്രന്ഥകർത്താവും, പ്രസാധകനും, സ്നേഹസമ്പന്നനായ ഒരു സുഹൃത്ത്, സർവ്വോപരി ഒരു ജൻറിൽമേൻ, ഇതെല്ലാമാണ് ആദരണീയനായ പ്രൊഫ. ജോർജ്ജ് മേനാച്ചേരി. ശാന്തപ്രകൃതിയായ പ്രൊഫ. മേനാച്ചേരിയെ എല്ലാവരും ഇഷ്ടപ്പെടും. സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറിൻെറ തലവനായിരിക്കുമ്പോൾ തന്നെ ക്രൈസ്തവസഭാ ചരിത്രരചനയിലും നിർമ്മാണത്തിലും പ്രസാധനത്തിലും ശാസ്ത്രീയമായി യുക്തിബോധത്തോടെ ശ്രദ്ധിച്ചിരുന്ന പ്രൊഫ. മേനാച്ചേരി, റിട്ടയർ ചെയ്തശേഷം മുഴുവൻ സമയവും ക്രൈസ്തവ ചരിത്രഗവേഷണത്തിൽ ചിലവഴിക്കാനും അമൂല്യങ്ങളായ നിരവധി  ചരിത്രഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനും സുപ്രധാനമായ പല ഗ്രന്ഥങ്ങളുടെ എഡിറ്ററായി മാറാനും കഴിഞ്ഞു. ക്രൈസ്തവ ദേവാലയങ്ങളുടെ ചരിത്രരചനയിൽ ഇത്രയധികം താല്പര്യമെടുത്തവർ കേരളത്തിൽ അധികമില്ല. ഇംഗ്ലീഷ് ഭാഷയിൽ നേടി എടുത്ത അഗാധമായപാണ്ഡിത്യം പ്രൊഫ. മേനാച്ചേരിയെ ഒരു വലിയ ചരിത്രഗ്രന്ഥകാരനാക്കി വളർത്തിയെടുക്കാൻ വളരെയധികം സഹായിച്ചു. കേരളത്തിലെ ക്രൈസ്തവരുടെ ചരിത്രത്തിലേക്കും ക്രൈസ്തവ

ശില്പങ്ങളിലേക്കും പള്ളിക്കലകളിലേക്കും വെളിച്ചം വീശുന്ന അത്യപൂർവും എതിർപ്പുള്ളതും ഇല്ലാത്തതുമായ പ്രശ്നങ്ങളിൽ രേഖകൾ ശേഖരിച്ച്നിരവധി ഗവേഷണങ്ങൾ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കാനുംപ്രൊഫ. മേനാച്ചേരിക്ക് കഴിഞ്ഞിട്ടുണ്ട്. 1973–82 വർഷങ്ങളിൽ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോ പീഡിയയുടെ രണ്ടു വാല്യങ്ങൾ 1991 ലെ ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് 2000ൽ പ്രസിദ്ധീകരിച്ച 8 ഇൻഡക്സുകളുള്ള ദി തോമാപീഡിയ എന്നിവ ലോകപ്രസിദ്ധങ്ങളായ ഇംഗ്ലീഷ് ഗ്രന്ഥങ്ങളാണ്. അതിൽ വിവിധങ്ങളായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിദേശങ്ങളിലേയും, കേരളത്തിലേയും പണ്ഡിതന്മാരായ നൂറുകണക്കിന് എഴുത്തുകാരുടെ സംഭാവനകൾ ഈ നാലു ഗ്രന്ഥങ്ങളിലും കണ്ടെത്താൻ കഴിയും. അങ്ങിനെ സെന്റ് തോമസിനെകുറിച്ചും, ക്രൈസ്തവ ദേവാലയങ്ങളെക്കുറിച്ചും പുറത്തിറങ്ങിയ പ്രധാനപ്പെട്ട ഗ്രന്ഥങ്ങളേയും ഗ്രന്ഥകാരന്മാരെയും വ്യത്യസ്തതയുള്ള ലേഖകൻമാരെയും പ്രൊഫ. മേനാച്ചേരി ഈ വിശിഷ്ട ഗ്രന്ഥങ്ങളിൽ നമ്മെ പരിചയപ്പെടുത്തുന്നു. ആരാധ്യനായ സെന്റ് തോമസ് കേരളം സന്ദർശിച്ചിട്ടുണ്ടോ ഇല്ലയോ എന്ന കാര്യം പല സ്ഥലത്തും ഇപ്പോഴും ചർച്ച ചെയ്യുകയാണ്. മഹാനായ പോപ്പ് തിരുമേനി പോലും അഭിപ്രായം പറഞ്ഞിട്ടുണ്ട്.

Did St. Thomas Really come to India എന്ന ലോകപ്രസിദ്ധ ചരിത്ര ഗവേഷകനായ H. Comes ന്റെ വിവാദപരമായ ലേഖനം ദി തോമോപീഡിയ എന്ന ഗ്രന്ഥത്തിൽ പ്രൊഫ. മേനാച്ചേരി എടുത്തു ചേർത്തിട്ടുണ്ട്. കേരളത്തിലെ ചരിത്രവിദ്യാർത്ഥികൾക്കു ഈ ലേഖനം പല പുതിയ വിജ്ഞാനവും പകർന്നുതരുന്നുണ്ട്.

സത്യസന്ധനായ ചരിത്ര ഗവേഷകൻ എന്ന നിലയ്ക്ക് പ്രൊഫ. മേനാച്ചേരിയുടെ പ്രത്യേക വ്യക്തിത്വത്തിന്റെ മുഖമുദ്രയാണിത്. ഒരു വിഷയത്തെക്കുറിച്ച് കിട്ടാവുന്നിടത്തോളം വ്യത്യസ്തമായ വിവരങ്ങൾ പോലും കണ്ടെത്തി അതെല്ലാം വായനക്കാരന്റെ മുമ്പിൽ അവതരിപ്പിക്കാൻ പ്രൊഫ. മേനാച്ചേരി കാണിച്ച ആർജ്ജവബോധത്തെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല. ചരിത്രകാരന്റെ ധർമമതാണ്. ഇതാ ലോകത്തു പരന്നു കിടക്കുന്ന വ്യത്യസ്ഥങ്ങളായ രേഖകൾ, വായിക്കൂ, പഠിക്കൂ, എന്നിട്ട് താങ്കൾ അഭിപ്രായം രൂപീകരിക്കൂ എന്നാണ് പ്രൊഫ. മേനാച്ചേരി പറയുന്നത്. മേനാച്ചേരിയെ മഹാനായ ചരിത്രഗവേഷനകനാക്കി മാറ്റുന്നത് അത്യന്തം സത്യസന്ധമായ സമീപനമാണ്.

സുപ്രസിദ്ധ ആംഗ്ലോ ഇന്ത്യൻ ചരിത്രകാരനായ പി. തോമസ്, വിദ്യാഭ്യാസ വിദഗ്ധനായ എൽ.എം. പൈലി, ചിന്തകനായ ജോസഫ്

കൊളെങ്ങാടൻ, ബഹു. കർദ്ദിനാൾ വർക്കി വിതയത്തിൽ, ഭാഷാ പണ്ഡിതനായ ടി.എം. ചുമ്മാർ തുടങ്ങിയവരുടെയെല്ലാം സുചിന്തിതങ്ങളായ അഭിപ്രായങ്ങളെ ഈ ഗ്രന്ഥത്തിൽ പകർത്താൻ പ്രൊഫ. മേനാച്ചേരിക്കു കഴിഞ്ഞിരിക്കുന്നു. ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ വരുന്നതിന് എത്രയോ മുമ്പ് തന്നെ സെയിന്റ് തോമസിൻെറ വരവിനു ശേഷം ഭാരതീയ ജീവിതത്തിനും കേരള സംസ്കാരത്തിനും ഉണ്ടായ മാറ്റങ്ങള പി. തോമസ് വിലയിരുത്തുന്നുണ്ട്. സെന്റ് തോമസ് ഒന്നാം നൂറ്റാണ്ടിൽ ഇവിടെ വന്നുവെന്നും, അദ്ദേഹം കേരളീയ സമൂഹത്തിൻെറ സ്നേഹാദരങ്ങൾക്ക് പാത്രീഭൂതനായെന്നും ക്രൈസ്തവ ചിന്തകൾ ബ്രിട്ടീഷുകാർ വരുന്നതിന് മുമ്പ് തന്നെ ഇവിടെ സ്വാധീനം ചെലുത്തിയിരുന്നുവെന്നും പി. തോമസ് വ്യക്തമാക്കുന്നു.

സെന്റ് തോമസിൻെറ കേരള സന്ദർശനത്തിൻെറയും തുടർന്നുണ്ടായ വിപുലമായ മതപരിവർത്തനത്തിന്റെയും സത്യങ്ങൾ ഈ ലേഖനങ്ങളിൽ കൂടി വായനക്കാരന് ലഭിക്കുന്നു. കേരള ചരിത്രത്തിലെ ഇത്തരം സംഭവങ്ങളെ സത്യസന്ധമായി വിശദീകരിക്കാൻ ചരിത്രഗവേഷകനായ പ്രൊഫ. മേനാച്ചേരിക്കു കഴിഞ്ഞിരിക്കുന്നു. ചരിത്രവിദ്യാർത്ഥികൾ തീർച്ചയായും പ്രൊഫ. ജോർജ്ജ് മേനാച്ചേരിയോട് കടപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം.

പണ്ഡിതനായ പ്രൊഫ. മേനാച്ചേരി ഇപ്പോൾ കേരള ചരിത്രവും സംസ്ക്കാരവും ക്രിസ്ത്യൻ കലകളും ശില്പങ്ങളും കേരളചരിത്രവും എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കയാണ്. ബാംഗ്ലൂർ ധർമ്മാരാമിൽ ഗവേഷണവിദ്യാർത്ഥിയായി പ്രവർത്തിച്ചു വരുന്നു.

ദേശീയ അന്തർദേശീയ തലങ്ങളിൽ വിദ്യാഭ്യാസം, ചരിത്രം, സഭാചരിത്രം, എന്നീ വിഷയങ്ങളിലുള്ള നിരവധി സെമിനാറുകളിൽ ഗവേഷണപ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുള്ള പ്രൊഫ. മേനാച്ചേരി പതിനഞ്ചോളം മ്യൂസിയങ്ങളും, എക്സിബിഷനുകളും സംഘടിപ്പിക്കുന്നതിനായി നേതൃത്വം നൽകിയിട്ടുണ്ട്. 1964-72 കാലങ്ങളിൽ കാത്തലിക് ന്യൂമൻ അസ്സോസിയേഷൻെറ ദേശീയ പ്രസിണ്ടായി സേവനം നടത്തിയിട്ടുണ്ട്. ഇരുപത്തിമൂന്നോളം വിദേശ രാജ്യങ്ങളിൽ പര്യടനം നടത്തിയിട്ടുള്ള സുപ്രസിദ്ധ ചരിത്രകാരനായ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ നിരവധി വിദേശ സർകലാശാലകൾ ഗവേഷണ പ്രസംഗങ്ങൾ അവതരിപ്പിക്കാനായി ക്ഷണിച്ചിട്ടുണ്ട്. ഇപ്പോൾ വിപുലമായ ഒരു ഇന്ത്യൻ ക്രിസ്ത്യൻ മ്യൂസിയം പണിതുയർത്താനുള്ള വമ്പിച്ച പ്രവർത്തനത്തിലാണ് പ്രൊഫസർ ഏർപ്പെട്ടിരിക്കുന്നത്. അതോടൊപ്പം ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് എന്നീ രണ്ട് വിശ്വോത്തരഗ്രന്ഥങ്ങളുടെ രചനയിലും

പ്രൊഫ. ജോർജ്ജ് മേനാച്ചേരി മുഴുകിയിരിക്കുന്നു.

കേരള സഭയുടെ ചരിത്ര ഗവേഷണത്തിൽ അമൂല്യമായ സംഭാവനകൾ നൽകിയ ചരിത്ര ചിന്തകനും മഹാനായ അദ്ധ്യാപകനുമായ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ അദ്ദേഹത്തിന്റെ സപ്തതി ആഘോഷവേളയിൽ ഷെവലിയാർ പദവി നൽകി ആദരിക്കാൻ സഭ തയ്യാറായത് ഔചിത്യപൂർണ്ണമായ നല്ലൊരു നടപടിയായി എന്ന കാര്യത്തിൽ സംശയമില്ല. സാംസ്ക്കാരിക കേരളം, പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ഈ അനശ്വരമായ സ്ഥാനലബ്ധിയിൽ അനുമോദിക്കുകയും ആ പണ്ഡിത ശ്രേഷ്ഠന് സപ്തതി മംഗളം നേരുകയും ചെയ്യുന്നു.



അപ്പാപ്പൻ എം.എൽ തോമ,
കൊച്ചി രാജകീയ ഡർബാറിൽ



അമ്മാമ്മ ഏല്യാക്കുട്ടി



മാതാപിതാക്കൾ

# സൗഹൃദത്തിന്റെ സുഗന്ധം

വേലായുധൻ പണിക്കശ്ശേരി

അന്യോന്യം അറിയുമായിരുന്നുവെങ്കിലും പ്രൊഫ. മേനാച്ചേരിയുടെയും എൻെറയും ഹൃദയങ്ങൾ തമ്മിൽ അടുത്തത് എഴുപതുകളിൽ ആർക്കിയോളജിയുടെ സ്റ്റേറ്റ് അഡ്വൈസറി ബോർഡിൽ ഒന്നിച്ച് പ്രവർത്തിക്കുവാനുള്ള അവസരം ലഭിച്ചപ്പോഴാണ്. ഇരുവരും തൃശൂർ ജില്ലയിൽ നിന്നുള്ളവരായിരുന്നതിനാലും കൈകാര്യം ചെയ്തിരുന്ന വിഷയങ്ങൾ അന്യോന്യം താല്പര്യമുള്ളതായിരുന്നതിനാലും ഞങ്ങൾക്ക് അവതരിപ്പിക്കാനുള്ള വിഷയങ്ങൾക്ക് സമാനതകളുണ്ടായിരുന്നതിനാലും സ്വാഭാവികമായും ഞങ്ങൾ കൂടുതൽ അടുത്തു. കൂട്ടായി ആലോചിച്ചതിനു് ശേഷമേ ഓരോ വിഷയവും ഞങ്ങൾ യോഗത്തിൽ അവതരിപ്പിച്ചിരുന്നുള്ളു. ഡോ.എം.ജി.എസ്. നാരായണൻ, ഡോ. ടി. കെ. രവീന്ദ്രൻ, ഡോ. ജോൺ ഓച്ചൻതുരുത്ത് എന്നിവരായിരുന്നു ഉപദേശക സമിതിയിലെ മറ്റ് അംഗങ്ങൾ.

അന്നത്തെ ആർക്കിയോളജി വകുപ്പിന്റെ ഡയറക്ടർ വ്യക്തിപരമായി നല്ല മനുഷ്യനായിരുന്നുവെങ്കിലും പുരാതത്വ കാര്യങ്ങളിൽ വേണ്ടത്ര അവഗാഹമോ, താല്പര്യമോ ഉള്ള വ്യക്തിയായിരുന്നില്ല. ആർക്കിയോളജിയുടെ വിപുലമായ സാദ്ധ്യതകളെക്കുറിച്ചും ചരിത്ര രചനയ്ക്ക് അത് ഏതെല്ലാം തരത്തിൽ സഹായകമാകും എന്നതിനെക്കുറിച്ചും വലിയ പിടിപാടൊന്നും ഉണ്ടായിരുന്നില്ല അദ്ദേഹത്തിന്. എങ്ങനെയോ വഴി തെറ്റി വന്നതാണ് ആ സ്ഥാനത്ത്. അതിനാൽ ഈ ഡിപ്പാർട്ടുമെന്റിൽ കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടന്നിരുന്നില്ല. ഈ ദുസ്ഥിതി മാറ്റിയെടുക്കാൻ ഞങ്ങൾ കൂട്ടായി ആലോചിച്ച് പുരാതത്വവകുപ്പിന് ഒരു പ്രവർത്തനരേഖ തയ്യാറാക്കി. ഉടനെ നടപ്പാക്കേണ്ടതും ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേ

ണ്ടതും എന്ന രീതിയിൽ അത് രണ്ടായി തിരിച്ചു. വകുപ്പു മന്ത്രി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആ രേഖ അവതരിപ്പിച്ച് അംഗീകരിപ്പിക്കാൻ കഴിഞ്ഞതിലും പിൻക്കാലപ്രവർത്തനങ്ങൾക്ക് അതൊരു മാർഗ്ഗരേഖയായി സ്വീകരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയതിലും ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്.

ശാസ്ത്രീയമായ ചരിത്രരചനയ്ക്ക് സഹായകമായ വളരെയേറെ ഉപദാനങ്ങൾ മണ്ണിനടിയിലും വെള്ളത്തിലും മറഞ്ഞു കിടക്കുന്നുണ്ടെന്നും അവയെല്ലാം ശാസ്ത്രീയമായി ഉൽഖനനം നടത്തി പുറത്തെടുത്ത് അപഗ്രഥനം നടത്തിയാലേ യഥാർത്ഥചിത്രം ലഭിക്കൂവെന്നും കാര്യകാരണസഹിതം ഓരോ യോഗത്തിലും പ്രൊഫ. മേനാച്ചേരി ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. സ്വകാര്യവ്യക്തികളുടെ അത്യാർത്തിമൂലവും അറിവില്ലായ്മമൂലവും അപൂർങ്ങളായ പല ചരിത്രലക്ഷ്യങ്ങളും സ്മാരകങ്ങളും ദിനംപ്രതി നശിച്ചുകൊണ്ടിരിക്കുകയാണെന്നും അവ സംരക്ഷിക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചുകൊണ്ടിരുന്നു. സംരക്ഷണം അർഹിക്കുന്ന അത്തരം ചരിത്രസ്മാരകങ്ങളുടെ നീണ്ട പട്ടികതന്നെ അദ്ദേഹം ഹാജരാക്കിയിരുന്നു. അതിൽ അടിയന്തിരശ്രദ്ധ അർഹിക്കുന്നവയെ പ്രത്യേകം ചൂണ്ടിക്കാണിച്ചിരുന്നു.

ഉപദേശക സമിതി യോഗങ്ങളിൽ ഞാൻ ഉന്നയിച്ചിരുന്ന പ്രശ്നങ്ങൾക്ക് ഉറച്ച പിന്തുണ അദ്ദേഹം നൽകിയിരുന്നു. അഞ്ച് ഏക്കർ സ്ഥലത്ത് തകർന്നു കിടക്കുന്ന ചേറ്റുവയിലെ ഡച്ചു കോട്ടയുടെ അവശിഷ്ടങ്ങൾ, അധികൃതരുടെ അനാസ്ഥമൂലവും നാട്ടുകാരുടെ അത്യാർത്തിമൂലവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ദുസ്ഥിതിക്ക് ഉടനടി പരിഹാരമുണ്ടാക്കാൻ ഞാൻ അവതരിപ്പിച്ച പ്രമേയത്തിന്, പ്രൊഫസർ ശക്തമായ പിന്തുണ നൽകി സംസാരിച്ചതും, സത്വരനടപടികൾക്ക് മന്ത്രി ഉത്തരവിട്ടതും എന്റെ ഓർമ്മയിൽ ഓടിയെത്തുന്നു. അങ്ങനെ പലതും. ആഗോള പ്രശസ്തിയാർജ്ജിച്ച ചരിത്രകാരനെന്നയാതൊരു തലക്കനവും അദ്ദേഹത്തിനില്ല. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുമായി ഏതാനും മണിക്കൂറുകൾ സംസാരിച്ചാൽ, വലിയൊരു റഫറൻസ് ലൈബ്രറിയിൽ മാസങ്ങളോളം ചെലവഴിച്ചാൽ പോലും ലഭിക്കാത്തത്ര അറിവുകൾ നമുക്ക് കൈവരും. എത്ര തിരക്കുകൾക്കിടയിലും സംശയ നിവാരണത്തിനായി വരുന്ന ചരിത്രാന്വേഷകരെ അദ്ദേഹം ഒരിക്കലും നിരാശരാക്കാറില്ല. പ്രഗൽഭനായ ഒരദ്ധ്യാപകന്റെ അപഗ്രഥനപാടവത്തോടെ എല്ലാ സംശയങ്ങളും അദ്ദേഹം ദുരീകരിച്ചുകൊടുക്കും.

പ്രൊഫ. ജോർജ്ജ് മേനാച്ചേരി കൈകാര്യം ചെയ്തിട്ടുള്ള വിഷയങ്ങളുടെ വൈവിദ്ധ്യവും സംഭാവന ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളുടെ

വൈപുല്യവും ആധികാരികതയും പരിഗണിക്കുമ്പോൾ ഇതെല്ലാം ഒരു വ്യക്തിക്ക് ഒറ്റയ്ക്ക് ചെയ്യാൻ കഴിയുമോയെന്ന് അത്ഭുതപ്പെട്ടു പോകും. എത്ര ഗഹനമായ വിഷയവും അത്യാകർഷകമായി അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെകഴിവ് അസൂയാവഹമാണ്. ക്ഷീണിക്കാത്ത മനീഷയും മഷിയുണങ്ങിടാത്ത പൊൻപേനയുമായി ഭാരത സഭയുടെയും കേരളസഭയുടെയും അറിയപ്പെടാത്ത കോണുകളിലേയ്ക്ക് സത്യത്തിന്റെ നേർവെളിച്ചം കാണിക്കാൻ സപ്തതിയിലും അക്ഷീണം പ്രയത്നിക്കുന്ന എന്റെ പ്രിയ സുഹൃത്തിന് ആയിരം പ്രണാമങ്ങൾ.



പ്രദർശനോദ്ഘാടനം 1971



വിവാഹം ഒക്ടോബർ 19, 1966



അപ്പാപ്പന്റെ ശവസംസ്കാരത്തിന് മുമ്പ് 1934

# ജോർജ്ജ് മേനാച്ചേരി;
# വിനയപാണ്ഡിത്യങ്ങളുടെ സഹചാരി

**ജോസഫ് മൂഞ്ഞേലി**

സംപൂജ്യനായ മോൺ. സക്കറിയാസ് വാഴിപ്പിള്ളിയുടെ ജ്യേഷ്ഠ സഹോദരൻ ബഹുമാന്യനായ മുൻ തൃശൂർ ഡെപ്യൂട്ടികളക്ടർ ശ്രീ. വി.പി. ജോർജ്ജ് അവർകളുടെ പുത്രി മാഗിയും തൃശൂർ സെന്റ് തോമസ് കോളെജ് പ്രഫസർ ശ്രീ. ജോർജ്ജ് മേനാച്ചേരിയും തമ്മിലുള്ള വിവാഹം സമംഗളം നടന്നതോടെയാണ് ഞാൻ ശ്രീ. മേനാച്ചേരിയെ ആദ്യമായി കാണുന്നതും അടുത്തറിയുന്നതും. ബഹുമാനപ്പെട്ട സക്കറിയാസച്ചൻെറയും സ്നേഹമുള്ള ജോർജ്ജ് ചേട്ടൻെറയും പുത്തൻവേലിക്കരയിലെ തറവാട്ട് വസതിയുടെ അടുത്ത അയൽവാസിയും അകന്ന ബന്ധുവുമാണ് ഞാൻ. അതുകൊണ്ട് ശ്രീ മേനാച്ചേരിയുമായി കൂടുതൽ പരിചയപ്പെടാനും, അദ്ദേഹത്തിൻെറ സഭാ സാമൂഹ്യപ്രവർത്തനങ്ങളുമായി ഇടപഴകാനും കഴിഞ്ഞു. കൂടാതെ, 1952 മുതൽ കാൽനൂറ്റാണ്ട് കാലം ഫാദർ വടക്കൻെറ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിഞ്ഞതിലൂടെ തൃശൂർ പട്ടണവുമായി കൂടുതൽ ബന്ധപ്പെടുവാൻ സാധിച്ചതുകൊണ്ട് ശ്രീ മേനാച്ചേരിയുമായി വലിയ തോതിൽ സൗഹൃദം പങ്കിടുവാനും എനിക്കു കഴിഞ്ഞിട്ടുണ്ട്.

ക്രൈസ്തവ ചരിത്ര പഠന വിശകലന രചന പ്രസാധനമേഖലകളിലെ അദ്വിതീയ സാന്നിദ്ധ്യമായി ശ്രീ മേനാച്ചേരിയുടെ വ്യക്തിത്വം ഇതിനകം വളർന്നു പടർന്നു പന്തലിച്ചിരിക്കുന്ന കാഴ്ചയാണ് നമുക്ക് ഇന്ന് കാണാൻ സാധിക്കുന്നത്. വിശേഷിച്ച്, നസ്രാണി ക്രിസ്ത്യാനികളുടെ ചരിത്രപരമായ അസ്ഥിത്വത്തെ ചോദ്യം ചെയ്യുന്ന ചില സംഘടിത നീക്കങ്ങൾക്കെതിരെ അദ്ദേഹത്തിന്റെ സംഭാവനകൾക്ക് കേരളത്തിലെ നസ്രാണി സമൂഹം അത്രമാത്രം അദ്ദേഹത്തോട്

കടപ്പെട്ടിരിക്കുന്നു എന്നത് ഒരു നിസ്തർക്കവസ്തുതയാണ്.

മേൽപ്പറഞ്ഞ ക്രൈസ്തവചരിത്രമേഖലയിലെ ശ്രീ മേനാച്ചേരിയുടെ സംഭാവനകൾ, അതിന്റെ പഠനസമീപനങ്ങളുടെ ശാസ്ത്രീയത കൊണ്ടും, സത്യസന്ധതകൊണ്ടും കേരളത്തിന്റെ അഥവാ ഭാരതത്തിന്റെ സെക്കുലർ ചരിത്രമേഖലയ്ക്കുതന്നെ ഈടുറ്റ മുതൽകൂട്ടായി വരുംകാലപഠിതാക്കളും ചിന്തകരും ഏറ്റുവാങ്ങും എന്നത് അവിതർക്കിതമാണ്. ശ്രീ മേനാച്ചേരിയുടെ ചരിത്രസംഭാവനകളുടെ ആഴത്തിലുള്ള വിശകലനം ഈ ചെറുലേഖനത്തിന്റെ ലക്ഷ്യമല്ല എന്നുള്ളതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല.

മറ്റൊന്നുള്ളത്, താരതമ്യേന ചരിത്രാന്വേഷണത്തിലും, ചരിത്രപഠന ഗവേഷണത്തിലും താല്പര്യക്കുറവ് കാണിക്കുന്ന വടക്കൻ തിരുവിതാംകൂറുകാരായ നസ്രാണികൾക്ക് അക്കാര്യത്തിൽ ഒരു സവിശേഷമായ പ്രചോദനം നൽകി ഉണർത്തുന്നതിൽ ശ്രീ മേനാച്ചേരി കാണിച്ച ഔത്സുക്യം എടുത്തു പറയത്തക്കതാണ് എന്നുള്ളതാണ്. നമ്മുടെ പുതുതലമുറയുടെ മനസ്സുകളിൽ ചരിത്രാവബോധത്തിൻെറ ചില തീപ്പൊരികൾ വിതറാൻ അദ്ദേഹത്തിന്റെ പ്രതിഭാപൂർണ്ണമായ പ്രയത്നങ്ങൾക്കായിട്ടുണ്ട് എന്നത് ഒരു വലിയ സത്യമാണ്. ആ തീപ്പൊരികൾ തീപ്പന്തങ്ങൾ ആകുന്നത് അനതിവിദൂരഭാവിയിൽ നിശ്ചയമായും നമുക്ക് കാണുവാൻ സാധിക്കും എന്ന് ന്യായമായും പ്രതിക്ഷിക്കാം.

ഇതിനെല്ലാമുപരി, ശ്രീ മേനാച്ചേരിയുമായുള്ള സമ്പർക്കത്തിൽ തെളിഞ്ഞു കാണുന്ന ഒരു പ്രത്യേകത, അദ്ദേഹത്തിന്റെ കുലീനമായ വിനയവും ലാളിത്യവുമാണ്. പാണ്ഡിത്യത്തിന്റെ പരകോടിയിൽ നിൽക്കുമ്പോഴും, പ്രശസ്തിയുടെ പാരമ്യത്തിൽ നിൽക്കുമ്പോഴും, സഭാസൂരികളുടെ സാമിപ്യത്തിലായിരിക്കുമ്പോഴും തറവാടിത്തം എന്ന പദത്തിൻെറ സമസ്താർത്ഥങ്ങളും അന്വർത്ഥമാക്കുന്ന ഒരു ദിവ്യസാമർത്ഥ്യം അദ്ദേഹത്തെ തഴുകിയൊഴുകുന്നു എന്നത് പ്രൊഫസറെ വ്യത്യസ്തനാക്കുന്ന പ്രതിഭയുടെ പ്രഭയും പരിവേഷവുമാണ്. പ്രൊഫസറുടെ സഹധർമ്മിണിയായ മാഗിയുടെ തറവാട്ടുദേശം എന്ന നിലയിൽ അദ്ദേഹത്തിനു പുത്തൻവേലിക്കരയുമായുണ്ടായ അടുപ്പം ഞങ്ങൾ പുത്തൻവേലിക്കരക്കാരെ ഒരുപാട് വളർത്തിയിട്ടുണ്ട് എന്നതുപോലെ ആ ബന്ധം അദ്ദേഹത്തെയും നല്ലൊരളവിൽ വളർത്തിയിട്ടുണ്ട് എന്നാണ് എൻെറ അഭിപ്രായം. സംപൂജ്യനായ സക്കറിയാസച്ചന്റെ അനുഗ്രഹവും അദ്ദേഹത്തിന് ആവോളമുണ്ട് എന്നു വിശ്വസിക്കുന്നവനാണ് ഞാൻ.

ആദരണീയനായ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയുമായി

ബന്ധപ്പെടുവാൻ ഈ അടുത്ത കാലത്ത്, പക്ഷാഘാതം വന്ന് പൂർണ്ണ വിശ്രമത്തിലായതുമൂലം, എനിക്കു കാര്യമായി സാധിക്കാറില്ല എന്നത് വിഷമജന്യമായ ഒരു കാര്യമാണ്. എങ്കിലും, മകൻ എഫ്രേം അദ്ദേഹവുമായി പല സാഹചര്യങ്ങളിലും ഒരുമിക്കാറുണ്ട് എന്നുള്ളതും, ഏറെ ബഹുമാനാദരവുകളോടെ അദ്ദേഹത്തെക്കുറിച്ച് സംസാരിക്കാറുള്ളതും എനിക്ക് സന്തോഷം തരുന്ന കാര്യമാണ്. എന്റെ പൊതുപ്രവർത്തനമേഖലകളിലും, മറ്റെല്ലാ രംഗങ്ങളിലും ശ്രീ മേനാച്ചേരി തന്നിട്ടുള്ള പിന്തുണയും സഹകരണവും, നിറഞ്ഞ നന്ദിയോടെ ഞാൻ ഓർക്കുന്നു. കൈകൊണ്ട് എഴുതാനാവാത്തത് കൊണ്ട് മകൻ എഫ്രേമാണ് എനിക്കുവേണ്ടി ഇതു കുറിക്കുന്നത്.

സപ്തതിയുടെ സന്തോഷത്തിലേയ്ക്ക് സംതൃപ്തിയോടെ പ്രവേശിക്കാൻ പ്രഫസർ മേനാച്ചേരിക്ക് സാധിക്കട്ടെയെന്നും, ആയു രാരോഗ്യസമ്പന്നതയോടെ സപ്തിയിൽനിന്ന് ശതാഭിഷിക്തിയിലേയ്ക്കും നവതിയിലേയ്ക്കും സർവ്വശക്തൻ വഴിനടത്തട്ടെയെന്നും, ഒപ്പം സഭയുടെ അഭിമാനതനയൻ എന്ന നിലയിൽ ഒരു ഷെവലിയർ സ്ഥാനം അദ്ദേഹത്തിനു കരഗതമാകട്ടെയെന്നും പ്രാർത്ഥനാപൂർം ആശംസിക്കുന്നു.



പഴയ ഐഎൽ ബുക്സ് കെട്ടിടം



പിതാവ് ഇ.ടി. ജോസഫ് മുൻകൈയ്യെടുത്ത്
സ്ഥാപിച്ച അഞ്ചേരി സഹകരണ ബാങ്ക്

# പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ ജീവിതദൗത്യം

**ഡോ. തോളൂർ ശശിധരൻ**

സ്വകാര്യ കോളെജ് അദ്ധ്യാപക പ്രസ്ഥാനമായ എ.കെ.പി.സി. ടി.എയുടെ പ്രവർത്തകരെന്ന നിലയിലാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും ഞാനും പരസ്പരം പരിചയപ്പെടുന്നതും കഴിഞ്ഞ 30 വർഷക്കാലമായി സൗഹൃദം പങ്കിടുന്നതും. നാട്ടിക എസ്.എൻ. കോളെജിലെ എ.കെ.പി.സി.ടി.എ യൂണിറ്റ് സെക്രട്ടറിയും തുടർന്ന് രണ്ടു വർഷം തൃശൂർ ജില്ലാ പ്രസിഡണ്ടുമായിരുന്ന എനിക്ക് മേനാച്ചേരിയുമായി നല്ല ബന്ധം പുലർത്താൻ കഴിഞ്ഞിരുന്നു.

എ.കെ.പി.സി.ടി.എ പ്രവർത്തനങ്ങൾക്ക് നല്ല പിന്തുണ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും അദ്ദേഹത്തിൻറ നേതൃത്വത്തിലുണ്ടായിരുന്ന സെൻറ് തോമസ് കോളെജ് സ്റ്റാഫ് അസ്സോസിയേഷനും (എ.കെ. പി.സി.ടി.എ യൂണിറ്റ്) നൽകി വന്നിരുന്നു. സ്റ്റേറ്റ് കൗൺസിൽ യോഗങ്ങൾക്ക് എറണാകുളത്തേയ്ക്ക് ഞങ്ങൾ പലപ്പോഴും ഒരുമിച്ചാണ് പോയിവന്നിരുന്നത്. സംഭാഷണചാതുര്യം വേണ്ടുവോളമുള്ള മേനാച്ചേരി ഇംഗ്ലീഷിലെ നർമ്മങ്ങൾ പലതും പുനരാവിഷ്ക്കരിച്ചു ഞങ്ങളെ രസിപ്പിച്ചിരുന്നു.

തുടർന്ന് ഞാൻ എ.കെ.പി.സി.ടി.എ സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം ഞാൻ കോഴിക്കോട് സർകലാശാല മേഖലയിലെ എ.കെ.പി.സി.ടി.എ യൂണിറ്റുകളുടെ കമ്മിറ്റിയുടെ സെക്രട്ടറിയുമായിരുന്നു. അക്കാലത്ത് കോഴിക്കോട് സർവ്വകലാശാലയുടെ സ്റ്റാച്യൂട്ടറി ഫിനാൻസ് കമ്മിറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പു വന്നു. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റു കഴിഞ്ഞാൽ പ്രാധാന്യമുള്ള കമ്മിറ്റി. അതിൽ നോട്ടമിട്ടുകൊണ്ട് പലരും എൻെറ പിന്തുണ തേടിയി

രുന്നു. ഞാനും ജില്ലാ സെക്രട്ടറിയായിരുന്ന പ്രൊഫ. എം. കെ. പത്മനാഭനും (സെൻറ് തോമസ് കോളെജിലെ ഫിസിക്സ് പ്രൊഫസർ) ഒരുമിച്ചുനിന്നുകൊണ്ടു പ്രവർത്തിച്ചതിനാൽ മേനാച്ചേരിയുടെ സ്ഥാനാർത്ഥിത്വം ഉറപ്പാക്കാൻ എനിക്കു സാധിച്ചു. അതിനാവശ്യമായ കത്തിടപാടുകൾ സംസ്ഥാനതലത്തിൽ നടത്തിയതും ഞാൻ തന്നെയായിരുന്നു. കർമ്മകുശലനായ പ്രൊഫ. മേനാച്ചേരിയുടെ പ്രവർത്തനം അദ്ദേഹത്തിനു അനായാസവിജയം നേടിക്കൊടുത്തു. സർവ്വകലാശാല സെനറ്റിൻെറ പ്രതിനിധിയായിട്ടാണദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. സെനറ്റിലും അദ്ദേഹത്തിൻെറ പ്രവർത്തനം സ്തുത്യർഹമായിരുന്നു. പിന്നീട് രണ്ടു തവണ ഞാൻ സംസ്ഥാന വൈസ് പ്രസിഡണ്ടായപ്പോഴും ട്രഷററായപ്പോഴുമൊക്കെ എൻെറ സംഘടനാപ്രവർത്തനങ്ങൾക്ക് വൻപിന്തുണയാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും, സെൻറ് തോമസ് കോളെജ് അദ്ധ്യാപകരും എനിക്കു നൽകിയിരുന്നത്. സെനറ്റ് മെമ്പർസ്ഥാനം അവസാനിച്ചതോടെ സംഘടനാപ്രവർത്തനം അദ്ദേഹം കുറച്ചതായാണ് കണ്ടത്. കൂടുതൽ സമയം ചരിത്രത്തിനുവേണ്ടിയാണ് ഇംഗ്ലീഷ് അദ്ധ്യാപകനായ മേനാച്ചേരി നീക്കിവെച്ചത്.

സെൻറ് തോമസ് എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യയുടെ വാല്യം- II ആണ് മേനാച്ചേരി ആദ്യം പ്രസിദ്ധീകരിച്ചത്. ലോകപ്രസിദ്ധമായ ''എൻസൈക്ലോപീഡിയ ബ്രിട്ടാണിക്ക'' തുടങ്ങിയ റഫറൻസ് ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം നൂറുകണക്കിനു ഫുൾടൈം പണ്ഡിതന്മാർ കഠിനമായി അദ്ധ്വാനിച്ചാണ് നിർവ്വഹിക്കുന്നത്. അങ്ങനെയുള്ള 3 വാല്യങ്ങൾ ഒറ്റയ്ക്ക് ഒരു താപസനെപോലെ സ്വന്തം ജീവിതം പണയംവെച്ചാണ് അദ്ദേഹം പ്രസിദ്ധീകരിച്ചത്. കത്തോലിക്ക സഭയുടെ പിന്തുണയും പ്രോത്സാഹനവും അവസാനഘട്ടത്തിൽ തേടി വന്നതിനാൽ അദ്ദേഹം സാമ്പത്തികമായി തകർന്നില്ലെന്നു മാത്രം. ആ മേഖലയിൽ ഒരുപക്ഷേ 'വിജ്ഞാനം' മലയാളം എൻസൈക്ലോപീഡിയ എഡിറ്ററായിരുന്ന മാത്യു എം. കുഴിവേലി സാർ കഴിഞ്ഞാൽ അതികായനായി നിലനിൽക്കുന്നത് മേനാച്ചേരി മാത്രമാണ്. അസൂയാർഹമായ ഒരു ഉശിരൻ വിജയമാണ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയയുടെ പ്രസിദ്ധീകരണം.

അതിനിടെ മലയാള മനോരമയുടെ പ്രതിനിധിയായി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ സ്ഥാനാരോഹണം റിപ്പോർട്ടുചെയ്യാൻ റോമിലെത്തിയ മേനാച്ചേരിക്ക് തന്റെ കൃതിക്ക് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കാനും തെറ്റുകൾ ഒഴിവാക്കാനും കഴിഞ്ഞതും ഗ്രന്ഥത്തിനു പരിശുദ്ധ പിതാവിൻെറ അനുഗ്രഹം നേടാൻ കഴിഞ്ഞതും ഭാഗ്യമായി. അതിന്റെയൊക്കെ വിജയവൈജയന്തിയാണ് ഷെവലിയാർ പദവി അദ്ദേഹത്തെ തേടിയെത്തിയത്.

ഒരു ചരിത്രകാരനെന്ന നിലയിൽ അദ്ദേഹത്തെ വിലയിരുത്തുവാൻ എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്. അതിന് എനിക്കു അർഹതയുണ്ടെന്നാണ് ഞാൻ കരുതുന്നത്. 32 വർഷക്കാലം ചരിത്ര അദ്ധ്യാപകനായി വിവിധ എസ്. എൻ. കോളെജുകളിൽ ഞാൻ പ്രവർത്തിച്ചു. ഒരു ഹിസ്റ്ററി പ്രൊഫസർക്ക് കിട്ടാവുന്ന ഏറ്റവും പ്രധാനപ്പെട്ട അംഗീകാരങ്ങളിലൊന്ന് തൻെറ സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗത്വവും ചെയർമാൻ സ്ഥാനവുമാണ്. സാധാരണയായി രണ്ടു ടേം മാത്രമെ നിയമനം കിട്ടാറുള്ളു. പക്ഷേ എനിക്ക് തുടർച്ചയായി അഞ്ചു തവണ കോഴിക്കോട് സർകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് (യൂ.ജി.) (തടുർച്ചയായി 15 വർഷം)ൽ അംഗമായിരിക്കാൻ ഭാഗ്യം സിദ്ധിച്ചു. അഞ്ചാം ടേമിൽ ബോർഡ് ചെയർമാനായും ഞാൻ പ്രവർത്തിച്ചു. അതോടെ ബോർഡ് ഓഫ് സ്റ്റഡീസ് (പി.ജി.) യിലും അംഗത്വം ലഭിച്ചു. ചരിത്രവിഭാഗത്തിന്റെ പ്രതിനിധിയായി 15 വർഷം ഹ്യൂമാനിറ്റിസ് ഫാക്കൽട്ടിയിലും അംഗമായി. പിന്നീട് സെനറ്റിലും അംഗമായപ്പോഴും മേനാച്ചേരി മാഷ് എനിക്ക് ഒരു ശക്തിസ്തംഭമായിരുന്നു. ചരിത്രത്തിൽ, പ്രത്യേകിച്ച് പുരാവസ്തുശാസ്ത്രം (ആർക്കിയോളജി), ശില്പവിദ്യ (Sculpture), നാണയശാസ്ത്രം (Numismatics) എന്നിവയിലൊക്കെ, മേനാച്ചേരിക്ക് അറിവും താല്പര്യവുമുണ്ട്.

കേരളീയ പള്ളിക്കലകളുടെ ആദ്യത്തെ സൂത്രധാരൻ ബോംബെ സർവ്വകലാശാലയിൽ അദ്ധ്യാപകനായിരുന്ന സ്പെയിൻകാരനായ റവ. ഫാ. ഹെറാസാണ്. ഇന്നത്തെ പല കത്തോലിക്ക പള്ളികളുടെ അൽത്താരകളും മറ്റും സെറ്റ്ചെയ്തത് അദ്ദേഹമായിരുന്നു. നമ്മുടെ നാട്ടുകാരായ ആശാരിമാരെ ബോംബെയിൽ കൊണ്ടുപോയാണ് വിശുദ്ധന്മാരുടെ ചെറിയ പ്രതിമകൾ ഹെറാസ് തയ്യാറാക്കിയത് എന്ന് അദ്ദേഹത്തെകുറിച്ച് ഞാൻ തയ്യാറാക്കിയ മോണോഗ്രാഫിൽ വിവരിച്ചിട്ടുണ്ട്. കത്തോലിക്ക പുരോഹിതന്മാരുടെ ഭാരതവൽക്കരണത്തിൽ ഹെറാസ് വഹിച്ച പങ്കും എടുത്തു പറയേണ്ടതാണ്.

റവ. ഫാ. ഹെറാസിന്റെ പ്രവർത്തനങ്ങളോട് കിടപിടിക്കുന്ന പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ പ്രൊഫ. മേനാച്ചേരിയ്ക്കു കഴിഞ്ഞിട്ടുണ്ടെന്നു സാക്ഷ്യപ്പെടുത്തുവാൻ എനിക്കു ഒട്ടും ആലോചിക്കേണ്ടതില്ല. എത്രയെത്ര പ്രദർശനങ്ങളാണ് അദ്ദേഹം തൃശൂർ രൂപതയ്ക്കുവേണ്ടി സംഘടിപ്പിച്ചതെന്നതിന് കയ്യും കണക്കുമില്ല. തൃശൂരിൽ ചേരുന്ന മിക്ക ചരിത്രസെമിനാറുകളുടെയും പ്രദർശനങ്ങളുടെയും മുഖ്യസംഘാടകൻ മേനാച്ചേരിയാണ്.

സെന്റ് മേരീസ് കോളെജിൽ ഒരു വർഷക്കാലം നീണ്ടുനിന്ന ചരിത്രസെമിനാറുകളിലും അദ്ദേഹത്തിൻെറ പങ്ക് എടുത്തു പറയേണ്ടതാണ്. അദ്ദേഹത്തിൻെറ നിർദ്ദേശം മാനിച്ച് ആ സെമിനാറിൽ ഒരു പ്രബന്ധം

ഞാനവതരിപ്പിച്ചത് ചരിത്രകാരന്മാരുടെ അഭിനന്ദനങ്ങൾക്കു പാത്രമായി. 'കേരളത്തിലെ ക്രിസ്തുമതവുമായി ബന്ധപ്പെട്ട പുരാതന ലിഖിതങ്ങളും രേഖകളും' എന്നതായിരുന്നു ഞാനവതരിപ്പിച്ച സാമാന്യം ദീർഘമായ പേപ്പർ. ആ രംഗത്താണ് മേനാച്ചേരി തൻെറ കഴിവുകൾ തെളിയിച്ചത്.

സർ വില്യം ജോൺസാണ് ഇൻഡോളജിയുടെ പിതാവ്. ഇൻഡോ ആംഗ്ലിയൻ സാഹിത്യത്തിന് അടിത്തറയിട്ട ബ്രിട്ടീഷ്കാരനായ വില്യം ജോൺസിനെക്കുറിച്ച് ഞാൻ രചിച്ച മോണോഗ്രാഫിൽ ഇന്ത്യൻ സംസ്ക്കാരത്തിനുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ വിശദീകരിച്ചിട്ടുണ്ട്. 49-ാം വയസ്സിൽ അന്തരിച്ച വില്യം ജോൺസും അദ്ദേഹത്തിൻെറ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന റോയൽ ഏഷ്യാറ്റിക് സൊസൈറ്റി (കൽക്കട്ട)യും ഇല്ലായിരുന്നെങ്കിൽ കാളിദാസന്റെ 'അഭിജ്ഞാന ശാകുന്തള' മടക്കം നൂറുകണക്കിനു കൃതികൾ ചിതൽ രാക്ഷസന് ആഹാരമാകുമായിരുന്നു.വില്യം ജോൺസിൻെറ പാതയിൽ മുന്നോട്ടുപോയ റവ. ഫാദർ ഹെറാസ് വിജയനഗര സാമ്രാജ്യത്തെപ്പറ്റിയും സിന്ധു സംസ്ക്കാരത്തിലെ മുദ്രകളെപ്പറ്റിയുമുള്ള ഗവേഷണരംഗത്ത് തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. ഇവർക്കെല്ലാം സമശീർഷമായ പ്രവർത്തനം പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും നിർഹിച്ചു. കേരളത്തിലെ ക്രിസ്ത്യൻ സംസ്ക്കാരത്തെപ്പറ്റി മലയാളത്തിൽ പ്രത്യേകമായി ഒതുങ്ങിക്കൂടിയെന്നു മാത്രം.

'പള്ളിക്കലകളും മറ്റും' എന്ന പ്രൊഫ. മേനാച്ചേരിയുടെ കൃതി അദ്ദേഹത്തിന്റെ കൈയ്യൊപ്പോടെ എൻെറ ശേഖരത്തിലുണ്ട്. പല പ്രസിദ്ധീകരണങ്ങളിൽ വന്ന ലേഖനങ്ങൾ അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിലെ 'സംസാരിക്കുന്ന പള്ളിച്ചുവരുകൾ'എന്ന ലേഖനം കേരളചരിത്രത്തിലെ അടിവേരുകളിലേയ്ക്ക് നമ്മെ നയിക്കുന്നു. 'കേരളത്തിലെ ശില്പങ്ങൾ' എന്ന ലേഖനവും എടുത്തു പറയേണ്ടതാണ്. ധാരാളം ചിത്രങ്ങൾ അതിലുണ്ട്. പ്രധാനമായി കുരിശുകളും മാമോദീസാത്തൊട്ടികളും, അൾത്താരകളും, പടിപ്പുര വാതിലുകളും, മേൽക്കെട്ടികളും വിളക്കുകളും അതിൽ ചിത്രീകരിച്ചിരിക്കുന്നു. ഒരു പക്ഷേ മലയാളത്തിൽ ആദ്യത്തെ പ്രദർശനവസ്തുക്കളെപ്പറ്റിയുള്ള വിവരണാത്മക പ്രതിപാദനമുള്ള കൃതി അതായിരിക്കാൻ സാദ്ധ്യതയുണ്ട്.

പ്രൊഫ. മേനാച്ചേരിയുടെ പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ നേട്ടം തൃശൂരിലെ കത്തോലിക്കരെയും വൈദികശ്രേഷ്ഠരെയും ചരിത്രാസ്വാദകരാക്കി മാറ്റിയെന്നതാണ്. കത്തോലിക്കസഭ ചരിത്രത്തെ വളച്ചൊടിക്കുന്നുവെന്നു ചിലർ പറയുന്നതു കേൾക്കാറുണ്ട്. പ്രൊഫ.

മേനാച്ചേരിയുടെയും തൃശൂർ രൂപതയുടെയും പ്രവർത്തനം ആ വിമർശനത്തിന് ഒരപവാദമാണ്. സത്യസന്ധമായ രീതിയിൽ ചരിത്ര രചന നടത്തിയതിലും ക്രിസ്ത്യൻ ചരിത്രവുമായി ബന്ധപ്പെട്ട കൃതികളും വസ്തുക്കളുമൊക്കെ കൃത്യമായി സംരക്ഷിക്കുന്നതിലും അതിരൂപത നേടിയ വിജയത്തെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. അതിൽ പ്രൊഫ. ജോർജ്ജ് മേനാച്ചേരി വഹിച്ച പങ്ക് എടുത്തു പറയേണ്ടതാണ്. സപ്തതി ആഘോഷിക്കുന്ന പ്രൊഫ. മേനാച്ചേരിയ്ക്ക് എൻെറ അഭിനന്ദനങ്ങളും ആശംസകളും.



ഒല്ലൂരിലെ പിതൃഗൃഹം

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി സഞ്ചരിക്കുന്ന സഭാവിജ്ഞാനകോശം

**ഫാ. ഡോ. ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ**

ചരിത്രത്തിന്റെ താളുകളിൽ രേഖപ്പെടുത്തേണ്ട ഒരുനാമം: പ്രൊഫ. ജോർജ്ജ് മേനാച്ചേരി. അതും, സുവർണ്ണലിപികളിൽത്തന്നെ രേഖപ്പെടുത്തേണ്ടത്. ചരിത്രത്തിനു അനശ്വരസംഭാവന നൽകിയിട്ടുള്ള അദ്ദേഹം സപ്തതിയിൽ എത്തിനിൽക്കുന്ന ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കേണ്ടത് ഭാരതസഭയുടെതന്നെ കടമയാണ്. കാരണം, അദ്ദേഹത്തിന്റെ സംഭാവനകൾ ഭാരതസഭയ്ക്ക് എത്രയോ വലിയ നേട്ടമാണ് അർപ്പിച്ചിട്ടുള്ളത്.

ഒട്ടേറെ വർഷങ്ങൾക്കു മുമ്പ് വ്യക്തിബന്ധമാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ഞാനുമായി അടുപ്പിച്ചിട്ടുള്ളത്. അന്ന് അദ്ദേഹത്തിൻെറ ചില കൃതികൾ മാത്രമെ വായിച്ചിട്ടുണ്ടായിരുന്നുള്ളു. പിന്നീട്, തോമാ പീഡിയ പുറത്തു വന്നപ്പോൾ അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൻെറ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലേണ്ടത് ആവശ്യമായി തോന്നി. തോമാ പീഡിയയുടെ പിന്നിൽ അദ്ദേഹത്തിൻെറ ചേതന എന്തുമാത്രം പ്രവർത്തിച്ചിട്ടുണ്ടെന്നു വെറുതെയങ്ങു ചിന്തിച്ചു കളയാനാവില്ല. സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ അദ്ദേഹത്തിൻെറ തൊപ്പിയിൽ ചാർത്തിയ വർണ്ണത്തൂവൽ കാലത്തിന് എടുത്തുമാറ്റാനാവാത്തതാണ്. വിശ്വവിജ്ഞാനകോശത്തിൻെറ തയ്യാറെടുപ്പുകൾ ഒരു വലിയ മനസ്സിന്റെ വിഹഗവീക്ഷണത്തിലേയ്ക്കു നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ഒരു മിന്നാമിനുങ്ങിനെപ്പറ്റി ചിന്തിക്കുമ്പോൾ, ആകാശത്തിൻെറ അനന്തതയിലേയ്ക്ക് അതു പാറിപ്പോകുന്നതിന്റെ ചിത്രം കൗതുകകരംതന്നെയല്ലേ? ആകാശത്തെ സ്വന്തമാക്കാ

നാണ് മിന്നാമിനുങ്ങിന്റെ ശ്രമമെങ്കിലോ? സാഗരം ഒരു ചിമിഴിനുള്ളിൽ ഒളിപ്പിക്കാനുള്ള ശ്രമംപോലെയാണതെന്നു പറയേണ്ടതില്ലല്ലോ. മനുഷ്യൻ കേവലം മിന്നാമിനുങ്ങാണെങ്കിലും ഇരുട്ടത്ത് മിന്നാമിനുങ്ങിനു സൂര്യഗോളത്തിൻെറ സ്ഥാനമാണുള്ളത്. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെന്ന മിന്നാമിനുങ്ങിന് ആകാശത്തെ സ്വന്തമാക്കാൻ സാധിച്ചു വെന്നതാണ് എടുത്തുപറയേണ്ട വസ്തുത. ഒരോ കാര്യം പ്രതിപാദിക്കുമ്പോഴും സുക്ഷ്മത അദ്ദേഹത്തിൻെറ പ്രതിഭ അളന്നു കുറിക്കുന്നു. തെളിവുകൾ നിരത്താനും ചിത്രങ്ങൾ സംഘടിപ്പിക്കാനും കുറച്ചൊന്നുമല്ല അദ്ദേഹത്തിനു കഴിഞ്ഞിട്ടുള്ളത്. ഒരു വലിയ പ്രസ്ഥാനത്തിനു സാധിക്കാവുന്ന കാര്യമാണ് വ്യക്തിയെന്ന നിലയിൽ അദ്ദേഹം നേടിയെടുത്തിട്ടുള്ളതെന്ന് തീർച്ച. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്, ദീ നസ്രാണീസ് എന്നിവയും എടുത്തു പറയേണ്ട നേട്ടങ്ങളാണ്. പ്രൊഫ. ജോർജ്ജ് മേനാച്ചേരി സ്രോതസ്സാണ്, വെറും ചോലയല്ല. എന്തിനും അദ്ദേഹം സ്രോതസ്സ് കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. കേരളസഭയുടെ ഇരുളടഞ്ഞ മേഖലകളിലേയ്ക്ക് സാഹസികതയോടെ ഇറങ്ങിചെല്ലാനും നിരവധി കണ്ടെത്തലുകൾ നടത്താനും അദ്ദേഹത്തിനു കഴിഞ്ഞുവെന്നതു നിസ്സാരകാര്യമല്ല.

വിദേശിയർ കേരളത്തിലെത്താറുണ്ട് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെത്തേടി. അവർക്കറിയാം ഭാരതസഭയുടെ പൈതൃകത്തെപ്പറ്റി അറിയണമെങ്കിൽ അദ്ദേഹത്തെ ചെന്നു കാണാതെ നിവൃത്തി യില്ലെന്ന്. വിശ്വാസപൈതൃകത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന്, അദ്ദേഹം സന്ദർശകർ എന്താണോ പ്രതീക്ഷിക്കുന്നത്, അവയെല്ലാം പകർന്നുകൊടുക്കുന്നു. ഗവേഷണമനോഭാവമുള്ളവർക്കേ പുതുതായി എന്തെങ്കിലുമൊക്കെ കണ്ടെത്താനാവു. ജന്മസിദ്ധമായ ഗവേഷണ മനോഭാവമാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയ്ക്കുള്ളത്.

വ്യക്തിപരമായി അദ്ദേഹവുമായി ബന്ധപ്പെടാൻ എനിക്ക് ഒട്ടേറെ അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളസഭ ചരിത്രപരമായ പ്രദർശനങ്ങളോ സെമിനാറുകളോ സംഘടിപ്പിക്കുമ്പോഴാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി അവശ്യഘടകമണെന്നു നമുക്ക് മനസ്സിലാകുക കൈയയച്ചു സഹായം ചെയ്യാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരിക്കും. അനുഭവജ്ഞാനവും പ്രായോഗികജ്ഞാനവും അദ്ദേഹ ത്തിനു സ്വന്തമാണ്. അദ്ദേഹം കണ്ടെത്തിയിട്ടുള്ള, കണ്ടെടുത്തിട്ടുള്ള സാമഗ്രികളെപ്പറ്റി കുലങ്കഷമായ പഠനം നടത്തിയിട്ടേ പുറം ലോകത്തിനു അവ അദ്ദേഹം കാട്ടിക്കൊടുക്കൂ. അതുകൊണ്ടുതന്നെ, അവ യുടെ ആധികാരികതയെപ്പറ്റി നമുക്കു സംശയിക്കേണ്ടിവരികയില്ല. സെമിനാറുകളിലും പ്രദർശനങ്ങളിലും വ്യക്തിപരമായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതാണ് ഇവയെല്ലാം.

വിളഞ്ഞു നിൽക്കുന്ന പ്രതിഭ തെളിവു നൽകുന്ന അവസരമാണ് സപ്തതി സമയം. അതുകൊണ്ട്, പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ അടുത്തറിയാൻ ആഗ്രഹിക്കുന്നവർ ആ പ്രതിഭാവിലാസം വ്യക്തമാക്കുന്ന സാമഗ്രികളിലേയ്ക്കുതന്നെ ശ്രദ്ധ തിരിക്കുമെന്നു പ്രതീക്ഷിക്കാം. ആശംസകളിൽ മുക്കിക്കളയാതെ സപ്തതി കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനുള്ള പാദപീഠകമായിമാത്രം പരിഗണിച്ചു കൊള്ളട്ടെ!



അമേരിക്കയിലെ സ്വീകരണം 2005



കുടുംബസമേതം ഗൾഫിൽ 2003

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി
# എന്റെ സഹപാഠി സുഹൃത്ത്

**പ്രൊഫ കെ.എം. ടോം**

പ്രൊഫ. ജോർജ്ജ് മേനാച്ചേരി എന്ന ഈ. ജെ. ജോർജ്ജ് രണ്ടു വർഷം എൻെറ സഹപാഠിയും ഒരു വർഷം കോളെജ് മേറ്റും ആയിരുന്നു. ഏതാണ്ട് ഒരേ കാലത്താണ് ജോർജ്ജ് സെന്റ് തോമസ് കോളെജിൽ ഇംഗ്ലീഷ് വിഭാഗത്തിലും ഞാൻ ക്രൈസ്റ്റ് കോളെജിൽ മാത്തമാറ്റിക്സ് വിഭാഗത്തിലും അദ്ധ്യാപകരായി ചേർന്നത്.

തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ്സ് കോളെജ് അക്കാലത്ത് ഉന്നത വിദ്യാഭ്യാസം സ്വപ്നം കാണുന്ന വിദ്യാർത്ഥികളുടെ ആശാകേന്ദ്രം ആയിരുന്നു. രക്ഷിതാക്കൾ ജോർജ്ജിനെ ഒരു എൻജിനിയർ ആക്കണമെന്ന ആഗ്രഹത്തിൽ ഗണിതശാസ്ത്രം ഉൾപ്പെടുന്ന ഒന്നാം ഗ്രൂപ്പിൽ തൃശ്ശിനാപ്പിള്ളിയിൽ ഇന്റർമീഡിയറ്റിനു ചേർത്തു. അതേ ഗ്രൂപ്പിൽ ചേർന്ന ഞാനും ജോർജ്ജിനെ ആദ്യമായി കണ്ടുമുട്ടുന്നത് 1953 ജൂൺ മാസത്തിൽ ആയിരുന്നു. അടുത്തടുത്ത ക്ലാസ് നമ്പരുകൾ, സീറ്റുകൾ, ലാബുകളിൽ ഒരേ മേശ, താമസം ഒരേ ബോർഡിങ് ഹൗസിൽ, അവധിയ്ക്ക് വീട്ടിൽ പോകുന്നതും തിരികെ വരുന്നതും ഇന്നത്തെ ടീ ഗാർഡൻ എക്സ്പ്രസ്സ് ട്രെയിനിൽ-ഇതായിരുന്നു രണ്ടു വർഷത്തെ ഞങ്ങളുടെ തൃശ്ശിനാപ്പിള്ളി ജീവിതം.

ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും, ഞങ്ങളുടെ പഠനതാല്പര്യങ്ങൾ വിഭിന്നദിശയിലായിരുന്നു. ജോർജ്ജിന് ഗണിതത്തിലോ, എൻജിനിയറിംഗിലൊ ആയിരുന്നില്ല അഭിരുചി. അദ്ദേഹം പ്രശസ്ത സാഹിത്യകാരൻമാരുടെ നോവലുകളും മറ്റുമായി അലിഞ്ഞുചേർന്ന് ഇൻറർമീഡിയറ്റ് പൂർത്തിയാക്കി. അങ്ങനെ ഞങ്ങൾ 1955ൽ പിരിഞ്ഞു.

തുടർന്ന് ഞാൻ രണ്ടു വർഷം പഠിച്ച് ഗണിതശാസ്ത്രത്തിൽ ബിരുദം എടുത്തു. രണ്ടുവർഷം അദ്ധ്യാപകനായി ജോലിചെയ്തു. 1959 ൽ കോഴിക്കോട് ദേവഗിരി കോളെജിൽ എം.എസ്.സിയ്ക്കു ചേർന്ന ഞാൻ ഫൈനൽ ഇയർ ആരംഭത്തിലാണ് എന്റെ സുഹൃത്തിനെ വീണ്ടും കാണുന്നത്. കടന്നുപോയ അഞ്ചുവർഷത്തെ ചരിത്രം ഞാൻ ചോദിച്ചു മനസ്സിലാക്കി.

ഇൻറർമീഡിയറ്റിനു കിട്ടിയ മാർക്കുകൊണ്ട് എൻജിനിയറിംഗിന് സീറ്റ് കിട്ടാതെ വന്നതിനാൽ ജോർജ്ജിനെ രക്ഷിതാക്കൾ ബി.എ. മാത്തമാറ്റിക്സിനു തൃശ്ശിനാപ്പിള്ളിയിൽ തന്നെ ചേർത്തു. മാത്സ് ക്ലാസ്സുകളിൽ അപൂർമായി മാത്രം കയറിയിറങ്ങുന്ന ജോർജ്ജ് അതിനു പകരം ഇക്കണോമിക്സ് ക്ലാസുകളിലാണ് പോയിരുന്നത്. അക്കാലത്ത് കോളെജിൽ ഇക്കണോമിക്സിന് ക്ലാസ്സെടുത്തിരുന്നവരിൽ പ്രശസ്തവാഗ്മിയും പാർല്യമെന്റ് അംഗവുമായിരുന്ന പ്രൊഫ. തോമസ്സ് ശ്രീനിവാസൻ, പ്രൊഫ. ഇരുദയ സ്വാമി റെഡ്ഡ്യാർ തുടങ്ങി പലരും ഉണ്ടായിരുന്നു. അവരുടെ ക്ലാസുകളും ഇംഗ്ലീഷിൽ ഫാ. ടി. എൻ സെക്യൂറയുടെ ക്ലാസുകളും ആയിരുന്നു ജോർജ്ജിന് ആകർഷണീയമായിരുന്നത്. അവിടത്തെ സംപുഷ്ടമായ കോളെജ് ലൈബ്രറിയിലായിരുന്നു അദ്ദേഹം മിക്കസമയവും ചെലവിട്ടിരുന്നത്. അങ്ങനെ രണ്ടു വർഷത്തെ കോഴ്സ് അവസാനിക്കുമ്പോൾ മൂന്നാം പാർട്ട് എഴുതാതെ കോളെജിൽനിന്നു പിരിയേണ്ടിവന്നു. ഇക്കണോമിക്സിൽ ഡിഗ്രി എടുത്തത് തൃശൂർ സെന്റ് തോമസ് കോളെജിൽ നിന്നായിരുന്നു.

ദേവഗിരി സെന്റ് ജോസ്ഫ്സ് കോളെജിൽ ജോർജ്ജ് എം. എ. ഇംഗ്ലീഷ് ഒന്നാം വർഷവും ഞാൻ എം. എസ് സി. മാത്സിന് രണ്ടാം വർഷവും പഠിച്ചിരുന്നപ്പോഴാണ് വീണ്ടും കോളെജ്മേറ്റ്സ് ആയത്. ആ കൊല്ലം ജോർജ്ജ് കോളെജ് യൂണിയൻ ചെയർമാൻ സ്ഥാനത്തിന് മത്സരിച്ചു, പിന്നീട് കളക്ടറായ വിജയചന്ദ്രനോടു ഒരുവോട്ടിന് തോറ്റു. എം. എ. പഠനം പൂർത്തിയാക്കിയത് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽനിന്നുമായിരുന്നു. പ്രിൻസിപ്പാൾ ഫാ. തിയോഡഷ്യസ് അദ്ദേഹത്തിൽ വലിയ പ്രതീക്ഷകളാണ് വച്ചു പുലർത്തിയിരുന്നത്.

സെൻറ് തോമസ് കോളെജിൽ അദ്ധ്യാപകനായി ചേർന്നതോടെയാണ് ജോർജ്ജ് ചരിത്രത്തിൽ ഗവേഷണപഠനങ്ങൾ ആരംഭിച്ചത്. ഞങ്ങൾ തമ്മിൽ വീണ്ടും അടുക്കുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗങ്ങൾ എന്ന നിലയിലായിരുന്നു. രണ്ടു വിഭിന്ന അദ്ധ്യാപകസംഘടനകളെയാണ് ഞങ്ങൾ അവിടെ പ്രതിനിധീകരിച്ചത്. നാലു വർഷം ആ ബന്ധം തുടർന്നു. എവിടെ ആയിരുന്നാലും തൻെറ സാന്നിദ്ധ്യം അറിയപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന

ഒരു വ്യക്തിത്വത്തിൻെറ ഉടമയായിരുന്നു മേനാച്ചേരി. പഠനങ്ങളിൽ രക്ഷിതാക്കളുടെയോ, സഹപാഠികളുടെയോ പ്രേരണയ്ക്കു വഴ ങ്ങാതെ സ്വന്തം അഭിരുചി വളർത്തിയെടുത്ത് മുന്നോട്ടു നീങ്ങിയിരുന്ന ജോർജ്ജ് പെരുമാറ്റത്തിലും പഠനരീതിയിലും തൻെറ വ്യക്തിത്വം നില നിർത്തിയിരുന്നതുകൊണ്ടായിരിക്കണം ഇൻറർമീഡിയറ്റിനു പഠിക്കുമ്പോൾ സഹപാഠികളായ ഞങ്ങൾ അദ്ദേഹത്തിന് 'വട്ട്' എന്ന പേർ നൽകിയത്. രക്ഷിതാക്കൾ കാണിച്ചുകൊടുത്ത എൻജിനിയറിങ്ങി ൻെറ വഴികൾ തട്ടിക്കളഞ്ഞ് പ്രശസ്ത സാഹിത്യകാരൻമാരുടെ ഗ്രന്ഥ ങ്ങളും ഇംഗ്ലീഷ് സാഹിത്യവും പിൻതുടർന്ന് തൻെറ വ്യക്തിത്വത്തിൽ ഊന്നി വൈകിമാത്രം തൻെറ 'എക്സൻട്രിസിറ്റി' ഒതുക്കാൻ പഠിച്ച്, ലക്ഷ്യത്തിലേയ്ക്ക് കുതിച്ചുകൊണ്ടിരുന്നപ്പോൾ, ഇന്നു കാണുന്ന ഒരു ഗ്രന്ഥകർത്താവ്, ഒരു ചരിത്രകാരൻ എന്നീ നിലകളിലേയ്ക്ക് എത്തുമെന്ന് 'വട്ട്' എന്നു പേരിട്ട സഹപാഠികളായ ഞങ്ങളിൽ പലരും കരുതിയില്ല, അധ്യാപകരുൾപ്പടെ മറ്റു ചിലർ അദ്ദേഹത്തെ 'ജീനിയസ്സ്' ആയാണ് കരുതിയത്. കെമിസ്ട്രി പ്രൊഫസർ രാമകൃഷ് ണൻ അദ്ദേഹത്തെ ക്ലാസിൽ 'ഫിലോസഫർ' എന്നാണ് വിളിച്ചിരുന്നത്. തൻെറ ജന്മവാസനയെ പ്രതികൂലസാഹചര്യങ്ങളിലും സ്വന്തം പ്രയ ത്നംകൊണ്ട് വളർത്തി വലുതാക്കി വലിയവനായിത്തീർന്ന ജോർ ജ്ജിന് ഈ സഹപാഠിയുടെ ആയിരമായിരം ആശംസകൾ! ആരോഗ്യ പൂർണ്ണമായ, സന്തോഷകരമായ കുടുംബ ജീവിതവും ഒരു ബുദ്ധി ജീവിയുടെ ക്രമമായ പ്രവർത്തനപുരോഗതിയും വിനയപൂർവ്വം നേർന്നുകൊള്ളുന്നു.



മരിയപുരം പള്ളിയും പഴയ യൂണിയൻ പ്രസ്സും

# പ്രൊഫസർ ജോർജ്ജ് മേനാച്ചേരി
# ചില ഓർമകൾ

**പ്രൊഫ. ജോർജ്ജ് ഇരുമ്പയം**

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽ 1961–62 കാലത്ത് എം.എ.യ്ക്കു പഠിക്കുമ്പോഴാണ് ജോർജ്ജ് മേനാച്ചേരിയെ ഞാൻ പരിചയപ്പെട്ടത്. ജോർജ്ജ് ഇംഗ്ലീഷ് എം.ഏ.യ്ക്കും ഞാൻ മലയാളം എം.എ.യ്ക്കുമായിരുന്നതിനാൽ അധികം അടുക്കാൻ അവസരമുണ്ടായിരുന്നില്ല. പ്രധാന റോഡിനപ്പുറവും ഇപ്പുറവുമുള്ള കെട്ടിടങ്ങളിലായിരുന്നു ഞങ്ങളുടെ ക്ലാസുകൾ. ഹോസ്റ്റലിൽ വച്ച് വല്ലപ്പോഴുമൊക്കെ കാണുമായിരുന്നു. ബഹുകാര്യവ്യഗ്രനായി നടക്കുന്ന ജോർജ്ജിനെയാണ് എൻെറ ഓർയിലുള്ളത്. എം. എ. പ്രീവിയസ് കഴിഞ്ഞ് ഫൈനലിന് ഞാൻ എറണാകുളം മഹാരാജാസിലേക്കു പോന്നു. ജോർജ്ജ് അവിടെത്തന്നെ എം. എ. കഴിച്ച് തൃശൂർ സെന്റ് തോമസിൽ അദ്ധ്യാപകനായി ചേർന്നു. ഞാനാകട്ടെ, ആദ്യം തേവരയിലും പിന്നീട് തിരുവനന്തപുരം സെൻറ് സേവ്യേഴ്സിലും അനന്തരം ഗവ. കോളെജിലുമായി ജോലി ചെയ്തു.

ജോർജ്ജിന്റെ ഗവേഷണപഠനങ്ങൾ, വിശേഷിച്ചും മാർത്തോമ്മ ക്രിസ്ത്യാനികളുടെ ചരിത്രം, കലകൾ, വാസ്തുശില്പം തുടങ്ങിയവയെക്കുറിച്ചുള്ള രചനകൾ ഞാൻ ശ്രദ്ധിച്ചിരുന്നു. ചിലത് എനിക്ക് അദ്ദേഹം തരികയും ചെയ്തിരുന്നു. തൃശൂരുതന്നെ ജോലിയും താമസവും അഭംഗുരം തുടർന്നതിനാൽ അത്തരം അന്വേഷണ പഠനങ്ങൾക്ക് ജോർജ്ജിന് കൂടുതൽ സൗകര്യം കിട്ടിയെന്നു തോന്നുന്നു. മലബാർ കോളെജുകളിലെ ജോലിയും ഗവേഷണവും കഴിഞ്ഞ് 1986 ൽ എറണാകുളം മഹാരാജാസ് കോളെജിൽ പോസ്റ്റ്

ഗ്രാജ്വേറ്റ് പ്രൊഫസറായി ഞാൻ എത്തിയപ്പോൾ മക്കൾ തൃശൂർ എഞ്ചിനിയറിങ് കോളെജിൽ പഠനവും ഭാര്യ ആലത്തൂർ എസ്. എൻ. കോളെജിൽ അദ്ധ്യാപനവുമായി എത്തിയിരുന്നു. ആ സാഹചര്യത്തിൽ തൃശൂരിൽ വാടകയ്ക്ക് ഞങ്ങൾ താമസിക്കാനിടയായി. അക്കാലത്ത് ഇടയ്ക്കിടെ ജോർജ്ജിനെ കാണാനും പൊതുതാല്പര്യമുള്ള കാര്യങ്ങൾ സംസാരിക്കാനും സാധിച്ചിരുന്നു. സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ എന്ന ജോർജ്ജിൻെറ വിശിഷ്ടകൃതി അപ്പോൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു.

എൻെറ മണ്ഡലം സാഹിത്യനിരൂപണവും നോവൽ ഗവേഷണവുമായിരുന്നതിനാൽ പരസ്പരം ചർച്ചചെയ്യേണ്ട കാര്യങ്ങൾ കുറവായിരുന്നു. 1993 ൽ ഞാൻ എറണാകുളത്തു താമസമാക്കിയതിനുശേഷം മൗണ്ട് സെന്റ് തോമസിലെ സെമിനാറുകളിൽ പങ്കെടുക്കാൻ ഞങ്ങൾ കൂടാറുണ്ട്. അവിടെ ജോർജ്ജ് അവതരിപ്പിച്ച പ്രബന്ധം ശ്രദ്ധേയമായിരുന്നു. നല്ലൊരു സുഹൃത്തും താൻ തെരഞ്ഞെടുത്ത മണ്ഡലത്തിൽ നിരന്തരം അദ്ധ്വാനിച്ച് ഔന്നത്യത്തിലെത്തിയ വ്യക്തിയുമായിട്ടാണ് ജോർജ്ജിനെ ഞാൻ സ്മരിക്കുന്നതും ബഹുമാനിക്കുന്നതും.

അദ്ദേഹത്തിൻെറ സപ്തതി ആഘോഷിക്കുന്ന ഈ അവസരത്തിൽ ദീർഘായുസ്സും ആരോഗ്യവും, ഇനിയും സാംസ്ക്കാരികസംഭാവനകൾ ചെയ്യാനുള്ള കഴിവും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ആത്മീയ കാര്യങ്ങളിലേയ്ക്ക് അദ്ദേഹത്തിൻെറ ശ്രദ്ധ കൂടുതൽ തിരിയുമാറാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.



അൽപം വിശ്രമം

# എന്റെ മാഷ്

**ബാബു വെളപ്പായ**

അന്ന് സെൻറ് തോമസിന്
ഈ പച്ചപ്പുണ്ടായിരുന്നില്ല
കണിയായെങ്കിലും
ഒരു പൂവുമുണ്ടായിരുന്നില്ല...
വരാന്തകൾക്ക് ഈ ചന്തമോ,
നക്ഷത്രപരിവേഷമോ ഇല്ലായിരുന്നു.
ആർട്സ് ബ്ലോക്കും സയൻസ് ബ്ലോക്കും
അതിലങ്ങുമിങ്ങും പല ക്ലാസുകളും...
കിഴക്കേ വഴിയിലെന്നും പക്ഷേ
കണ്ടുമടുക്കാത്ത നിറക്കാഴ്ച....

അതിനിടയിൽ
ആലപ്പാട്ടച്ചനും ചുമ്മാരുമാഷും
പൗലോസ്മാഷും തോബിയാസ്സാറും
(ഒരു സുവോളജിക്കാരന്
സാറെന്നേ പറയാനാവൂ) അടുത്തു നിന്ന,
ചേർത്തുനിർത്തിയ ഗുരുക്കൻമാർ....

ആംഗലേയമിഷ്ടമില്ലാതിരുന്നിട്ടും അടുപ്പമുണ്ടായി
മേനാച്ചേരി മാഷോടും വർഗ്ഗീസ് മാഷോടും. !

പറഞ്ഞുവരുന്നത്
മേനാച്ചേരി മാഷെക്കുറിച്ചുതന്നെ....

പഠിപ്പിക്കാതെ പഠിപ്പിച്ച
പഠിക്കാതെ പഠിച്ച
ചില പാഠങ്ങളെകുറിച്ച്....
ഭാഷയ്ക്കപ്പുറത്ത് ഇംഗ്ലീഷിൻെറ
ഭാവം കാണിച്ചത്....
വാക്കിൽ ലയിക്കുന്ന വീറ് കാട്ടിയത്....
നാട്യസിദ്ധികളിൽ കുട്ടികളെ കയ്യിലെടുത്തത്...

ക്ലാസുമുറിക്കും
പാഠപുസ്തകത്തിനുമപ്പുറം കണ്ണും
കാതുമുണ്ടായിരുന്നു മേനാച്ചേരി മാഷ്ക്ക്...
കലയും കാലാതിവർത്തിയായ
കാഴ്ചകളും കണ്ടുവെച്ചു...
കാത്തുവയ്ക്കേണ്ടതാണെന്ന്
ഓർമ്മപ്പെടുത്തുകയും ചെയ്തു..

അറിഞ്ഞുമറിയാതെയും
പലപ്പോഴും കണ്ടുമുട്ടി അദ്ദേഹമെപ്പോഴും
പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു....
അങ്ങനെ
നമുക്കേറെപ്പേരില്ലല്ലോ....

# ചരിത്രത്തിലെ മാടമ്പി

വർഗ്ഗീസ് അങ്കമാലി

ഇന്ത്യയിലെ ക്രിസ്തുമതചരിത്രത്തെക്കുറിച്ചുള്ള പഠനത്തിനിടയിലാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സെന്റ് തോമസ് എൻസൈക്ലോപീഡിയ എന്ന ഗ്രന്ഥം കാണാൻ ഇടയായത്. അങ്കമാലിയിലെ മൂന്നു പള്ളികളിലെയും, അകപ്പറമ്പ്, കാഞ്ഞൂർ, കൊരട്ടി എന്നിവിടങ്ങളിലെയും ചരിത്രസാക്ഷ്യങ്ങളും, പുരാതന ശിലാരേഖകളും, ''സ്വർഗ്ഗവും നരകവും'' എന്ന മ്യൂറൽ പെയിൻറിങ്ങും ഫോട്ടോഗ്രാഫുകളായി പുറത്തുവന്ന അദ്ദേഹത്തിൻെറ ഗ്രന്ഥം എന്നെ വല്ലാതെ ആകർഷിച്ചു.

പിന്നീട്, ചരിത്രം കെട്ടുകഥയല്ല മറിച്ച്, തെളിവുകളാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ജോർജ്ജ് മേനാച്ചേരി എന്ന ഇംഗ്ലീഷ് പ്രൊഫസറുടെ പ്രവർത്തനങ്ങൾ നേരിൽ കാണാൻ ഇടവന്നത് തൃശൂർ ലൂർദ്ദ് കത്തീഡ്രലിനു സമീപത്ത് ക്രിസ്ത്യൻ മ്യൂസിയം തുറന്നപ്പോഴാണ്. വിദേശങ്ങളിൽ പ്രചാരത്തിലുള്ള ഭാരത ക്രിസ്തുമതചരിത്രം കെട്ടുകഥകളുടെ പൊലിമയുള്ളതായിരുന്നു. ബർണ്ണാർദ് തോമയും, പ്ലാസിഡ് പൊടിപ്പാറയും തുടങ്ങിവച്ച ചരിത്രപഠനം ഉദയംപേരൂർ സൂനഹദോസ് ഉടക്കിയും, കൂനൻ കുരിശിൽ തൂങ്ങിയും പുരോഹിതന്മാരുടെ പഠനമുറികളിൽ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി നൽകുന്ന ഡോക്ടറേറ്റിൽ കണ്ണും നട്ട് മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു.

നൂറ്റാണ്ടുകൾക്കു മുമ്പ് ഇന്ത്യയിൽ എത്തിപ്പെട്ട ജൂതക്രിസ്തു

മതത്തിന്റെ ശേഷപത്രങ്ങൾ ചൂണ്ടിക്കാണിക്കുവാനുള്ള ശ്രമം തുടങ്ങിവച്ചത് ജോർജ്ജ് മേനാച്ചേരിയാണ്. പയസ് മലേക്കണ്ടത്തിൽ, കെ. എസ്. മാത്യു, സ്ക്കറിയ സ്ക്കറിയ, മത്തിയാസ് മുണ്ടാടൻ എന്നിവർ ഈ ശ്രമത്തിന് ഏറെ പിൻതുണ നൽകിയവരാണ്.

ക്രിസ്തുമത ചരിത്രപഠനം വിദേശങ്ങളിൽ പാണ്ഡിത്യത്തോടെ കൈകാര്യംചെയ്യപ്പെടുമ്പോൾ, ഇന്ത്യയിൽ ഗൗരവമേറിയ വിഷയമല്ലാതായത് പുരോഹിതന്മാർ സഭയ്ക്കുള്ളിൽ ചരിത്രത്തെ തളച്ചിട്ടതുകൊണ്ടും, കെട്ടുകഥകളുടെ ചാരുതയോടെ പഠനങ്ങൾ അവതരിപ്പിച്ച് ഡോക്ടറേറ്റ് കരസ്ഥമാക്കി ചരിത്രപഠനം അവസാനിപ്പിക്കുന്നതുകൊണ്ടുമാണ്.

സഭാചരിത്രത്തിന്റെ ഉപജ്ഞാതാക്കളായ ക്രിസ്തുമത പണ്ഡിതന്മാരിൽ അൽമായഗണം ഇല്ലാതെപോയത് ഭാരതസഭാ ചരിത്രമെന്നത് ബൈബിൾപോലെ കൈകാര്യംചെയ്യേണ്ട ഒരു വിഷയമാണെന്ന് സഭാനേതൃത്വം ധരിച്ചതുകൊണ്ടാണ്. സെന്റ് തോമസ് വഴി ഇന്ത്യയിൽ എത്തിപ്പെട്ട ക്രിസ്തുമതത്തിന്റെ ശേഷപത്രങ്ങളായ അപൂർവ്വഗ്രന്ഥങ്ങളും, സാംസ്ക്കാരികസാമഗ്രികളും, ശിലാലിഖിതങ്ങളും, മ്യൂറൽ ചിത്രങ്ങളും മ്യൂസിയങ്ങളിലും പുസ്തകങ്ങളിലുമായി പുനർജ്ജനിപ്പിച്ചു എന്നതാണ് ജോർജ്ജ് മേനാച്ചേരിയുടെ നേട്ടം.

ക്രിസ്തുമതത്തിന്റെ ഇന്ത്യൻ പാരമ്പര്യം കണ്ടെത്തിയ അൽമായരിൽ പ്രമുഖനാണ് ജോർജ്ജ് മേനാച്ചേരി. 1969ൽ ബാംഗ്ലൂരിലെ ഭാരതസഭാ ദേശിയ സെമിനാറിൽ ന്യൂമൻ അസോസിയേഷന്റെ ദേശീയ ഉപാദ്ധ്യക്ഷൻ എന്ന നിലയിൽ പങ്കെടുത്ത അദ്ദേഹം ക്രൈസ്തവസഭയുടെ ഇന്ത്യൻ ചരിത്രം എന്ന വിഷയത്തിന് തെളിവുകൾ ഹാജരാക്കുകയും നൂറ്റാണ്ടുകൾ പഴക്കമുള്ള ക്രിസ്ത്യൻ സമൂഹമാണ് ഇന്ത്യയിലേത് എന്ന് സ്ഥാപിക്കുകയും ചെയ്തു. 1973ൽ പുറത്തിറങ്ങിയ സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ എന്ന പേരിൽ ഇന്ത്യയിലെ ക്രിസ്തുമതത്തെക്കുറിച്ച് മൂന്ന് വാല്യങ്ങളായി ഒരു പരമ്പരയാണ് ജോർജ്ജ് മേനാച്ചേരിയെ ശ്രദ്ധേയനാക്കിയത്.

പിന്നീട് 1982ൽ എൻസൈക്ലോപീഡിയ രണ്ടാം വാല്യം, 1998 ൽ നസറാണീസ് എന്നിവ പ്രസിദ്ധീകരിച്ചു. പുരാതന പള്ളികളിൽനിന്നും ക്രിസ്ത്യൻ തറവാടുകളിൽനിന്നും നൂറു കണക്കിന് ചരിത്രരേഖകൾ കണ്ടെടുത്ത്, അവ വിദേശരാജ്യങ്ങളിൽ അവതരിപ്പിച്ചും, ചിത്രങ്ങളും പഠനങ്ങളും ആമുഖക്കുറിപ്പുകളും നൽകി ബൃഹദ്ഗ്രന്ഥങ്ങളായി പ്രസിദ്ധീകരിച്ചും അദ്ദേഹം ചരിത്രസാക്ഷ്യം നൽകുന്നു. പ്രസിദ്ധീ

കരിച്ച ഗ്രന്ഥങ്ങളിലേറെയും വിദേശ സർകലാശാലകളിൽ ഇന്ന് റഫറൻസ് ഗ്രന്ഥങ്ങളാണ്. പലപ്പോഴും വിദേശങ്ങളിൽ അദ്ദേഹം സെമിനാറുകളും ക്ലാസുകളും നടത്തുന്നുണ്ട്.

പള്ളിക്കലകളെക്കുറിച്ചുള്ള അന്വേഷണത്തിനിടയിൽ ക്രിസ്തുമതചരിത്രവും സംസ്ക്കാരവും ലോകത്തിന് പരിചയപ്പെടുത്തിയ ജോർജ്ജ് മേനാച്ചേരി പഴമയുടെ സംരക്ഷണമാണ് പൈതൃകവും സാക്ഷ്യവും എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന്റെ ഉദാഹരണമാണ് അദ്ദേഹത്തിന്റെ വീടും സമീപത്തുള്ള ഒല്ലൂർ പള്ളിയും. കേരളത്തിലുടനീളം പുരാതന ക്രിസ്ത്യൻ പള്ളികൾ പൊളിച്ച് തിയേറ്ററുകളുടെ മാതൃകയിൽ പുനർജ്ജനിക്കുമ്പോൾ കേരളത്തിലെ ഏറ്റവും ശ്രേഷ്ഠമായ പൗരാണിക ദേവാലയമായി ഒല്ലൂർ പള്ളിയെ കാത്തു സൂക്ഷിക്കുന്നത് ജോർജ്ജ് മേനാച്ചേരിയുടെ സാന്നിദ്ധ്യസ്വാധീനങ്ങൾകൊണ്ടാണെന്ന് പറയാം.

അപൂർശേഖരങ്ങളുള്ള ലൈബ്രറിയും, സാംസ്ക്കാരികസാമഗ്രികളും, ആയിരക്കണക്കിന് ചിത്രങ്ങളും, സപ്തതി ആഘോഷവേളയിൽ സംഘടിപ്പിച്ച നൂറുകണക്കിന് വിലയേറിയ പെയിൻറിങ്ങുകളും സൂക്ഷിക്കുന്ന അദ്ദേഹത്തിന്റെ വീട്ടിൽ ചരിത്രത്തിൽ താല്പര്യമുള്ള ആർക്കും കയറിച്ചെല്ലാം. ലൈബ്രറി ഉപയോഗിക്കുകയോ, ദീർഘനേരം തർക്കിച്ചിരിക്കുകയോ ആവാം. എന്നാൽ പ്രാചീനപുസ്കങ്ങളുടെ കലവറയായ ലൈബ്രറിയിൽനിന്നും പുസ്തകം കടം ചോദിച്ചാൽ അദ്ദേഹം അതിന്റെ ഫോട്ടോസ്റ്റാറ്റ് മുഴുവൻ സ്വന്തം ചെലവിൽ എടുത്തുതരാം, പുസ്തകം തരില്ല എന്ന് വിനയത്തോടെ പറയും. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ പുസ്തകശേഖരം അമൂല്യമാണ്, ശേഖരിച്ചതൊന്നും നഷ്ടപ്പെട്ടുകാണില്ല.

ഒരിക്കൽ, ഷാജി ജെക്കബുമൊത്ത് ഇൻറർവ്യൂ ചെയ്യാൻ ചെന്നപ്പോൾ, ഒരു ചെറിയ പുസ്തകം എടുത്ത് മുന്നിലെത്തിയ എന്നോട് അതിന്റെ ഫോട്ടോ സ്റ്റാറ്റ് എടുത്ത് അയച്ചുതരാമെന്ന് ഏറ്റ് പുസ്തകം തിരിച്ചു വാങ്ങിക്കുകയും (വാക്കു പാലിച്ചു), അദ്ദേഹം പുറത്തിറക്കിയ എല്ലാ പുസ്തകങ്ങളും (നസ്രാണീസ് 2,250 രൂപ) സമ്മാനമായി നൽകുകയും ചെയ്തു.

ചരിത്രസാക്ഷ്യങ്ങളുടെ കലവറയായി ജോർജ്ജ് മേനാച്ചേരി മുൻകൈ എടുത്ത് പ്രവർത്തനമാരംഭിച്ച തൃശൂർ സെന്റ് തോമസ് ക്രിസ്ത്യൻ മ്യൂസിയം, കാക്കനാട്ട് സെൻറ് തോമസ് മൗണ്ട് മ്യൂസിയം, പാലയൂർ സെന്റ് തോമസ് മ്യൂസിയം എന്നിവ കേരള ക്രൈസ്തവസഭാചരിത്രപഠനത്തിന് ഉപയുക്തമാണ്.

സപ്തതി ആഘോഷവേളയിലാണ് മാർപ്പാപ്പ അൽമായർക്ക് നൽകുന്ന ബഹുമതിയായ ഷെവലിയർ സ്ഥാനം ജോർജ്ജ് മേനാച്ചേരിയെ തേടിയെത്തുന്നത്. അശ്വവീരൻ എന്ന ഫ്രഞ്ചു പ്രഭുസ്ഥാനങ്ങളിലൊന്നായ ഷെവലിയർ സ്ഥാനം സീറോ മലബാർ സഭയിൽ മുമ്പ് ലഭിച്ചിരുന്നത് മാടമ്പി (ഇടപ്രഭുക്കന്മാർ) മാർക്കാണെന്ന് പരാമർശിച്ചിട്ടുണ്ട്. നാക്കിന്റെ മിടുക്കുകൊണ്ട് മാത്രം ജീവിക്കുന്നവർ എന്ന അർത്ഥം ഷെവലിയറിന് കൈവന്നത് അതു കൊണ്ടാകാം. ഏതായാലും, പ്രവൃത്തികൊണ്ട് നേടിയെടുത്ത ഈ ബഹുമതി ജോർജ്ജ് മേനാച്ചേരിയെ ചരിത്രത്തിലെ മാടമ്പിയായി ഉയർത്തിയിരിക്കുന്നു.




തൃശൂർ ആർച്ച് ബിഷപ്പ്സ് ഹൗസ്

# 70ൽ നിന്ന് 20 ലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ

സി. കെ. ഗിരിജകുമാർ

2008 മാർച്ച് 8–ാം തീയതി ശനിയാഴ്ചയിലെ പത്രത്തിൽ കണ്ട ഒരു വാർത്ത എന്റെ മനസ്സിനെ അമ്പതു വർഷം പിറകിലേക്ക് കൊണ്ടെത്തിച്ചു.ശ്രീ ജോർജ്ജ് മേനാച്ചേരിക്ക് ഷെവലിയർ പദവി ലഭിച്ചു എന്നതായിരുന്നു ആ വാർത്ത. ഇതിൽ തീരെ അത്ഭുതം തോന്നിയില്ല. വളരെയധികം സന്തോഷിച്ചു. കാരണം, ഇത് എത്രയോ മുമ്പ് ലഭിക്കേണ്ട ഒരു പദവിയായിരുന്നു.

1958–60 കാലത്ത് ഞാൻ സെന്റ് തോമസ് കോളെജിൽ ഇക്കണോമിക്സ് ബി. എയ്ക്ക് ചേർന്നു. കോളെജ് തുറന്ന് കുറച്ച് ദിവസങ്ങൾക്കു ശേഷം പുതിയതായി ഒരു വിദ്യാർത്ഥി ക്ലാസ്സിൽ വന്നു. വന്ന ഉടനെ എന്റെ അടുത്ത സീറ്റിൽ സ്ഥാനം പിടിച്ചു. ക്ലാസ് കഴിഞ്ഞ് ഞങ്ങൾ പരിചയപ്പെട്ടു. പേര് ജോർജ്ജ്. വീട് ഒല്ലൂർ പള്ളിക്ക് പടിഞ്ഞാറുവശം. പത്താംക്ലാസുവരെ കാട്ടൂർ സ്കൂളിലും അതിനുശേഷം ഇൻറർമീഡിയറ്റിന് ട്രിച്ചിയിലും പഠിച്ചു. അവിടെത്തന്നെ ഡിഗ്രിക്ക് ചേർന്നുവെന്നും, ''കണക്ക്'' വഴങ്ങുന്നില്ല എന്നു കണ്ട് തൃശൂർക്ക് പോന്നതാണ് എന്നും പറഞ്ഞു. അന്നു മുതൽ ഞങ്ങൾ ഒരേ ബഞ്ചിൽ ഇരുന്നു ഒരേ ബസ്സിൽ സഞ്ചരിച്ചു. എന്റെ വീട് പെരിഞ്ചേരിയിലായതുകൊണ്ട് ഒരുമിച്ച് യാത്രചെയ്യാൻ കഴിഞ്ഞു.

ഈ കാലഘട്ടത്തിൽ കേരളം ഭരിച്ചിരുന്നത് ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെ ഒന്നാമത്തെ കമ്യൂണിസ്റ്റു മന്ത്രിസഭയായിരുന്നു. ഈ സമയത്തു് ആലപ്പുഴയിലെ വിദ്യാർത്ഥികളുടെ ഒരണ ബോട്ടുസമരം കേരളം മുഴുവൻ വ്യാപിച്ചു. അതുകൊണ്ട് കോളെജുകൾ ഓണാ

വുധിക്ക് നേരത്തെ അടച്ചു. ഇക്കാലത്ത് ജോർജ്ജ് ഒരു സുഹൃത്തു മൊത്ത് എന്റെ വീട്ടിൽ വന്നു.

അടുത്ത വർഷം കേരളത്തിൽ വിമോചനസമരം പൊട്ടിപ്പുറപ്പെട്ടു. അതിൻെറ ഫലമായി കോളെജുകളിൽ അദ്ധ്യയനം മുടങ്ങി. ഈ സമയത്ത് ജോർജ്ജ് മാനേജിങ്ങ് എഡിറ്ററായി 'ഹാംസിക്ക്' (HAMSICK) എന്ന പേരിൽ ഒരു വാർത്താമാസിക പ്രസിദ്ധീകരിച്ചു. ഞാനും പത്രാധിപസമിതിയിൽ ഒരംഗമായിരുന്നു. രണ്ടുമൂന്നാഴ്ച വാരിക കൃത്യമായി പുറത്തിറങ്ങി. പിന്നീട് രണ്ടും മൂന്നും ആഴ്ചകൂടു മ്പോൾ മാത്രം. ക്രമേണ അതും നിന്നു.

1959-60 ൽ കോളെജ് യൂണിയനിലേയ്ക്ക് ജോർജ്ജ് ജനറൽ സെക്രട്ടറിയായും ഞാൻ ചെയർമാനുമായും തെരഞ്ഞെടുക്കപ്പെട്ടു. ആ വർഷം കേന്ദ്രമന്ത്രിയെ പങ്കെടുപ്പിച്ചുകൊണ്ട് യൂണിയൻ ഉദ്ഘാ ടനം നടത്തി. ബി. ഏ. യ്ക്ക് ശേഷം ജോർജ്ജ് 1960 ൽ കോഴിക്കോട് ദേവഗിരി കോളെജിൽ എം. എ. യ്ക്ക് ചേർന്നു. അടുത്ത വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിലേയ്ക്ക് മാറി. 1962 ൽ അദ്ദേഹം താൻ പഠിച്ച കോളെജിൽത്തന്നെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറിൽ അദ്ധ്യാപകനായി ചേർന്നു.

1963 മെയ് മാസത്തിൽ ഒരു ദിവസം ജോർജ്ജ് വീട്ടിൽ വന്നു. പഠിച്ചിരുന്ന അവസരത്തിൽ ഞാൻ അദ്ദേഹത്തിന്റെ വീട്ടിലും ജോർജ്ജ് എന്റെ വീട്ടിലും വരുമായിരുന്നു. ഇപ്പോൾ വന്നതിൻെറ ഉദ്ദേശം കോളെജ് മാനേജരെ കാണുവാൻ ഞാൻ കൂടെ പോകണ മെന്നതായിരുന്നു. മണ്ണുത്തിക്കടുത്തുള്ള ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൻെറ ഡയറക്ടർ കൂടിയായിരുന്നു മാനേജർ. അപ്പോൾത്തന്നെ ഞങ്ങൾ അവിടേയ്ക്ക് പോയി. നാലു മണിക്ക് അവിടെ എത്തി. ആറു മണിയോ ടുകൂടി അവിടെനിന്ന് തിരിച്ചുപോന്നു. അതിനിടെ ഡയറക്ടറച്ചൻ അവിടത്തെ അന്തേവാസികളെക്കുറിച്ചെല്ലാം പറഞ്ഞു. കൂടാതെ എന്തെങ്കിലും കഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ടോ എന്നും ആരാഞ്ഞു. എന്ത് തന്നാലും കഴിക്കാമെന്ന് പറഞ്ഞു. ഞങ്ങൾ കൂൾഡ്രിംങ്സ് കഴിച്ച് യാത്രപറഞ്ഞ് തിരിച്ചുപോന്നു.

പിന്നീട് ഞാൻ ജോർജ്ജിനെ കാണുന്നത് ഒരു ബൈക്ക് അപ കടം പറ്റിയ ഉടനെ ആശുപത്രിയിൽ പോകുമ്പോഴായിരുന്നു. ഞാനും ഉടനെ കൂടെ പോയി. രണ്ടു ദിവസം ആശുപത്രിയിൽ ഞങ്ങൾ ഒരുമിച്ച് കഴിഞ്ഞു. അവിടെനിന്നും ഡിസ്ചാർജ്ജ് ചെയ്ത് വീട്ടിൽ കൊണ്ടാക്കിയതിനുശേഷമാണ് ഞാൻ തിരിച്ച് പോന്നത്.

കുറെ നാളുകൾക്കു ശേഷം ഒരു ദിവസം ഉച്ചതിരിഞ്ഞ് 2 മണിക്ക് ശ്രീമാൻ വീട്ടിൽ വന്നു. പെരിഞ്ചേരി പള്ളിയിൽ ഒരു പരിപാടിയിൽ

പങ്കെടുക്കുന്നതിനുവേണ്ടിയായിരുന്നു അദ്ദേഹം വന്നത്. ഞങ്ങൾ മൂന്നു മണിക്ക് പള്ളിയിൽ പോയി. പരിപാടി കഴിയുംവരെ എന്നെയും സ്റ്റേജിൽ പിടിച്ചിരുത്തി. അധികം നാളുകൾ കഴിയുന്നതിനു മുമ്പ് വീണ്ടും വേറൊരു പരിപാടിയിൽ പങ്കെടുക്കുന്നതിനുവേണ്ടി വീട്ടിൽ വന്നു. ഇത്തവണ വന്നത് എൻെറ അച്ഛൻ സ്പോൺസർചെയ്ത കപ്പിനുവേണ്ടിയുള്ള വോളിബോൾ മത്സരത്തിൻെറ ഉദ്ഘാടനത്തിനു വേണ്ടിയായിരുന്നു. സ്പോർട്ട്സ് ക്ലബ് ഭാരവാഹികൾ ഉദ്ഘാടനത്തീയതിയും സമയവും മാത്രമെ ഞങ്ങളെ അറിയിച്ചിരുന്നുള്ളു. ഞങ്ങൾ ഒരുമിച്ച് അവിടെ എത്തിയപ്പോൾ ക്ലബ് ഭാരവാഹികൾ അത്ഭുതപ്പെട്ടു. അതിന്ശേഷം ഞങ്ങളെ വീട്ടിൽ എത്തിച്ചതിനു ശേഷമാണ് ജോർജ്ജ് പോയത്.

ജോർജ്ജിൻെറ വിവാഹത്തിന് എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. ആ സമയത്ത് ഞാൻ മുാറ്റുപുഴയിൽ 10 ദിവസത്തെ ഒരു ട്രെയിനിങ്ങ് പ്രോഗ്രാമിൽ പങ്കെടുക്കുകയായിരുന്നു. വിവാഹദിവസം രാത്രിയാണ് ഞാൻ വീട്ടിൽ തിരിച്ചെത്തിയത്. അടുത്ത ദിവസം തന്നെ ഞാൻ സുഹൃത്തിനെ കാണാൻ പോയി. അപ്പോഴാണ് അറിയുന്നത് അദ്ദേഹം അഞ്ചേരിയിലേയ്ക്ക് താമസം മാറ്റിയെന്ന്. വലിയ പ്രയാസം കൂടാതെ അഞ്ചേരിയിലെ വീട്ടിൽ എത്തിച്ചേർന്നു. ഭാഗ്യമെന്നു പറയട്ടെ അദ്ദേഹവും ശ്രീമതിയും വീട്ടിൽ ഉണ്ടായിരുന്നു. അന്ന് അവരോടൊപ്പം ഉച്ചഭക്ഷണവും കഴിച്ചാണ് തിരിച്ച് പോന്നത്.

ഞാൻ പീച്ചിയിൽ ജോലി ചെയ്തിരുന്നപ്പോൾ അദ്ദേഹത്തിന്റെ വലിയമ്മയുടെ മകൻ വർക്കിച്ചേട്ടനും എന്നോടൊപ്പം ജോലി ചെയ്തിരുന്നു. അദ്ദേഹമാണ് പറഞ്ഞത് ജോർജ്ജ് തൃശൂരാണ് താമസിക്കുന്നതെന്ന്. ഒരു ദിവസം ഉച്ചതിരിഞ്ഞ് ഞങ്ങൾ അവിടെ പോയി. പിന്നീട് റിട്ടയർ ചെയ്തശേഷം, ഞാനും ഭാര്യയും തൃശൂർ സബ്ബ് ട്രഷറിയിൽ പെൻഷൻ വാങ്ങുവാൻ പോയപ്പോൾ അദ്ദേഹവും പെൻഷൻ വാങ്ങുവാൻ വന്നിരുന്നു.

കുറച്ചു കാലങ്ങൾക്കുശേഷം ജോർജ്ജ് എന്നെ ഫോണിൽ വിളിച്ച് മകൻെറ വിവാഹവിവരം അറിയിച്ചു. വിവാഹം ഒല്ലൂർ പള്ളിയിൽവെച്ച് ഉച്ചയ്ക്കു ശേഷമാണെന്നും വീട്ടിൽ വന്ന് ക്ഷണിക്കണമോ എന്നും ചോദിച്ചു. അതിന്റെ ആവശ്യമില്ലെന്ന് ഞാൻ പറഞ്ഞു. വിവാഹദിവസം ഉച്ചതിരിഞ്ഞ് രണ്ടു മണിക്ക് ഞാൻ എത്തുമ്പോൾ അവർ പള്ളിയിലേയ്ക്ക് പോകുകയായിരുന്നു. ഞാനും അവരുടെ കൂടെ പള്ളിയിൽ പോയി. വിവാഹകർമ്മങ്ങളിലും അതിനുശേഷം നടന്ന പാർട്ടിയിലും പങ്കെടുത്ത് ആറു മണി കഴിഞ്ഞാണ് ഞാൻ തിരിച്ച് പോന്നത്.

എൻെറ മകൻെറ വിവാഹത്തിന് ഞാനും ഫോണിൽകൂടിയാണ് ക്ഷണിച്ചത്. വീടിനടുത്തുതന്നെയുള്ള ഒരു കല്യാണമണ്ഡപത്തിൽ വെച്ചായിരുന്നു വിവാഹം. അദ്ദേഹം മണ്ഡപത്തിൽ വരുമ്പോൾ ഞാൻ വീട്ടിലായിരുന്നു. ഉടനെത്തന്നെ ജോർജ്ജ് വീട്ടിലേയ്ക്ക് വന്നു. വീണ്ടും ഞങ്ങൾ വിവാഹമണ്ഡപത്തിലേയ്ക്ക് പോയി.

ഏറ്റവും ഒടുവിൽ ഞാൻ ജോർജ്ജിൻെറ വീട്ടിൽ പോയത് എന്റെ മകൾ എം.ഏ.യ്ക്ക് പഠിക്കുമ്പോൾ അവളുടെ രണ്ടു കൂട്ടുകാരികൾക്കു വേണ്ടി ഒല്ലൂർ പള്ളിയെയും ഒല്ലൂരിലെ വ്യവസായികളെയും കുറിച്ച് ചോദിച്ച് മനസ്സിലാക്കുന്നതിനുവേണ്ടിയായിരുന്നു. ഈ സമയത്ത് അദ്ദേഹം അഞ്ചേരിയിൽനിന്നും ഒല്ലൂരിലെ പഴയ വീട്ടിലേയ്ക്ക് താമസം മാറ്റിയിരുന്നു.

പ്രൊഫ. ജോർജ്ജ് മേനാച്ചേരി സപ്തതി സമിതി അണിയിച്ചൊരുക്കുന്ന സ്മരണികയിലേയ്ക്ക് എന്നെക്കൂടി ഉൾപ്പെടുത്തിയതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഇപ്പോൾ എഴുപതിന്റെ നിറവിൽ അദ്ദേഹം മാത്രമല്ല, ഞാനും എത്തിനിൽക്കുന്ന ഈ അവസരത്തിൽ പഴയകാലസ്മരണകൾ ഓർക്കുവാൻ അവസരം ഉണ്ടാക്കിത്തന്നതിന് സപ്തതി സമിതിയോട് വളരെയധികം നന്ദിയുണ്ട്.




**തോമാപീഡിയ പ്രകാശനം** : ആർച്ച്ബിഷപ്പ് മാർ ജേക്കബ്ബ് തൂങ്കുഴി, കർദ്ദിനാൾ വർക്കി വിതയത്തിൽ, വൈസ് ചാൻസലർ മാധവമേനോൻ, ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ, പ്രൊഫ. ജോർജ്ജ് മേനാച്ചേരി എന്നിവർ

# ഒല്ലൂരിൻെറ പെരുമയുടെ കാവൽക്കാരൻ

ഫാ. ജോർജ്ജ് എടക്കളത്തൂർ

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതി ആരംഭിച്ചപ്പോൾ ഒല്ലൂർ വികാരി ഞാനായിരുന്നതുകൊണ്ടും മറ്റും ഏതാനും വരികൾ ജോർജ്ജ് മാഷെക്കുറിച്ച് എഴുതാൻ സന്തോഷമുണ്ട്.

ഒല്ലൂർ ഇടവകയുടെ വളർച്ചയ്ക്കും പ്രശസ്തിക്കും വേണ്ടി, കേരളസഭയുടെ ചരിത്രത്തിനുവേണ്ടി, കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി ജീവിതം മാറ്റിവെച്ച വ്യക്തിയാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. വളരെ വിശാലമായ കാഴ്ചപ്പാടുള്ള വ്യക്തി. ഒല്ലൂർ ഇടവകയെ ശരിക്കും ''ചിന്ന റോമ''യാക്കാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. തൃശൂർ അതിരൂപതയുടെ എന്നല്ല, കേരളസഭയിലെ ഏതെങ്കിലും പ്രധാന പരിപാടികൾ ഉണ്ടെങ്കിൽ, അത് ഒല്ലൂരിൽ നടക്കണമെന്നും, ഒല്ലൂരാണ് അതിന് പറ്റിയ സ്ഥലമെന്നും ധൈര്യപൂർം പറയുവാനും അത് സംഘടിപ്പിക്കാനും പരിശ്രമിക്കുന്ന വ്യക്തിയാണ് ജോർജ്ജ് മേനാച്ചേരി. വി. റാഫേൽ മാലാഖയുടെ തിരുനാളിനോടനുബന്ധിച്ച്, അദ്ദേഹം ഒരു ചരിത്ര സാംസ്ക്കാരിക എക്സിബിഷൻ നടത്തിയത് ഞാനോർക്കുന്നു. അത് നടക്കുമോ എന്നൊക്കെ പലരും സംശയിച്ചെങ്കിലും, വളരെ വിപുലമായ രീതിയിൽ അത് നടക്കുകയുണ്ടായി. ഒല്ലൂരിൻെറ പഴമയും പ്രതാപവും പാരമ്പര്യവുമെല്ലാം എല്ലാവരെയും അറിയിക്കാനും അതുവഴി ഇന്ത്യയ്ക്കകത്തുനിന്നും പുറത്തുനിന്നും ധാരാളം സന്ദർശകരെ ഒല്ലൂരിലേയ്ക്ക് ആകർഷിക്കാനും എന്നും ശ്രമിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ് പ്രൊഫ. മേനാച്ചേരി. സപ്തതി ആഘോ

ഷത്തിൻെറ പേരിൽ ശിഷ്യഗണവും സുഹൃത്തുക്കളും ചേർന്ന് പല പരിപാടികളും ഒരുക്കിയത് ഏറ്റവും മാതൃകാപരമാണ്. അവ വെറും ആഘോഷങ്ങൾ മാത്രമല്ല, എല്ലാവർക്കും ഉപകാരപ്രദമായ പരിപാടികളാണ്.

സപ്തതിയുടെ നിറവിൽ മേനാച്ചേരി മാഷ്ക്ക് ലഭിച്ച ഏറ്റവും വലിയ അംഗീകാരമാണ് ഷെവലിയർ പദവി എന്നു നമുക്കറിയാം. സഭാപ്രവർത്തനങ്ങൾക്കുവേണ്ടി ജീവിതം മാറ്റിവെയ്ക്കുന്നവർക്കു സഭയിൽനിന്ന് ലഭിക്കാവുന്ന വലിയ അംഗീകാരമാണിത്. സെൻ്റ് തോമസ് കോളെജിൽ അദ്ദേഹം എൻെറ ഗുരുഭൂതനായിരുന്നു. പിന്നീട് ഞാൻ ഒല്ലൂരിലെ കൊച്ചച്ചനും ഈ അടുത്തനാൾവരെ വികാരിയച്ചനും ആകാൻ ഇടവന്നപ്പോൾ ജോർജ്ജ് മാഷുമായുള്ള എൻെറ അടുപ്പം ആഴപ്പെടുവാൻ ഇടയായി. ഈ വലിയ സ്ഥാനലബ്ദിയിൽ അദ്ദേഹത്തിന് എല്ലാവിധ ആശംസകളും ഞാൻ നേരുന്നു. സപ്തതി സമാപനപരിപാടികൾ വിജയിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.



സഹോദരീസഹോദരന്മാരോടൊപ്പം മൂത്തപുത്രൻെറ
വിവാഹവേളയിൽ

# അറിവിൻെറ നിറകുടം

**മാത്യു മടുക്കകുഴി**

തൃശൂർ സെൻറ് തോമസ് കോളെജിൽ ഇംഗ്ലീഷ് ലക്ചററായും പ്രൊഫസറായും മൂന്നു ദശാബ്ദക്കാലം സേവനം അനുഷ്ഠിക്കുകയും അതിൽ രണ്ടു പതിറ്റാണ്ടുകാലം ബിരുദാനന്തര വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്ത പ്രൊഫസർ ജോർജ്ജ് മേനാച്ചേരി 1992 ൽ ചരിത്രഗവേഷണത്തിനും പുസ്തകപ്രസിദ്ധീകരണത്തിനുമായി കോളെജിൽനിന്ന് സ്വയം വിരമിക്കുകയായിരുന്നു. 1984 മുതൽ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിലും മറ്റു ചില തിയോളജി സെമിനാരികളിലും വിസിറ്റിംഗ് പ്രൊഫസറായി അദ്ദേഹം സേവനമനുഷ്ഠിക്കുകയുണ്ടായി. കൂടാതെ, സുഹൃത്തുക്കളുമൊത്ത് അദ്ദേഹം തൃശൂരിൽ ഒരു അൽമായ നേതൃത്വപരിശീലനകേന്ദ്രവും ആരംഭിച്ചു. അതിൻെറ ആരംഭം മുതൽ ഇന്നുവരെ പ്രൊഫ. മേനാച്ചേരി അതിൻെറ ഡയറക്ടറാണ്. ഈ സ്ഥാപനത്തിൽ പല നൂതന പരിശീലനപഠന പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ന്യൂമാൻ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് പ്രസിഡൻറായി 1964 മുതൽ ദീർഘകാലം അതിനോടു സഹകരിക്കുവാനും പ്രൊഫസർ മേനാച്ചേരിക്ക് അവസരം ലഭിച്ചു.

ഗ്രന്ഥസമുച്ചയം സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയാ ഓഫ് ഇന്ത്യ, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് (ദി നസ്രാണീസ്) എന്നീ ബൃഹത്ഗ്രന്ഥങ്ങളിലൂടെ ഭാരത ക്രൈസ്തവ ചരിത്രവും സാംസ്ക്കാരികപൈതൃകവും ലോകത്തിലെത്തിച്ച പ്രശസ്ത സാംസ്ക്കാരിക ചരിത്ര ഗവേഷകനാണ് പ്രൊഫ. ജോർജ്ജ്

മേനാച്ചേരി. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് (ദി നസ്രാണീസ്) മൂന്നു ഭാഗങ്ങളായി (volumes)ട്ടാണദ്ദേഹം പ്രസിദ്ധീകരിക്കുന്നത്. ഇംഗ്ലീഷ് അദ്ധ്യാപകനായ പ്രൊഫസർ മേനാച്ചേരി കേരള സർകലാ ശാലയിൽ പി.എച്ച്.ഡിക്ക് ചരിത്രത്തിൽ പേരു രജിസ്റ്റർ ചെയ്യുകയും ആ രംഗത്തു കുറെ ഏറെ പഠനങ്ങൾ നടത്തുകയും ചെയ്തെങ്കിലും അദ്ദേഹത്തിൻെറ ഗൈഡ് ഡോ. മാർത്താണ്ഡവർമ്മയുടെ ആകസ്മിക നിര്യാണം മൂലം തീസിസ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ അദ്ദേഹം ബാംഗ്ളൂർ ധർരാം വിദ്യാക്ഷേത്രത്തിൽ ഒരു ഡോക്ടറൽ സ്കോളറാണ്. അദ്ദേഹം തെരഞ്ഞെടുത്തിരിക്കുന്ന വിഷയം "The Social Status of Thomas Christians as indicated by their Art and Architecture" എന്നതാണ്. പൂനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ നിന്നും 1957 ൽ അദ്ദേഹത്തിനു ഡിപ്ലോമ ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വേൾഡ് അസംബ്ലി ഓഫ് യൂത്തിൻെറ പരിശീലനവും അദ്ദേഹം നേടി. വിദ്യാഭ്യാസം, ചരിത്രം, സംസ്ക്കാരം, ദൈവശാസ്ത്രം, സാമൂഹ്യശാസ്ത്രം, കമ്പ്യൂട്ടർ, ഇൻറർനെറ്റ്, ഐ.ടി., ആർട്ട്, ആർക്കി ടെക്ച്ചർ എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളിൽ ഔപചാരികവും അനൗ പചാരികവുമായ വിദ്യാഭ്യാസം നേടുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ''ദുക്റാന'', ''ക്രിസ്ത്യൻ ഓറിയൻറ്'' എന്നീ പ്രസിദ്ധീ കരണങ്ങളുടെ സ്ഥാപക പത്രാധിപസമിതിയിൽ പ്രൊഫ. മേനാച്ചേരി അംഗമായിരുന്നു. അതുപോലെ ''ജേർണൽ ഓഫ് സെൻറ് തോമസ് ക്രിസ്ത്യൻസ്'' പത്രാധിപസമിതിയംഗമായും അദ്ദേഹം പ്രവർ ത്തിയ്ക്കുന്നു. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ കേരള സന്ദർശ നത്തോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തിയ ഒരു ഡസനോളം സ്മരണി കകളുടെ ചീഫ് എഡിറ്ററായും സഹപത്രാധിപരായും അദ്ദേഹം പ്രവർത്തിച്ചു.

**ചെറുപ്പത്തിലെ വായനാശീലം:** പ്രൊഫ. മേനാച്ചേരി ചെറുപ്പം മുതലെ വായനയിൽ അതീവ തൽപരനായിരുന്നു. അമ്മവീട്ടിൽ ഉണ്ടായിരുന്ന ആയിരത്തോളം പുസ്തകങ്ങളടങ്ങിയ ലൈബ്രറിയും അനേകം മാസികകളും അദ്ദേഹം പ്രയോജനപ്പെടുത്തി. ചെറുപ്പം മുതലുള്ള അദ്ദേഹത്തിൻെറ ഈ വായനാശീലമാണ് ലോകപ്രശസ്ത മായ അനേകം ഗ്രന്ഥങ്ങൾ രചിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ''പാതിരായ്ക്ക് ഒരു ഇറങ്ങിപ്പോക്ക്'', ''പള്ളിക്കലകളും മറ്റും'', ''കൊടു ങ്ങല്ലൂർ സിറ്റി ഓഫ് സെൻറ് തോമസ്'', ''ഡൈവൂൺണ്ടർബാറെ ജെകസ്തെ ഡെർ നസ്രാണീസ് ഡെർ മലബാർ ക്രിസ്ത്യൻ വോൺ ഹെയ്‌ലിഗൻ ടോമസ്'' (ജർമ്മൻ ഭാഷ), ''കൊടുങ്ങല്ലൂർ ക്രേഡിൽ ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യ'', ''ഗ്ലിംസസ് ഓഫ് നസ്രാണി ഹെറിറ്റേജ്'', ''തോമാപീഡിയ'' തുടങ്ങിയവയാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ ഇതരകൃതികൾ.

**കച്ചിറമറ്റത്തിൻെറ സാക്ഷ്യം:** ശ്രീ ജോൺ കച്ചിറമറ്റം രചിച്ച ''കേരളസഭാ പ്രതിഭകൾ'' (ഒന്നാം ഭാഗം) എന്ന പ്രശസ്ത ഗ്രന്ഥത്തിൽ പ്രൊഫ. മേനാച്ചേരിയെപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു: ''പ്രൊഫ. ജോർജ്ജ് മേനാച്ചേരി കൈവയ്ക്കാത്തതായ ശാസ്ത്ര സാങ്കേതിക, സാംസ്ക്കാരിക, സാഹിത്യ രംഗങ്ങൾ ഏറെയില്ലെന്നു പറയാം. കൈ വച്ചിടത്തെല്ലാം തൻെറ പാണ്ഡിത്യംകൊണ്ടും ലളിതവും വിനീത വുമായ പെരുമാറ്റരീതികൊണ്ടും മേധാശക്തികൊണ്ടും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.'' അദ്ദേഹത്തിൻെറ ബൃഹത്തായ സേവന ങ്ങൾ കണക്കിലെടുത്ത് നിരവധി അവാർഡുകൾ നൽകി അദ്ദേഹത്തെ പൊതുജനങ്ങളും സ്ഥാപനങ്ങളും ആദരിക്കുകയുണ്ടായി.

2008 ഏപ്രിൽ 2ന് സപ്തതി ആഘോഷിക്കുന്ന ആദരണീയനായ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിക്ക് എൻെറ വിനീതമായ ആശംസകൾ! അഭിനന്ദനങ്ങൾ!



കുടുംബാംഗങ്ങളോടൊപ്പം ഇളയപുത്രൻെറ
വിവാഹവേളയിൽ

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി: സുഗന്ധവ്യക്തിത്വത്തിൻെറ ഉടമ

**ടോം ജോസ് അങ്കമാലി**

വ്യക്തികളെയും സംഭവങ്ങളെയും കൃതികളെയും പ്രസ്ഥാന ങ്ങളെയും സംഘടനകളെയും ചെറുതാക്കാനും വലുതാക്കാനും തമസ്ക്കരിക്കാനും ചരിത്രസാഹിത്യകാരന്മാർക്ക് കഴിയും. ഇക്കാര്യ ത്തെക്കുറിച്ച് നല്ല അവബോധമുള്ള ചരിത്രസാഹിത്യകാരനാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. എന്തിനെയും ആവുന്നത്ര വസ്തു നിഷ്ഠമായി വിലയിരുത്തി വിവേകപൂർവ്വം സ്വന്തം സാംസ്ക്കാരിക സംസ്കൃതിക്ക് മിഴിവ് നൽകുന്ന വിധത്തിലേ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയിലെ ചരിത്രകാരൻ ഇന്നുവരെയും പ്രതികരിച്ചിട്ടുള്ളു. ചരിത്രയാഥാർത്ഥ്യങ്ങളോട് പക്ഷം കാണിക്കുക എന്നതല്ലാതെ, ഒന്നിനോടും വിശേഷാൽ താല്പര്യം കാണിക്കുന്ന സ്വഭാവം ഈ സർഗ്ഗധനികനായ സാഹിത്യകാരൻ കാണിച്ചിട്ടില്ല. അതുകൊണ്ട്, സുഗന്ധമുള്ള വ്യക്തിത്വത്തിൻെറ ഉടമയായി പ്രൊഫ. ജോർജ്ജ് മേനാച്ചേരി എന്ന ചരിത്രസാഹിത്യകാരൻ മലയാളികളുടെ മനസ്സിൽ എന്നും നിറഞ്ഞു നിൽക്കും.

സംഭവങ്ങൾ, തീയതികൾ, വിവരണങ്ങൾ, വസ്തുതകൾ ശേഖരിച്ച് സാംശീകരിച്ച് ദർശന ദീപ്തിയിൽ ചാലിച്ച് സ്വന്തം കമ്മട്ടത്തിൽ അടിച്ച് പുറത്തിറക്കിയ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെന്ന ചരിത്ര കാരൻ നമ്മുടെ ചരിത്രസാഹിത്യവീഥിയിലെ ഏകാന്ത പഥികനാണ്. ഒരു വിദഗ്ധസംഘം ഏറെക്കാലം അദ്ധ്വാനിച്ചാൽ കടഞ്ഞെടുക്കാവുന്ന പ്രൗഢമായ കൃതികളെക്കാൾ ഗുണമേന്മയുള്ള ചരിത്രകൃതികൾ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് സ്വന്തമായി നിർമ്മിക്കാൻ കഴിഞ്ഞു.

എഴുത്തുകാരൻ ദന്തഗോപുരങ്ങളിൽ വസിക്കണമെന്ന കുട്ടികൃഷ്ണ മാരാരുടെ തത്വമനുസരിച്ച്, സാഹിത്യരചനയെ തപസ്യയാക്കി മാറ്റിയ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് ദേശീയ അന്തർദ്ദേശീയ വേദികളിൽ ഭാരത ക്രൈസ്തവ സമൂഹത്തിൻെറ പൈതൃകം രേഖപ്പെടുത്തി വയ്ക്കാൻ കഴിഞ്ഞു.

ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും യാത്രചെയ്യാനും ചരിത്ര ഗവേഷകരുമായി സംവാദം നടത്താനും അവസരം ലഭിച്ച പ്രൊഫ. മേനാച്ചേരി ഒരു വിശ്വപൗരൻെറ കാഴ്ചപ്പാടോടെയാണ് എല്ലാറ്റിനെ യും നോക്കിക്കണ്ടത്.

അന്തർദേശിയമായി ചിന്തിക്കുക, പ്രാദേശികമായി പ്രതികരിക്കുക എന്ന തത്വം മനസ്സിൽ വച്ചുകൊണ്ട് സ്വന്തം നാട്ടിലെ ചരിത്രവസ്തുത കൾക്ക് കൂടുതൽ മിഴിവ് നൽകുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. ചരിത്ര പണ്ഡിതൻമാരുമായി ചർച്ചകൾ നടത്തുമ്പോൾ അഭിപ്രായഭിന്നതയുള്ള കാര്യങ്ങൾ സൗമ്യമായി പ്രകാശിപ്പിക്കുക എന്നത് ജോർജ്ജ് മാഷുടെ ഒരു ശീലമാണു.

ചരിത്രത്തിൽ താല്പര്യമുള്ളവർക്കും ചരിത്രകാരൻമാർക്കും വേണ്ടി ചരിത്രപരിഷത്തുക്കൾ സംഘടിപ്പിച്ച് അവർക്ക് അതിലൂടെ വളരാൻ പ്രൊഫ. ജോർജ്ജ് മേനാച്ചേരി വഴിയൊരുക്കിയിട്ടുണ്ട്.

എവിടെയെല്ലാം ചരിത്രസ്മാരകങ്ങൾ ഉണ്ടോ, അവടം സന്ദർശി ക്കുന്ന അവസരത്തിൽ അതുമായി ബന്ധപ്പെട്ടു ചരിത്രകാരൻമാ രെയും ചരിത്രവിദ്യാർത്ഥികളെയും കണ്ട് സംസാരിക്കാൻ ഈ ഏകാന്തപഥികൻ ബോധപൂർം സമയം കണ്ടെത്തിയിരുന്നു. ചരിത്ര പരമായ വിഷയങ്ങളെക്കുറിച്ച് ചർച്ച നടക്കുന്ന ഏത് വേദിയിലും പ്രഭാഷണത്തിനായി ക്ഷണിച്ചാൽ, പ്രസംഗിക്കാനുള്ള ചരിത്രക്കുറിപ്പു കൾ തയ്യാറാക്കിക്കൊണ്ടുതന്നെയാണ് പ്രൊഫ. മേനാച്ചേരി പരിപാ ടികൾക്കു പോയിരുന്നതു്. ചെറിയ എഴുത്തുകാർ കയ്യെഴുത്തു കൃതികളുമായി ജോർജ്ജ് മാഷെ സമീപിച്ചാൽ, ഭാഷാദ്ധ്യാപകൻ കഥാകൃത്തുകളായ ശിഷ്യൻമാരോട് കാണിക്കുന്ന സർഗ്ഗാത്മക സമീപനം തന്നെ അദ്ദേഹം കാണിച്ചുപോന്നു. അതുകൊണ്ട് കൊച്ചു കൊച്ചു ചരിത്രകാരൻമാരുടെ ഹൃദയത്തിൽ പ്രകാശ ഗോപുരമായി അദ്ദേഹം നിൽക്കുകയും ചെയ്യുന്നു.

ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ, ചരിത്രസാഹിത്യമണ്ഡല ത്തിൽ ഇളക്കി പ്രതിഷ്ഠ നടത്തിയ പ്രൊഫ. ജോർജ്ജ് മേനാച്ചേ രിയെന്ന ചരിത്രകാരൻ ഒരു വിശിഷ്ഠ വ്യക്തിത്വത്തിൻെറ ഉടമയായി ജനഹൃദയങ്ങളിൽ ഒളിമങ്ങാതെ എക്കാലത്തും പ്രശോഭിക്കും.

# ഒരു സുഹൃദ്ബന്ധത്തിന്റെ കഥ

**ജോസ് ചിറ്റിലപ്പിള്ളി**

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ഞാൻ ആദ്യമായി കാണുന്നത് 1968 ലാണ്. അക്കാലത്ത് അദ്ദേഹം തൃശൂർ സെന്റ് തോമസ് കോളെജിനടുത്ത് ''ഈഫൽ ബുക്സ്'' എന്ന പേരിൽ ഒരു ബുക്ക് സ്റ്റാൾ നടത്തിയിരുന്നു. 27-ാം വയസ്സിൽ ഞാൻ പ്രസിദ്ധീകരിച്ച ''അഭിലാഷങ്ങൾ'' എന്ന എന്റെ ആദ്യ കഥാസമാഹാരത്തിൻെറ പത്തു കോപ്പി ബുക്ക് സ്റ്റാളിൽ വില്പനയ്ക്കു നൽകുവാൻ ചെന്നതായിരുന്നു ഞാൻ. ''മേരിവിജയം'' മാസികയിൽ പലപ്പോഴായി പ്രസിദ്ധീകരിച്ച് ബ്രദർ ലൂയിസ് മഞ്ഞളിയുടെ നേതൃത്വത്തിൽ മരിയാപുരത്തു നടക്കുന്ന യൂണിയൻ പ്രസ്സിൽ അച്ചടിച്ച പത്തു കഥകളുടെ 102 പേജുള്ള ആ കഥാ സമാഹാരത്തിൻെറ വില 1.25 രൂപയായിരുന്നു. പുസ്തകം വിറ്റു കഴിഞ്ഞതിനുശേഷം കമ്മീഷൻ കഴിച്ചുള്ള തുക നൽകിയാൽ മതിയെന്നായിരുന്നു എന്റെ നിബന്ധന. മേനാച്ചേരി മാഷ് പുസ്തകം വാങ്ങി മറിച്ചുനോക്കി. എന്നിട്ട് പുസ്തകത്തിൻെറ മുഴുവൻ വിലയും അപ്പോൾ തന്നെ തന്നതിനു ശേഷം എൻെറ തോളിൽ പിടിച്ചുകൊണ്ട് മാഷ് പറഞ്ഞു: ''ഇനിയും എഴുതിക്കോളോട്ടോ.''

പിന്നീട് തൃശൂരിൽ പല സാഹിത്യസാംസ്ക്കാരിക സദസ്സുകളിലും ഞങ്ങൾതമ്മിൽ കണ്ടുമുട്ടുകയും പരിചയം പുതുക്കുകയും ചെയ്തു. എന്റെ സാഹിത്യജീവിതത്തിൽ ''അക്ഷരത്തെറ്റുകൾ'' എന്ന പേരിൽ രണ്ടാമതൊരു കഥാസമാഹാരവും ''മാളം'' എന്നൊരു നോവലും ഞാൻ എഴുതി പ്രസിദ്ധീകരിച്ചുവെങ്കിലും എൻെറ രചനാതാല്പര്യം ചരിത്രത്തിലേയ്ക്ക് തിരിഞ്ഞതിന്റെ പിന്നിൽ മേനാച്ചേരി മാഷിൻെറ പരോക്ഷമായ സ്വാധീനമുണ്ട്. ക്രൈസ്തവമേഖലയിലുള്ള അദ്ദേഹത്തിന്റെ ചരിത്രപഠനവും പുരാവസ്തുഗവേഷണവും ഭാരത ക്രൈസ്തവസഭയുടെ മുഴുവൻശ്രദ്ധയും ആദരവും നേടിയിട്ടുള്ളതാണ്.

ഭാരത ക്രൈസ്തവസഭയുടെ ഈറ്റില്ലമായ പാലയൂർ പള്ളിയെപ്പറ്റി ഗവേഷണബുദ്ധ്യാ പഠിക്കാനും ചരിത്രഗ്രന്ഥവും ചരിത്ര ലേഖനങ്ങളും എഴുതുവാനും എനിക്ക് പ്രചോദനം നൽകിയത് മേനാച്ചേരി മാഷുമായുള്ള സമ്പർക്കവും സഹവാസവുമാണ്.

2000ൽ തൃശൂർ ആർച്ച്ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി പിതാവ് പാലയൂർ പള്ളിയെ അതിരൂപതാ തീർത്ഥകേന്ദ്രമായി പ്രഖ്യാപിക്കുകയും അതിരൂപതാടിസ്ഥാനത്തിൽ തീർത്ഥകേന്ദ്രകമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ കമ്മിറ്റിയുടെ തുടക്കം മുതൽ മേനാച്ചേരി മാഷ് അംഗവും ഞാൻ അതിന്റെ സെക്രട്ടറിയുമാണ്. ഈ കമ്മിറ്റിയിൽ പ്രവർത്തിച്ചുതുടങ്ങിയതോടെയാണ് മാഷും ഞാനും തമ്മിലുള്ള സുഹൃദ്ബന്ധം ദൃഢമായത്. തീർത്ഥകേന്ദ്ര കമ്മിറ്റി രൂപീകരണത്തിനു മുമ്പുള്ള തീർത്ഥകേന്ദ്രകമ്മീഷനിലും മാഷും ഞാനും അംഗങ്ങളായിരുന്നു. 2001ൽ കാക്കനാട്ട് സെൻറ് തോമസ് മൗണ്ടിൽ മൂന്നു ദിവസത്തെ ചരിത്രപുരാവസ്തു സെമിനാർ നടക്കുകയുണ്ടായി. കേരളത്തിലെ എല്ലാ രൂപതകളിൽനിന്നുമുള്ള മെത്രാന്മാരും വൈദികരും കന്യാസ്ത്രികളും അല്മായരും അതിൽ പ്രതിനിധികളായി പങ്കെടുത്തിരുന്നു. തൃശൂരിൽനിന്ന് അതിൽ പങ്കെടുക്കാൻ നിയോഗിക്കപ്പെട്ട രണ്ടു അല്മായ പ്രതിനിധികൾ മേനാച്ചേരി മാഷും ഞാനുമായിരുന്നു. മൂന്നു ദിവസം ഞങ്ങൾ അവിടെ ഒന്നിച്ചു കഴിഞ്ഞുകൂടിയത് മറക്കാനാവാത്ത ഒരു അനുഭവമാണ്. മാഷും ഞാനും സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

പാലയൂർ തീർത്ഥകേന്ദ്രത്തിന്റെ വികസനത്തിൽ മേനാച്ചേരി മാഷിന്റെ പങ്ക് ഏറെ വലുതാണ്. 2004ൽ പാലയൂരിൽ സ്ഥാപിതമായ ഭാരത ക്രൈസ്തവചരിത്ര മ്യൂസിയത്തിന്റെ മുഖ്യസൂത്രധാരൻ മേനാച്ചേരി മാഷാണ്. മാഷിന്റെ (Glimpses of Nazarani Heritage) എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൽ ഒരു അദ്ധ്യായം പാലയൂർ പള്ളിയെപ്പറ്റിയാണ്. പാലൂയർ പള്ളി എന്ന എന്റെ പുസ്തകവും എന്റെ പേരും അതിൽ പലതവണ പരാമർശിക്കപ്പെട്ടിട്ടുള്ളത് എന്റെ എളിയ ചരിത്രപഠനങ്ങൾക്കുള്ള ഒരു അംഗീകാരമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. പാലയൂരിനെ തന്റെ രണ്ടാമത്തെ ഇടവക എന്നാണ് മാഷ് വിശേഷിപ്പിക്കുക. അത്രമാത്രം ആത്മബന്ധമുള്ള പാലയൂരിൽ വെച്ചു തന്നെ 2008 മാർച്ച് 9 ന് മഹാതീർത്ഥാടനനാളിൽ ഷെവലിയർ പദവിയുടെ സ്ഥാനചിഹ്നം തൃശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്ന് സ്വീകരിക്കുവാൻ മാഷിനു ഭാഗ്യമുണ്ടായത് ദൈവനിയോഗമാകാം. സപ്തതി സ്മാരകമായി മാഷിന്റെ ശിഷ്യന്മാർ പാലയൂർ പള്ളിയിൽ സ്ഥാപിച്ചിട്ടുള്ള ''*പാലയൂർ പടിപ്പുര*''യുടെ ആശീർവ്വാദകർമ്മം മാർ ജേക്കബ് തൂങ്കുഴിപിതാവ് 2008 മാർച്ച് 16 ന് നിർഹിക്കുകയുണ്ടായി. സപ്തതി ആഘോഷിക്കുന്ന പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് എന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

# ഒല്ലൂരിലെ
# അത്ഭുതപ്രതിഭ

**ജോർജ്ജ് ഇമ്മട്ടി**

സപ്തതിയിലെത്തിയിട്ടും വിശ്രമമെന്തെന്നറിയാതെ ഒല്ലൂർ ഗ്രാമത്തിൽ ജീവിച്ചുകൊണ്ട് ഈ നാടിനും ഇന്ത്യയ്ക്കും ലോകത്തിനു തന്നെയും സമാനതകളില്ലാത്ത സാംസ്ക്കാരിക സംഭാവനകൾ സമർപ്പിച്ചുകൊണ്ടിരിക്കുന്ന അത്ഭുതപ്രതിഭയാണ് പ്രൊഫസർ ജോർജ്ജ് മേനാച്ചേരി.

അമ്പതോളം കൊല്ലം മുമ്പ് തൃശൂർ സെന്റ് തോമസ് കോളെജ് റോഡിലെ ''ഈഫൽ ബുക്ക്സ്'' എന്ന പുസ്തകക്കടയിൽ ചെന്ന് കയറിയപ്പോഴാണ് മേനാച്ചേരി മാഷെ ഞാൻ ആദ്യമായി കാണുന്നത്. അന്ന് ആ പുസ്തക പ്രസിദ്ധീകരണശാല നടത്തിവന്ന അദ്ദേഹം പ്രഗത്ഭനും സർവ്വസമ്മതനുമായ ഇംഗ്ലീഷ് പ്രൊഫസറായിരുന്നു, സെന്റ് തോമസ് കോളെജിൽ. പിന്നീട് മേനാച്ചേരി മാഷ് പണ്ഡിത പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിവന്ന ''ലെ ലീഡർഷിപ്പ് ട്രെയിനിങ്'' എന്ന പരിപാടിയിലേയ്ക്ക് എന്നെ ക്ഷണിച്ചു. ആ പരിശീലന കോഴ്സ് എന്റെ വ്യക്തിത്വവികസനത്തിന് ഏറെ ഉപകരിച്ചു. പിന്നീട് തൃശൂരിലെ പല പ്രമുഖ വിദ്യാലയങ്ങളിലും കുട്ടികൾക്ക് ക്ലാസെടുക്കാനും അദ്ദേഹം എനിക്ക് അവസരമുണ്ടാക്കിത്തരികയുണ്ടായി. പ്രശസ്ത ചിത്രകാരനായ ഫ്രാൻസീസ് കോടങ്കണ്ടത്തിന്റെ പിതാവ് പ്രൊഫ. കെ. പി. ആൻറണി മുതലായ മഹാവ്യക്തികളുമായി സൗഹൃദം സ്ഥാപിക്കാൻ മേനാച്ചേരി മാഷ് അന്ന് അവസരമുണ്ടാക്കിത്തന്നു.

ചരിത്രപുരാവസ്തുഗവേഷണ വിഷയങ്ങളിൽ വിദഗ്ധനായ മേനാച്ചേരി മാഷ് പിന്നീട് കേരള ഹിസ്റ്റോറിക്കൽ റിസർച്ച് സൊസൈറ്റി എന്നൊരു സംഘടന സ്ഥാപിച്ച് ഏറെക്കാലം പ്രമുഖരെ കൊണ്ടുവന്ന് സെമിനാറുകളും ചർച്ചകളും സംഘടിപ്പിച്ച് ചരിത്രവിഷയങ്ങളിൽ ഏറെപ്പേരെ പ്രബുദ്ധരാക്കി. പക്ഷെ, മറ്റുള്ളവരെ അതിൻെറ സാരഥ്യം ഏല്പിച്ച് മേനാച്ചേരി മാഷ് മാറിനിന്നതോടെ അതിനെപ്പറ്റി ഒരറിവും ഇല്ലാതായി.

1996–ൽ മേരിവിജയം അവാർഡ് എനിക്ക് ലഭിച്ചപ്പോൾ ആശംസാപ്രസംഗകനായി മേനാച്ചേരി മാഷ് എത്തിച്ചേർന്നു. പിന്നീട് 2003–ൽ ''കേരളചരിത്രം കുട്ടികൾക്ക്'' എന്ന എൻെറ പുസ്തകത്തിന് നല്ലൊരു അവതാരിക എഴുതിത്തരാൻ പ്രൊഫ. മേനാച്ചേരി, തിരക്കിട്ട വിദേശയാത്രയ്ക്കിടയിൽ, സമയമുണ്ടാക്കി എന്നതും ഞാൻ നന്ദിയോടെ എന്നും ഓർക്കുന്നു. രാത്രികളിൽ ഉറക്കം നഷ്ടപ്പെടാനിടയായാൽ ഞാൻ ഓർക്കുന്ന വ്യക്തികളിൽ ഒരാളാണ് മേനാച്ചേരി മാഷ്. ഉറക്കം കിട്ടുന്നില്ലല്ലോ എന്ന് ദു:ഖിച്ചു കിടക്കുമ്പോൾ എഴുന്നേറ്റിരുന്ന് എന്തെങ്കിലും എഴുതണമെന്ന്, അദ്ധ്വാനശീല നായ മേനാച്ചേരി മാഷ് പറഞ്ഞതോർത്തങ്ങ് ഞാനും എഴുന്നേറ്റിരുന്ന് എന്തെങ്കിലും എഴുതും. മാഷ് പകർന്നുതന്ന ആ ശീലം എഴുത്തുകാരനെന്ന നിലയിൽ എനിക്കുണ്ടായ വളർച്ചയുടെ ഒരു കാരണമാണ്.

ഇൻറർനെറ്റിൽ ഗൂഗിളിൽ പരതിയാൽ ഒല്ലൂർ ഡോട്ട് കോം എന്ന ഒരു വെബ് പേജ് കാണും. അതിൽ ഇംപോർട്ടൻറ് പേഴ്സനാലിറ്റീസ് എന്ന തലക്കെട്ടിനു താഴെ ഇരുപത്തൊമ്പതു പേരുകൾ കണ്ടെത്താം. അവരിൽ ഏഴു പേർ ഇന്നും ജീവിച്ചിരിപ്പുണ്ട്. അവലരിലൊരാളാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. ഈ സപ്തതി വേളയിൽ അദ്ദേഹത്തിനു ദൈവം ദീർഘായുസ്സും ആരോഗ്യവും നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

# കർമ്മാനുഷ്ഠാനം ജീവിതചര്യയാക്കിയ സാംസ്ക്കാരികനായകൻ

ബേബി മൂക്കൻ

സഭാസംബന്ധമായ രംഗത്തു ഞാൻ പ്രവർത്തനങ്ങൾ ആരംഭിച്ച കാലത്ത് അതിന് ഒരു അടിത്തറയുണ്ടായത് തൃശൂർ രൂപതയിലെ അത്മായനേതൃത്വപരിശീലന കേന്ദ്രത്തിൻെറ ഒരാഴ്ച നീണ്ടുനിന്ന പരിശീലനക്യാമ്പാണ്. 1969-70 കാലത്ത് നടത്തറ മഡോണയിൽ നടന്ന ക്യാമ്പിനു നേതൃത്വം നൽകിയത് പ്രൊഫ. ജോർജ്ജ് മേനാച്ചേരി, പ്രൊഫ. പി.പി. പീറ്റർ, പ്രൊഫ. ജോസഫ് കോളെങ്ങാടൻ, ഷെവ. എൻ. എ. ഔസേഫ് തുടങ്ങിയവരായിരുന്നു. ക്യാമ്പിൽവെച്ച് പ്രൊഫ. മേനാച്ചേരി ക്രിസ്ത്യൻ എൻസൈക്ലോപീഡിയയെപ്പറ്റി പറഞ്ഞതിൻെറ അടിസ്ഥാനത്തിലും, നാട്ടുകാരനെന്ന നിലയിലും, ഞാനും ഒരു സുഹൃത്തുംകൂടി മരിയാപുരത്തുള്ള അദ്ദേഹത്തിന്റെ വസതിയിൽ പോയിരുന്നു. അവിടത്തെ ലൈബ്രറിയും എൻസൈക്ലോപീഡിയ പ്രവർത്തനപുരോഗതിയും എല്ലാം ഞങ്ങൾക്ക് നേരിട്ട് കാണാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ സഹോദരന്മാരായ റവ. ഡോ. ഇ. ജെ. തോമസ്, ഡോ. ഇ. ജെ. ജെയിംസ് എന്നിവരും പ്രവർത്തനങ്ങളിൽ സഹകരിച്ചിരുന്നു.

അന്നു മുതൽ മുപ്പതിലേറെ വർഷക്കാലം വിവിധ കാര്യങ്ങളിൽ പ്രൊഫ. മേനാച്ചേരിയുമായി ബന്ധപ്പെട്ട് അടുത്തു നിന്നു പ്രവർത്തിക്കാൻ എനിക്ക് അവസരമുണ്ടായി. തൃശൂരിൽ വിവിധ വീടുകൾ മാറി മാറി അദ്ദേഹം താമസിച്ചപ്പോഴെല്ലാം അവിടെയൊക്കെ അനുദിനമെന്നൊണം ഞാൻ ബന്ധപ്പെട്ടിരുന്നു.

തൃശൂർ രൂപതയിൽ നടന്ന നവീകരണവർഷം (1978), വിശുദ്ധ വത്സരം (1983), മാർപാപ്പ സന്ദർശനം (1986), കലാസദൻ പ്രസിഡണ്ട് (1982-90), മാധ്യമ കമ്മീഷൻ ചെയർമാൻ (1990-98), ഒല്ലൂർ സെന്റ് ആന്റണീസ് ചർച്ച് സോവനീയറിന്റെ ചീഫ് എഡിറ്റർ (1998), ഒല്ലൂർ പഞ്ചായത്ത് വികസനരേഖ എഡിറ്റർ (1998), രൂപത മാധ്യമ കമ്മീഷൻ, കൾച്ചറൽ എക്സിബിഷൻ കൺവീനർ, പൂരം എക്സിബിഷൻ (2000), സി.ബി.സി.ഐ. സമ്മേളനം (2004) തുടങ്ങിയ പ്രവർത്തനങ്ങളിലും തൃശൂർ സഹൃദയവേദി കമ്മിറ്റി, കേരള ഹിസ്റ്ററി കോൺഗ്രസ്സ്, മേരി വിജയം സാഹിത്യസമിതി (1980 മുതൽ) തുടങ്ങിയ സംഘടനകളിലു മായി നിരവധി രംഗങ്ങളിൽ അദ്ദേഹത്തോട് വളരെ അടുത്തു നിന്നു പ്രവർത്തിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്.

തൃശൂരിൽ വിശുദ്ധ വത്സരത്തോടനുബന്ധിച്ച് മുപ്പതോളം ചരിത്ര ടാബ്ലോകളും ആനകളും മറ്റും അണിനിരന്ന സാംസ്ക്കാരിക ഘോഷ യാത്രയും റാലിയും മേനാച്ചേരി സാറിൻെറ മുഖ്യനേതൃത്വത്തിലായി രുന്നു. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സന്ദർശനത്തോടനു ബന്ധിച്ച്, അദ്ദേഹത്തിൻെറ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച സോവ നീർ അഖിലേന്ത്യാതലത്തിൽ മികവുറ്റ ഗ്രന്ഥമായിരുന്നു. കലാസദൻ പ്രസിഡണ്ടെന്ന നിലയിൽ അദ്ദേഹം സംഘടിപ്പിച്ച ചിത്രശില്പ പരിശീലനക്കളരികളും പ്രദർശനങ്ങളും മറ്റു പ്രവർത്തനങ്ങളും അതീവശ്രദ്ധേയമായിരുന്നു. മാധ്യമ കമ്മീഷൻ ചെയർമാനെന്ന നിലയിൽ തൃശൂർ രൂപതയിലെ എട്ടു വർഷത്തെ പ്രവർത്തനങ്ങൾ വഴി ആ രംഗത്ത് അദ്ദേഹം ചെയ്ത കാര്യങ്ങൾ നിരവധിയാണ്.

തൃശൂർ സഹൃദയവേദി, കേരള ഹിസ്റ്ററി കോൺഗ്രസ്സ്, മേരിവിജയം സാഹിത്യസമിതി തുടങ്ങിയ പ്രസ്ഥാനങ്ങളിൽ കമ്മിറ്റിയംഗമെന്ന നിലയിൽ അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ ആ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് ഏറെ സഹായിച്ചിട്ടുണ്ട്.

''നിരന്തരമായ കർമ്മാനുഷ്ഠാനം അതായിരിക്കണം ജീവിതം'' എന്ന മുദ്രാവാക്യം മുറുകെ പിടിച്ചുകൊണ്ട് അഞ്ചു തിറ്റാണ്ടിലധികമായി ചരിത്ര സാംസ്ക്കാരിക രംഗത്ത് നിരന്തരമായ പ്രവർത്തനം കാഴ്ച വെച്ചുകൊണ്ടിരിക്കുന്ന ഷെവ. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ, ഇനിയും നേടിയെടുക്കാനുള്ള, ലക്ഷ്യങ്ങൾ താമസിയാതെ നിറവേറ ട്ടെയെന്ന് ഈ സപ്തതിവേളയിൽ ആത്മാർത്ഥമായി ആശംസിക്കുന്നു.

# മേനാച്ചേരി :
# ഒല്ലൂരിന്റെ അഭിമാനം

**എ.വി. ഡൊമിനിക്ക്**

മേനാച്ചേരിയെന്ന തറവാട്ടുപേരും എരിഞ്ഞേരിയെന്ന വിളിപ്പേരുമുള്ള കുടുംബങ്ങൾ ചേർപ്പ്, തൃശൂർ, ഒല്ലൂർ, ചിയ്യാരം, കാട്ടൂർ എന്നിവിടങ്ങളിൽ ഉണ്ട്. പൂർവ്വികർ കാട്ടൂരിൽനിന്ന് ഒല്ലൂർ വന്നു വികസിച്ചു. ഞാറയ്ക്കലിലേയ്ക്കും പറൂർ മുതലായ കേരളത്തിലെ എല്ലാ കേന്ദ്രങ്ങളിലേക്കും, ഇന്ത്യയൊട്ടുക്കും, ലോകമൊട്ടുക്കും മേനാച്ചേരി കുടുംബങ്ങൾ വികസിച്ചിട്ടുണ്ട്.

ജോർജ്ജ് മാഷുടെ ഒരു സുഹൃത്തും ഒരു നാട്ടുകാരനും ബന്ധുവുമാണ് ഈ ലേഖകൻ. എൻെറ മദർ തെരെസയെന്ന പുസ്തകത്തിന് അദ്ദേഹം ഒരാസ്വാദനം എഴുതിത്തന്നിരുന്നു. അത് എഴുതിയ കാലഘട്ടത്തിൽത്തന്നെ പുറത്തിറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ മദറിനെകുറിച്ചും മദറിൻെറ വിയോഗത്തെ കുറിച്ചും ആദ്യത്തെ പുസ്തകം ഇതാകുമായിരുന്നുവെന്ന് ജോർജ്ജ് മേനാച്ചേരി പ്രസ്താവിച്ചിട്ടുണ്ട്.

ജോർജ്ജ് മാഷുടെ വിദ്യാഭ്യാസം കാട്ടൂരിലെ അമ്മ വീട്ടിലായിരുന്നു. തുടർന്ന് തൃശ്ശിനാപ്പിള്ളിയിലായിരുന്നു നാലു കൊല്ലത്തെ പഠനം. പിന്നെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽനിന്ന് മാസ്റ്റേഴ്സ് ബിരുദം നേടി 1960-ൽ സെൻറ് തോമസിൽ ജോലിക്ക് ചേർന്നു. സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ എന്ന ഗ്രന്ഥത്തിൻെറ രചയിതാവ് മേനാച്ചേരിയായിരുന്നു. നാലു വോളിയമാണ് ഉദ്ദേശിച്ചിരുന്നത്. പിന്നീട് അത് രണ്ട് വോളിയമായിട്ട് പ്രൗഢമായിത്തന്നെ പ്രസിദ്ധീകരിച്ചു.

വിവിധ രാജ്യങ്ങളിലെയും റീത്തുകളിലെയും പുരാതനവും നവീനവുമായ ശില്പശാസ്ത്രം നമ്മുടെ പല സെമിനാരികളിൽ അനേകവർഷങ്ങളായി പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിൽ ഒന്നാംകിട ദൈവാലയശില്പശാസ്ത്രജ്ഞനാണ് മേനാച്ചേരി മാഷ്. കൂടുതൽ കാമ്പും കനവുമുള്ള ഗ്രന്ഥങ്ങൾ എഴുതുന്നതിൽ മുഴുകിയിരിക്കുന്ന ഒരാളാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. രണ്ടു വോളിയംകൂടി ഇറക്കുവാൻ സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയക്ക് ഭാഗ്യം ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

ഒല്ലൂർ പള്ളിയിലെ കലാവസ്തുക്കൾ ജനശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിൽ പ്രൊഫ. ജോർജ്ജ് മേനാച്ചേരി അതുല്യമായ പങ്കു വഹിച്ചിട്ടുണ്ട്. ജോർജ്ജ് മേനാച്ചേരിയുടെ ഇടവകയായ ഒല്ലൂർ പള്ളിയിൽ നൂറിലേറെ വർഷങ്ങൾക്ക് മുമ്പ് 125 അടി ഉയരത്തിൽ നിർമ്മിച്ച ഏഴുനില മണിമാളികയുടെ മുകളിൽനിന്നും നോക്കിയാൽ 10 കിലോമീറ്റർ ദൂരത്തിനകത്തുള്ള തൃശൂർ ലൂർദ്ദ് പള്ളി, പുത്തൻപള്ളി, കളക്ടറേറ്റ്, അയ്യൻകുന്ന്, തലോർ, മരത്താക്കര, കണിമംഗലം മുതലായ പ്രദേശങ്ങൾ കാണാം.

1884 ൽ ഫ്രാൻസിലെ മാർസൈൽ എന്ന സ്ഥലത്ത് നിർമ്മിച്ച മൂന്ന് കൂറ്റൻ ഓട്ടുമണികൾ ആണ് ഈ മണിമാളികയിൽ സ്ഥാപിച്ചിട്ടുള്ളത്. ഈ ഓട്ടുമണികളിൽ വി. അന്തോണീസിൻെറയും, വി. റാഫേലിൻെറയും, വി. തോബിയാസിൻെറയും, ജീസസ്സ്, മേരി, ജോസഫ് എന്നിവരുടെയും ചിത്രങ്ങൾ വാർത്തുവെച്ചിട്ടുണ്ട്. ഒല്ലൂർ പള്ളി വക എന്ന് മലയാളത്തിലും സുറിയാനിയിലും ഈ ഓട്ടുമണികളിൽ എഴുതിയിട്ടുണ്ട്.

സ്വർണ്ണം, വെള്ളി, ഓട്, ചെമ്പ് ഇവയിലുള്ള കലാവസ്തുക്കൾ പഴയ പള്ളികളിൽ സുലഭമാണ്. ചുങ്കം പള്ളിയിലെ സ്വർണ്ണ മെഴുകുതിരിക്കാലുകൾ തൃശൂർ മ്യൂസിയത്തിലെ സ്വർണ്ണ കുരിശും, മാലയും, നിരണം പള്ളിയിലെ വെള്ളിരൂപക്കൂട്, ആർത്താറ്റ് അകപ്പറമ്പ് പള്ളിയിലെ ഓട് ദീപവൃക്ഷങ്ങൾ, ചാത്തന്നൂർ, രാമപുരം, ചെങ്ങന്നൂർ, കാഞ്ഞൂർ, കൊട്ടേക്കാട് എന്നിവിടങ്ങളിലെ വിവിധതരം ഓട്ടുവിളക്കുകൾ ഇവ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. അവയോടൊക്കെ കിടപിടിക്കുന്ന അത്ഭുതകരങ്ങളായ ലോഹസൃഷ്ടികൾ ഒല്ലൂരിലെ തട്ടാന്മാരും മൂശാരികളും പള്ളിയിൽ കാഴ്ചവെച്ചിട്ടുണ്ട്.

വിശാലമായ പള്ളിയിലെ ഓരോ ഇഞ്ചു സ്ഥലവും കലാവസ്തുക്കളാൽ സമ്പുഷ്ടമാക്കിയിട്ടുണ്ട്. പഴയ നിയമത്തിലെ ആദ്യപാപവും, ബലികളും, ദാവീദും, ഗോലിയാത്തും, സാംസനും തൂണും, നോഹയും മോശയും പുതിയ നിയമത്തിലെ യേശുവിൻെറ ജീവിത

ത്തിലെ പതിനഞ്ചു രഹസ്യങ്ങൾ തുടങ്ങിയ രംഗങ്ങളും, സ്വർഗ്ഗവും, നരകവും അവസാന ന്യായവിധിയും എല്ലാം തന്നെ പേപ്പാട്, പിറവം, പഴഞ്ഞി, അകപ്പറമ്പ്, ചാത്തന്നൂർ, അങ്കമാലി, പാലേ്യക്കര, മലയാറ്റൂർ, കാഞ്ഞുർ എന്നീ പ്രദേശങ്ങളിലെ യാക്കോബായ, ഓർത്തഡോക്സ്, കത്തോലിക്കാ ദേവാലയങ്ങളിൽ ഇരുന്നൂറു മുതൽ എണ്ണൂറു വർഷ ത്തെ പഴക്കമുള്ള ചുമർചിത്രങ്ങളും വിരചിതമായിട്ടുണ്ട്. ഇവയെല്ലാം ഒല്ലൂർപള്ളിയിലും കപ്പേളയിലും കാണാം. പ്രസംഗമണ്ഡപങ്ങളാണ് പുഷ്പങ്ങൾ. സിംഹം, ആന ഇവയുടെ വായിൽനിന്ന് പുറപ്പെടുന്ന രീതിയിലാണ് പലപ്പോഴും പുഷ്പങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഒഴുക്കൻ രീതിയിലും ചില പഴയ പള്ളികളിൽ പ്രസംഗപീഠങ്ങൾ ഉണ്ട്. വിവിധ തരം പുഷ്പങ്ങൾക്ക് ഒല്ലൂർ, കാഞ്ഞൂർ, തൃശൂർ, ചുങ്കം പാല ഇവിടങ്ങ ളിൽ ഉദാഹരണങ്ങളുണ്ട്.

ഒല്ലൂർ പള്ളിയിലെ കലാസമ്പത്തിനെക്കുറിച്ച് സ്വയം മനസ്സിലാക്കു കയും മറ്റുള്ളവർക്ക് ആ സമ്പത്ത് പരിചയപ്പെടുത്തിക്കൊടുക്കുക യും ചെയ്യാനുള്ള ഭാരിച്ച ചുമതല ഇടവകക്കാരായ യുവാക്കളുടെ യും വിദ്യാർത്ഥികളുടെയും ചുമലിലാണെന്ന് നാം എപ്പോഴും ഓർക്കേ ണ്ടിയിരിക്കുന്നു. ഇക്കാര്യങ്ങളിലെല്ലാം പ്രൊഫ. മേനാച്ചേരിയുടെ മാതൃക അവർക്കു വഴികാട്ടിയായിരിയ്ക്കും.



തൃശൂർ ടൗൺ ഹാൾ & പബ്ലിക് ലൈബ്രറി

# സെന്റ് തോമസ് ക്രൈസ്തവരും സന്ദേഹവാദികളും ഒരു വിശകലനം

ഫാ. മുണ്ടശ്ശേരി

കേരള ക്രൈസ്തവരുടെ അപ്പസ്തോലിക പാരമ്പര്യത്തെ, പാശ്ചാത്യസഭയിലെ ചില നേതാക്കളിൽ നിന്നു പുറത്തുവരുന്ന പ്രസ്താവനകളിൽ നിന്നു അതു വേണ്ടവിധം കണ്ടെത്താത്ത ഒരു പ്രഹേളികയായി, എന്നാൽ കാലഘട്ടത്തിൻെറ ആവശ്യമായി ഏറ്റെടുക്കേണ്ടിവരുന്ന തലച്ചുമടായി, കരുതപ്പെടുന്നുണ്ടോ എന്നു സംശയിക്കുന്നു. പാശ്ചാത്യചരിത്രകാരന്മാർക്ക് തുറക്കാതെ കിടക്കുന്ന കവാടങ്ങളും കണ്ണിൽ പെടാതെ പോകുന്ന നിരവധി അടയാളങ്ങളും ദക്ഷിണേന്ത്യയുടെ മണ്ണിലും മടിയിലും മൂടിക്കിടപ്പുണ്ടെന്ന വസ്തുത ഇനിയും തുറന്നു കാണിക്കേണ്ടതുണ്ടോ? ഒരു പക്ഷേ കേരളസഭാ സമൂഹത്തിൻെറ ഇടമുറിയാത്ത വിശ്വാസപാരമ്പര്യത്തിൻെറ കലവറ തുറന്നു കാണിച്ചാലും അതൊക്കെ ചരിത്രത്തിൻെറ തിളക്കമുള്ള കണ്ണികളായി കാണാതെ, അവയെ വെറും അസംസ്കൃതവിഭവങ്ങളായി മാത്രം കണക്കുകൂട്ടുന്ന ഏതാനും വികടവാദികളും ഉണ്ടാകാം. അവർക്കൊരു മറുപടിയാണ്, കാമ്പുള്ള മറുപടിയാണ് പ്രൊഫ. മേനാച്ചേരിയുടെ കൃതികൾ.

എന്നാലും കേരളക്കരയിൽ സെൻറ് തോമസ് അപ്പസ്തോലൻെറ പ്രയത്ന ഫലമായി ഇന്നോളം നിലനിന്നു പോന്നിട്ടുള്ള വിശ്വാസക്കരുത്തിൻെറ അവിതർക്കമായ തുടലുകളെ തകർക്കാൻ ഒരു സന്ദേഹവാദിക്കും കരുത്തു പോരാ. ലോഡ് മെക്കാളെ ഒരിക്കൽ പറയുകയുണ്ടായി. ചരിത്രം എന്നൊന്നില്ല, ജീവചരിത്രങ്ങളേയുള്ളു എന്ന് (There is no history as such, only life histories). മനുഷ്യൻ രൂപപ്പെടും മുമ്പ് ഭൂമിയും സൂര്യചന്ദ്രാദികളും ഉണ്ടായിരുന്നു. പക്ഷേ മനുഷ്യൻ

ചിന്തിക്കാനും പറയാനും തുടുങ്ങിയശേഷം മാത്രമേ ചരിത്രം ഉണ്ടായുള്ളു. സൂര്യചന്ദ്രാദികളെ സംബന്ധിച്ചു മനുഷ്യൻ അറിഞ്ഞു, പറഞ്ഞു, ചിന്തിച്ചു, അതിനെ പറ്റി ഏതാനും പേർ എഴുതി. എഴുതിയില്ലായിരുന്നെങ്കിൽ ചിലരുടെ ദൃഷ്ടിയിൽ ചരിത്രമേ ഉണ്ടാകുമായിരുന്നില്ല. അതു ശരിയല്ല.

കുത്തബ്മീനാറും ചെങ്കോട്ടയും ടാജ് മഹലും കണ്ടശേഷം അവയുടെ നിർമ്മാണത്തിന് കാരണക്കാരായവരെപ്പറ്റി കേട്ടറിഞ്ഞാലും ചരിത്രമാകും. അതിനർത്ഥം ചരിത്രം എഴുതുന്നതിനപ്പുറം മനുഷ്യൻ രചിക്കുന്നതാണ്. ജീവിതാനുസാരിയായ സംഭവങ്ങളെ കോർത്തിണക്കുന്നതു ചരിത്രത്തിൻെറ ഘടനയ്ക്കു ആവശ്യമായിരിക്കാം. എന്നുവെച്ച് കുത്തബ്മീനറിനെയും മറ്റും പറ്റി ആരും പ്രതിപാദിച്ചില്ലെന്നു കരുതുക. അവ ചരിത്രത്തിൻെറ ഭാഗമല്ലെന്നു വരുമോ? അവയുടെ നിർമ്മാണത്തിന് കാരണമായവരുടെ കാലഘട്ടവും വംശാവലിയും മറ്റും പ്രതിപാദിക്കുന്നത് ചരിത്രത്തിൻെറ പൂർണ്ണതയ്ക്ക് ഉപകരിക്കും, അത്രേയുള്ളു. വ്യക്തമായിപ്പറഞ്ഞാൽ, ചരിത്രപുരുഷന്മാരുടെ നാൾവഴി ചരിത്രഗവേഷകർ അന്വേഷിക്കേണ്ടത് പിറകോട്ടാണ്, മുന്നോട്ടല്ല. അവരുടെ ജീവിതസ്പർശിയായ സംഭവങ്ങളും വസ്തുക്കളും ചമയങ്ങളും ആദ്യം കണ്ടെത്തണം. നൂറ്റാണ്ടുകൾക്കുമുമ്പ് മൺമറഞ്ഞുപോയ വീരപുരുഷന്മാരുടെ ഓടിത്തീർത്ത പാദമുദ്രകൾ താളിയോലകൾ, പഴഞ്ചൊല്ലുകൾ, ശിലാഫലകങ്ങൾ, നാണയങ്ങൾ, കരിങ്കൽതൂണുകൾ, ആലയങ്ങൾ, ഗ്രന്ഥപത്രമാസികകൾ, പാട്ടുകൾ എല്ലാം നിരീക്ഷിക്കുകയും കഥാവശേഷമായവയെ കൂട്ടിച്ചേർക്കുകയും ചെയ്യേണ്ടിവരും, എന്നാലേ അത് ചരിത്രമാകു. ഉദാ: ക്രിസ്തു ചരിതത്തിന് മുമ്പ് ക്രിസ്തുസംഭവം നടന്നിരിക്കണം. ഒഴിഞ്ഞ കല്ലറയും മൺമറഞ്ഞ കുരിശും ക്രിസ്തുനാഥനെപ്രതി ചോര ചിന്തിയ രക്തസാക്ഷികളും അങ്ങനെ തുടങ്ങി പിറകോട്ടുപോകണം. അതുപോലെ, തോമാശ്ലീഹായുടെ ചരിത്രം മൈലാപ്പൂരിലെ കല്ലറ മുതൽ കേരളത്തിലെ ഏഴര പള്ളികളിൽകൂടി എദേസ വരെ കടന്നു ചെല്ലണം.

ഇന്ത്യാചരിത്രം പഠിച്ചവർക്കു അറിയാം, അയൽരാജ്യങ്ങളിൽ നിന്നു കടന്നുവന്ന രാജാക്കന്മാരും വിദൂരദേശത്തുനിന്നു വന്നുകയറിയ വ്യാപാരികളും വംശങ്ങളും അവരോടു ചെറുത്തുനിന്ന നാട്ടുകാരും തമ്മിലുണ്ടായ സംഘർഷങ്ങളും യുദ്ധങ്ങളും അതൊക്കെയാണ് ഇന്ത്യയുടെ ചരിത്രമെന്ന്. ജയിച്ചവർ നാടുവാണിരുന്നു. നാടുവാണവർ ചെയ്ത പരാക്രമങ്ങളെ സ്തുതിച്ചെഴുതിയ കഥയാണ് നമ്മുടെ ചരിത്രം. അവർക്ക് പലതും കണ്ണിൽ പെട്ടില്ല. അങ്ങനെ (Man makes History) എന്ന ചൊല്ല് അന്വർത്ഥമാകുന്നു.

ക്രിസ്തുശിഷ്യനായ തോമാ ശ്ലീഹായുടെ കേരളത്തിലെ പ്രേഷിത പ്രവർത്തനത്തെ സംബന്ധിച്ചുള്ള വസ്തുനിഷ്ഠമായ പഠനത്തിൻെറ അഭാവമാണ് ആഗോളസഭയിൽ ചിലർക്കു സന്ദേഹത്തിനു കാരണ മെന്ന് തോന്നുന്നില്ല. അഭിജ്ഞകേരളത്തിൻെറ അനുവാചകരിൽ അത്രയൊന്നും ആഴത്തിൽ അന്വേഷിച്ചറിയാൻ ഇറങ്ങിപ്പുറപ്പെടാത്ത വർക്ക്, ചിന്നിച്ചിതറിക്കിടക്കുന്ന വസ്തുതകളെ സമാഹരിച്ചുദ്ഗ്ര ഥിക്കാൻ അവഗ്രഹിക്കാൻ ബുദ്ധിമുട്ടുണ്ട്. വസ്തുതകളെ സമീപി ക്കുന്നതിലും വിവേചിക്കുന്നതിലും വേർതിരിവുണ്ടാകാം. ഇഷ്ടപ്പെടു ന്നവയെ ഉയർത്തിക്കാട്ടാനും ഇഷ്ടപ്പെടാത്തവയെ താഴ്ത്തിക്കെട്ടാ നുമുള്ള പ്രവണത ചരിത്രകാരന്മാർക്കിടയിൽ കാണാം. ഈസാഹചര്യ ത്തിലാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ പ്രവർത്തനങ്ങൾക്കും കൃതികൾക്കും പ്രസക്തിയേറുന്നത്.

**ചിലർ പൊക്കിപ്പിടിക്കുന്ന സംശയങ്ങൾ**

1. കേരള ക്രൈസ്തവസഭാപൈതൃകം പാലയൂർ പ്രാരംഭം കുറി ക്കുന്നത്, തോമാശ്ലീഹ ഏതാനും ബ്രാഹ്മണകുടുംബങ്ങളെ ക്രൈസ്ത വമതത്തിൽ ചേർത്തുകൊണ്ടാണ് എന്ന പരമ്പരാഗതമായ വിശ്വാസ ത്തെ ചിലർ സംശയിക്കുന്നു. കാരണം പറയാൻ അവർക്കുള്ള ന്യാ യം ചില വിദേശസഞ്ചാരികളുടെ ഒറ്റപ്പെട്ട വിവരണമാണ് (വില്യം ലോഗൻ). എന്നാൽ ആര്യന്മാരുടെ കേരളപ്രവേശനചരിത്രം ബഹു ഭൂരിപക്ഷം ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുള്ളത്, ആര്യന്മാർ കടന്നുവന്നിട്ടുള്ളത് ഒരു ഗണമായിട്ടല്ല, ചെറുഗണങ്ങളായി, പലപ്പോ ഴായിട്ടായിരുന്നു. ക്രിസ്തുവർഷാരംഭത്തിന് രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് ആര്യന്മാർ കേരളത്തിൽ കുടിയേറിപ്പാർത്തു വന്നിരുന്നതായി പത്മനാഭമേനോൻ, ശ്രീധരമേനോൻ, ഡി.എസ്. ശർമ്മ എന്നീ തദ്ദേ ശീയ ചരിത്രകാരന്മാർ ഏക കണ്ഠമായി രേഖപ്പെടുത്തിയിട്ടുണ്ട്. പരശുരാമൻെറ നേതൃത്വത്തിലായിരുന്നു ആദ്യസമൂഹം കടന്നുവന്നത്.

2. ഏ. ഡി. ഒന്നാം നൂറ്റാണ്ടിൽ തോമാശ്ലീഹായുടെ കേരളപ്രവേ ശനത്തിനു സാദ്ധ്യത കാണാത്ത മറ്റൊരു കൂട്ടർക്കു പറയാനുള്ളത്, ജറുസലെം മുതൽ കേരളംവരെ സഞ്ചരിക്കാൻ അഭ്യസ്തവിദ്യന ല്ലാത്ത തോമാശ്ലീഹായ്ക്ക് ആ കാലഘട്ടത്തിൽ എങ്ങനെ കഴിഞ്ഞു എന്നാണ്.

ബി. സി. മൂന്നാം നൂറ്റാണ്ടു തുടങ്ങി യവന (ഗ്രീക്ക്)രും പേർഷ്യ ക്കാരും റോമക്കാരും കേരളത്തിൽനിന്ന് കുരുമുളകും ഇഞ്ചിയും കറുവാപട്ടയും തേക്കും ചന്ദനവും മഞ്ഞളും മയിലുകളും ആനക്കൊ മ്പും വാങ്ങിക്കൊണ്ടു പോയിരുന്നതായ ചരിത്രമുണ്ട്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ഇറാനും ഈജിപ്തും റോമക്കാരുടെ അധീനതയി

ലായി. അക്കാലത്ത് നിരവധി കപ്പലുകൾ അലക്സാൻട്രിയയിൽനിന്ന് മുസ്സീരിസ് (കൊടുങ്ങല്ലൂർ) തുറമുഖത്തുവന്നിരുന്നതായി പെരിപ്ലസ്, പ്ലീനി എന്നീ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

തോമശ്ലീഹ മറ്റു പലയിടങ്ങളിലും സുവിശേഷം അറിയിച്ചതിന് സാദ്ധ്യതകളും അഭിപ്രായങ്ങളുമുണ്ടെങ്കിലും ലോകത്തിൽ മറ്റൊരിടത്തും കേരളത്തിലല്ലാതെ തോമാക്രിസ്ത്യാനികളായി അറിയപ്പെടുന്നവരോ തോമാശ്ലീഹായെ തങ്ങളുടെ അപ്പസ്തോലനായി, പിതാവായി ഏറ്റു പറയുന്നവരോ ഉള്ളതായി ആർക്കും അറിവില്ല.

വിദൂര പൂർവ്വദേശത്ത് ഒന്നാം നൂറ്റാണ്ടിൽ, തങ്ങൾ വിശ്വാസമാർഗ്ഗം ഏറ്റു വാങ്ങുംമുമ്പ്, ക്രൈസ്തവ സഭ പടർന്നു പന്തലിക്കാൻ തുടങ്ങി എന്ന വസ്തുത പശ്ചാത്യലോകത്തിന് ഉൾക്കൊള്ളാൻ വിമ്മിഷ്ടം കാണും. ചിതലരിക്കാത്ത രേഖാ ചരിത്രങ്ങളിലൂടെയും ഇടമുറിയാത്ത പൈതൃക പാരമ്പര്യങ്ങളിലൂടെയും എത്ര സമർത്ഥിച്ചാലും അവരിൽ നിന്ന് പിന്നേയും തികട്ടി വരുന്ന സന്ദേഹ ശബ്ദങ്ങൾ ഇനിയും ഇടയ്ക്കിടെ ഉണ്ടായെന്നുവരാം.

ചിരപ്പുരാതനമായി കാണപ്പെടുന്ന ദേവാലയ അവശിഷ്ടങ്ങളും അവയുടെ സ്ഥാനത്ത് പുതുക്കി പ്രതിഷ്ഠിച്ച പള്ളികളും രാജതീട്ടൂരങ്ങളും മറ്റു രേഖകളും ആദ്യ ക്രൈസ്തവർ സവർണ്ണരായിരുന്നു എന്നതിന് അവർക്കു അനുവദിച്ചു കിട്ടിയിരുന്ന അവകാശാധികാരങ്ങളും നൂറ്റാണ്ടുകളിലൂടെ പാടിത്തഴമ്പിച്ച വാമൊഴിശീലുകളും എല്ലാം പുരാതന കേരള ക്രൈസ്തവരുടെ ഇന്നും തുടർന്നു പോരുന്ന കൈവശസമ്പത്താണ്.

മാല്യങ്കരയും കൊടുങ്ങല്ലൂരും പാലയൂരും തോമാചരിതത്തിൻെറ നേർവഴിയിൽ മൂടിപ്പോകാത്ത നാഴികക്കല്ലുകളാണ്. സവർണ്ണ ഹൈന്ദവ കുടുംബക്കാർ വിട്ടൊഴിഞ്ഞു പോകുമ്പോൾ ആദി ക്രൈസ്തവർ ക്ഷേത്രാവശിഷ്ടങ്ങളും കുളവും പിന്നീടു അവിടെ പണിതുയർത്തിയ പള്ളിയും അതിനൊക്കെ സാക്ഷ്യം വഹിക്കാൻ ശക്തമായ തെളിവു നൽകുന്ന വെമ്മേനാടും ശാപക്കാടും യൂദക്കുന്നും മറ്റു രേഖകളും മാച്ചാലും മായാത്ത ശിലാ ലിഖിതങ്ങളും എന്തൊക്കെവേണം ഇനി ചരിത്രത്തിന്? പാലയൂരുനിന്ന് തീരദേശങ്ങളിലൂടെ കടന്ന് തൃശൂരിന് കിഴക്കും പടിഞ്ഞാറും തെക്കും വടക്കും സ്ഥിരതാമസമാക്കിയ ഏറെ വലിയ ഒരു ജനാവലി അവരുടെ തലമുറകളിലൂടെ കൈമാറിപ്പോന്ന പാരമ്പര്യങ്ങൾക്കു നേരെ കൊഞ്ഞിച്ചം പറഞ്ഞാൽ ഇന്നത്തെ തലമുറ ശബ്ദിക്കാതിരിക്കില്ല.

പഴമക്കാർ നെഞ്ചിലേറ്റി, മനപ്പാഠമാക്കി കൊണ്ടുനടന്ന മാർഗ്ഗം

കളിപ്പാട്ടു, റമ്പാൻ പാട്ടു (തോമാപർവ്വം) കേട്ടു ശീലിക്കാത്തവർ ഉണ്ടാകുക പ്രയാസമായിരിക്കും. പാണൻ പാട്ടും വീരടിയാൻ പാട്ടും കേട്ടു താളം പിടിക്കാൻ, പഴയ നാലുകെട്ടിനു പുറത്തു ചടഞ്ഞിരുന്ന് മുറുക്കാൻ മുറുക്കുന്ന പഴയ തലമുറയിലെ കാരണവന്മാർ വേണ്ടിവരും.

*ഉപസംഹാരം:* പ്രൊ. ജോർജ്ജ് മേനാച്ചേരി കേരള സഭയിൽ ഇന്ന് ജീവിച്ചിരിക്കുന്ന ചരിത്ര ഗവേഷകരിൽ അഗ്രഗണ്യനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥങ്ങളുടെ പിതൃത്വം സ്വന്തമാക്കിയ ചിന്താ സന്താനങ്ങൾ താഴെ പേരുചൊല്ലി വിളിക്കാം.

1. സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ
2. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്
3. ദി നസ്രാണീസ്
4. തോമാപീഡിയ

ഈ ചിന്താസന്താനങ്ങൾ എല്ലാം തന്നെ അദ്ദേഹത്തിന്റെ വിജ്ഞാനത്തിന്റെ വിദ്യുത്തരംഗങ്ങൾ പ്രസരിപ്പിക്കുന്നവയുമാണ്. ഇനിയും അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങൾക്കും ധീഷണഗവേഷണ പാടവത്തിനും വിശ്രമം അനുവദിച്ചിട്ടില്ല.

കേരള ക്രൈസ്തവരും ആഗോള സഭയും ഒരേ ക്രിസ്തുവിന്റെ വിശ്വാസ ജലാശയത്തിൽ ഒന്നിച്ച് വിശുദ്ധീകരണം തേടുന്ന ഒറ്റ സമൂഹമാണെന്നും അവിടെ മുമ്പിനാലെ ‘‘കുളിച്ചു കയറുന്നവരെ’’ അവമതിക്കുന്ന അപസ്വരങ്ങൾ ഇല്ലാതാക്കാൻ, ആദിമ സഭാമക്കളെ വിശുദ്ധിയുടെ ശുഭ്രവസ്ത്രം അണിയിക്കാൻ, മേലുള്ളവരെ പ്രാപ്തരാക്കുന്നതിന് പ്രൊഫ. മേനാച്ചേരിക്ക് പക്വതയാർന്ന അദ്ദേഹത്തിന്റെ പൗരുഷ വ്യക്തിത്വം പ്രയോജനപ്പെടുത്താൻ സർവ്വശക്തൻ അനുവദിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# The Mission of Church Historian

Dr. Paul Pulikken

Church history is often regarded as an unrewarding and tiresome subject, studied because of the academic compulsions and by certain experts. For the real scholars in theology and other allied subjects, the learning of church history or better *church in history* is of paramount importance. It is in this respect the contribution of Prof. George Menachery assumes great importance in the historicization of Indian and Kerala Church.

**Historical method**

As popularly understood, history is not a blind memorizing of some facts and figures that happened in the past. What interests us is not so much ‘‘the accumulated past of the church’’. We try to focus on the mutual interaction of both history upon the church and the church upon history. In theological sense, history is the arena of God’s providential intervention in this world. It is not a haphazard, artificial, mechanistic working that God has in history. Church history deals with the presence and working of divine grace in the world. We study here the direction and destiny of the world towards the kingdom of God. We analyze the role of the church in proclaiming, celebrating, re-presenting the reality of God’s grace and of the Kingdom. In this proclamation, the Christ event has a central role. In the history of church and theology, the centrality of the role of Jesus Christ is clearly affirmed.

Therefore our study of the church in history is intrinsically

related to the contemporary situation of the world. The historical method is very important in today's theologization. The 20th century has amply used the historical method, which is an up-to-date rereading of the biblical message with a deep search into the meaning of parituclar events in history. *Gaudium et Spes*, the Pastoral Constitution of the Second Vatican II states in n. 40: "That the earthly and the heavenly city penetrate one another is a fact open only to the eyes of faith; moreover, it will remain the mystery of human history, which will be harassed by sin until the perfect revelation of the splendour of the sons of God''.

**"Catholic" History**

Up until now, only the north Atlantic history and culture (Europe and America) were the prevalent ones that shaped the history of the church. According to Karl Rahner, the renowned theologian of 20th century, the church has had two major historical moments and is now moving into a third. The first was the Jewish moment. The Christ event was preached in the beginning to Israel. This is the period of Jewish Christianity, with its centre in Jerusalem. The second moment, which is also very much culturally determined, is the moment of Hellenistic church, the church of Europe and the Americas. The transition (or the break) from the first to the second took place, with the decision (or the many decisions) to carry the Gospel to the gentiles without imposing circumcision or other Jewish practices and customs on the new Christians. The third moment was inaugurated by the Second Vatican Council (1962-1965), the Council of reform and renewal in the Catholic Church. It is where the church became truly catholic. There is a forward movement from a church that had previously given importance to the cultural heritage of Europe and North America to one that embraced all the cultures of the world.

This transition from a north Atlantic church to a world church started in the council and that process is not yet complete.

**The role of church historian**

Today the historian, without prejudices and presuppositions, has to collect the data and interpret it, offering a balanced and impartial judgment of the event that took place. Likewise, church

historian also takes into account the events in the life of the people of God, the community of believers and interprets those events in the great plan of God for humanity.

The church is the body of Christ and thus it must be incarnate in history of the ordinary people, their life experiences, their struggles and successes. One can view church as a static reality with a focus on structure and organization. One can also look at the church as a dynamic and vibrant reality, ever open to the varied promptings of the Holy Spirit in different ways and sensitive to dialogue with the different cultures and religions of the world. This latter view is to be highlighted today in Church history. And this was the one supported and promoted by the Second Vatican Council.

Thus church historian is an optimistic researcher in theology and the allied subjects. In this he can be compared to a journalist, who makes a story out of facts and figures- a story that needs to be unbiased. Church historian objectively and cautiously evaluates the forward march of events in the wider panorama of the Kingdom of God. God calls human person and the community made of human persons for a right response in individual and social lives. It is the duty of the church historian to point out, without fear or favour, the riches of church's tradition as well as the failures in the response of the members of the church.

Chevalier George Menachery, by his yeomen service in church history, has contributed greatly to the existing fund of knowledge on the Indian and Kerala church, especially the Syro-Malabar church. He is a great model for persistent research, often in archives and rooms where things are "dumped"- this is the work of historian, which is often not much trumpeted before the people. Unfortunately the species of those scholars doing fundamental research in church history and theology is diminishing. Hopefully the example of this lay church historian would prompt those in the academic world to deepen themselves in church history.

# I will be there in spirit

Henry H.C.Q. Brownrigg from London

Very many congratulations on attaining the age of three score years and ten. Please accept my advice and avoid growing old gracefully. Growing old disgracefully is much more fun, and keeps your children on their toes.

Alas, I do not think that I can leap in a plane and come to Ollur, but I will be there in spirit. I am sure that it will be a very memorable occasion.

I was in Tamil Nadu in February, organizing projects on behalf of the British Association for Cemeteries in South Asia (BACSA), an organization with 2,000 members. We are restoring a superb but semi-ruinous C 17th Dutch Mausoleum, the size of a small house, in Nagapattinam. Also cemeteries in Chennai, Salem, Sankari Durg and Madurai.

In Britain an excitement has been the election of a friend of mine. Fra' Matthew Festing, as Grand Master of the Sovereign and Military Order of Malta. As you may know, the Order issues its own passports and stamps and is recognized as a state by forty Catholic Countries. The Grand Master, though a layman, ranks as a cardinal and has the style His Most Eminent Highness. Matthew is only the second British Grand Master in the Order's 900-year history. I am organizing a dinner at which he will be guest of honour. Anyhow, all the best, and I look forward to seeing you again when I am back in Kerala.

# ചരിത്രാവബോധമുള്ള മേനാച്ചേരി സാറ്

റവ. ഡോ. ജോസഫ് തൊണ്ടിപറമ്പിൽ

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെപ്പറ്റി ഓർക്കുമ്പോൾ എന്റെ മനസ്സിലേയ്ക്ക് കടന്നുവരുന്ന ഒരു സംഭവം പറയാം. വർഷങ്ങളായി മംഗലപ്പുഴ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ''ക്രിസ്തീയ കല''(Christian art) എന്ന വിഷയം പഠിപ്പിക്കുന്ന വ്യക്തിയാണ് പ്രൊഫസർ മേനാച്ചേരി. ഒരു ക്രെഡിറ്റിന്റെ വിഷയമാണത്. ഞാൻ തിയോളജി ഡിപ്പാർട്ടുമെൻറിന്റെ ഡീൻ ആയിരിക്കുമ്പോൾ വൈദിക വിദ്യാർത്ഥികൾ പതിവായി പറയുന്ന ഒരു പരാതിയുണ്ടായിരുന്നു. 'ചില അദ്ധ്യാപകർ തങ്ങൾ പഠിപ്പിക്കുന്ന വിഷയമാണ് ഏറ്റം പ്രധാനപ്പെട്ട തെന്നും, അതുകൊണ്ട് കണക്കിൽക്കവിഞ്ഞ ജോലിഭാരം (work load) തങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നു' എന്നൊക്കെ. മേനാച്ചേരി സാറിനെപ്പറ്റിയും ഏതാണ്ട് ഇങ്ങനെയൊക്കെ വൈദികവിദ്യാർത്ഥികൾ പറഞ്ഞിരുന്നു. തന്നെയുമല്ല, ഇങ്ങനെ ഒരു വിഷയം പഠിക്കേണ്ടതിന്റെ ആവ ശ്യകതയെപ്പറ്റിയും പലർക്കും ബോധ്യമുണ്ടായിരുന്നില്ല.

ശ്രീ മേനാച്ചേരി സാർ പഠിപ്പിച്ച ആദ്യബാച്ചിലെ ഒരു വൈദികനെ ഏതാനും വർഷങ്ങൾക്കുശേഷം ഞാൻ കണ്ടുമുട്ടുകയുണ്ടായി. വികാരിയച്ചനായി നിയമനം കിട്ടിയ അദ്ദേഹം തന്റെ പുതിയ പ്രവർത്തനരംഗത്ത് ഒരു പള്ളിപണിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു: ''അച്ചാ, ഒരു പുതിയ പള്ളി പണിയിക്കേണ്ടിവന്നപ്പോഴാണ് മേനാച്ചേരി സാറിന്റെ ക്ലാസുകളുടെ മേന്മ ശരിക്കും മനസ്സിലായത്. പള്ളിയുടെ നിർമ്മാണശൈലി, വിവിധ ഭാഗങ്ങളുടെ ക്രമീകരണം, അതിനു പുറകിലുള്ള ദൈവ ശാസ്ത്രപരമായ ഉൾക്കാഴ്ചകൾ ഇതൊക്കെ ഇപ്പോഴാണ് കൂടുതൽ മനസ്സി

ലാകുന്നത്. അച്ചൻ ഇക്കാര്യം വൈദിക വിദ്യാർത്ഥികളോടു പറയണം.'' ഞാൻ ഈ സംഭവം വിവരിച്ചത്, എത്ര വലിയ അർപ്പണബോധത്തോടും ആത്മാർത്ഥതയോടും കൂടിയാണ് ശ്രീ മേനാച്ചേരി സാർ, തന്റെ ജീവിതത്തിന്റെ ഉപാസനയായി ഏറ്റെടുത്തിരിക്കുന്ന ''ക്രൈസ്തവകലയെ'' പഠിപ്പിക്കുന്നതും അതിനെ വളർത്താൻ ശ്രമിക്കുന്നതും എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ്.

രേഖകൾ കാത്തുസൂക്ഷിക്കുന്ന കാര്യത്തിലും പുരാതന കലാരൂപങ്ങളും ശില്പങ്ങളും വേണ്ടവിധം പരിരക്ഷിക്കുന്നതിലും പൊതുവെ പിന്നോക്കമാണ് കേരള ക്രൈസ്തവർ എന്ന് പറയുന്നതിൽ തെറ്റില്ല. പ്രൊഫസർ മേനാച്ചേരി ഇതിന് ഒരു അപവാദമാണ്. കേരള ക്രൈസ്തവരുടെ തനിമ മറ്റുള്ളവർക്കു മനസ്സിലാക്കിക്കൊടുക്കാനും പിൻതലമുറകൾക്കായി കാത്തുസൂക്ഷിക്കാനും അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്ന സേവനം വളരെ വലുതാണ്. അർഹമായ അംഗീകാരം അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. ശ്രീ മേനാച്ചേരി സാറ് സപ്തതി ആഘോഷിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ വിലയേറിയ സേവനങ്ങൾ ഇനിയും കേരള ക്രൈസ്തവസഭയ്ക്കും ഈ നാടിനും ധാരാളമായി ലഭിക്കത്തക്കവിധത്തിൽ ദൈവം അദ്ദേഹത്തിനു ആരോഗ്യവും ദീർഘായുസ്സും നൽകട്ടെ എന്നാണ് എന്റെ പ്രാർത്ഥന.




സ്റ്റേറ്റ് മ്യൂസിയം, തൃശൂർ

# ചരിത്രത്തിന്റെ കാവലാൾ

പ്ലാത്തോട്ടം മാത്യൂ

''ബൈബിൾ വായിക്കുവാനുള്ളതല്ല, പഠിക്കുവാനും ധ്യാനിക്കുവാനുമുള്ളതാണ്.'' മാർത്തോമ്മാ സഭാ തലവനായിരുന്ന മാർ ക്രിസോസ്തം മെത്രാപ്പോലീത്തയുടെ അഭിപ്രായമാണിത്. ചരിത്രഗ്രന്ഥങ്ങളും ഇതാണ് ലക്ഷ്യമാക്കേണ്ടത് എന്ന് വെളിപ്പെടുത്തുന്ന പഠനവും ഗവേഷണങ്ങളും, ഭാരതക്രൈസ്തവചരിത്രത്തിൽ നടത്തിയത് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയായിരുന്നു. ഭാരതക്രൈസ്തവചരിത്രവും പാരമ്പര്യവും ക്രിസ്തുവിൻെറ ജീവിതകാലഘട്ടത്തോളം നീണ്ടതാണ്.

ഭാഷയും സംസ്ക്കാരവും ചരിത്രവും ഉൾച്ചേർന്ന കഴിഞ്ഞകാലത്തെ സൂക്ഷ്മമായി പഠനവിധേയമാക്കി, ഭാവിതലമുറയ്ക്കായി രേഖപ്പെടുത്തി, ചരിത്രത്തിൻെറ കാവലാളായി മാറുകയായിരുന്നു പ്രൊഫ. മേനാച്ചേരി. ആ ലക്ഷ്യ സാക്ഷാത്കാരത്തിനായി അദ്ദേഹം ജീവിതം പുനരർപ്പണം ചെയ്യുകയായിരുന്നു. വ്യക്തിസഭകളുടെ കൂട്ടായ്മയിൽ നക്ഷത്രശോഭയുള്ള ഭാരതസഭയുടെ ചരിത്രപ്രധാന സംഭവങ്ങളെ, തെളിവുകളുടെ സാക്ഷ്യത്തോടെ, ലോകത്തിനു മുമ്പിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിൻെറ പരിശ്രമങ്ങൾക്കു കഴിഞ്ഞു.

ചരിത്രപണ്ഡിതൻ, ഗവേഷകൻ, അദ്ധ്യാപകൻ, വിദ്യാർത്ഥി എന്നിങ്ങനെയുള്ള ബഹുമുഖ പ്രതിഭകളെ സമന്വയിപ്പിച്ച് മറ്റാർക്കും കഴിയാത്ത സംഭാവന നൽകാൻ പ്രൊഫ. മേനാച്ചേരിക്ക് കഴിഞ്ഞു. നിരവധി വർഷങ്ങളിലൂടെ ഭാരതം മുഴുവൻ സഞ്ചരിച്ച്, ക്രൈസ്തവ ദൈവാലയങ്ങൾ, പുരാവസ്തുകേന്ദ്രങ്ങൾ, പുരാതന ക്രിസ്ത്യൻ

കുടുംബങ്ങൾ തുടങ്ങി അനേകയിടങ്ങളിൽനിന്നായി സമാഹരിച്ച ക്രൈസ്തവചരിത്ര രേഖകൾ, ആയിരക്കണക്കിന് ഫോട്ടോകൾ, ചാർട്ടുകൾ, അറുനൂറിൽപ്പരം ചരിത്രസഭാപിതന്മാരുടെ പഠനലേഖനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയതാണ് സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ എന്ന മഹത്ഗ്രന്ഥം. ഇതു തയ്യാറാക്കുന്നതിലൂടെ പ്രൊഫ. മേനാച്ചേരി സഭാശുശ്രൂഷയിൽ അതുല്യ സംഭാവനയാണ് നൽകിയത്. ദൈവം പ്രത്യേകം തിരഞ്ഞെടുത്ത് നിയോഗിച്ച ചുമതലാനിർഹണത്തിൽ സമർപ്പിതമനുഷ്യനായിരുന്നു അദ്ദേഹം.

പ്രതിബന്ധങ്ങളോരോന്നും മറികടക്കാൻ ദൈവം കൂടെ നടക്കുകയായിരുന്നു. ദൈവജനത്തെ ഇസ്രായേലിലേയ്ക്ക് നയിച്ച മോശയോടൊപ്പം ദൈവം എന്നതുപോലെയായിരുന്നിത്. ദൈവകല്പനകൾ നടപ്പിലാക്കുന്ന ഉപകരണമെന്ന തിരിച്ചറിവിൽ ഓരോ പ്രവൃത്തിയും പൂർണ്ണതയിൽ നടപ്പാക്കാൻ അദ്ദേഹം പ്രത്യേക ശ്രദ്ധയിലായിരുന്നു. ഭാരതസഭയുടെ പൗരാണികപാരമ്പര്യം വെളിപ്പെടുത്തുന്നതിലൂടെ സഭയ്ക്കെതിരായ പ്രചരണങ്ങളെ പ്രതിരോധിക്കുകയായിരുന്നു അദ്ദേഹം.

''ദൈവകല്പന നിറവേറ്റാനുള്ള ഉപകരണമായി സ്വയം പരിവർത്തനം ചെയ്യപ്പെടുവാൻ ഞാൻ തീരുമാനിച്ചു. ഒരു ശക്തിക്കും, ആർക്കും ആ ലക്ഷ്യത്തിന് തടസ്സമാകുവാൻ കഴിയില്ലെന്ന പൂർണ്ണബോധ്യത്തോടെ രാവുകൾ പകലുകളാക്കി പ്രവർത്തിച്ചപ്പോൾ, കഴിവുകൾ നൽകി ദൈവം വഴി നടത്തുകയായിരുന്നു.'' പ്രൊഫ. മേനാച്ചേരിയുടെ ഓരോ പ്രവൃത്തിയിലും ദൈവീകസ്പർശം വ്യക്തമായിരുന്നു.

ഭാരതക്രൈസ്തവചരിത്രത്തിൻെറ പിന്നാമ്പുറങ്ങൾ തേടി, ഒളിഞ്ഞുകിടന്ന രഹസ്യങ്ങൾ കണ്ടെത്താനുള്ള പ്രൊഫ. മേനാച്ചേരിയുടെ യാത്രതന്നെ ഇതുകൊണ്ട് ചരിത്രമാണ്. പല ചരിത്രസ്മാരകങ്ങളുടെയും വസ്തുതകളുടെയും പ്രാധാന്യവും ഗൗരവവും വിലയും അറിയാതെ, അവഗണിക്കപ്പെട്ടിരുന്നവയും ഉപേക്ഷിക്കപ്പെട്ടിരുന്നവയും അദ്ദേഹം കണ്ടെത്തിയത് കഠിനശ്രമത്തിലൂടെയാണ്.

ചരിത്രപ്രാധാന്യവും മറ്റും ക്രമത്തിൽ രേഖപ്പെടുത്തുകയും അവതരിപ്പിക്കുകയുമായിരുന്നു അദ്ദേഹം. നാഥാ, അരുളിച്ചെയ്താലും, അടിയൻ ശ്രവിക്കുന്നു എന്ന സമ്പൂർണ്ണസമർപ്പണമനോഭാവം ദൈവീകനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ പ്രൊഫ. മേനാച്ചേരിക്കു പ്രാപ്തി നൽകി.

വിദ്യാർത്ഥിജീവിതകാലഘട്ടത്തിൽതന്നെ ഏറ്റെടുക്കുന്ന ചുമതലകളിൽ സമർപ്പിതമനസ്കനായി പ്രവർത്തിക്കുകയും പൂർണ്ണതയിലെത്തിക്കുകയും ചെയ്യുന്നതിൽ പ്രൊഫ. മേനാച്ചേരി പ്രത്യേകം ശ്രദ്ധാലുവായിരുന്നു. പ്രൊഫ. മേനാച്ചേരിയുടെ സതീർത്ഥ്യനായിരുന്ന കർണ്ണാടക മന്ത്രിയും ചീഫ് സെക്രട്ടറിയുമായിരുന്ന ഡോ. ജെ. അലക്സാണ്ടർ അഭിപ്രായപ്പെടുകയുണ്ടായി. ദീർഘനാളുകൾക്കുശേഷം 2004 മാർച്ചിൽ ബാംഗ്ലൂരിൽ ഇരുവരും തമ്മിൽ കണ്ടുമുട്ടുവാൻ നിമിത്തമാകുവാൻ ലേഖകനു കഴിഞ്ഞു.

ഭാരതസഭയുടെ ചരിത്രത്തിൻെറ ആഴവും പരപ്പും തിരിച്ചറിഞ്ഞ് അത് ആഗോളസഭയുടെ ചരിത്രത്തിൻെറ ഭാഗമാക്കാനുള്ള പ്രൊഫ. മേനാച്ചേരിയുടെ പരിശ്രമങ്ങളെ ആദരവോടെ അംഗീകരിക്കുവാനും അഭിനന്ദിക്കുവാനും സമ്പർക്കമാധ്യമങ്ങൾക്കായുള്ള പൊന്തിഫിക്കൽ കമ്മീഷൻ മേധാവിയായിരുന്ന ആർച്ച്ബിഷപ്പ് ഫോളിയും മറ്റു സഭാമേധാവികളും തയ്യാറായിട്ടുണ്ട്. കത്തോലിക്കാ തിരുസ്സഭ പരമോന്നതബഹുമതി നൽകി അദ്ദേഹത്തെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തിരിക്കുകയാണിപ്പോൾ.




സെൻ്റ് തോമസ് കോളേജ് ടവർ

# തിരുക്കുടുംബ സഭയുടെ സുഹൃത്ത്

സ്നേഹ ബ്രദർ ലൂയീസ് മഞ്ഞളി,

ബഹുമുഖപ്രതിഭയായ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതി ആഘോഷത്തോടനുബന്ധിച്ച് പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്ന സ്മരണികയിലേക്ക് ഒരു ലേഖനം ചോദിച്ച് എഴുതിയിരുന്ന കത്ത് ലഭിച്ചു, നന്ദി. ഇത്തരത്തിലുള്ള സ്മരണിക ഇറക്കുവാൻ ഉദ്ദേശിക്കുന്നുവെന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. അതിന് അദ്ദേഹം തികച്ചും അർഹനാണ്.

എനിക്ക് ഇപ്പോൾ 77 വയസ്സായി. കണ്ണിന്റെ കാഴ്ച അത്ര സുഖമല്ല. രണ്ടു കണ്ണിലും cataract operation കഴിഞ്ഞു. കാഴ്ച ശരിക്കും തിരിച്ചു കിട്ടിയിട്ടില്ല. വായിക്കുവാനും എഴുതുവാനും പറ്റുന്നില്ല. പത്രം വായിക്കാൻ സാധിക്കാത്തതിൽ പ്രയാസമുണ്ട്. കൂടാതെ ഓർമ്മ ശക്തിയും നഷ്ടപ്പെട്ടു തുടുങ്ങി. പല കാര്യങ്ങളും ബന്ധപ്പെടുത്താൻ കഴിയുന്നില്ല. ഈ അവസ്ഥയിൽ അദ്ദേഹം അർഹിക്കുന്ന വിധത്തിൽ ഒരു ലേഖനം എഴുതാൻ ഞാൻ തീർത്തും അപ്രാപ്തയാണ്.

തിരുക്കുടുംബ സഭയുമായി അദ്ദേഹം പലവിധത്തിലും ബന്ധപ്പെട്ടിട്ടുള്ളതാണ്. ഞങ്ങൾക്കുള്ള കടപ്പാടും വലുതാണ്. വ്യക്തിപരമായും ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇങ്ങനെ എഴുതാൻ പ്രയാസമുണ്ട്. എങ്കിലും ഇപ്പോഴത്തെ എന്റെ അവസ്ഥ മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത്യാവശ്യം യാത്ര ചെയ്യുന്നു. എന്റെ വ്യക്തിപരമായ കാര്യങ്ങളെല്ലാം ചെയ്തു പോരുന്നു. അത്രമാത്രം.

**I am really sorry to write this way. Thanking you**

Yours sincerely
**Sr. Franco**
(Former Principal,
St Joseph's College, Irijalakuda)

# മേനാച്ചേരി
# കുടുംബസ്മരണകൾ

ബ്ര. ലൂവീസ് മഞ്ഞളി എം.എം.ബി.

1960-കളുടെ ആരംഭത്തിലാണ് മേനാച്ചേരി തറവാട്ടിലെ ജോസഫ് ജ്യേഷ്ഠൻ മരിയാപുരം ആശ്രമത്തിനടുത്ത് വീടു പണിത് താമസ മാക്കിയത്. ഗ്രാമീണർ സാമ്പത്തികവളർച്ച നേടുന്നതിനും കൂടുതൽ സുഖസൗകര്യങ്ങൾക്കുമായി നഗരങ്ങളിലേയ്ക്ക് താമസം മാറ്റുക സാധാരണമാണ്. എന്നാൽ, നഗരസമാനമായ ഒല്ലൂരിൽനിന്ന്, അക്കാ ലത്ത് പരിമിതസൗകര്യങ്ങൾ മാത്രമുള്ള, മരിയാപുരം ഗ്രാമത്തിലേയ്ക്ക് ജോസഫ് ജ്യേഷ്ഠനും കുടുംബവും താമസക്കാരായി എത്തിയത് അന്നാട്ടുകാർക്ക് ഒരു അത്ഭുതമായിരുന്നു. അന്ന് റോഡ്, വൈദ്യുതി, ടെലഫോൺ സൗകര്യങ്ങൾ വളരെ വിരളമായിരുന്നു അവിടെ. മെച്ചപ്പെട്ട സൗകര്യങ്ങളിൽനിന്ന് പോരായ്മകളിലേയ്ക്ക് കുടിയേറി പാർക്കാൻ എത്തിയ ജോസഫ് ജ്യേഷ്ഠൻ, ഒല്ലൂർകാർക്ക് പലവിധ ത്തിൽ പ്രിയങ്കരനും ആദരണീയനുമായ വ്യക്തിയാണ് എന്നറി ഞ്ഞപ്പോൾ അവർക്ക് ആത്മാഭിമാനഹേതുവായിത്തീർന്നു.

ആയിടെ തൃശൂർ സെൻറ് തോമസ് കോളെജിൽ അദ്ധ്യാപക ജോലി കിട്ടിയ മകൻ ജോർജ്ജ് മേനാച്ചേരിക്ക് കോളെജിലേയ്ക്കുള്ള യാത്ര ഒരു പ്രശ്നമായിരുന്നു. ഒല്ലൂർ പടിഞ്ഞാറെ അങ്ങാടിയിൽനിന്ന് മെയിൻ റോഡ്വരെ നടന്നെത്തി ബസ്കയറി തൃശൂർ ബസ് സ്റ്റാന്റിലിറങ്ങി കോളെജിലേയ്ക്ക് നടന്നെത്തുവാൻ മുക്കാൽ മണി ക്കുറോളം അനുദിനം ചെലവാക്കേണ്ടിയിരുന്നു. ഈ സമയനഷ്ടം ഒഴിവാക്കാനാവുമെന്ന് അദ്ദേഹം കണ്ടു. മരിയാപുരത്തുനിന്നു താരത മ്യേന തിരക്കു കുറഞ്ഞ റോഡായതിനാൽ അല്പസമയംകൊണ്ട് യാത്ര നടത്താനാകുമെന്ന് അദ്ദേഹം കണക്കുകൂട്ടി. ചെറുപ്പത്തിൻെറ ചുറുചുറുക്കു കൊണ്ട് മരിയാപുരത്തുനിന്ന് മിനിബൈക്കിൽ സെൻറ്

തോമസിലെത്തുവാൻ ജോർജ്ജ് മേനാച്ചേരിക്ക് അഞ്ചു മിനിറ്റ് മതിയാകുമായിരുന്നു. തൻെറ ഭാവനയിലുള്ള വലിയ കാര്യങ്ങൾ നിർവ്വഹിക്കാൻ പ്രധാന ഘടകമായ സമയം എങ്ങനെയെങ്കിലും കണ്ടെത്തണം എന്ന വ്യഗ്രതയും നിശ്ചയദാർഢ്യവുമാണ് ഒല്ലൂരിൽ നിന്ന് മേനാച്ചേരി കുടുംബം മാറി താമസിക്കുവാൻ കാരണം. കൂടാതെ, മലബാർ മിഷനറി ബ്രദേഴ്സിൻെറ മാതൃഭവനമായ മിഷൻ ഹോമും അവിടുത്തെ ദിവ്യകാരുണ്യ നിത്യാരാധനകേന്ദ്രവും ആകർഷകമായി തീർന്നിരിക്കാം.

ഒട്ടും കാലവിളംബമന്യേ, ജോസഫ് ജ്യേഷ്ഠൻ നാട്ടുകാരുടെ ശ്രദ്ധാവിഷയവും നേതാവുമായി തീർന്നു. ജാതിമതവ്യത്യാസമെന്യെ, എല്ലാ കുടുംബങ്ങളിലും പൊതുപരിപാടികളിൽ അദ്ദേഹം പ്രത്യേക ക്ഷണിതാവായിരുന്നു. തന്നെ ക്ഷണിക്കുന്ന എല്ലായിടത്തും സന്നിഹിതനായി ആതിഥേയരെ അദ്ദേഹം തൃപ്തിപ്പെടുത്തുമായിരുന്നു. നല്ല ഉയരവും പ്രൗഢമായ മുഖഭാവവും സ്നേഹസമ്പന്നവും കുലീനവുമായ പെരുമാറ്റവിശേഷങ്ങളും വഴിയായി ഏതു സദസ്സിലും ജോസഫ് ജ്യേഷ്ഠന് പ്രമുഖസ്ഥാനം ലഭിക്കുമായിരുന്നു. നാട്ടുകാരുടെ ഏതു ആവശ്യത്തിനും മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കാനുള്ള കഴിവും സന്നദ്ധതയും ഔദാര്യവും അദ്ദേഹത്തെ ഏവർക്കും വേണ്ടപ്പെട്ടവനാക്കിത്തീർത്തു. ജനനേതാക്കളുടെ പക്കലും സർക്കാർ ഓഫിസുകളിലും ചെന്ന് വീട്ടുകാരുടേയോ, നാട്ടുകാരുടേയോ, വ്യക്തികളുടെയോ ആവശ്യങ്ങൾ അവസരോചിതമായും യുക്തിയുക്തമായും സമർപ്പിച്ച് കാര്യങ്ങൾ നേടിക്കൊടുക്കാവാനുള്ള അദ്ദേഹത്തിൻെറ കഴിവ് ഒന്ന് വേറെതന്നെയായിരുന്നു.

ഈ ലേഖകനെ സംബന്ധിച്ചിടത്തോളം, മേനാച്ചേരി ജോസഫ് ജ്യേഷ്ഠനും പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുമായുള്ള സുഹൃദ്ബന്ധം അപ്രതീക്ഷിതമായി വീണുകിട്ടിയ ഒരു ഭാഗ്യവും ദൈവാനുഗ്രഹവുമായിരുന്നു. അക്കാലത്ത് മരിയാപുരത്തെ യൂണിയൻ പ്രസ്സിൻെറ മാനേജർ എന്ന നിലയിൽ പ്രവർത്തിച്ചുവരികയായിരുന്നു ഞാൻ. താമസിയാതെ ജോർജ്ജ് മാസ്റ്റർ സെൻറ് തോമസിനടുത്ത് ആരംഭിച്ച ഈഫൽ ബുക്സ് എന്ന പുസ്തകഷോപ്പിനുവേണ്ടി പല പുസ്തകങ്ങളും അച്ചടിക്കുവാനുള്ള സന്ദർഭം എനിക്കു ലഭിച്ചു. പാരീസിലെ പ്രസിദ്ധമായ ഈഫൽ ഗോപുരത്തിൻെറ ചിത്രമുള്ള ബുക്സ്റ്റാളിൻെറ ഷട്ടർ ഇന്നും എൻെറ ഓർയിലുണ്ട്. ഒരു ബുക്സ്റ്റാളിനു ഈഫൽ ടവറിൻെറ നാമം നൽകുന്നതിൽ എന്താണ് പ്രസക്തി എന്ന് ഞാൻ പലപ്പോഴും ചിന്തിക്കുമായിരുന്നു. ഉന്നതമായ ലക്ഷ്യങ്ങളും ആദർശങ്ങളും വച്ചുപുലർത്തിയാൽ മാത്രമേ ജീവിതത്തിൽ ധന്യമായ പടവുകളിലേയ്ക്ക് ഉയരുവാൻ കഴിയൂ എന്ന ചിന്തയായിരിക്കണം ഇതിനു കാരണം. യൂണിവേഴ്സിറ്റിയിലെ പല ക്ളാസുകളിലേയ്ക്കും

ടെക്സ്റ്റു ബുക്കുകളും നോട്ടുകളും, പ്രസിദ്ധ സാഹിത്യകാരന്മാരുടെ കുറെ ഗ്രന്ഥങ്ങളും അദ്ദേഹം മരിയാപുരത്ത് അച്ചടിപ്പിക്കുകയുണ്ടായി. അച്ചടി രംഗത്ത് വർഷങ്ങളോളം നീണ്ട ബന്ധങ്ങൾ ഞങ്ങൾതമ്മിൽ വ്യക്തിപരമായ സൗഹൃദം ആഴപ്പെടുന്നതിനുള്ള ഹേതുവായിതീർന്നു. നിത്യേന രാവിലെയും വൈകുന്നേരവും, സമയത്തും അസമയത്തും അദ്ദേഹം പ്രൂഫ് വായനയ്ക്ക് പ്രസ്സിൽ എത്തുമായിരുന്നു. ജോർജ്ജ് മാസ്റ്ററുടേതല്ലാത്ത പുസ്തകങ്ങളുടെ പ്രൂഫ് വായനയും അദ്ദേഹത്തെ ക്കൊണ്ട് നടത്തിച്ച് ആ സ്നേഹബന്ധം മുതലാക്കാൻ ഞാൻ ശ്രമി ച്ചിട്ടുണ്ട് എന്നുകൂടി പറയാതിരിക്കാൻ വയ്യ.

വർഷങ്ങൾക്കുശേഷം, 1983ൽ പാരീസിലെ ഈഫൽ ടവർ സന്ദർശി ക്കാൻ എനിക്ക് അവസരം കിട്ടി. 1000 അടി ഉയരമുള്ളതും ലോക മഹാത്ഭുതങ്ങളിൽ ഒന്നായി ഗണിക്കപ്പെട്ടിരുന്നതുമായ ആ ഗോപുര ത്തിൻെറ ഉച്ചിയിൽ എത്തിനിന്നപ്പോൾ മേനാച്ചേരി സാറിൻെറ ഈഫൽ ബുക്സിൻെറ ചിത്രം ഞാൻ ഓർക്കുകയുണ്ടായി. ഉന്നത ലക്ഷ്യങ്ങൾ മനസ്സിൽ വച്ചു പൂജിക്കുവാൻ മേനാച്ചേരി സാറിന് ഈഫൽ ഗോപുരം പ്രേരണയായിത്തീർന്നതിൽ വിസ്മയമില്ല.

ജോസഫ് ജ്യേഷ്ഠൻെറ ആൺമക്കളിൽ രണ്ടാമൻ തോമസ് എം.എ. കഴിഞ്ഞ് ഈശോ സഭയിൽ ചേർന്ന് വൈദികനായി റവ. ഡോ. ഫാ. ഇ. ജെ. തോമസ് എസ്. ജെ. ‘‘പഠിക്കാൻ ധാരാളം സാധ്യത കളും സൗകര്യങ്ങളും ഉള്ള ഈശോസഭയിൽ ചേരുന്നതിനുമുമ്പ് എം.എ. വരെയുള്ള പഠനച്ചെലവ് അനാവശ്യമായി തോമസ് എന്നെ ക്കൊണ്ട് വഹിപ്പിച്ചു’’ എന്ന് സ്നേഹത്തിൻെറ ഭാഷയിൽ ജോസഫ് ജ്യേഷ്ഠൻ പരാതി പറയുമായിരുന്നു. മൂന്നാമത്തെ മകൻ ഡോ. ഇ. ജെ. ജെയിംസ് എഞ്ചിനിയറിംഗിൽ ബിരുദാനന്തരബിരുദം നേടി കോഴിക്കോട് ജലവിഭവവികസന ഗവേഷണ കേന്ദ്രത്തിൻെറ ഡയറ ക്ടറായി തീർന്നു.

ഒരു പ്രസിദ്ധീകരണകേന്ദ്രം സ്ഥാപിച്ചു വളർത്തിയെടുക്കുക തൻെറ മുഖ്യ ജീവിതദൗത്യമായി മനസ്സിൽ കുറിച്ചുകൊണ്ടാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി ഈഫൽ ബുക്സ് ആരംഭിച്ചതെന്ന് തോന്നുന്നു. ഒഴിവുദിവസങ്ങളിൽ അദ്ദേഹംതന്നെ പുസ്തകക്കെട്ടുകൾ അടുത്തും അകലെയുമുള്ള ബുക് ഷോപ്പുകളിൽ കൊണ്ടുപോയി വില്പനയ്ക്ക് ഏല്പിക്കുമായിരുന്നു. ഒഴിവുദിവസങ്ങൾകൊണ്ട് ഈ പുസ്തകവിതരണവും പണം പിരിക്കലും നിർവ്വഹിക്കാമെന്ന് അദ്ദേഹം കരുതി. സമയം കൃത്യം കണക്കുകൂട്ടി പണം വാങ്ങിക്കാനെത്തുമ്പോൾ ഉത്തരവാദപ്പെട്ട വ്യക്തികൾ സ്ഥലത്തില്ലാതെ വരികയോ, പണം തയ്യാറായില്ല എന്ന് പറയുകയോ ചെയ്യുമ്പോൾ വീണ്ടും പോകേ ണ്ടിവരുമായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു ബോധ്യ

മായി ഈ പുസ്തകക്കച്ചവടം കോളെജിലെ ഒഴിവു ദിവസങ്ങൾകൊണ്ട് ഒറ്റയ്ക്കു നിർഹിക്കാനാവില്ല എന്ന്. അതുകൊണ്ട് പ്രസ്തുത ജോലി ഏല്പിക്കുവാൻ പറ്റിയ ഒരു ചെറുപ്പക്കാരനെ കണ്ടുപിടിക്കാമോ എന്ന് അദ്ദേഹം എന്നോടു ചോദിച്ചു. നല്ല മാർക്കോടുകൂടി 10–ാം ക്ളാസ് പാസായി രണ്ടു വർഷം കഴിഞ്ഞിട്ടും ജോലിയൊന്നും ആകാതെ നട്ടംതിരിയുന്ന പാവപ്പെട്ട ഒരു പയ്യനെ ഞാൻ സാറിന് പരിചയപ്പെടുത്തുകയും ചെയ്തു.

അദ്ദേഹം അധികാരപത്രത്തോടുകൂടി അവനെ പണം പിരിക്കുവാൻ കൊല്ലത്തേയ്ക്ക് പറഞ്ഞയച്ചു. അത്യാവശ്യമായി വരികയാണെങ്കിൽ രണ്ടു ദിവസം അവിടെ തങ്ങേണ്ടിവന്നാൽ ചെലവു കുറഞ്ഞ ലോഡ്ജുകളിൽ താമസിക്കാവുന്നതാണെന്ന് അനുവദിച്ചിരുന്നു. മൂന്നാം ദിവസം കളക്ഷൻ കഴിഞ്ഞ് തിരിച്ചുവന്ന് കണക്കേല്പിച്ചപ്പോൾ അനുഭവപ്പെട്ട ഒരു കാര്യം അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. രണ്ടു രാത്രി ഏറ്റവും ചെലവേറിയ ഹോട്ടലിൽ താമസിച്ച് വില കൂടിയ ഭക്ഷണം കഴിച്ചാണ് അവൻ തിരിച്ചുവന്നത്. അതൃപ്തി ഒട്ടും കാണിക്കാതെ അദ്ദേഹം കണക്ക് സ്വീകരിച്ച് അവനു മാന്യമായ പ്രതിഫലം നൽകി. താമസിയാതെ അദ്ദേഹം കൊല്ലത്തെ പുസ്തകക്കടകളുമായി ടെലഫോണിൽ ബന്ധപ്പെട്ടു. ഒന്നാം ദിവസംതന്നെ അവർ സംഖ്യ കൊടുത്തുകഴിഞ്ഞിരുന്നുവെന്ന് മനസ്സിലായി. അതോടെ പ്രസിദ്ധീകരണരംഗത്തുള്ള മേനാച്ചേരി സാറിൻെറ മോഹങ്ങൾ അസ്തമിച്ചു. ഈ പരാജയത്തിൽക്കൂടി ഒരു മഹത്തായ ദർശനം അദ്ദേഹത്തിൻെറ മനസ്സിൽ ഉദിച്ചുയർന്നു. അതാണ് സ്വന്തമായ ഗ്രന്ഥരചനയുടെ ആരംഭമെന്നു തോന്നുന്നു. ഗ്രന്ഥരചനയ്ക്ക് കൂടുതൽ സമയം ലഭിക്കുവാനായി തൃശൂരിൽ ഒരു വാടക വീട്ടിലേയ്ക്ക് അദ്ദേഹം താമസം മാറ്റുകയും ചെയ്തു.

തൻെറ മക്കളുടെ വിദ്യാഭ്യാസം തൃശൂർ നഗരത്തിലെ പല സ്കൂളുകളിൽ ആയതുകൊണ്ട് അവർക്കും ഇത് വളരെ ഫലപ്രദമാണെന്ന് അദ്ദേഹം കണ്ടു. മരിയാപുരത്തുനിന്നുള്ള യാത്രയുടെ സമയം അങ്ങനെ ലാഭിക്കുവാൻ കഴിഞ്ഞു. എന്നാൽ തൻെറ വിദ്യാർത്ഥികളുടെയും അദ്ധ്യാപകസുഹൃത്തുക്കളുടെയും, അറിയിച്ചും അറിയിക്കാതെയുമുള്ള, സന്ദർശനങ്ങൾ മേനാച്ചേരി സാറിനു പലപ്പോഴും ശല്യമായി തോന്നിയിട്ടുണ്ട്. അതുകൊണ്ട് ചില പുസ്തകരചനകളുടെ മൂർദ്ധന്യത്തിലായിരിക്കുമ്പോൾ, പൂർണ്ണമായ ഏകാന്തതയ്ക്കും ഏകാഗ്രതയ്ക്കുംവേണ്ടി തൃശൂർ നഗരത്തിൽത്തന്നെ ഏതെങ്കിലും ഹോട്ടലിൽ മുറിയെടുത്ത് താമസിച്ചിരുന്നത് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എവിടെയാണെന്ന് ശ്രീമതി

മാഗിക്കുമാത്രമേ അറിയാമായിരുന്നുള്ളു. ഹോട്ടലിന്റെ പേര് വെളി പ്പെടുത്തുവാൻ അനുവാദമില്ലായിരുന്നു.

നഗരമദ്ധ്യത്തിൽത്തന്നെ ഒരു മഹർഷിയെപ്പോലെ ഏകാന്തവാസം അനുഷ്ഠിച്ചുകൊണ്ടായിരുന്നു പ്രൊഫ. ജോർജ്ജ് മേനാച്ചേരി തന്റെ കനപ്പെട്ട ഗ്രന്ഥങ്ങളുടെ മിനുക്കുപണികൾ നിർവ്വഹിച്ചിരുന്നത് എന്ന കാര്യം എന്റെ മനസ്സിൽ ഇന്നും തങ്ങിനിൽക്കുന്ന ഒരു നല്ല ഓർമ്മ യാണ്.



പഴയ ആർക്കിയോളജി മ്യൂസിയം



കേരളസാഹിത്യ അക്കാദമി

# Let's Ring out and sing our Joy!

Br. Louis Majaly MMB

Let's ring out Sapthathi Bells;
Let's bring out heart-filled feelings
Let's rally round dear Menachery to
proclaim his pretty life and deeds.
    Lengthy shadow of the lofty Forane bell tower*
    Gently kisses quadrangular Erinjery Tharavad every morn
    Whispering the call to gaze to the heights of ancient glory
    Tracing the footprints of unique ancestors of repute.
Angel Raphael who walked with Thobias in solitary ways
Ensuring push to move in unknown untrod paths
Ever docile he was to the call from deep within
Ever enduring he was to realize his cherished goals.
    Gathering and sharing wisdom is his persisting passion
    Printing and publishing is his ever-lingering hunger.
    So dear is to him ancient Erinjeri Tharavad in Ollur
    The abode enriched by ancestors of nobility and fame,
    A monumental house with stories for every tiny part
    Inexhaustible barn of self-esteem, courage and vigor.
A man of vision and action, a star in the cloudy sky,
Who mastered realms of words, history, arts and culture
Brave he is to dream of a museum and bulky volumes
Persevering he is to grasp horizons untouched by others.
    To the depths of history he dived and picked up pearls,
    To the heights of fame he soared up by wings of toil.

Strong is his will power; dynamic is his word power,
Unique are his talents to meet challenges of the times.
In silence and solitude he laboured night and day
In the sublime company of volumes old and new
Amazed he was at the little relics of bygone days
Pieces of craft in wood, stone or metal and mined books.
A glaring star he is in the firmament of culture
Enthusiastic and energetic even when entering seventies
May the bloom of his much-awaited scholarly volumes
Spread out nectar and fragrance in the years to come.
O dear Menachery, crown of the family, pride of the people,
May God have the joy that His dreams on you are realized in full.

* Forane bell tower = Bell tower of St. Antony's Forane Church, Ollur



പഴയ ആർക്കിയോളജി മ്യൂസിയം



കൽക്കട്ട നാഷണൽ ലൈബ്രറി

# എന്റെ ചേട്ടൻ

**റവ.ഡോ. ഇ.ജെ. തോമസ്**
പ്രിൻസിപ്പാൾ, സെന്റ് ജോസഫ്സ് കോളേജ്, കണ്ണൂർ

ഞാനും ചേട്ടനും തമ്മിൽ രണ്ടര വയസ്സിന്റെ വ്യത്യാസമുണ്ട് ചേട്ടൻ നേരത്തെ പക്വത വന്ന ഒരു വ്യക്തിയായിരുന്നു. ഞങ്ങളുടെ കുടുംബത്തിൽ ചേട്ടന്റെ ആളത്വത്തിന് വിശേഷ തിളക്കമുണ്ടായിരുന്നു. അഞ്ചു പെൺകുട്ടികൾ കഴിഞ്ഞ് ജനിച്ചതിനാൽ ഞങ്ങളുടെ കുടും ബത്തിലെ മുഴുവൻ പേരുടെയും ശ്രദ്ധ ചേട്ടന്റെ കാര്യത്തിലുണ്ടായിരുന്നു. ഞങ്ങളുടെ അമ്മയുടെ അപ്പൻെറ (അപ്പൂപ്പൻെറ) പേരിട്ടതിനാൽ അവിടെയുള്ളവർക്കും ചേട്ടനോട് വലിയ സ്നേഹമായിരുന്നു. ചെറുപ്പ ത്തിലേതന്നെ ക്രിയാത്മകമായി പ്രവർത്തിച്ചിരുന്ന ഒരു വ്യക്തി യായിരുന്നു. കുട്ടിക്കളികളിൽപ്പോലും ഒരു വളർച്ചവന്ന വ്യക്തിയുടെ ഭാവം കാട്ടിയുരുന്നു. ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുമ്പോൾ വേനല വധിക്ക് ചേട്ടൻ ഒറ്റമരത്തിൽ ഒരു കളിക്കപ്പലുണ്ടാക്കി. അടുത്ത വീട്ടിലെ വല്യപ്പനായിരുന്നു അതിന് പ്രചോദനം. ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ ഒരു കയ്യെഴുത്തു മാസിക സ്വന്തമായി രചിച്ചു. പിന്നീട് തൃശ്ശിനാപ്പിള്ളി യിൽ സെൻറ് ജോസഫ്സ് കോളേ ജിൽ പഠിക്കുമ്പോൾ ഒരു മാസിക പ്രിൻറ് ചെയ്തു പ്രസിദ്ധീകരി ച്ചിരുന്നു.

റോഡ് കോൺട്രാക്ട് മതിയാക്കി ഇലക്ട്രിക്കൽ കോൺട്രാക്ടിൽ പ്രവേശിച്ച എൻെറ അപ്പന് ചേട്ടനെ ഒരു എൻജിനീയർ ആക്കണമെന്നാ യിരുന്നു മോഹം. ചേട്ടന് സാഹിത്യത്തിലും ജേർണലിസത്തിലുമാ യിരുന്നു താൽപര്യം. അപ്പൻെറ നിർബന്ധത്തിന് വഴങ്ങി ഇൻറർമീഡി യേറ്റിനും ബി. എ.ക്കും ഗണിതശാസ്ത്രം ഐച്ഛികവിഷയമായി പഠിച്ചു. എന്നാൽ കണക്ക് പഠിക്കുവാൻ താൽപര്യമില്ലെന്ന് ബോധ്യ പ്പെട്ടപ്പോൾ ഇംഗ്ലീഷ് സാഹിത്യത്തിലേക്ക് മാറാൻ തീരുമാനിച്ചു. മക്കളെ എൻജിനീയർ ആക്കണമെന്ന അപ്പൻെറ മോഹം മൂന്നാമത്തെ മകൻ നിറവേറ്റി.

ചെറുപ്പത്തിൽ തന്നെ പരന്ന വായനയുടെ ഉടമയായിരുന്നു ചേട്ടൻ. മലയാളത്തിലും തമിഴിലുമുള്ള ധാരാളം പുസ്തകങ്ങൾ കാട്ടൂരുള്ള അപ്പാപ്പന്റെ ശേഖരത്തിലുണ്ടായിരുന്നു. സ്വാതന്ത്ര്യസമരത്തിൻേറ തായ ആ കാലത്ത് ഗോമതി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, നർമ്മദ മുത ലായ പ്രസിദ്ധീകരണങ്ങൾ വീട്ടിൽ വരുത്തിയിരുന്നു. ആനന്ദ വികടൻ, കൽക്കി മുതലായ തമിഴ് പ്രസിദ്ധീകരണങ്ങളിൽ അപ്പാപ്പന് വലിയ കമ്പമായിരുന്നു. ചേട്ടനെ തമിഴ് പഠിപ്പിച്ചതും അപ്പാപ്പനായിരുന്നത്രെ. ഒല്ലൂരിലെ ഞങ്ങളുടെ കുടുംബവീട്ടിൽ ധാരാളം ഇംഗ്ലീഷ് പുസ്തക ങ്ങളുമുണ്ടായിരുന്നു. ഹിന്ദു പത്രവും വരുത്തിയിരുന്നു. അപ്പന് ധാരാ ളം പെൻഫ്രണ്ട്സ് ഉണ്ടായിരുന്നതിനാൽ അവർ മുഖേന അമേരിക്ക യിലെയും ഇംഗ്ലണ്ടിലെയും ഐർലണ്ടിലെയും പ്രസിദ്ധീകരണങ്ങൾ ലഭ്യ മായിരുന്നു. സൈൻ, റീഡേഴ്സ് ഡയജസ്റ്റ്, കാത്തലിക് ഡയജസ്റ്റ്, ലൈഫ്, ഇലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, ടെലഗ്രാഫ് ദിനപത്രം, കാത്തലിക് ഫയർസയിഡ് എന്നിവ ഒല്ലൂരിലെ വീട്ടിൽ വായിക്കുവാൻ ലഭ്യമായിരുന്നു. (കാത്തലിക് കോൺഗ്രസ്സ് ഒല്ലൂർ നടന്നപ്പോൾ ഒരു എക്സിബിഷൻ നടത്തുകയും അതിൽ ലോകത്തിലെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പ്രദർശിപ്പിച്ച ജെയിംസ് മേനാച്ചേരി (ചാക്കിള യപ്പൻ) യുടെ സ്റ്റാളിന് സമ്മാനം ലഭിക്കുകയുമുണ്ടായി.) ചേട്ടൻ എല്ലാ ദിവസവും ബിബിസി.യിലും, എഐആർ ലും വന്നിരുന്ന വാർത്തകൾ ശ്രദ്ധിച്ചുകേട്ടു വിലയിരുത്തുമായിരുന്നു. (1950ലൊ മറ്റൊ എരിഞ്ഞേരി വീട്ടിൽ റേഡിയോ ഉണ്ടായിരുന്നു).

പഠനത്തിൽ ചേട്ടൻ മിടുക്കനായിരുന്നു. അദ്ധ്യാപകർക്ക് ചേട്ടനെ ക്കുറിച്ച് നല്ല മതിപ്പായിരുന്നു. ബുദ്ധിശക്തിയുടെ കാര്യത്തിൽ ചേട്ട നും എൻെറ അനുജനും ഒരുപോലെയായിരുന്നു. ഞാനും ചേട്ടനും തമ്മിൽ ചിലപ്പോൾ വഴക്കിടാറുണ്ട്. ചേട്ടൻ മറ്റുള്ളവരുമായി ഇടപ ഴകുന്നതിൽ നിയന്ത്രണമുണ്ടാക്കിയിരുന്നു. ഞാൻ എല്ലാവരുമായി ഇടപഴകുന്ന സ്വഭാവക്കാരനായിരുന്നു. ഈ വൈരുദ്ധ്യം പലപ്പോഴും അസ്വസ്ഥത ഉണ്ടാക്കിയിട്ടുണ്ട്. പൊതുരംഗത്ത് പ്രവേശിക്കാൻ തുട ങ്ങിയതോടെ ചേട്ടൻ കൂടുതലാളുകളുമായി ഇടപഴകാനും അതുമൂലം കൂടുതൽ ജനസമ്മതനായിത്തീരുവാനും തുടങ്ങി. വിമോചനസ മരകാലത്ത് വിദ്യാർത്ഥി നേതാവും പിന്നീട് കോളേജ് യൂണിയൻ ചെയർമാനും, ആൾ ഇൻഡ്യാ ന്യൂമാൻ അസോസിയേഷൻ വൈസ് പ്രസിഡന്റും ആയി. അങ്ങിനെ ഒരുപാടു സംഘടനകളിൽ പ്രവർത്തിച്ച് തന്റെ സംഘടനാപാടവം തെളിയിച്ചു. സപ്തതി ആഘോഷിക്കുന്ന ഈ അവസരത്തിൽ തിരിഞ്ഞുനോക്കുമ്പോൾ ചേട്ടൻ അഭിമാന കരമായി ഒത്തിരി കാര്യങ്ങൾ ചെയ്തിട്ടുള്ളതായി കാണാം. ഞങ്ങളും ആ അഭിമാനത്തിൽ പങ്കുചേരുന്നു. തുടർന്നും കർമ്മനിരതനായി മുന്നോട്ടു പോകാൻ ദൈവം ജ്യേഷ്ഠനെ അനുഗ്രഹിക്കട്ടെ.

# അനിയൻ

സി. ഓസ്ബർഗ സി.എം.സി.

പാലയൂർ വേദിയിൽനിന്ന് മാർപ്പാപ്പയുടെ അംഗീകാരമുദ്ര അഭിവന്ദ്യ പിതാവിൽ നിന്നു എന്റെ അനുജൻ പ്രൊഫ. ജോർജ്ജ് മേനാച്ചേരി ഏറ്റുവാങ്ങിയതു കണ്ടപ്പോൾ 55 കൊല്ലങ്ങൾക്കുമുമ്പ് കാട്ടൂർ പോംബെ സെന്റ് മേരീസ് ഹൈസ്ക്കൂൾ അങ്കണത്തിൽ വെച്ച് സ്കൂളിന്റെ വാർഷികദിവസം അതിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്ന ജഡ്ജിയിൽനിന്നും സ്കൂൾ അധികാരികളുടെ അംഗീകാരത്തിന്റെ മെഡൽ അദ്ധ്യക്ഷൻ തന്നെ ഷർട്ടിന്മേൽ കുത്തി കൊടുത്ത ഓർമ്മയാണ് വന്നത്.

മൂന്നു ആങ്ങളമാരാണ് ഉള്ളത്. മൂന്നുപേരും എന്റെ താഴെയാണ്. മൂന്നു പേരും ഒത്തുചേർന്നാൽ വീട് പിന്നെ ശബ്ദമുഖരിതമായിത്തീരും. പ്രധാനമന്ത്രി ജഹവർലാൽ നെഹ്റു, രാഷ്ട്രപിതാവ് മഹാത്മാഗാന്ധി, ശ്രീ. ഇക്കണ്ട വാരിയർ തുടങ്ങിയ രാഷ്ട്രീയ നേതാക്കന്മാരെയും, സിനിമതാരങ്ങളായ രാജ്കപൂരും, ദിലീപ്കുമാറും നർഗ്ഗീസും കാമിനി കനശലും എന്നു വേണ്ട പഠിപ്പിച്ച ആരാധ്യരായ അദ്ധ്യാപകരെകുറിച്ചും ചർച്ച ചെയ്യും. ഓരോരുത്തരും താന്താങ്ങൾ പറയുന്നത് ആണ് നല്ലതെന്നു സമർത്ഥിക്കാൻ അങ്ങയറ്റം ശ്രമിക്കും. ഇവർ ഇങ്ങനെ തർക്കിക്കുന്നതും ബഹളം എടുക്കുന്നതുമെല്ലാം കാണാൻ അമ്മാമ്മക്ക് വലിയ സന്തോഷമാണ്. അവസാനം അമ്മാമ്മക്ക് ഇഷ്ടപ്പെട്ട ഒന്നു രണ്ടു പാട്ടുപാടി കൊടുക്കും. ''അലകളെ മുറിച്ച് അരയന്നം പോലെ കടത്തുവഞ്ചിയും നീങ്ങി, കാത്തുസൂക്ഷിച്ചൊരു കസ്തൂരിമാമ്പഴം കാക്ക കൊത്തി പോയ് അയ്യോ! പട്ടി, പാമ്പ്, ഒന്തൊക്കെയുണ്ടവനിൽ. അപ്പോൾ അപ്പൻ പറയും എൻെറ മൂന്നു ആൺമക്കൾക്കും അവർ പഠിച്ച ഏതെങ്കിലും സ്കൂളിൽ നിന്ന് നല്ല സ്വഭാവത്തിനുള്ള

സമ്മാനം കിട്ടിയിട്ടുണ്ട്. മൂന്നാളും വീട്ടിൽ ഒത്തുവന്നാൽ ചർച്ചയുടെ തീവ്രതയാൽ ഞാൻ പുറത്തുകടന്നു നില്ക്കണം. അമ്മക്കും സന്തോഷമാണ്. മക്കളുടെ ഈ തല്ലൂട്ടം കാണാൻ. അവസാനം ഇടയ്ക്കു അമ്മയും അഭിപ്രായം പറയും. ഇളയവൻ തോല്ക്കാറാകുമ്പോൾ കരഞ്ഞ് അമ്മയുടെ അടുക്കൽ അഭയം തേടും. ചർച്ച ചെയ്തു ഒത്തു തീർപ്പിലെത്താത്ത കാര്യങ്ങൾ പിന്നീട് അപ്പനും, ഇളയപ്പന്മാരും വരുമ്പോൾ ഒരു തീപ്പൊരി ചർച്ച ചെയ്ത് തീരുമാനിക്കും.

ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ കയ്യെഴുത്തു മാസിക എഴുതാറുണ്ട്. ജോയ് അതിന് ബാലൻ എന്നു പേരു കൊടുത്തു. തൃശിനാപ്പിള്ളിയിൽ പഠിക്കുന്ന കാലത്ത് ഹോസ്റ്റൽ ഡേക്ക് ഇംഗ്ലീഷിൽ ഒരു നാടകം എഴുതി കുട്ടികളെ കൊണ്ട് അഭിനയിപ്പിച്ചു. കാട്ടൂരത്തെ അപ്പാപ്പൻ അതിനു അവനു ഒരു വലിയ പ്രചോദനമായിരുന്നു നല്ല നല്ല പുസ്തകങ്ങൾ അപ്പാപ്പൻ വാങ്ങിയ്ക്കാറുണ്ട്. വിക്രമാദിത്യൻ കഥകൾ, ചന്തുമേനോൻെറ ഇന്ദുലേഖ തുടങ്ങി പലതും. ആഴ്ചപ്പതിപ്പുകളും വാങ്ങാറുണ്ട്. ഉറൂബിൻെറ നീണ്ടകഥ അങ്ങിനെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നിന്നാണ് വായിച്ചത്.

കുളിക്കുമ്പോൾ വെള്ളംകോരി ഒഴിക്കുന്ന പാത്രത്തിൽ ഒരു ചെറിയ ദ്വാരം ഉണ്ടായിരുന്നു. അതു ഒരു വലിയ വട്ടയ്ക്കയിലിട്ടിട്ട് ആ ദ്വാരത്തിൽ കൂടെ വെള്ളം കയറി പാത്രം മുങ്ങാൻ എത്രസമയം എടുക്കുമെന്ന് നിരീക്ഷിക്കും. പല നിരീക്ഷണങ്ങളും പരീക്ഷണങ്ങളും ചെറുപ്പത്തിൽ തന്നെ നടത്താറുണ്ട്.

ഒരുദിവസം വീട്ടിൽ ഓല കൊണ്ട് വീടുണ്ടാക്കി കളിക്കുമ്പോൾ വടികള് കെട്ടാൻ കയർ മുറിച്ചു. നല്ല മൂർച്ചയുള്ള കത്തിയായതിനാൽ വെട്ടിയപ്പോൾ അവന്റെ ചൂണ്ടാണിവിരലിന്റെ തുമ്പ് മുറിഞ്ഞു പോയി. തുമ്പില്ലാത്ത ചൂണ്ടാണിവിരലാണ് ഇന്നും. ഇപ്പോൾ തുന്നണമെങ്കിൽ എത്ര ആസ്പത്രികൾ കയറി ഇറങ്ങണം. മുറിവ് അമ്മയുടെ വിദഗ്ധ ചികിത്സയിൽ ഒരാഴ്ച കൊണ്ട് സുഖമായി.

തുലാമാസത്തിൽ നല്ല മഴയും ഇടിയുമുള്ളപ്പോൾ അയ്യപ്പനെ ഞങ്ങൾ രണ്ടുപേരെയും കൊണ്ടുവരാൻ കാട്ടൂർ സ്കൂളിൽ അയക്കും. അപ്പാപ്പന്റെ കുളമ്പുകുടയും, അമ്മയുടെ കാൽകുടയും ഉണ്ടാകും അയ്യപ്പന്റെ കയ്യിൽ. ഞങ്ങളുടെ മുട്ടുകുടകൾ വാങ്ങി പകരം എനിക്ക് കുളമ്പു കുടതരും. അമ്മയുടെ കാൽകുട അവനും കൊടുക്കും പിന്നെ സഞ്ചിയും വാങ്ങിപ്പിടിക്കും. ടാറിടാത്ത വഴിയിലെ കുഴികളിൽ വെള്ളം നില്ക്കുന്നുണ്ടാകും. ആ ചളിവെള്ളം തെറിപ്പിച്ച് നടക്കും അവൻ. സഞ്ചി കയ്യിലില്ലാത്തതുകൊണ്ടും വലിയ കുടയായതുകൊണ്ടും അവൻ വെള്ളം തെറിപ്പിച്ച് നടക്കുകയാണ്. ഇനി അയ്യപ്പനെ വിടേണ്ട, ഞങ്ങൾ എങ്ങനെയെങ്കിലും വന്നുകൊള്ളാം. ഞങ്ങൾ

അയ്യപ്പന്റെ കൂടെ നടക്കുമ്പോൾ കുട്ടികൾ ഞങ്ങളെ നോക്കി ചിരിക്കും. അങ്ങനെ അയ്യപ്പൻെറ ശല്യം തീർന്നു കിട്ടി. പറമ്പിൽ എത്തുമ്പോൾ രണ്ടു തോടു കടക്കാനുണ്ട്. അയ്യപ്പനെ തോടിൻെറ അരികത്തു നിർത്തും. ഞങ്ങൾ വരുമ്പോൾ അയ്യപ്പൻ തോട്ടിൽ ഇറങ്ങി നിന്ന് ഞങ്ങളെ ഈ കരയിൽ നിന്നു ആ കരയിലേക്കു കടത്തിവെയ്ക്കും, അയ്യപ്പാ കാലിന്റെ തുമ്പെങ്കിലും വെള്ളത്തിൽ മുട്ടിക്കണം എന്നു പറയുമ്പോൾ വല്യ ഇബ്രാക്കൾ തംസാരിക്കും. (വഴക്കുപറയും) എന്നു പറഞ്ഞ് അപ്പാപ്പൻ കാണാണ്ട് മുട്ടിക്കും. മഴയും വെള്ളവുമെല്ലാം കാണാൻ എന്തു ഭംഗിയായിരുന്നു.

താമരക്കുളത്തിന്റെ കരയ്ക്ക് കുമ്പളം, മത്ത, കയ്പ, പടവലം ഒക്കെ നടാറുണ്ട്. അപ്പാപ്പൻ അതു നോക്കാൻ പോകുമ്പോൾ ഞങ്ങളും കൂടെപ്പോയി അതു വളരുന്നതും മറ്റും നോക്കിനില്ക്കും. വാടാത്ത പച്ചക്കറികൾ ധാരാളം കഴിച്ചിട്ടുണ്ട്. അതു പോലെ പയറും. സ്കൂൾ വിട്ടു വന്നാൽ എല്ലാവരും കൂടി കളിക്കും. പ്രധാന കളി ഫ്രഞ്ചു വാറാണ് പിന്നെ ബാറ്റ്മെൻറണും റിങ്ങും. അങ്ങിനെ കളിച്ചും തല്ലൂടിയും ഭക്ഷിച്ചും ഞങ്ങൾ വളർന്നു വലുതായി.



ബോഡിലിയൻ ലൈബ്രറി, ഓക്സ്ഫോർഡ്



ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറി, ലണ്ടൻ

# ജോയിച്ചേട്ടനെക്കുറിച്ച് ഓർക്കുമ്പോൾ

**ഡോ. ഇ. ജെ. ജെയിംസ്**

ആൺകുട്ടികൾ ജനിക്കുവാൻ നോമ്പുനോറ്റിരുന്ന കാലം. പ്രത്യേകിച്ച് മക്കത്തായക്കാരായ മാർതോമ ക്രിസ്ത്യാനികൾ. കൊച്ചൗസേഫ് കുഞ്ഞേത്തി ദമ്പതികൾക്ക് അഞ്ചു പെൺകുട്ടികൾക്കു ശേഷം സന്തോഷമായി കടന്നു വന്ന ജോയിയാണ് ഇ. ജെ. ജോർ ജ്ജും പിന്നീട് ജോർജ്ജ് മേനാച്ചേരിയുമായി പരിണമിച്ചത്. അപ്പാപ്പൻ (എരിഞ്ഞേരി തോമ) മരിച്ചശേഷം ആദ്യമായി കുടുംബത്തിൽ ജനിച്ച ആൺകുട്ടിയായതിനാൽ തോമ എന്നു നാമകരണം ചെയ്യേണ്ട തായിരുന്നു. പ്രത്യേകിച്ച് അപ്പാപ്പൻ മരിച്ചത് അപ്പന് നാലാമതും പെൺകുട്ടി ജനിച്ചതുകൊണ്ടുള്ള ദു:ഖം കൊണ്ടാണെന്ന് നാട്ടുകാർ പറഞ്ഞി രുന്ന കാലമായതിനാൽ. എന്നിരുന്നാലും മൂത്ത മകന് ആൺകുട്ടി കളില്ലാതിരുന്ന ഭാര്യയുടെ അപ്പൻെറ (പുത്തൻപുര കുഞ്ഞുവറിത്) പേരു നൽകണമെന്ന് അപ്പൻ നിശ്ചയിച്ചു. പുത്തൻ പുരക്കാരാകട്ടെ, അദ്ദേഹത്തിന്റെ അപ്പന്റെ പേരിടാൻ സാധിക്കാതെ പോയ ദു:ഖത്തിലുമായിരുന്നതിനാൽ വാറുണ്ണി എന്നു പേരിട്ടാൽ നന്നാകുമെന്ന് തോന്നി. അങ്ങനെ തോമയാകേണ്ട തോമപീടിയക്കാരൻ എരിഞ്ഞേരി കൊച്ചൗസേഫ് കുഞ്ഞേത്തി മകൻ വാറുണ്ണിയായി. എഴുപതു കൊല്ലം മുമ്പ് കാട്ടൂർ സെന്റ് മേരീസ് പള്ളിയിലെ മാമോദീസ രജിസ്റ്ററിൽ സ്ഥാനംപിടിച്ചു. കുഞ്ഞുവറീതും വാറുണ്ണിയുമെല്ലാം ജോർജ്ജ് തന്നെ. ഇംഗ്ലണ്ടിലെ രാജപരമ്പരയുടെ ശൈലിയിൽ, ജോയിയെ പുത്തൻ പുരയിലെ ജോർജ്ജ് നാലാമനായി അംഗീകരിച്ചു. പള്ളിക്കു നൽകിയ കാസയിലും പീലാസയിലും ഇത് രേഖപ്പെടുത്തി യിട്ടുണ്ടത്രെ. കൊച്ചൗസേഫ് കുഞ്ഞേത്തി ദമ്പതികൾക്ക് രണ്ടാമതൊരു ആൺകുട്ടി ജനിച്ച്, തോമ (Fr. E.J. Thomas S.J.) എന്നു പേരിടുന്നതു

വരെ, എരിഞ്ഞേരി വീട്ടിലെ ചില കാരണവന്മാർ ജോർജ്ജിനെ തോമ എന്നാണ് വിളിച്ചിരുന്നതത്രെ. അങ്ങിനെ ഒരു ജോർജ്ജ് തോമയുണ്ടായി. നസ്രാണി പാരമ്പര്യം വരുംതലമുറകളിലേയ്ക്കെത്തിക്കാൻ ഒരു തോമപീഡിയയുമുണ്ടായി. ചേട്ടന്റെ ചെറുപ്പത്തിൽ അമ്മയുടെ അമ്മ (മടിശ്ശീല കരണ്ടെലി ഫെയിം കടിച്ചിനി തോമന്റെ മകൾ) മരിച്ചതിനാൽ അമ്മയും മക്കളും അപ്പാപ്പനെ ശുശ്രൂഷിക്കാൻ കാട്ടൂർക്ക് കുടിയേറി. അപ്പന്റെ ആഗ്രഹപ്രകാരവും പുർണ്ണസമ്മതത്തോടുംകൂടിത്തന്നെ. അങ്ങനെ ചേട്ടൻ കാട്ടൂർ പോംപെ സെന്റ് മേരീസ് സ്കൂളിൽ പത്താം ക്ലാസുവരെ പഠിക്കുവാൻ ഇടയായി. ഈ സമയത്ത് അപ്പാപ്പൻ ചേട്ടനെ ദർശനത്തിൽ ചേർക്കുകയും പ്രസേന്തിവാഴ്ച നടത്തുകയും മറ്റുമുണ്ടായി. ഇതിന്റെയെല്ലാം ഫലമായി ആൺകുട്ടികൾ ഇല്ലാതിരുന്ന പുത്തൻപുര തറവാട്ടിലെ അനന്തരാവകാശിയാണ് താനെന്ന ഒരു ധാരണ മാഷിൽ ഉണ്ടായി. (എന്നെ ഒരു കൊല്ലം സെന്റ് തോമസ് കോളെജിൽ പഠിപ്പിച്ചുട്ടുള്ളതിനാൽ മാഷെന്നും, പ്രൊഫസറെന്നും അഭിസംബോധനചെയ്യുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല). പ്രൊഫസർ അതിലെന്നും അഭിമാനിക്കുകയും പുളകം കൊള്ളുകയും ചെയ്തിരുന്നതായി തോന്നിയിട്ടുണ്ട്. ആകാരത്തിലും പ്രകൃതത്തിലും പുത്തൻപുര ചുവയുണ്ടുതാനും. സ്കൂളിൽ പഠിക്കുന്ന കാലത്ത് അപ്പന്റെയും അമ്മയുടെയും ഇഷ്ടസന്താനവും, എളേപ്പന്മാരുടെയും അമ്മായിമാരുടെയും ബന്ധുക്കളുടെയും കണ്ണിലുണ്ണിയും പെങ്ങന്മാരുടെ സ്നേഹപാത്രവുമായി വിളങ്ങുവാൻ ചേട്ടനു കഴിഞ്ഞു. ചെറുപ്പത്തിൽ (വലുപ്പത്തിലും) നല്ല ഭക്തിയുള്ള കുട്ടിയായിരുന്നു. എല്ലാ ദിവസവും പള്ളിയിൽ പോകുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നതായി അമ്മ പറയാറുണ്ട്. നല്ല അനുസരണയുള്ള കുട്ടിയായിരുന്നത്രെ. അമ്മാമ്മയ്ക്ക് ബൈബിൾ വായിച്ചു വിശദീകരിച്ചുകൊടുക്കുന്നത് കണ്ടതായി ഓർക്കുന്നു.

10-ാം ക്ലാസ് കഴിഞ്ഞ് ഇന്ററിന് പഠിക്കാൻ ചേട്ടനെ തൃശ്ശിനാപ്പിള്ളിയിലെ ഈശോസഭക്കാരുടെ സെന്റ് ജോസഫ്സ് കോളെജിലേയ്ക്കയച്ചു. പിന്നീട് അവിടെത്തന്നെ ബി. എ. യ്ക്ക് ഗണിതശാസ്ത്രം ഐച്ഛികവിഷയമായി എടുത്ത് പഠിപ്പു തുടർന്നു. കൊച്ചി രാജാവിന്റെ കോൺട്രാക്ട്രർമാരായിരുന്ന എരിഞ്ഞേരിക്കാർക്ക് ജോയി ഒരു എഞ്ചിനിയറായി കാണാനായിരുന്നു ആഗ്രഹം. കണക്കു ക്ലാസുകൾ കട്ടുചെയ്ത് മറ്റു താല്പര്യമുള്ള ക്ലാസുകളിൽ ചെന്നിരിക്കുന്നതായി ഈശോസഭാ പാതിരിമാർ വീട്ടുകാരെ അറിയിച്ചിരുന്നത്രെ. അക്കാലത്ത് കൈയ്യെഴുത്തുമാസികയിലും സാഹിത്യകൃതികളിലുമായി സമയം ചെലവിട്ടിരുന്നുവെന്ന് സഹപാഠികൾ പറയാറുണ്ട്. അവർക്ക് വട്ടായിരുന്നെന്ന് മാഷ്ക്ക് തോന്നുന്നതിൽ തെറ്റില്ലല്ലോ. അവർക്ക് തിരിച്ചും. ഈ കാലയളവിലെപ്പോഴോ ഭാവിയിലെ എരിഞ്ഞേരിച്ചനെ

നാട്ടുകാർ മാഷിൽ ദർശിച്ചിട്ടുണ്ടാകാം. (ജാസച്ചൻ അപ്പോഴെയ്ക്കും മരിച്ചുപോയിരുന്നു). തൃശ്ശിനാപ്പിള്ളിയിൽ പഠിക്കുന്ന കാലത്ത് ചേട്ടൻ വരാൻ ഞങ്ങൾ എല്ലാവരും കാത്തിരിക്കും. എനിക്ക് അന്നു കൊണ്ടു വന്നുതന്ന ക്രിബ്ബ് സെറ്റ് എൻെറ മക്കൾ കഴിഞ്ഞ ക്രിസ്തുമസ്സി നും പൊടി തട്ടി ഉപയോഗിച്ചിരുന്നു. വേറൊരിക്കൽ ഒരു രാജൻ കളി ക്കാറ് വാങ്ങി കൊണ്ടുവന്നു. പിന്നൊരിക്കൽ പരീക്ഷണം ചെയ്യാ നും സിനിമ കാണിക്കാനും ഒരു ലെൻസ് കൊണ്ടുവന്നു ഒരു ബൈനാ ക്കുലേഴ്സ്. മേൽക്കുരയുടെ ഉത്തരങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് പാള ങ്ങളുണ്ടാക്കി നൂലുചുറ്റുന്ന ബോബിനും കല്ലുകെട്ടിയ ചരടു മുപ യോഗിച്ച് തനതായി ഓടുന്ന ട്രെയിനുണ്ടാക്കി തന്നു. ട്രെയിനോ ടിച്ചിരുന്നത് പത്തായത്തിൻെറ മുകളിൽ കയറിനിന്ന്. ആവിയിൽ ഓടുന്ന മനോഹരിയായ ഒരു കപ്പൽ മരത്തിൽ തീർത്തു. മൃഗങ്ങളോടും പക്ഷികളോടുമുള്ള എൻെറ താല്പര്യത്തെ രണ്ടു ചേട്ടന്മാരും പ്രോത്സാഹിപ്പിച്ചിരുന്നു. ഒരു ചേട്ടൻ ക്രിസ്തുമസ്സിനു ക്രിബ്ബുണ്ടാക്കു മ്പോൾ മറ്റെചേട്ടൻ നക്ഷത്രവിളക്കുണ്ടാക്കുകയാകും. പ്രധാനമായും കൊച്ചനിയൻെറ ആഗ്രഹങ്ങൾ നിറവേറ്റാൻ. ഒരു നല്ല കൂട്ടുകുടുംബ ത്തിൻെറ ചുറ്റുപാടിലായിരുന്നു മാഷ് വളർന്നുവന്നത്. തൃശ്ശിനാപ്പി ള്ളിയിൽനിന്നും ഗണിതശാസ്ത്ര പഠനം നിർത്തി തൃശൂർ സെൻറ് തോമസ് കോളെജിൽ ധനശാസ്ത്രത്തിൽ ബി.ഏ.യ്ക്ക് ചേർന്നപ്പോൾ മാഷാകെ മാറിപ്പോയതായി തോന്നി. നടത്തത്തിലും പ്രവൃത്തിയിലും നേതൃപാടവത്തിലുമെല്ലാം. കോളെജ് യൂണിയനു കളുടെ ഭാരവാ ഹിയായി, ചെയർമാനായി. ഉന്നതവ്യക്തികളെ കോളെജിലേയ്ക്ക് ക്ഷണിച്ചുവരുത്തി. വിമോചനസമരകാലത്ത് വിദ്യാർത്ഥികളെ സംഘടിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുകയും ചെയ്തു. ഇക്കാലത്ത് (Ham sick) എന്ന പേരിൽ ഇംഗ്ലീഷിൽ ഒരു പ്രസിദ്ധീ കരണവും ആരംഭിച്ചു. അതിൻെറ പ്രതികളിലൊന്ന് അടുത്തകാലത്ത് കാണുകയുണ്ടായി. സെൻറ് തോമസ് കോളെജിൽ പഠിക്കുന്ന കാല ത്ത് അല്പം ഗൗരവവും കർക്കശമായ നിലപാടുകളും കൈമുതലായി ലഭിച്ചു എന്നു തോന്നുന്നു. പഠനേതരതലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരി ച്ചിട്ടും ധനശാസ്ത്രത്തിൽ ബി. ഏ. പരീക്ഷയിൽ നല്ല മാർക്കോടെ ബിരുദമെടുത്തു.

ചെറുപ്പത്തിലേ കലയിലും സാഹിത്യത്തിലും തൽപരനായിരുന്നു. നല്ല വായനശീലം, രാത്രി മൂന്നുനാലു മണിവരെ വായനയിൽ മുഴുകാറുണ്ടായിരുന്നു. കാട്ടൂർ പാരമ്പര്യമാണിതെന്ന് മാഷ് പല പ്പോഴും പറയാറുണ്ട്. കലയിലും വാസ്തുവിദ്യയിലുമുള്ള പ്രൊഫസ റുടെ താല്പര്യം തോമപീഡിയയ്ക്കും നസ്രാണീസിനുംവേണ്ടി എടുത്ത ചിത്രങ്ങളിൽനിന്നും സുവ്യക്തമാണ്. മുൻകാല ചരിത്രകാര ന്മാരൊന്നും വേണ്ടത്ര പ്രാധാന്യം കൊടുക്കാതിരുന്ന പള്ളിക്കലകളെ

ക്രോഡീകരിക്കുന്നതിനും അവയെ ചരിത്രപഠനത്തിനുള്ള ഉപകരണമായി മാറ്റുന്നതിലും ചെയ്തിട്ടുള്ള സേവനം എല്ലാ കാലത്തും സ്മരിക്കപ്പെടുമെന്നാണ് ചരിത്രവിദ്യാർത്ഥികളുടെ അഭിപ്രായം. പ്രൊഫസറുടെ ഫോട്ടോശേഖരം ഒരുപാടു ഗവേഷകർക്ക് പ്രചോദനമായിട്ടുണ്ട്. കൂട്ടത്തിൽ എനിക്കും എന്റെ ഭാര്യയ്ക്കും. 1960-കളുടെ ഒടുവിൽ മാഷ് ഫോട്ടോയിൽ ഒപ്പിയെടുത്ത പല കലാവസ്തുക്കളും ഇന്ന് നശിപ്പിക്കപ്പെട്ട നിലയിലാണ്. അതുകൊണ്ട് ചരിത്രവിദ്യാർത്ഥികൾക്ക് ആധാരമായുള്ളത് മാഷ്ടെ ചിത്രങ്ങൾ മാത്രം. ബിരുദാനന്തരം കോഴിക്കോട്ടെ ദേവഗിരി കോളെജിൽ ചേർന്ന് തന്റെ ഇഷ്ടവിഷയമായ ഇംഗ്ലീഷ് സാഹിത്യത്തിൽ എം. ഏ.യ്ക്ക് ചേർന്നു. അന്ന് തിയോഡേഷ്യസ് അച്ചനും ശിവരാമസുബ്രഹ്മണ്യ അയ്യരും മറ്റും ഇംഗ്ലീഷ് വിഭാഗത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കാലമായിരുന്നു. അവർക്കെല്ലാം ചേട്ടൻ ഇഷ്ടപ്പെട്ട വിദ്യാർത്ഥിയായിരുന്നെന്നാണ് പറഞ്ഞുകേട്ടത്. കോഴിക്കോട്ടായിരുന്നപ്പോൾ അല്പം ''ദാദ''കളിച്ചിരുന്നെന്ന് പിന്നീട് അവിടെ വളർന്ന എന്റെ മക്കളോട് മാഷ് പറയുകയുണ്ടായത്രെ. രണ്ടാംവർഷ എം.ഏ.യ്ക്ക് തിരുവനന്തപുരത്തെ കേരള സർവ്വകലാശാലയിലേയ്ക്ക് മാറ്റം വാങ്ങി പോയി. ഈ അവസരത്തിൽ തൃശൂർനിന്നും തിരുവനന്തപുരത്തേയ്ക്ക് പോകുമ്പോൾ തീവണ്ടിയുടെ വാതിൽക്കൽ ഇരുന്ന് കോട്ടയം സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ തട്ടി കാലിന്റെ ഷെയ്പ്പ് അല്പം മാറിപ്പോയതായി കണ്ട ഓർമ്മ ഇന്നും മനസ്സിലുണ്ട്. തിരുവനന്തപുരത്ത് അല്പം ഹീറോയിസം കളിച്ചതായി അവിടെ ഉണ്ടായിരുന്ന അമ്മായിയുടെ മക്കളുടെ അടക്കം പറച്ചിലിൽ നിന്ന് കേട്ടറിഞ്ഞിരുന്നു.

അന്നുകാലത്ത് ഇംഗ്ലീഷ് എം.ഏ.യ്ക്ക് പ്രശംസനീയമായ രീതിയിൽ ജയിക്കുകയും റിസൽട്ട് അറിഞ്ഞ അന്നുതന്നെ ഇളയപ്പന്റെ കൂടെ പോയി സെൻറ് തോമസ് കോളെജിൽ ലക്ചററായി ചേരുകയും ചെയ്തു. ഇളയപ്പന് ബർസാറച്ചനെ നന്നായി അറിയാമായിരുന്നത്രെ. ചേർന്ന ഉടനെ വന്ന സെൻറ് തോമസ് ദിനത്തിലെ പരിപാടിയ്ക്ക് മാഷെ വീട്ടുകാർ അണിയിച്ച് ഒരുക്കിവിട്ടത് ഇപ്പോഴും മനസ്സിലുണ്ട്. ആ ദിനത്തിൽ ജോലി കിട്ടിയതിനുശേഷം കന്നിപ്രസംഗവും നടത്തി. മാനേജരായ മോൺ. പോൾ ചിറ്റിലപ്പിള്ളിക്ക് നന്നായി ബോധിച്ചു. അല്പം രാഷ്ട്രീയചായ്വുള്ള കക്ഷികളുമായി ചേർന്ന് കുറച്ചുനാൾ പ്രവർത്തിച്ചെങ്കിലും പിന്നീട് പരിപൂർണ്ണമായി അതിൽനിന്ന് പിന്തിരിയാനുള്ള തീരുമാനമെടുത്തു. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ സെനറ്റിലും സ്റ്റാറ്റ്യൂറ്ററി ഫിനാൻസ് കമ്മിറ്റിയിലും ഇക്കാലത്ത് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഈ കാലത്ത് പള്ളിക്കാര്യങ്ങളിലും തല്പരനായിരുന്നു. ആൾ ഇന്ത്യ ന്യൂമാൻ അസ്സോസിയേഷന്റെ വൈസ് പ്രസിഡൻറായി

പ്രവർത്തിച്ചു. Church in India Today സമ്മേളനത്തിന് പോയത് ഒരു വഴിത്തിരിവായെന്ന് മാഷ് പറയാറുണ്ട്. ബാംഗ്ലൂരിൽ നടന്ന സമ്മേളനത്തിൽ മാർത്തോമാ ക്രിസ്ത്യാനികളുടെ പ്രത്യേക സ്ഥാനം നിലനിർത്തുന്നതുമായി ബന്ധപ്പെട്ട ഒരു ''റെസലൂഷൻ'' അവതരിപ്പിക്കുവാൻ അവസരം ലഭിച്ചത്രെ. ഇതിനുശേഷം മാർത്തോമാ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ പ്രൊഫസർക്ക് താല്പര്യം ജനിച്ചുവെന്ന് പറയാറുണ്ട്. തൃശൂരിലെ ലെ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ധാരാളം പണിപ്പെട്ടിരുന്നു. ആലപ്പാട്ട് അന്തോണി അച്ചന്റെ കേച്ചേരിയിലെ ധ്യാനമന്ദിരത്തിലായിരുന്നു ഇതിന്റെ ആദ്യകാല ആസ്ഥാനം. ചിലപ്പോൾ അവിടെ ക്ലാസുകളെടുക്കുവാൻ എന്നെയും കൊണ്ടുപോകാറുണ്ടായിരുന്നു. സഹപ്രവർത്തകരുമായി ചേർന്ന് തൃശൂർ കേളെജ് റോഡിൽ തുടങ്ങിയ ഈഫൽ ബുക്സ് ആരംഭദിശയിൽ നന്നായി നടത്തുന്നതിന് മാഷ് മുൻകൈ എടുത്തു. പിന്നീട് ആ സ്ഥാപനം ക്ഷയിക്കുകയും ബാധ്യതകളോടുകൂടി മാഷിന്റെ തലയിൽ വന്നുവീഴുകയും ചെയ്തതായി ഓർക്കുന്നു. ഈ കാലയളവിൽ ഭാരതീയ സാഹിത്യസമിതി എന്ന പേരിൽ മലയാള സാഹിത്യത്തിലെ നായകന്മാരുടെ മുപ്പതോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് സാഹിത്യ സഹകരണസംഘം മുഖേന വിതരണം ചെയ്തതായും ഓർക്കുന്നു. ഈ സംരംഭങ്ങളിൽ ചെറിയ തോതിൽ ഭാഗഭാക്കാകുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അതിൽ ചാരിതാർത്ഥ്യവുമുണ്ട്. വിവാഹത്തിനുശേഷം ഒന്നു രണ്ടു കുട്ടികളായതിൽ പിന്നെയാണ് അറുപതുകളുടെ ഒടുവിൽ സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ (ഇപ്പോൾ തോമാപീഡിയ) പ്രസിദ്ധീകരിക്കുക എന്ന യത്നത്തിൽ ഏർപ്പെടുന്നത്. ചേട്ടനുമൊത്ത് ആദ്യമായി പാറേക്കാട്ടിൽ തിരുമേനിയെ കണ്ട് അനുഗ്രഹം വാങ്ങുവാൻ പോയത് ഓർക്കുന്നു. എൻസൈക്ലോപീഡിയ പദ്ധതിയിൽ ആകൃഷ്ടനായ തിരുമേനി ഒരു മണിക്കൂറോളം വാതോരാതെ സംസാരിച്ചു. കോണിയിറങ്ങിവരുമ്പോൾ രണ്ടു മെത്രനച്ചന്മാർ ഞങ്ങളിറങ്ങിവരാൻ പ്രാർത്ഥിച്ചു പരവശരായി നിൽക്കുന്നുണ്ടായിരുന്നു.

തോമാപീഡിയയുടെ ആദ്യ ഓഫീസ് അഞ്ചേരിയിലെ വീടുതന്നെയായിരുന്നു. അമ്മയുടെ വലിയ തേക്കുംപെട്ടി ഫയലിങ്ങ് കാബിനറ്റും. ഭഗീരഥപ്രയത്നത്തിൽകൂടെയാണ് പ്രൊഫസർ ആദ്യവോളിയം തോമാശ്ലീഹായുടെ 19-ാം ചരമശതാബ്ദിയുടെ ഭാഗമായി 1972-ൽ പ്രസിദ്ധീകരിച്ചത്. ഈ യത്നവുമായി ബന്ധപ്പെട്ട് വടവാതൂർ, ധർമ്മാരം സെമിനാരികളിലും, പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ചെന്നെയിലും പ്രൊഫസറുടെ കൂടെ താമസിക്കുന്ന അവസരങ്ങളിൽ ഈ കാര്യങ്ങളിലുള്ള ചേട്ടന്റെ ഭാവനയും കാഴ്ചപ്പാടും വ്യക്തമായിരുന്നു. മാർ തോമാ പൈതൃകം മറ്റുള്ളവരെ മനസ്സിലാക്കുന്നതി

നും, പഠിപ്പിക്കുന്നതിനും അങ്ങനെ നിലനിർത്തുന്നതിനുമായി മാഷ് അശ്രാന്തപരിശ്രമം നടത്തി. ഈ കുരിശുയുദ്ധത്തിൽ വ്യാപൃതന ായിരുന്നപ്പോൾ കുടുംബത്തിന് വേണ്ടത്ര പരിഗണന കൊടുക്കുവാൻ കഴിഞ്ഞില്ലെന്ന് നാട്ടുകാർക്ക് അഭിപ്രായമുണ്ട്. ഇതിന് ഉത്തരം പറയേണ്ടത് മാഷിൻെറ ഭാര്യയും മക്കളുമാണല്ലോ. മാഷും ഭാര്യയും മക്കളുമെല്ലാം ഈ ഇനം പ്രസ്ഥാനത്തിൻെറ അവിഭാജ്യ ഘടകങ്ങളായി തീർന്നിട്ടുണ്ട്. ഗവേഷണപഠനങ്ങൾക്കായി സഹായം ചെയ്തു കൊടുക്കുക, മ്യൂസിയങ്ങൾ ആരംഭിക്കുക, എക്സിബിഷനുകൾ ന ടത്തുക, പഠനയാത്രകൾ സംഘടിപ്പിക്കുക, ഒരോ ഇടവകകളുടെയും പള്ളികളുടെയും മാഹാത്മ്യം വെളിച്ചത്തു കൊണ്ടുവരിക എന്നിങ്ങനെ വിവിധങ്ങളായ മേഖലകളിൽ ഇന്ന് മാഷിൻെറ പ്രവൃത്തിമണ്ഡലം വ്യാപിച്ചുകിടക്കുന്നു. ''സർക്കാരും പ്രസ്ഥാനങ്ങളും തോറ്റിടത്ത് പ്രൊഫസർ വിജയിച്ചുവത്രെ.'' അതിൻെറ സംതൃപ്തി സപ്തതി ആഘോഷിക്കുന്ന ഈ അവസരത്തിൽ പ്രൊഫസർക്ക് ഉണ്ടെന്നു ള്ളതിന് സംശയമില്ല.



ചിക്കാഗോ യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നിന്ന്



എമ്മോർ നാഷണൽ ലൈബ്രറി

# പ്രൊഫ. മേനാച്ചേരി
# എന്റെ സ്മരണയിൽ

**ഫാ. ജെയ്ക്കബ് ഏറനാട്**

1960കളിൽ ഞാൻ എറണാകുളം മെത്രാപ്പോലീത്ത മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ സെക്രട്ടറിയും അതിരൂപതാ ചാൻസലറുമായി സേവനം ചെയ്യുകയായിരുന്നു. അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചിരുന്ന പല മഹത്തുക്കളെയും ഞാൻ സ്മരിക്കുന്നു. അവരിൽ പലരും പേരെടുത്ത എഴുത്തുകാരായിരുന്നു. വിദ്വാൻ എം. ഒ.അവരാ, ശ്രീമതി ആനി തയ്യിൽ, ഫാ. ആബേൽ സി.എം.ഐ, ജെയിംസ്, കെ. സി. മണിമല, ഷെവ. വി. സി. ജോർജ്ജ്, പ്രൊഫ. മാത്യു ഉലകംതറ, ജോസഫ് കൈമാപറമ്പൻ, പ്രൊഫ. കെ. എം. തരകൻ, പ്രൊഫ. പി. സി. ദേവസ്യാ, ഡോ. എം.വി. പൈലി, സി.കെ. മറ്റം തുടങ്ങിയവർ അവരിൽ പെട്ടിരുന്നതായി ഓർക്കുന്നു.

പ്രൊഫ. ജോർജ്ജ് മേനാച്ചേരി ഒരു ദിവസം തൻെറ പ്രസിദ്ധമായ രചനയുമായി സെൻറ് തോമസ് എൻസൈക്ലോപീഡിയയുമായി അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച സന്ദർഭം അവിസ്മരണീയമാണ്. സത്യദീപം വാരികയുടെ മുഖ്യപത്രാധിപരായി സേവനം ചെയ്തിട്ടുള്ള പാറേക്കാട്ടിൽ പിതാവിന് ആ സന്ദർഭം എന്തുമാത്രം ആഹ്ലാദവും സംതൃപ്തിയും പ്രദാനംചെയ്തുവെന്നു ഇന്നും ഞാൻ സ്മരിക്കുകയാണ്. പൊതുവേ എഴുത്തുകാരോടും പ്രസംഗകരോടും ധ്യാനഗുരുക്കന്മാരോടും മറ്റും സ്നേഹബഹുമാനങ്ങൾ പുലർത്തിയിരുന്ന അഭിവന്ദ്യ പിതാവ് കർദ്ദിനാൾ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടപ്പോൾ പ്രൊഫ. മേനാച്ചേരി ഒരു സെറ്റു ഗ്രന്ഥങ്ങളുമായി പിതാവിനെ സന്ദർശിച്ചു സൗഹൃദം പുലർത്തിയ സന്ദർഭം അവിസ്മരണീയമാണ്. അഭിവന്ദ്യ പിതാവിനെ സന്ദർശിക്കാനും സൗഹൃദം പുലർത്താനും

അരമനയിൽ വന്നിരുന്ന പ്രൊഫ. മേനാച്ചേരിയുമായി, പിതാവിൻെറ ദീർഘകാലസെക്രട്ടറിയെന്ന നിലയിൽ സേവനം ചെയ്തിരുന്ന എനിക്കും സ്നേഹബന്ധം പുലർത്താൻ അവസരം ലഭിച്ചിട്ടുണ്ട്. എനിക്കു പ്രൊഫ. മേനാച്ചേരിയോടും, അദ്ദേഹത്തിനു എന്നോടും സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. തൻെറ വിശിഷ്ടമായ സഭാസേവനങ്ങൾക്കുള്ള അംഗീകാരമായി ഷെവലിയർ എന്ന പേപ്പൽ ബഹുമതി ലഭിച്ചിരിക്കുന്ന പ്രൊഫ. മേനാച്ചേരിയുടെ സപ്തതിയാഘോഷങ്ങൾ വിജയിക്കുമാറാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു, അതിനായി പ്രാർത്ഥിക്കുന്നു.



എമ്മൂർ മ്യൂസിയം



ഫോർഡം യൂണി. ലൈബ്രേറി

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി
# ചില കുടുംബാനുഭവക്കുറിപ്പുകൾ

**വി. ജി. വർഗ്ഗീസ്**

ശ്രീ ജോർജ്ജ് മേനാച്ചേരിയുമായി ബന്ധപ്പെട്ടിട്ടുള്ള ചില അനുഭവങ്ങൾ/ സ്മരണകൾ അദ്ദേഹത്തിൻെറ ഭാര്യാസഹോദരൻ എന്ന നിലയ്ക്ക് അദ്ദേഹത്തിൻെറ സപ്തതി ആഘോഷിക്കുന്ന ഈ വേളയിൽ പങ്കുവയ്ക്കുന്നത് ഉചിതമായിരിക്കും എന്നു കരുതട്ടെ. 1966 ഒക്ടോബർ 19-ാം തിയതിയായിരുന്നു ശ്രീ ജോർജ്ജ് മേനാച്ചേരിയും എൻെറ പെങ്ങൾ മേഗിച്ചേച്ചിയും തമ്മിലുള്ള വിവാഹം. അളിയൻ അന്ന് തൃശൂർ സെൻറ് തോമസ് കോളെജിൽ ഇംഗ്ലീഷ് ലക്ചറർ ആയിരുന്നു. മേഗിച്ചേച്ചി അരിമ്പൂർ സെൻറ് ജെമ്മാസ് കോൺവെൻറ് സ്കൂളിൽ അദ്ധ്യാപികയും. വിവാഹത്തിനു മുമ്പുതന്നെ മേഗിച്ചേച്ചി അദ്ധ്യാപിക ജോലി രാജിവെച്ചിരുന്നു. ഞങ്ങളുടെ, അതായത് വാഴപ്പിള്ളി തറവാട്ടുകാരുടെ, സ്വന്തമെന്ന് വിശേഷിപ്പിക്കാവുന്ന, തൃശൂരിൽനിന്നും ഏകദേശം 50 കി. മീ. അകലെയുള്ള തീരെ അവികസിത ഗ്രാമമായ പുത്തൻ വേലിക്കരയിൽ ഉണ്ണിമിശിഹാ പള്ളിയിലായിരുന്നു വിവാഹച്ചടങ്ങുകൾ. എൻെറ പിതാവ് വി. പി. ജോർജ്ജ് അന്ന് തൃശൂർ ഡപ്യൂട്ടി കളക്ടറായിരുന്നു. എൻെറ ജ്യേഷ്ഠസഹോദരൻ പോളി സെൻറ് തോമസ് കോളെജിൽ പ്രീഡിഗ്രിക്കും, ഞാൻ സെൻറ് തോമസ് ഹൈസ്കൂളിൽ 8-ാം ക്ലാസിലും, എൻെറ അനുജൻ ജോയി 3-ാം ക്ലാസിലും ആയിരുന്നു പഠിച്ചിരുന്നത്. ഞങ്ങളുടെ ഏറ്റവും മൂത്ത സഹോദരി തങ്കമ്മച്ചേച്ചി അപ്പോഴെയ്ക്കും ഹോളി ഫാമിലി സന്യാസിനീസമൂഹത്തിൽ ചേർന്ന് സിസ്റ്റർ ജോൺ ഫിഷർ ആയിക്കഴിഞ്ഞിരുന്നു. ഒരു കോളെജ് അദ്ധ്യാപകൻ എന്ന നിലയിലും വേഷവിധാനത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്ന ആൾ എന്ന നിലയിലും കോട്ടും സൂട്ടും ധരിച്ച് വിവാഹത്തിന് അളിയൻ എത്തുമെന്നായിരുന്നു

പുത്തൻവേലിക്കര നാട്ടുകാരും വീട്ടുകാരും പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, ഞങ്ങളുടെ പ്രതീക്ഷകളെയെല്ലാം അസ്ഥാനത്താക്കി, അളിയൻ വെള്ള മുണ്ടും വെള്ള ഷർട്ടും ധരിച്ചുകൊണ്ടായിരുന്നു വിവാഹത്തിന് എത്തിയത്. എൻെറ പിതൃസഹോദരനും തൃശൂർ രൂപ തയുടെ അന്നത്തെ വികാരി ജനറാളുമായിരുന്ന സക്കറിയാസ് വാഴപ്പിള്ളിയച്ചൻെറ മുഖ്യകാർമ്മികത്വത്തിലും തറവാട്ടിൽപ്പെട്ട മറ്റനേകം വൈദികരുടെ സഹകാർമ്മികത്വത്തിലും ആയിരുന്നു വിവാഹശുശ്രൂഷ. വിവാഹച്ചടങ്ങുകൾക്കുശേഷം ഉച്ചതിരിഞ്ഞ് നടന്ന കാപ്പിസൽക്കാരവേളയിലും അന്നു രാത്രിയിലും പെയ്ത ശക്തമായ മഴ എൻെറ മനസ്സിനെ ഏറെ അലോസരപ്പെടുത്തിയിരുന്നു. വിവാഹ ത്തിനുശേഷം ഏതാണ്ട് ഒരാഴ്ചയ്ക്കുള്ളിൽ ഞങ്ങൾ അന്നു താമസി ച്ചിരുന്ന അയ്യന്തോൾ സിവിൽ ലൈൻ ക്വാർട്ടേഴ്സ് കാമ്പസിൽ ഉള്ള ഓഫീസേഴ്സ് ക്ലബിൽ അളിയനും പെങ്ങൾക്കും പ്രൗഢഗംഭീരമായ ഒരു വിവാഹ സ്വീകരണം ഒരുക്കിയിരുന്നു. ജില്ലാ ഭരണാധികാരികളിൽ മിക്കവരും പങ്കെടുത്തിരുന്ന ആ ചടങ്ങിൽ അളിയൻെറ ഇംഗ്ലീഷിലുള്ള മനോഹരമായ മറുപടിപ്രസംഗം അഭിമാനപൂർവ്വം കേട്ടിരുന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. അളിയൻെറ അമ്മവീടായ കാട്ടൂർ പാലത്തിങ്കൽ തറവാട്ടുകുളത്തിൽ വിരിഞ്ഞ താമരപ്പൂക്കൾ അളിയനോടൊപ്പം ഞങ്ങ ളെല്ലാവരും കൂടി പറിച്ചു കൊണ്ടുവന്ന് ക്ലബ്ബിലെ സ്വീകരണയോഗത്തിൽ മേശമേൽ ഫ്ളവർവേസിൽ വെച്ചിരുന്നത് കൗതുകപൂർവ്വം ഞാൻ ഓർക്കുകയാണ്.

വിവാഹത്തിനുശേഷം വിരുന്നിനോ മറ്റോ പെങ്ങളും അളിയനും ഞങ്ങളെല്ലാവരും കൂടി കാറിൽ തൃശൂരിൽനിന്നും പുത്തൻവേലിക്ക രെയ്ക്ക് പോകുന്ന വഴിയിൽ ആളൂരിൽവെച്ച് ഒരു സൈക്കിൾയാത്ര ക്കാരൻ റോഡിൽ വീണതും (ഞങ്ങളുടെ കാർ തട്ടിയിട്ടല്ല) ഉടൻതന്നെ അളിയൻ കാർ നിർത്തിച്ച് കാറിൽനിന്നിറങ്ങി ആ യാത്രക്കാരനെ ഒറ്റയ്ക്ക് താങ്ങിയെടുത്ത് അടുത്തുതന്നെയുള്ള പ്രൈമറി ഹെൽത്ത് സെൻററിൽ എത്തിച്ചതും ഇന്നും എൻെറ സജീവ സ്മരണയിൽ ഉണ്ട്.

വിവാഹം കഴിഞ്ഞ് ഒന്നോ രണ്ടോ മാസങ്ങൾക്കുള്ളിൽ ആണെന്നു തോന്നുന്നു, ഒരിക്കൽ അളിയനും മേഗിച്ചേച്ചിയും ഞങ്ങൾ നാലു സഹോദരന്മാരും ഒരുമിച്ചിരുന്ന വേളയിൽ മേഗിച്ചേച്ചി, ഞങ്ങളോട് മുമ്പു സംസാരിച്ചിരുന്ന പതിവുശൈലിയിൽ, കുസൃതിയിൽ അളിയ നോട് സംസാരിക്കാനിടയായതും ഉടൻതന്നെ അളിയൻ മേഗിച്ചേച്ചി യുടെ കൈ പിടിച്ച് മുറിയിൽ കൊണ്ടു പോയി, വാതിലടച്ച് ശകാരി ച്ചതും ഓർമ്മയിൽ തങ്ങിനിൽക്കുന്നു.

അഖിലേന്ത്യാപ്രശസ്തമായ ചാക്കോള ഫുട്ബോൾ ട്രോഫിയുടെ

സംഘാടകരിൽ പ്രമുഖനും ആയുഷ്ക്കാല അംഗവുമായിരുന്ന അളിയൻ ഫുട്ബോൾ മത്സരങ്ങളുടെ റണ്ണിംഗ് കമൻററി അതി മനോഹരമായി അവതരിപ്പിച്ചിരുന്നത് ഞങ്ങൾ റേഡിയോയിൽക്കൂടി ഉത്സാഹപൂർം കേട്ടിട്ടുണ്ട്. ആയുഷ്ക്കാല അംഗമെന്ന നിലയിൽ അളിയനു ലഭിച്ചിരുന്ന ചെയർ സീസൻ ടിക്കറ്റ് എല്ലാ വർഷവും ഞങ്ങൾക്കു തന്നിരുന്നതും ഞങ്ങൾ അതുപയോഗിച്ച് മാറി മാറി കളി കണ്ടിരുന്നതും സന്തോഷപൂർം ഓർക്കുന്നു. ഫുട്ബോൾ കളി യിൽ കമ്പം ഉണ്ടാകുന്നതിനും ഫുട്ബോൾ കളിക്കുന്നതിനും ഞങ്ങൾ നാലു സഹോദരർക്കും അത് ഉത്തേജനം നൽകി എന്നത് വാസ്ത വമാണ്.

വർഷങ്ങൾക്കു ശേഷം 1976 ൽ ഞാൻ സൗത്ത് ഇന്ത്യൻ ബാങ്കി ൻെറ ഈറോഡ് ശാഖയിൽ ട്രെയിനി ഓഫിസറായി ജോലി നോക്കുന്ന വേളയിൽ അളിയനും മേഗിച്ചേച്ചിയും ഈറോഡിൽ വന്നത് ഓർക്കു കയാണ്. റെയിൽവേ സ്റ്റേഷനിൽനിന്നും ഒരു കുതിരവണ്ടിയിലായിരുന്നു അവർ ബാങ്കിൽ വന്നത്. അന്ന് ബ്രാഞ്ചിൽ ജോലി ചെയ്തിരുന്നവരിൽ ഭൂരിഭാഗവും ട്രെയിനീസ് ആയിരുന്നു. അവരെല്ലാവരും തൃശൂർ സെൻറ തോമസ് കോളെജിലെ പൂർവിദ്യാർത്ഥികൾ ആയിരുന്നു വെന്നതു അവർക്ക് അളിയനുമായി പരിചയം പുതുക്കുവാനുള്ള ഒരു കാരണമായിത്തീർന്നു. ഈറോഡിലെ സി. എസ്. ഐ പള്ളി കാണുവാൻ ഇടയായ അളിയൻ ആ പള്ളിക്ക് മുസ്ലീം പള്ളി (മോസ്ക്ക്) യുമായുള്ള സാദൃശ്യം നിമിത്തം, ഉടൻതന്നെ ഒരു ഫോട്ടോഗ്രാഫറെ വിളിച്ചുവരുത്തി, പള്ളിയുടെ വിവിധ ഫോട്ടോകൾ എടുത്തതും എൻെറ ഓർയിൽ തങ്ങി നിൽക്കുന്നു. ആ ചിത്രങ്ങൾ പിന്നീട് പ്ര സിദ്ധീകൃതമായ സെൻറ് തോമസ് എൻസൈക്ലോപീഡിയയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

1993ൽ എൻെറ പിതാവ് നിര്യാതനായി. ഉടനടി ഒരു കുടുംബക്കല്ലറ യുടെ ആവശ്യം ഞങ്ങളെ ബോധ്യപ്പെടുത്താനും ആയതിലേയ്ക്ക് തൻെറ ഓഹരി തരുവാനും അളിയൻ കാണിച്ച ഉത്സാഹം ഇന്നും എൻെറ മനസ്സിലുണ്ട്. ഞങ്ങളുടെ പിതൃസഹോദരനായ മോൺ. സക്കറിയാസ് വാഴപ്പിള്ളി അച്ചനോട് അളിയന് ഒരു പ്രത്യേക പ്രതിപത്തി ഉണ്ടായിരുന്നു. 1989ൽ സക്കറിയാസച്ചൻ പരലോക പ്രാപ്തനായി. അദ്ദേഹത്തിൻെറ സ്മരണകൾ വരുംതല മുറയ്ക്ക് വെളിച്ചമേകാൻ ഉപകരിക്കുന്ന ഒരു ഗ്രന്ഥം ''മോൺസിഞ്ഞോർ വാഴപ്പിള്ളി'' അളിയൻ എഡിറ്റുചെയ്ത് MMBയുടെ സഹകരണ ത്തോടെ, പ്രസിദ്ധീകരിച്ചു എന്നത് പ്രസ്താവയോഗ്യമാണ്.

വിവാഹത്തിനു മുമ്പെ പുസ്തകങ്ങളുമായി അളിയനുണ്ടായിരുന്ന അഭേദ്യബന്ധം വിവാഹശേഷവും അനുസ്യൂതം തുടർന്നിരുന്നു.

കോളെജിലെ മറ്റദ്ധ്യാപകരുടെ പങ്കാളിത്തത്തോടെ നടത്തിയിരുന്ന ഈഫൽ ബുക്സ് അതിൻെറ ഭാഗമായിരുന്നു. പുസ്തകരചനയും അച്ചടിയും പ്രകാശനവും എക്സിബിഷനും മറ്റുമായി അളിയൻ കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലും വിദേശങ്ങളിലും ഇടവിടാതെ യാത്രനടത്തിയിരുന്നപ്പോൾ മക്കളെയും കുടുംബകാര്യങ്ങ ളും നോക്കി അളിയനു് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും കൊടുത്തിരുന്നത് മേഗിച്ചേച്ചിയായിരുന്നു. ഏറ്റെടുത്ത് നടത്തിയിരുന്ന പ്രസ്ഥാനങ്ങളുടെ ലാഭനഷ്ടങ്ങൾ നോക്കിയല്ല അളിയൻ അവയിൽ വ്യാപൃതനായിരുന്നത്. തന്മൂലം പല സംരംഭങ്ങളിലും സാമ്പത്തിക നഷ്ടംതന്നെ സംഭവിച്ചിട്ടുണ്ട്. കുടുംബ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ പോലും സമയം കിട്ടാതെ, ക്രൈസ്തസഭയുടെ പൊതുആവശ്യ ങ്ങൾക്കുവേണ്ടി തൻെറ സമയവും അദ്ധ്വാനവും സമ്പത്തും ചെല വഴിച്ച അളിയന് ദൈവം കൊടുത്ത സപ്തതിസമ്മാനമാണ് ഷെവ ലിയർ പദവി. വാസ്തവത്തിൽ ഈ പദവി വർഷങ്ങൾക്കു മുമ്പുതന്നെ അളിയനു കിട്ടുമെന്ന് ഞങ്ങളെല്ലാവരും പ്രതീക്ഷിച്ചിരുന്നു. അർഹത യ്ക്കുള്ള അംഗീകാരം, കുറച്ചുവൈകിയാണെങ്കിലും ലഭിച്ചതിൽ സന്തോഷം!

കേരള/ ഭാരത ക്രൈസ്തവസഭകൾക്ക് നൽകിയ സേവനത്തി നും, ചരിത്ര പുരാവസ്തുഗവേഷണവിഷയങ്ങളിൽ പ്രകടിപ്പിച്ച വൈ ദഗ്ധ്യത്തിനും ക്രൈസ്തസഭയുടെ ആധികാരികമെന്ന് വിശേഷി പ്പിക്കാവുന്ന ഈടുറ്റ ഗ്രന്ഥങ്ങളുടെ രചയിതാവും പ്രസാധകനും എന്ന നിലയിലും, ദേവാലയശില്പ ശാസ്ത്രജ്ഞൻ എന്ന നിലയിലും, ശ്രീ ജോർജ്ജ് മേനാച്ചേരിക്ക് ഞങ്ങളുടെ ഓരോ കുടുംബാംഗങ്ങളു ടെയും പേരിൽ ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കുന്നതോ ടൊപ്പം ദീർഘകാലം ഈ രംഗങ്ങളിലെല്ലാം കൂടുതൽ മാറ്റ് തെളിയിച്ച് മുന്നേറട്ടെ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.



ഒല്ലൂർ പള്ളി

# Tireless and humble work of Propagating the Truth about South Indian Christianity

Basil Davis
New Orleans, USA

Congratulations on your elevation to the order of Gregory the Great! This is indeed a well deserved and signal honor for one who had tirelessly and humbly worked for the propagation of the truth about South Indian Christianity.

I wish you the very best on your anniversary celebrations. Unfortunately, I will not be able to come in April. I am coming in May, since that is the only time I am free from my work here in New Orleans.



ശക്തൻ തമ്പുരാൻ പാലസ് പുരാവസ്തു മ്യൂസിയം

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി ലഘുജീവചരിത്രം

**ജോൺ കണ്ണിച്ചിമറ്റം**

ദ് സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് എന്നീ ബൃഹത് ഗ്രന്ഥങ്ങളിലൂടെ ഭാരതക്രൈസ്തവ ചരിത്രവും സാംസ്കാരിക പൈതൃകവും ലോകത്തെങ്ങുമെത്തിച്ച പ്രശസ്ത സാംസ്ക്കാരിക ചരിത്രഗവേഷകനായ പ്രൊഫ. ജോർജ്ജ് മേനാച്ചേരി 1938 ഏപ്രിൽ രണ്ടിന് ഒല്ലൂർ എരിഞ്ഞേരി (മേനാച്ചേരി) കൊച്ചൗസേഫ് കുഞ്ഞേത്തി ദമ്പതികളുടെ ആറാമത്തെ സന്താനമായി ജനിച്ചു. ഒല്ലൂർ സർക്കാർ ഹൈസ്കൂൾ, കാട്ടൂർ പോംപെ സെൻറ് മേരീസ് സ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തൃശ്ശിനാപ്പിള്ളി സെൻറ് ജോസഫ്സ് കോളെജ്, തൃശൂർ സെൻറ് തോമസ് കോളെജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജ് എന്നിവിടങ്ങളിൽ പഠിച്ച് ബി. ഏ., എം. ഏ. ഡിഗ്രികൾ കരസ്ഥമാക്കി. തുടർന്ന് തൃശൂർ സെൻറ് തോമസ് കോളെജിൽ ഇംഗ്ലീഷ് ലക്ചററായി ജോലിയിൽ പ്രവേശിച്ചു. കേരളസർവ്വകലാശാലയിൽ പി. എച്.ഡിയ്ക്ക് ചരിത്രത്തിൽ രജിസ്റ്റർ ചെയ്തെങ്കിലും ഗൈഡ് ഡോ. മാർത്താണ്ഡവർമ്മയുടെ നിര്യാണത്തെത്തുടർന്ന് തീസിസ്സ് പൂർത്തിയാക്കിയില്ല. ഇപ്പോൾ ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ ഒരു ഡോക്ടറൽ സ്കോളറാണ്. പൂനാ ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് സോഷ്യൽ സയൻസ്സിൽനിന്നും 1957 ൽ ഡിപ്ലോമയും ലഭിച്ചു. വേൾഡ് അസംബ്ലി ഓഫ് യൂത്തിൻെറ പരിശീലനം (അലോക, മൈസൂർ 1963). വിദ്യാഭ്യാസം, ചരിത്രം, സംസ്ക്കാരം, ദൈവശാസ്ത്രം, സാമൂഹ്യശാസ്ത്രം, കമ്പ്യൂട്ടർ, ഇൻറർനെറ്റ്, ഐ.ടി., ആർട്ട്, ആർക്കിടെക്ചർ എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളിൽ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം നേടി. അതുപോലെത്തന്നെ മറ്റനവധി പഠനപദ്ധതികൾ ആരംഭിക്കുകയും ചിലത് പൂർത്തിയാക്കുകയും ചെയ്തു. എല്ലാ വിഷയങ്ങളിലും അറിവ് സമ്പാദിക്കണമെന്ന തീവ്രമായ അഭിലാഷവും അറിവുകൾ മറ്റുള്ളവർക്ക് പകർന്നു നൽകാനുള്ള അഭിവാഞ്ചയും മേനാച്ചേരിയുടെ പ്രത്യേകതകളായിരുന്നു.

തൃശൂർ സെൻറ് തോമസ് കോളെജിൽ ലക്ചററായും പ്രൊഫസ്സറായും മൂന്നുദശാബ്ദക്കാലം സേവനം അനുഷ്ഠിച്ചു. രണ്ടുപതിറ്റാണ്ടു കാലം ബിരുദാനന്തരവിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്തു. 1992–ൽ ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനുമായി സ്വയം വിരമിക്കുന്നതുവരെ പി. ജി. പ്രൊഫസറും വകുപ്പ് തലവനുമായിരുന്നു. ശാസ്ത്രീയമായി പഠിപ്പിച്ചാൽ പ്രിഡിഗ്രിക്കും എം. ഏ. യ്ക്കും എല്ലാ വിദ്യാർത്ഥികളെയും ജയിപ്പിക്കാനും ഉയർന്ന ക്ലാസുകൾ നേടിക്കൊടുക്കാനും കഴിയുമെന്ന തൻെറ പെറ്റ് തിയറി പരീക്ഷിച്ച് നോക്കുന്നതിനും അതിൽ വിജയിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. 1984 മുതൽ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിലും മറ്റുചില തിയോളജി സെമിനാരികളിലും വിസിറ്റിംഗ് പ്രൊഫസറാണ്.

ഇന്ത്യയിൽ ഇദംപ്രഥമമായി തൃശൂരാണ് ഒരു അൽമായ നേതൃത്വ പരിശീലനകേന്ദ്രം ആരംഭിച്ചത്. തുടക്കം മുതൽ ഇന്നോളം അതിൻെറ ഡയറക്ടറാണ് മേനാച്ചേരി. പല നൂതന പരിശീനപഠനപദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കികൊണ്ടിരിക്കുന്നു. 1965–67ൽ ഇന്ത്യയിലെ മുഴുവൻ ക്രൈസ്തവ കോളെജുകളെയും അമേരിക്കയിൽ നിന്നുള്ള ഡോ. ഡിക്കിൻസൻെറ നേതൃത്വത്തിൽ പഠനവിധേയമാക്കിയപ്പോൾ റിസർച്ച് ഓഫീസറായി സഹകരിക്കുവാനും വിവിധ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടുത്തറിയുവാനും നിരീക്ഷിക്കുവാനും അവസരം ലഭിച്ചു. ന്യൂമാൻ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് പ്രസിഡൻറായും മേനാച്ചേരി ദീർഘകാലം പ്രവർത്തിച്ചു. അസോസിയേഷൻെറ ചാപ്ലിൻ ജനറലായിരുന്ന ഫാ. ബലേഗറുമായി ഇടപഴകാനും ഭാരതത്തിലങ്ങോളമിങ്ങോളമുള്ള നിരവധി കോളെജുകൾ സന്ദർശിക്കുവാനും ഇതുമൂലം സാധിച്ചു. ഇന്ത്യയിലെ വിവിധ സംസ്ക്കാരങ്ങളും സഭകളുമായുള്ള ഈ ബന്ധങ്ങൾ ക്രിസ്ത്യൻ എൻസൈക്ലോപീഡിയയുടെ നിർമ്മിതിയ്ക്ക് മേനാച്ചേരിക്ക് സഹായകമായി. 1965–ൽ സഹഅദ്ധ്യപകരുമായി ചേർന്ന് ഐഫൽ ബുക്സ് എന്ന പ്രസിദ്ധീകരണവില്പനശാല ആരംഭിച്ചത് ഒടുവിൽ സ്വന്തമായി ഏറ്റെടുത്ത് നടത്തേണ്ടിവന്നു. 1967–ൽ ഭാരതീയ സാഹിത്യസമിതി ആരംഭിച്ചു. 1968–ൽ കേരളത്തിലെ പ്രഗത്ഭരായ എഴുത്തുകാരുടെ 35 കൃതികൾ ഒന്നിച്ച് ഒറ്റ ദിവസം പ്രസിദ്ധീകരിച്ച് തുഛമായ വിലയ്ക്ക് സാധാരണക്കാരിലെത്തിക്കാൻ ഭാരതീയ സാഹിത്യസമിതി ശ്രമം നടത്തി. അത് സാമ്പത്തികമായി പരാജയപ്പെടുകയാണ് ചെയ്തത്. മേനാച്ചേരി ചെറുപ്പംമുതലേ വായനയിൽ തല്പരനായിരുന്നു. അമ്മ വീട്ടിൽ താമസിച്ചാണ് ബാല്യകാല വിദ്യാഭ്യാസം നിർവ്വഹിച്ചത്. മറ്റുകുട്ടികളുമായി കളിക്കുന്നതിനൊ കൂട്ടുകൂടുന്നതിനോ അന്ന് അനുവദിച്ചിരുന്നില്ല. വീട്ടിൽ ഉണ്ടായിരുന്ന ആയിരത്തോളം പുസ്തകങ്ങളടങ്ങിയ ലൈബ്രറിയും മാസികകളുമെല്ലാം വായനയ്ക്ക് പ്രചോദനം നൽകി. പിതൃഗൃഹത്തിലും ധാരാളം

പുസ്തകങ്ങളും ഹിന്ദു തുടങ്ങിയ പത്രങ്ങളും ഉണ്ടായിരുന്നു. പ്രത്യേകിച്ച് ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങളും. ഇതെല്ലാം വായിച്ചു വളരാൻ സാധിച്ചത് മഹാഭാഗ്യമായാണ് മേനാച്ചേരി ഇന്നു കാണുന്നത്. തൃശ്ശിനാപ്പിള്ളി കോളെജിൽ പഠിച്ചിരുന്ന നാലുവർഷവും റഫറൻസ് ലൈബ്രറി ശരിക്കും പ്രയോജനപ്പെടുത്തുകയുണ്ടായി. ഫ്രഞ്ചും ഹിന്ദി യുമൊക്കെ രണ്ടാം ഭാഷയായി എടുത്താൽ ഉയർന്ന മാർക്കു ലഭി ക്കുമായിരുന്നു. അതു നോക്കാതെ മലയാളഭാഷ എന്നും രണ്ടാം ഭാഷയായി എടുത്ത് പഠിക്കുകയാണുണ്ടായത്. അഞ്ചാംക്ലാസു മുതൽ ബിരുദം നേടുന്നതു വരെ എല്ലാ ക്ലാസുകളിലും ഒരു കൈയെ ഴുത്തു മാസികയൊ, റിട്ടൺ ആഴ്ചപ്പതിപ്പൊ, അച്ചടിച്ച മാസികയൊ സ്വന്തം പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. വിദ്യാർത്ഥിയായിരുന്ന പ്പോൾതന്നെ ആനു കാലികങ്ങളിലും ദിനപത്രങ്ങളിലും ഇംഗ്ലീഷിലും മലയാളത്തിലും ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു. ബി. ഏ.യ്ക്കു പഠിക്കുമ്പോൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്ന Hamsick മാസികയിൽ കേരളത്തിലെ പ്രമുഖരായ എഴുത്തുകാർ എഴുതിയിരുന്നു. കേരള ക്രോണിക്കിൾ എന്ന ഇംഗ്ലീഷ് പത്രത്തിൽ കോളമിസ്റ്റായി. 1978 മുതൽ മലയാളം എക്സപ്രസ്സിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതി. എം.ടി. യുടെ കാലത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ''പ ള്ളികളിലെ കല''എന്ന സുദീർഘലേഖന പരമ്പര കേരളത്തില ങ്ങോളമിങ്ങോളം എല്ലാവരുടെയും പ്രശംസക്ക് അർഹ മായി. 1975 മുതൽ ആൾ ഇന്ത്യാ റേഡിയോ, വത്തിക്കാൻ റേഡിയോ, മറ്റു പ ാശ്ചാത്യ റേഡിയോ നിലയങ്ങൾ ഇവയിലൂടെ നിരവധി പ്രഭാഷ ണങ്ങൾ നടത്തുകയുണ്ടായി. ബ്രിട്ടീഷ്, അമേരിക്കൻ, ജർമ്മൻ, ഇന്ത്യൻ, ടി. വി. ചാനലുകളിൽ നിരവധി പരിപാടികൾ അവതരിപ്പി ച്ചിട്ടുണ്ട്. നവോദയാ അപ്പച്ചൻെറ ഡൽഹി ദൂർദർശനിൽനിന്നുള്ള ''ബൈബിൾ കീ കഹാനിയാം'' എന്ന ദേശീയ പരമ്പരയിൽ ഗവേ ഷണം, പ്രോപ്പർട്ടി ഇവയ്ക്ക് ചുക്കാൻ പിടിച്ചു. ആർട്ട് & ആർക്കി ടെക്ചർ (ഇംഗ്ലീഷിലും മലയാളത്തിലും), ഏഴരപ്പള്ളികൾ, ''അൽഫോ ൻസാ'' തുടങ്ങി നിരവധി ഡോക്കുമെൻററികൾക്ക് സ്ക്രിപ്റ്റും നേ തൃത്വവും നൽകി. മാർപാപ്പാ തെരഞ്ഞെടുപ്പുകൾ, ജോൺ പോൾ രണ്ടാമൻെറ മരണം, മദർ തെരേസായുടെ ബിയാറ്റിഫിക്കേഷൻ എന്നിങ്ങനെയുള്ളനിരവധി കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ടി.വി. പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്.

ദുക്റാന, ക്രിസ്ത്യൻ ഓറിയൻറ് എന്നീ പ്രസിദ്ധീകരിണങ്ങളുടെ സ്ഥാപക പത്രാധിപസമിതിയിൽ മേനാച്ചേരി അംഗമായിരുന്നു. ജേർണൽ ഓഫ് സെന്തോമസ് ക്രിസ്ത്യൻസ് പത്രാധിപസമിതിയം ഗമായ മേനാച്ചേരി വിദ്യാർത്ഥിയായിരിക്കെ സെൻറ് തോമസ് കോളെജ് മാഗസിൻ പത്രാധിപസമിതിയംഗമായും കേരള സാഹിത്യ അക്കാദ മിയുടെ മലയാളം ലിറ്ററി സർവേയുടെ ചിഫ് എഡിറ്ററായും

പ്രവർത്തിച്ചു.

മാർപാപ്പാ സന്ദർശനസ്മരണികയുൾപ്പടെ ഒരു ഡസനോളം സ്മരണികകളുടെ ചീഫ് എഡിറ്ററോ, സഹപത്രാധിപരോ ആയി പ്രവർത്തിച്ച മേനാച്ചേരി, 1978 ലെ മാർപാപ്പാ തിരഞ്ഞെടുപ്പിന് വത്തിക്കാൻ അക്രഡിറ്റേഷൻ ലഭിച്ച ഏക ഇന്ത്യൻ പത്രപ്രവർത്ത കനായിരുന്നു. ലോകമെമ്പാടുമുള്ള ആയിരത്തി അഞ്ഞൂറ് പത്ര പ്രവർത്തകരിൽ അറുപതുപേർക്കു മാത്രമെ കോൺക്ലേവ് ഏരിയാ സന്ദർശിക്കാൻ അനുവാദം കൊടുത്തുള്ളു. അതിൽ ഒരാളായിരുന്നു മേനാച്ചേരി. കോൺക്ലേവിലേക്ക് കർദ്ദിനാളന്മാർ പ്രവേശിക്കുന്നതിനു പ്രാരംഭമായുള്ള മാസ് ഫോർ ദ ഇലക്ഷൻ ഓഫ് ദി പോപ്പ് കവർ ചെയ്യാൻ അനുവദിക്കപ്പെട്ട പതിനാല് പ്രസ്സ് ഫോട്ടോഗ്രാഫർമാരിലും പ്രൊഫ. മേനാച്ചേരി ഉൾപ്പെട്ടിരുന്നു. മാർപാപ്പയായി തിരഞ്ഞെടുക്ക പ്പെടുന്നതിനുതൊട്ടു മുമ്പ് ജോൺപോൾ രണ്ടാമന്റെ ഫോട്ടോ എടുക്കാൻ കഴിഞ്ഞതും പ്രൊഫസർക്കു മാത്രമായിരുന്നു. തിരഞ്ഞെ ടുപ്പ് കഴിഞ്ഞ ഉടനെ മാർപ്പാപ്പയോട് സംസാരിക്കാൻ ലഭിച്ച അപൂ ർവ്വ അവസരം പ്രൊഫസർ ഇന്നും മനസ്സിൽ താല്പര്യപൂർം സൂക്ഷി ക്കുന്നു.

കൊല്ലത്തെ കേരള പ്രസ്സ് സർവ്വീസിന്റെ റോവിംഗ് എഡിറ്റർ എന്ന നിലയിൽ രാജഗോപാലാചാരി തുടങ്ങിയവരെ ഇൻറർവ്യൂ ചെയ്യാനും മേനാച്ചേരിക്ക് അവസരം ലഭിച്ചിട്ടുണ്ട്. കോളെജ് യൂണിയൻ ജനറൽ സെക്രട്ടറിയായിരുന്ന കാലത്ത് കേന്ദ്രമന്ത്രിമാരെയും ദേശീയ നേതാക്കളെയും (ഉദാ: സുചേതാ കൃപലാനി, ആചാര്യ കൃപലാനി, അശോക് മേത്ത, ടി. ടി. കൃഷ്ണൻ) കോളെജിൽ ക്ഷണിച്ച് പരി പാടികൾ നടത്താനും സാധിച്ചിട്ടുണ്ട്. 1969-ൽ തുടക്കം കുറിച്ച സഭാ ചരിത്ര സാംസ്ക്കാരിക രംഗത്തെ ഗവേഷണങ്ങളും പഠനങ്ങളും സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയായുടെ വാല്യ ങ്ങളായി പുറത്തുവന്നു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള അറുനൂ റോളം പണ്ഡിതന്മാരുടെ സഹായത്തോടെ എൻസൈക്ലോപീഡിയാ യുടെ ഒന്നും രണ്ടും വാല്യങ്ങൾ വെളിച്ചം കണ്ടു. അതിലെ എഴുത്തു കാരിൽ മുപ്പതിലേറെ പേർ പിന്നീട് വൈദിക മേലദ്ധ്യക്ഷന്മാ രായി തീർന്നുവെന്നത് സന്തോഷപ്രദമാണ്. സഭാചരിത്രവും സംസ്ക്കാരവും അതോടൊപ്പം കേരള ഭാരത സംസ്ക്കാരങ്ങളും കൂടുതൽ ശ്രദ്ധയോടെ പഠിക്കാൻ പല പണ്ഡിതന്മാർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും സംഘടനകൾക്കും പ്രചോദനമായി. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്ക്സിന്റെ പ്രഥമ വാല്യമായ നസ്രാണീസും എൻസൈക്ലോപീഡിയായുടെ കേരളവാല്യത്തിന്റെ വിപുലികരിച്ച പതിപ്പായ തോമാപീഡിയയും ലോകമെമ്പാടുമുള്ള പണ്ഡിതലോകം താല്പര്യപൂർവ്വം വരവേറ്റു. 1990-ൽ പ്രവർത്തനം തുടങ്ങിയ ഏഴു

വാല്യങ്ങളുള്ള ആയുർവ്വേദ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യയുടെ പ്രസിദ്ധീകരണം നടത്താൻ സാധിച്ചിട്ടില്ല. ദീപിക ക്രിസ്ത്യൻ ഡയറക്ടറിയുടെ പ്രസിദ്ധീകരണത്തിലും മേനാച്ചേരി നല്ല പങ്കുവഹിച്ചിട്ടുണ്ട്.

പള്ളിക്കലകളും മറ്റും (1984), കൊടുങ്ങല്ലൂർ സിറ്റി ഓഫ് സെൻറ് തോമസ് (1987), ഡൈവുൺണ്ടർബാറെ ജെകസ്തെ ഡെർ നസ്രാണീസ് ഒഡർ മലബാർ ക്രിസ്ത്യൻ വോൺ ഹെയ്ലിഗൻ ടോമസ് (1994 ജർമ്മൻ ഭാഷയിൽ), കൊടുങ്ങല്ലൂർ ക്രാഡിൽ ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യ (2000), ഗ്ലീംപ്സസ് ഓഫ് നസ്രാണി ഹെറിറ്റേജ് (2005), പാതിരായ്ക്ക് ഒരു ഇറങ്ങിപ്പോക്ക് (2005) തുടങ്ങിയവ മേനാച്ചേരിയുടെ മറ്റു കൃതികളാണ്.

കേരളാഗവൺമെൻറ് ആർക്കിയോളജി അഡ്വൈസറി ബോർഡ് (1975–1982), കേരള ഹിസ്റ്ററി അസോസിയേഷൻ എക്സിക്യൂറ്റിവ് കിറ്റിയംഗം (1974–1984), കേരള സാഹിത്യ അക്കാദമി എക്സിക്യൂട്ടീവ് അംഗം (1982–1984), നാഷണൽ വൈസ് പ്രസിഡൻറ് ന്യൂമൻ അസോസിയേഷൻ ഓഫ് ഇന്ത്യ (1964–1972), കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗം (1980–1984), കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂറ്ററി ഫിനാൻസ് കിറ്റി അംഗം (1981–1985), തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗം (1978–2008), തൃശൂർ കലാസദൻ പ്രസിഡൻറ് (1985–1993), തൃശൂർ സഹൃദയ വേദി സ്ഥാപക മെമ്പർ, തൃശൂർ ക്രിസ്ത്യൻ കൾച്ചറൽ മ്യൂസിയം ക്യൂറേറ്റർ ഡയറക്ടർ (1980 മുതൽ), ന്യൂമി സ്മാറ്റിക് സൊസൈറ്റി ഓഫ് സൗത്ത് ഇന്ത്യ ലൈഫ് മെമ്പർ, ന്യൂമിസ്മാറ്റിക് സൊസൈറ്റി ഓഫ് തമിഴ്നാട് മെമ്പർ, ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യ വൈസ് പ്രസിഡൻറ്, ലൈഫ് മെമ്പർ എൽ. എസ്. പി. എസ്സ്. എസ്സ്. ആയുർവ്വേദ കോയമ്പത്തൂർ, ഒല്ലൂർ ഐ. ഐ. റ്റി. ഫൗണ്ടിംങ് സമിതിയംഗം, ഡയോസിഷ്യൻ മീഡിയാ കമ്മീഷൻ ചെയർമാൻ, ആർച്ച് ഡയോസിഷ്യൻ ആർക്കൈ വ്സ് കമ്മീഷൻ മെമ്പർ, പാലയൂർ ഡവലപ്പ്മെൻറ് കമ്മീഷൻ മെമ്പർ, പാലയൂർ മ്യൂസിയം തീർത്ഥാനട കേന്ദ്രം കമ്മിറ്റി മെമ്പർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ ഗവേണിംഗ് ബോഡി അംഗം, കേരള ഹിസ്റ്റോറിക്കൽ റിസർച്ച് സൊസൈറ്റി ഫൗണ്ടർ പ്രസിഡൻറ്, സെൻസസ് ബോർഡ് പ്രസിദ്ധീകരണ വിഭാഗം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എന്നിങ്ങനെ വിവിധ നിലകളിൽ മേനാച്ചേരി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിലും കേരളത്തിനു വെളിയിലും ഇന്ത്യയ്ക്കു വെളിയിലും വെച്ച് നടത്തപ്പെട്ട നിരവധി സെമിനാറുകളിൽ മേനാച്ചേരി പങ്കെടുത്തിട്ടുണ്ട്. ഇന്നത്തെ ഇന്ത്യയിലെ സഭാ റീജിയണൽ സെമിനാർ (1968), ചർച്ച് ഇൻ ഇന്ത്യ നാഷണൽ സെമിനാർ (Church in India Today), ബാഗ്ലൂർ (1969), പാക്സ്റൊമാന, അമേരിക്കൻ നാഷണൽ

ഡയറക്ടേഴ്സ് ന്യൂയോർക്ക് (1972), യു.എസ്. കാത്തലിക് കൗൺസിൽ ഏസ് പെറ്റീഷണർ, ഒബ്സർവർ അറ്റ്ലാൻറാ, യു. എസ്. എ. (1972), ന്യൂയോർക്ക് സെമിനാർ ഓൺ ഏർളി ക്രിസ്ത്യാനിറ്റി (2005), വേൾഡ് കോൺഫ്രൻസ് ഓൺ ഫൈവ് ഡയമൻഷനൽ പെയിൻറിംഗ് റോം (1978), നിരവധി വേൾഡ് സിറിയക് കോൺഫറൻസുകൾ, സുചിതാസ് ലിറ്റർജിക്ക കോൺഫറൻസ് തുടങ്ങി നിരവധി സമ്മേളനങ്ങളിൽ അദ്ദേഹം പ്രബന്ധം അവതരിപ്പിക്കുകയോ അദ്ധ്യക്ഷത വഹിക്കുകയോ ചെയ്തിട്ടുണ്ട്.

ചരിത്രം, സംസ്ക്കാരം, കലകൾ, കലാവസ്തുക്കൾ, വാസ്തുശില്പം ഇവയുമായി ബന്ധപ്പെട്ട ഇരുപതിനായിരത്തിലേറെ ഫോട്ടോകൾ എടുക്കുകയോ, എടുപ്പിക്കുകയോ ചെയ്തിട്ടുണ്ട്. അവയിൽ 1300-ൽ ഏറെ ഫോട്ടോകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ ഒരു ചരിത്ര ഭാഷാ സംസ്ക്കാരിക അറ്റ്ലസ് ഉൾപ്പടെ നിരവധി മാപ്പുകളും ഗ്രാഫുകളും സ്കെച്ചുകളും നിർമ്മിച്ചിട്ടുണ്ട്. ചെറുതും വലുതുമായ നൂറിലേറെ ബിബ്ളിയോഗ്രാഫികളും ടൈം ം ക്രോണോളജികളും നൂതനവും വ്യത്യസ്തവുമായ തോമാപീഢിയ ഇൻഡക്സുകൾ ഉൾപ്പടെ നിരവധി ഇൻഡക്സുകളും രൂപകല്പന ചെയ്ത് നിർമ്മിച്ച് പ്രസിദ്ധീകരിച്ചു. 1992 മുതൽ കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ തുടങ്ങി. 1998 മുതൽ നിരവധി വെബ്സൈറ്റുകൾ ഡിസൈൻ ചെയ്ത് ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

പ്രിൻറ്-ഇലക്ട്രോണിക് മീഡിയകൾക്കുപുറമെ തൻെറ ആശയങ്ങളും ആദർശങ്ങളും പ്രചരിപ്പിക്കുവാൻ 1966 മുതൽ അന്തർരാഷ്ട്ര ഭാഗഭാഗിത്തമുള്ള പുസ്തപ്രദർശനങ്ങളും 1971 മുതൽ ഫോട്ടോഗ്രാഫുകളുടെ പ്രദർശനങ്ങളും 1977 മുതൽ ചരിത്രസാംസ്ക്കാരിക കലാപ്രദർശനങ്ങളും നടത്തിപ്പോരുന്നു. വേൾഡ് ഓഫ് ബുക്സ് എക്സിബിഷനുകൾ, പനോരമ ഓഫ് ഇന്ത്യൻ ക്രിസ്ത്യാനിറ്റി എക്സിബിഷനുകൾ തുടങ്ങിയവ അതിൽ പ്രധാനങ്ങളാണ്. നിരവധി മ്യൂസിയങ്ങളുടെ കൺസൾട്ടൻറ് കൂടിയാണ് പ്രൊഫ. മേനാച്ചേരി.

ജോർജ്ജ് മേനാച്ചേരി കൈവയ്ക്കാത്തതായ ശാസ്ത്ര സാങ്കേതിക സാംസ്ക്കാരിക സാഹിത്യ രംഗങ്ങൾ ഏറെയില്ലെന്നു പറയാം. കൈവച്ചിടത്തെല്ലാം തൻെറ പാണ്ഡിത്യംകൊണ്ടും ലളിതവും വിനീതവുമായ പെരുമാറ്റരീതികൊണ്ടും മേധാശക്തികൊണ്ടും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ബൃഹത്തായ സേവനങ്ങൾ കണക്കിലെടുത്ത് നിരവധി അവാർഡുകൾ നൽകി ആദരിക്കപ്പെട്ടിട്ടുണ്ട്.

മേനാച്ചേരിയുടെ പ്രവർത്തനങ്ങളെ ആദരിച്ചുകൊണ്ട് നിരവധി സംഘടനകളും പ്രസ്ഥാനങ്ങളും വിവിധ സ്ഥലങ്ങളിലും രാജ്യങ്ങളിലും വെച്ച് ഉപഹാരങ്ങൾ നൽകിയിട്ടുണ്ട്.

# Message of Greetings to Friend and Scholar

Dr. Jetti A Oliver

It is heartening to note that principals and professors of various colleges, former colleagues, several friends and well wishers have taken up the task of bringing out a special publication in honour of my friend and scholar, Chevalier Prof. Dr. George Menachery, to mark his 84th Birthday.

I had the unique opportunity of knowing Prof. Menachery, 'a man of letters turned historian' from the days of his leadership as Secretary General of the 'Church History Association of India' (CHAI). He made repeated visits with some of his colleagues to Hyderabad, the venue for the Platinum Jubilee celebrations and 15th Triennial conference of CHAI. He left no stone unturned, made sure that triennium was a trend setting programme and the Jubilee celebrations a memorable event.

He is not only a prolific reader but a prolific writer and to his credit, there are a number of publications. The most referred to by scholars and researchers is, 'The St. Thomas Christian Encyclopaedia of India'.

His devoted service to CHAI, its nationwide expansion, work reinforcement, persistent perusal of history of Christianity writings, inspiring newsletters and such other made Chevalier Menachery a household name among the historians and the larger family of the CHAI.

He made us proud with the recognition conferred on him with

the title  Chevalier by the Holy Father Pope Benedict XVI, a rarest achievement for an Indian christian historian.

His understanding of ecumenism and networking made such an impact that he has been  a continuing accredited  media representative for events at the Holy See, the Vatican and  the Assemblies of World Council of Churches - the two prominent apex bodies of the 'World Church'.

He is always found to be young at heart to take up any challenging opportunity  to lecture, to motivate, to research,   to write, to disseminate and to inspire the students and the scholars across the nation.

Chevalier Menachery's mission centric life is a great motivational factor to one and all.  The two dimensions of the quote of the famous late President of United States of America, John F. Kennedy, 'write a book worth reading or live a life worth writing'  is seen and experienced in the life journey of Chevaliar Menachery.

It is therefore, a great pleasure  to bring on to record the foregoing  few words and greet  Chevaliar Menachery  on the occasion and wish him further milestones to be achieved through his pen and for the admirers, pen the illustrious events, in the life ahead of this legend in his own time..

I congratulate everyone behind the scene of the publication and would wish to be one among them in saying 'Jayaho Chevaliar Menachery' under the protection and the providence of the Triune God.

# Prof. Chev. George Menachery

Dr. Charles Dias, Ex. M.P.

Prof. George Menachery is known to be the most prominent of Church historians from Kerala who has spent his life for the documentation of the churches and its background and history. Born on 2nd April, 1938 at Kattur, Thrissur Dt., Kerala to Menachery Erinjery Thoma Kochouseph (E. T. Joseph) and Alappatt Palathingal Puthenpura Kunjuvareed Kunjethy , his family is well –established and settled at Ollur near Trichur town. Alumni of the St. Joseph's College (Trichinopoly), St. Thomas' College (Trichur), Devagiri College (Kozhikode), and University College (Trivandrum) he was keen in diversifying his interest to several areas.

He is one of the very first to study, research, propagate, and introduce many aspects of the history of Kerala and its peoples through his forays into the fields of Archaeology, Anthropology, Place Name Studies, Numismatics, and Epigraphy in a scientific manner through his many books, research papers, and through his presence in the media, both print and electronic including Radio and TV programmes, websites, exhibitions, and museums, and later on through the many organisations he founded for the study of Kerala history. His long association with many national and international history-related organisations and bodies and his connection with the Church History Association of India, especially as its Vice-chairman and General secretary, and as the vice-chairman of the International Christian Studies wing of the Institute of Asian

Studies (Chennai), as member of the Advisory Board of Archaeology (Govt. of Kerala), Executive Committee member (and Chief Editor of the Malayalam Literary Survey) of the Kerala Sahitya Academy, Member of the Governing Body of the Christian Chair of the Calicut University, Vice President of the Newman Association of India (Bombay 1964-1972), Executive Committee member of the Census of India Publications wing (Kerala), President of Kalasadan (1985 - 1992), Visiting Professor of Christian Art at the Pontifical Institute, Alwaye for a quarter of a century(from 1984 to the present) and at other seminaries inside and outside Kerala, Life Member of the Numismatic Society of S. India, Place Names Society of India, office-bearer and life member of Kerala History Association, Kerala History Congress, Founder Director of the Leadership Training Institute (from 1967 to the present), member of the (Arch)Diocesan Pastoral Council for three decades (from 1978 to the present),founder president of the Kerala historical research society, founder life member of the Sahridaya Vedi, HOD and P. G. Professor of English, Member of the Senate and the Statutory Finance Committee of the Calicut University and helped to bring to the field of historical study and research a new enthusiasm and a new vigour.

His greatest contribution to the study of Kerala History is perhaps that he inspired and trained a galaxy of researchers who have promoted historical studies on an unprecedented scale. His works paved the way for the scientific study of Church History and Christian culture including art and architecture and have been instrumental in producing many doctoral theses and research publications. His deep enthusiasm for IT has been instrumental in making a drive for 100 per cent IT literacy, esp. among the older generation and in the setting up of the official websites of many institutions and organisations for the past two dozen years. His knowledge of printing techniques and command over many modern languages esp. Malayalam and English combined with his exceptional communications skills have made him the ideal speaker at many national and international seminars and contributor to many journals and periodicals in his fields, both as editor( e.g.Christian Orient, Dukhrana, Journal of St. Thomas Christians) and as contributor.. During his many visits to three dozen foreign

countries he was able to visit and study in dozens of museums and libraries and to lecture at universities and other institutions and organisations. The St. Thomas Christian Encyclopaedia of India (1973, 1982, 2009), The Thomapedia (2000), Indian Church History Classics Vol. I "The Nazranies" (1998), Die Wunderbare Geschichte der Nazranees oder Malabar Christen von heiligen Thomas, (in German) (1994), Kodungallur the City of St. Thomas (1987), Pallikkalakalum Mattum (Malayalam) (1984), Pathirakku Oru Irangippokku (Malayalam) (2002), Glimpses of Nazraney Heritage (2005), are his more famous works, in addition to a number of outstanding souvenirs and commemoration volumes. His contributions to the setting up of many museums have been much appreciated, esp. the pioneering Trichur Diocesan Museum (1980-now defunct), the Kakkanad Museum of the Syro-Malabar Archiepiscopal Centre, and the Palayur Museum. He has conducted many major exhibitions at Trivandrum, Bangalore, Madras, Kottayam, Ernakulam, Changanassery, and in a few cities outside India. He has won a number of prestigious awards such as the Mar Thoma Puraskaram for History and Archaeology (Changanassery), LRC award for History and Archaeology, Joseph Nedumkunnam History Award (Vaikom), John Alenchery History Award (Vadavathhoor), Archdiocesan Media Commission Jubilee Award (Trichur), Darsana Award (M. Vijayam Sahitya Samithi), LEC Award (Ollur) etc. and has been honoured by many organisations and institutions all over India and abroad. Recently the Daarsanika Vyjnanika Award of the KCBC for visionary thinking and scholarship has been bestowed on him, and Pope Benedict XVI made him a Chevalier last year conferring on him the Membership of the Equistrian Order of St. Gregory the Great in 2008. In 2009 bestowed on him is the P. Thomas Foundation Award instituted in honour of the famous Indo-Anglican writer on Indology and the author of Christianity in India and Pakistan.

Prof. George Menachery's visits to the Vatican was utilized for the deep study of church architecture and also to explore more on the centuries old traditions the Church followed. These studies he has documented and brought out for the Christian audience at large.

As one of the lively figures of the Kerala History Association, Prof. George Menachery took keen interest in research and study on the erstwhile native kingdoms of Travancore, Cochin and Malabar. He is regularly conducting lectures on these and has enlightened many to go for deep study on Kerala history.

Considering his all round contributions to history, Theology and other social subjects and more of his great contributions to Church history , the Sam Higginbottom University of Agriculture, Technology and Sciences (SHUATS) Allahabad bestowed on him on 27 Oct. '22 the honoris causa degree of Ph.D. in Theology.

Respected by a large section of people, Chev. George Menachery continues his research and studies and impart his knowledge to thousands.

# മമ സത് ഗുരു

ഫാ. ദേവസി പന്തല്ലൂക്കാരൻ

ജന്മമേകിയ മാതാപിതാക്കൾ കഴിഞ്ഞാൽ നാം ഏവരും കടപ്പെട്ടിരിക്കുന്നത് ഗുരുജനങ്ങളോടാണല്ലോ. ജീവിതയാത്രയിൽ എത്രയോ അധ്യാപകരെ നാം കണ്ടുമുട്ടുന്നു. എന്നാൽ എല്ലാവരും ഒരേ രീതിയിൽ നമ്മെ സ്വാധീനിക്കാറില്ല. ഓർമ്മകളിൽ തങ്ങിനിൽക്കാറില്ല. അപൂർവ്വം ചിലർ താരശോഭയോടെ ആദർശ പുരുഷന്മാരായി അനുകരണ പാത്രങ്ങളായി ആവേശദായകരായി അവശേഷിക്കും. ഒരു പൂന്തോട്ടത്തിലെ ചില പുഷ്പങ്ങൾ സവിശേഷ ശ്രദ്ധ ആർജ്ജിക്കുന്നത് പോലെ. തൃശ്ശൂർ സെൻറ് തോമസ് കോളേജിൽ വിദ്യാർത്ഥിയും അധ്യാപകനും ആയി ഒരു കാൽ നൂറ്റാണ്ടോളം ചെലവഴിച്ച ഞാൻ ഒരു ഒരുപാട് ഗുരുഭൂതരെ കണ്ടുമുട്ടിയിട്ടുണ്ട്. എന്നെ ഏറെ സ്വാധീനിച്ച ചുരുക്കം ചിലരുടെ കൂട്ടത്തിൽ സർവാത്മനാ സമാദരണീയനാണ് ജോർജ് മേനാച്ചേരി സാർ. നല്ലത് പറയുവാനും നല്ലത് ചെയ്യുവാനും നമ്മെ പരിശീലിപ്പിച്ച അധ്യാപകരെ സംബന്ധിച്ച് വിശിഷ്യാ മേനാച്ചേരി സാറിനെ കുറിച്ച് അക്ഷരക്കൂട് കൂട്ടുകൾ മെനഞ്ഞെടുത്ത ഒരു സഹസ്രപ്രമാണ തിലകം ചാർത്തുന്നത് എന്തുകൊണ്ടും അഭിമാനാർഹമാണ്. അദ്ദേഹം ഒരായിരം പൂർണചന്ദ്രന്മാരെ കണ്ടു കഴിഞ്ഞിരിക്കുന്നതിനാൽ അവസരോചിതവും. ആഗോള അദ്ധ്യാത്മിക ആചാര്യന്മാരിൽ മഹാത്മാഗാന്ധിക്ക് സവിശേഷ സ്ഥാനമുണ്ടെന്ന് നമുക്കറിയാം. എത്രയോ പേരാണ് അദ്ദേഹത്തെ മാതൃകാ ഗുരുവായി മാനിച്ച് അക്ഷര ദക്ഷിണ ആലേഖനം ചെയ്തിരിക്കുന്നത്. മഹാകവി വള്ളത്തോൾ രാഷ്ട്രപിതാവിന് സ്നേഹ ആദരാഞ്ജലി നടത്തിയതല്ലേ സാഹിത്യമഞ്ജരിയിലെ എന്റെ ഗുരുനാഥൻ. ഗാന്ധി മഹാത്മന്റെ പാവനപാദപത്മങ്ങളിൽ ഡോക്ടർ സുകുമാർ അഴിക്കോട് അർപ്പിച്ച ധൈഷ്ണിക കാണിക്കയല്ലേ അദ്ദേഹത്തിന്റെ മഹാത്മാ

വിന്റെ മാർഗ്ഗം (2007). പ്രൊഫസർ ജി കുമാരപ്പിള്ള തന്റെ ശതാബ്ദങ്ങളുടെ ശബ്ദം എന്ന കൃതിയിൽ ഏകനായി നടന്നു നീ എന്ന കവിത (1–7–1996) ഉൾപ്പെടുത്തിയത് തന്റെ ഗുരുഭാജനത്തോടുള്ള സാദര ഭോജന ആയിട്ടായിരുന്നു. 1927 ഒക്ടോബർ 14ന് ഇന്ത്യൻ സ്വാതന്ത്ര്യ സമരം തീവ്രമാകുന്ന ആദ്യഘട്ടത്തിൽ ഗാന്ധിജി സന്ദർശിച്ച സരസ്വതീ ക്ഷേത്രം ആണല്ലോ നമ്മുടെ കലാലയം. ഈ ചരിത്ര മുഹൂർത്തത്തെ പൊടിതട്ടിയെടുത്ത് പൊതുജന ശ്രദ്ധയിലേക്ക് കൊണ്ടുവരുവാൻ പരിശ്രമിച്ചതും ഒരു പരിധിവരെ വിജയിച്ചതും ലോകം കണ്ട ഏറ്റവും വലിയ മദ്യനിരോധന വാദിയും അഹിംസ സൈദ്ധാന്തികനുമായ ഗാന്ധിജിയോടുള്ള എന്റെ ഗുരുപൂജയുടെ ഭാഗമണ്. അതേ വികാരവായ്പയോടും വിചാരദീപ്തിയോടും കൂടിയാണ് മമ സദ് ഗുരു ചിന്തകൾ ഞാൻ ഇവിടെ പങ്കുവയ്ക്കുക.

കഴിഞ്ഞ മാസം 24 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് മാർ അപ്രേം പിതാവിന്റെ അരമനയിൽ അരങ്ങേറിയ ഒരു സമ്മേളന സ്മരണയാണ് ഇപ്പോൾ എന്റെ മനസ്സിൽ. മാർ അപ്രേം, മാർ ഔഗേൻ എന്നീ മെത്രാപ്പോലീത്തമാർക്കും പുറമേ കേരള സാഹിത്യ അക്കാദമി പ്രസിഡണ്ട് ആയ പ്രൊഫസർ സച്ചിദാനന്ദൻ, ഡോക്ടർ കുര്യാസ് കുമ്പളക്കുഴി തുടങ്ങിയ പ്രശസ്തരുടെ സാന്നിധ്യം കൊണ്ട് സമ്പന്നവുമായ സംഭവമായിരുന്നു വേദിയും സദസും. ഈയിടെ ഓണററി ഡോക്ടറേറ്റ് നേടിയ ജോർജ് മേനാച്ചേരി സാറിനെയും മിഷനറിമാരുടെ കേരളം എന്ന കൃതിയുടെ കർത്താവായ ശ്രീ വള്ളിക്കാവ് മോഹൻദാസ് എന്നിവരെയും തദവസരത്തിൽ പ്രത്യേകം സമാദരിച്ചു. മേനാച്ചേരി സാറിന് ഡോക്ടറേറ്റ് ലഭിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് ചില പ്രഭാഷകർ കസറി, മറ്റു ചിലരാകട്ടെ തദ്ദേശീയ യൂണിവേഴ്സിറ്റികൾക്ക് ഇദ്ദേഹത്തെ ഇപ്രകാരം ഒന്നും ചെയ്യാൻ തോന്നാത്തതോർത്ത് പരാതിപ്പെടുകയും പരിതപിക്കുകയും ചെയ്തു. വൈലോപ്പിള്ളിയുടെ വാഴക്കുലയെ ഉദാഹരിച്ചെഴുതിയ പ്രബന്ധത്തിന്റെ പേരിൽ ചിന്താ ജെറോമിന് ഡോക്ടറേറ്റ് കൊടുത്ത കാര്യം ഉദ്ധരിച്ച മറ്റൊരു പ്രഭാഷകൻ മേനാച്ചേരി മാഷ് ഇത്തരം ഒന്നിന് മെനക്കെടാതിരുന്നത് നന്നായി എന്ന് കൂട്ടിച്ചേർക്കാൻ മറന്നില്ല. പക്ഷേ എല്ലാവരും ഒരുപോലെ എടുത്തുപറഞ്ഞ കാര്യമുണ്ട് മേനാച്ചേരി സാറിനെ അധ്യാപകനിൽ അന്തർലീനമായിരിക്കുന്ന ആശ്രാന്ത അദ്ധ്വാപലത്തിന്റെ അപാരതയുടെ അനന്യതയും തൂലികയാൽ എത്രമാത്രം പ്രതിഭാ വൈഭവം സ്വദേശത്തും വിദേശത്തും സഭാവേദികളിലും സഭയുടെ സങ്കേതങ്ങളിലും ഫലപ്രദമായി പ്രകടിപ്പിച്ചു. ഇത്തരം അനുഗ്രഹീതരായ അധ്യാപകർക്ക് അധികം സമാനതകളില്ല. അവർക്ക് അനേകം അപരന്മാരില്ല. ആദികാല ദാർശനികരെ കുറിച്ച് ചിന്തിക്കുമ്പോൾ നാം ശ്രദ്ധിക്കുന്ന പൊതുവായ ഒരു പ്രത്യേകത അവരാരും ഒരു

വിഷയം പഠിച്ച് അത് പഠിപ്പിച്ച് കാലം കഴിച്ചവരല്ല, കടമ നിർവഹിച്ച വരല്ല എന്നതാണ്, വിജ്ഞാനത്തിന് അപ്പുറത്തുള്ള ജ്ഞാനികളുടെ സഭാമണ്ഡലത്തിലെ പ്രജ്വലമായ താരങ്ങളാണ് അവർ. ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഒരു സമഗ്രത അവരിൽ കാണും തൃശൂർ സെൻറ് തോമസ് കോളേജിലെ രേഖകളിൽ മേനാ ച്ചേരി സാർ ഒരു അധ്യാപകൻ മാത്രമായിരുന്നില്ല. ജോർജ് മേനാച്ചേരി എന്ന അധ്യാപകൻ അധ്യായന വർഷം സമാപിക്കുന്ന മാർച്ച് മാസ ത്തോടുകൂടി അവധിയിൽ പ്രവേശിക്കുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ അധ്യാപന പ്രേഷിതത്വം. സാഹിത്യത്തിന് അപ്പുറത്ത് സഭാ ചരിത്രം പൂരാതന ക്രൈസ്തവ കലാരൂപങ്ങൾ കേരളത്തിന്റെ നസ്രാണികളുടെ തനത് ചരിത്രം തുടങ്ങി അദ്ദേഹം അനേകം വൈജ്ഞാനിക വിഷയങ്ങ ളിൽ അവാഗാഹവും ആധികാരികതയും നേടി. തന്റെ ചെറുതും വലുതുമായ പ്രഭാഷണങ്ങൾ ഈ ബഹുമുഖ വിഷയിക്കുന്നതായി കാണാം. സ്റ്റാഫ് മീറ്റിങ്ങിൽ ആയാലും പാസ്റ്ററൽ കൗൺസിലിലായാലും സാംസ്കാരിക സദസ്സുകളിൽ ആയാലും സുപരിചിതങ്ങളായ ആശയ ങ്ങളും പ്രായോഗിക പ്രസക്തിയുള്ള നിർദ്ദേശങ്ങളും നിറഞ്ഞ വയായിരുന്നു അദ്ദേഹത്തിൻറെ വാക്കുകൾ. മേനാച്ചേരി സാറിന് സംബന്ധിച്ചിടത്തോളം നിരവധി സമ്മേളനങ്ങളിൽ അദ്ദേഹം സംസാരിക്കാതെ പോയി എന്ന് ആരെങ്കിലും ആരോപിച്ചിട്ടുള്ളതായി ഈ ലേഖകന് അറിഞ്ഞുകൂടാ. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് എനിക്ക് അറിയാത്തതിനാൽ ഒന്നും പറയാനില്ല എന്ന് അദ്ദേഹവും പറഞ്ഞതായി കേട്ടിട്ടില്ല. ജ്ഞാനം അതിന്റെ പ്രവർത്തികളാലും സ്വീകരിക്കപ്പെടുന്നു എന്നല്ലേ തിരുവചനം (മത്തായി 11. 19) സെൻറ് തോമസ് കോളെജുമായി ബന്ധപ്പെടുന്നതായ ഒരു സംഭവം അനു സ്മരിക്കുന്നത് എന്റെ ഗുരുനാഥന്റെ കുടുംബകുലീനതയെ തൊട്ടറി യുന്നതിന് അഭികാമ്യമായിരിക്കും. 1966–ൽ ആയിരുന്നു അദ്ദേഹ ത്തിന്റെ വിവാഹം. അക്കാലത്ത് അവിടുത്തെ ഹിന്ദി അധ്യാപകനാ യിരുന്ന പഴമ്പിള്ളി നാരായണമേനോൻ ഒരു മംഗള പത്രം എഴുതി 'ത്രിവേണി സംഗമം'. തൃശ്ശൂരിന്റെ പ്രഥമ ഏതദ്ദേശീയ മെത്രാൻ മാർ ജോൺ മേനാച്ചേരിയുമായി സ്വന്തം നിലയ്ക്കുള്ള കുടുംബ പേരു ബന്ധം. പിന്നീട് വന്ന മാർ ഫ്രാൻസിസ് വാഴപ്പള്ളിയുമായി ഭാര്യ വീട്ടുകാർ മുഖേനയുള്ള ബന്ധം. മൂന്നാമതായി അമ്മ വഴിക്ക് ആലപ്പാട്ട് പാലത്തിങ്കൽ തറവാടുമായി അടുത്ത ബന്ധം. ഇത്തരം ഒരു ത്രിവേണി സംഗമം സമക്ഷസംബന്ധം വേറെ ആർക്കാണ് അവകാശപ്പെടാൻ ആവുക. മക്കളോ പേരക്കിടാങ്ങളോ വഴി കുണ്ടുകുളം പിതാവിന്റെ കുടുംബവുമായും ഒരു ബന്ധം സ്ഥാപിക്കപ്പെടണമെന്നാണ് എന്റെ ആഗ്രഹം. ഈ തറവാട്ട് മഹിമകൾ അൽപ്പമെങ്കിലും അറിയാവുന്നവർ ആരും ജോർജ് മാനേച്ചേരി സാർ സഭയോട് പ്രവർത്തിക്കുകയും സഭയ്ക്ക്വേണ്ടി വാദിക്കുകയും അവകാശങ്ങൾക്ക്വേണ്ടി സ്വര

മുയർത്തുകയും ചെയ്യുന്നത് കാണുമ്പോൾ അഭിമാനത്തിൽ അഭിരമിക്കുകയല്ലാതെ ഒട്ടും അത്ഭുതപ്പെടുകയില്ലെന്ന് തീർച്ചയാണ്. സഭയിൽ ലഭിക്കാവുന്ന ഏറ്റവും വലിയ ബഹുമതിയായ ഷെവലിയർ സ്ഥാനം അദ്ദേഹത്തിന് നൽകപ്പെട്ടത് വെറുതെയല്ല. ആകസ്മിക ആർജ്ജിതമല്ല, ആഗ്രഹമല്ല എന്നാണ് ഞാൻ വിവക്ഷിച്ചത്. കോളേജിൽനിന്ന് വിരമിച്ചതിനുശേഷം ഏകനായി നടന്നും ഓടിയും പറന്നു സഭയ്ക്കും സാഹിത്യത്തിനും ചരിത്രത്തിനും കനത്ത സമാനതകളില്ലാത്ത സംഭാവനകൾ സമ്മാനിച്ച എന്റെ പ്രിയ ഗുരുനാഥന് 84 ആം പിറന്നാളിന്റെ പ്രാർത്ഥന നിർവ്യാജ്യമായ ആശംസകൾ അർപ്പിക്കട്ടെ. ഈ അവസരം അനശ്വരമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്മരണികയുടെ പത്രാധിപസമിതിയുടെ ഭാഗമാകാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു. ദൈവം അദ്ദേഹത്തെ മാർത്തോമ്മയുടെ മധ്യസ്ഥതയിൽ ആയുരാരോഗ്യങ്ങളാൽ ഇനിയും അനുഗ്രഹിക്കട്ടെ എന്ന് ഒരു പ്രാർത്ഥന ഒരിക്കൽക്കൂടി.

# ഡോ. ജോർജ്ജ് മേനാച്ചേരി– പ്രകാശം പരത്തിയ പ്രതിഭ

പ്രൊഫ. ജോൺ സിറിയക്

പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയും ഞാനും തൃശൂർ സെന്റ് തോമസ് കോളേജിൽ ഒന്നിച്ച് ഒന്നാംവർഷക്കാരായിരുന്നു. അദ്ദേഹം ലക്ചററായി ചേർന്നതിന്റെ ഒന്നാം വർഷം, ഞാൻ പ്രീ–ഡിഗ്രി വിദ്യാർത്ഥിയായി ചേർന്നതിന്റെ ഒന്നാംവർഷം. അന്നേ കാഴ്ചയ്ക്ക് അദ്ദേഹം വ്യത്യസ്തനായിരുന്നു. പാന്റ്സും ഫുൾസ്ലീവ് ഷർട്ടും ടൈയുമായിരുന്നു അദ്ദേഹത്തിന്റെ വേഷം. ആ വേഷത്തിൽ അന്ന് വേറെ അധ്യാപകരാരുമുണ്ടായിരുന്നില്ല. വളരെ സ്മാർട്ട്. ക്ലാസ്സെടുക്കുമ്പോൾ അദ്ദേഹം ഒരുപാട് കാര്യങ്ങൾ പറയുമായിരുന്നു. പരീക്ഷയ്ക്ക് വേണ്ടതും വേണ്ടാത്തതുമൊക്കെ. അക്കൂട്ടത്തിൽ എപ്പോഴോ പറഞ്ഞൊരു വാക്കായിരുന്നു എൻസൈക്ലോപീഡിയ. അദ്ദേഹം വലിച്ചുനീട്ടി അത് വിശദീകരിച്ചെങ്കിലും ഏറെപ്പേർക്കു മനസ്സിലായെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ വീടിനടുത്തെങ്ങാനുമുള്ള ഏതോ പീടിക എന്നേ അന്നെനിക്കു തോന്നിയുള്ളൂ. എൻസൈക്ലോപീഡിയ എന്നാൽ വിജ്ഞാനകോശമാണെന്നും എല്ലാ അറിവുകളും അതിൽ സമാഹരിച്ചിരിക്കുന്നു എന്നുമൊക്കെ ഉൾക്കൊള്ളാൻ പിന്നെയും സമയമെടുത്തു.

ആ വിജ്ഞാനശാഖയാണ് പിന്നീട് അദ്ദേഹം സ്വന്തം വീഥിയായി തെരഞ്ഞെടുത്തത്. അതാണ് അദ്ദേഹത്തെ വ്യത്യസ്തനും ശ്രദ്ധേയനും ആക്കിയത്. ഈ അസാധാരണത്വം അദ്ദേഹത്തിന്റെ ചിന്തകളിലും പ്രവർത്തികളിലും പ്രകടമായിരുന്നു. പിന്നീട് ഒരു ഇംഗ്ലീഷ് അധ്യാപകനായിത്തീർന്ന എന്നെ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിലേക്ക് നയിച്ചത് താനാണെന്ന് ഇപ്പോഴും അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. അക്കാലത്ത് അധ്യാപകർക്ക്,

പ്രത്യേകിച്ച് ഭാഷാധ്യാപകർക്ക് ഏറ്റവും എളുപ്പത്തിൽ ലഭ്യമായിരുന്ന റഫറൻസ് ഗ്രന്ഥം അതായിരുന്നു. ഒരുപാട് കാര്യങ്ങൾ അതെന്നെ പഠിപ്പിച്ചു. ക്ലാസ്സിൽ പറയേണ്ട കാര്യങ്ങളുടെ ആദിയും അന്തവുമൊക്കെ പഠിപ്പിച്ചത് ബ്രിട്ടാനിക്കയാണ്. അതോടെ അധ്യാപനം എനിക്കും ഒരു കലയായിത്തീർന്നു. വായിച്ചാൽ വളരും എന്ന് കുഞ്ഞുണ്ണി മാഷ് പറഞ്ഞതിന്റെ പൊരുളും എനിക്ക് പറഞ്ഞുതന്നത് ബ്രിട്ടാനിക്കയും വേറെ ചില റഫറൻസ് ഗ്രന്ഥങ്ങളുമാണ്. ഏതു തരത്തിലുമുള്ള എഴുത്തുകാരനും പ്രാസംഗികനും ഡാറ്റാ എന്ന് ഇന്ന് വിശേഷിപ്പിക്കപ്പെടുന്ന അടിസ്ഥാന വിവരങ്ങൾ ലഭിച്ചിരുന്നത് എൻസൈക്ലോപീഡിയയിൽ നിന്നായിരുന്നു. അക്കാലത്ത് അവ അച്ചടിച്ച് പുസ്തകരൂപത്തിൽ സൂക്ഷിച്ചിരുന്നു. ഇക്കാലത്താവട്ടെ അവ കമ്പ്യൂട്ടറിൽ ശേഖരിച്ച് വിരൽത്തുമ്പിൽ ലഭ്യമാക്കിയിരിക്കുന്നു. കമ്പ്യൂട്ടറുകൾ കൂടെ കൊണ്ടു നടക്കാൻ പറ്റും വിധം ലളിതമാക്കിയതോടെ റഫറൻസിന് ലൈബ്രറികൾ ആവശ്യമില്ലാതായി. അതിന്റെ ഫലമെന്നോണം ബ്രിട്ടാനിക്ക കമ്പനി അടച്ചുപൂട്ടേണ്ടി വന്നു.

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക ഈ രംഗത്തെ ഏറ്റവും പ്രാമാണികമായ രേഖയായതുകൊണ്ട് സോഫ്റ്റ്‌വെയറുകളിൽ ലഭ്യമാകുന്നത് ബ്രിട്ടാനിക്കയുടെ അറിവുകളാണ്. അതോടൊപ്പം മറ്റു ചില വിജ്ഞാനകോശങ്ങളുടെയും. അനവധി പേർ നീണ്ട ഗവേഷണങ്ങളിലൂടെ സമാഹരിച്ച അറിവ് ആയതിനാൽ അതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നത് വിദ്വാന്മാരുടെ കൂട്ടായ്മയാണ്. ഇടവിട്ട് വിജ്ഞാനകോശം നവീകരിക്കുക എന്ന യജ്ഞവും അവരുടെ ശൈലി ആയിരുന്നു. അല്ലെങ്കിൽ കാലങ്ങളിലൂടെ ലഭ്യമാകുന്ന അറിവുകളിലെ മാറ്റങ്ങൾ ഉൾക്കൊള്ളാതെ പഴഞ്ചൻ കാര്യങ്ങൾ ഞാനും കൊട്ടിയാഘോഷിച്ചു നടന്നേനെ.

ഇത്രയും പറഞ്ഞത് പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയുടെ യജ്ഞത്തിന്റെ വലിപ്പവും ആ തപസ്യയുടെ ആഴവും പറയാൻ വേണ്ടിയാണ്. അദ്ദേഹമൊരു ''ഒറ്റയാൾ പട്ടാളം'' എന്ന് വിശേഷിപ്പിക്കാവുന്ന പ്രതിഭാസമാണ്. എഴുതണം, പണ്ഡിതന്മാരെ കൊണ്ട് എഴുതിക്കണം, എഡിറ്റ് ചെയ്യണം, പ്രൂഫ് നോക്കണം, അച്ചടിയുടെ വിവിധവശങ്ങൾ ശ്രദ്ധിക്കണം. ഹെർക്കുലിയൻ ടാസ്ക് എന്ന് വിശേഷിപ്പിക്കാവുന്ന ഭഗീരഥ പ്രയത്നം. അപാരമായ നിശ്ചയദാർഢ്യവും തെളിമയുള്ള ലക്ഷ്യബോധവും ആയിരുന്നു അദ്ദേഹത്തിന്റെ പ്രധാന മൂലധനം. പിന്നെ കുടുംബത്തിൽനിന്ന് ധനമായി കിട്ടിയതും. ഇതെല്ലാം കണ്ടു കൊണ്ട് തന്നെയാണ് അദ്ദേഹം ഈ തീർഥയാത്രയ്ക്ക് ഇറങ്ങിത്തിരിച്ചത്. അതിന്റെ പ്രാരംഭമായി കേരളത്തിലെ പുരാതന പള്ളികളും ക്ഷേത്രങ്ങളും സന്ദർശിച്ച് ചരിത്രപരവും വിശ്വാസപരവുമായ അവയുടെ പ്രാധാന്യത്തെക്കുറിച്ച്

ലേഖനങ്ങൾ എഴുതുകയും ചിത്രങ്ങൾ സമാഹരിക്കുകയും ചെയ്തു. പിന്നെ തപസ്യയുടെ അടുത്ത ഘട്ടത്തിലേക്ക് നീങ്ങി. അതാണ് അച്ചടി. ഇന്നത്തേതു പോലെ അച്ചടിവിദ്യ വികസിക്കാത്ത കാലം. ഒടുവിൽ മദ്രാസിലാണ് മനസ്സിനിണങ്ങിയ അച്ചുകൂടം കണ്ടെത്തിയത്. അതേതായാലും അദ്ദേഹത്തിന് സംതൃപ്തി നൽകി. ഉന്നത നിലവാരമുള്ള പ്രസിദ്ധീകരണം. മൂന്നു വാല്യങ്ങളായി സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ പിറന്നപ്പോൾ അതൊരു ലോക നിലവാരമുള്ള പ്രസിദ്ധീകരണമായിത്തീർന്നു. ജോർജ്ജ് മാഷ്ക്കും, ക്രൈസ്തവസഭയ്ക്കും മലയാളികൾക്കും അഭിമാനിക്കാവുന്ന പ്രസിദ്ധീകരണം. കേവലമൊരു വിജ്ഞാന പുസ്തകം മാത്രമല്ല ഇത്. ഇതൊരു സ്വപ്നസാക്ഷാത്ക്കാരമാണ്. ഒരു തീർത്ഥാടന ത്തിന്റെ കൈവഴികൾ പോലെ ഈ അന്വേഷണം ഏതാനും അനുബന്ധ സൃഷ്ടികൾക്കും കാരണമായി. അവയെല്ലാം തന്നെ കൈ പുസ്തകങ്ങളായും ചിത്രശേഖരങ്ങളായും മലയാള വൈജ്ഞാനിക ശാഖകൾക്ക് മുതൽക്കൂട്ടുകളായിത്തീർന്നു.

പലപ്പോഴും പലരേയും തിരിച്ചറിയാൻ വിമുഖമായ സഭാനേതൃത്വം പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ യഥാസമയം യഥാവിധി കണ്ടറി ഞ്ഞു എന്നതിന്റെ ഉദാഹരണമാണ് അദ്ദേഹത്തിനു ലഭിച്ച ഷെവലിയർ സ്ഥാനം എന്ന വലിയ അംഗീകാരം. ഇത് അദ്ദേഹത്തിന് രാജസദസ്സുക ളിലേക്കും പണ്ഡിതസഭകളിലേക്കും വഴിതുറന്നു. അനവധി രാജ്യങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കി. അന്താരാഷ്ട്ര സമൂഹം അദ്ദേഹത്തെ ശ്രദ്ധിക്കാൻ കാരണമായി. ഓരോ യാത്രയും ഓരോ പുതുവേദിയും അദ്ദേഹത്തിന് പുതിയ അനുഭവങ്ങളും അറിവുമായിത്തീർന്നു. അതിൽ പലതും അദ്ദേഹം പുസ്തകങ്ങളാക്കി.

കേരള സഭ മുഴുവൻ അറിയപ്പെടുന്ന വ്യക്തിത്വമായിത്തീർന്നു പ്രൊഫ. ജോർജ്ജ് മേനാച്ചേരി. പലയിടങ്ങളിലും ഓടി നടന്ന് അദ്ദേഹം പ്രഭാഷണങ്ങൾ നടത്തി. അവ ലളിതവും രസകരവുമായിരു ന്നു. ഒരു തരം സംഭാഷണശൈലി. അത് കൂടുതൽ ആസ്വാദ്യവും. ഈ അറിവുകളും പ്രഭാഷണങ്ങളുമാണ് പ്രൊഫ. ജോർജ്ജ് മേനാ ച്ചേരിയെ ഡോക്ടർ മേനാച്ചേരിയാക്കി തീർത്തത്. പ്രയാഗ്രാജിലെ (അലഹബാദിലെ) സാം ഹിഗ്ഗിൻബോട്ടം സർവകലാശാലയ്ക്കാണ് ഇക്കാര്യത്തിൽ ഏറ്റവും വലിയ തിരിച്ചറിവുണ്ടായത്. 2022-ൽ ഓക്ടോ ബർ 27 ലെ കോൺവക്കേഷനിൽ വെച്ച് അവർ അദ്ദേഹത്തെ ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു. പ്രതിഭകൾ മാനിക്കപ്പെടുന്നു എന്ന തിന്റെ നല്ല ഉദാഹരണം. അംഗീകാരങ്ങൾ വിലയ്ക്കു വാങ്ങുകയും ഡോക്ടറേറ്റുകൾ തട്ടിക്കൂട്ടുകയും ചെയ്യുന്ന ഇന്നത്തെ കേരളത്തിൽ ഇതൊരു പുതിയ വർണ്ണ ചാർത്താണ്. പ്രൊഫ. ജോർജ്ജ് മേനാച്ചേ

രിയുടെ തൊപ്പിയിലെ വർണ്ണബളമായ മറ്റൊരു തൂവൽ. ഈ തൊപ്പി അണിഞ്ഞു കൊണ്ടാവാം അദ്ദേഹം ആയിരത്തിയൊന്നാമത് പൂർണ്ണചന്ദ്രനെ കണ്ടത്.... നിർവൃതിദായകമായ സന്തോഷമാണ് ഇപ്പോൾ അദ്ദേഹം അനുഭവിക്കുന്നത്. അതിനോടൊപ്പം അദ്ദേഹത്തിന് ആയിരത്തൊന്ന് പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരട്ടെ, നിറഞ്ഞ സന്തോഷത്തോടെ, പൂർണ്ണമനസ്സോടെ.



വത്തിക്കാൻ മ്യൂസിയം ഗോവണി



സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി

# RE-IMAGINING AN EARLY MODERN 'ROMO-SYRIAN' CHRISTIAN SETTLEMENT IN COCHIN: OLLUR AND ITS ENVIRONS

N. J. FRANCIS
Professor, Department of History
Sree Sankaracharya University of Sanskrit, Kalady

Professor George Menachery initiated in Kerala, more than five decades ago, what proved to be a very fruitful scholarship on the Syrian Christian art and architecture, and an academic activism for the preservation and conservation of a tangible heritage which emerged in the context of a long history of the Syrian Christian life worlds. As a younger student of History, and a still-younger colleague of his, I have also been a reader of what Prof. Menachery contributed to this scholarship in the form of articles and edited volumes of an encyclopaedia on Saint Thomas Christians. I simply wondered as to what made him a perpetual seeker and a habitual scholar throughout, of the Syrian Christian heritage in its various manifestations. I did not have to wander much for finding out at least one significant probability, which was, in fact, not far away for anybody to seek and find out, but one very near to his ancestral residence at Ollur: the Syrian Christian settlements and market-town, which was built along, and at times around, the Church. I use the latter part of the sentence above consciously, for this was how Prof. George Menachery, as far as my understanding of his writings goes, best perceived the Syrian Christian heritage—not as a sacred architecture and its art viewed in isolation, but as a built-environment, whereof the affiliated community of layers of the laity and the priestly lived and prospered over the centuries.

I present below some imaginaries of how this Syrian Christian settlement and the life world would have functioned in the late 18th, and the 19th and early 20th centuries, within the Princely State of Cochin, and also as to how this imposing presence of a tangible heritage, in its multiple manifestations, inspired later generations of the laity for reviewing their own volatile religious and community identities. Prof. Menachery was in the forefront of this movement of searching for, re-examining and researching this heritage, with a clear perception of its generative potential for the social capital of the community. It is an honour for me to write in appreciation of his life-long endeavour in this regard, and I dedicate this article as my tribute to Prof. George Menachery's understanding of how heritage could, and heritage alone, beget further heritage as part of the social capital of a community.

What is peculiar about Ollur and its environs in the context of Syrian Christian history on the Malabar Coast seems to emerge in the form of material evidence only by the middle of the 18th century although the site may have still earlier, perhaps even late medieval, foundations. This need not be an assumption given the extensive structural activity that took place in and around Ollur by the middle of the 18th century, including one of the most elaborate landscaping and architectural remaking of any elaborate settlement pattern that took place in the Christian topography of India, outside Goa and Cochin.

The Dutch East India Company controlled the shores of Kerala during the 18th century, and the Syrian Christian churches and their laity under the Carmelite, and often under Jesuit, establishments were fast getting isolated from the Goan and European Roman Catholic establishments. Similarly, communities in the vicinity of old Cochin and Crangannore were finding it difficult to communicate with their brethren living further north and south, who were parceled out among different political entities. The 'Travancore Lines' further curtailed movement and communications among these groups of people, who needed mobility, in the second half of the 18th century. This was, therefore, a period of continued crisis for the Syrian Christian people on the Malabar Coast. The rise of clustered settlements in the interior, like those at Ollur, during the 18th century, owes part of its foundational dynamics to this crisis



Prof. George Menachery with Prof. M.G.S. Narayanan,
Prof. T. R. Venugopalan, and Fr. Antony Mechery at Ollur
(Photo: N. J. Francis)

in terms of patronage, adaptations, and furthering of life-worlds.

Migration of trade-oriented families, to begin with, and followed by cultivating groups from the long coastal strip between Chetwai and Cochin, thorough Kodungallur, would have added to an already existing Christian population on the safe, small hillocks east of the backwaters and water-channels. The family names of the area still commemorate, as at Ollur, this migration from the coastal strip to the safe interior hillocks, along the navigable water-channels, and through the backwaters.

The settlement pattern that had emerged by the 18th century was clearly Palli-oriented, but with a difference from the still earlier Palli-oriented Syrian Christian settlements of the medieval times. The central difference was a combination of agrarian and market-oriented life styles of the settlers beyond the sea-shore or port-settlements, with the church as the nodal point for both the forms of economic activities. Thus, as Prof. Menachery understood it better, treating the Syrian Christian heritage simply in terms of the architecture of the church no longer makes sense for explaining the life-worlds of the community; but only in terms of the entwined nature of the sacred architecture in the midst of the mundane homesteads of residential structures along a market-place, not far away from the cultivated fields. This is the basic



Carved and embellished wooden pulpit, Ollur
Photo: N. J. Francis

premise put forward by Prof. Menachery for appreciating the tangible Syrian Christian heritage on the Malabar Coast of any specified time-frame. Time-travel over the development paradigms of the 20th century is essential for any meaningful reconstruction and imagining of heritage, both in the antiquarian sense of the antiquary or else in the more scientific and professional sense of the historian and archaeologist.

Going beyond Church architecture helps one find out the need of approaching the impressive layers of residential structures, big and small, arrayed in geometric circles with the architecture of the church at the centre. The market-places studded with residential structures were originally aligned to the roads to the south, to the west, and to the north, whereas expansion to the eastern part of the settlement beyond the present north- south high way is of a comparatively later development.

The movement of men and materials from Ollur was mostly towards the waterways in the southern and western part of the settlements, which link the site with market-settlements spread along the system of backwaters and canals, which were once known as the 'Trichur Lake' in the British and Cochin records. It is still possible for students of history to find out and map the Syrian Christian Church-settlements along the edges of the Trichur and Enamakal




Trichur and its environs based on Jon Gould's map of 1816
(N. J. Francis, 'Footprints on the Sands of Time,' The Hindu,
dated 3rd March, 2011

Lakes: Palayur, Arthat, Mattam, Kottekad, Parappur, Mullassery, Enamakkal, Arimpur, Aranattukara etc. on the north-western part of this lake-system; and Ollur, Pudukkad, Chevvur, Cherpu, Parappukkara, Kattur, Karanchira, Irinjalakkuda etc. on the northern and south-eastern part respectively of this lake-system.

The residents of old Ollur met waterways and lakes in the southern suburbs, and were familiar with 'hill-views' on the east. Even in the beginning of the 19th century, the East India Company's Trigonometrical Surveyors reported that due to the constant presence of wild elephants, agriculture was near to impossible at Kuttanellur, very close to Ollur ! Equally interesting is that Paravattani, on the eastern border of the modern Thrissur town, was still part of the Cochin Forest even in the beginning of the 20th century!

Till the middle of the 19th century, the movement of people, and the goods they produced and needed in return, was towards Kodungallur, Azhikode, and Chetwai. These centres got aligned towards the Cochin port, first with the linking up of the Connoli Canal by the middle of the 19th century, and later by the Shor-

nur-Cochin Rail at the turn of the 20th century. While all roads led to Cochin by the second half of the 19th century, Ollur began to stay cut-off from its cultural and commercial links with the settlements in the Syrian Christian topography of merchant-settlements, listed above. These paradigms of development altered the prospects of not only Ollur, but the entire topography of the Syrian Christian settlements on the Malabar Coast, which in turn withered people's concepts of heritage within the community.

In terms of religious history, the transitions which Ollur experienced were symptomatic of the transformation which the Syrian Christian people underwent during the last three centuries. The most striking of these was, of course, the transition from community life to the laity/ parishioners with the introduction of the hierarchy for the Syrian Christians in 1887. In terms of economic history, people started migrating out of Ollur and its environs to Cochin and its suburbs, and to Thrissur and its periphery, by the beginning of the 20th century.

Ollur is one place where the shadows of the Cochin Diwans fell heavily during the 19th century in so far as three successive Diwans of Princely Cochin hailed from Edakkunni, within the environs of old Ollur. These three highest officers of the Cochin State occupied that office for nearly fifty years of the 19th century. Ikkanda Warrier, onetime Prime Minister of Cochin State soon after India became independent, too, hailed from the same



Painted and embellished imageries on the wooden pulpit, Ollur (Photo: N. J. Francis)




Painting (partly restored) inside the church, Ollur (Photo: N. J. Francis)

place, and he largely mooted and mediated the building of dams at Peechi, Vazhani and Peringalkuttu along the lower heights and valleys of the Western Ghats that protrude to the central part of Thrissur district. By the time when V. R. Krishnan Ezhuthachan, Indian nationalist leader in Cochin State and a native of suburban Ollur, mooted a different development paradigm during 1950-’60, with plans for prosperity through agriculture and craft centered on the region just west of Ollur, the region had already passed into a sleepy village, but thickly populated and heavily built-up with residences and shops, and the fading clay and tile industries more in memory than in function.

Along with this brief revisit to the old Ollur and its environs, it is equally befitting to think for a while, as to what would survive to reinvent and rediscover the heritage which the Christian community of the locality held so peculiar for their own self-perception. This could be easily answered had there been an Inventory of the Antiquities, or an Archive of Heritage-tagged Built Environment, or a Museum, or else any meaningful search for the intangible heritage.

Has a student of History freedom to aspire for preparing a wish-list of what to search for, what to find out, and what to preserve and museumise if at all he happens to come across such materials and objects, still surviving with the community of the region? If this is possible, the list would take the shape of a search for finding out some of which we do have in survivals, and that some of which we don’t have, to fill up the galleries of an upcoming Museum and Archives.

Some such imaginaries would figure out like these: Where did the Ollur church settlement figure out within the sacred geographies of various cultic and social orientations that inhabited and struck roots in the terrain? How much of the format of the built-up space was different from the still earlier forms as at Goa or Cochin on the one hand, and as at Kalluppara, Kuravilangad, Ramapuram, Angamali, Parappukkara, Parappur, Arthat, Chittattukara, Mattam, Palayur, and other Malabar settlements on the other?

Could we fix the various architectural and iconographical layers within the sacred spaces, in terms of time, theme and technology? What were Jesuit, Carmelite, and traditional Syrian Christian elements within the architectural and iconographical assemblage at Ollur? How many clergymen, monks and nuns, who hailed from Ollur, served among the communities before, and in parishes after, the formation of the Diocesan hierarchy?

How many of the residential structures pre-date the construction of the church structure? How many of the buried dead could be listed out in the archives of the cemetery? How many Ollur-based bankers, money-lenders, merchants, industrialists, stock-holders, and shop-keepers could be listed out as having thrived during the last two centuries?  How many Trusts and Charities rose and fell at Ollur?

How many of the registers of baptism, marriage, and death could be collated and indexed? How much of the palm-leaf records of the land-deeds, tax-receipts, gifts and charities have been




Map showing lines of communication and water-channels
to the coastal belt

listed and indexed? What was the role of the settlement in terms of paddy-cultivation in and around, and in production and procurement of rice in the locality?

Were the tile-factories in and around Ollur symbolic of the modernity in life and amenities, and in structural activities—a thriving industry of Princely Cochin, in which business groups of Ollur invested and the work-force laboured?

The pioneering scholarship and publications of Prof. Menachery laid the foundation for a community's long-term aspirations in cultural identity. It is high time that what Prof. Menachery laid bare, especially the architectural, iconographical, and cultural base of a community in its trying times of transitions, are put to perspective in the light of recent advances in the history of Kerala. The founding of the so-far-missed Ollur Museum & Archives would be the best tribute, which the students, colleagues, friends, admirers, and well-wishers of Prof. George Menachery could now pay as his kind of scholarship is fast becoming unable to be emulated or duplicated today.




Map showing water channels linking up Ollur with Chetwai and Kodungallur

The historical perspective taken recourse to here for looking at Ollur and its environs, within the Syrian Christian topography on the Malabar Coast, is relevant also for contextualizing most other contemporary Syrian Christian settlements with tangible heritage, which still wither without any index to antiquity.



Satellite view (Google Earth) from Chetwai to Ollur

# മേനാച്ചേരിമാഷെന്ന ചരിത്രജ്ഞൻ

**ഡോ. മേരി റജീന, എഫ്.,**
സെക്രട്ടറി, അതിരൂപത പാസ്റ്ററൽ കൗൺസിൽ

പ്രൊഫ (ഡോ.) ജോർജ് മേനാച്ചേരിയെ വെറുതെ ഒരു ചരിത്ര കാരൻ എന്ന് വിശേഷിപ്പിക്കുന്നത് ശരിയല്ല എന്ന് തോന്നുന്നു. ദീർഘ കാലമായുള്ള പരിചയത്തിൽ അദ്ദേഹത്തിനുള്ള ജ്ഞാനവും അദ്ദേഹത്തിനേറ്റവും പ്രിയപ്പെട്ട നസ്രാണി ചരിത്രത്തോടുള്ള ആവേശവും നേരിട്ട് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത് കൊണ്ടാണ് ചരിത്രജ്ഞൻ എന്ന പദം ചികഞ്ഞെടുത്തത്. ജോർജ്ജ് മാഷ് കണ്ടെ ത്തിയതും പ്രത്യേകമായ അറിവ് നേടിയെടുത്തതുമായ വിവരങ്ങൾ വരുംതലമുറയ്ക്ക് രേഖപ്പെടുത്തി വെക്കണമെന്ന ദീർഘവീക്ഷണമാണ് അദ്ദേഹത്തെ ഒരു ഗ്രന്ഥകാരനാക്കിയത്. അദ്ദേഹം പകർത്തിയ ഓരോ ചിത്രവും കുറിച്ചുവെച്ച ഓരോ കഥയും അമൂല്യനിധികളാണെന്ന് ചരിത്രബോധമുള്ളവർക്ക് മനസ്സിലാകും.

''ചലിക്കുന്ന സർവ്വവിജ്ഞാന കോശം'' എന്ന് പറഞ്ഞു കേട്ടിട്ടു ണ്ടെങ്കിലും അങ്ങനെ ഒരു വ്യക്തിയെ ആദ്യമായി പരിചയപ്പെട്ടത് ജോർജ്ജ് മാഷിനെ കണ്ടുമുട്ടിയപ്പോഴാണ്. ഒരു വിഷയത്തിൽ താൽപ്പ ര്യമുണ്ടാകുക, അതിൽ അഗാധ പാണ്ഡിത്യം നേടുക എന്ന അപൂർ വസിദ്ധി ആണ് അദ്ദേഹത്തെ വ്യത്യസ്ഥനാക്കുന്നത്. മഹാഭൂരിപക്ഷ ത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട് അനവധി പുരസ്ക്കാരങ്ങൾ മാഷിനെ തേടിയെത്തിയതും ഇതുകൊണ്ടാണ്. പരിചയക്കാർക്കിടയിൽ ''മിടുക്കർ'' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ചിലരുണ്ട്. ഇക്കൂട്ടർ അവ രുടെ വ്യാപാര മണ്ഡലത്തിൽ വൈഭവം കാണിക്കുന്നവരാണ്. എന്നാൽ ജോർജ്ജ് മാഷ് വെറുമൊരു മിടുക്കനല്ല. മിടുമിടുക്കനുമല്ല. ഇംഗ്ലീഷ് ഭാഷ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത വ്യക്തിയിലെ

ചരിത്രാന്വേഷി. ലോകത്തിനായി കരുതി വച്ചിരിക്കുന്നത് ചരിത്ര അറിവിന്റെ ഭണ്ഡാരമാണ്. മുൻഗാമികളധികമില്ലാത്ത മേഖലയിലുള്ള വഴികൾ ദുർഘടം പിടിച്ചതായിരുന്നിരിക്കണം. അതികഠിനമായ അധ്വാനത്തിന്റെ ഫലമാണ് അദ്ദേഹം ലോകത്തിനായി കരുതി വച്ചിരിക്കുന്ന നിധികളെല്ലാം. അഭിമാനാണ് ഈ ചരിത്രജ്ഞനെ പരിചയപ്പെടാൻ സാധിച്ചതിൽ.

കത്തോലിക്കാ സഭയിലെ അതിവിശിഷ്ടരായവർക്ക് ലഭിക്കുന്ന ഷെവലിയർ പദവി ലഭിച്ചിട്ടുള്ളതിനാൽ അദ്ദേഹം തൃശൂർ അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ സ്ഥിരാഗം ആണ്. എല്ലാ സമ്മേളനങ്ങളിലും കൃത്യമായി എത്തുകയും അതിരൂപതയെ ബാധിക്കുന്ന ആത്മീയ-സാമൂഹ്യ-രാഷ്ട്രീയ ചർച്ചകളിലെല്ലാം തന്റെ അനുഭവജ്ഞാനത്തിലധിഷ്ഠിതമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്ന സജീവ അംഗമാണ് മേനാച്ചേരി മാഷ്. സമയമെടുത്ത് കാര്യകാരണ സഹിതം മാഷ് നിരത്തുന്ന വാദങ്ങൾ അഭിവന്ദ്യ മെത്രാപ്പോലീത്ത സശ്രദ്ധം കേട്ടിരിക്കുന്നത് പതിവാണ്. ഈ അഭിപ്രായങ്ങൾ അടിസ്ഥാനമാക്കിയാണല്ലോ അതിരൂപതയുടെ വിവിധ മേഖലകളിലുള്ള നയങ്ങൾ രൂപീകരിക്കപ്പെടുന്നത്. ഒരാത്മീയകൂട്ടായ്മയെന്ന നിലയിൽ കത്തോലിക്കാസഭയുടെ ശ്രദ്ധ പതിയാതെ പോകാമായിരുന്ന മേഖലയാണ് ദേവാലയ വാസ്തുവിദ്യയും, ദേവാലയാനുബന്ധ പൗരാണിക വസ്തുവകകളും. നസ്രാണി പാരമ്പര്യത്തിന്റെ അവിഭാജ്യഘടകമായ ഇവയുടെ കണക്കെടുപ്പ് നടത്തി ലിഖിതരൂപത്തിലും ഡിജിറ്റൽ രൂപത്തിലും തലമുറകൾക്ക്‌വേണ്ടി കാത്തുസൂക്ഷിക്കാൻ ജോർജ് മേനാച്ചേരി മാഷെടുത്ത മുൻകൈക്കും ചിലവഴിച്ച ഊർജത്തിനും എത്ര നന്ദി പറഞ്ഞാലും മതിയാകില്ല.

അഭിമാനമാണ്, അന്തസ്സാണ് ജോർജ്ജ് മാഷ് തൃശ്ശൂർ അതിരൂപതയ്ക്ക്. നൂറ്റാണ്ടുകൾക്കിടയിൽ എപ്പോഴെങ്കിലുമുദിക്കുന്ന ഒരപൂർവ്വ നക്ഷത്രം നമ്മുടെ കാലത്ത് തൃശ്ശൂരിലുണ്ടായിരുന്നു എന്നോർക്കുന്നത് തന്നെ അഭിമാനത്തോടെയാണ്. ജോർജ്ജ് മേനാച്ചേരി എന്ന സുകൃതത്തെയോർത്ത് നമുക്ക് ദൈവത്തോട് നന്ദി പറയാം. തലമുറകൾക്കായി അങ്ങ് കരുതിവെച്ച നിധികൾക്ക് മാഷിനും ഒരായിരം നന്ദി.

# അഭിമാനിക്കാവുന്ന ചരിത്രകാരൻ പ്രൊഫ. ജോർജ് മേനാച്ചേരി

**എൻ.പി. ജാക്സൻ മാസ്റ്റർ**
പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി

ആർഷഭാരത സംസ്കാരത്തിന്റെ സർവ്വ പൈതൃകങ്ങളും സ്വാംശീകരിച്ച വർത്തമാനകാലഘട്ടത്തിന്റെ അഭിമാന നായകൻ ശതാഭിഷിക്തനായ ചരിത്രകാരൻ ഷെവലിയാർ പ്രൊഫ. ജോർജ് മേനാച്ചേരി. എന്നും സഭയിൽ സമൂഹത്തിനുവേണ്ടിയും സമൂഹത്തിൽ സഭയ്ക്ക് വേണ്ടിയും വ്യക്തമായ നിലപാടുകളിലൂടെ ചരിത്ര നേർരേഖ വരച്ചു കാട്ടിയ ചരിത്രകാരൻ. സഭാചരിത്രകാരൻ, ചരിത്രപണ്ഡിതൻ, ഗവേഷകൻ, മികച്ച അധ്യാപകൻ, എഡിറ്റർ, കലാസാംസ്കാരിക പ്രവർത്തകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, മാധ്യമ പ്രവർത്തകൻ, പ്രസാധകൻ, സംഘാടകൻ എന്നീ നിലകളിൽ സാമൂഹ്യപ്രതിബദ്ധതയുടെ മകുടോദാഹരണമായ പ്രതിഭാശാലി ഷെവലിയാർ പ്രൊഫ. ജോർജ്ജ് മേനാച്ചേരി ശതാഭിഷിക്തനായിരിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം.

ഒട്ടേറെ ഗ്രന്ഥങ്ങളിലൂടെയും സ്മരണികകളിലൂടെയും ഒത്തിരിയേറെ അംഗീകാരങ്ങൾ ഏറ്റുവാങ്ങിയ ഷെവലിയാർ കേരളചരിത്രവും, സംസ്കാരവും, ക്രിസ്ത്യൻ കലകളും ശില്പങ്ങളും, കേരള ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണ വിശകലനം നടത്തിയിട്ടുള്ളത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാന ഭാവമായ അന്വേഷണത്വരയുടെ മാറ്റുകൂട്ടുന്ന വസ്തുതകളാണ്. ഓണററിഡോക്ടറേറ്റ് ഉൾപ്പെടെയുള്ള നേട്ടങ്ങൾ പ്രൊഫസറുടെ ചരിത്ര കൈയൊപ്പുകളാണ്. സമൂഹത്തെയും സഭയെയും കുറിച്ച് സദാ ജാഗരൂകനായിരിക്കുന്ന പ്രൊഫസർ കേരളത്തിന്റെ അഭിമാനപാത്രമാണ്. തൃശ്ശൂർക്കാരുടെ സ്വകാര്യ സ്വത്തായ ഷെവലിയർ പ്രൊഫ. ജോർജ് മേനാച്ചേരിക്ക് സ്നേഹപൂർവ്വം ജന്മദിന മംഗളാശംസകൾ ഒത്തിരി പ്രാർത്ഥനകളോടെ നേരുന്നു.

# ഞാൻ കണ്ടറിഞ്ഞ ജോർജ് മാസ്റ്റർ

**പി.ഐ. ലാസർ മാസ്റ്റർ**

കണ്ടറിഞ്ഞ പരിചയമാണ് ഷെവ. ജോർജ് മേനാച്ചേരി മാസ്റ്ററും ഞാനും തമ്മിലുള്ളത്. മൂന്നുനാലു പതിറ്റാണ്ടു കാലം മുതലെ ഞാൻ ഏറെ ശ്രദ്ധിക്കുന്ന വ്യക്തിത്വമായിരുന്നു മാസ്റ്ററുടേത്. പാസ്റ്ററൽ കൗൺസിൽ സീറോ അവറിൽ ചർച്ച നടക്കുമ്പോൾ ഏറ്റവും പുറകിൽ നിന്നൊരു പതിഞ്ഞ സ്വരം കേൾക്കാം. ആ വാക്കുകൾക്ക് ഏറെ മൂർച്ചയുണ്ടായിരുന്നു. ബന്ധപ്പെട്ടവർക്ക് അതൊരു മുന്നറിയിപ്പും താക്കീതുമായിരുന്നു. സഭയുടെ ചരിത്രം ഇത്രമാത്രം ആഴത്തിൽ പഠിക്കുകയും അതിന്റെ പ്രാധാന്യം മനസ്സിന്റെ അന്തരാളത്തിലിട്ട് താലോലിച്ചു പോരുകയും ചെയ്തു വന്നിരുന്ന ഒരു മനുഷ്യന്റെ ഹൃദയവേദനയായിരുന്നു ആ വാക്കുകൾക്ക്.

നമ്മുടെ മിക്ക ദൈവാലയങ്ങളും പൗരാണികത്വത്തിന്റെ പുകൾപെറ്റതാണ്. കാലപ്പഴക്കം, സ്ഥലപരിമിതി എന്നിവ മൂലം പള്ളികൾ പുനർനിർമ്മിക്കേണ്ടി വരിക സ്വാഭാവികം: പക്ഷെ അത്തരം സന്ദർഭങ്ങളിൽ പൗരാണികത്വം നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ട ചരിത്രബോധം പലപ്പോഴും നാം പ്രകടിപ്പിക്കാറില്ല. വിദേശ മിഷണറിമാരുടെ ശിൽപ ചാതുര്യവും ഗോഥിക് കലാരീതികളും ഭാരതീയ സാംസ്കാരിക ചരിത്ര പൈതൃകത്തിന് വിലമതിക്കാനാകാത്തതാണ്. അതെല്ലാമാണ് വേണ്ടത്ര ആലോചനയില്ലാതെ നിമിഷാർധം കൊണ്ട് നാം നഷ്ടപ്പെടുത്തിക്കളയുന്നത്. ഇതിനോടുള്ള രോഷവും ആത്മസംഘർഷവും പ്രതികരണങ്ങളുമായിരുന്നു ജോർജ് മാസ്റ്ററിൽ നിന്ന് പലപ്പോഴും കേൾക്കാറുണ്ടായിരുന്നത്. ക്രൈസ്തവ പൗരാണികത്വം കാത്തുസൂക്ഷിക്കുവാൻ വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച മാസ്റ്റർ തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് വി. ആർ.എസ്, എടുത്ത് ഈ രംഗത്ത്

കൂടുതൽ ശ്രദ്ധ കൊടുക്കുവാൻ തുടങ്ങി. അതിന്റെ സൃഷ്ടികളായിരുന്നു ക്രിസ്ത്യൻ എൻസൈക്ലോ പീഡിയ തുടങ്ങിയ ഒട്ടേറെ മഹത്തായ ഗ്രന്ഥങ്ങൾ.

മാർ ജേക്കബ് തൂങ്കുഴി തൃശൂർ അതിരൂപത മെത്രാപ്പോലീത്തയായി അഭിഷിക്തനാക്കപ്പെട്ടതിനുശേഷം പാലയൂർ പള്ളിക്ക് ഒരു പുത്തൻ ഉണർവ്വ് കൈവന്നു. അതിരൂപത തീർത്ഥകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ട പ്പോൾ പാലയൂരിന്റെ വികസനവുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് ശഠിച്ചത് ജോർജ് മാസ്റ്ററായിരുന്നു. പുതിയ കൊടിമരം സ്ഥാപിക്കപ്പെട്ടത് തുടങ്ങി പാലയൂർ മാർ തോമാ തീർത്ഥ കേന്ദ്രത്തിൽ ഇന്ന് കാണുന്ന നിരവധി വികസനപ്രവർത്തനങ്ങളുടെ പുറകിൽ മാസ്റ്ററുടെ അഭിപ്രായങ്ങളും ചിന്തകളും സഹായകമായി ട്ടുണ്ട്. പാലയൂരിന്റെ മഹാ തീർത്ഥാടന പൊതുസമ്മേളനത്തിൽ വച്ച് ഷെവലിയാർ പദവി നൽകി അഭിവന്ദ്യ പിതാവ് മാസ്റ്ററെ ആദരിച്ചത് ഞാൻ ഇന്നും ഓർക്കുന്നു. ആയിരം പൂർണചന്ദ്രനെ ദർശിച്ച 84 കാരനായ ജോർജ് മാസ്റ്ററുടെ ക്രൈസ്തവ ചരിത്രത്തെ കുറിച്ചുള്ള വിചിന്തനങ്ങൾ ഇന്നും സജീവവും കാലികപ്രസക്തിയുള്ളതുമാണ്. ഓണച്ചന്തയും വിഷുവാണിഭവും നടക്കുന്ന നമ്മുടെ നാട്ടിൽ എന്തു കൊണ്ട് ഈസ്റ്റർ ക്രിസ്തുമസ്സ് ചന്തകൾ നടത്തിക്കൂടെ എന്നൊരാശയം ഫോണിലൂടെ ഞാനുമായി പങ്കുവെക്കുകയുണ്ടായി. ആവശ്യക്കാർക്ക് ന്യായമായ വിലക്ക് ഗുണനിലവാരമുള്ള സാധനങ്ങൾ ലഭ്യമാക്കുന്ന ഈ സംരംഭം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്ന് എനിക്കും തോന്നിപ്പോയി. ഈ ആശയം ഞങ്ങളുടെ ഇടവകയിൽ 2022 ഈസ്റ്ററിന് പ്രാവർത്തികമാക്കുകയും ചെയ്തു. മാസ്റ്ററുടെ തീക്ഷണമായ അനു ഭവസമ്പത്തും വായനയും എഴുത്തും അടിയുറച്ച ദൈവവിശ്വാസവും സാധനയായി കണ്ട് സമൂഹത്തിന്വേണ്ടി, സർവ്വോപരി സ്വന്തം സമുദായത്തിനുവേണ്ടി ജീവിതം സമർപ്പിച്ച ഷെവ. ജോർജ് മാസ്റ്റർക്കും കുടുംബത്തിനും എല്ലാവിധ ദൈവകൃപയും സമൃദ്ധമായി ഉണ്ടാക ട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

# മേനാച്ചേരി
# പ്രതിഭയും പ്രതിബദ്ധതയും

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ,**
മാനേജിംഗ് എഡിറ്റർ, കത്തോലിക്കാസഭ പത്രം, തൃശൂർ

1993-ൽ തൃശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി ഞാൻ സേവനമനുഷ്ഠിച്ച കാലത്താണ് പ്രൊഫ. ജോർജ് മേനാച്ചേരിയെ അടുത്തറിഞ്ഞു തുടങ്ങിയത്. അക്കാലത്ത് അദ്ദേഹം കത്തീഡ്രൽ ഇടവകയിലാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഭവനം സന്ദർശിച്ചതും പരിചയപ്പെട്ടതുമൊക്കെ ഇന്നും സജീവമായി ഓർക്കുന്നു. അതുവരെ വലിയൊരു പ്രൊഫസർ എന്ന കേട്ടറിവുമാത്രമേ അദ്ദേഹത്തെക്കുറിച്ച് എനിക്കുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ കൂടുതൽ അടുത്തറിയാൻ അവസരം കിട്ടിയപ്പോൾ, വളരെ ബഹുമാന്യനും വിനീതനും ലാളിത്യം നിറഞ്ഞവനും അക്കാദമിക കാര്യങ്ങളിൽ സദാ വ്യാപൃതനുമാണെന്നുകൂടി ബോധ്യപ്പെട്ടു. അദ്ദേഹം എഡിറ്റ് ചെയ്ത എൻസൈക്ലോപീഡിയയുടെ കോപ്പി ഫ്രാൻസിലായിരുന്ന എനിക്ക് ആവശ്യമുണ്ടെന്ന് അറിയിച്ചപ്പോൾ വളരെ പെട്ടെന്ന് അത് സംലഭ്യമാക്കിയതും ഓർക്കുന്നു. പിന്നീട് നിരവധി ചർച്ചാവേദികളിൽ അദ്ദേഹത്തിന്റെ ഇടപെടലുകൾക്കും വിശദീകരണങ്ങൾക്കും സാക്ഷിയായിട്ടുണ്ട്. വ്യക്തമായ വിശകലനങ്ങൾക്കും നിർദ്ദേശങ്ങൾക്കും എപ്പോഴും സംലഭ്യനായ പണ്ഡിത തേജസ്സ്, പ്രതിഭയും പ്രതിബദ്ധതയും സമന്വയിച്ച പ്രഗത്ഭൻ.

സെന്റ് തോമസ് കോളേജിൽ നിന്ന് ഇംഗ്ലീഷ് വിഭാഗത്തിന്റെ മേധാവിയായി വിരമിച്ച അദ്ദേഹം, നസ്രാണി പൈതൃകത്തെയും മൂല്യങ്ങളെയും സംരക്ഷിക്കുന്നതിനും കൈമാറുന്നതിനും ജീവിതം ഉഴിഞ്ഞുവയ്ക്കുന്നതാണ് കണ്ടത്. ചരിത്രവും പൈതൃകവും സംരക്ഷിക്കുന്നതും കൈമാറുന്നതും അദ്ദേഹത്തിന് ആവേശമായി മാറി. ഇതിനായുള്ള ഗവേഷണ പഠനങ്ങളിലൂടെ അദ്ദേഹം നടത്തിയ പ്രയാണം സമൂഹ

ത്തോടും സഭയോടുമുള്ള വലിയ പ്രതിബദ്ധത തെളിയിക്കുന്നു. ഇംഗ്ലീഷ് ഭാഷയിലുള്ള അദ്ദേഹത്തിന്റെ പ്രാവീണ്യം അതിനെ ലോക ത്തറിയിക്കുന്നതിന് കൂടുതൽ സഹായകമായി. അദ്ദേഹത്തിനു ലഭിച്ചി ട്ടുള്ള നിരവധി പുരസ്കാരങ്ങളും പദവികളും അദ്ദേഹത്തിന്റെ ഈ പ്രതിബദ്ധത വിളിച്ചോതുന്നു. അദ്ദേഹത്തിന്റെ നിസ്തുലമായ സഭാ സ്നേഹത്തെയും സേവനത്തെയും പരിഗണിച്ച് 2008-ൽ മാർപാപ്പ ഓർഡർ ഓഫ് സെന്റ് ഗ്രിഗറി ദ് ഗ്രേറ്റ് എന്ന ഷെവലിയർ സ്ഥാനം നല്കി അദ്ദേഹത്തെ ആദരിച്ചു. ആഗോളതലത്തിലെ ഈ വലിയ പദവി അദ്ദേഹത്തിന് കത്തോലിക്കാസഭ ചാർത്തിയതിൽ വലിയ അഭിമാനവും സന്തോഷവും തോന്നി. അലഹബാദിലെ സാം ഹിങ്കിൻ ബോട്ടം യൂണിവേഴ്സിറ്റി ഓഫ് അഗ്രിക്കൾചർ, ടെക്നോളജി ആൻഡ് സയൻസസ് അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് നൽകി. അർഹമായ അംഗീകാരങ്ങൾ.

അടുത്ത കാലത്ത് അദ്ദേഹം എന്നോട് കുടുതലായി സംവദിച്ചത്. 2022-ൽ ജർമനിയിൽ നടക്കുന്ന സഭകളുടെ ലോക കൗൺസിലിൽ (World Council of Churches) സംബന്ധിക്കാൻ പോകുന്നതു സംബന്ധി ച്ചായിരുന്നു. 84 -ാം വയസ്സിൽ അതൊരു സാഹസമെന്ന് മറ്റുള്ളവർക്ക് തോന്നിയാലും, സഭാകാര്യങ്ങളിൽ അടങ്ങിയിരിക്കാൻ സാധിക്കാത്ത തീക്ഷ്ണതയാണ് അദ്ദേഹത്തെ നയിക്കുന്നത്.

അദ്ദേഹത്തിന്റെ സപര്യതുടരട്ടെ... പുതുതലമുറ അത് ഏറ്റെടുക്കട്ടെ.



കാട്ടൂരിലെ അമ്മവീട്ടിലെ താമരക്കുളം

# PEARLS INTO NECKLACE

Dr. E. Jose Jossie

The human history is full of great personalities who have made inspiring and enlightening contributions in different fields of human activities. Prof. George Menachery is one among the few personalities who has made great contributions in the areas of Christian religion, culture, literature, art and traditions with regard to Kerala and India. Even though a scholar, he was humble and used to quote "*I can do all things through him who strengthens me*" Phil.4:13.

Prof. Menachery was my teacher at St. Thomas' college, Thrissur during the early 1970s. But more than my teacher, and later a colleague, I would like to present professor through the eyes of my late father, E.P.Jos , Chief Engineer ( Retd.),P.W.D., Kerala.

From the late 1960s, they were working together in many of the diocesan projects and the Pastoral Council meetings. Back at home after these meetings, father used to share with me how Professor Menachery used to present evidences and historical records in support of the points he was making.

The St.Thomas Christian Encyclopaedia Of India Volume II 1973, Volume I 1982 and Volume III 2009, are commendable works. I still have copies of these volumes which Prof. George Menachery presented to my father. Thanks to my teacher for the awesome precious gift.

Even though there was a board of editorial consultants of

eminent people, the sole responsibility for the accuracy and responsibility of everything presented in the book rests upon the shoulders of the editor which he has done meticulously. To gain an in-depth knowledge of the subject he travelled far and wide throughout India and abroad, visited many libraries and immersed himself in books for hours together. The quality of these volumes is revealed by the list of eminent authors, excellent references, the photographs, sketches and maps. The National Seminar on the Church in India (1969) probably would have ignited the spark for such a colossal painstaking work of a life time.

I am also lucky to have another book, Glimpses of Nazraney Hertiage 2005 in which he explains five varied topics which are more relevant today like, 1. *Christianity Older than Hindusim in Kerala,* 2. *The Thomas Story: Numismatic Indications,* 3. *Cultural Heritage of the Syro-Malabar Church,* 4. *Granite Objects in Malabar Churches* and 5. *Palayur: Two Millennia of Christian presence*.

Another book which requires special mention is Indian Church History Classics Vol. I - THE NAZRANIES 1998. I feel proud to mention that some of these volumes are available in the famous libraries and universities of India, America and England as reference books.

Prof. Menachery is connected with many cultural and historical organizations. To mention a few, Kerala Govt. Advisory Board of Archaeology (1975-90), Calicut University Senate member, Expert Committee of the Govt. of India Census Directorate (Kerala), Vice-president of the Newman Association of India -Pax Romana (1964-72). He was also busy with many seminars, exhibitions and lectures throughout India and abroad. Prof. Menachery was one of the founder directors of The Institute For Lay Leadership Training (1967).

I still remember the one year long church history classes organized by the Institute For Lay Leadership Training and conducted by Prof.Menacherry and the 2 full day long well organized study tour to various places of historical importance of Christianity in Kerala.

Some time back I had an opportunity to visit his house at Ollur

which is more than hundred years old; he maintains it still in the same old Kerala traditional style. I was astonished to see the vast library with hundreds of books and many old records most of them related to church history, culture and traditions. During the discussions in his home library he mentioned two of his dreams, to start a dept. of Christianity or at least a Chair in the Calicut university. His efforts for it are now materialized. Second, some years back some attempts for a Christian cultural museum were taken up but it was not fully materialized; his dream is to have a full-fledged museum, reference library and research Centre of not only the church history, culture and traditions but also the contributions of Christian community for the people Kerala and India. Let us hope it will materialize in the near future.

It is not an easy task to collect the pearls of facts from the vast ocean of human history, culture, art, traditions and geography and thread it into a necklace. Truly, as said by Todd Henry in *Die Empty*: "We should spend all the God given capabilities for the benefit of mankind, when we are alive". Before concluding let me present one more statement of E.P. Jose regarding the Professor. As everybody knows, history is shrouded in mystery and the Professor by his life long effort could remove the shroud of mystery on Christianity in Kerala and India to a great extent. I, sincerely feel that a lot more academic recognitions for his selfless lifelong works are overdue.

(Written on 15/10/ 22. before he was awarded Doctorate.)



From left to right : E.P. Jose, Dr. Joseph Kolengadan, Mr. P.V. John, Rev. Fr. Antony Allappat, Rev. Fr. Zachrias Vazhappilly, Adv. K.P. Devassy, Prof. P.P. Peter, Prof. N.A. Ouseph, Prof. George Menacherry.

# ഷെവലിയർ
# ഒരു ധൂർത്ത്പുത്രൻ

**ഡോ കെ. എം. ഫ്രാൻസിസ്**

1974–ൽ സെന്റ് തോമസ് കോളേജിൽ ഒരു വിദ്യാർഥിയായി പ്രവേശിച്ചപ്പോഴാണ് പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയെ ആദ്യമായി കണ്ടുമുട്ടുന്നത്. പ്രൊഫ. ജോർജ്ജ് മേനാച്ചേരി, പ്രൊഫ. P.P പീറ്റർ, ഷെവ. പ്രൊഫ. N.A ഔസേഫ്, പ്രൊഫ. T.O മാത്യൂ മുതലായവർ അക്കാലത്ത് തന്നെ വിദ്യാർഥികളുടെ മുൻപിൽ ഞങ്ങൾ കത്തോലിക്കാ സഭയുടെ ഭാഗമാണെന്ന് പറയുന്നതിൽ അഭിമാനം കണ്ടെത്തിയിരുന്ന അദ്ധ്യാപകരായിരുന്നു. 1982 മുതൽ ഞാൻ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയുടെ ഒരു ആരാധകനായി മാറി. തൃശൂർ രൂപതയുടെ അത്മായപരിശീലന കേന്ദ്രത്തിന്റെ അനേകം പ്രഭാഷണപരമ്പരകളിൽ പങ്കെടുത്തു കൊണ്ടാണ് ഞാൻ തത്വചിന്തയുടെയും, ദൈവശാസ്ത്ര ത്തിന്റെയും ചില ബാലപാഠങ്ങൾ മനസ്സിലാക്കിയെടുത്തത്. ഈ പരിപാടികൾക്കെല്ലാം ബുദ്ധിപരമായ നേതൃത്വം നൽകിയിരുന്നത് ജോർജ്ജ് മേനാച്ചേരിയായിരുന്നു. അദ്ദേഹം നടത്തിയ വ്യത്യസ്ത ഡിപ്ലോമ കോഴ്സുകളുടെ അവസാനമെന്നത് കേരളത്തിൽ മാർ തോമാശ്ലീഹാ സ്ഥാപിച്ച വിവിധ സഭാ സമൂഹങ്ങളെ പരിചയപ്പെ ടുത്തുന്ന യാത്രയായിരുന്നു. 1984–ൽ ഈ യാത്രയിൽ പങ്കെടുത്തതു കൊണ്ടാണ് സീറോ മലബാർ സഭയുടെ പാരമ്പര്യങ്ങളിലേക്ക് എത്തി നോക്കാൻ കഴിഞ്ഞത്.

ഇതിൽ ഏറെ കൗതുകകരം ഇതിനുള്ള സാമ്പത്തിക സ്രോതസ്സ് സംഘടിപ്പിച്ച മാർഗ്ഗമായിരുന്നു. തൃശ്ശൂർ നസ്രാണി സംസ്കാരമനു സരിച്ച് ഒരുവൻ ഏതു പ്രവർത്തിയിൽ ഏർപ്പെട്ടാലും അവനോടു ഞങ്ങൾ ചോദിക്കുന്ന ഒരു ചോദ്യമുണ്ട് ഇതിനെല്ലാം നടന്നാൽ എന്തു കിട്ടും? ഒരിയ്ക്കൽ പോലും ഞങ്ങൾ ആരോടെങ്കിലും ഇതിനെല്ലാം

എന്ത് ചിലവ് വരും? എന്ന് ചോദിക്കാറില്ല. ഞങ്ങൾ ഊഹിക്കുന്നത് തന്നെ ഒന്നും കാണാതെ ആരും സഭാ പ്രവർത്തിയിൽ ഏർപ്പെടുന്നില്ല എന്നാണ് വലിയൊരു വിഭാഗം വൈദീകരും അങ്ങനെതന്നെ ചിന്തിക്കുന്നവരാണ്.

എന്നാൽ ഞാൻ മനസ്സിലാക്കിയ ഷെവലിയർ ജോർജ്ജ് മേനാച്ചേരി സീറോ മലബാർ സഭയുടെ ചരിത്രം വീണ്ടെടുക്കാനും, പുരാവസ്തുക്കൾ ശേഖരിക്കാനും, സെന്റ് തോമസ് നസ്രാണികളുടെ ചരിത്രം രചിക്കാനും വേണ്ടി തന്റെ പിതൃസ്വത്ത് ധൂർത്തടിച്ചുവെന്നാണ്. അദ്ദേഹത്തിന്റെയും സഹധർമ്മിണിയുടെയും പിതൃസ്വത്ത് വിറ്റ് അതുപയോഗിച്ച് സത്യത്തിനു സേവനം ചെയ്ത വ്യക്തിയാണ് പ്രൊഫസർ ജോർജ്ജ്. ഈ സ്വത്തെല്ലാം അദ്ദേഹം ചിലവഴിച്ചത് അദ്ദേഹത്തിന് സഭയിൽ ചില സ്ഥാനമാനങ്ങൾ ലഭിക്കാനായിരുന്നില്ലേ എന്ന് ഞാൻ ചിന്തിച്ചിരുന്നു. എന്നാൽ സഭയിൽ സെന്റ്. തോമസ് ക്രിസ്ത്യാനികളെ കുറിച്ചുള്ള വലിയ ജ്ഞാനമുണ്ടായിട്ടും അദ്ദേഹത്തിന്റെ സ്ഥാനം ഇന്നലെ പട്ടം കിട്ടിയ ഒരു വൈദീകനെക്കാൾ താഴെയാണെന്ന് സഭാഘടനയെക്കുറിച്ച് മനസ്സിലാക്കിയവർക്ക് വ്യക്തമാണ്.

ഒരുപക്ഷേ സീറോ മലബാർ സഭയുടെ ചരിത്രം രചിക്കാനും, അത് മറ്റുള്ളവരെ പഠിപ്പിക്കാനും, കേരളത്തിലെ ചരിത്രകാരന്മാരെ പ്രചോദിപ്പിക്കാനും ഇത്രയേറെ ശ്രമിച്ച മറ്റൊരു വ്യക്തി കേരള സഭയിലില്ല. അദ്ദേഹം വിവിധ ദേവാലയങ്ങളിൽ പോയി ശേഖരിച്ച പുരാവസ്തുക്കളാണ് തൃശൂർ ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ ഒരു മ്യൂസിയമായി രൂപപ്പെടുത്തിയത്. പിന്നീട് പ്രത്യുത പുരാവസ്തുക്കൾ പാലയൂർ പള്ളിയിലേക്ക് മാറ്റപ്പെട്ടു. ഇതിന്റെ മുഴുവൻ ക്രെഡിറ്റും പ്രൊഫസർ ജോർജ്ജ് മേനാച്ചേരിക്ക് മാത്രമാണ്.

അതുകൊണ്ട് പണമോ, സ്ഥാനമോ, അംഗീകാരമോ പരിഗണിക്കാതെ സത്യത്തിന് സേവനം ചെയ്ത പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയുടെ മാതൃകയ്ക്ക് മുൻപിൽ ശിരസ്സു നമിക്കുന്നു, പാദങ്ങൾ തൊട്ടു വന്ദിക്കുന്നു.

# പ്രൊഫസർ എന്നാൽ എല്ലാം ജോർജ്ജ് സാർ

**അഡ്വ. ജെയിംസ് തോട്ടം**

പ്രൊഫസർ ജോർജ് മേനാച്ചേരി സാറിന്റെ എൺപത്തിനാലാം ജന്മവാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ സാർ എന്റെ അധ്യാപകനായിട്ട് അരനൂറ്റാണ്ടായതിന്റെ സന്തോഷത്തിലാണ് ഞാൻ. 1973–74 വർഷത്തിൽ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി വിദ്യാർത്ഥിയായിരിക്കുമ്പോൾ ഇംഗ്ലീഷ് വിഷയം പഠിപ്പിച്ചിരുന്നത് സാറായിരുന്നു. ഒരു ഗ്രാമ പ്രദേശത്തു നിന്നു വന്ന് പ്രീഡിഗ്രി പഠനത്തിനു ചേർന്ന എന്റെ മനസ്സിൽ പ്രൊഫസർ എന്നാൽ എല്ലാം ജോർജ്ജ് സാർ ആയിരുന്നു. കുട്ടികളോട് വളരെ സ്നേഹത്തോടെ പെരുമാറുന്ന, നന്നായി പഠിപ്പിക്കുന്ന, തമാശകൾ പറയുന്ന, പുഞ്ചിരിയോടെ ഇടപെടുന്ന സാറിനെയാണ് ഞാൻ ഓർക്കുന്നത്. ക്രിസ്ത്യൻ എൻസൈക്ലോപീഡിയയുടെ അധികജോലി ഉള്ളപ്പോഴും ക്ലാസുകൾ കൃത്യമായി എടുക്കുന്നതിന് സമയം കണ്ടെത്തിയിരുന്നു. മഹാന്മാരുടെയെല്ലാം ജീവിതനേട്ടങ്ങൾ മനസ്സിലാക്കുമ്പോൾ അവർ ഹൃദയത്തോട് ചേർത്ത് കൊണ്ട് നടന്ന വലിയ ചില മൂല്യങ്ങളുണ്ട്. സത്യസന്ധത,ആത്മാർത്ഥത, കൃത്യത. ഒട്ടും കൃത്രിമത്വമില്ലാതെ ഇക്കാര്യങ്ങൾ ജീവിതത്തിൽ ആർജ്ജിച്ചെടുക്കാനും, ആദർശങ്ങളെ മുറുകെ പിടിക്കാനും സാറിനു സാധിച്ചിരുന്നു. ഈ സുന്ദരമായ അവസരത്തിൽ ഒരു കാര്യം കൂടെ വ്യക്തിപരമായി ഓർത്തെടുക്കാൻ ഈ അവസരം ഉപയോ ഗിക്കുകയാണ്. 1991ൽ എന്റെ വിവാഹത്തിനായി സാറിനെയും ഞാൻ ക്ഷണിച്ചിരുന്നു. ഞാൻ പള്ളിയിൽ പോകുവാൻ പ്രാർത്ഥിച്ച് ഇറങ്ങുവാൻ തുടങ്ങുന്ന അവസരത്തിൽ പെട്ടെന്ന് ഒരു ടെലഗ്രാം പോസ്റ്റുമാൻ കൊണ്ടുവന്നത് ഒപ്പിട്ടു വാങ്ങി. അത് തുറന്നു നോക്കിയപ്പോഴാണ് സാർ ഔട്ട് ഓഫ് സ്റ്റേറ്റ് ആയതിനാൽ എനിക്ക് ആശംസകളർപ്പിച്ച് അയച്ച ടെലഗ്രാമാണെന്ന് മനസ്സിലായത്. സാറിന്റെ ആദ്യ ആശംസ ഞാൻ ഇപ്പോഴും സ്നേഹത്തോടെ ഓർക്കുന്നു. സാറിന് എല്ലാവിധ ആശംസകളും നേരുന്നു.

# മധുരിക്കും ഓർമ്മകൾ...

പ്രൊഫ. പി. വിജയക്കുറുപ്പ്

പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയുടെ ശതാഭിഷേകത്തോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിയ്ക്കുന്നുണ്ടെന്നും അതിൽ അദ്ദേഹത്തെകുറിച്ചുള്ള ഓർമ്മകൾ രേഖപ്പെടുത്തണമെന്നും എന്റെ പ്രിയ വിദ്യാർത്ഥിയും മുൻ കോളേജ് പ്രിൻസിപ്പലുമായ ഡോ. ഇഗ്നേഷ്യസ് ആവശ്യപ്പെട്ടപ്പോൾ ആ സദുദ്യമത്തിന്റെ ഒരു ഭാഗമാകാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലും കൃതാർത്ഥതയിലുമാണ് ഈകുറിപ്പ് എഴുതുന്നത്.

ഗ്രന്ഥകാരനും, എഡിറ്ററും, വിദ്യാഭ്യാസ വിചക്ഷണനും, പ്രഭാഷകനും ആയ പ്രൊഫസർ ജോർജ് മേനാച്ചേരിയുടെ ബഹുമുഖ വ്യക്തിത്വത്തേയും കഴിവുകളേയും സേവനങ്ങളേയും വിശകലനം ചെയ്തു വിലയിരുത്താനൊന്നും ഞാനിവിടെ ശ്രമിക്കുന്നില്ല. അതിനുള്ള ശേഷിയും ശേമുഷിയും എനിയ്ക്കില്ല താനും. പക്ഷെ അദ്ദേഹവുമായി പ്രവർത്തിക്കാൻ കിട്ടിയ അസുലഭ സന്ദർഭങ്ങളുടെ ഓർമ്മ ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നുണ്ട്.

1961 ജൂൺ മാസം എട്ടാം തിയതിയാണ് സെയ്ൻറ് തോമസ് കോളേജിൽ പ്രീ-യൂണിവേഴ്സിറ്റി ക്ലാസിൽ എന്റെ കോളേജ് പഠനം ആരംഭിക്കുന്നത്. ഒരു കുഗ്രാമത്തിൽ നിന്ന് വരുന്ന ഞാൻ കോളേജ് ക്ലാസുകളും തൃശൂർ നഗരവുമെല്ലാം അത്ഭുതത്തോടെയാണ് നോക്കിക്കണ്ടത്. 60 വഷം മുൻപത്തെ കഥയാണിത്. അന്ന് മേനാച്ചേരി സാർ സെയ്ൻറ് തോമസ് കോളേജിൽ അദ്ധ്യാപകനായിട്ടില്ല. പിന്നീട് ഞാൻ ഡിഗ്രിക്ക് ചേർന്നപ്പോഴേയ്ക്കും അദ്ദേഹം അദ്ധ്യാപകനായിരുന്നു. അന്നത്തെ അദ്ദേഹത്തിന്റെ രൂപം ഇന്നും എന്റെ മനസ്സിൽ മായാതെ കിടപ്പുണ്ട്.



നൈജീരിയയിലേക്ക് അധ്യാപകനായി പോകുന്ന
പ്രൊഫ. പോൾ പാനിക്കുളത്തിന് AKPCTA എക്സിക്യൂട്ടിവ്
കമ്മിറ്റി നൽകിയ യാത്ര അയപ്പ്.

ചില ഇംഗ്ലീഷ് കമ്പനികളുടെ പരസ്യങ്ങളിലെ മോഡലുകളെ അനുസ്മരിപ്പിക്കുന്ന വിധം കൃശഗാത്രനായ വൃത്തിയായി ആധുനിക പാശ്ചാത്യ രീതിയിൽ വസ്ത്രധാരണം ചെയ്ത് ചറ പറ ഇംഗ്ലീഷ് പറഞ്ഞു ഓടിച്ചാടി നടന്നിരുന്ന സുമുഖനായ യുവ അദ്ധ്യാപകൻ വിദ്യാർത്ഥികളുടെ ആദരവും സ്നേഹവും പിടിച്ചു പറ്റിയെങ്കിൽ അത്ഭുതപ്പെടാനില്ലല്ലൊ. അന്ന് GM എന്ന അധ്യാപകന്റെ ഉത്സാഹവും ,ഉൻമേഷവും ഊർജ്ജസ്വലതയും കണ്ട് അദ്ദേഹത്തിന്റെ ക്ലാസിൽ പഠിക്കണമെന്ന മോഹം എനിക്കുണ്ടായി. പക്ഷെ ഡിഗ്രിയ്ക്ക് രണ്ടു വർഷം ഇംഗ്ലീഷ്, പഠന വിഷയമായിരുന്നിട്ടും ആ രണ്ടു വർഷവും അദ്ദേഹത്തിന്റ നേരിട്ടുള്ള ശിഷ്യനാകാനുള്ള സന്ദർഭം എനിക്ക് കിട്ടിയില്ല എന്നതാണ് ദു:ഖസത്യം. എന്തായാലും ഞാനറിയാതെ തന്നെ എന്റെ കൌമാര മനസ്സിൽ ഗുരുവായി ഇടം പിടിച്ച അദ്ദേഹത്തെ ഗുരുതുല്യനായി തന്നെ കണക്കാക്കാൻ തുടങ്ങി.

പ്രൊഫസർ മേനാച്ചേരിയുമായി കൂടുതൽ അടുത്തതും ഒരുമിച്ച് പ്രവർത്തിച്ചതും ഞാൻ സെയ്ൻറ് തോമസ് കോളേജിൽ അദ്ധ്യാപകനായതിന് ശേഷമാണ്. 1960,70,80 കാലയളവിൽ കേരളത്തിൽ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ അവരുടെ ജീവന്മരണ പ്രശ്നങ്ങളായ തുല്യജോലിക്ക് തുല്യ ശമ്പളം (പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് ഗവ.കോളേജ് അദ്ധ്യാപകരുടേതിന് തുല്യമായ ശമ്പളമല്ല അന്ന് ലഭിച്ചിരുന്നത്) ഡയറക്ട് പെയ്മെൻറ്, പെൻഷൻ, UGC Scale മുതലായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന്വേണ്ടി സമരമുറകളിൽ ഏർപ്പെട്ടിരുന്ന കാലം. മിക്കസമരങ്ങളേയും നയിച്ചിരുന്നത് പ്രൈവറ്റ് കോളേജ്

അധ്യാപകരുടെ ഏക സംഘടനയായ എ.കെ.പി.സി.ടി.എ. യുടെ സ്ഥാപക നേതാവായ വി.ആർ.എസ് എന്ന ചുരുക്കപ്പേരിലറിയപ്പെട്ടിരുന്ന പ്രൊഫസർ വി.ആർ.സുബ്രഹ്മണ്യനും, അദ്ദേഹത്തിന് ശക്തി പകരാൻ സെയ്ന്റ് തോമസിലെ നൂറ്റിമുപ്പതോളം ഊർജ്ജസ്വലരായ അധ്യാപകരും അതോടൊപ്പം കേരളത്തിലെ മററെല്ലാ കോളേജുകളിലെ മെമ്പർമാരും. ആകപ്പാടെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ ശക്തി തെളിയിയ്ക്കപ്പെട്ടിരുന്ന കാലഘട്ടം. എല്ലാ രാഷ്ട്രീയ പാർട്ടിയിൽപെട്ട നേതാക്കളേയും അനുഭാവികളായ അദ്ധ്യാപകരേയും സംഘടിപ്പിച്ച് അവകാശങ്ങൾ നേടിയെടുക്കാൻ AKPCTAയുടെ കൊടിക്കീഴിൽ അണിനിരത്തി സമരത്തിന് സജ്ജമാക്കാനുള്ള വി.ആർ എസ്സിന്റെ അനിതരസാധാരണമായ കഴിവ് ഒന്ന് വേറെതന്നെയായിരുന്നു. അങ്ങനെ കേരളത്തിലെ പ്രൈവറ്റ് കോളജ് അദ്ധ്യാപകരുടെ ശക്തി അതത് കാലത്തെ ഭരണകർത്താക്കൾക്ക് മനസ്സിലാക്കി കൊടുക്കാനും പ്രൈവറ്റ് കോളേജ് അധ്യാപകരോടുള്ള സർക്കാരുകളുടെ മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാക്കുവാനും സംഘടനക്ക് സാധിച്ചു. ഇക്കാര്യത്തിൽ സെയ്ൻറ് തോമസ് കോളേജ് സ്റ്റാഫ് അസോസിയേഷൻ എന്ന AKPCTAയൂണിറ്റ് നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട് എന്നത് ചരിത്ര സത്യം മാത്രം. അന്നത്തെ അസോസിയേഷന്റെ പോരാളികളിൽ പ്രൊഫസർ മേനാച്ചേരി മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. പലപ്പോഴും മേനാച്ചേരിയുടെ ഉടമസ്ഥതയിലുള്ള ഈഫൽ ബുക്ക് ഹൌസ് AKPCTAയുടെ ഓഫീസായി വർത്തിച്ചിട്ടുണ്ട്.

പ്രൈവറ്റ് കോളേജ് അധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം നല്കണമെന്ന ആവശ്യം മുൻ നിർത്തി 1971 ൽ തൃശൂർ കലക്ടറേറ്റ് പടിക്കൽ സെയ്ൻറ് തോമസിലെ അംഗങ്ങൾ മാത്രം പങ്കെടുത്ത ഒരു നിരാഹാര സമരം നടത്തുകയുണ്ടായി. കോളേജിലെ സീനിയർ മെമ്പർമാരായ K T വർഗ്ഗീസ് സാർ, മൈനർ ആൻറണി സാർ, O.K ജോർജ് സാർ, KC രാമചന്ദ്രൻ സാർ മുതലായവരുടെ കൂട്ടത്തിൽ ഏറ്റവും ജൂനിയർ ആയ ഞാനും നിരാഹാര സമരത്തിൽ പങ്കെടുത്തു. അങ്ങനെ ഒരു പൊതു ആവശ്യത്തിനുവേണ്ടി ഒരു യൂണിറ്റ് മാത്രം തനിച്ച് സമരം ചെയ്ത മാതൃക വേറെ ഉണ്ടോ എന്ന് സംശയമാണ്. ആ സമരം സംഘടിപ്പിക്കുന്നതിലും വിജയിപ്പിക്കുന്നതിലും G.M വഹിച്ച പങ്ക് നിസ്തുലമാണ് (അന്ന് ഞാൻ യൂണിറ്റ് ജോയൻറ് സെക്രട്ടറിയും KC ശേഖർ സാർ സെക്രട്ടറിയുമായിരുന്നു).

Prof. R. രാമചന്ദ്രൻ നായരു(Prof RRC)ടെ നേതൃത്വത്തിൽ, AKPCTAനടത്തിയ സമരം ചരിത്രപരമായി വളരെ പ്രാധാന്യമുള്ളതാണ്. സമരത്തിന്റെ പരിസമാപ്തിയിൽ, 20 വർഷം സർവ്വീസുള്ള അദ്ധ്യാപകർക്ക് ഫസ്റ്റ് ഗ്രേഡ് നോൺകേഡർ പ്രൊഫസർഷിപ്പ് നൽകുന്നത് പരിഗണിയ്ക്കാമെന്ന സർക്കാരിന്റെ ഉറപ്പിൽ സമരം

പിൻവലിച്ചപ്പോൾ സെന്റ് തോമസ് കോളേജ് യൂണിറ്റ് മേനാച്ചേരി സാറിന്റെ ഈഫൽബുക്ക് ഹൌസിൽ ഒത്തുചേർന്ന് Strike തുടരാൻ നേതൃത്വത്തോട് ആവശ്യപ്പെട്ടതും പ്രത്യേകം പ്രസ്താവ്യമാണ്.

G. M മിന്റെ നേതൃപാടവത്തെ കുറിച്ചും ജനപ്രിയതയെ കുറിച്ചും ഒരു സംഘാടകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ കഴിവിനെ കുറിച്ചും രണ്ട് വാക്ക് കുറിക്കട്ടെ. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പ്രൈവറ്റ് കോളേജ് അദ്ധ്യാപക കോൺസ്റ്റിറ്റുവൻസിയിൽ നിന്ന് രണ്ടാമത്തെ സെനറ്റിലേക്ക്, സെൻറ് തോമസ് കോളേജ് യൂണിറ്റിൽ നിന്ന് മത്സരിക്കാൻ 3 പേരുടെ ഒരു പാനൽ നിർദ്ദേശിയ്ക്കാൻ കേന്ദ്ര നേതൃത്വം ആവശ്യപ്പെട്ടു. അതനുസരിച്ച് കോളേജ് യൂണിറ്റ് ജനറൽ ബോഡി യോഗം ചേരുകയും പാനലിനു പകരം മേനാച്ചേരിയുടെ പേരു മാത്രം അയച്ചു കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിൽ നിന്ന് അദ്ധ്യാപകരുടെ മനസ്സിൽ അദ്ദേഹത്തിനുണ്ടായിരുന്ന മതിപ്പും സ്ഥാനവും വ്യക്തമാണല്ലൊ. സെൻറ് തോമസിന്റെ തീരുമാനം കേന്ദ്ര നേതൃത്വത്തിന് അംഗീകരിയ്ക്കേണ്ടി വരികയും ചെയ്തു.

ഇലക്ഷൻ സമയത്ത് ഞാൻ കോളേജ് യൂണിറ്റിന്റെ സെക്രട്ടറി യായിരുന്നു. വോട്ടു പിടിക്കലിന്റെ ഭാഗമായി മേനാച്ചേരി സാറും ഞാനും മറ്റദ്ധ്യാപകരും രംഗത്തിറങ്ങി. വിജയം ഏറെക്കുറെ സുനിശ്ചിത മായിരുന്നു. ഇലക്ഷൻ കഴിഞ്ഞു. സാറും ഞാനും കൂടി യൂണിവേഴ് സിറ്റിയിൽ വോട്ടെണ്ണൽ നിരീക്ഷിക്കാൻ പോയി. കേരള വർമ്മ കോളേജിലെ രാധാകൃഷ്ണൻ സാറിന്റെ ഫലപ്രഖ്യാപനമാണ് ആദ്യമുണ്ടായത്. അധികം വൈകാതെ മേനാച്ചേരി സാറും ജയിച്ച



ഡയമണ്ട് ജൂബിലിയോട് അനുബന്ധിച്ച്
ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർക്ക് നൽകിയ സ്വീകരണം.



AKPCTAയുടെ സ്ഥാപക നേതാവും ജീവനാഡിയും ആയിരുന്ന പ്രൊഫ. VRS ന് സഹപ്രവർത്തകരുടെ അന്ത്യോപചാരം

തായി പ്രഖ്യാപിക്കപെട്ടു. വോട്ടെണ്ണൽ കഴിഞ്ഞപ്പോൾ രാത്രി വൈകിയിരുന്നു. യൂണിവേഴ്സിറ്റിയിലെ ഗസ്റ്റ് ഹൌസിൽ ഞങ്ങൾ അന്നു രാത്രിവിശ്രമിച്ചു ഒരു പാട് കാര്യങ്ങളെ കുറിച്ച് സംസാരിച്ചു. ആ സംസാരങ്ങളിലെല്ലാം ഒരു അഗ്രജൻ അനുജനോട് കാണിക്കുന്ന സ്നേഹവും വാത്സല്യവും കരുതലും എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു. പിന്നീട് സെനറ്റ് മെമ്പർ ആയതിന്റെ സന്തോഷം പങ്കിടാൻ അദ്ദേഹത്തിന്റെ വീട്ടിൽ, എനിക്കും എന്റെ ഭാര്യ വിലാസിനി ടീച്ചർക്കും ഒരു വിരുന്നൊരുക്കിത്തന്നതും നന്ദിയോടെ ഓർത്തു പോകുന്നു. സെനറ്റ് മെമ്പറായതിനു ശേഷം മേനാച്ചേരി സാർ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മറ്റിയിലേയ്ക്കും തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ക്ഷമിക്കണം, ഞാനല്പം കാടു കയറിപ്പോയി. സ്വാനുഭവ കഥ പറയുന്നവർ പലപ്പോഴും കഥാകഥനത്തിന്റെ ആത്മാർത്ഥതയിലും ആവേശത്തിലും ഔചിത്യമില്ലാത്തവരായിത്തീരുന്നത് സാധാരണമാണല്ലൊ. മുക്കാൽ നൂറ്റാണ്ട് ഈ ഭൂമുഖത്ത് ജീവിച്ച ഒരു വൃദ്ധന്റെ ചിതലരിച്ച ഓർമ്മപ്പുസ്തകത്തിന്റെ താളുകൾ ചേർത്തു വെച്ച് വായിച്ചെടുക്കാൻ ശ്രമിച്ചതിന്റെ ഫലമായി അതിനെ കണ്ടാൽ മതി. വളരെ കുറച്ചു വർഷങ്ങൾ മാത്രമേ എനിക്ക് AKPCTA യിൽ പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. പക്ഷെ അക്കാലമത്രയും ഞാൻ ആർജ്ജിച്ചെടുത്ത സൌഹൃദങ്ങളും വ്യക്തി ബന്ധങ്ങളും എന്നെ സംബന്ധിച്ച് വളരെ വലുതാണ്.



തൃശൂർ മുനിസിപ്പൽ ചെയർമാൻ ആയി തിരഞ്ഞെടുക്കപ്പെട്ട
Prof. ND George ന് AKPCTA നൽകിയ സ്വീകരണം.

പ്രൊഫസർ മേനാച്ചേരിക്ക് സാഹിത്യ സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംഘടനാ രംഗത്ത്അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സവിസ്തരം പ്രതിപാദിയ്ക്കപ്പെട്ടു കഴിഞ്ഞു–ജാതി മത ചിന്തകൾക്കതീതമായി മനുഷ്യരെ സമഭാവനയോടെ കാണാനുള്ള വിശാല മനസ്സിന്റെ ഉടമയാണ് കൃസ്റ്റ്യൻ എൻസൈക്ലോപീഡിയയുടെ കർത്താവായ ഷെവലിയർ മേനാച്ചേരി സാർ. എല്ലാമതങ്ങളും മനുഷ്യരെ യോജിപ്പിച്ച് ഏകോദര സോദരരെപ്പോലെ ജീവിയ്ക്കാനുള്ള സന്ദേശം നൽകുന്നു എന്ന തത്വം തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി മുന്നേറുന്ന പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയുടെ ശതാഭിഷേകാഘോഷ വേളയിൽ അദ്ദേഹത്തിന് സർവ്വവിധ മംഗളങ്ങൾ നേരുകയും ആയുരാരോഗ്യ സമ്പൽ സമൃദ്ധിയോടെ ഇഷ്ടമുള്ള ഡിറ്റക്ടീവ് നോവലുകൾ വായിച്ച് രസിച്ചും, ഇടക്കിടെ ഇഷ്ട ഭോജ്യമായ പരിപ്പുവടയുടെ എരിവും മണവും രുചിയും മതിയാവോളം ആസ്വദിച്ചും, താല്പര്യമുള്ള വിഷയങ്ങളിൽ സമയത്തിന്റെ കടിഞ്ഞാണില്ലാതെ യഥേഷ്ടം ഗവേഷണം നടത്തിയും, പഴമയിൽ ഊന്നി പുതുമയെ സ്വാംശീകരിച്ചും, അനേക വർഷങ്ങൾ കൂടി ജീവിച്ച് ധന്യമായ തന്റെ ജീവിതം കൂടുതൽ ധന്യമാക്കിത്തീർക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്തു കൊണ്ട് നിർത്തട്ടെ.

സർ, ഈ ''അകാലി സിക്കി''ന്റെ ആയിരമായിരം പ്രണാമങ്ങൾ സ്വീകരിച്ചാലും!

# ശതാഭിഷേക നിറവിൽ.... മേനാച്ചേരി സാർ

**ജോഷി വടക്കൻ**
സെക്രട്ടറി, കത്തോലിക്ക കോൺഗ്രസ്, തൃശൂർ അതിരൂപത

ശതാഭിഷേക നിറവിൽ ആയിരിക്കുന്ന ആദരണീയനായ ഷെവ. ജോർജ് മേനാച്ചേരി സാറിന് ഹൃദയം നിറഞ്ഞ ആശംസകൾ

സെന്റ് തോമാസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം മേധാവി, ചരിത്ര പണ്ഡിതൻ, ഗവേഷകൻ, സാംസ്കാരിക പ്രവർത്തകൻ, സംഘാടകൻ, പ്രസാധകൻ തുടങ്ങീ നിരവധി മേഖലകളിൽ ശ്രദ്ധേയമാംവിധം വ്യകതി മുദ്ര പതിപ്പിച്ച മേനാച്ചേരി സാറിന് ഈ പ്രവർത്തനമേഖല കളിൽ ഇനിയുമേറെ മുന്നോട്ടു പോകാൻ കഴിയട്ടെ.

ചിന്ന റോമയെന്നന്ന അപരനാമത്താൽ അറിയപ്പെടുന്ന ഒല്ലൂരിൽ നിന്നുദിച്ചുയർന്ന ഈ സുവർണ്ണ താരകം എത്രയോ മേഖലകളിലാണ് പ്രകാശം ചൊരിഞ്ഞത്. നമ്മുടെ രാജ്യത്തിനും, പൊതു സമൂഹത്തി നും പ്രത്യേകിച്ച് ക്രൈസ്തവ ലോകത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ അവിസ്മരണീയം തന്നെ.

ഭാരത ക്രൈസ്തവരുടെ ശ്രേഷ്ഠമായ പൈതൃകത്തേയും, സംസ് കാരത്തെയും, കലകളെയും പുതിയ തലമുറയ്ക്ക് പരിചയപ്പെ ടുത്തിയവരിൽ പ്രഥമസ്ഥാനീയനായിരുന്നു അദ്ദേഹം. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ സ്ഥാനാരോഹണ ചടങ്ങുകളിൽ, വത്തിക്കാൻ അക്രഡിറ്റേഷനോടുകൂടി പങ്കെടുക്കാൻ കഴിഞ്ഞ ഏക ഇന്ത്യൻ പത്രപ്രതിനിധിയായിരുന്നു അദ്ദേഹം എന്നതും 2008ൽ ബന ഡിക്റ്റ് പാപ്പ ഷെവലിയർ പദവി നൽകി അദ്ദേഹത്തെ ആദരിച്ചതും അഭിമാനപൂർവ്വം സ്മരിക്കുന്നു.

ഹൃദ്യമായ ആശംസകൾ........

# ജെന്റിൽമാൻ പ്രൊഫസർ

**അഡ്വ. ബിജു കുണ്ടുകുളം**

കണ്ട് മുട്ടുന്ന അവസരങ്ങളിലെല്ലാം മികച്ച വസ്ത്രധാരണത്തിലും, പുഞ്ചിരി നിറഞ്ഞ മുഖത്തോടെയും മാത്രം കാണുന്ന ജോർജ് മേനാച്ചേരി മാഷിന് മനസ്സിൽ എന്നും ഒരു സ്ഥാനമുണ്ട്. സെന്റ് തോമസ് കോളേജിൽ ഒരു വിദ്യാർത്ഥിയായി കടന്ന് ചെന്നത് മുതൽക്കാണ് മേനാച്ചേരി മാഷിനെ കാണാനും, അറിയാനും, മനസിലാക്കാനും തുടങ്ങിയത്. പിന്നീട് സഭ, സംഘടന പ്രവർത്തനങ്ങളിലൂടെ കൂടുതൽ അടുക്കാൻ കഴിഞ്ഞു. സഭാവേദികളിൽ പ്രത്യേകിച്ച് പാസ്റ്ററൽ കൗൺസിൽ യോഗങ്ങളിൽ മേനാച്ചേരി മാഷ് അഭിപ്രായ പ്രകടനത്തിന് എഴുന്നേറ്റാൽ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ഏറെക്കുറെ മറ്റുള്ളവരും അങ്ങനെ തന്നെയാണ്. കാരണം മാഷ് പറയുന്നത് കാര്യമാത്ര പ്രസക്തമായ കാര്യങ്ങൾ മാത്രമായിരിക്കും. മാത്രമല്ല അത് വ്യക്തമായും, കൃത്യമായും അവതരിപ്പിക്കുക എന്നത് മാഷിന്റെ പ്രത്യേക കഴിവാണ്. കുറവുകളും., വീഴ്ചകളും ക്രിയാത്മകമായി വിമർശന ബുദ്ധിയോടെ പറയാൻ മാഷിന് ഒരു മടിയുമില്ല. മാഷിന്റെ വിമർശനങ്ങൾ ആരെയും വേദനിപ്പിക്കുകയോ, മുറിപ്പെടുത്തുകയോ ഇല്ലെന്ന് മാത്രമല്ല വിമർശിക്കപ്പെടുന്നവർ മുഖവിലക്കെടുക്കുന്നതും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഇഷ്ടപ്പെട്ട മേഖലയായ സഭാചരിത്ര പഠനവും പുരാവസ്തുക്കളുടെ ഗവേഷണവും, ക്രൈസ്തവ പൗരണിക കലാരൂപങ്ങളുടെ പുനരാവതരണവും മറ്റും മറ്റാരും തന്നെ ഇത്ര താല്പര്യത്തോടെ കൈകാര്യം ചെയ്തു കണ്ടിട്ടില്ല. വേറിട്ടതാണെങ്കിലും മാഷിന്റെ ഈ മേഖലയിലെ കണ്ടെത്തലുകൾ ക്രൈസ്തവസഭക്കു പ്രത്യേകിച്ച് യുവ തലമുറയ്ക്ക് നൽകുന്നത് അക്ഷരാർത്ഥത്തിൽ വിശ്വാസ കൈമാറ്റമാണ്. ആ അർത്ഥത്തിൽ വിശ്വാസം മറ്റുള്ളവർക്ക് പകർന്നു നൽകുക എന്ന ക്രിസ്തു പ്രബോധനം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുന്ന പ്രേഷിതൻ തന്നെയാണ് മാഷ് എന്നതിൽ സംശയമില്ല. അതുകൊണ്ട് തന്നെ ഒരു അൽമായന് സഭയിൽ ലഭിക്കാവുന്ന ഏറ്റവും ഉന്നതമായ ഷെവലിയാർ പട്ടത്തിന് മാഷ് അർഹനായി തീർന്നത് എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

ജോർജ് മേനാച്ചേരി മാഷിനും കുടുംബത്തിനും ദൈവം ധാരാളം അനുഗ്രഹങ്ങൾ ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# പ്രൊഫ. ജോർജ് മേനാച്ചേരി–
# ദൈവസ്പർശം ലഭിച്ച ബഹുമുഖ പ്രതിഭ

**പി. എം. എം. ഷെരീഫ്**

ആഗ്രഹങ്ങളും അഭിലാഷങ്ങളും മനുഷ്യന്റെ കൂടപ്പിറപ്പാണ്. അവ നിറവേറ്റാൻ ആത്മവിശ്വാസവും കഴിവും പ്രാപ്തിയും തന്റേടവും മാത്രം പോര. ജഗദീശ്വരന്റെ അനുഗ്രഹംകൂടി വേണം. അത്തരം വരം ലഭിച്ച വ്യക്തിയുടെ അനുഭവങ്ങൾ പങ്കുവെക്കുന്നതിന് എനിക്കവസരം വന്നുഭവിച്ചതും ദൈവാധീനമാണെന്ന് വിശ്വാസത്തോടെ തുടരട്ടെ.

ബഹുമുഖപ്രതിഭകളുള്ള വ്യക്തികളെകുറിച്ച് എഴുതുമ്പോൾ ഏതു പ്രതലത്തിൽനിന്ന് ആരംഭിക്കണമെന്ന ആശയക്കുഴപ്പം ഉണ്ടാവുക തികച്ചും സ്വാഭാവികം. ഈയുള്ളവനും അത് അഭിമുഖീകരിക്കേണ്ടിവന്നു. പക്ഷേ രണ്ടു ദിവസമുമ്പ് ഏതോ മാർഗദീപം മുന്നിൽ തെളിയുകയും ആ ശക്തിവിശേഷത്തിനു വിധേയമായി എങ്ങനെ ഈ മഹത് വ്യക്തിയുടെ ജീവിതയാത്രയിലൂടെ സഞ്ചരിക്കണമെന്ന ധാരണ യുണ്ടാക്കാൻ കഴിയുകയും ചെയ്തു.

അധ്യാപകൻ, ചരിത്രകാരൻ, ഗ്രന്ഥകാർത്താവ്, കലാസാംസ് കാരിക നായകൻ, ഭാഷാ... മോട്ടിവേഷനൽ ട്രൈനർ, മാധ്യമ പ്രവർ ത്തകൻ, സാമൂഹിക പ്രവർത്തകൻ, നിരവധി പുസ്തകങ്ങളുടെ രച യിതാവ്, പ്രസാധകൻ. മേനാച്ചേരിമാഷുടെ കഴിവുകളും താൽപര്യ ങ്ങളും അങ്ങനെ നീണ്ട് നീണ്ട് പോകുന്നു...

[ലേഖകൻ, അധ്യാപകൻ, ഗ്രന്ഥകർത്താവ്, ബഹുഭാഷാ പണ്ഡിതൻ, ഗായകൻ, അറബിഅധ്യാപകൻ ഈ നിലകളിൽ മാറ്റ് തെളിയിച്ചിട്ടുണ്ട്.-- *എഡി.*]

# ചിന്ന റോമിലെ സഭാ താരം

**ഫാ.ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
പ്രിൻസിപ്പാൾ, സെന്റ് തോമാസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ

''ചിന്നറോം'' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഒല്ലൂർ ദേശത്ത് മാർത്തോമ ക്രിസ്ത്യാനികളെ സംബന്ധിച്ചുള്ള വിഷയങ്ങളിൽ അവസാന വാക്ക് പറയാൻ പ്രാവീണ്യമുള്ള ഒരു ചരിത്രകാരനുണ്ട്. ഷെവ. പ്രൊഫ. ജോർജ്ജ് മേനാച്ചേരി. മേൽപറഞ്ഞ കാര്യത്തിൽ, അദ്ദേഹത്തിന് ഉത്തരം നൽകാനാകുന്നില്ലെങ്കിൽ, പിന്നെ അതും അന്വേഷിച്ച് അലഞ്ഞുതിരിയുന്നതിൽ അർത്ഥമില്ല. ഇങ്ങനെ, സദാ സഭാചരിത്രത്തിൽ കുതുകിയായ, ഗവേഷണനിരതനായ ജോർജ് മേനാച്ചേരിയെന്ന പൂർവവിദ്യാർഥിയുടെയും പൂർവ അധ്യാപകന്റെയും ആംഗലേയവകുപ്പദ്ധ്യക്ഷന്റെയും കൂടി കലാലയമാണ് തൃശ്ശൂർ സെൻ തോമസ് എന്നത് ആയതിന്റെ മാറ്റുകൂട്ടുന്ന വസ്തുതയാണ്. ഈ കലാലയത്തിന്റെ ശതാബ്ദിയാഘോഷവുമായി ബന്ധപ്പെട്ട്, പൂർവ്വ വിദ്യാർത്ഥി സംഘടന അണിയിച്ചൊരുക്കിയ ''സാന്തോം ലൂമിന റീസ്'' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെടുന്ന ഇവിടെ പഠിച്ചു പോയ 119 പൂർവ്വസൂരികളായ മഹാരഥൻമാരിൽ തിളക്കത്തോടെ നിലകൊള്ളുന്ന ഒരു താള് ഷെവ. ജോർജ് മേനാച്ചേരിയുടെതാണ്.

കിഴക്ക് സൂര്യനുദിക്കുമ്പോൾ പടിഞ്ഞാറേക്ക് പാറി വീഴുന്ന ഒല്ലൂർ റാഫേൽ മാലാഖ പള്ളിയുടെ നിഴലിലാണ് മേനാച്ചേരി സാറിന്റെ കലാചാതുരിയും പൗരാണികതയും പാരമ്പര്യവും മുറ്റിനിൽക്കുന്ന വസതിയുള്ളത്. ഭയഭക്തിയോടെ ചരിത്രമുറങ്ങിക്കിടക്കുന്ന ഒരു മ്യൂസിയത്തിലേക്കെന്ന പോലെ വിടർന്ന കണ്ണുകളോടെ ആഗതനാകുന്ന ആർക്കും, അതിനെ പരിപാലിച്ചുകൊണ്ട് പുസ്തകക്കൂമ്പാരങ്ങൾക്കും പുരാതന ശേഖരങ്ങൾക്കുമിടയിൽ അഗാധമായ വായനയിൽ മുഴുകിയിരിക്കുന്ന ക്യുറേറ്റർ കണക്കെയുള്ള ഒരാളെ കാണാ

നാകും. അദ്ദേഹമാണ് മേനാച്ചേരി സാർ. അന്വേഷണ ത്വരയോടെ എത്രമേൽ ആളുകളാണ് അദ്ദ്ദേഹത്തെ ചെന്നുകണ്ട് മതിവരുവോളം സംസാരിച്ചു സംശയ നിവാരണം നടത്തിയിട്ടുണ്ടാവുക! അറിവു കൊണ്ടും ആകാരം കൊണ്ടും ഭീഷ്മാചാര്യനേ ഓർമ്മിപ്പിക്കുന്ന ഒരു വ്യക്തിത്വം.

പരന്ന വായനയും വിശ്രമമറിയാത്ത യാത്രകളും കൂർമ്മതയേറിയ നിരീക്ഷണവും സൂക്ഷ്മതയുള്ള അനുമാനങ്ങളും പണ്ഡിതോചിതമായ വിശകലനങ്ങളും കൊണ്ട് കാലാന്തരേണ ആർജ്ജിച്ചെടുത്തതാണ് അദ്ദേഹത്തിലെ അറിവിന്റെ സാഗരം. ''ജീവിതത്തിന്റെ മറുകര കണ്ട യാൾ'' എന്നൊക്കെയുള്ള വിശേഷണങ്ങൾ അദ്ദേഹത്തിലും അന്വർത്ഥമാക്കുന്നു.

അനർഗ്ഗളമായി പ്രവഹിക്കുന്ന ഒരു നീരരുവി പോലെയാണ് മേനാച്ചേരി സാറിന്റെ പ്രഭാഷണങ്ങൾ. കേൾവിക്കാരെ വിരസതയറിയിക്കാതെ നർമ്മങ്ങളും ചെറുകവിതകളും ചാലിച്ച് മുഖത്ത് നവരസങ്ങൾ വരുത്തി എടുക്കുന്ന വിഷയത്തിൽ ലയിച്ചു പോകുന്ന ശൈലിയിലാണ് അദ്ദേഹം ക്ലാസ്സുകൾ നയിച്ചിരുന്നത്. തലംതികഞ്ഞ ഒരു അധ്യാപകന്റെ പക്വതയും പാകതയും ആ ജീവിതത്തിൽ ഇന്നും ദൃശ്യമാണ്.

ആയിരം പൂർണചന്ദ്രന്മാരെ കാണാൻ ഭാഗ്യം ലഭിച്ചിരിക്കുന്ന ഷെവ. പ്രൊഫ. ജോർജ് മേനാച്ചേരിക്ക് അദ്ദേഹം ദീർഘകാലം പ്രകാശം പരത്തി വ്യാപരിച്ച തൃശ്ശൂർ സെന്റ്. തോമസ് (ഓട്ടോണമസ്) കലാലയത്തിൽ നിന്നും ഹൃദയം നിറഞ്ഞ ഭാവുകങ്ങളും നന്മകളും നേരുന്നു.



തൃശൂർ സെന്തോമസ് കോളേജ് ടവർ

# എന്നും സെന്റ് തോമസ്സിന്റെ അഭിമാനം

**പ്രൊഫ. എ. എം. ഫ്രാൻസീസ്**
മുൻ പ്രിൻസിപ്പാൾ

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ സാംസ്കാരിക വളർച്ചയിൽ തൃശ്ശൂരിന്റെ സ്ഥാനം എന്നും വേറിട്ടുനിൽക്കുന്നു. സാംസ്കാരിക തലസ്ഥാനമെന്നതിനേക്കാൾ അപ്പുറം ജാതിമതഭേദമന്യേ ഉന്നതവിദ്യാഭ്യാസത്തിന് തൃശൂർ സെന്റ് തോമസ് കോളേജായിരുന്നു അന്നത്തെ സാധാരണക്കാരുടെ ഏക ആശ്രയം. പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചുവന്നിരുന്നതുകൊണ്ട് കേരള ജനതയ്ക്ക് പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും ലഭ്യമായിരുന്നു.

കേരള ചരിത്രം ഒന്ന് വിശകലനം ചെയ്യുമ്പോൾ, ചരിത്രത്തിൽ, കേരള വികസനത്തിന്റെ നാഴികകല്ലായി പ്രവർത്തിച്ചുവന്നവരിൽ പലരും സെന്റ് തോമസ് കോളേജിന്റെ സംഭാവനകളായിരുന്നു. മുഖ്യമന്ത്രിമാരായും, വിദ്യാഭ്യാസ മന്ത്രിമാരായും, ശാസ്ത്രജ്ഞൻമാരായും, സ്പോർട്സ് രംഗത്തും, സാമൂഹ്യരംഗത്തും, ആത്മീയ രംഗത്തും നിറഞ്ഞ് പ്രവർത്തിച്ചവരിൽ പ്രമുഖർ തോമൈറ്റ്സ് ആയിരുന്നു. ആ നിരയിൽപ്പെട്ട ഒരു പ്രൊഫസറായിരുന്നു ഷെവലിയാർ ജോർജ് മേനാച്ചേരി. നേരത്തെ സൂചിപ്പിച്ച ശ്രേണിയിൽപ്പെട്ടവരായിരുന്നു എന്റെ കോളേജ് പഠനകാലത്ത് അവിടെ പഠിപ്പിച്ചിരുന്നത്. കേരളത്തിൽ ഒരു സർവ്വകലാശാല തുടങ്ങുന്നതിനുമുമ്പേ, മദ്രാസ് യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത് സെന്റ്. തോമസ് കോളേജ് തൃശ്ശൂരിൽ വിദ്യാഭ്യാസ രംഗത്ത് നിറഞ്ഞ സേവനം നൽകിയിരുന്നതുകൊണ്ടു തന്നെ അവിടെ പഠിച്ചിരുന്നവരും പഠിപ്പിച്ചിരുന്നവരും സമൂഹത്തിൽ ഉന്നത സ്ഥാനം വഹിക്കുന്നവരായിരുന്നു. പ്രൊഫ. ജോർജ് മേനാച്ചേരി കോഴിക്കോട് സർവകലാശാലയിലെ സെനറ്റ് മെമ്പറും ഇംഗ്ലീഷ്

ബോർഡിലെ പ്രമുഖനും ആയിരുന്നു. ഒല്ലൂരിലെ സാധുസംരക്ഷണ സമിതിയിലൂടെ അദ്ദേഹം നിരവധി ദരിദ്രർക്കുണ്ട് സഹായം നൽകി വന്നിരുന്നു. സാധാരണക്കാരന്റെ ആശ്രയമായ കുറികളിലൂടെ തൃശൂരിലും പ്രത്യേകിച്ച് ഒല്ലൂരിലും ഉള്ള സാധാരണക്കാരന്റെ സാമ്പത്തിക പുരോഗതിക്ക് അദ്ദേഹവും കാരണക്കാരനായിട്ടുണ്ട്. അവിടെ അദ്ദേഹം വിത്തുപാകിയ ഐ.ടി. പഠനകേന്ദ്രം അനേകർക്ക് വഴി കാട്ടിയായി.

ക്രൈസ്തവസഭയ്ക്ക് ജോർജ് സാർ നൽകിയിരുന്ന സേവനം പ്രത്യേകം എടുത്തുപറയത്തക്കതാണ്. ക്രൈസ്തവ പാരമ്പര്യത്തേയും, പള്ളികളുടെ നിർമ്മാണ കലകളേയും, മ്യൂറൽ ചിത്രരചനയേയും കുരിശടികളേയും അതിന്റെ പിന്നിലെ കൈസ്തവ സംഭാവനകളേയും ലോകത്തിന്റെ മുൻപിലേക്ക് നിരവധി പുസ്തകങ്ങളുടെ രൂപത്തിൽ വായിച്ചറിയുവാനായി തയ്യാറാക്കിയതിന്റെ പിന്നിലെ കഠിനാധ്വാനം തങ്കലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്രൈസ്തവസഭ പ്രൊഫ. ജോർജ് മേനാച്ചേരി സാറിന് ഷെവലിയാർ പദവി നൽകി ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ജോർജ് സാറിന് ആയുസ്സും ആരോഗ്യവും ലഭിക്കുന്നതിനുവേണ്ടി ഈ അവസരത്തിൽ പ്രത്യേകം പ്രാർത്ഥിക്കുന്നു. ലോകത്തേക്ക് എത്തിക്കുന്നതിന് വേണ്ടി ശ്രമിച്ചിട്ടുള്ളവരിൽ ''ചിന്നറോമ'' നിന്നുള്ള മേനാച്ചേരി ജോർജ്ജ് മാഷ് എന്നും ഉന്നതസ്ഥാനീയനായി അറിയപ്പെടുന്നു.



ഫോർഡം യൂണി. ലൈബ്രറി



ഹേഗ് ലൈബ്രറി അറ്റ്ലസ്

# ഷെവലിയർ പ്രൊഫ. ജോർജ് മേനാച്ചേരി മാസ്റ്റർ...

ഫ്രാൻസീസ് കോടങ്കണ്ടത്ത്

ഷെവലിയർ പ്രൊഫ. ജോർജ് മേനാച്ചേരി മാസ്റ്റർ ഏതോ ഒരു വിദേശ സർവകലാശാലയിലെ അധ്യാപകനാണോ എന്ന് ഒറ്റ നോട്ടത്തിൽ സംശയം തോന്നിപ്പിക്കുന്ന വേഷവും, നടത്തവും, ഭാവവും, സംസാരരീതിയും.... ക്ലാസ്സിൽ വന്നാലും അതേ ശൈലി തന്നെ. ചിട്ടയോടെ നന്നായി തയ്യാറെടുത്തു മാത്രം ക്ളാസ്സെടു ക്കുന്ന ആ പഴയ രീതി... എത്ര പഴഞ്ചനായാലും അതു തന്നെയാണ് ശരി എന്ന ഉറച്ച വിശ്വാസം... ഭക്തിയിൽ ഉറച്ച്, ജ്ഞാനത്തിൽ പിടിച്ചുയർന്ന്, രാജ്യാന്തര തലങ്ങളിലേക്ക് പന്തലിച്ച ജീവിതം... എങ്കിലും, പണ്ട് കൂടെ പഠിച്ചവരെ കണ്ടാലും, അങ്ങാടിയിലെ അയൽ ക്കാരനെ കണ്ടാലും, ബന്ധുക്കളെ കണ്ടെന്ന പോലെ വീട്ടുകാര്യങ്ങൾ വിശദമായി ചോദിച്ചറിഞ്ഞു, ചിരിച്ചു കുശലം പറഞ്ഞ്, തല അല്പം കുനിച്ചു നടന്നകലുന്ന പ്രകൃതം... സെന്റ് തോമസ് കോളേ ജിലെ തന്റെ കർമ്മപഥത്തിനിടയിലും വിലപ്പെട്ട സമയവും, ഏറെ പണവും ചെലവഴിച്ചു അദ്ദേഹം നടത്തിയ ഗവേഷണകളുടെ ഫലം കനപ്പെട്ട പുസ്തകങ്ങളായി അന്താരാഷ്ട്രപ്രസിദ്ധിയാർജിച്ച പ്രസാ ധകർ പുറത്തിറക്കിയപ്പോൾ നമ്മൾ എല്ലാവരും കണ്ണുമിഴിച്ചു നിന്നു പോയി.... കേരളത്തിലെ പല പഴയ ക്രൈസ്തവ ദേവാലയങ്ങളിലും ആരും ശ്രദ്ധിക്കാതെ നശിച്ചു കൊണ്ടിരുന്ന പുരാതനവും, വിലമതി ക്കാനാകാത്തതുമായ ചുവർചിത്രങ്ങൾ കണ്ടുപിടിച്ച്, അവയെപ്പറ്റി ഗഹനമായ ഗവേഷണം നടത്തി, എല്ലാ വിവരങ്ങളും സമാഹരിച്ച് ക്രമീകരിച്ചശേഷം തന്റേതായ സവിശേഷ കയ്യൊപ്പ് ചാർത്തി, അണി യിച്ചൊരുക്കിയാണ് എല്ലാ പുസ്തകങ്ങളും പുറംലോകം കണ്ടത്. അതിന്റെ പിന്നിലെ വേദനകളും, സാമ്പത്തിക പരാധീനതകളും, കഠിനശ്രങ്ങളും മറ്റാരിലും അടിച്ചേല്പിക്കാതെ അറിയിക്കാതെ

ജോർജുമാഷ് സ്വയം ഉള്ളിലൊതുക്കി. അർഹിക്കുന്ന അംഗീകാരങ്ങൾ പോലും, ഇന്നേവരെ നമുക്ക് അദ്ദേഹത്തിന് നേടിക്കൊടുക്കാനായില്ല... ഇനിയും സമയം വൈകിയിട്ടില്ലെന്നു ഇപ്പോഴെങ്കിലും വേണ്ടപ്പെട്ടവർ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു... അദ്ദേഹം തന്റെ ജീവിതത്തിലെ മറ്റൊരു വിജയക്കൊടി പാറിച്ചത് കുടുംബജീവിതത്തിലാണ്.... ഒരു കൂട്ടുകുടുംബത്തിൽ ജനിച്ചു വളർന്നതിന്റെ നന്മകളെല്ലാം സ്വാംശീകരിച്ച്, അലച്ചിലുകൾക്കിടയിലും,അദ്ദേഹം കെട്ടുറപ്പുള്ള ഒരു ഉത്തമകുടുംബത്തിന്റെ നാഥനായി.. മക്കളെ നന്നായി നോക്കിവളർത്തി, അവർ എല്ലാവരും ഇന്ന് സമൂഹത്തിന്റെ ഔന്നത്യങ്ങളിലെത്തി നിൽക്കുന്നു...ഈശ്വരഭക്തിയുടെയും, ലാളിത്യത്തിന്റെയും അടിത്തറയിൽ, തന്റെ പ്രിയപത്നിക്കൊപ്പം കെട്ടിപ്പൊക്കിയ ഉജ്ജ്വല സൗധമായി അത് തല ഉയർത്തി തന്നെ നിൽക്കുന്നു... അവിടെ അദ്ദേഹം അല്പം കാർക്കശ്യക്കാരനായ അപ്പനായി, ആവശ്യത്തിന് പിശുക്കനായി, മാതൃകാ അദ്ധ്യാപകനായി, അങ്ങിനെ അവരുടെ എല്ലാമെല്ലാമായി...പിന്നെ നമ്മുടെ ജോർജ് മാഷായി...




രാജകീയ ലൈബ്രറി, ദ ഹേഗ്



ലൈബ്രറി ഓഫ് കോൺഗ്രസ്സ്, വാഷിംങ്ടൺ

# ഞാൻ കണ്ട
# മേനാച്ചേരി മാസ്റ്റർ.....

**ഡോ. ജെൻസൺ പി. ഒ.**
മുൻ പ്രിൻസിപ്പാൾ

1984-85 ലാണ് സാക്ഷാൽ ശേഷൻ മാസ്റ്റർക്കൊപ്പം സെന്റ് തോമാസ് കോളേജിന്റെ പഴയ ജനറൽ സ്റ്റാഫ് റൂമിൽ (ഇപ്പോഴത്തെ IQAC Room) വെച്ച് കണ്ടുമുട്ടുന്നത്. സ്വതസിദ്ധമായ ചിരിയോടെ ശേഷൻ മാസ്റ്ററുടെ പരിചയപ്പെടൽ കഴിഞ്ഞ് ഗൗരവത്തിലിരിക്കുന്ന മേനാച്ചേരി മാസ്റ്ററുടെ അടുത്തും ഞാൻ എത്തി. ഒരു നവാഗതന്റെ പരിഭ്രമം എനിക്കുണ്ടായിരുന്നെങ്കിലും അവരുടെ down to earth പരിചയപ്പെടലിലൂടെ അവരുമായുള്ള എന്റെ സുഹൃത്ത്ബന്ധം ആരംഭിച്ചു. അവിടുന്നങ്ങോട്ട് ഇന്നുവരെ മേനാച്ചേരി മാസ്റ്ററുടെ ഉയർച്ചകൾ മാത്രം കണ്ട സെന്റ് തോമാസ്സിന്റെ ഭാഗമായിരുന്നു ഞാനും. ആ ബന്ധത്തിന് 40 വയസ്സ് തികയാൻ പോകുകയാണ്.

സെന്റ് തോമാസിലെ ഇംഗ്ലീഷ് വിഭാഗം പ്രൊഫസറാണെങ്കിലും അതിനുമപ്പുറത്ത് ഒരുപാട് മേഖലകളിൽ സാറിന്റെ കൈയൊപ്പ് പതിയുന്നത് ഞാൻ നേരിട്ട് കണ്ടിട്ടുള്ളതാണ്. 1990-ൽ പ്രൊഫസർ എഡ്മണ്ട് പീറ്റേഴ്സിന് ശേഷം ഇംഗ്ലീഷ് വിഭാഗം മേധാവിയായ മേനാച്ചേരി മാസ്റ്റർ ഒരു വേറിട്ട സ്റ്റൈലിലാണ് ഡിപ്പാർട്ട്മെന്റിനെ നയിച്ചിരുന്നത്. പഴയ മെഡലിക്കോട്ട് ഹാളിലെ തൊണ്ണൂറുകളിലെ കമ്പയിന്റ് കോമ്പസിഷൻ ക്ലാസ്സുകൾ ഒരു പുതുമയോടെയാണ് ഞങ്ങൾ പുതുതലമുറ കണ്ടിരുന്നത്. 1992-ൽ സാർ കോളേജിൽ നിന്ന് വിരമിച്ചതോടെ സാറിന്റെ ആർജ്ജവം ഇരട്ടിച്ചു എന്നാണെന്റെ അനുഭവം. അദ്ധ്യാപകനായിരിക്കുമ്പോഴും അതിനു മുൻപും അദ്ദേഹം ഒരുപാട് മികച്ച സ്ഥാപനങ്ങളിൽ തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്.

കോളേജിൽ നിന്ന് വിരമിച്ചതിനു ശേഷം മുമ്പു തുടങ്ങിവച്ച പരിപാടികൾ വർദ്ധിതവീര്യത്തോടെ തുടർന്നതോടൊപ്പം പുതിയ

മേച്ചിൽ പുറങ്ങളിലേക്ക് കാലെടുത്തു വയ്ക്കുകയും ചെയ്തു. അതിന്റെയെല്ലാം പൂർത്തീകരണമായി 2008 ൽ പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഷെവലിയർ പദവി നൽകി ആദരിച്ചു.

അതിനു മുമ്പും പിമ്പും അവാർഡുകളുടെയും അംഗീകാരങ്ങളുടെയും ഒരു പെരുമഴ തന്നെയായിരുന്നു.

തൃശ്ശൂർ അതിരൂപതയിലേ ലീഡർഷിപ്പ് കേന്ദ്രത്തിൽ ഞങ്ങൾ കുറെ കാലം ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. ഈ കാലഘട്ടങ്ങളിലെല്ലാം തന്നെ പലപ്പോഴും ഒന്നിച്ചു സംസാരിക്കാനും പലകാര്യങ്ങളും ചർച്ച ചെയ്യാനും സാധിച്ചിട്ടുണ്ട്. മേനാച്ചേരി മാസ്റ്ററെ കുറിച്ചോർക്കുമ്പോൾ പെട്ടന്ന് ഓർമ്മയിൽ പൊന്തിവരുന്ന രണ്ടു കാര്യങ്ങൾ മാത്രം ഒന്ന് സൂചിപ്പിച്ച് ഞാൻ നിറുത്തട്ടെ.

ഒന്നാമത്തേത്, അദ്ദേഹത്തിന്റെ 75 വയസ്സ് പൂർത്തീകരിച്ചപ്പോൾ സെന്റ് തോമാസ് കോളേജ് റിട്ടയേർഡ് സ്റ്റാഫ് അസോസിയേഷന്റെ പൊന്നാട സ്വീകരിച്ചതിനു ശേഷം അദ്ദേഹത്തെ വീട്ടിൽ കൊണ്ടു ചെന്നാക്കാനിടയായി. തറവാടിത്തമുള്ള ആ ഭവനത്തിൽ കടന്നുചെന്നപ്പോൾ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് അദ്ദേഹത്തിന്റെ പുസ്തകമുറിയായിരുന്നു. ഒരു ചരിത്രകാരന്റെ ഹൃദയത്തുടിപ്പുകൾ ആ മുറിയിൽ കാണാം. ഒരിക്കലും മനസ്സിൽ നിന്ന് മായാത്ത ഒരു ദൃശ്യമാണത്. അവിടെ നിന്ന് തിരിക്കുമ്പോൾ ഒരു പുസ്തകം എനിക്ക് സമ്മാനമായി തന്നത് നന്ദിയോടെ ഞാൻ സ്മരിക്കുന്നു.

രണ്ടാമത്, 2019-ൽ ഞാൻ റിട്ടയർ ചെയ്തതിനുശേഷം അദ്ദേഹത്തോടൊപ്പം ഒരു ഫാമിലി ടൂർ വയനാട്ടിലേക്ക് പോയിരുന്നു. അമ്പതോളം റിട്ടയേർഡ് സ്റ്റാഫ് പങ്കെടുത്ത ആ ടൂറിൽ ഒരു ചെറിയ കുട്ടിയുടെ ചുറുചുറുക്കോടെയാണ് അദ്ദേഹം എല്ലായിടത്തും പോവുകയും എല്ലാ ആസ്വാദനങ്ങളിലും പങ്കെടുക്കുകയും ചെയ്തത്. 80 കടന്ന മേനാച്ചേരി മാസ്റ്ററുടെ ഈ പ്രസരിപ്പ് എന്നെ വല്ലാതെ ആകർഷിച്ചു. കൂട്ടത്തിൽ അദ്ദേഹത്തിന്റെ കമന്റും, ''ഷെവലിയാറായ ഒരു കിഴവനായാലും ഇങ്ങനെയൊക്കെയാകാം.''

ഇനിയും ആരോഗ്യകരമായ സന്തോഷ ജീവിതം ആസ്വദിച്ചു ഭാവി തലമുറയ്ക്ക് നല്ല ഒരു ദിശാബോധം നൽകാൻ സാറിന് സാധിക്കട്ടെ എന്നാശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

# എന്റെ മേനാച്ചേരി മാഷ്– ഒരു പഠനയാത്രാ തല്പരൻ

**ഡോ. സി. ടി. പോൾ**

ചരിത്രകാരൻ, അദ്ധ്യാപകൻ, ഗവേഷകൻ, സംഘാടകൻ, ദൈവ ശാസ്ത്ര പണ്ഡിതൻ, അൽമായ നേതാവ്, വാഗ്മി, ക്രൈസ്തവ കലാ - സാംസ്കാരിക - വാസ്തു ശില്പ പൈതൃകങ്ങളുടെ ഒരു വിശ്വസ്ഥ കാവൽക്കരൻ എന്നീ നിലകളിൽ പ്രസിദ്ധനാണ് ഷെവിലിയാർ പ്രൊഫ. ജോർജ് മേനാച്ചേരി ഗണിതശാസ്ത്രപഠനത്തിന് ശേഷം അടിസ്ഥാന ബിരുദം എടുത്തതിനേ തുടർന്ന് ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദം നേടി. ഇംഗ്ലീഷ് ഭാഷയും സാഹിത്യവും മൂന്ന് പതിറ്റാണ്ടു കാലം തൃശൂർ സെന്റ് തോമസ് കോളേജിൽ പഠിപ്പിച്ച ഒരു സുപ്രസിദ്ധ പ്രൊഫസറാണദ്ദേഹം. കോളേജിൽ അദ്ധ്യാപകനായിരിക്കുമ്പോൾത്തന്നെ ക്രൈസ്തവ സഭാചരിത്രവും അതിനോട് ബന്ധപ്പെട്ട കലാ- സാംസ്കാരിക- വാസ്തുശില്പ വിജ്ഞാന ശാഖകളിലും ഏറെ ആഴത്തിൽ ഗവേഷണം നടത്തി ലേഖനങ്ങളും, ഗ്രന്ഥങ്ങളും സർവവിജ്ഞാന കോശങ്ങളും പ്രസിദ്ധീകരിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഒരു അസാധാരണ പ്രതിഭാശാലി  കൂടിയാണദ്ദേഹം. മാഷിന്റെ ഒരു ശിഷ്യനാകാൻ അറുപതുകളിൽ ത്തന്നെ പ്രസ്തുത ലേഖകന് ഭാഗ്യം സിദ്ധിച്ചുവെന്നത് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു ഈ സന്ദർഭത്തിൽ.

കേരളത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിലും പല തവണ പഠനയാത്രകൾ നടത്തിയ മേനച്ചേരി മാഷ് ക്ലാസുകൾ നയിക്കുമ്പോൾ തികഞ്ഞ ആധികാരികതയോടെ താൻ വിവരിക്കുന്ന സ്ഥല - കാല - വ്യക്തികൾ അടങ്ങുന്ന സന്ദർഭങ്ങളിലേക്ക് വിദ്യാർത്ഥികളെ അനായാസം കൂട്ടി കൊണ്ട് പോകുന്ന പ്രതീതി ഉളവാകുമായിരുന്നു.

മാനവിക ശാസ്ത്ര വിഷയങ്ങൾ ഏതു തന്നെയായാലും അവയുടെ പഠനം ഫലപ്രാപ്തിയിലെത്തിക്കാൻ അവക്ക് ആധാരമായ വസ്തുതകൾ തെളിവുകളായി വിദ്യാർത്ഥികൾ നേരിട്ട് കാണണമെന്ന നിർബന്ധം മേനാച്ചേരി മാഷ് എന്ന ഗവേഷകനുണ്ടായിരുന്നു. ഒരു മികച്ച സംഘാടകനായതുകൊണ്ട് അതത് സ്ഥലങ്ങളിലേക്ക് പഠന സംഘത്തെ നയിക്കാൻ സ്റ്റഡി ടൂറുകൾ അദ്ദേഹം നിർലോപം സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ ഒട്ടുമിക്ക പഴയ ദേവാലയങ്ങളും, രാജകൊട്ടാരങ്ങളും, ക്ഷേത്രങ്ങളും പുരാതന കേരളജനതയുടെ സംസ്കാരത്തനിമ വിളിച്ചോതുന്നവയാണല്ലോ. മാത്രവുമല്ല, പുരാതന ദേവാലയങ്ങൾ നില നിർത്തിപ്പോരുന്ന ചെപ്പേടുകൾ, ചുമർചിത്രങ്ങൾ, വാസ്തുശില്പങ്ങൾ, അൾത്താരകൾ, പുഷ്പക്കൂടുകൾ, കൽക്കുരിശ്ശുകൾ, സെമിത്തേരികൾ, കൊടിമരങ്ങൾ, മണികൾ, വിളക്കുകൾ തുടങ്ങിയ അനവധി തെളിവുകൾ കാണിച്ചു അവയുടെ സഹായത്താൽ കേരളജനതയുടെ ചരിത്രവും, സാംസ്കാരിക പാരമ്പര്യങ്ങളും, ആചാരമര്യാദകളും രാജസിംഹാസനങ്ങളിൽനിന്ന് ക്രിസ്ത്യാനികൾക്ക് നൽകപ്പെട്ട അധികാരതീട്ടൂരങ്ങളും വിവരിച്ചു തന്ന് വിദ്യാർത്ഥികളെ തൃപ്തിപ്പെടുത്തി മാഷ് സായൂജ്യമടയുന്നത് അനുഭവപ്പെട്ടിട്ടുണ്ട്.

തൃശൂർ അതിരൂപതയിൽ ആറ് പതിറ്റാണ്ടുകൾക്ക് മുൻപ് അന്ന് വളർന്നു വന്നിരുന്ന യുവതലമുറയ്ക്ക് വ്യക്തമായ ഒരു ദിശാബോധം നൽകുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ അൽമായ നേതൃത്വ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എഴുപ്തുകളിലും എൺപതുകളിലും സെമിനാറുകൾ, ശിൽപശാലകൾ, പ്രസംഗപരിശീലനം, ചർച്ചാക്ലാസുകൾ എന്നിവ സംഘടിപ്പിക്കപ്പെട്ടിരുന്നു. ഈ സ്ഥാപനത്തിന്റെ നെടും തൂണുകളായിരുന്ന യശശരീരരായ പ്രൊഫ. പി. പി. പീറ്റർ, അഡ്വ. കെ. പി. ദേവസി തുടങ്ങിയ സീനിയർ അൽമായ നേതാക്കളോട് തോളോട് തോള് ചേർന്ന് മേനാച്ചേരി മാഷ് തുടക്കം മുതൽ തിയോളജി, പത്രപ്രവർത്തനം മുതലായ വിഷയങ്ങളിൽ നടത്തിയ ഡിപ്ലോമ കോഴ്സുകളിലൂടെ അനേകം യുവനേതാക്കളെ വളർത്തിയെടുക്കാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞു. തുടക്കത്തിൽ ഈ സ്ഥാപനത്തിന്റെ ഒരു ഗുണഭോക്താവും പിന്നീട് ഇരുപതു വർഷത്തോളം ഒരു സഹപ്രവർത്തകനും ആകാൻ ഈ ലേഖകന് സാധിച്ചുവെന്നു കൃതജ്ഞതാപൂർവം അനുസ്മരിച്ചുകൊള്ളുന്നു.

പുരോഗമനാവാദത്തിന്റെയും കാലത്തിനൊത്ത പരിഷ്കരണത്തിന്റെയും പേരിൽ കേരളത്തിലെ ചില ദേവാലയങ്ങളിലെ അമൂല്യങ്ങളായ ചുമർചിത്രങ്ങളും അൾത്താരകളും പുഷ്പക്കൂടുകളും മാമോദീസ തൊട്ടികളും പൊളിച്ചു കളയുന്ന പ്രവണത കാണാൻ ഇട വന്നപ്പോൾ അതിനു നേതൃത്വം നൽകുന്ന ഇടവക നേതാക്കൾക്കും

വികാരിയച്ചന്മാർക്കും ബോധവൽക്കരണം ആവശ്യമാണെന്ന് തിരുസഭാധികാരികൾ തിരിച്ചറിഞ്ഞു. അതതു പള്ളികളിൽ ക്ലാസുകൾ എടുക്കുന്നതിനു പുറമെ പ്രസ്തുത ഉദ്യമം കൂടുതൽ ഫലപ്രദമാകൻ നല്ലത് സെമിനാരികളിൽത്തന്നെ അവരുടെ കറിക്കുലത്തിൽ ആ വിഷയം ഉൾപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന് നിർദ്ദേശിക്കപ്പെട്ടു. ആ രണ്ടു ദൗത്യങ്ങളും നിർവഹിക്കാൻ യോഗ്യനായ റിസോഴ്സ് പേഴ്സൺ ആയി കേരള സഭ കണ്ടെത്തിയത് പ്രൊഫ. മേനാച്ചേരി യെത്തന്നെയാണ്.

ശതാഭിഷിക്തനായ മേനാച്ചേരി സർ ഇപ്പോഴും ഏറെക്കുറെ കർമ നിരതനാണ്. അതുകൊണ്ടായിരിക്കുമല്ലോ ഈ അടുത്ത അവസര ത്തിൽ സർവകലാശാല അദ്ദേഹത്തെ ഡോക്ടറേറ്റ് ബിരുദം നൽകി ആദരിച്ചത്. ഇന്ത്യക്കകത്തും പുറത്തും അദ്ദേഹം നടത്തിയ യാത്ര കളെല്ലാം പഠനത്തിനും ഗവേഷണത്തിനും ഉപകാരപ്പെടുത്തി എന്ന താണ് അദ്ദേഹത്തിന്റെ വിജയ രഹസ്യം. അതിനു ഒരു പക്ഷെ അദ്ദേ ഹത്തെ സഹായിച്ചത് താൻ ചെറുപ്പം മുതൽ നടത്തിയ ആഴത്തിലും പരപ്പിലുമുള്ള വായനയായിരിക്കും. കൂടാതെ, ഗണിതശാസ്ത്രത്തിൽ നിന്നു ലഭിച്ച വിജ്ഞാനവും യുക്തിബോധവും പ്രയോജനപ്പെടുത്തി പലയിടത്തുനിന്നും നുറുങ്ങുകളായി പെറുക്കിയെടുത്ത വിജ്ഞാന ശകലങ്ങൾ കോർത്തിണക്കി യുക്തിസഹമായ വ്യാഖ്യാനങ്ങൾ അവക്ക് നൽകാൻ സാധിച്ചു. കൂടാതെ അദ്ദേഹം നടത്തിയ യാത്രകളിൽ നിന്നും സ്വന്തമാക്കിയ സൗന്ദര്യബോധം പ്രയോജനപ്പെടുത്തി ആകർ ഷകമായ സ്ഥൂലരൂപം കൊടുത്ത് അവ ആവിഷ്കരിക്കപ്പെട്ടപ്പോൾ വിജ്ഞാനപ്രദമായ ഗവേഷണ ഗ്രന്ഥങ്ങളായി മാറി. ഇനിയും അനേക വർഷങ്ങൾ ആരോഗ്യത്തോടെ ജീവിച്ച് ധാരാളം സൽഫലങ്ങൾ പുറപ്പെടുവിക്കാൻ മേനാച്ചേരി മാഷിന് സാധിക്കട്ടെയെന്നു ആശം സിക്കുന്നു.

# പ്രൊഫസർ ജോർജ്ജ് മേനാച്ചേരി– ഓർമ്മകളിലെ പുതുവസന്തം

**ജെയ്ക്കബ് ചെങ്ങലായ്**

കഴിഞ്ഞ ആറ് പതിറ്റാണ്ടിലേറേയായി സംസ്ഥാനത്തിന്റെ ബഹുമുഖങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങളിൽ നിറ സാന്നിദ്ധ്യമായി വർത്തിച്ചു വരുന്ന പൗരപ്രമുഖൻ, മികച്ച അദ്ധ്യാപകൻ, ഉൽപതിഷ്ണുവായ ചരിത്രഗവേഷകൻ, ആംഗലേയ സാഹിത്യ രംഗത്തെ കുറ്റമറ്റ ആധികാരിക പ്രബന്ധങ്ങളുടെ രചിയിതാവ്, കാലത്തിന്റെ കുറ്റകരമായ അനാസ്ഥകൊണ്ടും അവഗണന കൊണ്ടും കാലയവനികക്കുള്ളിൽ നാമാവിശേഷമാകുമായിരുന്ന പാരമ്പര്യ കലാ രൂപങ്ങളുടെ പ്രിയ സംരക്ഷകൻ, വൈജ്ഞാനിക സാഹിത്യത്തിൽ ഉൽകൃഷ്ഠമായ അറിവഴകുകൾ കൊണ്ട് സമ്പന്നമായ ക്രിസ്ത്യൻ എൻസൈക്ലോപീഡിയയുടെ എഡിറ്റർ തുടങ്ങി സമൂഹത്തിന്റെ ബൗദ്ധികവും സാസ്ക്കാരികവുമായ ബഹുമുഖ മണ്ഡലങ്ങളിൽ ശതാഭിഷിക്തനായിട്ടും ഊർജ്ജ്വസ്വലതയോടെ പ്രോജ്ജ്വലിക്കുന്ന വീശിഷ്ട വ്യക്തിത്വത്തിനുടമയും ദേശീയ – അന്തർ ദേശീയ തലങ്ങളിൽ ശ്രദ്ധേയനുമായ ചരിത്രാന്വേഷകനും സമൂഹ സ്നേഹിയുമായ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയെന്ന ബഹുമുഖ വ്യക്തി പ്രഭാവാനുമൊത്ത് കുറച്ചേറെക്കാലം കലാസദനിൽ അനുയാത്ര ചെയ്യാനായതിൽ ഞാനേറെ അഭിമാനിതനാണ്.

അവിസ്മരണീയമായ ആ കാലയളവ് മധു കിനിയുന്ന ഓർമ്മകൾ ഇന്നും സമ്മാനിക്കുന്നു. പ്രവർത്തനപന്ഥാവിൽ അമ്പതാണ്ട് പിന്നിട്ട കേരളത്തിന്റെ മുൻനിര കലാ – സാംസ്കാരിക പ്രസ്ഥാനമായ തൃശൂർ കലാസദന്റെ മുഖ്യസാരഥിയായി പ്രവർത്തിച്ച നീണ്ട ഏട്ടു വർഷക്കാലയളവിൽ അത്യത്ഭുതങ്ങളൊന്നും സംഭവിച്ചില്ലെങ്കിലും പ്രസ്ഥാനത്തിന്റെ നിയതമായ ഉന്നതിക്കുവേണ്ടി അനുപമമായ ദിശാ ബോ

ധത്തോടെ സംഘടനയെ നേർവഴിക്ക് നയിക്കാൻ മാഷിന്റെ അനിതര സാധാരണമായ കുലീന നേതൃ വൈഭവം ഏറെ സഹായകമായിട്ടുണ്ട് എന്നത് തീർത്തും അവതർക്കിതമായ യാഥാർഥ്യമാണ്.

സംഘടനയുടെ പ്രസിഡന്റ് പദമലങ്കരിച്ച കാലയളവിലത്രയും സംസ്ഥാന സാംസ്കാരിക നഭസ്സിൽ കലാസദനെന്നും മുൻ നിരയിൽ പ്രശോഭിതമായിരുന്നു എന്നു പറയാതെ വയ്യ.

സംഘടന ഒരു വ്യാഴവട്ടം പിന്നിട്ട വേളയിൽ കേരള ഗവർണർ മുഖ്യാതിഥിയായി എത്തിയ വർണ്ണാഭമായ ആഘോഷ നിമിഷങ്ങളും കേരളത്തിന്റെ പ്രഗത്ഭ മുഖ്യധാര ചിത്രകാരന്മാർ പങ്കെടുത്ത ചിത്ര കലാ ക്യാമ്പും ഇടവേളക്കു ശേഷം അരങ്ങുണർന്ന പ്രഫെഷണൽ നാടക  സംരംഭവും തുടങ്ങി ഒട്ടേറെ ഈടുറ്റ സംഭാവനകൾ കലാ കൈരളിക്ക് സമ്മാനിച്ചതും അദ്ദേഹത്തിന്റെ മിഴിവുറ്റ നേതൃപാടവത്തിന്റെ നേർക്കാഴ്ചകളാണ്.

മിതഭാഷിയും മൃദു ഭാഷിയുമായ മാഷുടെ സഹ സുഹൃത്തുക്കളോടുള്ള സ്നേഹവാത്സല്യ സമീപനം തന്നെയാണ് ഏറെ ബ്രഹത് സുഹൃദ് വലയം അദ്ദേഹത്തിന് സ്വന്തമാക്കാനായതും. ഹൃദയം കൊണ്ട് സംസാരിക്കുന്ന, ജാഡകളേതുമില്ലാതെ, അനുപമമായ ലാളിത്യത്തോടെയുള്ള മാഷുടെ ഇടപെടലുകൾ കൊണ്ട് സഹപ്രവർത്തകർക്ക് എന്നും വർദ്ധിതമായ ഊർജ്ജം പകർന്നിട്ടുണ്ട്.

കാലം അടയാളപ്പെടുത്തിയ നേട്ടങ്ങളിലൂന്നി ശതാഭിഷേക നിറവിലും കൂടുതൽ മിഴിവോടെ തുടർയാത്ര തുടരുന്ന പ്രിയ മേനാച്ചേരി മാഷിന് നന്മകൾ മാത്രം നേരുന്നു.

# തേജസ്സുറ്റ ചരിത്ര ശില്പി

**ബ്രദർ ജെയിംസ് കാരിക്കാട്ടിൽ MMB**

ബഹുമുഖ പ്രവർത്തനങ്ങളാൽ അന്തർദേശിയ തലത്തിൽ ശ്രദ്ധേയനായ ഒരു ബഹുമുഖ പ്രതിഭയാണ് പ്രൊഫ. ജോർജ് മേനാച്ചേരി ചരിത്രകാരൻ, കലാസാംസ്കാരിക പ്രവർത്തകൻ, പ്രഭാഷകൻ, എന്നീ നിലകളിൽ അദ്ദേഹം ക്രൈസ്തവ സഭയിലും ഇതര പ്രവർത്തന മേഖലകളിലും നടത്തിയ ഇടപെടലുകൾ ചെറുതല്ല.

കേരളസഭയുടെയും ഭാരതസഭയുടെയും തനിമയും പാരമ്പര്യവും വിളിച്ചോതുന്ന സെന്റ്. തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്, നസ്രാണീസ്, തോമ പീഡിയ തുടങ്ങിയ മഹത്ഗ്രന്ഥങ്ങൾ ലോകശ്രദ്ധ ആകർഷിച്ചവയാണ്. സീറോ മലബാർ സഭയുടെ സാംസ്കാരികപൈതൃകം കാത്തുസൂക്ഷിക്കുന്നതിലും അദ്ദേഹം മുൻനിരയിലാണ്.

മേരിവിജയം മാസികയുമായി ബന്ധപ്പെട്ട് കാൽനൂറ്റാണ്ടിലേറെ കാലം പ്രൊഫ. ജോർജ് മേനാച്ചേരി സാറുമായി എനിക്ക് അടുത്തിട പഴകുവാൻ അവസരമുണ്ടായിട്ടുണ്ട്.

ആനയും നസ്രാണികളും, പള്ളികളിലെ ചിത്രാഭാസങ്ങൾ, കൽക്കുരിശ്, പലകാല കവനങ്ങൾ തുടങ്ങിയ കൃതികളും, മാർത്തോമാ ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ട രചനകളും മനസ്സിൽ മായാതെ നിൽക്കുന്നു.

ആദർശധീരനായ അധ്യാപകൻ, പ്രഗത്ഭനായ ചരിത്രാന്വേഷി, പണ്ഡിതനായ പ്രഭാഷകൻ, പ്രായം തളർത്താത്ത കർമ്മശേഷിയുള്ള ആത്മീയ നേതാവ് എന്നിങ്ങനെ സുഹൃദ് മനസ്സുകളിൽ അദ്ദേഹം നിറഞ്ഞുനിൽക്കുന്നു.

പണ്ഡിത സമക്ഷം അവതരിപ്പിക്കുന്ന വിഷയങ്ങളിലുള്ള ഗാഢമായ ഗവേഷണ തൽപരതയും, പ്രാവീണ്യവും, പാണ്ഡിത്യവും, ബോധ്യങ്ങളും, നൂതനങ്ങളായ ചിന്താധാരകളും ചരിത്ര പടുക്കളിൽ പ്രമുഖ സ്ഥാനത്തേക്ക് അദ്ദേഹത്തെ മാറ്റി നിർത്തുന്നു.

സഭാപരമായി ചിന്തിക്കുമ്പോൾ ചാരം മൂടി കാലഹരണപ്പെട്ടു പോകാമായിരുന്ന കേരളസഭയുടെ പാരമ്പര്യങ്ങളും അതിനു ഉപോത്ഫലകമായി നിലകൊള്ളുന്ന ചരിത്രാവശേഷിപ്പുകളും നലം തികഞ്ഞ ശിൽപ്പിയുടെ ചാരുതയോടെ വിജ്ഞാന മൂശയിൽ ശോഭ പകർത്തി തനിമക്ക് മങ്ങലേൽക്കാതെ പരുവപ്പെടുത്തിയെടുക്കുന്നതിലും അത് ലോകസമക്ഷം അവതരിപ്പിക്കുന്നതിലും, ചരിത്രത്തിൽ അടയാളപ്പെടുത്തുന്നതിലും മേനാച്ചേരി സാർ വിജയിച്ചു.

മാർത്തോമ ക്രിസ്ത്യാനികൾക്കും ഭാരത സഭയ്ക്കും തിളക്കമാർന്ന സംഭാവനകൾ നൽകിയ അദ്ദേഹം ഇന്നിന്റെ തലമുറയ്ക്കും വരും തലമുറയ്ക്കും ഭാരതസഭാ ചരിത്രാന്വേഷികൾക്കും അനുകരണാർഹനായ വഴികാട്ടിയായിരിക്കുമെന്നതിൽ സംശയമില്ല.

ശതാഭിഷേകത്തിന്റെ നിറവിലും കരുത്തുറ്റ കർമ്മ ധീരതയോടെ മികവുറ്റ നിശ്ചയദാർഢ്യത്തോടെ ഉദാരത നിറഞ്ഞ തേജസ്സുറ്റ ചുവടുവയ്പ്പുകൾ നടത്തുന്ന തിരുസഭയുടെ രാജകുമാരൻ ഷെവ. ജോർജ് മേനാച്ചേരിക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.



എമ്മൂർ മ്യൂസിയം

# അപ്രതീക്ഷിതം

**ഷെവ. സി.എൽ.ജോസ്**

2008 മാർച്ച് ആദ്യം ഒരു ബുധനാഴ്ച എനിക്ക് തൃശ്ശൂർ ആർച്ച് ബിഷപ്പ് ഹൗസിൽ നിന്ന് ചാൻസിലർ ഡോ. റാഫേൽ ആക്കാമറ്റത്തിലിന്റെ ഒരു ഫോൺ വിളി.

'സി. എൽ. ജോസേട്ടനല്ലേ? ആൻഡ്രൂസ് പിതാവ് ഈ വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു 4 മണിക്ക് ജോസേട്ടനെ ഒന്ന് കാണണമെന്ന് പറഞ്ഞിട്ടുണ്ട്. പിതാവ് എറണാകുളത്ത് സിനഡ് മീറ്റിങ്ങിലാണ്.'

'എന്താ വിശേഷം'?

'അതൊന്നും എനിക്കറിയില്ല. 4 മണിക്ക് കാണണമെന്ന് പറഞ്ഞിട്ടുണ്ട്.'

'ശരി, വരാം.'

ഞാൻ പലതും ഊഹിച്ചു. കോളേജിന്റെ സ്വാശ്രയ സമരം നടക്കുന്ന കാലമാണ്. പിതാവ് ഒരു പക്ഷേ പറയും, 'ജോസേട്ടാ, ഇങ്ങനെയിരുന്നാൽ പോരാ. സമരത്തെപ്പറ്റി എഴുതണം, പ്രസംഗിക്കണം.....'.

എനിക്കാണെങ്കിൽ ആ വിഷയവുമായി ഒരു ബന്ധവുമില്ല. ഏതായാലും പിതാവ് വിളിച്ചതല്ലേ? പോകാം. പോകുന്നതിനു മുൻപ് തിരുഹൃദയ ചിത്രത്തിന്റെ മുമ്പിൽ പ്രാർത്ഥിച്ചു.

'യേശുവേ! പിതാവ് വിളിച്ചത് എന്തിനാണെന്നറിയില്ല. പിതാവിന് എന്നേക്കാൾ വളരെ പ്രായക്കുറവാണെങ്കിലും അലോസരമില്ലാതെ പിരിയാൻ ഇടവരുത്തണമേ.'

കുരിശുവരച്ചു പ്രാർത്ഥിച്ച് ഞാൻ നേരെ അരമനയിലേക്ക്. അവിടെ ചെന്നപ്പോൾ താഴെ ഫാദർ റാഫേൽ തട്ടിലിനെ കണ്ടു.

'എന്താ ജോസേട്ടാ?'

'നാലുമണിക്ക് പിതാവ് എന്നെ കാണണമെന്ന് പറഞ്ഞു. എന്തിന ാണെന്നറിയില്ല.'

'ങാ! പിതാവ് മുകളിലുണ്ട്. ചെന്നോളൂ.'

ഞാൻ മുകളിലേക്ക് കയറി ചെന്നു. അവിടെ പ്രൊഫ. ജോർജ് മേനാച്ചേരിയെ കണ്ടു.

'ങാ! എന്താ ജോർജേ?'

'നാലുമണിക്ക് പിതാവ് കാണണം എന്നു പറഞ്ഞിരിക്ക്യാ.'

'ഞാനും അതിനുതന്നെയാണ് വന്നിരിക്കുന്നത്.'

നിമിഷങ്ങൾക്കകം കൃത്യം നാലുമണിക്ക് ആൻഡ്രൂസ് പിതാവ് വാതിൽ തുറന്നു.

'വാ.......വാ.....'

ഞങ്ങളേ രണ്ടു പേരെയും പിതാവ് തന്റെ മുറിയിലേക്ക് ക്ഷണിച്ചു. ഇരിക്കാൻ പറഞ്ഞു.

'നിങ്ങളെ രണ്ടു പേരേയും വിളിച്ചത്.......'

ഞാൻ തൽക്ഷണം ഊഹിച്ചു, 'ഇപ്പോൾ പിതാവ് പറയും സ്വാശ്രയസമരത്തെപ്പറ്റി' പക്ഷേ എന്റെ ഊഹം തെറ്റി.

'നിങ്ങളെ വിളിപ്പിച്ചത് ഒരു സന്തോഷവാർത്ത അറിയിക്കാനാ. ബനഡിക്റ്റ് പതിനാറാമൻ പരിശുദ്ധ മാർപ്പാപ്പ നിങ്ങളെ രണ്ടു പേരെയും ഷെവലിയർ സ്ഥാനത്തേക്ക് ഉയർത്തിയിരിക്കുന്നു.'

ഞാൻ ഞെട്ടിപ്പോയി. നിമിഷങ്ങളോളം സ്തംഭിച്ചിരുന്നു. എന്റെ മിഴികൾ നീരണിഞ്ഞു. സ്വപ്നത്തിൽപോലും ഞാൻ ചിന്തിക്കാത്ത ഉന്നതപദവി. ഞാൻ വികാരഭരിതനായി. തൊണ്ടയിടറിക്കൊണ്ടു പിതാവിന്റെ നേരെ വിറക്കുന്ന കരങ്ങൾ കൂപ്പി. 'ദൈവത്തിന് നന്ദി!'

എന്തുകൊണ്ടോ എന്റെ ഞെട്ടലും അതിശയഭാവവും ശ്രീ. ജോർ ജ്ജിൽ കണ്ടില്ല. ഒരുപക്ഷേ അദ്ദേഹത്തിന് നേരത്തേ ഇതിന്റെ സൂചന ലഭിച്ചു കാണും.

എന്റെ വികാരവും പരിഭ്രമവും ഒന്നു കെട്ടടങ്ങിയപ്പോൾ പിതാവ് സസന്തോഷം പറഞ്ഞു, 'ഞാൻ ആർച്ച് ബിഷപ്പായി ചാർജ്ജെടുത്തിട്ടു ആദ്യം ചെയ്ത നല്ല കാര്യങ്ങളിൽ ഒന്ന് നിങ്ങളെ രണ്ടു പേരെയും ഷെവലിയർ സ്ഥാനത്തേക്ക് പ്രൊപ്പോസ് ചെയ്തതു വത്തിക്കാനിലേക്കു കത്തയക്കലായിരുന്നു. നമ്മുടെ അതിരൂപതയിൽ ഇപ്പോൾ ഷെവലിയറായിട്ട് പ്രൊഫ. എൻ.ഏ. ഔസേപ്പ് മാഷ് മാത്രമല്ലേയുള്ളൂ. അതുപോരെന്ന് തോന്നി.'

ഈ സമയത്ത് ബഹു. ആക്കാമറ്റത്തിലച്ചൻ വന്നു പറഞ്ഞു: 'ചാപ്പലിൽ വന്നു രണ്ടുപേരും ഒരു സത്യപ്രതിജ്ഞ ചെയ്യേണ്ടതുണ്ട്.'

ഉടനെ ഞങ്ങളിരുവരും അരമനയിലെ തന്നെ ചാപ്പലിലേക്കു പോയി വിശുദ്ധ ബൈബിളിൽ കൈവെച്ച് ചാൻസലറച്ചൻ ചൊല്ലിത്തന്ന സത്യപ്രതിജ്ഞാവാചകം ഏറ്റുചൊല്ലി തിരിച്ചു പിതാവിന്റെ മുറിയിലേക്ക് ചെന്നു.

പിതാവ് പറഞ്ഞു: 'ഷെവലിയർ സ്ഥാനത്തിന്റെ ഡ്രസ്സുകൾ തയ്ച്ചു കിട്ടിയിട്ട് സ്ഥാനാരോഹണം മതിയെന്നുണ്ടെങ്കിൽ അതിനു കുറച്ചു നാളെടുക്കും. എനിക്ക് ഒരു നല്ല നിർദ്ദേശമുണ്ട്. അടുത്താഴ്ച പാലയൂർ തീർത്ഥാടനത്തിന്റെ ദിവസം വമ്പിച്ച ജനസഞ്ചയമുണ്ടാവും. ആ വേദിയിൽ വച്ചു സ്ഥാനമേൽക്കുന്നതു നന്നാവും എന്നു തോന്നുന്നു. നിങ്ങൾക്ക് സമ്മതമാണെങ്കിൽ അന്നേദിവസം രണ്ടുപേരും വൈറ്റ് ഡ്രസ്സ് ധരിച്ചു എത്തിയാൽ മതി. എന്തു പറയുന്നു?'

'പിതാവിന്റെ ഇംഗിതം പോലെയാവട്ടെ.'

ഈ പ്രത്യേക സമയത്ത് ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ നിന്നു വികാരിയച്ചന്റെ ഫോൺ പിതാവിന്.

'ഉച്ചതിരിഞ്ഞുള്ള ദിവ്യബലി തീരാറായി. പുതിയ സ്ഥാനലബ്ധിയിൽ സി.എൽ. ജോസിനെ ഇടവകയുടെ സന്തോഷവും അനുമോദനവും അറിയിക്കാനും സ്വീകരിക്കാനും പൂച്ചെണ്ടുമായി കാത്തുനിൽക്കുന്നു. വേഗം ജോസിനെ പള്ളിയിലേക്ക് വിടുക.'

പിന്നെ താമസിച്ചില്ല ഞാൻ അതിവേഗം പള്ളിയിലേക്ക്.

ഈ എളിയവനെ സഭയിൽ ഒരു ആത്മയന് ലഭിക്കാവുന്ന ഏറ്റവും ഉയർന്ന പദവിയായ 'ഷെവലിയർ' സ്ഥാനത്തേക്കു നാമനിർദ്ദേശം ചെയ്തത അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ മഹാമനസ്കതയെ ഞാൻ ഉള്ളാലെ വാഴ്ത്തി നന്ദിപറഞ്ഞു. ലൂർദു മാതാവിന്റെ അനുഗ്രഹത്തിനായി പ്രത്യേകം പ്രാർത്ഥിച്ചു.

2008 മാർച്ച് എട്ടാം തീയതി ഞായറാഴ്ച, പാലയൂർ തീർത്ഥാടനത്തിന്റെ സമാപന സമ്മേളനത്തിൽ വച്ച് വമ്പിച്ച പുരുഷാരം സാക്ഷിയായി ആർച്ചുബിഷപ്പ് ജേക്കബ് തൂങ്കുഴിയുടെയും ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്തു പിതാവിന്റെയും വികാരി ജനറൽ മോൺ. റാഫേൽ തട്ടിലിന്റെയും സാന്നിധ്യത്തിൽ വച്ച്, തിരുവനന്തപുരം സീറോ മലങ്കര കത്തോലിക്കാ ആർച്ച് ബിഷപ്പ് മാർ ബസേലിയോസ് ക്ലീമിസ് ബാവ, ഞങ്ങൾക്ക് ഷെവലിയർ പദവിയുടെ സ്ഥാന ചിഹ്നങ്ങളും മെഡലുകളും സദയം സമ്മാനിച്ചു.

പിന്നീട് ഒരു ദിവസം ഞങ്ങൾ രണ്ടുപേരും എറണാകുളത്ത് പോയി ഷെവലിയർ സ്ഥാനത്തിന്റെ ഡ്രസ്സുകൾക്കുള്ള കൃത്യമായ അളവുകൾ കൊടുത്ത് ജോർജ്ജിന്റെ പരിചയത്തിലുള്ള വിദഗ്ധനായ തയ്യൽക്കാരനെ കൊണ്ട് ഇരുവരും യൂണിഫോം തൈപ്പിച്ചു.



നേപ്പിയർ മ്യൂസിയം, തിരുവനന്തപുരം



ന്യൂയോർക്ക് പബ്ലിക്ക് ലൈബ്രറി

# ആഗോള സീറോ മലബാർസഭയെ ലോകത്തിന് പരിചയപ്പെടുത്തിയ മഹാപ്രതിഭ

**ബേബി മൂക്കൻ**

ഒല്ലൂരിന്റെയും തൃശ്ശൂർ അതിരൂപതയുടെയും അഭിമാനമായ ഷെവ ലിയർ ജോർജ് മേനാച്ചേരി തൃശൂരിലെ എംഎംബി ബ്രദേഴ്സുമായുള്ള ബന്ധവും തൃശ്ശൂർ അതിരൂപത അത്മായ നേതൃത്വ പരിശീലന കേന്ദ്ര ത്തിന്റെ യുവജനങ്ങൾക്കുള്ള ആദ്യ വർഷങ്ങളിലെ നേതൃത്വ പരിശീ ലന പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞതുമാണ് 1968–ൽ തന്നെ പ്രൊഫസർ മേനാച്ചേരി എന്ന മഹാപ്രതിഭയുമായി അടുത്ത് ബന്ധ പ്പെടുവാൻ എനിക്ക് അവസരമുണ്ടായത്. അന്ന് ഒല്ലൂർ ഇടവകയിൽപ്പെട്ട മരിയപുരം എം എം ബി. ആശ്രമത്തിനടുത്ത് മാതാപിതാക്കളോട് ഒന്നിച്ചാണ് പ്രൊഫസർ മേനാച്ചേരി താമസിച്ചിരുന്നത് സഹോദരൻ ഡോക്ടർ ജെയിംസ് മേനാച്ചേരി അന്ന് വിദ്യാർത്ഥിയാണ്. 1972 വിശുദ്ധ തോമാശ്ലീഹായുടെ പത്തൊമ്പതാം ചരമ ശതാബ്ദി ആഘോഷം പ്രമാണിച്ച് പ്രസിദ്ധീകരിക്കാൻ ഒരുങ്ങുന്ന സെന്റ് തോമസ് ക്രിസ് ത്യൻ എൻസൈക്ലോപീഡിയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞി ട്ടുണ്ട്. അതിലേക്ക് വേണ്ടി അന്ന് ഭാരതത്തിൽ ജീവിച്ചിരിക്കുന്ന സഭാ പണ്ഡിതരായ നിരവധി മെത്രാൻമാർ, വൈദികർ, വിദ്യാഭ്യാസ ചരിത്ര പണ്ഡിതന്മാർ എന്നിവരുടെ ലേഖനങ്ങൾ ശേഖരിക്കുവാൻ ആരംഭി ച്ചുകഴിഞ്ഞിരുന്നു.

അന്നത്തെ ആ വൈദികരിൽ ഭൂരിഭാഗവും പിന്നീട് മെത്രാന്മാരും സഭാധികാരികളും മറ്റുമായി ഉയർന്ന സ്ഥാനങ്ങളിൽ എത്തിച്ചേർന്നു എന്നുള്ളത് സ്വാഭാവികം മാത്രം. പലരും കാലയവനികക്കുള്ളിൽ മറഞ്ഞെങ്കിലും ജീവിക്കുന്നവരുമായി സൗഹൃദവും ബന്ധങ്ങളും കാത്തുസൂക്ഷിക്കുന്നവർ ഇന്നും അദ്ദേഹത്തിന് കഴിയുന്നുണ്ട്. എന്റെ ഒല്ലൂർ ഇടവകയിലെ ഭക്ത സംഘടനാ പ്രവർത്തനം ആരംഭിക്കുന്നത്

55 വർഷങ്ങൾക്ക് മുൻപാണ്. എൻറെ ഇടവക്കാരനായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അന്നുമുതൽ ഞാൻ ശ്രദ്ധിക്കാറുണ്ട്. ആദ്യമായി അദ്ദേഹവുമായി ബന്ധപ്പെട്ട് കേരള ഹിസ്റ്ററി പ്രദർശനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച കേരളം ശ്രദ്ധിച്ച സോവനിയറിന്റെ ചീഫ് എഡിറ്റർ അദ്ദേഹമായിരുന്നു. അതിൽ ഒരു അംഗമായി പ്രവർത്തിക്കാൻ എനിക്കും കഴിഞ്ഞു. ഒല്ലൂർ പഞ്ചായത്ത് വികസനരേഖ, പഞ്ചായത്തുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ കയ്യൊപ്പ് ഉണ്ടായിട്ടുണ്ട്.

ഒല്ലൂരിൽ പ്രസിദ്ധീകരിച്ച മൂന്ന് പ്രമുഖ സോവനിയറുകളുടെ ചീഫ് എഡിറ്ററായി അദ്ദേഹം പ്രവർത്തിച്ചപ്പോൾ അതിൻറെ എഡിറ്ററും എഡിറ്ററായി കൺവീനറായും എനിക്ക് പ്രവർത്തിക്കാൻ കഴിഞ്ഞു. സെൻറ് ആന്റണീസിന്റെ ശതാബ്ദി സോവനിയർ ഒല്ലൂർ സാധു സംരക്ഷണ പ്ലാറ്റിനം ജൂബിലി സോവനിയർ ഒല്ലൂർ ഗവൺമെൻറ് സ്കൂൾ ശതാബ്ദി സോവനിയർ എന്നിവയാണ്. 1991 മുതൽ 2000 വരെ നടന്ന രൂപതാ നവീകരണ വർഷത്തിന്റെ മാധ്യമ വിഭാഗം ചെയർമാനായി അദ്ദേഹം എന്നെ നേതൃത്വത്തിൽ നിർത്തിയിരുന്നു. പുതുമയാർന്ന നിരവധി പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടതാണ് വേലൂരിന്റെ അർണോസ് പാതിരി സ്മാരക സംരക്ഷണവും അദ്ദേഹത്തിന്റെ ചിത്രം കേരള സാഹിത്യ അക്കാദമിയിൽ സ്ഥാപിക്കൽ, പാലയൂർ തീർത്ഥ കേന്ദ്ര വികസനം, ക്രിസ്ത്യൻ കലകൾ യൂണിവേഴ്സിറ്റി കലോത്സവത്തിൽ ഉൾപ്പെടുന്നതിൽ ക്രിസ്ത്യൻ ചെയർ സ്ഥാപനം തുടങ്ങി നിരവധി കാര്യങ്ങളിൽ ഇടപെടൽ സ്മരണീയമാണ് സാഹിത്യം സാംസ്കാരിക രംഗങ്ങളിലും പത്രപ്രവർത്തനം ഗ്രന്ഥരചനയും എന്നും അദ്ദേഹത്തിന് ഒരു ഹരമായിരുന്നു. അതുകൊണ്ടുതന്നെ ആ രംഗത്തും വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് ഏതാനും വർഷം കേരള സാഹിത്യ അക്കാദമി അംഗമാകുവാനും കഴിഞ്ഞിട്ടുണ്ട് 2004 തൃശ്ശൂരിൽ നടന്ന സിബിസിഐ സമ്മേളനത്തോടനുബന്ധിച്ചുള്ള കൾച്ചറൽ പ്രോഗ്രാമിന്റെ വിവിധ ടേബിളോ അവതരണത്തിന്റെയും സൂത്രധാരകൻ അദ്ദേഹമായിരുന്നു അതിന്റെ കൺവീനർ ആയിരുന്നു. ചെയർമാനായി ഫാദർ ജോസഫ് പുന്നൂലിപ്പറമ്പിൽ ആയിരുന്നു പ്രവർത്തിച്ചിരുന്നത്. മൂന്ന് പതിറ്റാണ്ട് മേരിവിജയം മാസികയുടെ പത്രാധിപസമിതിയായ അംഗമാകുന്ന നിലയിൽ സാഹിത്യസമിതി സെക്രട്ടറി എന്ന നിലയിലും എനിക്ക് അദ്ദേഹത്തിന്റെ സേവനം മേരി വിജയത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട് നേതൃത്വ പരിശീലന കേന്ദ്രത്തിന്റെ ചരിത്ര കോഴ്സുകളിൽ പങ്കെടുത്ത സർട്ടിഫിക്കറ്റ് നേടാൻ കഴിഞ്ഞ എനിക്ക് സഭാ ചരിത്രത്തിൽ വലിയ താല്പര്യമുണ്ടാക്കിയത് അദ്ദേഹത്തിൻറെ പ്രോത്സാഹനമാണ്. സർവോപരി മഹാപ്രതിഭയുടെ സപ്തതി,

അശീതി, ശതാബ്ദി തുടങ്ങിയവയിൽബേ സംഘടിപ്പിച്ച വിവിധ പരിപാടികളിലെല്ലാം സംഘാടകനായി പ്രവർത്തിക്കാൻ കഴിഞ്ഞതും മഹാഭാഗ്യമായി കരുതുന്നു. വിവിധ പ്രവർത്തനങ്ങളുമായി അദ്ദേഹത്തിന്റെ കുടുംബവും ഇക്കഴിഞ്ഞ അരനൂറ്റാണ്ടിലായി നിരന്തരം ബന്ധപ്പെടാൻ കഴിഞ്ഞതും അദ്ദേഹത്തിൻറെ ആശയങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞതും എന്റെ പൊതുപ്രവർത്തനത്തിൽ വലിയ മുതൽക്കൂട്ടാണ്

ഇന്നും കേരള ഹിസ്റ്ററി കോൺഗ്രസ് സഹൃദയവേദി അതിരൂപത പാസ്റ്ററൽ കൗൺസിൽ വിവിധ ചരിത്ര സാംസ്കാരിക സംഘടനകൾ എന്നിവിടങ്ങളിൽ എല്ലാം ഒന്നിച്ച് പ്രവർത്തിക്കാൻ കഴിയുന്നുണ്ട് ശതാഭിഷേകം പിന്നീട് ആദരണീയ സുഹൃത്തും നാട്ടുകാരനുമായ ഡോക്ടർ മേനാച്ചേരിക്ക് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.



സ്റ്റേറ്റ് ലൈബ്രറി, തിരുവനന്തപുരം



ബാംഗ്ളൂർ യു.ടി.സി. ഗസ്റ്റ് ഹൗസ്

# ചൂണ്ടിക്കാണിക്കാൻ ഒരു മാതൃക

**അഡ്വ. ജോസ് ഡേവിസ് കാഞ്ഞിരപ്പറമ്പിൽ**

തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ അഞ്ചു കൊല്ലം പഠിച്ചു വെങ്കിലും പ്രൊഫ. മേനാച്ചേരി സാറിന്റെ വിദ്യാർത്ഥിയാകാൻ എനിക്ക് യോഗമുണ്ടായിരുന്നില്ല. കുടുംബ സുഹൃത്തായിരുന്നതിനാൽ പല തവണ വീട്ടിൽ വന്നും കണ്ടും പരിചയമുണ്ടായിരുന്നെങ്കിലും, കൂടുതൽ അടുത്തിടപഴകാൻ സൗകര്യപ്പെട്ടത് ഞാൻ അൽമായ നേതൃപരിശീലനകേന്ദ്രത്തിൽ വന്നപ്പോഴാണ്. തൃശ്ശൂരിൽ വച്ച് സംഘടിപ്പിച്ച സപ്തതി, അശീതി ആഘോഷങ്ങളിൽ സംബന്ധിച്ചപ്പോഴാണ് സാറിന്റെ സൗഹൃദ വലയത്തിന്റെ വിസ്തൃതി ബോധ്യപ്പെട്ടത്. പ്രായത്തെ അവഗണിച്ചുള്ള പ്രസരിപ്പും പുതിയ സാങ്കേതിക വിദ്യയോടുള്ള സാറിന്റെ മമതയും ശ്രദ്ധാർഹമാണ്. ഏതു വിഷയത്തെപ്പറ്റിയും, പ്രത്യേകിച്ച് സഭാചരിത്രത്തെക്കുറിച്ച് ആരോഗ്യകരമായ സംവാദങ്ങളിൽ ഏർപ്പെടാൻ സാറിനുള്ള താൽപര്യം എടുത്തുപറയേണ്ടതാണ്. സമൂഹത്തിന് ഉപയോഗപ്രദമായ രീതിയിൽ വിജ്ഞാനം പങ്കുവയ്ക്കുവാനുള്ള സാറിന്റെ തീക്ഷ്ണത യുവതലമുറയ്ക്ക് മാതൃകയാണ്. ചൂണ്ടിക്കാണിക്കാൻ നല്ല മാതൃകകൾ വംശനാശം നേരിടുന്ന നമ്മുടെ നാട്ടിൽ, പ്രൊഫ. ജോർജ്ജ് മേനാച്ചേരി എന്ന നാമം ഒരു റഫറൻസ് ഗ്രന്ഥം തന്നെയാണ്. കേരളസഭക്ക് അഭിമാനിക്കാം ഈ പുത്രനെ സംഭാവന ചെയ്തതിൽ. സാറിന്റെ നവതിയും ആഘോഷിച്ച് ''പ്രഭാഷകൻ'' പറയുന്നതുപോലെ ദീർഘായുസ്സോടെയിരിപ്പാൻ സർവ്വേശ്വരൻ കൃപയാകട്ടെയെന്നു മാത്രം ആശംസിക്കുന്നു.

# കള്ളച്ചരിത്രങ്ങളിലേക്കു് പേനക്കുന്തമെറിഞ്ഞ്

ഫ്രാങ്കോ ലൂയിസ്

ചരിത്രത്തെ വളച്ചൊടിക്കുകയും കൃത്രിമ ചരിത്രങ്ങൾ നിർമ്മിച്ചെടുക്കുകയും ചെയ്യുന്ന കലികാലത്താണ് നാം ജീവിക്കുന്നത്. ചരിത്രം തമസ്കരിക്കൽ അതിന്റെ ഭാഗമാണ്. അതിനുള്ള പലപല തന്ത്രങ്ങളിൽ ഒന്നാണു പാഠ പുസ്തകളിൽനിന്ന് ഭരണാധികാരികൾക്ക് അനിഷ്ടമുള്ള ചരിത്ര ഭാഗങ്ങൾ നീക്കം ചെയ്യുന്നത്. സമ്മേളനങ്ങളിലും സെമിനാറുകളിലും വളച്ചൊടിച്ച ചരിത്രവും നിർമ്മിച്ചെടുത്ത ചരിത്രവും പ്രഘോഷിക്കുന്നതുമെല്ലാം അതുകൊണ്ടാണ്. പാഠപുസ്തകങ്ങളിലൂടേയും സിനിമ അടക്കമുള്ള കലാരൂപങ്ങളിലൂടേയും ചരിത്രത്തെ വക്രീകരിച്ചു ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ ഈയിടെ വർധിച്ചിരിക്കുകയാണ്.

സ്വാർത്ഥ മോഹങ്ങൾക്കനുസൃതമായി ഒരു കൂട്ടർ ചരിത്രത്തെ വക്രീകരിക്കുകയും വളച്ചൊടിക്കുകയും ചെയ്യുമ്പോൾ ചെറുക്കേണ്ടത് യഥാർത്ഥ ചരിത്രകാരന്മാരുടെയും സത്യാന്വേഷകരായ മാധ്യമങ്ങളുടേയും ഉത്തരവാദിത്വമാണ്. കള്ളചരിത്രങ്ങൾ പ്രചരിപ്പിക്കുമ്പോൾ യഥാർത്ഥ ചരിത്രം ഇതാണെന്നു വിളിച്ചു പറയുന്നത് അതീവ ക്ലേശകരവുമാണ്.

അങ്ങനെയുള്ള അതിനിർണായക സന്ദർഭങ്ങളിൽ ക്രൈസ്തവരുടെ മുഖപത്രമായ ദീപിക സുപ്രധാന ഇടപടലുകൾ നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ ക്രൈസ്തവർ ഇന്ത്യക്കാരല്ലെന്നുവരെ പ്രചാരണമുണ്ടായി. സ്വാതന്ത്ര്യ സമരത്തിൽ ക്രൈസ്തവർ കരിങ്കാലികളായിരുന്നെന്നാണ് ഒരു നുണപ്രചാരണം. നവോത്ഥാനമുന്നേറ്റത്തിനു നൽകിയ സംഭാവനകളെക്കുറിച്ച് ഇകഴ്ത്തിക്കാട്ടലുകളുമുണ്ടായി.

ജാതി വിദ്വേഷം പ്രചരിപ്പിക്കുന്ന ചില കൂട്ടരാണ് അതിനെല്ലാം പിറകിൽ.

ഓരോ അവസരത്തിലും സത്യമെന്തെന്നു വെളിപ്പെടുത്താൻ ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന കാതലുള്ള, തെളിവുകളുള്ള ലേഖനങ്ങൾ വേണം. ദീപിക പത്രാധിപസമിതിയുടെ അനുദിന യോഗത്തിൽ തീരുമാനിച്ചു. ദുരാരോപണ വിവാദങ്ങൾ ഉയരുന്ന അതേ ദിവസംതന്നെയോ തൊട്ടടുത്ത ദിവസമെങ്കിലുമോ യഥാർത്ഥ ചരിത്രം ജനങ്ങൾക്കു മുന്നിൽ എത്തിക്കണം. കരുവാന്റെ ആലയിലെ ആളുന്ന അഗ്നിയിൽ ഞൊടിയിടയിൽ ചുട്ടെടുത്തു തല്ലിപ്പരത്തി മൂർച്ച കൂട്ടുന്ന വേഗതയിലാണു പത്രമോഫീസിലെ ജോലികൾ. അത്രയും വേഗത്തിൽ കാര്യങ്ങൾ പഠിച്ച് തെളിവുകൾ നിരത്തുന്ന ലേഖനം മണിക്കൂറുകൾക്കുള്ളിൽ തരാൻ ആർക്കു കഴിയും? ചരിത്രകാരനായ പ്രഫ. ജോർജ് മേനാച്ചേരി എന്ന ഒറ്റ പേരാണ് ദീപിക പത്രാധിപസമിതിയിൽ ഉയർന്നുവന്നത്.

ദീർഘകാലം ദീപിക പത്രാധിപസമിതി അംഗമായും തൃശൂർ ബ്യൂറോ ചീഫുമായി പ്രവർത്തിച്ച എന്നെയാണ് അക്കാര്യങ്ങൾക്കായി പ്രഫ. ജോർജ് മേനാച്ചേരിയെ ബന്ധപ്പെടുവാൻ ചുമതലപ്പെടുത്തിയത്. ജോർജ് സാറിനെ ഫോണിൽ വിളിച്ച് അതിവേഗം ലേഖനം വേണമെന്ന് അഭ്യർഥിച്ചു. പഠന ഗവേഷണങ്ങൾ നടത്തി ഒറ്റ ദിവസം കൊണ്ടാണ് അദ്ദേഹം ലേഖനങ്ങൾ തയാറാക്കി തന്നത്. അതിസൂക്ഷ്മ കണികകളെപോലും അവതരിപ്പിച്ചു യുക്തിഭദ്രമാക്കിയ ലേഖനങ്ങൾ.

സ്വാതന്ത്ര്യ സമരപോരാട്ടത്തിന് ഇതര മതവിശ്വാസികളേക്കാൾ ക്രൈസ്തവർ നൽകിയ സംഭാവനകൾ എണ്ണിയെണ്ണി പറഞ്ഞ് ജോർജ് സർ രചിച്ച ലേഖനം അനേകം പ്രാസംഗികർക്കു റഫറൻസ് രേഖയായി. സ്വാതന്ത്ര്യ സമര പ്രസ്ഥാനമായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിക്കാൻ നേതൃനിരയിലുണ്ടായിരുന്നതു എ.ഒ. ഹ്യൂമും ഡബ്ള്യു.സി. ബാനർജിയും അടക്കമുള്ള ക്രൈസ്തവരാണെന്ന സത്യം അനേകായിരം വായനക്കാർ തിരിച്ചറിഞ്ഞു. സ്വാതന്ത്ര്യം നേടുംവരേയും രാജ്യമെങ്ങും കേരളത്തിലും സ്വാതന്ത്ര്യ പോരാട്ടത്തിൽ പങ്കെടുത്തവരേയും അവർ നടത്തിയ വീരസമരങ്ങളേയും നേതൃത്വപരമായ ഇടപെടലുകളേയും വിവരിക്കുന്ന ലേഖനം.

ഇന്ത്യയിൽ ജനിച്ചുവളർന്ന ഒരാൾ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ട് ഇന്ത്യക്കാരനല്ലാതാകില്ലെന്നു സ്ഥാപിക്കുന്ന ലേഖനവും നവോത്ഥാന മുന്നേറ്റത്തിനുകളമൊരുക്കിയത് ക്രൈസ്തവ മിഷണറിമാരും സമുദായവുമാണെന്നു സ്ഥാപിക്കുന്ന ലേഖനവുമെല്ലാം അനേകായിരങ്ങളുടെ കണ്ണു തുറപ്പിക്കുന്നതായിരുന്നു. നവോത്ഥാന മുന്നേറ്റത്തിന് ആദ്യം ബീജാവാപം നടത്തിയതു നാടുനീളെ പള്ളി

കൾക്കൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിപ്പിച്ച വിശുദ്ധ ചാവറ കുര്യാക്കോസ് എലിയാസച്ചനായിരുന്നു. അവർണർക്കും പെൺകുട്ടികൾക്കും നിഷേധിക്കപ്പെട്ട വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യമാക്കിയതും അദ്ദേഹത്തിന്റെ ഇടപെടലോടെയായിരുന്നു. നവോത്ഥാനത്തിനു വഴിയൊരുക്കിയ അദ്ദേഹത്തിന്റെ പേര് ഇന്നും ഭരണാധികാരികൾ മിറ്റിനിർത്തിയിരിക്കുന്നു.

ഇക്കാര്യങ്ങളെല്ലാം ചൂണ്ടിക്കാട്ടി പ്രഫ. ജോർജ് മേനാച്ചേരി എഴുതിയ ലേഖനങ്ങൾ അപവാദ പ്രചാരണങ്ങളുടെ മുനയൊടിച്ചു. സത്യാന്വേഷണത്തിന്റെ അഗ്നിയിൽ സ്ഫുടം ചെയ്ത ചരിത്രം. അനേകായിരം വായനക്കാരിലേക്ക്, ഗവേഷണകുതുകികളിലേക്ക് ചരിത്ര ജ്ഞാനത്തിന്റെ വെളിച്ചം പകർന്ന ലേഖനങ്ങളാണവ. കള്ളച്ചരിത്രങ്ങളിലേക്കു പേനക്കുന്തമെറിഞ്ഞ ചരിത്രകാരൻ.

സെന്റ് തോമസ് ഇന്ത്യയിൽ എത്തിയിട്ടേയില്ലെന്നു പ്രചരിപ്പിക്കുന്നവർക്കു മുന്നിൽ നിരത്താനുള്ള തെളിവുകളും ചരിത്ര പണ്ഡിതനായ പ്രഫ. ജോർജ് മേനാച്ചേരിയുടെ കൈകളിലുണ്ട്. തോമാശ്ലീഹ ഇന്ത്യയിൽ എത്തിയതിന്റെ സമുദ്രപാതയുടെ രഹസ്യവും അദ്ദേഹം വെളിപെടുത്തിയിട്ടുണ്ട്. പുരാതന കാലത്തെ മുസിരിസ് സംസ്കാരവും വാണിജ്യ ബന്ധങ്ങളുമെല്ലാം ചരിത്രപരമായ തെളവുകളുമെല്ലാം ചേർത്തുവച്ചുകൊണ്ടാണ് അദ്ദേഹം അതു സമർത്ഥിക്കുന്നത്.

കാലയനവികയ്ക്കു പിറകിലേക്കു മറയുന്ന അനേകം പുരാതന ക്രൈസ്തവ കലാരൂപങ്ങളേയും സാംസ്കാരിക പൈതൃകങ്ങളേയും സംരക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം വിലമതിക്കാനാവാത്തതാണ്. ഇവയെ സംരക്ഷിക്കാനും രേഖപ്പെടുത്താനും ഈയടുത്ത കാലംവരേയും ആരും ശ്രമിച്ചിരുന്നില്ല. ചരിത്രത്തിന്റെ അടയാളങ്ങളും ശേഷിപ്പുകളുമാണ് അവ.

പ്രഫ. ജോർജ് മേനാച്ചേരിയുടെ അശീതിയോടനുബന്ധിച്ചു നടന്ന പ്രഭാഷണ പരമ്പര അവിസ്മരണീയമാണ്. വാഗ്മിയും ചിന്തകനുമായിരുന്ന ഡോ. സുകുമാർ അഴീക്കോടിനുശേഷം ഒരു പ്രഭാഷണ പരമ്പര നടത്തിയ ഏക പ്രഭാഷകനാണ് ജോർജ് സർ. ചരിത്രവും സംസ്കാരവും അടക്കമുള്ള വിഷയങ്ങളിൽ നടത്തിയ പഠന ഗവേഷണങ്ങളെ ആധാരമാക്കിയായിരുന്നു ഓരോ പ്രഭാഷണവും.

പ്രായത്തെ തോൽപിക്കുന്ന ടെക്കികൂടിയാണ് അദ്ദേഹം. ജോർജ് മേനാച്ചേരി മാഷിന്റെ ജീവിതവും പ്രസംഗങ്ങളുമെല്ലാം അടങ്ങുന്ന അതിവിശാലമായ ലോകംതന്നെ ഓൺലൈനിലും ഇന്റർനെറ്റിലും നമുക്കു കാണാം.

ഇങ്ങനെ തലയെടുപ്പുള്ള ഒരൊറ്റ ചരിത്രകാരനേയുള്ളൂ. ഫുൾസ്ലീവ് ഷർട്ട് ബെൽറ്റിട്ട പാന്റിനുള്ളിലേക്ക് ഇൻ ചെയ്ത്, തലയെടുപ്പോടെ, നിറഞ്ഞ പുഞ്ചിരിയുമായി നിൽക്കുന്ന ആ ചരിത്രകാരൻ മറ്റാരുമല്ല, പ്രഫ. ജോർജ് മേനാച്ചേരി തന്നെ. ശതാഭിഷ്കിതനായിട്ടും ചരിത്രത്തിലും കലാപൈതൃകത്തിലും പഠനവും ഗവേഷണവും പ്രഭാഷണ പരമ്പരകളും അഭംഗുരം തുടരുകയാണ് അദ്ദേഹം. അനേകായിരങ്ങളുടെ ഗുരുനാഥനാണ്. പക്ഷേ, ഈ ഗവേഷക കുതുകിയുടെ ജ്ഞാനദാഹത്തിനു ശമനമില്ല.

തൃശൂർ സെന്റ് തോമസ് കോളജിൽ വിദ്യാർഥിയായിരുന്നപ്പോൾ പ്രഫ. ജോർജ് മേനാച്ചേരിയുടെ ക്ലാസുകൾ കേൾക്കാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ ക്ലാസിൽ വിദ്യാർഥിയാകാനുള്ള ഭാഗ്യം എനിക്കുണ്ടായില്ല. എന്നാൽ പിന്നീട് മാധ്യമ പ്രവർത്തന രംഗത്തു വന്നപ്പോൾ ചരിത്ര ഗവേഷകനും പണ്ഡിതനുമെന്ന നിലയിൽ അദ്ദേഹവുമായി അടിത്തിടപഴകാൻ അവസരം ലഭിച്ചു. ചരിത്രവും സംസ്കാരവുമായി ബന്ധപ്പെട്ട പ്രഭാഷണ പരമ്പരകൾ ശ്രവിക്കാനും കഴിഞ്ഞു. അദ്ദേഹത്തിന്റെ ചരിത്ര പഠനങ്ങൾ വായിച്ചറിഞ്ഞു. അനേകം വിവരങ്ങൾ വ്യക്തിപരമായി ഫോൺ സംഭാഷണങ്ങളിലൂടെയും അദ്ദേഹം പങ്കുവച്ചിട്ടുണ്ട്.

ഇംഗ്ലീഷ് പ്രഫസർ, ഷെവലിയാർ പദവിയുള്ള സമുദായ ശ്രേഷ്ഠൻ എന്നീ നിലകളിൽ ശ്രദ്ധേയനായ പ്രഫ. ജോർജ് മേനാച്ചേരിയെ ചരിത്രകാരൻ എന്ന നിലയിലാണ് ലോകം ആദരിക്കുന്നത്.

ശതാഭിഷിക്തമായ പുണ്യജീവിതം മലയാളികളുടെ അഭിമാനമാണ്. വൈജ്ഞാനിക ശോഭയാണ്. ആയുരാരോഗ്യങ്ങൾ നേരുന്നു.



ആലുവ സെമിനാരി
ഗോഥിക് ചാപ്പൽ



യൂണി. കോളേജ്
തിരുവനന്തപുരം

# സോവനീയറുകൾക്ക് അർത്ഥം നൽകിയ മാഷ്

ബാബു ചിറ്റിലപ്പിള്ളി

പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തൃശ്ശൂർ സന്ദർശന വേളയിലാണ് 1986–ൽ ഞാൻ പ്രൊഫസർ ജോർജ് മേനാച്ചേരി മാസ്റ്ററെ പരിചയപ്പെടുന്നത്. അന്ന് തൃശൂർ പുത്തംപള്ളി കേന്ദ്രീകരിച്ച് മാർപ്പാപ്പയുടെ സന്ദർശനത്തിന്റെ ഓഫീസ് വർക്കുകളും പ്രത്യേകമായി സ്മരണികയുടെ ക്രിയേറ്റീവ് വർക്കു കളുമായി സഹായിയായി എന്നെ തിരഞ്ഞെടുക്കുന്നത്. ഫാദർ ലൂയിസ് എടക്കളൊത്തുരച്ചനാണ് സുവനിയറിനുവേണ്ടി ബ്ലാക്ക് ആൻഡ് വൈറ്റ് പ്രിന്റിംഗ് വർക്കുകൾ തൃശ്ശൂർ ലൂമിയ പ്രസിലാണ് നടത്തിയിരുന്നത്. ഇവിടുത്തെ വർക്കുകൾ കോർഡിനേറ്റ് ചെയ്തിരുന്നത് ശ്രീ. ജേക്കബ് ചെങ്ങലായിയായിരുന്നു. ജേക്കബ് ചേട്ടനൊപ്പം ഞാനും കൂടി. മലയാളം & ഇംഗ്ലീഷ് മാറ്റർ കൂടിചേർത്ത് അന്തർ ദേശീയ നിലവാരത്തിൽ ഒരുക്കിയ സ്മരണികയുടെ ബ്ലാക്ക് ആൻഡ് വൈറ്റ് പേജുകളാണ് തൃശ്ശൂർ ലൂമിയർ പ്രസ്സിൽ പ്രിന്റ് ചെയ്തിരുന്നത്. കളർ പ്രിന്റിങ്ങ് അന്ന് നമ്മുടെ നാട്ടിൽ അപൂർവമായിരുന്നു അതിന് സൗകര്യമുള്ള പ്രസുകളും ഇല്ലായിരുന്നു. ആയതിനാൽ ഈ സ്മരണികയ്ക്ക് കളർ പേജുകൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയത് മേനാച്ചേരി മാസ്റ്ററെയായിരുന്നു. ബ്ലാക്ക് ആൻഡ് വൈറ്റ് അച്ചടികണ്ട് ശീലിച്ച ഞങ്ങളുടെ മുന്നിലേക്ക് മാർപ്പാപ്പയ്ക്ക് സ്വാഗതമേകുന്ന മാർപാപ്പയുടെ വിശേഷങ്ങളും അനേകം കളർ ചിത്രങ്ങൾ നിറഞ്ഞ ഒരു അത്ഭുത പേപ്പർ സപ്ലിമെൻറ് ആയിട്ടായിരുന്നു അന്ന് മാസ്റ്റർ ഞങ്ങളുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നത്. മദ്രാസ് പ്രസാദ് പ്രോസ്സിൽ അതിന്റെ വർക്കുകൾ മാസ്റ്റർ ഒറ്റയ്ക്ക് കൈകാര്യം ചെയ്യുകയായിരുന്നു. മാർപാപ്പയുടെ ഭാരത സന്ദർശനത്തിന്റെ മികച്ച സപ്ലിമെൻറ് തൃശ്ശൂരിൽ നിന്ന് മാസ്റ്റർ തയ്യാറാക്കിയ സപ്ലിമെൻറ് തന്നെയായിരുന്നു. സ്മരണികയ്ക്ക്വേണ്ടി

പിന്നീടുള്ള പ്രവർത്തനങ്ങളിൽ എന്നെ മാസ്റ്റർ വളരെ കരുതലോടെ തന്നെ സഹായിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്തു.

മാർപാപ്പയുടെ സന്ദർശനത്തിനു ശേഷമായിരുന്നു സ്മരണികയുടെ പണികൾ കൂടുതലും ചെയ്തത്. ഈ മേഖലയിൽ തുടക്കം ആയിരുന്നതിനാൽ മാസ്റ്ററും ജേക്കബ് ചെങ്ങലയി ചേട്ടനും എന്നെ കൂടെ കൂട്ടാൻ ഒത്തിരി പരിശ്രമിച്ചിട്ടുണ്ട്. അന്ന് സ്മരണകയിലേക്ക്‌വേണ്ടി ഉത്സാഹിച്ചിരുന്ന കൺവീനർ ആയിരുന്ന ശ്രീ.സി.എം ജോർജ്, ശ്രീ. എം ഓ ജോൺ, മദർ സിസ്റ്റർ ക്ലിയോപാട്ര തുടങ്ങിയ പേരുകൾ പ്രത്യേകം ഓർമ്മയിൽ വരുന്നു. സ്മരണികയുടെ കളർ പേജുകൾ മേനാച്ചേരി മാസ്റ്റർ തന്നെ മദ്രാസിൽ പ്രിന്റ് ചെയ്തു കൊണ്ടുവന്ന് ഇവിടെ പ്രിൻറ് ചെയ്ത പേജുകൾക്കൊപ്പം ചേർത്ത് ബൈന്റ് ചെയ്ത് മനോഹരമാക്കുകയായിരുന്നു ചെയ്തത്. എന്റെ അറിവിൽ മൾട്ടി കളറിൽ ഇത്ര ആകർഷകമായ രീതിയിൽ അണിയിച്ചൊരുക്കിയ ആദ്യത്തെ പുസ്തകം തൃശൂരിൽ നിന്നുള്ള ഈ സ്മരണികയായിരിക്കണം.

**തൃശൂർ കലാസൻ പ്രസിഡണ്ട്**

വിശുദ്ധ ജോൺപോൾ മാർപാപ്പയുടെ ഭാരത സന്ദർശനം സ്മരണികയുടെ പ്രസിദ്ധീകരണത്തിന്ശേഷം മാസ്റ്റർ കലാസദൻ പ്രസിഡണ്ടായപ്പോഴാണ് മാഷുമായി ഞാൻ കൂടുതൽ അടുക്കുന്നത്. മാസ്റ്റർ 1984 മുതൽ 1992 വരെ തൃശ്ശൂർ  കലാസദൻ പ്രസിഡണ്ട് ആയിരുന്നു. മാർപാപ്പയുടെ സന്ദർശനത്തിനുശേഷം തൃശ്ശൂർ കാത്തലിക് സെൻററിന്റെയും, കാത്തലിക് യൂണിയൻ & കെസിവൈഎം, ടെമ്പസ്റ്റ് മാസികയുടെയും മാനേജരായി എന്നെ നിയമിച്ചു. തൃശ്ശൂർ കലാസദന്റേയും, മാസ്റ്റർ തന്നെ നേതൃത്വം നൽകിയിരുന്ന ലേ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ആസ്ഥാനവും കാത്തലിക് സെൻററിൽ, തന്നെയായിരുന്നു. മിക്കവാറും ദിവസങ്ങളിൽ മാസ്റ്റർ കാത്തലിക് സെന്ററിൽ വരുമായിരുന്നു. കാരണം തൃശ്ശൂർ രൂപതയിലെ സംഘടനകളുടെ കെ.സി.വൈ.എം., സി.എൽ.സി., സി.എൽ.എ., കെ.സി.എസ്.എൽ., കലാസദൻ, സോഷ്യൽ ആക്ഷൻ എന്നിവയുടെയെല്ലാം ആസ്ഥാന അന്ന് കാത്തലിക് സെൻറർ ആയിരുന്നു. ടെമ്പസ്റ്റ് മാസികയ്ക്ക് വേണ്ടി ആവശ്യമായ ഉപദേശങ്ങളും ഒത്തിരി ചരിത്ര ലേഖനങ്ങളും മാസ്റ്റർ തയ്യാറാക്കി തന്നിരുന്നു. കാത്തലിക് സെൻറർ സന്ദർശനവേളകളിൽ മാസ്റ്റർ തന്നെയാണ് എന്നെ തൃശൂർ കലാസദന്റെ പ്രവർത്തനങ്ങളിൽ സഹകാരി ആക്കിയത്. കലാസദന്റെ പ്രസിഡണ്ട് എന്ന നിലയിൽ ഏറ്റവും നന്നായി പ്രവർത്തിച്ച പ്രസിഡണ്ടുമാരിൽ പ്രമുഖ്യസ്ഥാനം മാസ്റ്റർ അലങ്കരിക്കുന്നു എന്ന് നിസംശയം പറയാം. അക്കാലത്ത് സംഘടിപ്പിച്ച ചിത്ര പ്രദർശനം, ചിത്ര-ശില്ല പരിശീലന കളരി, ചരിത്ര ക്വിസ്, എന്നിവ എടുത്തു പറയേണ്ടവയാണ്. മാസ്റ്ററുടെ പ്രോത്സാഹനവും

നിർദ്ദേശാനുസരണവും ഞാൻ കൺവീനറായി സംഘടിപ്പിച്ച മാർഗംകളി ശില്പശാല, മാധ്യമ ശില്പശാല, കാർട്ടൂൺ വർക്ക്ഷോപ്പ്, എന്നിവ സീറോ മലബാർ സഭ ചരിത്രത്തിലെ തന്നെ ആദ്യ കാൽ വെപ്പുകളായിരുന്നു. കേരളത്തിൽ ലഭ്യമായതിൽ വച്ച് ഏറ്റവും മികച്ച ഗുരുക്കന്മാരായിരുന്നു ഈ ശില്പശാലകൾ നയിച്ചിരുന്നത്. മാർഗംകളി ശില്പശാലയ്ക്ക് ഫാദർ ജേക്കബ് വെള്ളിയാനും മാധ്യമ ശില്പ ശാലയ്ക്ക് ദൂരദർശനിലെ ശ്രീ. ജോൺ ഉലഹന്നാനും ആണ് (അന്ന് ദൂരദർശൻ മാത്രമേ ചാനൽ ഉണ്ടായിരുന്നുള്ളൂ) കാർട്ടൂൺ ശില്പശാല അരങ്ങ് പ്രമുഖ കാർട്ടൂണിസ്റ്റ് ആയിരുന്ന ടോംസ് ആണ് നേതൃത്വം വഹിച്ചത്.

### അതിരൂപത സെന്റിനറി സ്മാരകം ഗ്രന്ഥം

1997ൽ അതിരൂപത സെന്റിനറി ആഘോഷിച്ചപ്പോൾ അതിന്റെ സ്മരണികക്ക് ഒന്നര വർഷത്തോളം ചിലവിടുകയുണ്ടായി രൂപത യിലെ മുഴുവൻ ഇടവകകളുടേയും സംഘടനകളുടെയും കോൺ ഗ്രിഗേഷനുകളുടെയും രൂപതയുടെ ചരിത്രവും ചിത്രങ്ങളും ചിത്രീകര ണങ്ങളും ചേർത്ത് ഈ സ്മരണികയ്ക്ക് ജീവൻ നൽകുവാൻ ഏറെ സഹായിച്ച ഒരാൾ മേനാച്ചേരി മാസ്റ്ററായിരുന്നു. സഭാസംബന്ധിയായ അറിവുകളുടെ അക്ഷയഖനിയായ മാസ്റ്റർ കൂടെ ഉണ്ടെങ്കിൽ ഒരിക്കലും എനിക്ക് എല്ലാറ്റിനും ഇരട്ടി ധൈര്യമായിരുന്നു. മാസ്റ്റർ എന്നെ പഠി പ്പിച്ചിട്ടില്ലെങ്കിലും ഒരു ശിഷ്യനെക്കാളും മകന്റെ സ്ഥാനമാണ് എനിക്ക് നൽകിയിട്ടുള്ളത്. കൂടുതൽ കരുതലും താൽപര്യവും മാസ്റ്റർ എനിക്ക് തന്നിരുന്നു.

ഒരിക്കലും തന്റെ പാണ്ഡിത്യവും അറിവും വിജ്ഞാനവും ഒന്നും പെരുമാറ്റത്തിൽ കാണിക്കാത്ത സാധാരണക്കാരനോടൊപ്പം വളരെ എളുപ്പം ഇടപഴകി അവരെ മാനസികമായി ശിക്ഷ്യപ്പെടുത്തുന്ന ഒരു വ്യവസ്ഥ രീതിയാണ് മാസ്റ്ററുടേത്.

### പാസ്റ്റർ കൗൺസിൽ

എനിക്ക് ഓർമ്മവച്ചത് മുതൽ അതിരൂപതയുടെ പാസ്റ്റർ കൗൺസി ലിൽ മെമ്പറാണ് മാസ്റ്റർ. കൗൺസിലിലെ ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും തന്റെ വ്യക്തവും വ്യത്യസ്തവുമായ അഭിപ്രായങ്ങൾ പോലും ശക്തമായി പറയുകയും എന്നാൽ ആരെയും വേദനിപ്പിക്കാ തെയും കൊള്ളേണ്ടത് ലക്ഷ്യത്തിൽ കൊണ്ട് ശരിയായ ഫലം പുറ പ്പെടുവിക്കാനും മാസ്റ്റർക്ക് പ്രത്യേകം പ്രാവീണ്യമുണ്ട്. പാസ്റ്റർ കൗൺ സിലിൽ ഒരിക്കൽ പോലും അദ്ദേഹം മുടങ്ങുന്നത് കണ്ടിട്ടില്ല. ഓരോ പാസ്റ്റർ കൗൺസിലുകളിലും ബന്ധപ്പെട്ട ശക്തമായ ഒരു നിർദ്ദേശമോ

ഉപദേശമോ അദ്ദേഹം നൽകിയിരിക്കും അത്യന്തം ശ്രദ്ധ പതിപ്പിക്കേണ്ട ഒരു മേഖല തന്നെ ആയിരിക്കും അത്.

സഭാ പഠനങ്ങൾക്കും ഗവേഷണ ങ്ങൾക്കുമായി മാറ്റിവെച്ച അദ്ദേഹത്തിന് സീറോ മലബാർ സഭ 2008 മെയ് ഷെവലിയാർ സ്ഥാനം നൽകി ആദരിക്കുകയുണ്ടായി. ജോർജ് മേനാച്ചേരി മാസ്റ്റർ ഒല്ലൂരിലും ലൂർദ് പള്ളിയിലും ആയി തുടക്കമിട്ട, അദ്ദേഹം ശേഖരിച്ചു കൊണ്ടു വന്ന പുരാവസ്തുക്കൾ ആണ് ഇന്നത്തെ നമ്മുടെ പാലയൂർ ചരിത്ര മ്യൂസിയത്തിന്റെ അടിത്തറ. ശേഖരണത്തിലെ മികച്ചത് പലതും അവയിൽ നിന്ന് നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് മാസ്റ്റർ തന്നെ പറയുന്നുണ്ട് ചരിത്രപണ്ഡിതൻ, ഗവേഷകൻ, അധ്യാപകൻ, കലാസാംസ്കാരിക പ്രവർത്തകൻ, ഗ്രന്ഥകർത്താവ്, പ്രഭാഷകൻ, മാധ്യമപ്രവർത്തകൻ, സംഘാടകൻ, പ്രസാധകൻ എന്നിങ്ങനെ വിശേഷങ്ങൾക്കതീതനാണ് അദ്ദേഹം. പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്ത് നേരിട്ട് റിപ്പോർട്ട് ചെയ്ത ഭാരതത്തിൽ നിന്നുള്ള ഏകപത്ര പ്രതിനിധി ജോർജ് മേനാച്ചേരി മാസ്റ്ററായിരുന്നു എന്നത് അധികമാർക്കും അറിയാത്ത സത്യമാണ്. സഭയ്ക്കും സമൂഹത്തിനുംവേണ്ടി തന്റെ ജീവിതവും സമ്പാദ്യവും സമയവും സർവ്വവും സമർപ്പിച്ചുകൊണ്ടുള്ള ഒരു ജീവിതമാണ് മാസ്റ്ററുടെ ഞാൻ ആദരവോടെ നോക്കിക്കാണുന്ന അപൂർവ്വം അധ്യാപകരിൽ ഒരാൾ. പ്രൊഫ. ജോർജ് മേനാച്ചേരി മാസ്റ്റർക്കൊപ്പം പ്രവർത്തിക്കാൻ സാധിച്ചു എന്നത് അഭിമാനത്തോടെ അല്ല അല്പം അഹങ്കാരത്തോടെ തന്നെ ഞാൻ പറയട്ടെ മാസ്റ്റർക്ക് ആയുരാരോഗ്യ സൗഖ്യവും ശാന്തിയും സമാധാനവും സന്തോഷവും പ്രാർത്ഥനകളും മാത്രം ആശംസിക്കുന്നു.

# പ്രൊഫസർ ഷെവലിയർ ഡോക്ടർ ജോർജ് മേനാച്ചേരി

ബാബു പാനിക്കുളം

**പ്രൊഫസർ ഷെവലിയർ ഡോക്ടർ ജോർജ് മേനാച്ചേരി:** നീണ്ട 39 വർഷത്തെ ബാങ്ക് ജോലിയിൽ നിന്നും അടുത്തൂൺ പറ്റി പിരിഞ്ഞ ശേഷം ഇനിയുള്ള ജീവിതത്തിന്റെ വിരസത എങ്ങനെ കൈകാര്യം ചെയ്യണം എന്ന് കാര്യത്തെപ്പറ്റി അഗാധമായി ചിന്തിച്ച് ഒരു എത്തും പിടിയും ഇല്ലാതെ ഇരിക്കുമ്പോഴാണ് ബാങ്കിലെ എന്റെ മേലുദ്യോഗസ്ഥർ ആയിരുന്ന എനിക്കുമുൻപേ അടുത്തൂൺ പറ്റിപ്പിരിഞ്ഞ ശ്രീ കാക്കപ്പൻ ആലപ്പാട്ട്, ശ്രീ. പി. വി. ജോസ്, ശ്രീ. എ. എഫ്. ജോർജ്. ശ്രീ മാത്യു ജോർജ്, വി.പി. ജോസഫ് തുടങ്ങിയ സാറന്മാർ കൂടിയാലോചിച്ച് ഇവരെല്ലാം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ഞങ്ങളുടെ ഗ്രാമത്തിലെ ഏക വിദ്യാഭ്യാസ സ്ഥാപനമായ കാട്ടൂർ പോംപെ സെന്റ് മേരിസ് സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളും തൃശ്ശൂർ സ്വരാജ് റൗണ്ടിൽ നിന്നും ഏതു ദിശയിൽ അളന്നാലും 10 കിലോമീറ്റർ ദൂരത്തിനുള്ളിൽ സ്ഥിര താമസമാക്കിയവരോ സ്ഥാപന വസ്തുക്കൾ ഉള്ളവരോ ആയ എല്ലാവരെയും ചേർത്ത് ഒരു പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിക്കണമെന്ന് ഒരാശയം രൂപീകരിച്ച വിവരം ഞാൻ അറിഞ്ഞത്. എന്റെ പിതാവിന്റെ ജോലിയിൽ നിന്നുള്ള വിരമിക്കലിന്റെ മുന്നോടിയായി അദ്ദേഹം തന്റെ കുടുംബത്തെ ജന്മനാടായ കാട്ടൂരിലേക്ക് പറിച്ചു നട്ടതിന്റെ ഭാഗമായി എന്നെ കാട്ടൂർ ഹൈസ്കൂളിൽ ഒമ്പതാം തരത്തിൽ ചേർത്തി. അങ്ങനെ ഞാനും ആ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി ആയിരുന്നു. കൂട്ടത്തിൽ പ്രായം കുറവായിരുന്നതിനാലും പ്രത്യേകിച്ച് ജോലിയൊന്നും ഇല്ലാതിരുന്നതിനാലും ഗുരുതുല്യരായ മേൽപ്പറഞ്ഞവരുടെ നിർബന്ധത്താലും മേൽപ്പടി സംഘടനയുടെ സെക്രട്ടറി സ്ഥാനം എന്നിൽ അർപ്പിതമായി. കാട്ടൂർ പോംപെ സെന്റ് മേരിസ് സ്കൂൾ അലുമിനി അസോസിയേഷൻ സ്ഥാപിതമാകുന്ന

ആദ്യ യോഗത്തിൽ വച്ചാണ് ഞാൻ ഷെവലിയർ പ്രൊഫസർ ജോർജ് മേനാച്ചേരി അവർകളെ ആദ്യമായി കാണുന്നത്. വിശുദ്ധ ഗ്രിഗറി പുണ്യവാളന്റെ പടത്തലവനായി പരിശുദ്ധ മാർപാപ്പയാൽ അവരോധിതനായ ആ മഹത്വ്യക്തിയെ ജീവിതത്തിൽ ആദ്യമായി ഒരു ആനയെ കാണുന്ന കൊച്ചു കുട്ടിയുടെ കൗതുകത്തോടെ ഒരുപാട് നേരം കണ്ണിമ വെട്ടാതെ നോക്കി നിന്നു. ആദ്യ കൗതുകം കഴിഞ്ഞപ്പോൾ പതുക്കെപ്പതുക്കെ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. ഞാൻ കാട്ടൂരിൽ ജീവിച്ച പത്ത് പന്ത്രണ്ട് കൊല്ലത്തിനിടയിൽ അത്യാവശ്യം പൊതുകാര്യങ്ങളിൽ ഇടപെട്ടിരുന്നതിനാൽ കാട്ടൂർ എടത്തിരുത്തി കരാഞ്ചിറ തുടങ്ങിയ പരിസരപ്രദേശങ്ങളിലെ ഒരുവിധം വീട്ടുകാരെ പ്രത്യേകിച്ച് ക്രിസ്ത്യാനി കുടുംബങ്ങളെ മുഴുവൻ അറിയാമെന്ന ഒരു സ്വകാര്യ അഹങ്കാരം ഉണ്ടായിരുന്നു എനിക്ക്. മേനാച്ചേരി എന്ന ഒരു വീട്ടുപേര് ആ പ്രദേശങ്ങളിൽ ഇല്ല എന്നറിയാമായിരുന്നു. പിന്നെങ്ങനെ ഇദ്ദേഹം കാട്ടൂർ സ്കൂളിൽ പൂർവ്വ വിദ്യാർത്ഥിയായി എന്ന് എന്റെ സംശയം അദ്ദേഹം തന്നെ തീർത്തു തന്നു. കാട്ടൂരിലെ പുരാതനമായ ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടിലെ പുത്തൻപുര എന്ന ശാഖയിലെ സാക്ഷാൽ കുഞ്ഞുവറീത് ചേട്ടന്റെ പെൺമക്കളിൽ ഒല്ലൂരിലെ മേനാച്ചേരി എരിഞ്ഞേരി കുടുംബത്തിലേക്ക് വിവാഹം ചെയ്തുകൊടുത്ത കുഞ്ഞേത്തിയുടെ മകനാണെന്നും ആൺമക്കൾ ഇല്ലാത്ത കുഞ്ഞുവറീതിന്റെ പത്നി മരിച്ചതിനുശേഷം അദ്ദേഹത്തിന് കൂട്ടായി കുഞ്ഞേത്തിയും മക്കളും കാട്ടൂരിലെ പിതൃഭവനത്തിലേക്ക് കുറച്ചുകാലം താമസിക്കുകയും ഉണ്ടായി. ഈ അവസരത്തിലാണ് ശ്രീ ജോർജ് കാട്ടൂർ സ്കൂളിൽ പഠിക്കാൻ ഇടവന്നത്. അലുമിനി അസോസിയേഷന്റെ പ്രഥമ എക്സിക്യൂട്ടീവ് യോഗത്തിൽ തന്നെ അദ്ദേഹം മുന്നോട്ടുവെച്ച ഒരു ആഗ്രഹമായിരുന്നു അംഗങ്ങൾ എല്ലാവരും പഠിച്ച ആ വിദ്യാലയത്തെ പറ്റി ഒരു സ്മരണിക പ്രസിദ്ധീകരിക്കണമെന്ന്. തുടർന്നുള്ള എല്ലാ യോഗങ്ങളിലും അദ്ദേഹം തന്റെ ഈ ആഗ്രഹം മുന്നോട്ടുവെച്ചുവെങ്കിലും അത്തരമൊരു സ്മരണിക പ്രസിദ്ധീകരണത്തെപ്പറ്റി കമ്മറ്റി അംഗങ്ങൾ ഗൗരവമായി ചിന്തിക്കുവാൻ തുടങ്ങിയത് അഞ്ചാറു കൊല്ലങ്ങൾക്ക്ശേഷം മാത്രമാണ്. സ്വാഭാവികമായും സ്മരണികയുടെ മുഖ്യപ്രസാധകനായി ജോർജ് സാർ തന്നെ നിയമിതനായി. അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി സെക്രട്ടറിയായ ഞാൻ സ്വാഭാവികമായും സോവനീർ കമ്മിറ്റിയുടെ കൺവീനറായി. അതിന് ശേഷമാണ് എനിക്ക് ജോർജ് സാറുമായി കൂടുതൽ അടുത്ത് ഇടപെടുവാൻ അവസരം ഉണ്ടായത് 38, 39 വർഷം ഒരു ധനകാര്യ സ്ഥാപനത്തിൽ ജോലി ചെയ്ത എനിക്ക് പ്രസിദ്ധീകരണ രംഗത്ത് യാതൊരു മുൻപരിചയവും ഇല്ലായിരുന്നു. എന്നാൽ ജോർജ് സാറിന്റെ നിസ്വാർത്ഥമായ സഹകരണവും കരുതലും പരിചയസമ്പത്തും ഒരു അധ്യാപകൻ തന്റെ വിദ്യാർഥിയെ

നയിക്കുന്ന പോലെ എല്ലാ കാര്യത്തിലും എന്റെ മുൻപിൽ ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഞാൻ ഭയപ്പെട്ടിരുന്ന പോലെയുള്ള അബദ്ധങ്ങളോ അപകടങ്ങളോ ഒന്നുമില്ലാതെ ഒരു വിധം നന്നായി തന്നെ ആ **സ്മരണിക 2020** പ്രസിദ്ധീകരിക്കുകയും ഉണ്ടായി. സാമ്പത്തികമായും അതൊരു വിജയമായിരുന്നു. ആ സ്മരണികയുടെ ഓരോ താളിലും ജോർജ് സാറിന്റെ കൈമുദ്ര പതിഞ്ഞിട്ടുണ്ടായിരുന്നു. എനിക്ക് എപ്പോഴും സമീപിക്കുവാനും സംശയങ്ങൾ ദൂരീകരിക്കുവാനും വിശദീകരികരണങ്ങളും വിദഗ്ധ ഉപദേശങ്ങകരണങ്ങളും നൽകാനും സന്നദ്ധനായിരുന്ന ജോർജ് സാർ ഇല്ലായിരുന്നെങ്കിൽ അത്തരം ഒരു സാഹസത്തിൽ നിന്ന് ഞാൻ പിന്മാറി പോകുമായിരുന്നു. ഈ അവസരത്തിൽ എന്റെ ഗുരു സ്ഥാനിയായിരുന്ന ജോർജ് സാറിന് നന്ദിയുടെ ഒരു വാക്ക് ഇവിടെ കുറിക്കട്ടെ. ഈ അടുത്തകാലത്ത് അദ്ദേഹത്തിന് ഡോക്ടറേറ്റ് ലഭിച്ചതിൽ ഏറ്റവുമധികം സന്തോഷിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. അദ്ദേഹത്തിന് ദൈവം ദീർഘായുസ്സും ആരോഗ്യവും ഇനിയും ധാരാളം മേഖലകളിൽ അദ്ദേഹത്തിന്റെ കഴിവുകൾ തെളിയിക്കാനുള്ള അവസരങ്ങളും സർവ്വശക്തനായ ദൈവം നൽകട്ടെയെന്ന് ഹൃദയം തുറന്ന് പ്രാർത്ഥിക്കുന്നു.

# ജോർജ് മാസ്റ്റർ വിളക്കും വഴികാട്ടിയും

ഡോ. പി വി ഔസേപ്പ്

1978–79 കാലഘട്ടത്തിൽ മുണ്ടത്തിക്കോട് ഹൈസ്കൂളിൽ സംസ്കൃത ഭാഷ അധ്യാപകനായി സേവനം ചെയ്തുകൊണ്ടിരുന്ന അവസരത്തിലാണ് കേരള ക്രിസ്ത്യൻ സഭ ചരിത്രകാരനായ ജോർജ് മേനാച്ചേരി എന്ന പ്രതിഭയെ പരിചയപ്പെടുന്നത്. പാരമ്പര്യനിർമിതികളുടെ രൂപകൽപ്പനയും ആവിഷ്കാരവും കാലഘട്ടങ്ങളിലൂടെ ഉള്ള നിലനിൽപ്പും എന്നിവയൊക്കെ അന്വേഷിക്കുകയും പഠിക്കുകയും ചെയ്തിരുന്ന എനിക്ക് ലക്ഷ്യബോധത്തോടെയുള്ള ഗവേഷണത്തിനും പഠനത്തിനും വഴിയൊരുക്കി തന്നത് ജോർജ് മാസ്റ്ററുടെ കൃത്യ മായ ഇടപെടലുകൾ കൊണ്ടാണ്. ഈ ഇടപെടൽ എന്നെ ഹൈസ്കൂൾ അധ്യാപകനിൽ നിന്നും കോളജ് അധ്യാപകനായും പിന്നീട് കാലടി സംസ്കൃത സർവ്വകലാശാലയിൽ വാസ്തു വിഭാഗം തലവനും പ്രൊഫസറും അദർ സ്റ്റാറ്റിക് സ്റ്റഡീസ് എന്ന ഫാക്കൽട്ടിയിൽ ഡീനായും എനിക്ക് എത്തിപ്പെടുവാനും ഇടവരുത്തിയത്. സംസ്കൃത ഭാഷാ ജ്ഞാനം ഭാരതീയ പാരമ്പര്യ നിർമ്മാണ ശാസ്ത്രത്തെ സംസ്കൃത ഭാഷാവിരചിതങ്ങളായ മൂലഗ്രന്ഥങ്ങളെ അടുത്തറിയുവാൻ സാധ്യമാകും എന്ന് തിരിച്ചറിവ് നൽകിയത് കൊണ്ടാണ് ജോർജ് മേനാച്ചേരി മാസ്റ്റർ എന്നെ ആവേശം കൊള്ളിച്ചതും വാസ്തുശാസ്ത്രം ഗവേഷണത്തിനും വിഷയമാക്കി കോഴിക്കോട് സർവ്വകലാശാലയിൽ സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിന് 1993 ഗവേഷണ ബിരുദം ലഭിച്ചതും. ഇതിനെ തുടർന്നാണ് സെന്റ് തോമസ് കോളേജിൽ നിന്നും കാലടി സംസ്കൃത സർവ്വകലാശാലയിൽ ഗവേഷണത്തിനായി ചേർന്നത്. ജോർജ് മാസ്റ്ററുടെ നേതൃത്വത്തിൽ തൃശ്ശൂരിൽ നടത്തപ്പെട്ട കേരള സഭാചരിത്ര പഠന ക്ലാസുകൾ അതിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട പഠനയാത്രകൾ എല്ലാം തന്നെ സഭാചരിത്രത്തിലേക്കും

സഭ നിർമ്മിതികളിലേക്കും വലിയ ഉൾക്കാഴ്ചയാണ് നൽകിയത്. തൃശ്ശൂരിൽ നിന്ന് പുറപ്പെട്ട ഈ പഠനയാത്ര കേരളത്തിലെ പൗരാണിക ദേവാലയങ്ങളെയും ചരിത്രങ്ങൾ നിറഞ്ഞുനിൽക്കുന്ന ഇടങ്ങളിലൂടെ യും ആയിരുന്നു. അങ്കമാലി, കോട്ടയം, കടുത്തുരുത്തി, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ പ്രാചീന ദേവാലയങ്ങളിലൂടെയും അമ്പഴക്കാട്, പ്രാചീന സെമിനാരി, വല്ലാർപാടം, രാജസ്ഥാനം, കൂനൻ കുരിശിടം, എന്നിങ്ങനെ ഉള്ള ഇടങ്ങളിലൂടെ പഠനയാത്ര മുന്നോട്ടുപോയി. ഇത്തരം ഇടങ്ങൾ കാണാൻ പോകുന്നതിന് മുൻപ് തന്നെ മാസ്റ്റർ ഈ പ്രദേശത്തെയും പൂർവ്വ ചരിത്രത്തെയും നിർമ്മിതികളെയും കൈകോർത്ത് ഇണക്കിക്കൊണ്ട് വിവരണങ്ങൾ ബസ്സിൽ നടത്തി യിരുന്നു. ഈ വിവരണങ്ങൾ കേട്ടു കഴിഞ്ഞശേഷം ഈ ഇടങ്ങളെ കാണുമ്പോൾ എല്ലാ വസ്തുതകളും കൃത്യമായി പഠിക്കാൻ സാധി ക്കുമായിരുന്നു. 80–ാളം പഠിതാക്കളാണ് ഈ പഠന സമൂഹത്തിൽ ഉണ്ടായിരുന്നത് കാലടി സംസ്കൃത സർവകലാശാലയിൽ വാസ്തു വിഭാഗം സംഘടിപ്പിച്ച സെമിനാറുകളിൽ ജോർജ് മാസ്റ്റർ നിറ സാന്നി ധ്യമായിരുന്നു. സെമിനാറുകളിൽ സാർ കൈകാര്യം ചെയ്തി രുന്ന വിഷയം കേരളീയ ക്രൈസ്തവ പാരമ്പര്യ രീതികളെക്കുറിച്ച് ആയി രുന്നു. ഓരോ ക്രിസ്ത്യൻ നിർമ്മിതികളെയും നിർമ്മാണ കുശലതയും രീതികളും കാലാന്തരത്തിൽ വന്ന മാറ്റങ്ങളും എല്ലാം തന്നെ വിഷയീ കരിച്ചിരുന്നു. പാരമ്പര്യമായി കേരളത്തിലെ ആശാരിമാർ ചെറിയ ചെറിയ മരത്തുണ്ടുകൾ ചേർത്തുവച്ച് ഉത്തരം, കഴുക്കോലുകൾ, വാരോത്തരം, പത്രോത്തരം, ആത്രഡോത്തരം, എന്നി അവയവങ്ങൾ കൂട്ടിയിണക്കി ത്രിമാന സ്വഭാവത്തോടെ ആയിരുന്നു നിർമ്മിതികൾ. എന്നാൽ പോർത്തീസുകാർ ഇത്തരം ദേവാലയം നിർമിതികളെ ക്രൈ സ്തവാകാരം വേണമെന്ന ആഗ്രഹത്തോടെ ത്രിമാന സ്വഭാവത്തോടെ മഴ കാറ്റ് എന്നിവയെ അതിജീവിച്ചിരുന്ന രൂപത്തെ മാറ്റി ക്രമീകരിച്ചു. ത്രിമാന സ്വഭാവത്തോട് കൂടിയ മേൽക്കൂരയിലെ മുന്നോട്ടും പിറകോ ട്ടുമുള്ള ചരിവിനെ മാറ്റി കുതിരപ്പന്തി എന്ന വിധം ദേവാലയത്തിന്റെ മുന്നിലും പിന്നിലും മുഖവാരവും മണിമാളികയും നിർമ്മിച്ച രൂപ മാറ്റം വരുത്തുന്ന വലിയ ശ്രമം ആണ് ഉണ്ടായത്. അതായത് മേൽക്കൂരയിലെ തോടി കഴുക്കോലുകൾ മാറ്റി നിർത്തി കഴുക്കോൽ ദ്വിമാന മേൽക്കൂരകൾ ആക്കി മാറ്റി മുഖവശങ്ങൾ പണിതീർത്തു. ചരിത്ര പഠനസംബന്ധമായ ധാരാളം ഗഹനമായ ചർച്ചകൾ മാസ്റ്ററുമായി നടത്തിയിരുന്നു. ഇതിൽ എടുത്തു പറയാവുന്ന ഒരു ചർച്ചയായിരുന്നു മാർത്തോമാ കുരിശിന്റെ ആവിർഭാവവും താത്വിക അവലോകനവും. ഭാരതീയമായ കാഴ്ചപ്പാടിൽ കുരിശിനെ ഭക്തജന ങ്ങൾക്ക് ത്രിത്വത്തെ ഭക്തിയിൽ ആശയത്തിൽ അവതരിപ്പിക്കാൻ കാരണമായതുകൊണ്ടാണ് മാർത്തോമാ കുരിശ് ഉത്ഭവം ആയത്. ഭാരതത്തിൽ ത്രിത്വ സങ്കൽപ്പത്തിന്റെ ആരാധന ബിംബമാണ് ലിംഗ

ആരാധന. ഒരു ലിംഗ വിഗ്രഹത്തിൽ രൂപത്തെ വിവേചിക്കുകയാണെങ്കിൽ അത് സൃഷ്ടിയുടെയും സ്ഥിതിയുടെയും സംഹാരത്തിന്റെയും പ്രതീകാത്മകമായ വിഗ്രഹമാണ്. ഈ മൂന്നു കർമ്മങ്ങളും സൃഷ്ടി, സ്ഥിതി, സംഹാരം എന്നീ കർമ്മങ്ങൾ ത്രിമൂർത്തികളായ ബ്രഹ്മ, വിഷ്ണു, മഹേശ്വരനിൽ നിക്ഷിപ്തമാണെന്നാണ് ഭാരതീയദർശനം. ഈ തത്വമനുസരിച്ച് താഴെ ബ്രഹ്മകാണ്ഡവും നടുക്ക് വിഷ്ണുകാണ്ഡവും മുകളിൽ ശൈശവകാണ്ഡവും ആയി ലിംഗ വിഗ്രഹത്തെ സ്വീകരിച്ചിരിക്കുന്നു. ഇത് ജനത്തിന്റെ പ്രതീകമായ യോനിയിൽ ഉറപ്പിച്ചിരിക്കുന്നു. ഈ ആശയത്തെ ത്രിത്വത്തെ മനസ്സിൽ കണ്ടുകൊണ്ടാണ് മാർത്തോമ കുരിശിന് രൂപം കൊടുത്തത്. മാർത്തോമാ കുരിശിന്റെ അടിയിൽ വരുന്ന ഭാഗം താമരയിൽ തീർത്തിരിക്കുന്നു. ഭാരതീയ വിശ്വാസമനുസരിച്ച് ബ്രഹ്മാവ് വാസനാണ്. അതായത് പിതാവായ ദൈവം നടുക്ക് വരുന്നത് യേശുവിനെ പ്രതിനിധീകരിച്ച് കുരിശു രൂപമായാണ്. മുകൾഭാഗം തലകീഴായി മുകളിൽ നിന്ന് സ്വർഗ്ഗത്തിൽ നിന്നും താഴ്ന്നുവരുന്ന പരിശുദ്ധാത്മാവാണ്.

ഇപ്രകാരം ക്രമീകരിച്ചപ്പോൾ മാർത്തോമാ കുരിശ് വിശുദ്ധ ത്രിത്വത്തിന്റെ പ്രതീകമായി. മാർത്തോമാ കുരിശിന്റെ മുകളിലെ മൂന്നറ്റം രണ്ട് ഇലയും ഒരു മുകുളവും ചേർന്ന രൂപമാണ് ഒരുക്കിയിരിക്കുന്നത്. ഇതിനർത്ഥം ഈ കുരിശ് ഇവിടെ വളർന്നിരുന്ന ഒന്നായി പ്രദർശിപ്പിക്കപ്പെട്ടു. സഭ വളരുന്നതാണ് അതിൽ കൂടി അർ ത്ഥമാക്കുന്നത് ഈ ഒരു മുകുളവും രണ്ടിലയും മുകളിലേക്ക് ചില യാക്കി ആവിഷ്കരിച്ചപ്പോൾ ഇപ്പോഴുള്ള കുരിശിന്റെ അറ്റം രൂപമായി. മറ്റൊരു അവസരത്തിൽ കൃത്യമായി പറഞ്ഞാൽ കാക്കനാട് കർദിനാൾ ഹൗസിൽ ഒരു കരിങ്കൽ കുരിശ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി ഞാൻ മാസ്റ്ററെ അനുഗമിച്ചു. എറണാകുളം വരെ പോയ ഒരു അവസരം ആയിരുന്നു. പ്രാരംഭ കാലഘട്ടത്തിൽ ഓരോരോ വഴിയോരങ്ങളിൽ ഇന്ന് കുരിശുപള്ളി സ്ഥാപിക്കുന്നതിന് പകരം കുരിശുകൾ സ്ഥാപിച്ചിരുന്നു. ഇപ്രകാരം വഴിയോരങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്ന കുരിശുകൾ പ്രകാശത്തിന്റെ പ്രതീകങ്ങളായി വിശ്വസിക്കപ്പെടുന്നതായി. കരിങ്കൽ കുരിശുകളുടെ പീഠത്തിൽ വിളക്കുമാടങ്ങൾ ഉണ്ടാക്കി, അവിടെ തിരിയിട്ട് രാത്രിയും പകലും വിളക്കുകൾ കത്തിച്ചു പോന്നു. ഇപ്രകാരം വിളക്കിൽ എണ്ണ പകരുന്നത് അക്കാലത്ത് നസ്രാണി സമൂഹത്തിന്റെ നേർച്ചയായിരുന്നു. കീഴാളന്മാർക്ക് തീണ്ടലും ഐത്യവും ഇല്ലാതെ യഥേഷ്ടം അഗ്നി പകർന്ന് വീടുകളിലേക്ക് കൊണ്ടുപോകുവാനും സ്വാതന്ത്ര്യം ഉണ്ടായിരുന്നു. രാത്രികാലങ്ങളിലെ പ്രകാശ ഉപകരണം കെട്ടു പോയാൽ വഴിയോരത്ത് പ്രകാശിച്ചു കൊണ്ടിരിക്കുന്ന വിളക്കുമാടത്തിൽ നിന്ന് ചൂട്ടു കത്തിക്കുവാനും സാധിക്കുമായിരുന്നു. ചരിത്ര പഠനയാത്രയിൽ

അങ്കമാലി വലിയ പള്ളിയിൽ എത്തിയപ്പോൾ അവിടുത്തെ ചുമർ ചിത്രത്തെക്കുറിച്ച് എത്ര ആധികാരികമായാണ് ജോർജ് സാർ സംസാരിച്ചത്. ഈ ചിത്രത്തിന്റെ രചനാകാലം പ്രകൃതിദത്തമായ നിറകൂട്ടുകളുടെ നിർമാണം സ്വർഗ്ഗം നരകം എന്നീ വിഷയങ്ങളുടെ ആവിഷ്കാരം എല്ലാം തന്നെ വിവരണ വിഷയങ്ങൾ ആയിരുന്നു ഇതുപോലെ കടുത്തുരുത്തി ദേവാലയത്തിൽ എത്തിയപ്പോൾ അവിടത്തെ ഭിത്തിയിൽ ആലേഖനം ചെയ്യപ്പെട്ട മാലിയും കുരിശും താമരയും കോട്ടയും, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ പേർഷ്യ ഭാഷ ആലേഖനത്തോടുകൂടിയ വിവിധ ആകാരത്തിലുള്ള കുരിശ്, ജോർജ് മാസ്റ്ററുടെ സ്മരണകളാൽ പഠിതാക്കൾക്ക് പുതിയ പുതിയ അറിവുകളുടെ വെളിച്ചമാണ് ലഭിച്ചത്. ചരിത്രകാരൻ എന്ന നിലയിൽ തന്റെ ആധികാരികത വിളിച്ചോതുന്ന നിരവധി ഗ്രന്ഥശ്രേണി തന്നെ അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഭാരത സഭാ ചരിത്രത്തിന്റെ ക്ലാസിക് കൃതിയായ നസ്രാണിസ് എന്ന ഒറ്റ ഗ്രന്ഥം മതി ജോർജ് മാസ്റ്ററുടെ അധ്വാനത്തിന്റെയും ചരിത്ര സ്നേഹത്തിന്റെയും പഠനത്തിന്റെയും ആകെത്തുക മനസ്സിലാക്കാൻ. മൂന്നു വാല്യങ്ങളിൽ തീർത്ത ഈ ഗ്രന്ഥം എഡിറ്റ് ചെയ്ത് അനുയോജ്യമായ ചിത്രങ്ങൾ സഹിതം അവതരിപ്പിച്ചപ്പോൾ അത് ക്രിസ്ത്യൻ തലമുറയ്ക്കായി നിക്ഷേപിക്കപ്പെട്ട ഒരു വലിയ നിധിയായി. തലമുറകൾ കടന്നുപോയാലും ഈ ഗ്രന്ഥം എന്നും വ്യതിരിക്തമായി തന്നെ നിലനിൽക്കും. ഓരോ ഗ്രന്ഥവും ഒന്നിനൊന്ന് മികച്ചതാണ് എന്നതിന് ഉദാഹരണമാണ് എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ. യഥാർത്ഥത്തിൽ ഈ ഗ്രന്ഥനിർമാണത്തിൽ ജോർജ് മാസ്റ്ററും ജീവിതത്തിന്റെ ഒരു വലിയൊരു ഭാഗം നിയോഗിക്കപ്പെട്ടു. അത്യാകർഷണത്തിലൂടെ ഗ്രന്ഥത്തിലൂടെ കടന്നു പോകുമ്പോൾ എനിക്ക് അനുഭവപ്പെടുന്നുണ്ട്. ജോർജ് മാനേച്ചേരി എന്ന മാസ്റ്ററുടെ ഓർമ്മക്കുറിപ്പ് ഗ്രന്ഥത്തിൽ ഒരു ഓർമ്മക്കുറിപ്പ് എന്ന് എഴുതി പങ്കെടുക്കുവാൻ ഉണ്ടായ എന്റെ ഭാഗ്യം അവർണ്ണനീയമാണ്.

# ക്രൈസ്തവ പാരമ്പര്യത്തെ സമ്പന്നമാക്കിയ ഒരാൾ

**റാഫി നീലങ്കാവിൽ**

സൊഡാലിറ്റി (ക്രിസ്റ്റ്യൻ ലൈഫ് കമ്മ്യൂണിറ്റി)യുടെ ചരിത്രത്തെക്കുറിച്ച് അറിയുവാനാണ് ആദ്യമായി ഇക്കാര്യങ്ങളിൽ പലപ്പോഴും അവസാന വാക്കായ ജോർജ്ജ് മേനാച്ചേരിയെ കാണുവാൻ ഒല്ലൂരിലെ ആദ്ദേഹത്തിന്റെ ഭവനത്തിലേക്ക് പുറപ്പെട്ടത്. കയ്യിൽ ഞാനെഴുതിയ ലേഖനത്തിന്റെ പകർപ്പും കരുതിയിരുന്നു. ബ്ര.ലൂവീസ് മഞ്ഞളി ആവശ്യപ്പെട്ടതനുസരിച്ച് കേരള സി.എൽ.സി. യുടെ ഔദ്യോഗിക മുഖപ്പത്രം മേരീവിജയത്തിലേക്ക് തയ്യാറാക്കിയതായിരുന്നു പ്രസ്തുത ലേഖനം.

വീട്ടിലെത്തിയ എന്നോട് യാതൊരുവിധ അപരിചിതത്വവും കാണിച്ചില്ലെന്ന് മാത്രമല്ല ചിരപരിചിതനായ സുഹൃത്തെന്ന കണക്കെ സ്വീകരിച്ചു. ഞാൻ എഴുതിയവ ഞാൻ ഉറക്കെ വായിച്ചുകേൾപ്പിച്ചു. അദ്ദേഹം കേട്ടതിനുശേഷം പല നിർദ്ദേശങ്ങളും പറഞ്ഞു. ഞാനവ മറക്കാതിരിക്കാൻ എഴുതിയെടുക്കവെ അദ്ദേഹമിരുന്ന ചാരുകസേരയിൽ നിന്ന് പതുക്കെ എഴുന്നേറ്റ് ആ കസേരയിലേക്ക് എന്നെ ക്ഷണിച്ചു. പേടിച്ചുനിന്ന എന്നെ സ്നേഹത്തോടെ അദ്ദേഹം ആ കസേരയിലിരുത്തി.

അങ്ങനെ റൈറ്റിംഗ് പേഡോഡുകൂടിയ ആഢ്യത്തമുള്ള ആ ചാരുകസേരയിൽ വെട്ടലും തിരുത്തലുമായി അദ്ദേഹം പറഞ്ഞുതന്നതനുസരിച്ച് നല്ല കുട്ടിയായി ഞാൻ എഴുതി. അതായിരുന്നു എന്റെ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യലേഖനം. അന്നുമുതൽ എന്റെ ഗുരുവായും ആത്മാർത്ഥ സുഹൃത്തായും ഞാൻ അദ്ദേഹത്തെ മനസാ സ്വീകരിച്ചു.

എന്റെ എല്ലാ ചെറിയ സംശയങ്ങൾക്കുപോലും വലിയ ശരിയുള്ള ഉത്തരങ്ങൾ നൽകി മാഷെന്നും എന്നെ അത്ഭുതപ്പെടുത്തിയിട്ടേയുള്ളൂ. പാവറട്ടിയോട് മാഷിനെന്നും പ്രത്യേക അടുപ്പമുണ്ട്. പാവറട്ടിപ്പള്ളി ചരിത്രം തയ്യാറാക്കിയപ്പോൾ കൈയ്യെഴുത്തുപ്രതി സശ്രദ്ധം വായിച്ച് നല്ലൊരു അവതാരിക നൽകിയതും ഈ സഭാ ചരിത്രകാരനാണ്. 2009ലും 2022ലും പ്രസിദ്ധീകരിച്ച പാവറട്ടി പള്ളിയുടെ സമ്പൂർണ്ണ ചരിത്ര പുസ്തകങ്ങൾ സവിസ്തരം പഠിച്ച് തിരുത്തലുകൾ നടത്തി

യതും വലിയ കടപ്പാടോടെ മാത്രമേ ഓർക്കാനാകൂ.

പാവറട്ടിയിൽ സ്ഥാപിതമായ കേരളത്തിലെ ആദ്യത്തെ ഇടവകാ മരിയാസഖ്യത്തെക്കുറിച്ചും അതിന്റെ സ്ഥാപകനായ മേനാച്ചേരി എരിഞ്ഞേരി കുടുംബാംഗമായ യാക്കോബ് കത്തനാരെകുറിച്ചുള്ള സുദൃഢമായ പല ചരിത്രരേഖകളും പാവറട്ടിയ്ക്ക് കൈമാറിയത് ഇത്തരുണത്തിൽ സ്മരണീയമാണ്. യാക്കോബ് കത്തനാർക്ക് ഒല്ലൂർ ഫൊറോന ഇടവകക്കാരുടെ വകയായി വികാരി പെ.ബ,ഡോ.പോൾ കാക്കശ്ശേരി M.A. Ph.D അവർകൾ 27.12.1953ൽ അന്നത്തെ തൃശൂർ മെത്രാൻ റൈറ്റ്. റവ.ഡോ. ജോർജജ് ആലപ്പാട്ട് M.A. Ph.D അദ്ധ്യക്ഷനായി ചേർന്ന യോഗത്തിൽ വെച്ച് വായിച്ച് ഒരു മംഗളപത്രം സമർപ്പിച്ചിരുന്നു. ഈ മംഗളപത്രത്തിന്റെയും മംഗളപത്രം സമർപ്പിക്കുന്നതിന്റെ ഫോട്ടോയുടെയും ഫോട്ടോകോപ്പികൾ 1984 മാർച്ചിൽ നടന്ന പാവറട്ടി സി.എൽ.സി.പാറ്റിനം ജൂബിലി ആഘോഷവേളയിൽ ബ.വികാരിയച്ചനെ മാഷ് ഏൽപ്പിക്കുകയുണ്ടായി.

1922-ൽ (കൊല്ലവർഷം 1099) 354ാം നമ്പറായി രജിസ്ട്രാക്കപ്പെട്ട ദിവാൻ പേഷ്ക്കർ ഒപ്പുവെച്ചിട്ടുള്ള ബ. ജാസച്ചനും സഹോദരങ്ങളും തമ്മിലുള്ള മേനാച്ചേരി കുടുംബഭാഗപത്രത്തിൽ തറവാടിന്റെ പൊതുഗുണത്തിനും ദൈവാനുകൂലത്തിനും ആത്മരക്ഷക്കുമായി ചെയ്ത ദാന ധർമ്മങ്ങളുടെ എ പട്ടികയിൽ 13-ാം നമ്പറായി പറയുന്നത് ഇപ്രകാരമാണ്. ''പാവർട്ടി പള്ളിയിൽ സൊഡാലിറ്റി പ്രതിഷ്ഠ- പരിശുദ്ധ അമലോത്ഭവ ദൈവജനനിയുടെ സ്വരൂപത്തിന് ചിലവ് 100 രൂപ.'' പാവറട്ടിയിലെ സൊഡാലിറ്റി സ്ഥാപനത്തിന് അടിവരയിടുന്നതാണ്. ഈ രേഖയും കത്തനാരാൽ വിരചിതമായ സൊഡാലിറ്റി മാന്വൽ, സഖ്യ താംഗസഖി എന്നിവയുടെ അറിവുകളും പഠനങ്ങളും പാവറട്ടിയ്ക്ക് കൈമാറിയത് ഈ സഞ്ചരിക്കുന്ന ചരിത്രകാരൻ തന്നെയാണ്. നര വംശ ശാസ്ത്രജ്ഞനായ ഡോ.എ.അയ്യപ്പന്റെ വിസ്മൃതിയിലായിപ്പോയ പല ലേഖനങ്ങളും കാട്ടിത്തന്നതും മാഷായിരുന്നു. ചരിത്ര വിജ്ഞാനം സാമാന്യജനങ്ങൾക്ക് പകർന്നുകൊടുക്കുന്നതോടൊപ്പം ചരിത്രത്തിൽ താൽപ്പര്യമുള്ളവരെ വളർത്തിയെടുക്കുന്നതിനും അദ്ദേഹം കാണിച്ച മനസ്സ് എടുത്തുപറയാൻ തന്നെയാണ് ചില അനുഭവങ്ങൾ മാത്രം ഇവിടെ ചേർത്തത്. കാണാത്തതിനെ കണുവാൻ, ഒളിഞ്ഞുകിടക്കുന്നതിനെ കഴിയുമെങ്കിൽ വെളിച്ചത്തു കൊണ്ടുവരാൻ അദ്ദേഹം തന്റെ നിശിതബുദ്ധിയെ നിയോഗിച്ചിട്ടുണ്ട്. ചരിത്രകാരനായ ഷെവലിയർ പ്രൊഫ.ജോർജജ് മേനാച്ചേരി എന്ന വിശ്വപൗരനിൽ നിന്നും അനർഘവും അതുല്യവുമായ ഒത്തിരി സംഭാവനകൾ ഇനിയും പ്രതീക്ഷിക്കുന്നു.

പ്രിയപ്പെട്ട ഗുരുവിന് എൺപത്തിനാലാം പിറന്നാളിന്റെ എല്ലാ ആശംസകളും നന്നായി നേരുന്നു.

# ഷെവലിയർ പ്രൊഫ. ജോർജ്ജ് മേനാച്ചേരി അതുല്യനായ ചരിത്രകാരൻ

**ഡോ. ടോണി ജോസഫ്**
സെക്രട്ടറി, തൃശ്ശൂർ അതിരൂപത സംഘടനാ ഏകോപനസമിതി.

തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗമായി ഞാൻ ആദ്യമായി നോമിനേറ്റ് ചെയ്യപ്പെട്ടത് 2006ൽ ആണ്. അന്ന് ഞാൻ പരിചയപ്പെട്ട അമൂല്യ വ്യക്തിത്വം ആണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി മാഷ്. എല്ലാ യോഗങ്ങളിലും കൃത്യമായി പങ്കെടുക്കുകയും തന്റെ ചരിത്രാവബോധവും ചരിത്രസ്മാരകങ്ങളുടെ സംരക്ഷണവും സംബന്ധിച്ച് ആധികാരികമായി ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു മേനാച്ചേരി മാഷ്. ചരിത്ര സ്മാരകങ്ങൾ ആകേണ്ട പല പള്ളികളും പുതുക്കി പണിയുമ്പോൾ നമ്മുടെ ചരിത്രസ്മരണികകളാണ് നഷ്ടപ്പെടുന്നത് എന്ന് അദ്ദേഹം പലപ്പോഴും ഓർമ്മിപ്പിക്കുമയിരുന്നു. നമ്മുടെ അതിരൂപയിലേയും സീറോമലബാർ സഭയുടെ ആസ്ഥാനത്തേയും ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ എന്നിവ രൂപം കൊണ്ടത് അദ്ദേഹത്തിന്റെ ശ്രമഫലമായാണ്. അദ്ദേഹത്തിന്റെ ചരിത്രവിഷയങ്ങളിൽ, പ്രത്യേകമായി സീറോമലബാർ സഭയുടെ ചരിത്രത്തിൽ ഉള്ള ആഴമായ ജ്ഞാനം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ഈ ജ്ഞാനത്തിന്റെ പ്രകാശനങ്ങൾ ആണ്.

അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു

1973: The St. Thomas Christian Encyclopaedia of India; vol. I (editor) (ISBN 818713206X, LCCN 73—90556)[5]

1982: The St. Thomas Christian Encyclopaedia of India; vol. II (editor)[5]

1984: Pallikkalakalum Mattum (Malayalam)[6]

1986: Pope John Paul II Indian Visit Souvenir, Trichur

1987: Trichur Archdiocesan Centenary Volume (member of the editorial board)

1996: The St. Antony Octingenary Volume, (chief ed.) Ollur[7]

1998: The Indian Church History Classics; Vol. I: The Nazranies (ISBN 81-87133-04-X, LCCN 98—90836)[8]

2000: Thomapedia[7]

2005: Glimpses of Nazraney Heritage[6]

2004: Christian Contribution to Nation Building: a Third Millennium Enquiry (ed. With Ponnumuthan and Aerath) Documentary Committee of CBCI-KCBC National Celebration of the Jubilee of St. Thomas and St. Francis Xavier, 2004

2006: The Indian Christian Directory ICD – Deepika Kottayam (ed. In charge) [5]

2009: The St. Thomas Christian Encyclopaedia of India; vol. III (editor)[5]

2011: India's Christian Heritage (ed. With Snaitang) Church History Association of India (2011, 2012);[9]

2013: Catholic Directory of India, CBCI, New Delhi (member of the editorial board)

2014: ***Aanayum Nazraaniyum*** [The Elephant and the Thomas Christian] (Malayalam) ISBN 81-87133-12-0[6]

2015: ***Pallikalile Chitrabhaasangal*** [The Murals of Kerala Churches] (Malayalam) ISBN 81-87133-13-9[6]

2016: Dasaavatharika [Menachery's Introductions to ten books by reputed authors dealing with history, culture] (Malayalam) ISBN 81-87133-14-7[5]

2018: Facets of India's Christian Legacy [Menachery's ten famous articles/papers dealing with history, culture, archaeology, art, architecture]

# ക്രൈസ്തവ സാംസ്കാരിക പാരമ്പര്യങ്ങളുടെ വേരുകൾ തേടി

ഒ. ഡി. വർക്കി

ഷെവലിയർ പ്രൊഫസർ ജോർജ് മേനാച്ചേരിയുടെ വേറിട്ട പ്രവർത്തനമേഖലയായിരുന്നു കേരള ക്രൈസ്തവ സമൂഹങ്ങളുടെ സാംസ്കാരിക പൈതൃകങ്ങളോടുള്ള അളവറ്റ സ്നേഹവും സംരക്ഷണവും. കേരളത്തിലെ പൗരാണിക ദൈവാലയങ്ങൾ സന്ദർശിക്കുകയും അവയുടെ തനിമയെക്കുറിച്ച് പഠിക്കുകയുംഇത്തരം ദൈവാ ലയങ്ങൾ അതിന്റെ തനിമയിൽത്തന്നെ കാത്തു സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ച് ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്താനും അദ്ദേഹം മറന്നിരുന്നില്ല. ഭാരതത്തിലെ പ്രത്യേകിച്ച് കേരളത്തിലെ ക്രൈസ്തവ സമൂഹം തങ്ങളുടെ വിശ്വാസ സങ്കല്പങ്ങളുടെ തനിമനഷ്ടപ്പെടുത്താതെ തന്നെ കേരളത്തിന്റെ പാരമ്പര്യ സാംസ്കാരിക ജീവിത രീതിയോട് ഇഴപിരിയാതെ ചേർന്നുനിന്നതിന്റെ വേരുകൾ തേടിയുള്ള മേനാച്ചേരി സാറിന്റെ യാത്രാനുഭവം കേരളസഭയ്ക്ക് തന്നെ ഒരു മുതൽക്കൂട്ടായി പരിണമിച്ചു.

1983– ൽ തൃശ്ശൂർ അതിരൂപത ആചരിച്ച വിശുദ്ധ വത്സരത്തോടനുബന്ധിച്ച് നടത്തിയ സാംസ്കാരിക ആഘോഷയാത്രയുടെ ചുക്കാൻ പിടിച്ച മേനാച്ചേരി സാർ കേരളത്തിന്റെ സാംസ്കാരിക നഗരിക്ക് സമ്മാനിച്ചത് തികച്ചും വേറിട്ട പുതുമയാർന്ന അനുഭവമാണ്. മികച്ച സംഘാടകനും തൃശ്ശൂർ കലാസദൻ സെക്രട്ടറിയും സി.എൽ.സി, കെ സി. എസ്. എൽ സംഘടനകളുടെ അതിരൂപത ഡയറക്ടറുമായിരുന്ന റവ. ഡോ. ജോൺസൺ ചിറ്റിലപ്പിള്ളിയുടെ പിന്തുണയും മേനാച്ചേരി സാറിന്റെ സ്വപ്നങ്ങൾക്ക് ചിറകുകൾ തുന്നിച്ചേർത്തു. തൃശൂർ പൂരത്തിന് ഇലഞ്ഞിത്തറമേളവും കുടമാറ്റവും തെക്കോട്ടിറക്കവും എക്സിബിഷനും കണ്ട കേരളീയർക്ക് ക്രൈസ്തവ സമൂഹത്തിന്റെ സാംസ്കാരിക പൈതൃകങ്ങളുടെ തനിമയാർന്ന ഘോഷ

യാത്ര വേറിട്ട കാഴ്ചയാണ് പകർന്നുതന്നത്. തൃശൂർ പൂരത്തിന് വർണ്ണ പ്രപഞ്ചം കാഴ്ചവയ്ക്കുന്ന കുടമാറ്റത്തിന് പട്ടുകുടകൾ വിസ്മയം തീർക്കുന്ന കാഴ്ചകൾക്ക് ആയിരം വർഷങ്ങൾക്കു മുൻപ് തന്നെ ക്രൈസ്തവ ദേവാലയങ്ങളിൽ ഉപയോഗിച്ചിരുന്ന പട്ടുകുടകളും വട്ടകുടകളും ഉൾപ്പെടെ നാലുതരം കുടകൾ ഘോഷയാത്രയിൽ അണിനിരന്നപ്പോൾ കേരള ക്രൈസ്തവ സമൂഹം തങ്ങളുടെ കലാസാംസ്കാരിക പൈതൃകങ്ങളുടെ മണിച്ചെപ്പിൽ സൂക്ഷിച്ചു വെച്ചിരുന്ന മയിൽപീലി തുണ്ടുകളെ വെളിച്ചത്ത് കൊണ്ടുവരികയായിരുന്നു. നൂറുകണക്കിന് സ്വർണ്ണ – വെള്ളിക്കുരിശുകളും വിവിധതരം മെഴുകുതിരിക്കാലുകളും അൽത്താരയിലെ പാൽക്കുമിഴിൽ തീർത്ത വർണ്ണപ്പൂക്കളും ആയിരത്തിലധികം വർണ്ണാഭമായ പട്ടു കുടകൾ ഉൾപ്പെടെയുള്ള നാലുതരം കുടകളും ഘോഷയാത്രയിൽ അണിനിരന്നപ്പോൾ തൃശ്ശൂർ റൗണ്ടിന്റെ പകുതിഭാഗം പിന്നിട്ടു കഴിഞ്ഞിരുന്നു. ഇവയെല്ലാം ഘോഷയാത്രയിൽ വഹിച്ചിരുന്നത് ചുവപ്പും മെറൂൺ തുടങ്ങി വിവിധതരം മേൽ വസ്ത്രം ധരിച്ച ദർശന സഭാംഗങ്ങളായിരുന്നു.

കേരള സഭാ ചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളും സാംസ്കാരിക പാരമ്പര്യങ്ങളും വിളിച്ചോതുന്ന വിവിധങ്ങളായ മുപ്പതിലധികം വരുന്ന ഫ്ലോട്ടുകൾ ഘോഷയാത്രയിൽ അണിനിരന്നപ്പോൾ കേരളം നാളിതുവരെ ദർശിച്ചിട്ടുള്ള സാംസ്കാരിക റാലിയിൽ നിന്നും തികച്ചും വേറിട്ട കാഴ്ച്ചാനുഭവങ്ങളാണ് പകർന്നു നൽകിയത്. വിവിധ സ്ഥാപനങ്ങളും സന്യാസ സഭാ സമൂഹങ്ങളും പ്രധാനപ്പെട്ട ദൈവാലയങ്ങളുമാണ് ഈ നിശ്ചലദൃശ്യങ്ങൾക് ജീവൻ പകർന്നത്. ഫാദർ സ്റ്റീഫൻ ഒ. എഫ്. എം. ന്റെ നേതൃത്വത്തിൽ തൃശ്ശൂർ കപ്പൂച്ചിൻ സഭാ പ്രൊവിൻസ് അവതരിപ്പിച്ച പഴയ ക്രൈസ്തവ വിവാഹമാണ് ഫ്ലോട്ടുകളിൽ ഏറെ ശ്രദ്ധയാകർഷിച്ചത്. ഹൈന്ദവ ക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ചുള്ള എഴുന്നള്ളിപ്പിൽ മുന്നിൽ നടന്നു നീങ്ങുന്ന തൂക്കുവിളക്കും വലിയ വിളക്കുകാലിൽ നിരന്നുനിന്ന് കത്തുന്ന തീ പന്തങ്ങളും ചെണ്ടമേളവും അണിനിരന്നപ്പോൾ ഭാരതീയ സംസ്കാരങ്ങളോട് ഇഴപിരിയാതെ അന്ന് രൂപപ്പെട്ടു കഴിഞ്ഞിരുന്ന ക്രൈസ്തവ സമൂഹത്തിന്റെ ഒരു പരിച്ഛേദമായി പുരാതനകാലത്തെ ക്രൈസ്തവ വിവാഹത്തിന്റെ ഫ്ലോട്ട്. സംസ്കൃത പണ്ഡിതനും വൈയാകരണനും നിഘണ്ടു നിർമ്മാതാവും ഇൻഡോളജിസ്റ്റും കവിയും ക്രൈസ്വരുടെ എഴുത്തച്ഛനുമായി അറിയപ്പെടുന്ന അർണ്ണോസ് പാതിരിയും അദ്ദേഹം ഭാരതീയ വാസ്തുരീതിയിൽ നിർമ്മിച്ച അദ്ദേഹത്തിന്റെ ഭാവനവും ഉൾപ്പെടെ വേലൂർഫെറോനാ പള്ളിയവതരിപ്പിച്ച ഫ്ലോട്ടും വിമല കോളേജ് അവതരിപ്പിച്ച കൂനൻ കുരിശു സത്യവും ഏറെ ശ്രദ്ധ പിടിച്ചു പറ്റിയവയായിരുന്നു.

## പ്രഥമ ലോക മലയാള സമ്മേളനവും ക്രിസ്ത്യൻ പവലിയനും

1977–ൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വെച്ച് നടന്ന

പ്രഥമ ലോക മലയാള സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ എക്സിബിഷനിൽ പ്രദർശിപ്പിച്ച ക്രിസ്ത്യൻ കൾച്ചർ വിഭാഗത്തിന്റെ പവലിയൻ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നായിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ക്രൈസ്തവ സമൂഹം നൽകിയ വലിയ സംഭാവനകളെ വിളിച്ചോതുന്നതായിരുന്നു ഈ പവലിയൻ. ക്രിസ്ത്യൻ വിഭാഗത്തിന്റെ ചുമതല വഹിച്ചിരുന്ന തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയസ് ഈ പവലിയന് രൂപകല്പന ചെയ്യാൻ അനുയോജ്യനായ വ്യക്തിയായി കണ്ട് വിളിച്ചു വരുത്തിയത് മേനാച്ചേരി സാറിനെയായിരുന്നു. കേരള സാഹിത്യ അക്കാദമിയുടെ ഒരു സംഘം പവലിയൻ സന്ദർശിച്ച വേളയിൽ ഏറെ അഭിനന്ദനം നേരുകയുണ്ടായി. ക്രൈസ്തവ സമുദായത്തിന്റെ സാംസ്കാരിക പാരമ്പര്യങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം സഭാധികാരികൾക്ക് നൽകാൻ ഈ പവലിയൻ ഒരു പടിവാതിലായി.

കാക്കനാട് ഉള്ള സീറോ മലബാർ സിറിയൻ കാത്തലിക്ക് സമുദായത്തിന്റെ ആസ്ഥാനത്ത് ക്രൈസ്തവ മ്യൂസിയം തുടങ്ങാൻ തീരുമാനിച്ചപ്പോൾ ഈ മ്യൂസിയത്തിൽ ഉൾപ്പെടുത്തേണ്ട ചരിത്രപരമായ മുഹൂർത്തങ്ങളെയും പാരമ്പര്യങ്ങളെയുംക്കുറിച്ച് ആസൂത്രണം ചെയ്യാൻ സീറോ മലബാർ സഭയുടെ സഭാ ആസ്ഥാനത്തെ കൂരിയ മെത്രാനായിരുന്ന മാർ ബോസ്ക്കോ പുത്തൂർ ഭാരമേൽപ്പിച്ചത് പ്രൊഫസർ ജോർജ് മേനോച്ചേരി സാറിനെയായിരുന്നു. സഭാചരിത്രത്തിലെ പ്രധാനപ്പെട്ട ഏടുകൾ തുന്നിച്ചേർക്കാൻ മേനാച്ചേരി സാറിലെ ചരിത്രകാരന് അധികം ബുദ്ധിമുട്ടേി വന്നില്ല. സഭാചരിത്രത്തിലെ നാഴികക്കല്ലുകൾ പുത്തൻ തലമുറയ്ക്ക് പകർന്നു കൊടുക്കാൻ ഈ മ്യൂസിയത്തിന് സാധിച്ചു എന്നത് മ്യൂസിയം സന്ദർശിക്കുന്നവർക്ക് ബോധ്യമാകുന്നതാണ്.

1978–ൽ തൃശ്ശൂർ പൂരത്തിനോടനുബന്ധിച്ച് തൃശ്ശൂർ കലാസദൻ ഒരുക്കിയ ക്രിസ്ത്യൻ കൾച്ചറൽ പവലിയനും മാർത്തോമാ ശ്ലീഹായുടെ പാദസ്പർശമേറ്റ പാലയൂരിലെ മ്യൂസിയത്തിനും രൂപകൽപ്പന ചെയ്യാൻ മേനാച്ചേരി സാറിന്റെ ശക്തമായ കരങ്ങളാണ് ഇതിന്റെയല്ലാം പുറകിലുണ്ടായിരുന്നത്.

കേരള ക്രൈസ്തവസഭയുടെ സാംസ്കാരിക പാരമ്പര്യങ്ങളുടെയും പൈതൃകങ്ങളുടെയും വേരുകൾ തേടിയുള്ള മേനാച്ചേരി സാറിന്റെ അന്വേഷണം സഭയ്ക്ക് തന്നെ ഒരു മുതൽക്കൂട്ടാണ്. കേരള ക്രൈസ്തവ സഭ മേനാച്ചേരി സാറിന്റെ ഈ മേഖലയിലുള്ള തനതായ സംഭാവനയ്ക്ക് എക്കാലത്തും കടപ്പെട്ടിരിക്കും.

# ENTE MENACHERY MASH...

Dr. Ignatius Antony

Professor George Menachery, who was born in Kattoor, Thrissur, Kerala, on April 2, 1938, is a paramount figure in the scholarship and history of the Indian Church. Over the course of his distinguished career, which has spanned multiple decades, Professor George Menachery has made noteworthy contributions in the fields of history, anthropology, and indology. His research has been notably concentrated on the Syro-Malabar Church and the cultural heritage of Kerala. The objective of this extensive examination is to explore the life, contributions, and lasting impact of Professor George Menachery, with particular emphasis on his crucial role in safeguarding and advancing the Christian heritage of India.

It is impossible to exaggerate the significance of Professor George Menachery's contributions to the Syro-Malabar Christian community. By means of his rigorous investigation, written works, and active support, Professor George Menachery has significantly contributed to the safeguarding, documentation, and advancement of the abundant legacy of the Syro-Malabar Church. The individual's scholarly pursuits have contributed to the strengthening of the Syro-Malabar Christian community's identity and cultural uniqueness, thereby cultivating a feeling of inclusion and satisfaction among its constituents.

An exceptionally noteworthy facet of Professor George Menachery's contributions pertains to his exhaustive documentation concerning the Syro-Malabar Church's history, traditions, and practices. The work he authored, the St. Thomas Christian Encyclopaedia of India, is emblematic of his unwavering commitment to documenting the historical and cultural heritage of the Syro-Malabar Christians. Through the rigorous documentation of cultural artefacts, religious observances, and historical accounts, Professor George Menachery has endowed forthcoming cohorts with an invaluable asset that facilitates their comprehension of their ancestral heritage.

In addition, Professor George Menachery's scholarly work has contributed to the debunking of fallacies and misunderstandings pertaining to the Syro-Malabar Church by providing an authentic and nuanced account of its history and beliefs. By means of his scholarly works and public addresses, he has illuminated the tenacity and perseverance of the Syro-Malabar Christian community, thereby emphasising its significant contributions to the wider fabric of Indian Christianity.

Beyond his scholarly endeavours, Professor George Menachery has been a prominent advocate for interfaith dialogue and the advancement of cultural sensitivity within the Syro-Malabar Christian community. The individual's endeavours to rekindle enthusiasm for the historical landmarks, churches, and cultural artefacts of Kerala have fostered a feeling of community pride and admiration for the abundant heritage of the region. Furthermore, the promotion of ecumenism and church unity by Professor George Menachery has facilitated increased cooperation and collaboration among various Christian denominations, thereby fortifying the ties of camaraderie and unity.

An aspect of Professor George Menachery's career that stands out is his extraordinarily prolific output in the fields of scholarship and writing. The author's vast collection of scholarly contributions covers an extensive array of subjects, concentrating on the history of the St. Thomas Christian community and the Indian Church. The St. Thomas Christian Encyclopaedia of India, Professor George Menachery's magnum opus, is regarded as a seminal

work within the realm of Christian historiography. Consisting of several volumes, this encyclopaedia provides an exhaustive account of the traditions, history, and societal contributions of the St. Thomas Christians in India.

Professor George Menachery, apart from serving as the editor of the Encyclopaedia, has authored a substantial number of books, articles, and essays that delve into diverse aspects of the history and culture of the Indian Church. A deep dedication to rigorous scholarship, meticulous investigation, and a fervent desire to preserve and disseminate information regarding India's abundant Christian heritage are evident in his literary contributions. Professor George Menachery's scholarly contributions, spanning from his most recent works on ecumenism and church unity to the earliest volumes of the Encyclopaedia, persistently influence our comprehension of the intricate dynamics that exist among culture, religion, and society in India.

In addition to his scholarly endeavours, Professor George Menachery has significantly contributed to the conservation and advancement of the Christian cultural heritage of India. By means of his written works, public speeches, and speaking engagements, he has endeavoured to enhance consciousness regarding the profound impact that the St. Thomas Christians had on Indian civilization. Professor George Menachery has contributed to the resurgence of interest in the ancient churches, monuments, and artefacts of Kerala by emphasising their cultural and historical significance. Moreover, Professor George Menachery's participation in the development of scripts, research, and direction of radio and television documentaries has expanded the audience's understanding of India's Christian heritage. His skill in conveying intricate historical accounts in a manner that is both comprehensible and captivating has contributed to the development of a more profound admiration for India's rich cultural fabric.

On a national and international scale, Professor George Menachery's contributions to scholarship and cultural preservation have been lauded and acknowledged. SHUATS, Prayagraj-Alahabad, bestowed upon him an honorary Ph.D. in Theology in 2022, in acknowledgment of his extraordinary contributions to the

study of the history of the Indian Church. This esteemed accolade emphasised Professor George Menachery's position as a preeminent expert in his discipline and a figure of esteem in scholarly communities.

Furthermore, the membership of the Order of Saint Gregory the Great (Chevalier honour) bestowed Professor George Menachery serves as a lasting testament to his ceaseless endeavours in fostering interfaith dialogue and comprehension. The Catholic Church has conferred this prestigious honour in recognition of Professor George Menachery's substantial contributions to the field of Indian Church history and his steadfast dedication to fostering unity and harmony among heterogeneous religious communities.

As Professor George Menachery approaches the conclusion of his distinguished career, his enduring impact is palpable in the chronicles of Indian Church scholarship and history. Academics have been profoundly impacted by his groundbreaking endeavours to record and safeguard the Christian legacy of India; they continue to motivate and inspire subsequent generations of scholars, researchers, and cultural aficionados. By means of his scholarly pursuits, Professor George Menachery has not only enhanced our comprehension of the multifarious religious milieu of India but also cultivated a more profound admiration for the lasting heritage of the St. Thomas Christians and their profound impact on Indian civilization.

Professor George Menachery serves as an illuminating figure in the allegory of a pilgrim's advancement in his quest to locate the path to paradise, directing intellectuals through the intricate corridors of Kerala's past. Professor George Menachery, through his profound intellectual pursuits and resolute commitment, has illuminated the complex fabric of Kerala's history in the same way that an experienced pilgrim guides those who trail behind. The pilgrim's progression from establishments such as St. Thomas' College, Devagiri College, and University College to St. Joseph's College serves as a symbolic representation of the intellectual and spiritual development that occurs along the way.

Professor George Menachery's comprehensive investigation

of archaeology, anthropology, place name studies, numismatics, and epigraphy reflects the pilgrim's varied experiences and encounters along the path to comprehension. Similar to a pilgrim who acquires knowledge from diverse sources, Professor George Menachery's scholarly articles, novels, and media appearances function as significant achievements in his endeavour to decipher the enigmas surrounding the history of Kerala. The pilgrim's engagement with various communities and institutions throughout his journey is exemplified by his participation in organisations such as the Kerala Sahitya Academy and the Christian Chair of Calicut University, in addition to his prominence in print and electronic media.

The enduring impact of Professor George Menachery reflects the pilgrim's profound aspiration to motivate and instruct subsequent cohorts of scientists. Similar to how the pilgrim's footprints serve as a guide for others, Professor George Menachery's mentorship and teachings have established a pathway for a contemporary movement in historical studies in Kerala. In addition to igniting a passion for historical inquiry, his publications have established the groundwork for the systematic investigation of Christian culture and Church history in the area. By virtue of his endeavours, Professor George Menachery guarantees that forthcoming pilgrims of history will continue to be enlightened by the flame of knowledge.

കേരളത്തിൻറെ മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്നതും നാവിക-വ്യോമയാത്രാസൗകര്യങ്ങളുള്ളതും ദിവസേന നിരവധി ടൂറിസ്ററുകൾ വന്നുപൊയ്ക്കൊണ്ടിരിക്കുന്നതുമായ ''അറബിക്കടലിൻറെ റാണി'' യായ കൊച്ചിയിൽ സ്ഥാപിക്കുന്ന ഈ ചരിത്രമ്യൂസിയം ക്രൈസ്തവ ചരിത്രസംബന്ധമായ പുരാവസ്തുക്കൾ ശേഖരിക്കുന്നതോടൊപ്പം കേരളത്തിലെ നാനാജാതിമതസ്ഥരായ ജനവിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ, വേഷവിധാനങ്ങൾ, കലാസാംസ്ക്കാരിക നേട്ടങ്ങൾ എന്നിവ ആലേഖനം ചെയ്തിട്ടുള്ള ചാർട്ടുകൾ, ചിത്രങ്ങൾ എന്നിവയും, കേരളത്തിൻറ വൈവിദ്ധ്യമാർന്ന സാംസ്കാരികവിശേഷങ്ങളെ സംബന്ധിച്ച മററു രേഖകളും പൗരാണികമായ ശിലാ- ദാരുശില്പങ്ങളും മറ്റും സമ്പാദിച്ച് ഈ മ്യൂസിയത്തെ വികസിപ്പിക്കാനും അങ്ങനെ സമ്പൂർണ്ണമായ ഒരു ചരിത്രമ്യൂസിയമായി വികസിപ്പിക്കാനും ഉദ്ദേശമുണ്ട്.

ഈയിടെ പ്രസിദ്ധീകരിക്കപ്പെട്ട സെൻറ് തോമസ് ക്രിസ്ത്യൻ എൻസൈക്ളോപീഡിയയുടെ ചീഫ് എഡിററും കേരളാഗവൺമെണ്ട് ആർക്കിയോളജി വകുപ്പിന്റെ ഉപദേഷ്ഠാവും, തൃശൂർ സെൻറ് തോമസ്സ് കോളേജിലെ അദ്ധ്യാപകനുമായ ശ്രീ ജോർജ് മേനാച്ചേരിയാണ് ഈ ചരിത്രമ്യൂസിയം സ്ഥാപിക്കുവാൻ മുൻകൈ എടുത്തിട്ടുള്ളത്. ഇതിന്റെ മുന്നോടിയായി അദ്ദേഹം ഈയിടെ യൂറോപ്പിലെ പ്രധാനപ്പെട്ട മ്യൂസിയങ്ങളും ലൈബ്രറികളും സന്ദർശിക്കുകയുണ്ടായി. ഇന്ത്യയുടെ ചരിത്രത്തിലേയ്ക്കു വെളിച്ചം വീശുന്ന നിരവധി ഗ്രന്ഥങ്ങളും കാഴ്ചവസ്തുക്കളും ഉൾക്കൊള്ളുന്ന ഹേഗിലെ രാജകീയ ഗ്രന്ഥശേഖരം, ലിസ്ബണിലെ ആർക്കൈവ്സ്, ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയം, വത്തിക്കാനിലെ മ്യൂസിയവും ഗ്രന്ഥപ്പുരയും പാരീസിലെ ലൂവർ മ്യൂസിയം എന്നിവ സന്ദർശിക്കുകയും അവിടത്തെ ക്യൂറേ

ററർമാരും ലൈബ്രേറിയന്മാരുമായി അദ്ദേഹം ചർച്ചനടത്തുകയും ചെയ്തിട്ടുണ്ട്.

കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഈ ചരിത്രമ്യൂസിയത്തിനു 15 ലക്ഷം ക. യാണു ചെലവു കണക്കാക്കിയിട്ടുള്ളത്. കേരളത്തിലെന്നല്ല, ഇന്ത്യയിൽത്തന്നെ സ്വകാര്യ മേഖലയിലുള്ള ഇത്തരം ഏക ചരിത്ര മ്യൂസിയം ഇതായിരിക്കുമെന്നു ശ്രീ ജോർജ് മേനാച്ചേരി അവകാശപ്പെട്ടു. Oriental Nazrani Archives and Museum എന്നായിരിക്കും ഇതിനു പേരിടുന്നത്. പ്രദർശനവസ്തുക്കൾ സ്ഥാപിക്കുന്നതിനാവശ്യമായ വിശാലമായ ഹാൾ, ചിത്രപ്രദർശനശാല, കമ്യൂണിററി ഹാൾ, ഓഡിറേറാറിയം, അഡ്മിനിട്രേററീവ് ബ്ളോക്ക് എന്നിവയ്ക്കാവശ്യമായ വിശാലമായ കെട്ടിടങ്ങൾ ഇവ നിർമ്മിക്കുന്നതാണ്. ഇതിനു പുറമേ. അപൂർവ്വചരിത്ര ഗ്രന്ഥങ്ങളുടെ ഒരു ലൈബ്രറിയും ആനുകാലിക പ്രസിദ്ധീകരണങ്ങളുള്ള ഒരു വായനശാലയും ഏർപ്പെടുത്തുന്നതാണ്.

**ഇൻഡോളജിപഠന സൗകര്യം**

കേരളത്തിലും ഇന്ത്യയിലും ഉള്ള ചരിത്ര പണ്ഡിതന്മാർക്കുമാത്രമല്ല, ലോകത്തിൻറ വിവിധഭാഗങ്ങളിൽ ഇൻഡോളജിപഠനത്തിലേർപ്പെട്ടിട്ടുള്ള ഗവേഷകർക്കും ഈ ചരിത്രമ്യൂസിയം വിലപ്പെട്ട ഒരു സങ്കേതമായി തീരുമെന്നാണ് ശ്രീ മേനാച്ചേരിയുടെ പ്രത്യാശ.

ഇന്ത്യയിലെ ക്രൈസ്തവർ കൂടുതലായി ഭാരതവൽക്കരണത്തിനു ശ്രമിച്ചുകൊണ്ടിരുക്കുന്ന ഒരു കാലമാണിത്. അവരുടെ ആചാരാനുഷ്ഠാനങ്ങൾ മതപരമായ കർമ്മങ്ങൾ തുടങ്ങി എല്ലാ കാര്യത്തിലും ഭാരതീയമാതൃകയും സംസ്കാരവുമായി ഇഴുകിച്ചേരാൻ ക്രൈസ്തവസഭ തീവ്റശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൻറ മുന്നോടിയായി അന്യൂനമായ ഇന്ത്യൻ സംസ്കാരത്തിൻറ വിവിധ വശങ്ങളെക്കുറിച്ചു കഴിഞ്ഞ രണ്ടുമൂന്നുവഷങ്ങളായി അഖിലേന്ത്യാതലത്തിൽ സഭാമേലദ്ധ്യക്ഷന്മാരും വൈദികരും അത്മമായരും പങ്കെടുക്കുന്ന നിരവധി ചർച്ചകളും സമ്മേളനങ്ങളും സിമ്പോസിയങ്ങളും രാജ്യത്തിൻറെ വിവിധഭാഗങ്ങളിലായി നടത്തപ്പെടുകയുണ്ടായി. ഭാരതീയ ധർമ്മത്തെക്കുറിച്ചു മനസ്സിലാക്കുവാൻ സനാതനധർമ്മത്തെക്കുറിച്ച് അവഗാഢമായ പരിജ്ഞാനം സമ്പാദിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബോധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അതിനെത്തുടർന്നു ക്രൈസ്തവപണ്ഡിതന്മാർ ഹൈന്ദവവേദങ്ങൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ എന്നിവയിലേയ്ക്കു നുഴഞ്ഞിറങ്ങി ആവശ്യമായ ജ്ഞാനം സമ്പാദിച്ചുവരികയാണ്. തൽഫലമായ പരിവർത്തനത്തിൻറെ ഈ കാലഘട്ടത്തിൽ ക്രൈസ്തവസഭയുടെ ഭാരതവൽക്കരണ പദ്ധതി സുഗമമാക്കു

ന്നതിനുള്ള ഒരു ദ്വിമുഖ പരിപാടിയാണ് ജോർജ് മേനാച്ചേരിക്കുള്ളത്. അതിൻറെ പ്രാരംഭമായി ഇന്ത്യയിൽ വിശേഷിച്ചും കേരളത്തിൽ ക്രൈസ്തവാദർശങ്ങൾ ആദ്യമായി പ്രചരിപ്പിച്ച ക്രിസ്തുശിഷ്യനായ സെൻറ് തോമസ്സിനെ സംബന്ധിച്ചു ബൃഹത്തായ വിജ്ഞാനം പകരുന്നതിനും അവയ്ക്കു ചരിത്രപരമായ സ്ഥായിത്വം നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ട് 'സെൻറ് തോമസ് ക്രിസ്റ്റ്യൻ എൻസൈക്ളോപീഡിയ' എന്ന ഒരു വിജ്ഞാനകോശം അദ്ദേഹം പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സെൻറ് തോമസ്സിന്റെ കേരളത്തിലെ ജീവിതത്തിൻറ പ്രാധാന്യത്തേയും കേരളസംസ്കാരത്തിൽ അദ്ദേഹം വരുത്തിവച്ച മാറ്റങ്ങളേയും വിശദമായും ആധികാരികവുമായി രേഖപ്പെടുത്തിയിട്ടുള്ള ഇതിൻറെ രണ്ടാം വാല്യം കഴിഞ്ഞ വർഷം കൊച്ചിയിൽവച്ച് കദ്ദിനാൾ പാറേക്കാട്ടിൽ പുറത്തിറക്കുകയുണ്ടായി. ഇതിൻറെ മനോഹരമായ ഒന്നാം വാല്യം അടുത്തു പുറത്തിറക്കാൻ സാധിക്കുംവിധം മദിരാശിയിൽ അച്ചടി നടന്നുകൊണ്ടിരിക്കുകയുമാണ്.

ശ്രീ മേനാച്ചേരിയുടെ ദ്വിമുഖപരിപാടിയുടെ രണ്ടാം ഘട്ടം സെൻറ് തോമസ്സിനെക്കുറിച്ചുള്ള ഒരു ഇംഗ്ളീഷ് ഡോക്യുമെൻററിഫിലിം നിർമ്മാണമാണ്; അതോടൊപ്പം ചരിത്ര മ്യൂസിയവും.

# അനുബന്ധം 6

**ഡേവീസ് കണ്ണനായ്ക്കൽ**

## ക്രിസ്ത്യൻ കൾച്ചറൽ മ്യൂസിയം

(1980 സെപ്ററംബർ 20-ാം തിയ്യതിയിലെ
'ദീപിക' യിൽ നിന്ന്)

തിളക്കമുള്ള ഒട്ടേറെ മുദ്രകൾ ക്രൈസ്തവർ കേരളചരിത്രത്തിലും സംസ്കാരത്തിലും പതിപ്പിച്ചിട്ടുണ്ട്. പശ്ചിമേഷ്യൻ രാജ്യങ്ങളുമായി കേരളത്തിന് ഉണ്ടായിരുന്ന ബന്ധം കടൽവഴി കൊടുങ്ങല്ലൂരിൽ ക്രൈസ്തവ വിശ്വാസത്തിൻറ ഒരു തിരിനാളം വന്നിറങ്ങാൻ വഴി തെളിച്ചു. നൂററാണ്ടുകൾ കടന്നുപോയപ്പോൾ കേരളത്തിൽ അതിശക്തമായ ഒരു വിഭാഗമായി ക്രൈസ്തവർ വളർന്നതിനിടയിൽ സംഭവബഹുലമായൊരു ചരിത്രം പിറവിയെടുത്തു. കൊണ്ടും കൊടുത്തും മത സഹിഷ്ണുതയുടെ മണിത്തൊട്ടിലായ ഈ മനോഹര ഭൂവിഭാഗത്തിൽ ക്രൈസ്തവവിശ്വാസവും ജീവിതവും കടന്നുപോന്ന പാതയുടെ ഒരു പ്രതിരൂപം സൃഷ്ടിക്കുവാനുള്ള ശ്രമത്തിൻറെ ആരംഭമാണ് തൃശൂരിൽ ഉദ്ഘാടനം ചെയ്ത ക്രിസ്ത്യൻ കൾച്ചറൽ മ്യൂസിയം,

ബിഷപ്പ് ഡോ. ജോസഫ് കുണ്ടുകുളത്തിൻറെ സവിശേഷമായ താത്പര്യവും പ്രോത്സാഹനവുമാണ് ഇതിന്റെ പിന്നിലെ ശക്തി.

ക്രൈസ്തവ കലാസമ്പത്തിൻറെ വൈപുല്യവും പ്രചാരവും മേന്മയും വെളിച്ചത്തുകൊണ്ടുവരാൻ ആദ്യമായി സംഘടിതവും സമഗ്രവുമായൊരു ശ്രമം നടത്തിയത് 1969-ൽ ക്രിസ്ത്യൻ എൻ സൈക്ലോപീഡിയ പ്രവർത്തകരാണ്. ഓറിയൻറൽ നസ്രാണി ആർക്കേവ്സ് ആൻഡ് മ്യൂസിയം (ഓണം) എന്ന പദ്ധതി മ്യൂസിയം പ്രസ്ഥാനത്തിന്റെ ആശയപരമായ ബീജമായിരുന്നു. പിന്നീട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും അമേരിക്കയിൽ പോലും ക്രിസ്ത്യൻ എൻസൈക്ലോപീഡിയ പ്രവർത്തകർ നടത്തിയ ചിത്രപ്രദർശനങ്ങൾ ക്രൈസ്തവ മ്യൂസിയത്തിന്റെ ആദ്യ കാൽവയ്പുകളായി ഭവിച്ചു.

1972-ൽ ബാഗ്ളൂരിലെ ധർമ്മാരാം കോളേജിലും അതേവർഷം

തന്നെ എറണാകുളത്തും കോട്ടയത്തും ചങ്ങനാശ്ശേരിയിലും ക്രൈസ്തവ കലാ-സാംസ്കാരിക ചരിത്രപാരമ്പര്യത്തിലേയ്ക്ക് എത്തിനോക്കാനുതകുംവിധം എൻസൈക്ളോപീഡിയ പ്രവർത്തകർ ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിച്ചു. പിന്നീട് 1977-ൽ തിരുവനന്ത പുരുത്തു നടന്ന ലോക മലയാളസമ്മേളനത്തിലെ പ്രദർശനത്തിൽ ക്രൈസ്തവരും കേരള ചരിത വുമെന്ന വിഭാഗത്തിൽ കുറേക്കൂടി വിപുലവും വ്യാപകവുമായ ഒരരങ്ങേറ്റം ക്രൈസ്തവമ്യൂസിയം പ്രസ്ഥാനത്തിനു നടത്താനൊത്തു. തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ കീഴിൽ സംഘടിപ്പിച്ച പ്രദർശനം ഈ വിഷയങ്ങളിൽ താത്പര്യമുള്ളവരിൽ ഉണർവ്വ് ഉണ്ടാക്കി.

അവിടെനിന്നുമുള്ള പ്രചോദനമാണ് തൃശൂർ പൂരം പ്രദർശനത്തിൽ ഒരു ക്രിസ്ത്യൻ സാംസ്കാരിക പ്രദർശനം സംഘടിപ്പിക്കാൻ ഇന്ത്യൻ ഇൻസ്ററിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ റിസർച്ചിനും തൃശൂർ രൂപതയുടെ കലാസാംസ്ക്കാരിക വിഭാഗമായ കലാസദനും കരുത്തേകിയത്. പൂരം പ്രദർശനത്തിൽ ക്രിസ്ത്യൻ ചരിത്ര-സാംസ്കാരിക പ്രദർശനം കണ്ടവർ അതൊരു സ്ഥിരം സംവിധാനമാക്കണമെന്ന ആവശ്യം പല വേദികളിലും ഉന്നയിച്ചു. അന്നുമുതൽ തുടങ്ങിവച്ച ഒരുക്കങ്ങൾക്ക് ഒരേകദേശരൂപം ഉണ്ടായത് ക്രിസ്ത്യൻ കൾചറൽ മ്യൂസിയം അസോസിയേഷൻറ രൂപവത്ക്കരണത്തോടെയാണ്. തൃശൂർ രൂപതാ വികാരി ജനറാൾ ഡോ. പോൾ ചിററിലപ്പിള്ളി, പ്രൊഫ. ജോർജ് മേനാച്ചേരി തുടങ്ങിയവരുടെ പരിശ്രമഫലമായാണ് അസോസിയേഷൻ രൂപം കൊണ്ടത്.

ഗ്രാനൈറ്റ് ഗാർഡൻ എന്ന കരിങ്കൽ സ്തൂപ ഉദ്യാനമാണ് ക്രൈസ്തവ മ്യൂസിയത്തിലേക്ക് നമ്മെ സ്വാഗതം ചെയ്യുക. ഏനാമാവ് പള്ളിയിൽ നിന്നും കൊണ്ടുവന്ന കരിങ്കൽ കുരിശ് തലയുയർത്തി അതിൻറെ മദ്ധ്യത്തിൽ നിൽക്കുന്നു. ചങ്ങനാശ്ശേരി, ചെങ്ങന്നൂർ, കടുത്തുരുത്തി. കാഞ്ഞൂർ തുടങ്ങിയ ദേവാലയങ്ങളിലെ ഭീമാകാരങ്ങളായ ഒറ്റക്കൽ കരിങ്കൽ കുരിശുകളുടെ ചെറിയൊരു മാതൃകയാണിത്. ഇതിന് നാനൂറു വർഷത്തിലേറെ പഴക്കമുണ്ടെന്നാണ് കരുതപ്പെടുന്നത്.

**കൽവിളക്ക്**

മറ്റം പള്ളിയിൽ നിന്നും ലഭിച്ച അത്യാകർഷകമായൊരു കൽവിളക്ക് നൂററാണ്ടുകൾക്കുമുമ്പുള്ള കേരള ക്രൈസ്തവരുടെ ജീവിത രീതിയിലേക്ക് വെളിച്ചം വീശുന്നു. വളയണിഞ്ഞ കൈക്കുമ്പിളിലെ കമനീയമായ ചിരാത് ഉദയംപേരൂർ സൂനഹദോസിനു ശേഷം നടന്ന പാശ്ചാത്യവൽക്കരണശ്രമത്തിൽ പുറം തള്ളപ്പെട്ടതാകുമെന്നാണ് കരുതുന്നത്. കൊട്ടേക്കാട് പള്ളിയിലെ കരിങ്കൽ പ്രണാളം, വേലൂർപ

ളളിയിലെ താമരരൂപത്തിലുള്ള ഹന്നാൻ വെള്ളത്തൊട്ടി എന്നിവ സാംസ്കാരികയാത്രയുടെ പഴയ സുവർണ്ണനാളുകളിലേക്ക് ദീപപ്രഭ ചൊരിയുന്നു. മരത്തിൽ ശില്പകലാസുഭഗമായി കൊത്തിയെടുത്ത കൂററൻ ആനവാതിലാണ് മ്യൂസിയത്തിൻറെ കവാടത്തെ മനോജ്ഞ മാക്കുന്നത്. നംകൊണ്ടും കരവിരുതുകൊണ്ടും ആനവലിപ്പം അവകാശപ്പെടാവുന്ന വാതിലുകൾ തൂമ്പമൺ, ചെങ്ങന്നൂർ, അങ്കമാലി, പഴുവിൽ എന്നിവടങ്ങളിലെ ദേവാലയങ്ങളിലും കാണാം.

മലയാളഭാഷയ്ക്ക് ഇന്നത്തെ രൂപഭംഗി നൽകാൻ ശ്രമിച്ച പ്രയത്ന ശാലികളിൽ പ്രമുഖനായിരുന്ന അർണ്ണോസ് പാതിരിയും അദ്ദേഹം വരച്ചതെന്ന് കരുതപ്പെടുന്ന മാതാവിൻെറ ഒരു ചിത്രവും ചായത്തി ലെഴുതിയ കവിതകളായി നമ്മെ സ്വീകരിക്കുന്നു. അതിപുരാതനമായ ഓട്ട് തൂക്കുവിളക്കുകൾക്കും പുറമേ കഴിഞ്ഞ ഇരുനൂറ് വർഷങ്ങളെ പ്രതിനിധീകരിക്കുന്ന ചില്ലുകൊണ്ടും ലോഹങ്ങൾ കൊണ്ടും പല രൂപത്തിലും വലിപ്പത്തിലും നിർമ്മിച്ചിട്ടുള്ള വിളക്കുകളും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. അവയിൽ പണ്ട് മെത്രാന്മാർ ഉപയോഗിച്ചിരുന്ന ഇരട്ട കുതിര വണ്ടികളിലുണ്ടാകാറുള്ള വിളക്ക് സവിശേഷശ്രദ്ധ പിടിച്ചു പററും.

ക്രൈസ്തവർക്കുണ്ടായിരുന്ന 72 പദവികളിൽ ഒന്നായിരുന്നു മഞ്ചൽ. പ്രധാന ദേവാലയങ്ങളിലും ഗൃഹങ്ങളിലും ഈ പദവിയുടെ പ്രതീകങ്ങൾ ഇപ്പോഴും പൊടിപിടിച്ച് ഉപയോഗശൂന്യമായി കിടക്കു ന്നുണ്ടാകാം. മേലാപ്പും തണ്ടുകളും എല്ലാമുള്ള ഒരു മഞ്ചൽ സഹ (സ്രാബ്ദങ്ങൾക്കു മുമ്പ് ക്രൈസ്തവർക്കുണ്ടായിരുന്ന സ്ഥാനമഹിമ വിളിച്ചോതും വിധം മ്യൂസിയത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

നിരൂപമമായ ശില്പവേലയുടെ ഉദാഹരണങ്ങളായ പ്രതിമകൾ, ദേവാലയങ്ങളിൽ അവിഭാജ്യവസ്തുവായിരുന്ന തുലാഭാരസാമഗ്രികളും കല്ലിലുള്ള തുലാക്കട്ടികളും മലയാളത്തിൽ ആദ്യം അച്ചടിച്ച ഗ്രന്ഥ ങ്ങളും ഇന്ത്യയിലുണ്ടാക്കിയ ആദ്യത്തെ മേച്ചിലോടും മരത്തിൽ വര ച്ചിട്ടുള മൂന്നുറിലേറെ വർഷം പഴക്കമെവകാശപ്പെടാവുന്ന ചിത്രവും മറ്റും കാണുമ്പോൾ വർഷങ്ങൾക്കപ്പുറത്തേക്ക് നാം അറിയാതെ ആന യിക്കപ്പെടുന്നു എന്ന പ്രതീതി ഉണ്ടാകുന്നു.

വിജ്ഞാനദായകങ്ങളാണ് മ്യൂസിയത്തിലൊരുക്കിയിട്ടുള്ള ഓരോ ചാർട്ടുകളും. തോമ്മാശ്ളീഹാ കേരളത്തിലേക്ക് വന്ന കടൽമാർഗ്ഗം, അദ്ദേഹം നിർമ്മിച്ച ദേവാലയങ്ങൾ, ആയിരത്തഞ്ഞൂറ് കൊല്ലം മുമ്പ് ക്രൈസ്തവരനുഭവിച്ചു വന്ന 72 പദവികളുടെ വിവരങ്ങളും ചിത്രങ്ങ ളും, 1599-ൽ മെനസിസ് മെത്രാപ്പോലീത്താ സന്ദർശിച്ച കേരള ത്തിലെ 106 സുപ്രധാനദേവാലയങ്ങൾ എന്നിവ കേരള സഭാചരിത്ര

ത്തിലൂടെ ഒരു സിംഹാവലോകനം നടത്താൻ ആരെയും സഹായിക്കും.

സ്വർണ്ണം, വെള്ളി എന്നിവയിൽ തീർത്ത അതീവസുന്ദരങ്ങളായ കുരിശുകളും, പൂക്കളുടെ സ്ഥാനത്തുവയ്ക്കാറുള്ള മരപുഷ്പങ്ങളും, (Wooden Flowers) ദാരുശില്പവേലയുടെ പ്രതികമായ അൾത്താരയും കലാസമ്പത്തിൻറെ കാര്യത്തിൽ എത്രമാത്രം ഉയർന്ന പദവിയിലായിരുന്നു ആദ്യകാല കേരള ക്രൈസ്തവരെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. അരുളിക്കയുടെ നൂററാണ്ടുകളിലൂടെ വന്ന വികാസപരിണാമങ്ങൾ, പുരാതനകാലത്തും ക്രൈസ്തവ വധൂവരന്മാര് ധരിച്ചിരുന്ന കിരീടം, കുരിശ്, രൂപങ്ങളെ അണിയിക്കാറുള്ള കീരിടങ്ങൾ, മുടികൾ, നെററിപട്ടം തുടങ്ങിയവയും അവയുടെ മാതൃകകളുമെല്ലാം ചേർന്ന് ക്രൈസ്തവജീവിതം തുടി കൊട്ടുന്ന ഒരു പ്രപഞ്ചംതന്നെ ഇവിടെ ഒരുക്കിയിരിക്കുന്നു.

പത്തൊൻമ്പതു നൂററാണ്ടുകളിലൂടെ ഒരു ജനവിഭാഗം കടന്നു പോന്നതിൻറെ വൈദഗ്ധ്യ പൂർണ്ണവും കൗതുകകരവുമായ ചരിത്ര വസ്തു തകളും സാംസ്ക്കാരികമുദ്രകളും സമാഹരിച്ചു പ്രദർശിപ്പിക്കാനുള്ള എളിയ തുടക്കമെന്ന നിലയിൽ തൃശൂരിലെ ക്രിസ്ത്യൻ കൾച്ചറൽ മ്യൂസിയം ഇതിനകംതന്നെ വലിയൊരു വിജയമായിക്കഴിഞ്ഞു. കൂടുതൽ സൗകര്യങ്ങളോടെ ഇത് ഇനിയുംവിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. ഒരു രൂപതയ്ക്കുമാത്രം കൈകാര്യം ചെയ്യാനാവുന്നതിലെത്രയോ വിപുലമാണ് ഇത്തരമൊരു സംരംഭത്തിൻെറ ചക്രവാളങ്ങൾ.

## അനുബന്ധം 7

# First World Malayalam Conference (1977) Exhibition on "CHRISTIANITY AND KERALA CULTURE"

Name of Pavilion:
St. Thomas Church, Kanakakunnu.

The historical and cultural aspects of Kerala Christianity are represented in this pavilion built in the shape of an early church of Kerala. It is the first pavilion on the right as one climbs the hill (Kanakakunnu). Representations of the three objects generally found in front of the churches viz., the Granite Vilakkumada or lamp-stand (as seen in the Kundara, Kalluppara, Niranam and Chengannoor churches), copper-covered flag-staff (as at Changanachery Cathedral and Edathua church) and the gigantic granite open air cross (as at Angamaly and Kaduthuruthy) are placed in front of the church. The church itself has three roof levels-the sanctum, the nave, and the portico in descending order of height. The church has a facade (as at Kattoor), Anavathil (Elephant door) with floral designs (as at Parappur), a Madbaha with ceiling of floral decorations (as at Kadampanad), a pulpit or pushpam (as at Chungam), mural paintings in the Madbaha, a beam shouldered by two elephants (as at Ollur). The architrave at the front has two angels carrying a scroll with the inscription "Glory be to God in the highest and peace to men of goodwill." The arch in front of the main altar carries the wire-image of St. Thomas, the patron of the church. The altar-piece is made up of an illuminated cross, with a lotus base. While the main altar represents the Catholic tradition, the one at the side represents the Orthodox tradition in Kerala. A bronze lamp (Thukkuvilakku) and bell are suspended from the central beam.

THE CHIEF EXHIBITS CAN BE CLASSIFIED THUS:

(a) MAPS: Showing e.g., the seven churches founded by St. Thomas, the present Orthodox churches, Biblical scenes, the Catholic dioceses at present.

(b) CHARTS: e.g., (1) The 72 privileges granted to christians by ancient kings and emperors of Kerala by means of copper plate and rock edicts. They are Pakalvilakku, Anamelneermannu, Thandu, Kuda, Kurava, Pallakku etc. (2) Major events in christian history of Kerala (3) The hundred odd churches mentioned by Gouvea in his works written in the 16th and early 17th centuries.

(c) ORIGINAL PAINTINGS of Bailey, Paremakkel Gobernador, Alexander de Campo, Nidhiri Manikathanar, Chavara Kuriakose Elias etc.

(d) A LIGHT AND SOUND PROGRAMME depicting the apostolate of St. Thomas in South India.

(e) VARIOUS MODES OF DRESSES worn by christians of Kerala (Dolls)

(f) VASCO DA GAMA'S SHIP (model in wood)

(g) ORIGINAL ANCIENT METAL LAMPS FROM CHURCHES (Bronze Gallery) e.g. peacock lamp, Kolvilakku, lamp with bird capital, Thanduvilakku, Kindi- vilakku, Brass colambi.77

(h) MULTIBRANCHED TORCHES: Deepayashti or Theevetti from churches.

(i) ROCKWORK: inscriptions, altar stones, pedestals with and without Persian crosses.

(j) TEN OBJECTS, WRITINGS AND PAINTINGS connected with Chavara Kuriakos Elias, Sr. Alphonsa and the Mannanam Monastery.

(k) WOODWORK FROM CHURCHES e.g. Kallada Oupen and message of the Cross from Kundara; Ramshethi and candlesticks from Vazhakulam; Ramshethi, Roopakkoodu and St. Sebastian from Chungam; Mother (with raised leg) carrying Jesus (and an olakuda) from Muthalakodam; Netturpetti from Mavelikkara;

Palanquin (Pallakku) from old seminary.

(1) Two edged Kayamkulam sword and one edged christian panikker sword.

(m) Middle-east mysterious metal cross with inscriptions, Gold and Silver "Mother and Child" from Thumpamon Cathedral.

(n) COLLECTION OF CHRISTIAN MALAYALAM BOOKS printed from 1700 onwards.

(0) MODEL OF ANCIENT KALLOOPARA WOODEN CHURCH.

(p) Images, modern christian paintings, figures etc.

(q) Ola (Cadjan leaf) writings from Nagapuzha church.

(r) THE FIRST TILE (1865) made by Basel mission, Mangalore.

(s) MODELS OF PERSIAN CROSSES (St. Thomas Mount, Kottayam, Alangadu).

(t) Groups of photographs, blowups etc., on screens.

GROUP 1 Objects in the portico of a church e.g. wooden and granite pillars, intricate rafters, peculiar gabled roofing with "Monthayam", half wall for sitting, Elephant doors, facades etc, from Angamaly, Chengannur, and Thumpamon churches.

GROUP 2 Objects in front of the church: Granite crosses, granite lampstands, Kottuppura, Padippura, flag staffs, fortifications, balustrades etc., from Paravur, Palayur, Changanachery, Chengannur, Kundara, Kaduthuruthy, Kanjoor etc.

GROUP 3 Granite Open air crosses: Bases, shafts, inscriptions, reliefs from Kaduthuruthy, Chengannur, Kanjoor, Chathannur, Muthalakodam, Mylacombu, Chungam, etc.

GROUP 4 Baptismal fonts in rock: Bases and fonts from Edappally, Kanjoor, Kadamattom. Mylacombu. Muthalakodam, Thumpamon etc.

GROUP 5 Wood work: Beams with Kali, Garuda and Virgin Mary (Kundara), Pushpam (Chungam and Palai), Throne (Palai), Statues (Chugam), Altars (Puthenpeedika, Alangad), Chirava with

many ‘tongues’ etc.

GROUP 6 Metal work: Lamps in Bronze and brass wedding crowns in gold of bride and groom, Silver Caskets, Gold crosses and candle sticks, censors, Anavilakku etc.

GROUP 6 (b) House, furniture, utensils of Herman Gundert

GROUP 7 Mural paintings and other paintings (Cheppad, Paliakkara, Ollur, Kudamaloor, Kuravilangad).

GROUP 8 Portraits of Orthodox Metropolitans

GROUP 9 L.M.S. Pioneers, Baily, Nagercoil Seminary

GROUP 10 Rockwork in churches: Rock reliefs, Linga and Yoni, Muni and Angel, Hunting and mating scenes, animals, Adam and Eve.

GROUP 11 Festivals in churches: Mahe, Pallippuram, Parel, Kuravilangad, Ollur.

GROUP 12 Churches and Cathedrals: Attingal, Neendakara, Pattom Cathedral, Thiruvalla Cathedral, Chungam, Kuravilangad.

GROUP 13 Statues from churches: Cheppad, Kanjoor, Vazhakkulam etc. and a Pooja kinar from Muthalakodam.

(u) Paintings showing beginning of Education, hospitals, social service in Kerala by christians.

(V) MEZHUVATTAKUDA AND OTHER CHURCH ORNAMENTS

(W) MODERN INDIAN CHRISTIAN PAINTINGS

(x) Book exhibitions and sale of christian literature are arranged in the Nalukettu (Nalukettu and Ettukettu are terms used for houses of christians and other so-called high caste communities of Kerala).

(Organizer: Geroge Menachery)

## അനുബന്ധം 8

The Malankara Reunion
Golden Jubliee Celebrations - Dec. 1980

# CHRISTIAN HISTORICAL AND CULTURAL EXHIBITION

St. Thomas Ecumenical Centre, Kottayam
General Outline

In Front of the the Exhibition Buildings
(St. Thomas Ecumenical Centre)

In the courtyard a huge model of the 48-foot open air granite cross of Kaduthuruthy has been put up. Near the cross stand the two other objects found in front of the ancient Churches of Kerala Viz. the wooden flagstaff (as at Paravoor) and the granite Deepastamba (Lampstand) (as at Kallooppara). At the entrance a huge cut-out of Christ standing over a revolving Globe (with the motto of the celebrations) is seen. On the right side of Christ kneels Mar Ivanios the architect of the Re-Union, praying for Unity.

Three Tazhakkudas (Ceremonial processional Umbrellas) included in the 72 aristocratic privileges of Syrian Christians and a Manjal another such privilege are placed along the corridor.

The Doorway itself is decorated with 50 burning candles representing the 50 years of United Life.

THE SIGNIFICANT EXHIBITS CAN BE CLASSIFIED THUS:

I. MAPS: Showing. e. g. (1) the Seven Churches founded by St. Thomas in Kerala; (2) Route taken by St. Thomas in his Mission to India; (3) The fields of work of St. Peter; (4) the Missionary travels of St Paul; (5) the hundred-odd 15th Century Churches in Kerala mentioned by Gouvea, Journado, Coim-

bra, 1606; (6) the 21 Catholic Dioceses of Kerala; (7) Ecclesiatical provinces of India; (8) lighted map of the route taken by Mar Joseph (1778- 1786) to Rome in the cause of Re-Union.

II. CHARTS: e. g. The 72 privileges granted to Christians by ancient Kings and Emperors of Kerala by means of copper plate and rock edicts, including Pakalvilakku, Anamelnir- mannu, Thandu, Kuda, Kurava, Pallaku, etc.

2) Major events in the history of Kerala Churches such as the Oath of Koonan Cross (1653).

3) The individual Churches of the East;

4) Photographs of the Copper Plates of 849 A. D. (Tharisappalli).

5) The Ecumenical Councils and the Popes who summoned them.

III. ORIGINAL PAINTINGS:

Mostly contemporary, of Paramakkal Gobernador, Alexander De Campo, Nidhirikkal Mani Kathanar, Mar Sebastiani.

IV. ORIGINAL ANCIENT METAL LAMPS FROM CHURCHES:

(Bronze gallery) e.g. four-pillared lamp from Ramapuram,six-pillared lamp from Punnathara, Pakalvilakku from Mattom (Christian Cultural Museum, Trichur), three hanging lamps from Kottukappally family and Chayal.

V. BRONZE BELLS: (1) Huge bronze bell from Kuravilangad, 1584, containing Syriac term ‘Emadalaha’ (Theotokos); (2) different types of altar bells from Punnathara and Kokkamangalam.

VI. BRONZE: Set of 16 Kindies from Kottukappally family; set of three altar Kindies from Punnathara.

VII. Huge bronze spittoon (Kolambi) Puthenpura Kunjuvareed collections, Kattur.

VIII. Bronze bucket for holy water from Kura- vilangad; Bronze Measuring Kutti (Chungam); Bronze censors (Kanjirappally and Thiruvithamkodu), and Bronze Kunthurikka Kappal.

IX. SILVER legged Nadappandal (Canopy) - Kaduthuruthy.

X. SILVER holy water sprinkler (Soppakkol & Cup)- Kaduthuruthy.

XI. SILVER candle sticks (Sleehal), Chungam.

XII. GOLD PLATED processional Candle sticks- (sleehal)

XIII. Five multi-branched processional iron torches Uzhavoor.

XIV. OLD IRON Kathinakutti-Uzhavoor.

XV. Huge OLD type multiple lock - Uzhavoor.

XVI. METAL cross, lamp etc. from Chayal and Ramapuram.

XVII. BRASS model of original granite Persian Cross of Muttuchira.

XVIII. Key presented to Mar Gregorios by Pope Paul VI.

XIX. GRANITE holy water font-Kaduthuruthy.

XX. GRANITE Lamp stand-Kalluppara (Christian Cultural Museum, Trichur).

XXI. GRANITE Chuttuvilakku-Kalluppara (C. C. M. Trichur).

XXII. GRANITE weight (Thulabharam), Mattom (C. C. M. Trichur).

XXIII. GRANITE Persian Cross-Kaduthuruthy,

XXIV. GRANITE Vattezhuthu Piece-Kaduthuruthy

XXV. GRANITE hand of a lady with bangle- Mattom (C. C. M. Trichur).

XXVI. GRANITE and laterite pieces, Pre-historic and historic, used at Nilakkal.

XXVII. 18th Cent. Painting of St. Thomas and Christ-Chungom (Tapestry).

XXVIII. 18th Cent. Painting of Annunciation- Chungom (Tapestry)

XXIX. 18th Cent. Painting of Assumption-Chungom (Tapestry)

XXX. 18th Cent. Painting of Crucifixion-Chungom (Tapestry)

XXXI. 17th Cent, wood panel-Annunciation-Chungom-Muttuchira.

XXXII. 17th Cent. wood panel-Nativity Muttuchira.

XXXIII. 17th Cent. wood panel-Finding of Jesus- Muttuchira.

XXXIV. 17th Cent. wood panel-Baptism of Christ- Muttuchira.

XXXV. 17th Cent. wood panel-The Pentecost-Muttuchira.

XXXVI. 17th Cent. wood panel-Madonna and Child-Muttuchira.

XXXVII. 19th Cent. Canvas Syrian Christian Woman with typical Costume and Mekkamothiram, Puthenpura. Kunjuvareed, Collections- Kattur.

XXXVIII. 18th Cent. wood panel- processional flag, Valiapally.

XXXIX. Wooden cut out of the giving of the keys to Peter.

XL. Objects used by Mar Ivanios (1) Cot. (2) Cane Chair (3) Wooden Chair (4) Kneeler (5) Walking stick (6) Reading Stand.

XLI. A Painting of Margam Kali.

XLII. Dolls representing Eastern Ecclesiastical Dignitaries with a photograph of Cardinal Rubin.

XLIII. Dolls representing different religious congregations working in the Malankara Church.

XLIV. 7 Processional Umbrellas, Mezhuvettakuda (Thazhakuda) from Chungom and Kaduthuruthy.

XLV. Alavattom from Ramapuram, Kuravilangad and Muttuchira.

XLVI. Liturgical Vestments, 17th and 18th Cent., from Muttuchira, Kuravilangad & Kaduthuruthy with heavy Kassavu ornamentation.

XLVII. The Kunnassery sword of the Kaduthuruthy Diwans (Bishop's House, Kottayam.)

XLVIII. Ivory statue of Our Lady from Kodungalloor.

XLIX. Nettoor Petty (box for ornaments) Puthenpura Collections, Kattur.

L. Model of Nazrani Ornaments down the Centuries (C.C.M. Trichur).

LI. Model of Ancient Kalluppara Church.

LII. Water from the Palayoor Church Pond connected with St. Thomas.

LIII. Manjal from Kottekkad (C.C.M. Trichur).

LIV. Exquisitely carved wooden Tabernacle, Kuravilangad.

LV. The wooden flowers for the alter (Ramshethy), Kuravilangad.

LVI. Wood carvings, Uzhavoor Church.

LVII. Wooden statue of St. Anna teaching Mary the Alphabet, Kaduthuruthy.

LVIII. Stand for Taksa-Uzhavoor-from a single piece of wood.

LIX. Wooden bell (Maramani), Uzhavoor.

LX. Part of ancient pieta, wood, Kuravilangad.

LXI. Our Lady, wood, Kuravilangad.

LXII. Rare wooden statue of Thomas Cana, Kaduthuruthy.

LXIII. Old Candlesticks, wood, Uzhavoor.

LXIV. Wooden Replica of St. Thomas Cross.

LXV. Wooden angel and flower, Kaduthuruthy.

LXVI. Part of carved wooden ceiling. Kaduthuruthy.

LXVII. St. Augustine, wood, Kuravilangad.

LXVIII. Part of ancient Palanquin of Paramakkal Gobernador, Ramapuram.

LXIX. Eight pronged Chirava from a single piece of wood, Kuravilangad.

LXX. Wooden Cross, Kottakavu, Paravoor Church.

LXXI. Carved altar pillar, Ramapuram.

LXXII. Metal encased wooden-Bhandaram, Kaduthuruthy.

LXXIII. Board for Counting different types of coins, Ramapuram.

LXXIV. "Last Supper" carved out of a single piece of wood, Muttuchira.

LXXV. The Rubbing of the Si-an-fu-inscription and the letters of Mar Abdisho, Mar Mellus and Mar Roccos (from Mar Aprem, Trichur)

LXXVI. The letter of Paramakkal Gobernador (from the Palai Cathedral).

The Reunion Event Hall: Introduces a light and sound programme of the Call of Moses from the burning bush to bring out his own people from Egypt to the promised land. Life of Mar Ivanios is exhibited in sketches, paintings, and in photos and importance is given to the Bethany at Mundan Mala. Heart breaking moment of prayer on the eve of his departure from Mundanmala is in the same pose of Christ's prayer in Gethsemene before his Crucifixion. Another important piece of wooden carving which describes the reunion of thousands under the leader- ship of those pioneers. Early books in Indian and Foreign languages, manuscripts, old letters of dignitaries and leaders are also exhibited.

PHOTOGRAPHS

Enlargements of hundreds of photographs, having historical, artistic, religious, architectural, anthro- pological, cultural, archaeological etc. significance for the Kerala Church also are exhibited on a number of screens (All courtesy of the Photo Library of the St. Thomas Christian Encyclopaedia of India, Trichur).

The organisers of the exhibition are especially thankful to Bishops Vayalil, Kundukulam and Kunnacherry who gladly loaned out objects of interest for the exhibition. Thanks are due to other ecclesiastical dignitaries also who evinced great interest in the exhibition.

Convener: Mother Immaculate, D. M.

Consultant: Prof. George Menachery, Director, Christian Cultural Museum, Trichur and editor of the ***St. Thomas Christian Encyclopaedia***.

# അനുബന്ധം 9

**ജോർജ്ജ് മേനാച്ചേരി,**
ടെമ്പസ്റ്റ് 1983 ഡിസംബർ

## ചരിത്ര സാംസ്ക്കാരിക റാലി

നവംബർ ഇരുപതാം തീയതി മദ്ധ്യകേരളത്തെമുഴുവൻ പിടിച്ചു കുലുക്കുകയും ഇരുത്തിച്ചിന്തിപ്പിക്കുകയും ചെയ്ത അഭൂതപൂർവ്വ മായ റാലിയിൽ ക്രൈസ്തവനവോത്ഥാനത്തിന്നു തുടക്കമിട്ടുകൊണ്ട് ചരിത്രസാംസ്കാരിക അവതരണങ്ങൾക്ക് ഊന്നൽ നൽകണമെന്ന ആശയം ഈ ലേഖകൻ ആദ്യം ഉന്നയിച്ചപ്പോൾത്തന്നെ ആവേശ പൂർവ്വമായ സ്വാഗതമാണു ലഭിച്ചത്. പ്രായോഗികങ്ങളായ ഏതാനും ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടേക്കാമെന്ന ചില മുന്നറിയിപ്പുകൾ നല്കപ്പെട്ടു എങ്കിലും 'ചരിത്ര സാംസ്കാരിക റാലി' എന്ന ആശയം സംഘാടകരെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ടു് ജനഹൃദയങ്ങളിൽ മാറെറാലി സൃഷ്ട്ടിച്ചു. സ്വന്തം ചരിത്രവും സാംസ്കാരികപൈതൃ കവും നസ്രാണിയെ കോൾമയിർക്കൊള്ളിക്കാനും എന്തു ത്യാഗം സഹിച്ചും കർമ്മരംഗത്തിറക്കുന്നതിനും പോന്നതാണെന്നു അർത്ഥ ശങ്കക്കിടയില്ലാത്തവണ്ണം തെളിയിക്കുകയും ചെയ്തു. അങ്ങനെ നോക്കുമ്പോൾ സമസ്തക്രൈസ്തവർക്കും തങ്ങളുടെ പൂർവ്വപിതാ ക്കളുടെ ചെയ്തതികളിലും നേട്ടങ്ങളിലും ആദ്യകാലകേരളത്തിൻറെ സാമ്പത്തികസാംസ്കാരിക വളർച്ചയ്ക്ക് അവർ നല്കിയ സംഭാവനക ളിലും ഉള്ള അഭിമാനത്തിൻറെയും നന്ദിയുടേയും തങ്ങളുടെ പഴമയെ ക്കുറിച്ചു കൂടുതലറിയാനുള്ള ഉത്ക്കടമായ അഭിലാഷത്തിൻറെയും ബഹിർസ്ഫുരണമായിട്ട് 1983 നവബർ ഇരുപതാം തീയതിയിലെ മൂന്നുലക്ഷം ജനങ്ങളുടെ അണിമുറിയാതെയുള്ള മുന്നേറ്റത്തെ കണ ക്കാക്കാവുന്നതാണ്.

നസ്രാണി കൂട്ടായ്മയുടെ ആ ഉജ്ജ്വല പ്രകടനത്തിൽ അവതരി പ്പിക്കപ്പെട്ട ചരിത്രസാംസ്കാരിക ദൃശ്യങ്ങളേയും അവയുടെ പ്രസ ക്തിയേയും കുറിച്ചുള്ള ഒരു കുറിപ്പാണിത്.

ചരിത്രവും സാംസ്കാരവുമായി നേരിട്ടു ബന്ധമില്ലാത്ത ദൃശ്യങ്ങ ളെപ്പറ്റി ഈ അവസരത്തിൽ പ്രതിപാദിക്കുന്നില്ല. എന്നാൽ റാലി യുടെ മനോഹാരിതയ്ക്കും കൊഴുപ്പിന്നും അവ നല്കിയ അനർഘ

മായ സംഭാവനകൾ അവിസ്മരണീയങ്ങളാണെന്ന് ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഭേരി മുഴക്കുന്ന (ശത്രുക്കളിൽ ഭീതിയുളവാക്കുന്ന എന്ന ർത്ഥം) നാകാരവണ്ടികളുടെ വ്യൂഹം റാലിയുടെ വരവറിയിച്ചു കൊണ്ടു റാലിയുടെ മുൻനിരയിൽ മുന്നേറിക്കൊണ്ടിരുന്നു. നകാരം (=വീരവാദ്യം, പെരുമ്പറ) ആയിരത്തിലുമേറെ വർഷങ്ങൾക്കുമുമ്പു തൊട്ടു ക്രൈസ്തവർക്ക് കേരളത്തിലെ യുദ്ധരംഗത്തുണ്ടായിരുന്ന ആധിപത്യവും അദ്വിതീയസ്ഥാനവും ഉറക്കെ പ്രഖ്യാപിക്കുന്ന ഒരു ക്രൈസ് തവ പാരമ്പര്യവാദ്യഘോഷമാണല്ലോ. പണ്ടൊക്കെ പെരുന്നാൾക്ക നകാരവണ്ടി കൂടിയേ കഴിയൂ. ഇന്നു നകാരക്കുററികൾ മാടാതെയും കേടുപാടുകൾ വന്നും നാമാവശേഷമായിക്കൊണ്ടിരിയ്ക്കുന്ന അവസ്ഥയ്ക്ക് അറുതി വരുത്തിയേ തീരൂ. ആയിരത്തഞ്ഞൂറുമേറെയും വർഷങ്ങൾക്കുമുമ്പു ക്രൈസ്തവർക്കു കേരളത്തിൽ സിദ്ധിച്ച പദവികളിൽപ്പെട്ട ഏഴു കൂട്ടം വാദ്യവിശേഷങ്ങളും കേരളത്തിലെ പെരുന്നാളുകളെ മോടിപിടിപ്പിയ്ക്കുമെന്ന കാര്യത്തിനു സംശയമില്ല. പഞ്ചവാദ്യവും കൊമ്പും കുഴലും ശംഖുമെല്ലാം നസ്രാണികളുടെ അവകാശങ്ങളിൽപ്പെട്ടവയായിരുന്നു എന്നറിയുന്നത് അഭിമാനകരം തന്നെ ഇപ്പോഴും കുറവിലങ്ങാട്ടു പള്ളിയിലും പാല (പഴയ)ഭദ്രാസന ദേവാലയത്തിലും പൊളിഞ്ഞു പോയി കഴിഞ്ഞിട്ടില്ലാത്ത 'കൊട്ടുപ്പുര'കൾ നമ്മുടെ പിതാമഹന്മാർ ദൈവത്തെ ആരാധിക്കുന്നതിന്ന് കേരളീയമായ വാദ്യവിശേഷങ്ങൾ ഉപയോഗിച്ചിരുന്ന തിൻറെ ഓർമ്മ നിലനിർത്തുന്നു കുതിരപ്പുറത്തും ആനപ്പുറത്തും സഞ്ചരിയ്ക്കാനുള്ള അവകാശം ആദ്യ നൂററാണ്ടുകൾമുതലക്കേ നസ്രാണികൾക്കുണ്ടയിരുന്നു. ആലവട്ടം, വെഞ്ചാമരം, കുട എന്നിവയും പഴയ പദവികൾതന്നെ. ഇതിൻറെയൊക്കെ പ്രതീകങ്ങളും കൂടിയായിട്ടാണ് റാലിയിൽ കുതിരയും ആനയും വെഞ്ചാമരവും ആലവ ട്ടവും ആനപ്പുറത്തു കുടയും എല്ലാം ഉൾക്കൊള്ളിച്ചിരുന്നത്. രാജ തുല്യമായ പദവികളും മറ്റും ഇത്രമാത്രമുണ്ടായിരുന്ന ഒരു സമുദായവും വേറെ കേരളത്തിൽ ഉണ്ടായിരുന്നില്ലെന്നാണു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. മുത്തുക്കുട, മെഴുവെട്ടക്കുട, പഞ്ച വർണ്ണക്കുട, തഴക്കുട ഇവയും പഴയ 72 പദവികളിൽപ്പെടുന്നു ഒരായിരം മുത്തുക്കുടകൾ തേക്കിൻകാടിന്നു ചുററും നിവർന്ന് അസ്തമയ സൂര്യൻറെ ചെങ്കിരണങ്ങളേറ്റുവെട്ടിത്തിളങ്ങിയപ്പോൾ എല്ലാവരും കോരിത്തരിച്ചു പോയെങ്കിൽ അത്ഭുതമില്ല. പള്ളികളിൽ നൂററാണ്ടുകളായി നിത്യോപയോഗത്തിലുള്ളവയാണീ കുടകളെന്നത് അവയെ കൂടുരിൽ ശ്രദ്ധേയമാക്കി.

പള്ളിക്കാർതന്നെ കുടകൾ ഉയർത്തിപ്പിടിച്ചതു സാംസ്കാരികപൈതൃകത്തിലുള്ള അഭിമാനമാണ് തെളിയിച്ചത്. പണ്ടു കേരളം ഭരിച്ചിരുന്ന രാജാക്കന്മാരും ചക്രവർത്തിമാരും ജനസേവനരംഗത്തും, ദേശരക്ഷാരംഗത്തുമുള്ള നസ്രാണികളുടെ അർപ്പണമനോഭാവത്തിനു

നൽകിയ അംഗീകാരത്തിൻറെ മുദ്രകളായി അവ പരിലസിച്ചു. ആദ്യ നൂററാണ്ടുകളിൽ കേരളത്തിലുണ്ടായിരുന്ന ബുദ്ധമതക്കാരുടേയും നസ്രാണികളുടേയും പൊതുപാരമ്പര്യമായി കരുതപ്പെടുന്ന ചുമലി ലേറ്റിയ രൂപക്കൂടുകളുടെ കാന്തിയും രാമണീയകത്വവും ഒന്നുവേറേ ത്തന്നെ. അവ ചുമലിലേററി നടക്കുക പ്രയാസമായിരുന്നിട്ടും രൂപ ക്കൂടു എഴുന്നെള്ളിക്കാൻ അഹമഹമികാദിയാമുന്നോട്ടുവന്നവരെ അഭിനന്ദിച്ചേ തീരൂ. ഇതുപോലെ ഇനിയൊരവസരമുണ്ടായാൽ എല്ലാ പള്ളികളും പൗരാണികകാന്തി ചിതറുന്ന അലങ്കരിച്ച രൂപക്കുടുകൾ അണിനിരത്തുമെന്നുറപ്പിക്കാം. യുദ്ധമുറകളിൽ പരിശീലനമേകുന്ന തോടൊപ്പം ചരിത സംബന്ധിയായ ഗാനങ്ങൾ വഴി അഭിമാനം ഉത്തേ ജിപ്പിക്കാനുതകിയിരുന്ന നൃത്തവിശേഷമായ 'മാർഗ്ഗംകളി' എന്ന നസ്രാണികളുടെ നശിച്ചുകഴിഞ്ഞിട്ടില്ലാത്ത കലാരൂപം റാലിയിൽ അവതരിപ്പിച്ചത് അന്തിക്കാട്ടു പള്ളിയാണ്.

1599-ലെ ഉദയം പേരൂർ സൂനഹദോസുമായി ബന്ധപ്പെട്ട 106 പള്ളികളുടെ വിശദവിവരങ്ങൾ അക്കാലത്തുതന്നെ കോയിംബ്രയിലും ലിസ്ബണിലും പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. ആ 106 പള്ളികളുടെ പ്രതീകങ്ങളായി 106 ബാലികമാർ ക്ളാരമഠത്തി ൽനിന്നു റാലിയിൽ പങ്കെടുത്തു. പള്ളികൾ പ്രദർശിപ്പിച്ചതു വിവിധ പള്ളികളിലെ 'മേയ്ക്കട്ടി'കൾക്കു താഴെയാണ്.

മെനസീസ് മെത്രാൻ നാട്ടുക്രിസ്ത്യാനികളെ 'ഒതുക്കു'ന്നതിനു വേണ്ടി 1599-ൽ കേരളത്തിലെത്തിയപ്പോൾ 3000 ക്രൈസ്തവ പടയാളികളാൽ അനുഗതനായി പകലോമറ്റം ഗീവർഗ്ഗീസ് അർക്കദി യാക്കോൻ അദ്ദേഹത്തെ സ്വാഗതം ചെയ്യാനെത്തുന്നു. നസ്രാണി സൈന്യത്തെക്കണ്ട് മെനസീസ് വിവശനായിത്തീർന്നത്രേ. ഇനിമേൽ അംഗരക്ഷകർകൂടാതെ വേണം തന്നെ സന്ദർശിക്കാൻ എത്തേണ്ട തെന്നു മെനസീസ് പറയുകയുണ്ടായി.

ലൂർദ്ദ് കത്തീഡ്രൽചർച്ച് അവതരിപ്പിച്ച അർക്കദിയാക്കോനും നസ്രാണി പടയാളികളുമെന്ന ദൃശ്യത്തിന്റെ വിഷയം ഇതാണ് നസ്രാ ണികളുടെ അഥവാ കേരളീയരായ സെന്തോമസ് ക്രൈസ്തവരുടെ ചരിത്രത്തിന് ആഗോള ക്രൈസ്തവസഭാചരിത്രത്തോളം തന്നെ പഴക്കം വരും. പൗരാണികകേരളത്തിൽ പ്രഭുക്കൾ ക്കും രാജാക്കന്മാ ർക്കുമുണ്ടായിരുന്ന പദവികളും അവകാശങ്ങളും പ്രൗഢിയും ക്രൈസ് തവർ അനുഭവിച്ചിരുന്നു. ഈ പദവികൾ അന്നത്തെ 'അരിസ്റേറാക്ര സി'യുടെ അടയാളങ്ങളായിരുന്നു എന്നാണു കേരളചരിത്ര ഗവേഷക നായ ഡോ. എം. ജി. എസ്. നാരായണൻ അഭിപ്രായപ്പെട്ടിട്ടുള്ളത്.

എല്ലാ തമ്പ്രാക്കന്മാരും തമ്പ്രാക്കളല്ല, ആഴുവഞ്ചേരി തമ്പ്രാക്കളാണ് തമ്പ്രാക്കൾ എന്നർത്ഥമുള്ള ഒരു പഴഞ്ചൊല്ലു പ്രചാരത്തിലുണ്ടല്ലോ.

ആ രാജകീയ ആഢ്യകുടുംബത്തിനുണ്ടായിരുന്നതിലും കവിഞ്ഞ് എഴുപത്തിരണ്ട് പദവികളാണത്രെ നസ്രാണികൾക്കുണ്ടായിരുന്നത്. ഈ പദവികൾ നൽകുന്ന ശാസനങ്ങളിൽ പഴക്കം കൂടുതലുള്ള കാനായതൊമ്മൻ ചെപ്പേടുകൾ, പോർത്തു ഗീസുകാർക്ക് 16-ാം നൂറ്റാണ്ടിൽ പണയം വെയ്ക്കയാൽ തിരിച്ചെടുക്കാൻ നിർവ്വാഹമില്ലാതെ ക്രൈസ്തവർക്കു നഷ്ടപ്പെട്ടുപോയി. എന്നാൽ കൊല്ലം നഗരം പിറന്നപ്പോൾ, കൊല്ലവർഷം ആരംഭിക്കുന്ന ശുഭമുഹൂർത്തത്തിൽ വേണാടു വാഴുന്ന അയ്യനടികൾ തിരുവടികൾ വഴി ക്രൈസ്തവർക്കു ലഭിച്ച ചെപ്പേടുകൾ (ക്രിസ്ത്വബ്ദം 849) ഇന്നും കോട്ടയത്തും തിരുവല്ലയിലും സൂക്ഷിച്ചിട്ടുണ്ട്. ആ ചക്രവർത്തി പ്രതിനിധി കുരക്കേണിക്കൊല്ലത്ത് മരുവൻ സപർ ഈശോയ്ക്ക് 72 പദവികളും, സാമ്പത്തിദകസാമൂഹ്യപ്രാധാന്യമുള്ള നിരവധി ഇളവുകളും സൗകര്യങ്ങളും അനുവദിച്ചുകൊടുക്കുന്ന ചെമ്പ് പട്ടയപ്പലകകൾ താക്കോൽ വളയത്തിൽ കോർത്തു നൽകുന്നതിൻറ ഒരു നിശ്ചല ദൃശ്യം അരണാട്ടുകര ഉണ്ണീശോമഠം റാലിയിൽ അവതരിപ്പിച്ചു.

ചെമ്പൂക്കാവ് തിരുക്കുടുംബമഠമാകട്ടെ ക്രി. പി. 849-ൽ ലഭിച്ച 72 പദവികളിൽ 20 എണ്ണം പുനരാവിഷ്കരണം ചെയ്ത് മറ്റൊരു നിശ്ചല ദൃശ്യമായി അവതരിപ്പിക്കയുണ്ടായി. ആനപ്പുറത്തു സവാരി, കുതിരപ്പുറത്തു സവാരി, ആലവട്ടം, വെഞ്ചാമരം, പകൽ വിളക്ക്, പരവതാനി. പല്ലക്ക്, മഞ്ചൽ, ആഭരണങ്ങൾ, ശംഖ്, പട്ടുപുടവകൾ എന്നിവ ആ പദവികളിൽ ചിലതുമാത്രമായിരുന്നു.

കല്യാണാവസരങ്ങളിലാണു പുരാതന കേരള ക്രൈസ്തവർ തങ്ങളുടെ പ്രൗഢിയും പ്രതാപവും പദവികളും പൂർണ്ണമായും പ്രദർശിപ്പിച്ചിരുന്നത്. ആയുധധാരികളായ അകമ്പടിക്കാരും വിവിധങ്ങളായ വാദ്യഘോഷങ്ങളും, നാസാഭരണം ഒഴികെയുള്ള ആഭരണങ്ങളും, വായ്ക്കുരവയും എല്ലാം അതിൻറെ പ്രത്യേകതകളായിരുന്നു. അത്തരത്തിലുള്ള ഒരു കല്യാണമാണു കാൽവരി കപ്പൂച്ചിൻ ആശ്രമം അവതരിപ്പിച്ചത്.

ക്രൈസ്തവരുടെ ചരിത്രത്തിലേയ്ക്കു വിരൽ ചൂണ്ടുന്ന 'മാർത്തോമയും സപ്തദേവാലയങ്ങളും' എന്ന നിശ്ചലദൃശ്യം ഒരുക്കിയതു തിരുഹൃദയമമാണ്. കേരള ക്രൈസ്തവരുടെ പ്രാചീനദേശീയ ആചാരങ്ങളിലും മര്യാദകളിലും വ്യതിയാനം വരുത്താൻ പോർച്ചുഗീസ് പട്ടാളത്തിന്റേയും നാട്ടുരാജാക്കന്മാരുടേയും ഒത്താ ശയോടെ മെനസീസു മെത്രാപ്പോലീത്ത 'സംഘടിപ്പിച്ച'1599-ലെ ഉദയം പേരൂർ സൂനഹദോസിൻറദൃശ്യം സെൻറ് മേരീസ് കോളേജും, 1653-ൽ സഭയിലെ വിദേശാധിപത്യത്തിന്നെതിരായി സ്വയംഭരണത്തിൽ അഭിമാനം കൊണ്ടിരുന്ന നസ്രാണികൾ മട്ടാഞ്ചേരിയിലെ കൂനൻ കുരിശിൽ

കെട്ടിയിരുന്ന വലിയ കയറിൽ പിടിച്ചു സത്യം ചെയ്തതിനെ അനുസ്മരിക്കുന്ന 'കൂനൻകുരിശു വിപ്ളവം' എന്ന ദൃശ്യം വിമലാ കോളേജും അവതരിപ്പിച്ചു.

നസ്രാണികളെ അവരുടെ പൂർവ്വചൈതന്യത്തിലേയ്ക്കു തിരിച്ചു കൊണ്ടുപോകുന്നതിനും അവരെ അങ്ങനെ കൂടുതൽ ദേശസേവനോൽസുകരാക്കുന്നതിന്നും റാലിയിലെ ചരിത്രസാംസ്കാരികദൃശ്യങ്ങൾ ഒരളവുവരെ പ്രയോജനപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വിഷയങ്ങളിൽ എല്ലാ വിഭാഗത്തിലുംപെട്ട ക്രൈസ്തവർക്ക് അറിവും താല്പര്യവും ഉണ്ടാക്കുന്നതിനുതകുന്ന പദ്ധതികൾ കേരളത്തിലെ ഓരോ ഇടവകയും ഫൊറോനയും രൂപതയും ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്. സെമിനാറുകൾ, ചർച്ചകൾ, പ്രദർശനങ്ങൾ, റാലികൾ, ലഘുലേഖകൾ, പഴയ ചരിത്ര സ്മാരകങ്ങളും പള്ളികളും മറ്റും സന്ദർശിക്കുന്നതിന്നുള്ള പഠനപര്യടനങ്ങളും വിനോദയാത്രകളും എല്ലാം ഈ വിഷയത്തിൽ ഉപകരിക്കും.

ഇപ്പോൾ സ്വന്തം ചരിത്രത്തിലും, സാംസ്കാരികപൈതൃകത്തിലും നാട്ടുകാരായ ക്രൈസ്തവർക്ക് ഉണ്ടായിത്തുടങ്ങിയിട്ടുള്ള ആവേശത്തിന്റെ കൈത്തിരി കെട്ടടങ്ങാതെ സൂക്ഷിക്കേണ്ടതു സ്വന്തം ചരിത്രത്തോടും സംസ്ക്കാരത്തോടും ദേശത്തോടും കൂറുള്ള ഓരോരുത്തരുടേയും ഒഴിച്ചുകൂടാനാവാത്ത ചുമതലയത്രേ.

പൂർവ്വികരേരണവീരന്മാരേ ഇന്നു ഞങ്ങൾ വാക്കു തരുന്നു! നൂററാണ്ടുകളായ് നൂററാണ്ടുകളായ് വാളുകളേന്തിപ്പരിചകളേന്തജനിച്ച നാട്ടിൻ മാനം കാത്തൊരു പരിപാവനമാം പാരമ്പര്യം ഇന്നുമെന്നും കൈവെടിയില്ലെ– ന്നിന്നു ഞങ്ങൾ വാക്കുതരുന്നൂ! പൂർവ്വികരേ രണവീരന്മാരേ ഇന്നു ഞങ്ങൾ വാക്കു തരുന്നൂ ! ആയിരവും പുനരഞ്ഞൂറും വർഷം മുമ്പേ കേരളമണ്ണിൽ നമ്മുടെ പൂർവ്വികർ നേടിത്തന്നൊരു പദവികളും പല പ്രൌഢികളും കൺകുളുർക്കേ നോക്കിക്കാണു അവരുടെ കാല്ക്കൽ നമസ്ക്കരിയ്ക്കൂ! അവരെപ്പോലെ കേരളനാടിനു സേവനമേകാൻ തയ്യാറാകൂ! അവരെപ്പോലെ നാടിനു വേണ്ടി ജീവൻ നല്കാൻ തയ്യാറാകൂ!

പണ്ടു പണ്ടൊരു കാലത്ത് വേണാട്ടടികൾ തിരുവടികൾ ചേരനാട്ടിലെ പെരുമാള് പദവികളേകി പ്രൌഢികളേകി. ചരിത്രത്തിൻ പൊൻതാളുകളിൽ വജ്രലിപികളിലെഴുതിയൊരീ പരിപാവനമാം പാരമ്പര്യം മറന്നീടല്ലേ സോദരരേ! മറച്ചീടല്ലേസോദരരേ!

(1983 ഡിസംബറിലെ ''ടെമ്പസ്ററി'' ൽ നിന്ന്. ജി. എം. കൂടാതെ റാലിയിലെ ചില അംഗീകത മുദ്രാവാക്യങ്ങളും)

## അനുബന്ധം 10

# EXILARATING ROMAN EXPERIENCES OF PROF. GEORGE MENACHERY

Roman Holydays of the writer-
a frelance Indian Jaournalist- Turn into a memorable
Vatican Adventure and Roman Holiday

Prof. George Menachery had read and written much about PAPAL ELECTIONS. When he went to Rome as a free lancer for the October 1978 election where the conclave of Cardinals chose the present Pontiff His Holiness Pope John Paul II, he had merely wanted to experience at first hand the joy and excitement of a papal election as described in classics he had read many times over such as Morris West's 'SHOES OF THE FISHERMAN', Irving Stone's 'The Agony and the Ecstasy', and Henry Morton Robinson's 'The Cardinal'. But his Roman holidays turned into a memorable adventure. Read about it here.

The Cardinals were arriving one by one for the 'Mass for the Election of the Pope'. They entered the cobbled courtyard behind St.Peter's Basilica in huge cars and walked towards the special back-door of the Basilica quite close to the main altar.After the Mass they would enter the Conclave ('with key') and proceed to elect behind locked doors the next spiritual leader of the crores-strong Catholic community of the world and the temporal head of the State of Vatican.

I was the only Indian among the 1300 press reporters from all over the world in Rome that October accredited by Archbishop Pancharoli's Vatican Press Office.Of these 300 belonged to the English-speaking group. The Italian group was 320-strong, the




Vatican accreditation given to
George Menachery by the Vatican Press Office




Card won by Menachery for
the Mass for the Election
of the Pope

French were 200 odd, and the Spanish/Portuguese 140. In addition there were more than 300 TV crew members. Apart from two or three selected TV teams only fourteen of the 1300 reporters who had arrived to report the papal elections were permitted to enter the Basilica for the function to report and to take exclusive photographs.

These were selected by lot during the briefing sessions and I was extremely lucky to get one of those fourteen coveted cards. Some well-known magazines and papers from the United States and France were willing to pay huge amounts for this card. In fact some of the fourteen photographers present now at the Basilica door represented the most famous magazines and newspapers of the world, having procured the cards from the original lucky winners paying quite hefty sums.

One of the very first to arrive to attend that crucial function before the all-important Conclave locked its doors against the outside world was Lawrence Cardinal Picachy of Calcutta. As he got down from the huge car on to the vast brick-paved yard and proceeded towards the Basilica my Minolta flashed twice or thrice. One or two other pressmen also photographed the Cardinal from India, I noticed with pleasure.

It was with a huge coterie of admirers and followers that Cardinal Siri arrived. So also Cardinal Benelli. Both were front-runners in the first ballots in the previous election and one of these two was expected to come out of the Conclave as the new Pope.

Hence the photographers vied with each other in taking their pictures. I also took one each. But I was now mainly waiting for the arrival of Cardinal Parecattil of Ernakulam, ‘my Cardinal’. Then came Cardinal Rossi of Propaganda in the company of Archbishop Lourdusamy (now a Cardinal). They talked serious business for a while before the Cardinal entered the Basilica and Lourdusamy went back. I didn’t forget to snap the duo.

But now the sound of music from inside the Basilica was growing louder and louder. Like the Wedding-guest in Coleridge’s ‘Ancient Mariner’ I had to still reluctantly tarry waiting for my Cardinal to arrive. There was still no sign of his car. Most of my fellow photographers were preparing to enter the church to cover the Mass and the decisive guide-line speech to the Cardinals. It was then that I noticed a solitary figure in red approaching from the huge gateway. This Cardinal looked lonely, tired, and crestfallen, yet somehow upholding the dignity of a prince of the Church. He alone among all the Cardinals arrived on foot, walking hurriedly towards the Basilica. No camera aimed to take his picture coming as he was without benefit of admirers and supporters. One or two of the big-time photgraphers from the US were looking at this pitiable figure almost it seemed contemptously. “There are lots of unused frames in my Minolta. I need only a few more to cover Cardinal Parecattil. So why not snap him, whom nobody appears to care for?”, I thought. And so I took a photo of this lonely man. He raised his head in some surprise, and went in silently. Soon afterwards Cardinal Parecattil came from the gianicolo hospital where he was staying, smiled at me, and went in, the very last Cardinal to enter the Basilica.

**October 16 1978, Evening**

With thousands I stood in the Piazza San Petro between the colossal columns of Bernini near his fountain and the huge obelisk in the Vatican looking at the thin pipe raising its head to the left of Michaelangelo’s mammoth dome from the famous fresco-adorned Sistine Chapel to see whether it would spit white smoke this time, fifty-six long hours and seven ballots after the Cardinals had been locked up inside to elect one, most probably from among themselves, as the new successor of St. Peter. Two days back I had the




Card won by Menachery for
visiting the Conclave area

rarest of privileges to study the arrangements in the conclave area as the goddess of fortune had given me one of the sixty cards distributed by lot among the 1300 journalists to inspect the secrets of the Conclave. I was especially attracted to the pepper containers on the tables of each cardinal who will be attending the Conclave. I told fellow journalists how two millennia back 100s of 1000s of gold coins minted by Caesar Augustus who forced pregnant Mary to travel all the way to Bethlehem, Tiberius Caesar the master of Pontius Pilate, and the 'fiddling' Nero had found their way into distant Kerala in exchange for Kerala's pepper and pearls and how Alaric the Goth had asked for 3000 pounds of Indian pepper. as ransom to free the Senate Fathers of Rome. From the stoves arranged to burn straw and chemicals to produce the white and black smoke I put some coal pieces into my coat pocket as mementos of this historic visit to the Conclave area.

Now, standing in the St. Peter's square or piazza I looked at the balcony of the Basilica to test my newly bought binoculars. Some days back I had gone up to the roof of the basilica to examine the marvels of its architecture. As a student and teacher of art and architecture this exercise has always given me immense pleasure. On this occasion however I had another motive also. I had always wanted to touch the thin white pipe that would inform the world the election or non-election of a Pope. So with the intention of touching the pipe I approached it. But many wooden barricades had been erected to prevent just such an attempt. While I proceeded towards the pipe disregarding the barricades I could see from the corner of my eye a policeman coming towards me to prevent

my proceeding further. Pretending not to see the arm of the law coming nearer and nearer and now shouting something very loud, I walked quickly to the pipe and touched it. Turning around I saw the furious policeman who immediately caught hold of my arms. I innocently asked him in Malayalam what the matter was. He shouted again. I repeated my question in Malayalam again. Then in broken - very broken - English I told him I could not understand what he was saying. In despair he brought me out beyond the mobile barricades and pushed me in the direction of the staircase and shouted something like GOOOO! That was a week ago

Now I was standing in the square or piazza looking at the balcony of the Basilica and the Sistine roof. Suddenly the tip of the pipe began to spit white smoke. The crowd began a deafening non-stop shout "Bianca! Bianca!" It's white, it's white. "We Have a New Pope! We Have a New Pope!" Tens of thousands were soon concentrating their attention on the balcony where the new Pope's name would be announced and where the Pope himself would eventually appear. But within twenty-four minutes of the election of the Pope Osservatore Romano the official organ of the Vatican came out at 6.43 p.m. carrying a half-page picture of the new Pope. I bought a copy from the boy selling the paper like hot cakes among the crowd to see who had been finally elected. To my surprise I saw the lonely hero of my photograph keenly looking at me from the front page. He was the new Pope. But I didn't know until then the name or country of Karol Joseph Woyitila. Even when Cardinal Felici announced the name in sonorous Latin very few in the crowd could recognize it. Once again the Italian adage was proved true: "He who goes into the Conclave Pope comes out Cardinal" - and the last and very least became the first, a Polaco, a non-Italian in 400 years, that too from the underground of a communist country - from the fourth world, so to say - as had happened to Anthony Quinn as Kiril Cardinal Lakota in the Holywood version of The Shoes of the Fisherman.

The huge lamps of the Vatican Palace and the Propaganda College started to flood the St. Peter's Square, together with the huge Roman moon lighting up the whole area and converting night into day. By this time the crowd had swelled to some two hundred thousand souls filling the whole square and the Via De La Con-

ciliazione up to river Tiber. It was another half an hour before the Pope appeared on the balcony to give his blessing Urbi et Orbi - to the City and to the World. Before giving that Latin blessing he talked to the people in simple Italian - to their great delight and to the displeasure of the Curia officials. 'Viva il Papa' Long Live the Pope, the crowd shouted again and again. ' Polonnia! Polonnia!' Poland, Poland. Bearing witness to the birth of a new era the bells in the four hundred churches of Rome began to ring, led by the eleven ton Kanchenone of the St. Peter's Basilica.

**October 18 1978, Morning**

When I came to see Cardinal Parecattil once again at the hospital Gianicolo where he used to stay when in Rome I showed him the pictures I had taken. Of himself, Lourdsamy, Picachy and the new Pope as they were arriving at the courtyard entrance of the basilica. He couldn't believe that I had taken a picture of the Pope before the election, because nobody thought he would be elected.

